സുവർണ്ണയുഗം

കോയിപ്പള്ളി

602

PKB

സുവർണ്ണയുഗം

കേരളസാഹിത്യ അക്കാദമി
ഗ്രന്ഥശേഖരം - കേരള സാഹിത്യ അക്കാദമി
തൃശ്ശൂർ

ഗ്രന്ഥകർത്താവ്:—

കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ്.

21/11, AIRINDIA QTRS.,
SANTACRUZ (EAST)
BOMBAY-29.
P. A. MENON.

പ്രസാധകന്മാർ :

പി. കെ. ബ്രദേർസ്, കോഴിക്കോട്.

MENON HOME LIBRARY
No. 602
545

1955.] [വില. 2—0—0

First Edition, 1955

Copy-right to Publishers

Regd. Publishers:

P. K. Brothers, Calicut.

Regd. No. 66

Printed at

The Prakasakaumudi Printing Works, Calicut.

T. A. MEPON.
2/1 ARINDAM QTRS.,
CRUZ (EAST)
BOMBAY-29.

602
549

മുഖവുര.

"സുവർണ്ണയുഗം" എന്ന ഈ ഗ്രന്ഥം എഴുതുവാൻ എന്നെ പ്രേരിപ്പിച്ചതു രസകരമായ ഒരു യാദൃച്ഛികസംഭവമാണ്. ഏതാണ്ടു രണ്ടു മാസത്തിനു മുമ്പു ഞാൻ, എന്റെ ഒരു ചിരന്തനസുഹൃത്തും, സുപ്രസിദ്ധ ഭാഷാകവിയും, ജ്ഞാനവൃദ്ധനും, ഇപ്പോൾ വയോവൃദ്ധനുമായ ശ്രീ. കുററിപ്പുറത്തു കേശവൻനായരെ, അദ്ദേഹത്തിന്റെ ഭവനത്തിൽവെന്നു്, ഒരു പ്രത്യേകകാര്യാർത്ഥം കാണുകയുണ്ടായി. ഏതാനും മാസങ്ങളായി ദേഹത്തിന്നു് അല്പം ക്ഷീണം ബാധിച്ചിട്ടുള്ള ശ്രീ. കേശവൻനായക്കു്, പഴയ സ്നേഹിതന്മാരായ അസ്മാദൃശരെ കാണ്മാനും, സുഹൃൽസമാഗമത്താൽ സന്തുഷ്ടനാകുവാനും പല അസൌകര്യങ്ങളുമുണ്ടു്. അതിനാൽ, ആ മാന്യസുഹൃദയനെ ഞാൻ ചെന്നു നേരിട്ടു കാൺമാനിടയായതിൽ, അദ്ദേഹത്തിന്നുണ്ടായ ഹൃദയാഹ്ലാദം അപരിമിതമായിരുന്നു. പണ്ടൊക്കെ പല അവസരങ്ങളിലും ഞങ്ങൾ തമ്മിൽ കണ്ടു സാഹിത്യപരമായ പല സല്ലാപങ്ങളും നടത്താറുണ്ടായിരുന്നു. അപ്രകാരം തന്നെ അന്നും "നന്ദന"മെന്ന അദ്ദേഹത്തിന്റെ സാഹിതീസദനത്തിൽ വെച്ചു ആ ചുരുങ്ങിയ സമയം മുഴുവനും ഞങ്ങൾ പഴയ പല സാഹിത്യകാരന്മാരേയും, അവരുടെ മനോഹരകൃതികളേയും, അക്കാലത്തെ കവനവിനോദങ്ങളേയും കുറിച്ചു സകൌതുകം സംസാരിക്കുവാനാണ് ചെലവാക്കിയതു്. ആ സരസസല്ലാപങ്ങൾക്കിടയിൽ ഞങ്ങൾക്കു തോന്നി, അക്കാലത്തെപ്പോലുള്ള ഒരു സുവർണ്ണകാലം ഇനി സാഹിത്യരംഗത്തിൽ സ്വപ്നം കാണുവാൻ കൂടി സംഗതിവരില്ലെന്നു്. പഴയ മധുരസ്മരണകളെ ആസ്പദമാക്കി, ഒരു പുസ്തകമെഴുതുന്നതു്, ഇന്നുള്ള ഭാഷാഭിമാനികൾക്കു് അന്നത്തെ കവികളുടെ രസകരമായ സാഹിത്യപരിശ്രമങ്ങളേയും, അവരുടെ സുഹൃൽസമ്മേളനകലവികളേയും കുറിച്ചു ഒരു ഏകദേശരൂപമെങ്കിലും നൽകുവാൻ ഉപകാരമെപ്പെടുമെന്നും ഞാനുദ്ദേശിച്ചു. അത്തരത്തിലുള്ള ഒരു സാഹിത്യഗ്രന്ഥം പുറത്തു വരുന്നതുകൊണ്ടു ഉപയോഗമുണ്ടാകുമെന്നു ശ്രീ. കേശവൻനായക്കു അഭിപ്രായമുള്ളതായും ഞാൻ അനുമാനിച്ചു. ഈ നിലയ്ക്കാണ് "സുവർണ്ണയുഗ"ത്തിന്റെ നിർമ്മിതിയിൽ എനിക്കു് ആവേശം ഉളവായതു്.

ഈ ഗ്രന്ഥത്തിൽ പ്രാചീനകാലങ്ങളിലെ സാഹിത്യപരിശ്രമങ്ങളേയും, അന്നത്തെ കവികളുടെ കവനവിനോദങ്ങളേയും മററും

ംക്കൊള്ളിക്കുവാൻ ഞാൻ ശ്രമിച്ചിട്ടില്ല. അക്കാര്യത്തിൽ പലതരത്തിലുള്ള ഊഹാപോഹങ്ങളേയും, അതിശയോക്തികളേയും ഒട്ടധികം ആധാരമാക്കുവാൻ ഏറക്കുറെ സങ്കോചമുള്ളതുകൊണ്ടാണ് ഞാൻ അതിന്നു തുനിയാഞ്ഞത്. കഴിഞ്ഞ നൂററമ്പതു കൊല്ലത്തിൽപ്പുറം മലയാളഭാഷാസാഹിത്യനഭസ്സിൽ പ്രകാശിച്ചിരുന്ന പല പ്രധാന തേജഃപുഞ്ജങ്ങളുടേയും വിലാസകലവികളെക്കുറിച്ച് എനിക്ക് അറിവും, അനുഭവവും, അവയ്ക്കനുകൂലമായ പ്രമാണങ്ങളും സിദ്ധിച്ചിട്ടുണ്ട്. അവ ആധാരമാക്കി മാത്രമാണ് ഈ "സുവർണ്ണയുഗം" ഞാൻ തയ്യാറാക്കീട്ടുള്ളത്. പക്ഷേ, ഇക്കഴിഞ്ഞ രണ്ടു പന്തീരാണ്ടുകൾക്കു മുമ്പു ഭാഷാസാഹിത്യലോകത്തിലുണ്ടായ പ്രധാനവിവരങ്ങൾ മാത്രമേ ഞാൻ ഈ ഗ്രന്ഥത്തിൽ കാര്യമായി പ്രതിപാദിച്ചിട്ടുള്ളു. കാലയന്ത്രത്തിരിച്ചൽകൊണ്ടു ഭാഷാസാഹിത്യലോകത്തിൽ ഇപ്പോൾ നടക്കുന്ന പല പരിവർത്തനങ്ങളേയും, സംഭവവികാസങ്ങളേയും പററി ഞാൻ വിവരിക്കാതെതന്നെ ഇന്നത്തെ ഭാഷാഭിമാനികൾക്കു ഗ്രഹിക്കാവുന്നതാണെല്ലൊ. ഇന്നത്തെ ഭാഷാഭിമാനികൾക്ക് ഏതാണ്ടു രണ്ടു പന്തീരാണ്ടു മുമ്പുവരെയുള്ള സാഹിത്യവ്യവസായങ്ങളെ ഒരുവിധം മനസ്സിലാക്കിക്കൊടുക്കുകയും, ആ കാലഘട്ടത്തിൽ കവികളും സാഹിത്യരസികന്മാരും തമ്മിലുണ്ടായ ഉള്ളഴിഞ്ഞ സൌഹാർദ്ദാതിരേകത്തെപ്പററി അവക്ക് ഏറെക്കുറെ അനുമാനിക്കുവാനിടയാക്കുകയും മാത്രമാകുന്നു ഈ ഗ്രന്ഥരചനയിൽ എനിക്കുള്ള പരമോദ്ദേശം. സാഹിത്യചരിത്രരീതിയിലൊ മറെറാ സകല സാഹിത്യകാരന്മാരേയും, കവികളേയും, അവരുടെ കൃതികളേയും കുറിച്ചു കൂലങ്കഷമായി വിസ്തരിക്കേണ്ട ആവശ്യം എനിക്കില്ലതാനും. നിർദ്ദിഷ്ടകാലത്തുള്ള പ്രധാന ഭാഷാകവികളുടെ സരസമായ സാഹിത്യവിനോദങ്ങളെക്കുറിച്ചു മാത്രമേ "വിഹഗവീക്ഷണ" രീതിയിൽ ഈ "സുവർണ്ണയുഗ"ത്തിൽ ഞാൻ ഉപന്യസിച്ചിട്ടുള്ളു.

ഇതിലധികം "സുവർണ്ണയുഗ"ത്തെപ്പററി മാന്യസഹൃദയന്മാരുടെ മുമ്പാകെ എനിക്കു പ്രസ്താവിക്കേണ്ടതില്ല. ഈ ഗ്രന്ഥത്തിൽ എനിക്കു വന്നേക്കാവുന്ന പിഴകൾ പൊറുക്കണമെന്ന് അപേക്ഷിച്ചുകൊള്ളുന്നു.

ദേവീനിവാസ്,
ചിററൂർ-കൊച്ചിൻ
20—10—1952.

കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ്

P. A. MENON.

അനുക്രമണിക.

622
545

അദ്ധ്യായം.		പേജ്.
1.	കേരളത്തിലെ ഗുരുകുലം ...	1
2.	വിദ്യാനിളയതമ്പുരാൻെറ കാലംമുതൽ ..	4
3.	വിദ്യാനിളയതമ്പുരാനു ശേഷം	7
4.	ആ സുധമ്മയിലെ കവിസദസ്സ്	17
5.	കവിസദസ്സിലെ കാവ്യപരിപാടികൾ	22
6.	അക്ഷരശ്ലോകമത്സരപരീക്ഷ	30
7.	ഭാഷാനാടകങ്ങളും കവിസദസ്സും ...	35
8.	ചന്ദ്രിക, ഉത്തരരാമചരിതം, മധുരമംഗലം മുതലായവ	45
9.	കവിപുഷ്പമാലയും മററു കൃതികളും	56
10.	യാത്രാകാവ്യകാലം	67
11.	സന്ദേശങ്ങളും ഉപദേശങ്ങളും	75
12.	പച്ച മലയാളകൃതികൾ ...	79
13.	കവിസദസ്സിലെ മററു സാഹിത്യവിനോദങ്ങൾ	82
14.	അന്നത്തെ മുഖ്യപത്രങ്ങളും മാസികകളും	86
15.	കവിതക്കത്തുകൾ	92
16.	ഛായാശ്ലോകങ്ങളും മംഗളപദ്യങ്ങളും	102
17.	ശ്രീമഹാഭാരതം വിവർത്തനവും മററും ...	119
18.	ഖണ്ഡകാവ്യകാലവും കവനകൌമുദിയും	126
19.	കൂട്ടുകവിതകൾ	135
20.	മഹാകാവ്യകാലം ...	144
21.	ആട്ടക്കഥകളും ചമ്പൂകൃതികളും	154
22.	തുള്ളൽപ്പാട്ടു, വഞ്ചിപ്പാട്ടു, പാനപ്പാട്ടു മുതലായവ	159
23.	ദ്വിതീയാക്ഷരപ്രാസവാദബഹളം	167
24.	വിലാപകാവ്യകാലം ...	174
25.	ഭാഷാവ്യാഖ്യാനങ്ങളും സാഹിത്യഗ്രന്ഥങ്ങളും	178
26.	കുഞ്ഞിക്കുട്ടൻതമ്പുരാനും സാഹിത്യവിനോദങ്ങളും	183
27.	കാത്തുള്ളിവീടും കവികളും ...	200
28.	ഒട്ടുവിൻെറ വസതിയും കവനവിനോദങ്ങളും	204
29.	തിരുവനന്തപുരത്തെ സാഹിത്യവിനോദങ്ങൾ	213

P. A. MENON

സുവർണ്ണയുഗം.

602
545

ഒന്നാമദ്ധ്യായം

കേരളത്തിലെ ഗുരുകുലം.

കേരളമണ്ഡലത്തിൽ കേളികേട്ട പല പ്രധാനജനപദങ്ങളും അന്നുമിന്നുമുണ്ടെങ്കിലും സംസ്കാരത്തിന്നും, സാഹിത്യത്തിന്നും, ചരിത്രത്തിന്നും, വ്യവസായത്തിന്നും, വാണിജ്യത്തിന്നും സർവ്വതോമുഖമായ സകല സൌകര്യങ്ങളുമുള്ള ഒരു മഹനീയജനസ്ഥാനമാണ് "കോടിലിംഗപുരം" എന്ന കൊടുങ്ങല്ലൂർ പട്ടണം. അതിഗംഭീരവും, അഗാധവും, അപ്രമേയവിസ്തൃതവുമായ "അറബിക്കടലെന്ന വിശ്രുതമായ അബ്ധിയാകുന്ന മേഖലാവിഭാഗം, ആ മനോഹരനഗരത്തിന്റെ പശ്ചിമാതിർത്തിയായി പരിലസിക്കുന്നു. ദക്ഷിണഭാഗത്തുള്ള "കോട്ടമുക്ക്" എന്ന ഭയങ്കരമായ കായലാകട്ടേ, ഈ കടലിന്റെ കരാളവക്ത്രമാണ്. കോട്ടമുക്കിന്റെ കരയിടുക്കു, കിഴക്കുഭാഗത്തുള്ള കായലിന്റെ സമ്പർക്കത്താൽ മാത്രമല്ല, പ്രകൃതിയുടെ പേശലമായ വീക്ഷാവിലാസത്താലും വിമലവും വിചിത്രവുമത്രെ. ചുററുപാടുമുള്ള വിവിധരക്ഷാസ്ഥലികളാൽ വലയം ചെയ്യപ്പെട്ടിരിക്കയാൽ വീരയോദ്ധാക്കൾക്ക് സർവ്വഥാ സമുചിതമായ ഒരു രക്ഷാസങ്കേതമായിരിപ്പാൻ കൂടുതൽ സൌകര്യം കണ്ടതുകൊണ്ടായിരിക്കണം, ആ മഹനീയസ്ഥാനത്തു് "പറങ്കികൾ" അഥവാ "പോർട്ടുഗീസ്സുകാർ" ഒരു വമ്പിച്ച കോട്ടകെട്ടിയതു്. ആ അതിവിപുലമായ രക്ഷാകേന്ദ്രമാകട്ടേ,

"ചരിത്രദൃഷ്ടിപ്പടികൊല്ലമിന്നു
ശരിക്കു നാന്നൂറിലുമേറിയാലും
ഒരിക്കലും പൂർവ്വകഥാരസം വി-
സ്മരിക്കയില്ലാരുമിതൊന്നുകണ്ടാൽ"

(കൊടുങ്ങല്ലൂർകോട്ട-1089-ലെ കവനകൌമുദി) എന്ന കവിവാക്യത്തിന്നു് നിദർശനമെന്നോണം ഇന്നും സ്മരണീയങ്ങളായ

പല ചരിത്രവൃത്താന്തങ്ങളും ഗവേഷകന്മാക്ക് സകൌതുകം കുറിച്ചെടുക്കുവാൻ പര്യാപ്തമായി പ്രശോഭിക്കുന്നു. ഹിന്ദുക്കൾക്ക് എല്ലാ നിലയിലും പ്രധാനപ്പെട്ടതും പേരു കേട്ടതുമാണ് ഈ ജനപദവും പരിസരവും. ചരിത്രമാഹാത്മ്യംകൊണ്ടും, സെയിൻറ്തോമസ്സ് പുണ്യവാളൻ ഇദംപ്രഥമമായി ഭാരതഭൂമിയിൽ കാൽവെച്ച സ്ഥലമായതുകൊണ്ടും കൊടുങ്ങല്ലൂർ ക്രസ്ത്യാനികൾക്കും പുണ്യഭൂമിയാണ്. മഹമ്മദീയക്കും മതപരമായ ചില മുഖ്യസംഗതികൾക്കു മൂലസ്ഥാനമാകുന്നു കൊടുങ്ങല്ലൂർ. ആ ജനപദത്തിൽ പഴക്കംകൊണ്ടും, പാരമ്പര്യംകൊണ്ടും പ്രത്യേകം പ്രസിദ്ധി പെററ ഒരു മുസ്ലിംദേവാലയം (പള്ളി) നിലകൊള്ളുന്നുണ്ട്. ശ്രീ ചേരമാൻപെരുമാളുടെ തലസ്ഥാനമായിരുന്ന "തിരുവഞ്ചിക്കുളം", മലയാളികൾക്കും തമിഴക്കും ഒരു പോലെ മാനിക്കത്തക്ക ഒരു വിശുദ്ധ ജനസ്ഥാനമാണ്. തിരുവഞ്ചിക്കുളത്തുനിന്ന് ഏതാണ്ടൊരു നാഴിക വടക്കോട്ടു ചെന്നാൽ കാണാം പുരാതനവും ചരിത്രപ്രധാനവുമായ "അരാകുളം."

ഒരു പ്രസിദ്ധ ഭാഷാസാഹിത്യകാരനും, ചരിത്രാന്വേഷണതല്പരനുമായിരുന്ന ശ്രീ. അമ്പാടി നാരായണപ്പൂതുവാളുടെ "കേരളപുത്രൻ" എന്ന ആഖ്യായികയിൽ മൂലസ്ഥാനമായി കുടികൊള്ളുന്ന മുഖ്യമായ പുണ്യതടാകമാണ് "അരാകുളം." അരാകുളത്തിൽ നിന്ന് ഒരു അരയ്ക്കാൽനാഴിക മാത്രം വടക്കോട്ടുമാറി, അനിതരസാധാരണമായ പ്രകൃതിമാഹാത്മ്യത്തിന്നാസ്പദമായി സ്ഥിതിചെയ്യുന്ന പരിശുദ്ധപ്രദേശത്തിൻെറ ഹൃദയത്തട്ടിൽ, ശില്പകലാവൈഭവം തുളുമ്പികൊണ്ടും, പാരമ്പര്യസംസ്കാരത്തിന്നു പ്രകൃത്യാ സാക്ഷിയായും, സാഹിത്യലക്ഷ്മീവിളയാട്ടത്തിന്നു വിളിപ്പെട്ട വിശിഷ്ട നടനരംഗമായും നിലകൊള്ളുന്ന ഗംഭീരനിലയമാണ്, കൊടുങ്ങല്ലൂർ കോവിലകം. ആ രാജമന്ദിരം ഒരു കാലത്ത് സാക്ഷാൽ സരസ്വതീസദനമായിരുന്നു. "ഈടുവെ"പ്പായി പ്രശോഭിച്ചതുകൊണ്ടും, ഇന്നും ആ ഈടുവെപ്പിൻെറ അവശിഷ്ടങ്ങൾ അവിടെ പ്രകാശിക്കുന്നതുകൊണ്ടും കേളികേട്ട ഈ കോവിലകം അന്നത്തെ "കേരളത്തിലെ ഗുരുകുല"മായിരുന്നെന്നു പറയാം.

കേരളീയസാഹിത്യകാരന്മാക്കും, ശാസ്ത്രജ്ഞന്മാക്കും, കലാകാരന്മാക്കും ആ മഹത്തായ രാജമന്ദിരത്തിലെ സരസഗംഭീരപണ്ഡി

തന്മാരായ തമ്പുരാക്കന്മാരുടെ ഉള്ളഴിഞ്ഞ സഹായസഹകരണങ്ങളും ഉപദേശങ്ങളും ഏതുകാലത്തും ലഭിച്ചിരുന്നു. "കന്യാകുമാരി മുതൽ ഗോകർണ്ണം വരെ"യുള്ള അസംഖ്യം വിദ്യാർത്ഥികൾക്ക് അക്കാലത്തുള്ള കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ ഗുരുഭൂതന്മാരായി പരിലസിക്കുകയും ചെയ്തു. ആ വദാന്യരുടെ അന്തേവാസിത്വം മൂലം മാനസികവും, ആത്മികവുമായ വിജ്ഞാനം നേടിയ വിദ്വാന്മാർ അവിടെ അതിവിപുലവും അത്ഭുതാവഹവുമായ ഒരു പണ്ഡിതസമൂഹമായി പ്രകാശിച്ചു. മഹാനുഭാവന്മാരായ ആ രാജാക്കന്മാരാകട്ടെ, സാമാന്യേന സർവ്വശാസ്ത്രപാരംഗതന്മാരാണെങ്കിൽക്കൂടി, ഓരോരുത്തരും പ്രത്യേകമോരോ ശാസ്ത്രവിഭാഗത്തിൽ പ്രഗത്ഭപണ്ഡിതന്മാരായിരുന്നു. അതിനാൽ ശാസ്ത്രശാഖകളെ സംബന്ധിച്ച പഠനം നടത്തുവാൻ അനേകം വിദ്യാർത്ഥികൾ ആ രാജമന്ദിരത്തെ ശരണം പ്രാപിച്ചു. സാഹിത്യവിഷയകമായി അന്നത്തെ കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർക്കുള്ള അഗാധപാണ്ഡിത്യം അദ്വിതീയമായിരുന്നു. പ്രഖ്യാതപണ്ഡിതനായ പ്രൊഫസ്സർ എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ "ഉള്ളിൽ കലവറ വെയ്ക്കാതെ" ഉൽഘോഷിച്ചിട്ടുള്ളതു, "കൊടുങ്ങല്ലൂർ കോവിലകത്തിന്റെ തുണകൾക്കു കൂടിയുണ്ടു സ്തുത്യർഹമായ സാഹിത്യവിലാസം" എന്നാകുന്നു. തർക്കശാസ്ത്രത്തിലാണു ചില തമ്പുരാക്കന്മാർ കൂടുതൽ വിദഗ്ദ്ധത പ്രകാശിപ്പിച്ചതെങ്കിൽ, മററുചിലർ "പാണിനി"യെക്കൂടി അത്ഭുതപരതന്ത്രനാക്കുവാൻ തക്കയോഗ്യതയുള്ളവരായിരുന്നു. വൈദ്യശാസ്ത്രമാണെങ്കിൽ, "കൂട്ടാക്കാവാഗ്ഭടൻ വന്നെതിരിട്ടുകിലുമത്രയ്ക്കു വൈദ്യാഗമജ്ഞ"ന്മാരായ തമ്പുരാക്കന്മാർ ധാരാളമുണ്ടായിരുന്നു. ജ്യോതിഷത്തിന്റെ കഥയാകട്ടെ, പ്രത്യേകം പ്രസ്താവ്യമാണ്. സകലശാസ്ത്രവിദഗ്ദ്ധരായ ചില തമ്പുരാക്കന്മാർക്കു ജ്യോതിഷത്തിലായിരുന്നു കൂടുതൽ യോഗ്യത. സംഗീതത്തിലെന്നുവേണ്ട, ശില്പകലകളായ തച്ചുശാസ്ത്രം, ചിത്രമെഴുത്തു മുതലായവയിലും തങ്ങളുടെ ബുദ്ധിയും യുക്തിയും മുൻനിർത്തുവാൻ മഹാശാസ്ത്രജ്ഞരായ പല തമ്പുരാക്കന്മാരും സമർത്ഥരായിരുന്നു. നാട്യവിദ്യ, ചെപ്പടിവിദ്യ തുടങ്ങിയ അപൂർവ്വകലകളിലും, ചതുരംഗം മുതലായ വിനോദവിദ്യകളിലും കൂടി അവർ നിസ്തുല്യപാണ്ഡിത്യം പ്രകടിപ്പിച്ചു. തമ്പുരാട്ടിമാരും അസാമാന്യപാണ്ഡിത്യം സമ്പാദിച്ച സംസ്കാരസമ്പന്നകളായിരുന്നു.

ചുരുക്കിപ്പറയുന്നതായാൽ, അന്നത്തെ കൊടുങ്ങല്ലൂർ കോവിലകത്തിലെ സ്ത്രീകളും പുരുഷന്മാരും ഒരുപോലെ വിദ്യാസംസ്കാരങ്ങ

ളാൽ ശോഭിച്ചവരായിരുന്നു. തമ്പുരാക്കന്മാർക്കു വിപുലമായ ശിഷ്യസമ്പത്തുണ്ടായിരുന്നു. അതിനാൽ വിദ്വജ്ജനങ്ങൾ ആ കോവിലകത്തെ "കേരളത്തിലെ ഗുരുകുല"മെന്നു കരുതിയതിൽ അതിശയമില്ല.

രണ്ടാമദ്ധ്യായം

വിദ്വാനിളയതമ്പുരാൻെറ കാലംമുതൽ

കൊടുങ്ങല്ലൂർ കോവിലകം ഒരു സംസ്കാരകേന്ദ്രമെന്നു നീലയ്ക്കു് പേശലമായ പേരും പെരുമയും നേടി പ്രശോഭിച്ചുവെങ്കിലും, ആ സരസ്വതീസൌധത്തിൻെറ മാഹാത്മ്യത്തെപ്പററി ജനസാമാന്യം അറിവാനിടയായതു 1026-ാമാണ്ടിൽ വിദ്വാൻ ഇളയതമ്പുരാൻെറ കാലം മുതൽക്കാണു്. പ്രശസ്തപണ്ഡിതനും, മഹാശയനുമായിരുന്ന ആ തമ്പുരാൻ മാമൂൽമുറയനുസരിച്ചു് ഇളയതമ്പുരാക്കന്മാരുടെ രാജധാനിയായ "കോട്ടക്കോവിലക"ത്തെഴുന്നള്ളിത്താമസിക്കും വരെ കൂട്ടുകുടുംബമായ "പുത്തൻ കോവിലകത്തു"വാണു. അക്കാലത്തു് കൂട്ടാളികളും ഭ്രാതാക്കളുമായ തമ്പുരാക്കന്മാരോടും അന്തേവാസികളായ വിദ്യാർത്ഥികളോടും കൂടി സാഹിത്യം, ശാസ്ത്രം, സുകുമാരകലകൾ മുതലായവയിൽ തനിക്കുള്ള ഉറച്ച പാണ്ഡിത്യം അദ്ദേഹം പ്രതിഫലിപ്പിച്ചിരുന്നു. സാഹിത്യാദി സകലകലാഭ്യാസത്തിന്നുമായി ശരണം പ്രാപിച്ച സർവ്വജനങ്ങളേയും വിദ്വാനിളയതമ്പുരാൻ സന്തുഷ്ടരാക്കിയിരുന്നു. മാത്രമല്ല, അക്കാലത്തു ദൂരദിക്കുകളിൽ നിന്നുകൂടി ധനസഹായാർത്ഥം അദ്ദേഹത്തെ ശരണീകരിച്ചിരുന്ന ഒട്ടനേകം ജനങ്ങൾക്കും അദ്ദേഹം ഒരു കല്പദ്രുമമായി വർത്തിച്ചു. യഥോചിതം വിദ്യയും ധനവും ആശ്രിതവൃന്ദങ്ങൾക്കു ദാനം ചെയ്തതിന്നുപുറമേ, ആ മഹാനുഭാവൻ മററു പല രാജാക്കന്മാരെക്കൊണ്ടും പ്രഭുക്കന്മാരെക്കൊണ്ടും സാധുക്കളെ ആത്മാർത്ഥമായി സഹായിപ്പിക്കുകയും ചെയ്തു. ആ മഹാനെ സമീപിച്ച ദരിദ്രനായ ഒരു നമ്പൂതിരിക്കു് വേണ്ടുവോളം ദ്രവ്യലാഭമുണ്ടാക്കുവാൻ അദ്ദേഹം കൈക്കൊണ്ട രസകരമായ കൌശലം സുപ്രസിദ്ധമാണു്. സ്വപുത്രിയുടെ വിവാഹം കഴിയ്ക്കാൻ സംഭാവനയ്ക്കർത്ഥിച്ച അയാൾക്കു്

തമ്പുരാൻ തൻെറ കഴിവനുസരിച്ച് ഒരു തുക സസന്തോഷം ദാനം ചെയ്തു. അതിന്നുശേഷം ഒരു ഓലക്കഷണത്തിൽ

"ദാരിദ്ര്യസ്യദയാലുത്വം
കിം ബ്രവീമി മഹീപതേ!
ആത്മനാശമനാദൃത്യ
ഭവന്തം മാമദർശയത്"

എന്ന സംസ്കൃതപദ്യവും കുറിച്ചുകൊടുക്കുകയുണ്ടായി. "ദാരിദ്ര്യോൽക്കട സങ്കടക്കടൽ കടത്തീടാൻ കടാക്ഷിക്കണം" എന്നിത്യാദി ഭാഷാപദ്യങ്ങളും എഴുതിക്കൊടുത്തു. ആ ശ്ലോകങ്ങളുംകൊണ്ട് അന്നത്തെ തിരുവിതാങ്കൂർ മഹാരാജാവിനെ സമീപിക്കുവാൻ അദ്ദേഹം, ദരിദ്രൻ നമ്പൂതിരിയെ ഉപദേശിച്ചു. പക്ഷേ, താൻ കൊടുങ്ങല്ലൂർ ചെന്നിരുന്നുവെന്നും, കണ്ടിരുന്നുവെന്നും പറഞ്ഞുപോകരുതെന്നു അദ്ദേഹം താക്കീതു ചെയ്തിരുന്നു. ആ സാധുബ്രാഹ്മണനാകട്ടെ, അന്നു കഷ്ടപ്പെട്ടു നടന്നു തിരുവനന്തപുരത്തെത്തി മഹാരാജാവിനെ കാണുകയും, ആ കുറിപ്പ് വെച്ചു സാഷ്ടാംഗം നമസ്കരിക്കുകയും ചെയ്തു. അത്യുദാരമതിയും, അഗാധപണ്ഡിതനുമായ മഹാരാജാവ് ആ കൊച്ചു കുറിമാനം സശ്രദ്ധം വായിച്ചു രസിച്ചശേഷം, നമ്പൂതിരിയോടു, "അങ്ങ് കൊടുങ്ങല്ലൂർ കോവിലകത്തു പോയി വിദ്വാൻ ഇളയതമ്പുരാനെ കണ്ടു അല്ലേ?; എന്നു ചോദിച്ചു. അല്പം സങ്കോചത്തോടുകൂടെ "അതേ"എന്ന് നമ്പൂതിരി മറുപടിയും ഉണർത്തിച്ചു. മഹാരാജാവു ശരണാർത്ഥിയായ ആ മലയാള ബ്രാഹ്മണന്നു മതിയാവോളം പണം നൽകിയതിന്നു പുറമെ, വിദ്വാൻ ഇളയതമ്പുരാനു കൊടുക്കുവാൻ ഒരു സരസമായ മറുപടിത്തിരുവെഴുത്തും നൽകി.

അക്കാലത്ത് യഥാർത്ഥത്തിൽ അമരാചാര്യതുല്യനായിരുന്നു അദ്ദേഹം. അതിനാൽ, ആ മഹാശയൻെറ ശിഷ്യന്മാരായും, അന്തേവാസികളായും അസംഖ്യം പേർ അവിടെത്തന്നെ താമസിച്ചു സന്തൃപ്തിയടഞ്ഞു. ചിത്രമെഴുത്തു മുതലായ സുകുമാരകലകളിലും അദ്വിതീയനായിരുന്ന തമ്പുരാൻ അക്കാലത്ത് എഴുതിയ മനോഹരചിത്രങ്ങൾ വലിയ കോട്ടങ്ങൾ കൂടാതെ ഇന്നും കോട്ടക്കോവിലകം കുളപ്പുരമാളികയുടെ വമ്പിച്ച ഭിത്തികൾക്ക് പ്രധാനാലങ്കാങ്ങളായി പ്രശോഭിക്കുന്നുണ്ട്.

അന്നു സംസ്കൃതകാവ്യങ്ങളാണ് കൂടുതൽ പ്രാധാന്യമർഹിച്ചിരുന്നതെന്നു പറയേണ്ടതില്ലല്ലൊ. തമ്പുരാൻ "രാമചരിതം"എന്ന ഒരു സംസ്കൃതകാവ്യം എഴുതിത്തുടങ്ങി. പക്ഷേ അതു മുഴമിപ്പിക്കുവാൻ സാധിക്കാതെ പോയി. ആ മനോജ്ഞകാവ്യമാണ്, പിന്നീട് ബോമ്പായിലുള്ള "നിർണ്ണയസാഗരം" അച്ചുക്കൂടത്തിൽനിന്നു നാഗരാക്ഷരത്തിൽ ഭംഗിയായി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിയിട്ടുള്ളത്. ഒരു കേരളീയകവിയുടെ സംസ്കൃതകാവ്യം, ആ സാഹിത്യത്തിൽ പ്രത്യേകപ്രസക്തിയുള്ള മഹാരാഷ്ട്രരായ ബോമ്പായിക്കാർ അഭിനന്ദിച്ചു ഭംഗിയായി അച്ചടിപ്പിക്കേണമെങ്കിൽ, അതിനുള്ള ചമൽക്കാരപരമായ മാഹാത്മ്യം എത്രമാത്രമായിരിക്കുമെന്നു നാം പര്യാലോചിക്കേണ്ട ഒരു പ്രധാനവിഷയമാണ്. അപൂർണ്ണനിലയിൽ ഇരുന്ന ആ സംസ്കൃതകാവ്യത്തിന്റെ നാഗരലിപിയിലുള്ള കയ്യെഴുത്തുപകർപ്പ് "നിർണ്ണയസാഗരം" അച്ചുക്കൂടത്തിന്ന് ഏതു വഴിക്കാണു ലഭിച്ചതെന്നു സംഗതി ഇന്നും അജ്ഞാതമാണെന്നേ പറയേണ്ടു. ഏതായാലും, പ്രകൃതകാവ്യത്തിന്റെ യോഗ്യതയെ പ്രത്യേകം പുകഴ്ത്തുകതന്നെ വേണം. ഉദാഹരണമായി ആ കാവ്യത്തിലെ പ്രഥമസർഗ്ഗത്തിലുള്ള ശ്ലോകം തന്നെ ഇവിടെ ഉദ്ധരിക്കാം.

"അസ്ത്രിത്രയാണാം ജഗതാം നിദാനം
നാരായണോ നാമഃ സുരാധിനാഥഃ
വിരാജമാനഃ ഫണിരാജതല്പേ
പീയൂഷഭാനാവിവകൃഷ്ണസാരഃ."

ഈ പദ്യത്തിന്റെ ആശയവും അതിന്നനുരൂപമായ പദങ്ങളും ഭംഗിയായ അലങ്കാരവും നോക്കുക. ഈ പദ്യം പോലെ തന്നെ അതിമനോഹരമായ ഒന്നാണ്,

"സുവർണ്ണചൂർണ്ണദ്യുതിതുല്യകാന്ത്യാ
സമാശ്രിതസ്സാഗരകന്യകായാഃ
വിഭാതി ഗാരുത്മതചാരുദേഹഃ
ക്ഷണപ്രഭാവാനിവകാളമേഘഃ"

എന്ന രണ്ടാം പദ്യം. ഇത്തരം മനോഹരപദ്യങ്ങളാണ് പ്രസ്തുതകാവ്യത്തിൽ അടങ്ങിയിരിക്കുന്നതെങ്കിൽ,

"അശ്ലന്തി ഹത്വാ മനുജാനജസ്രം
പശ്ചുനുപഘ്നന്തി മഹീസുരാംശ്ച
വിദ്ധ്വംസയന്തി പ്രസഭം മഖാന-
പ്യഹോ! ദശഗ്രീവഭടാഃനിശാടാഃ"

എന്നിത്യാദി സന്ദർഭോചിതമാം വണ്ണം പ്രൌഢങ്ങളായ പദങ്ങൾ-ചേൎന്ന പദ്യങ്ങളും ധാരാളം "രാമചരിത"ത്തിലുണ്ട്. വിദ്വാൻ ഇളയതമ്പുരാൻ ഒട്ടധികം ഭാഷാകൃതികളും നിൎമ്മിച്ചിട്ടുണ്ട്. അവയിൽ അധികവും ഓട്ടംതുള്ളലുകൾ, കിളിപ്പാട്ടുകൾ, കൈകൊട്ടിക്കളിപ്പാട്ടുകൾ മുതലായവയാണ്. അക്കാലത്ത് "ശുദ്ധമലയാള മണിപ്രവാള" പദ്യങ്ങൾക്കു വളരെ പ്രചാരവും പ്രാധാന്യവും ഉണ്ടായിരുന്നില്ലെന്നതു സുവിദിതമാണല്ലൊ. അതിനാലാണ് അദ്ദേഹം ഭാഷാകൃതികളെ സംബന്ധിച്ചു പാട്ടുകളിൽ കൂടുതൽ പ്രസക്തി പ്രദൎശിപ്പിക്കുവാനിടവന്നതു്. സരസങ്ങളായ ഒററശ്ലോകങ്ങളും അദ്ദേഹം നിൎമ്മിച്ചിട്ടുണ്ട്.

വിദ്വാനിളയ തമ്പുരാൻെറ കാലം മുതൽക്കാണ് കൊടുങ്ങല്ലൂർ രാജമന്ദിരത്തിന്നു സംസ്കാരപരമായ പ്രസിദ്ധി പൂൎവ്വാധികം സിദ്ധിച്ചതു്. സംസ്കൃതഭാഷയിൽ സുദൃഢമായ പാണ്ഡിത്യവും, ഭാഷാസാഹിത്യത്തിൽ അഭിമാനവുമുള്ള കേരളീയസഹൃദയന്മാർ ഇന്നും വിദ്വാൻ ഇളയതമ്പുരാൻെറ വിശിഷ്ടമായ വിദ്വത്വത്തേയും അപദാനങ്ങളേയും ഭക്തിബഹുമാനങ്ങളോടെ പുകഴ്ത്തിവരുന്നു.

മൂന്നാമദ്ധ്യായം.

വിദ്വാനിളയതമ്പുരാനു ശേഷം.

ഇളയ തമ്പുരാനുശേഷം കൊടുങ്ങല്ലൂർകോവിലകം, അദ്ദേഹത്തിൻെറ ഭാഗിനേയരും ഭ്രാതാക്കളുമായ ഒട്ടനേകം തമ്പുരാക്കന്മാരുടെ (ഇക്കൂട്ടത്തിൽ തമ്പുരാട്ടിമാരുമുൾപ്പെടും) പാണ്ഡിത്യത്തിന്നും, കവിത്വത്തിന്നും വിലാസരംഗമായിത്തന്നെ ശോഭിച്ചു. 1049-ൽ തീപ്പെട്ട മൂന്നാംമുറ ഗോദവൎമ്മ തമ്പുരാനായിരുന്നു അന്നു് അവരിൽ വെച്ചു മുന്നണിയിൽ നിന്ന മഹാവിദ്വാൻ. കൊടുങ്ങല്ലൂർ രാജവം

ശത്തിൻെറ കുലഗുരുസ്ഥാനം, ആ ജനപദത്തിൽ പഠിപ്പും ആഭിജാത്യവും തികഞ്ഞ "വളപ്പിൽ ആശാ"ന്മാരുടെ നായർകുഡുംബത്തിന്നാണ്. വളപ്പിലാശാൻെറ കീഴിൽ നിലത്തെഴുത്തും ബാലപാഠങ്ങളുമഭ്യസിച്ചു കഴിഞ്ഞാൽ തമ്പുരാക്കന്മാർ അഗാധപാണ്ഡിത്യവും ബുദ്ധിശക്തിയുമുള്ള വിദ്വാന്മാരുടെ ശിഷ്യന്മാരായിത്തീരുകയാണ് പതിവ്. അന്ന് ആ കോവിലകത്തുള്ള സകലാംഗങ്ങളേയും അവരുടെ പ്രാരംഭവിദ്യാഭ്യാസശേഷം ഉപരി സംസ്കൃത കാവ്യങ്ങളും ശാസ്ത്രങ്ങളും, അഭ്യസിപ്പിച്ചതു "കുംഭകോണം കൃഷ്ണശാസ്ത്രികൾ" എന്ന ഒരു പണ്ഡിതാഗ്രേസരനായിരുന്നു. ആ മഹാൻ കുഡുംബസമേതം കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരുടെ രക്ഷയിൽ, അവരുടെ ഗുരുഭൂതസ്ഥാനം കയ്യേററം വാഴുവാൻ തുടങ്ങിയതോടുകൂടി ആ രാജകുടുംബത്തിന്നു വിദ്വത്വത്തിൽ വിശേഷവിധിയായ യോഗ്യതയും, ബഹുമതിയും, പ്രസിദ്ധിയും സിദ്ധിച്ചു. രാജകുടുംബാംഗങ്ങൾക്കാകട്ടെ കൃഷ്ണശാസ്ത്രികൾ, ദേവകൾക്ക് ഗീഷ്പതിയെന്നപോലെ അഭിവന്ദ്യനായിരുന്നു. മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻെറ "കവിഭാരത" ശ്രീകൃഷ്ണനാണു കൃഷ്ണശാസ്ത്രികൾ. ശാസ്ത്രികൾക്ക് അത്രമാത്രം മാഹാത്മ്യമുണ്ടായിരുന്നു. ആ മഹാനുഭാവൻെറ ശിഷ്യന്മാരായി അന്നുണ്ടായിരുന്ന തമ്പുരാക്കന്മാരോ വാസ്തവത്തിൽ വിദ്വാന്മാർതന്നെ. വിദ്വാൻ വലിയ കഞ്ഞിരാമവർമ്മതമ്പുരാൻ എന്ന മഹാൻ തർക്കം, വ്യാകരണം മുതലായ ഗംഭീരശാസ്ത്രങ്ങളിൽ ബഹുസമർത്ഥനും, ഒരു മികച്ച കവിയുമായിരുന്നു. കൊടുങ്ങല്ലൂർ കോവിലകത്തെ ഒമ്പതാം മുറത്തമ്പുരാനായിരുന്നു "കവിഭാരതം" എഴുതപ്പെട്ട കാലത്തു ആ മഹാൻ. "കവിഭാരത"ത്തിൽ അദ്ദേഹത്തെപ്പററി

"വിശ്വത്തിൽക്കാണുവോരക്കവിബലമഖിലം
വെല്ലുവാനുള്ള വീര്യം
പശ്യത്തിൽത്തന്നെയുണ്ടെങ്കിലുമതുലമുദാ-
സീനനായി വാണിടുന്നോൻ
വിശ്വസ്തൻ "കൃഷ്ണ"നേകീടിന മഹിത മഹാ-
മന്ത്രസാരാസ്മൃമുള്ളോ-
"രശ്വത്ഥാമാവു" തന്നേ നവമനനുപമൻ
കോടി ലിംഗാധിനാഥൻ"

എന്നാണു പറഞ്ഞിട്ടുള്ളത്. ഈ പദ്യത്തിൽ "കൃഷ്ണൻ" എന്നു കാണുന്ന പദം ശ്രീകൃഷ്ണഭഗവാനേയും, കൃഷ്ണശാസ്ത്രികളേയും ഉദ്ദേശിച്ചു

"ശ്ലേഷ"യിൽ ഉപയോഗിച്ചിട്ടുള്ളതാണ്. വിദ്യാവിഭവം കണക്കിലേറെ കൈവശംവെച്ചിരുന്ന ആ തമ്പുരാൻ, വലിയ വിനയസമ്പന്നനായിരുന്നെന്ന് മേലുദ്ധരിച്ച പദ്യം വിശദമാക്കുന്നുണ്ട്. അദ്ദേഹത്തിന്റെ ശിഷ്യന്മാരായ പലരും അക്കാലത്തു വലിയ പേരെടുത്തവരാണ്. സ്വന്തം ഭ്രാതാക്കളേയും, അന്തേവാസികളായ പലരേയും അദ്ദേഹം വിദ്യയഭ്യസിപ്പിച്ചിരുന്നു. ഭാഷാസാഹിത്യത്തിൽ പല നിലയിലും സമർത്ഥനും, "വിദ്യാവിനോദിനി" പത്രാധിപരുമായിരുന്ന ശ്രീ. സി. പി. അച്യുതമേനോൻ (ബി. എ.) അദ്ദേഹത്തിന്റെ കീഴിൽ സംസ്കൃതം പഠിച്ചു പേരെടുത്ത ഒരു മഹാനാണ്. സുപ്രസിദ്ധകവികളായിരുന്ന ഒറവങ്കര നീലകണ്ഠൻനമ്പൂതിരി (രാജാ), നടുവത്തു മഹൻനമ്പൂതിരി തുടങ്ങിയ യോഗ്യന്മാരും ആ മഹാശയന്റെ ശിഷ്യന്മാരായിരുന്നു. കൂടാതെ, ഒട്ടനേകം പേർ വിദ്വാൻ കുഞ്ഞിരാമവർമ്മ തമ്പുരാന്റെ ശിഷ്യന്മാരാണു തങ്ങളെന്നഭിമാനിച്ചു പ്രസിദ്ധരായിരുന്നിട്ടുണ്ടെന്നു മാത്രമല്ല, ഇന്നും ചുരുക്കം ചില വിദ്വാന്മാർ അദ്ദേഹത്തിന്റെ ശിഷ്യന്മാരെന്ന നിലയിൽ വിഖ്യാതരായി ജീവിച്ചിരിപ്പുണ്ട്.

ആ മഹാന്റെ കനിഷ്ഠസഹോദരനായിരുന്നു വിദ്വാൻ വലിയ കുഞ്ഞുണ്ണിത്തമ്പുരാൻ. അദ്ദേഹത്തിന്റെ പാണ്ഡിത്യവും ഏറെക്കുറെ സ്തുത്യർഹമാണ്. വിനയാനതനായിരുന്ന ആ തമ്പുരാനാണ് "കവിസാർവ്വഭൌമൻ" കൊച്ചുണ്ണിത്തമ്പുരാന്റെ ഗുരു.

"ഇക്കാവാകിയ രാജ്ഞിതന്റെ തനയൻ
കുഞ്ഞുണ്ണിഭൂപന്റെ നൽ–
ത്രുക്കാൽസ്സേവകനായ ശിഷ്യനമലൻ,
ദേവൌഘസേവാരതൻ
ചൊൽക്കൊള്ളുന്നൊരു കോടി ലിംഗനുവരൻ
കൊച്ചുണ്ണിഭൂപാലനാ–
ണിക്കാവ്യങ്ങൾചമച്ചതെന്നറിയണം
മാലോകരെല്ലാവരും."

എന്നു "കവിസാർവ്വഭൌമൻ" തന്നെ തന്റെ ഭാഷാനാടകകൃതികളിലൊന്നിൽ പ്രസ്താവിച്ചിട്ടുള്ളതുകൊണ്ട് അദ്ദേഹത്തിന്റെ (കവിസാർവ്വഭൌമന്റെ) ഗുരുനാഥസ്ഥാനത്തെപ്പററി യാതൊരു സംശയ

ത്തിന്നുമിടയില്ല. കുംഭകോണം കൃഷ്ണശാസ്ത്രികളായിരുന്നു കൊടുങ്ങല്ലൂർ രാജകുടുംബാംഗങ്ങൾക്കുള്ള പ്രധാനഗുരുഭൂതനെങ്കിലും, അവരാകട്ടെ കാലക്രമേണ ഓരോ ശാസ്ത്രവും അവരുടെ ഭ്രാതാക്കന്മാരും മാതുലന്മാരുമായ തമ്പുരാക്കന്മാരുടെ കീഴിലും സനിഷ്ഠം അഭ്യസിച്ചിരുന്നെന്ന് ഈ വക സംഗതികൾ വിശദമാക്കുന്നു.

വിദ്വാൻ വലിയ കൊച്ചുണ്ണിത്തമ്പുരാനെന്നൊരു മഹാനുണ്ടായിരുന്നു. അദ്ദേഹം വാസ്തവത്തിൽ ചതുശ്ശാസ്ത്രപണ്ഡിതനായിരുന്നുവെങ്കിലും, ജ്യോതിഷത്തിൽ പ്രത്യേകിച്ച് അദ്ദേഹത്തിന്നുണ്ടായിരുന്ന പാണ്ഡിത്യം നിസ്സീമമാണ്. അദ്ദേഹം നിഷ്കളങ്കനും പരോപകാരനിരതനും, കാഴ്ചയിൽ അതിസുഭഗനുമായിരുന്നു. പല ദിക്കുകളിൽനിന്നും എത്തിച്ചേർന്ന ജ്ഞാനഭിക്ഷുക്കളെ അദ്ദേഹം എല്ലാ വിഷയങ്ങളിലും വിദ്യയഭ്യസിപ്പിച്ചു. പക്ഷേ ജ്യോതിഷത്തിലാണ് ആ മഹാനും കൂടുതൽ ശ്രദ്ധ പതിപ്പിച്ചത്. ജ്യോതിഷവിഷയകമായ അദ്ദേഹത്തിന്റെ യശസ്സ് കേരളമണ്ഡലം വിട്ടു പരദേശങ്ങളിൽകൂടി പ്രചരിച്ചിട്ടുണ്ട്. ആ തിരുമേനി കവിടിക്രിയ കൂടാതെതന്നെ, ആരോടെങ്കിലും എന്തെങ്കിലും മുൻകൂട്ടിപ്പറഞ്ഞാൽ അത് പരമാർത്ഥമായും പരിണമിച്ചിരുന്നു. ഇതിന്നുദാഹരണമായി പല സംഗതികളും പറയുവാനുണ്ട്. പാശ്ചാത്യന്മാരായ പല മാന്യന്മാർപോലും ആ അഭിവന്ദ്യ "ദൈവജ്ഞ"ന്റെ ഭാവികഥാകഥനത്തിലുള്ള വൈദഗ്ദ്ധ്യം കണ്ട്, അദ്ദേഹത്തെ ആത്മാർത്ഥമായി ആദരിച്ചിട്ടുണ്ട്. ഒരിക്കൽ, അന്നു കൊച്ചി ഗവമ്മെണ്ടിന്റെ ചീഫ് എഞ്ചിനിയരായിരുന്ന മി. ജോർജ്ജ് എലിയട്ട് ബ്രൌണിങ്ങ് എന്ന സായ്പ്, തന്റെ ഭാവിയെപ്പററി ചിലതൊക്കെപ്പറഞ്ഞേ കഴിയൂ എന്നദ്ദേഹത്തോടു അപേക്ഷിക്കുകയുണ്ടായി. മി. ബ്രൌണിങ്ങ് വെള്ളക്കാരുടെ കൂട്ടത്തിൽ ഒരു ഉൽകൃഷ്ടകുടുംബാംഗമായിരുന്നതിനാൽ, അദ്ദേഹത്തിന്നു രാജാക്കന്മാരേയും, പ്രസിദ്ധപണ്ഡിതന്മാരേയും വലിയ ബഹുമാനവും ഭ്രമവുമായിരുന്നു. ബ്രൌണിങ്ങു സായ്പിനോടു തമ്പുരാൻ ഒരിക്കൽ പറഞ്ഞു, അദ്ദേഹം ഒട്ടും താമസിയാതെ ബിലാത്തിക്കു കപ്പൽ കയറുമെന്നും, അവിടെച്ചെന്നാൽ അദ്ദേഹത്തിന്ന് യാദൃച്ഛികമായി ഒട്ടധികം സ്വത്തു കിട്ടുമെന്നും. ആ ദീർഘദർശനം വാസ്തവമായി പരിണമിക്കുമോ എന്നു സായ്പ് പ്രതീക്ഷിച്ചിരിക്കെ, അദ്ദേഹത്തിന്നു ഇംഗ്ലണ്ടിൽനിന്ന് ഒരു കമ്പിസന്ദേശം ലഭിച്ചു. "ഉടനെ പുറപ്പെടണം. അമ്മായിക്കു തീരെ സുഖമില്ല" എന്നായിരുന്നു സന്ദേശത്തിലെ ഉള്ളടക്കം.

ബ്രൌണിങ്ങ് താമസിയാതെ ബിലാത്തിക്കു കപ്പൽ കയറി. അവിടെ ചെന്നപ്പോൾ അദ്ദേഹം കണ്ട കാഴ്ച, തൻെറ ഒരമ്മായി അന്ത്യശ്വാസം വലിക്കുന്നതായിരുന്നു. ആ സ്ത്രീയാകട്ടെ, സായ്പ് തന്നെ സമീപിക്കുന്നതിന്നു മുമ്പുതന്നെ അവരുടെ സമ്പാദ്യം (വലിയ ഒരു ഭൂസ്വത്തും ഒട്ടനേകം ദ്രവ്യവും) അദ്ദേഹത്തിൻെറ പേരിൽ ഒസ്യത്തെഴുതിവെച്ചിരുന്നു. സായ്പു ആ സ്ത്രീയെ കണ്ടു് അന്ത്യകാലബഹുമാനം പ്രദർശിപ്പിക്കുകയും, അവർ ദീർഘനിദ്രയടയുകയും ഒന്നിച്ചുകഴിഞ്ഞു. ഈ സംഗതിയിലും ഒരു പ്രത്യേകവസ്തുത വെളിപ്പെടുത്തുവാനുണ്ടു്. പ്രസ്തുത സ്ത്രീയുടെ വളരെ അടുത്ത ബന്ധുവല്ല മി. ബ്രൌണിങ്ങ്. ഈ സ്വത്തെല്ലാം ന്യായത്തിനു മററു ചിലക്കാണ് കിട്ടേണ്ടത്. സായ്പിൻെറ ഭാഗ്യത്താൽ, അവരിൽ ചിലർ ആ ഘട്ടത്തിന്നു മുമ്പു മൃതിയടഞ്ഞിരുന്നതിനാലും, ജീവിച്ചിരിപ്പുള്ളവരിൽ ചിലരോടു മദാമ്മയ്ക്കു് കാര്യമായ പ്രതിപത്തിയില്ലാതിരുന്നതിനാലും "വിധിയുള്ളവനേ നിധി കിട്ടൂ" എന്ന പഴമൊഴിപ്രകാരം അദ്ദേഹത്തിന്നു് ആ ഭാരിച്ച സ്വത്തു കിട്ടിയെന്നേ പറയേണ്ടു. മി. ബ്രൌണിങ്ങ് മടങ്ങി കൊച്ചിയിൽ വന്നപ്പോൾ, അദ്ദേഹം ആദ്യമായി കൊടുങ്ങല്ലൂർ കോവിലകത്തു ചെന്നു തമ്പുരാനെ പ്രണമിച്ചു്, അദ്ദേഹത്തോടു തനിക്കുള്ള ആത്മാർത്ഥമായ ഭക്തിബഹുമാനങ്ങളും, കൃതജ്ഞതയും പ്രദർശിപ്പിച്ചു. ഇതുപോലെ പല കാര്യങ്ങളിലും തമ്പുരാൻെറ ദീർഘദർശനം ശരിയായ ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടെന്നു് അസ്മാദൃശന്മാർ സൂക്ഷ്മമായി അറിയാം. തമ്പുരാനു തച്ചുശാസ്ത്രത്തിലുള്ള പാണ്ഡിത്യവും അദ്വിതീയമായിരുന്നു. അക്കാലത്തു തച്ചുശാസ്ത്രവിഷയത്തിൽ തമ്പുരാനോടു തുല്യൻ അദ്ദേഹം മാത്രമായിരുന്നു. കേരളത്തിലുള്ള സകല പ്രധാനകുടുംബങ്ങൾക്കും അക്കാലത്തു ഗൃഹനിർമ്മാണത്തിന്നു് തൃപ്തികരമായി "കുററി തറച്ചു" കൊടുത്തതു അദ്ദേഹമായിരുന്നു. പരദേശങ്ങളിൽക്കൂടി ആ മഹാശയൻ പോയി പല കെട്ടിടങ്ങളും, ശില്പകലാശാസ്ത്രവിധിയനുസരിച്ചു്, പണിയിക്കുവാനുള്ള പ്രാരംഭക്രിയകൾ നടത്തിയിട്ടുണ്ടു്. വിശേഷിച്ചു്, ഇന്നു "കന്യാകുമാരിമുതൽ ഗോകർണ്ണംവരെ"യുള്ള പല പ്രധാന ജ്യോതിഷപണ്ഡിതന്മാരും, തച്ചുശാസ്ത്രവിദഗ്ദ്ധന്മാരും അദ്ദേഹത്തിൻെറ ശിഷ്യപരമ്പരയിൽപ്പെട്ടവരുമാണ്.

വിദ്വാൻ കുഞ്ഞൻതമ്പുരാൻ എന്നൊരു മഹാനുണ്ടായിരുന്നു. അദ്ദേഹം സകലശാസ്ത്രങ്ങളിലും സമർത്ഥനായിരുന്നുവെങ്കിലും, വ്യാ

കരണത്തിലും തർക്കത്തിലും കണക്കിലേറെ പ്രാഗത്ഭ്യം പ്രദർശിപ്പിച്ചു. "കവിസാർവ്വഭൌമൻ" കൊച്ചുണ്ണിത്തമ്പുരാന്റെ ജ്യേഷ്ഠസഹോദരനായിരുന്നു അദ്ദേഹം. ചിലപ്പോൾ വിദ്വാന്മാരായ മററു തമ്പുരാക്കന്മാർക്കു പോലും വ്യാകരണവിഷയത്തിൽ വല്ല സംശയവും ജനിച്ചാൽ ഉടനെ "കുഞ്ഞേട്ടനോടു ചോദിക്കാം" എന്നു ഗംഭീരപണ്ഡിതനായ "കവിസാർവ്വഭൌമൻ"തന്നെ പറയാറുണ്ട്.

സംഗീതത്തിൽ മഹാസമർത്ഥനായി വിദ്വാൻ ഗോദവർമ്മതമ്പുരാൻ എന്നൊരു മഹാനുണ്ടായിരുന്നു. അദ്ദേഹത്തെപ്പററിയാണ് സരസകവി വെണ്മണി മഹൻനമ്പൂതിരിപ്പാട്, "പൂരപ്രബന്ധം" കാവ്യത്തിൽ "കേൾക്കെൻതനുഭംഗി! ഞാനും പുനരഥ പുതുതേൻ വാണി! സംഗീതവിത്താം "ചക്രം"തമ്പാനും....." എന്നും മററും വർണ്ണിച്ചിട്ടുള്ളതു്. "ചക്രംതമ്പുരാൻ" എന്നൊരപര നാമധേയവും (ഓമനപ്പേരായിരിക്കണം) അദ്ദേഹത്തിന്നുണ്ടായിരുന്നു. വീണവായന, ഫിഡിൽവായന മുതലായവയിൽക്കൂടി അദ്വിതീയനായ "ചക്രംതമ്പുരാൻ" തന്നെയായിരുന്നു അക്കാലത്തു കൊച്ചിഗവർമ്മേണ്ടിന്നു സംഗീതാദ്ധ്യാപകന്മാരെ പാഠശാലകളിലേയ്ക്കും മററും തരംപോലെ തിരഞ്ഞെടുക്കേണ്ടതിന്നുള്ള വിദഗ്ദ്ധോപദേഷ്ടാവു്.

"കവിസാർവ്വഭൌമൻ" കൊച്ചുണ്ണിത്തമ്പുരാനെപ്പററിയാണ് ഇനി കുറച്ചു കൂടുതലായി പ്രസ്താവിക്കുവാനുള്ളതു്. പഠിപ്പുകൊണ്ടും, ബുദ്ധികൊണ്ടും കൊടുങ്ങല്ലൂർ കോവിലകത്തു് അദ്ദേഹത്തെപ്പോലെ പരമയോഗ്യനായ ഒരു മഹാൻ അക്കാലത്തുണ്ടായിട്ടില്ല. അദ്ദേഹം സർവ്വശാസ്ത്രപാരംഗതനായിരുന്നുവെങ്കിലും, വൈദ്യത്തിലും കവിതയിലും നാട്യവിദ്യയിലുമായിരുന്നു കൂടുതൽ പ്രസിദ്ധി നേടിയതു്. ആ മഹാശയന്നു്, അപ്രകാരം പഠിപ്പും ബുദ്ധിയുമുണ്ടാകുന്നതിന്നു കൊടുങ്ങല്ലൂർ ഭഗവതിയുടെ കരുണാകടാക്ഷവും വേണ്ടപോലെയുണ്ടായിട്ടുണ്ടു്. കൊടുങ്ങല്ലൂർതമ്പുരാക്കന്മാർക്കു, വിദ്യാവിഷയത്തിൽ അവിടത്തെ ഭഗവതിയുടെ അനുഗ്രഹം ധാരാളമുണ്ടായിട്ടുണ്ടെന്നതും സർവ്വവിദിതമാണ്. അവരോ അത്രമാത്രം ഭക്തിയുള്ളവരുമായിരുന്നു. "കവി സാർവ്വഭൌമ"നാകട്ടെ, "ഉപനയന"ക്രിയാനന്തരം സാധാരണമായി എല്ലാ തമ്പുരാക്കന്മാരും നടത്താറുള്ള "പള്ളിബ്ഭജനം" കൂടുതൽ ഭക്തിയോടും നിഷ്ഠയോടും കൂടിയാണു നട

ത്തിവന്നതു്. ഉപനയനം കഴിഞ്ഞ ഉടനെ അദ്ദേഹം ഉറച്ചഭക്തിയോടു കൂടി ആറുമാസകാലം ഭഗവതിയെ ഭജിച്ചതു്, ഒരു തവിനെയ്യ് മാത്രം സേവിച്ചിട്ടാണെന്നാണ് അറിയുന്നതു്. തമ്പുരാക്കന്മാരുടെ ഈ "പള്ളിബ്ഭജനം" ഒരു സംവത്സരകാലമാണ്. ആ കാലഘട്ടത്തിലാണ് അവർക്കു മുഖ്യമായി കൂടുതൽ സരസ്വതീവിലാസം സിദ്ധിക്കാറുള്ളതും. ഈ ഭജനം എല്ലാ നിലയിലും "കവിസാർവ്വഭൌമൻ" ഒരു കഠിനതപസ്സുപോലെ നടത്തി. അതിൽ ആറുമാസകാലത്തെ ഭഗവതീസേവ പല ഭക്തന്മാരേയും ആശ്ചര്യപരതന്ത്രരാക്കിത്തീർത്തു തന്മൂലം, അദ്ദേഹത്തിന്നു കവനവിഷയത്തിലും, വൈദ്യത്തിലും സിദ്ധിച്ച വൈദഗ്ദ്ധ്യം അനുപമമായിരുന്നു. "കവിസാർവ്വഭൌമ"ന്റെ കവനകലാനൈപുണിയെ പരാമർശിച്ചു മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ "കവിഭാരത"ത്തിൽ അദ്ദേഹത്തെ ഇങ്ങിനെ പുകഴ്ത്തീട്ടുണ്ടു്:—

"സ്വച്ഛന്ദം ഭാഷകൊണ്ടും. സുരുചിരതരമാം
സംസ്കൃതംകൊണ്ടുമൊപ്പം
മെച്ചം തേടുംപ്രകാരം ബഹുവിധകവിതാ
സൂക്തി വർഷിക്കമൂലം
ഇച്ചൊന്നോരക്കവിപ്രൌഢരിൽ മികവുടയോൻ
കോടിലിംഗാധിനാഥൻ
കൊച്ചുണ്ണിക്ഷോണിപാലൻ കൊടിയകവിവരൻ
ദിവ്യനാം സവ്യസാചി."

അർജ്ജുനന്റെ സ്ഥാനം ആ മഹാശയന്നു ലഭിക്കണമെങ്കിൽ അദ്ദേഹത്തിന്റെ യോഗ്യത എത്രമാത്രം സ്തുത്യർഹമായിരിക്കണമെന്നുള്ളതും ഊഹ്യമാണല്ലൊ. വൈദ്യവിഷയത്തിൽ കൊച്ചുണ്ണിത്തമ്പുരാൻ മഹാ കേമനായിരുന്നുവെന്നു സുപ്രസിദ്ധ ഭാഷാകവിയായ നടുവത്തു് അച്ഛൻനമ്പൂതിരി "ഭഗവദ്ദൂതു്"എന്ന ഭാഷാനാടകത്തിൽ വിശദമാക്കിയിട്ടുണ്ടു്.

"അച്ഛൻമഹീസുരവരനുളവായ ദീന-
മിച്ഛാനുകൂലതരമായ ചികിത്സയാലേ
കൊച്ചുണ്ണിഭൂമിപതി മാററിയവർത്തമാനം
നൽച്ചാരുചന്ദ്രമുഖി! നീയറിയുന്നതില്ലേ?"

എന്നു് ആ നാടകത്തിലെ "പ്രസ്താവന"യിലുള്ള പദ്യം അതിനു സാക്ഷ്യം വഹിക്കുന്നു. നടുവത്തച്ഛൻ നമ്പൂതിരിക്കു് അതിഭയങ്കരമായ ഒരു രോഗം പിടിപെട്ടിരുന്നതും, പല വിദഗ്ദ്ധവൈദ്യന്മാരും ചികിത്സിച്ചു മാററുവാൻ സാധിക്കാതെ ആ ഘട്ടത്തിൽ അദ്ദേഹത്തെ കയ്യൊഴിച്ചതും, "കവി സാർവ്വഭൌമൻ" തന്റെ ചികിത്സാപാടവത്താൽ അദ്ദേഹത്തെ സുഖപ്പെടുത്തിയതും പരമാർത്ഥം തന്നെയാണെന്നു് അനുഭവജ്ഞന്മാർക്കു് അറിവുള്ള ഒരു സംഗതിയാണു്. ഇതുപോലെ പല "മാറാത്ത രോഗ"ങ്ങളും അദ്ദേഹത്തിന്റെ ചികിത്സാനൈപുണ്യത്താൽ ഭേദപ്പെടുത്തിയിട്ടുണ്ടു്.

"മഹാമഹോപാദ്ധ്യായ" ഗോദവർമ്മ "ഭട്ടൻ" തമ്പുരാനെയും ഇവിടെ അനുസ്മരിക്കേണ്ടതാണു്. "കവി സാർവ്വഭൌമ"ന്റെ ഒരു മാതൃസഹോദരിയുടെ പുത്രനാണദ്ദേഹം. ബാല്യത്തിൽതന്നെ അസാധാരണമായ ബുദ്ധിശക്തിക്കു വിളനിലമായ ആ മഹാൻ പ്രായം ചെല്ലും തോറും പഠിപ്പിൽ പ്രത്യേകവിദഗ്ദ്ധത പ്രദർശിപ്പിച്ചു കോവിലകത്തെ അന്തേവാസികളായ സകല വിദ്വാന്മാർക്കും "കണ്ണിലുണ്ണി" യായിത്തീർന്നു. ആ മഹാനുഭാവന്റെ ഉറച്ച ബുദ്ധിശക്തിയും, യുക്തിക്കനുസരിച്ച അഭിപ്രായഗതിയുമാലോചിച്ചാലറിയാം, "തർക്ക"ശാസ്ത്രത്തിൽ അദ്ദേഹം കൈങ്കേമനാകുവാൻ അതാണു് കാരണമെന്നു്. ഗോദവർമ്മതമ്പുരാന്റെ തർക്കശാസ്ത്രപാണ്ഡിത്യവും മററും അഭിനന്ദിച്ചാണു് അദ്ദേഹത്തെ "ഭട്ടൻ" എന്നു കൂടി വിദ്വജ്ജനങ്ങൾ വിളിച്ചുവന്നതു്. "തർക്കവിഷയത്തിൽ വിശ്വവിഖ്യാതനായ അദ്ദേഹത്തിന്നു ലഭിച്ച മഹത്തായ "മഹാമഹോപാദ്ധ്യായ" ബിരുദവും ആ മഹാനുഭാവന്റെ പഠിപ്പിന്നു് ഉത്തമനിദർശനമാണു്. അദ്ദേഹത്തിന്റെ ഉററ മിത്രവും, സഹപാഠിയുമായിരുന്നു "സ്ഥാനത്യാഗം ചെയ്ത" കൊച്ചിമഹാരാജാവു് തിരുമനസ്സുകൊണ്ടു്. "മഹാമഹോപാദ്ധ്യായ" കെ. രാമപിഷാരോടി (കുറച്ചുകാലം മുമ്പു് നിര്യാതനായി), "മഹാമഹോപാദ്ധ്യായ" കിള്ളിമംഗലത്തു നാരായണൻനമ്പൂതിരി (ഇദ്ദേഹവും, കുറച്ചു കാലം മുമ്പു ദിവംഗതനായി) തുടങ്ങിയവരും അദ്ദേഹത്തിന്റെ സഹപാഠികളും പ്രിയ വയസ്യന്മാരുമായിരുന്നു. ആ മഹാബുദ്ധിമാന്റെ ഒരു പ്രധാന ശിഷ്യനാണു് പ്രസിദ്ധപണ്ഡിതനും, കവിയുമായ ശ്രീ. ആററൂർ കൃഷ്ണപിഷാരോടി. തർക്കവിഷയത്തിൽ അതിസമർത്ഥനായ ശ്രീ. മാന്തിട്ട നമ്പൂ

തിരിയും അവിടുത്തെ ശിഷ്യൻ തന്നെയാണ്. അവിടുത്തെ പ്രിയ ഭാഗിനേയിയും, ശാസ്ത്രവിഷയത്തിൽ വിദുഷിയും, "പണ്ഡിത രാജ" ബിരുദമുള്ളവരുമായ കൊച്ചിക്കാവുതമ്പുരാട്ടി (ഇപ്പോഴും ജീവിച്ചിരിപ്പുണ്ട് ഈ തമ്പുരാട്ടി) അദ്ദേഹത്തിന്റെ ഗുരുത്വം വേണ്ടപോലെ സമ്പാദിച്ചിട്ടുള്ള ഒരു മാന്യമനസ്വിനിയാണ്. ശ്രീ. മാന്തിട്ടനമ്പൂതിരിയുടെ സഹധർമ്മിണിയുമാണ് കൊച്ചിക്കാവുതമ്പുരാട്ടി.

മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെക്കുറിച്ചാണ് കുറെ കൂടുതലായി ഈ അവസരത്തിൽ രേഖപ്പെടുത്തുവാനുള്ളത്. "ശ്രീമഹാഭാരത"മെന്ന "പഞ്ചമവേദം" പരിഭാഷപ്പെടുത്തിയതിനാൽ, "കേരളവ്യാസ"നായിത്തീന്ന ആ സുകൃതമതി വെണ്മണിഅച്ഛൻനമ്പൂതിരിപ്പാട്ടിലെ പുത്രനാണ്. കൊടുങ്ങല്ലൂർ കോവിലകത്തു കുഞ്ഞിപ്പിള്ളത്തമ്പുരാട്ടിയുടെ സീമന്തപുത്രനാണദ്ദേഹം. കവിതാവിഷയത്തിൽ സർവ്വത്ര വിഖ്യാതനായ വെണ്മണി മഹൻ നമ്പൂതിരിപ്പാട് വെണ്മണിഅച്ഛന്ന് അന്തർജ്ജനമായ സ്വപത്നിയിലുണ്ടായ ഉത്തമസന്താനമാണ്. കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ട് സംസ്കൃതത്തിലുള്ള ഉപരികാവ്യങ്ങളും ചില ശാസ്ത്രങ്ങളും സാമാന്യേന അഭ്യസിച്ചതു സ്വമാതുലന്മാരായ വിദ്വാൻ കുഞ്ഞിരാമവർമ്മതമ്പുരാൻ, വിദ്വാൻ കുഞ്ഞുണ്ണിത്തമ്പുരാൻ, വിദ്വാൻ വലിയ കൊച്ചുണ്ണിത്തമ്പുരാൻ എന്നീ മഹാന്മാരുടെ കീഴിലായിരുന്നു. എന്നാൽ സംസ്കൃതത്തിൽ ദൃഢമായ വ്യുൽപ്പത്തിയും, വിശേഷിച്ച ലോകവ്യുൽപ്പത്തിയും സമ്പാദിച്ചുകൊണ്ടിരുന്ന കാലത്തുതന്നെ അദ്ദേഹം കവിതാവിഷയത്തിൽ പാരമ്പര്യം ഹേതുവായി യഥാർത്ഥ വാസന പ്രദർശിപ്പിക്കുവാൻ തുടങ്ങി. അന്നു കവനവിഷയത്തിൽ സ്വപിതാവായ വെണ്മണി അച്ഛൻനമ്പൂതിരിപ്പാട് കണക്കിലേറെ ഉപദേശങ്ങൾ നൽകുകയും, പല പ്രധാന സംഗതികളും പ്രത്യേകിച്ച പറഞ്ഞുകൊടുക്കുകയും ചെയ്തതിന്നു പുറമെ കോവികത്തുള്ള കൊച്ചുണ്ണിത്തമ്പുരാൻ തുടങ്ങിയ മഹാകവികളുടെയും, വിശേഷിച്ച തന്റെ ഭ്രാതാവായ വെണ്മണിമഹന്റേയും മററും സാഹചര്യത്താൽ അദ്ദേഹത്തിന്റെ കവനവാസനയും, ആ വിഷയത്തിലുള്ള പരിശ്രമവും ക്രമപ്രവൃദ്ധമായ ഒരു നിലയിലെത്തുവാൻ കാലതാമസം വേണ്ടിവന്നില്ല. "കവി ഭാരത"ത്തിൽ സ്വപിതാവായ വെണ്മണി അച്ഛനെപ്പററി "അച്ഛൻനമ്പൂരി ഭൂരിപ്രഥിത സിതയശോ മോഹന ശ്രീഹനുമാൻ" എന്നാണ് കുഞ്ഞി

ക്കുട്ടൻതമ്പുരാൻ പറഞ്ഞിട്ടുള്ളതു്. വെണ്മണി മഹൻ ദ്രോണാചാര്യരുമാണ്. കുഞ്ഞിക്കുട്ടൻതമ്പുരാന്റെ കവിതാവാസനയ്ക്കു ഭംഗിയായി വളം വെച്ചുകൊടുക്കത്തക്ക നിലയിൽ അദ്ദേഹത്തിന്നു ലഭിച്ച പല സരസഗംഭീരസാഹിത്യനായകന്മാരുടെയും സാഹചര്യം വലിയ ഒരനുഗ്രഹമായിട്ടാണ് പരിണമിച്ചതു്. ഉറച്ച പാണ്ഡിത്യവും കറകളഞ്ഞ വാസനയുമുള്ള ഒരാൾ, ഉള്ളിലൊട്ടും കളങ്കമില്ലാത്ത നിലയിൽ, സർവ്വഥാ സാഹിത്യപരിശ്രമത്തിലേപ്പെടുകയാണെങ്കിൽ നിശ്ചയമായും ഉപര്യുപരി അദ്ദേഹത്തിന്നു ശ്രേയസ്സുണ്ടാകുവാനേ ന്യായമുള്ളു. വിശേഷിച്ചു, "കാളീകടാക്ഷഭ്രമരക്കളിപ്പൂങ്കാവായ" അദ്ദേഹത്തിന്നു സരസ്വതീവിലാസം കണക്കിലേറെ ലഭിച്ചതു് സ്വാഭാവികമാണല്ലൊ.

കുഞ്ഞിക്കുട്ടൻതമ്പുരാന്റെ സാഹിത്യവൈദഗ്ദ്ധ്യവും, സത്തായ മനോഗുണമാഹാത്മ്യവും നമുക്ക് ഒരുകാലത്തും വിസ്മരിച്ചുകൂട. അദ്ദേഹത്തിന്റെ കവനകലാനൈപുണ്യത്തേയും, അപദാനങ്ങളേയും കുറിച്ച് ഇനിയുള്ള ഒരദ്ധ്യായത്തിൽ സവിസ്തരം പ്രതിപാദിക്കേണ്ടിവരുന്നതുകൊണ്ട്, ഇപ്പോൾ ഇതിലും കൂടുതലായി ഇവിടെ ഉപന്യസിക്കുവാൻ ഞാൻ വിചാരിക്കുന്നില്ല.

വെണ്മണി അച്ഛൻനമ്പൂതിരിപ്പാട്ടിലെ പുത്രനും, കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ കനിഷ്ഠസഹോദരനുമായിരുന്ന ചെറിയ കുഞ്ഞുണ്ണിത്തമ്പുരാനും അറിവിനാലും, കവിതാവാസനയാലും വിദ്വജ്ജനപ്രശംസയ്ക്കു പാത്രീഭവിച്ച ഒരു മഹാനായിരുന്നു. അദ്ദേഹത്തിന്നു ഭാഷയിലും സംസ്കൃതത്തിലും നല്ല പദ്യങ്ങൾ നിർമ്മിക്കുവാൻ സാധിച്ചിരുന്നു. എന്നാൽ നാട്യകലയിൽ, "കവിസാർവ്വഭൌമൻ" കൊച്ചുണ്ണിത്തമ്പുരാന്റെ പ്രിയശിഷ്യനായിരുന്ന ആ മഹാശയനു്, ആ വിദ്യയിൽ അഗാധപാണ്ഡിത്യവും, അതു അഭ്യസിപ്പിക്കുന്നതിൽ കൂടുതൽ നൈപുണ്യവും കണ്ടിരുന്നു. "കേരളകലാമണ്ഡല"ത്തിലെ ഒരു ഒന്നാംകിട നടനും, അടുത്തകാലംവരെ ഏററവും പ്രധാനപ്പെട്ട ഒരു കഥകളിവേഷക്കാരനുമായിരുന്ന ശ്രീ. പട്ടിക്കാംതൊടി രാമുണ്ണിമേനോൻ, തിരുമേനിയുടെ ഉത്തമശിഷ്യന്മാരിലൊരാളായിരുന്നു. കൂടാതെ അവിടെയ്ക്കു മററനേകം ശിഷ്യന്മാരുള്ളതായും ഇയ്യുള്ളവനറിയാം. അവിടുന്നാകട്ടെ, കഥകളിയിൽ പല പ്രധാന വേഷങ്ങളും കെട്ടി അരങ്ങത്തുവന്നു ചില സന്ദർഭങ്ങളിൽ ഭംഗിയായി ആടി പ്രശസ്തി നേടിയിട്ടുള്ള വിവരം പലക്കും അറിവുള്ളതാണ്.

ഗോദവമ്മ എന്നു പേരുള്ള "മരുമകൻ" തമ്പുരാൻ മഹാബുദ്ധിമാനായിരുന്നു. അദ്ദേഹത്തിന്നും മററുള്ള തമ്പുരാക്കന്മാരെപ്പോലെ തന്നെ പഠിപ്പുണ്ടായിരുന്നു. വൈദ്യശാസ്ത്രത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരുന്നു അദ്ദേഹം. ചെപ്പടിവിദ്യ, ജാലവിദ്യ, വിഷവൈദ്യം മുതലായവയിലും ആ തമ്പുരാൻ കേമനായിരുന്നു. ഭയങ്കരമായ പല സപ്പവിഷവും അദ്ദേഹം മന്ത്രംകൊണ്ടും ചികിത്സകൊണ്ടും നിഷ്പ്രയാസം ദൂരീകരിച്ചിട്ടുണ്ട്. അദ്ദേഹത്തിൻെറ ചെപ്പടിക്കളിയും മാറവ കണ്ടു രസിക്കുവാൻ എനിക്കും ഭാഗ്യമുണ്ടായിട്ടില്ലെന്നില്ല. അദ്ദേഹമാകട്ടെ, ശ്രദ്ധാത്മാവും, നല്ല ഫലിതക്കാരനും, വിനയസമ്പന്നനുമായിരുന്നു.

ഇപ്രകാരം വിവിധശാസ്ത്രങ്ങളിലും കലാവിദ്യകളിലും പ്രഗത്ഭന്മാരായ അനേകം തമ്പുരാക്കന്മാരുടെ ഒരു മാന്യസങ്കേതമായിരുന്നു അന്നത്തെ കൊടുങ്ങല്ലൂർ കോവിലകം. ആ മഹനീയമായ രാജധാനി മലയാളത്തിലെ "സുധമ്മ" തന്നെയായിപ്പരിലസിച്ചു.

നാലാമദ്ധ്യായം

ആ സുധമ്മയിലെ കവിസദസ്സ്.

കേരളത്തിലെ "സുധമ്മ"യായ കൊടുങ്ങല്ലൂർ കോവിലകത്തെ മഹാസദസ്സിന്നു് എല്ലാ നിലയിലും അലങ്കാരഭൂതനായി മുൻനിന്നു സകല സംഗതികളും നടത്തിവന്നതു വെണ്മണി അച്ഛൻനമ്പൂതിരിപ്പാടാണ്. കുംഭകോണം കൃഷ്ണശാസ്ത്രികളുടെ ശ്രദ്ധാപൂർവ്വമായ മേൽനോട്ടവും ഉണ്ടായിരുന്നു. നടുവത്തു് അച്ഛൻനമ്പൂതിരി, ഒറവങ്കര നീലകണ്ഠൻനമ്പൂതിരി (രാജാ), വെണ്മണിമഹൻനമ്പൂതിരിപ്പാട്, കോടശ്ശേരി കുഞ്ഞൻതമ്പാൻ, കവത്തപാറ ദാമോദരൻനമ്പൂതിരി, കാത്തുള്ളി അച്യുതമേനോൻ മുതലായ കവികളും കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരുമ്പുറമേ ഈ സദസ്സിൽ സ്ഥിരം സാമാജികന്മാരായിരുന്നു. കവത്തപാറ ദാമോദരൻനമ്പൂതിരിയെ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, തൻെറ "കവിഭാരത"ത്തിൽ,

"ഇയ്യുഴത്തിലണഞ്ഞിടുന്ന കവന-
ക്കാരായപോരാളിമാർ
പെയ്യും പദ്യശരപ്രപഞ്ചമതുകൊ-
ണ്ടൊട്ടും സഹിക്കാതഹോ
മയ്യെന്യേ മതിയാക്കിടാതെ കവിതാ-
ബാണപ്രയോഗങ്ങളിൽ
കയ്യൂന്നുന്ന "കവത്തപാറ",കൃതിയിൽ
ചൊല്ലാന്ന ശല്യൻ ദൃഢം."

എന്നാണ് ശ്ലാഘിച്ചിട്ടുള്ളത്. തിരുനാവായക്കടുത്തുള്ള ആലത്തിയൂർ നിവാസിയായ അദ്ദേഹം മഹാകവി വള്ളത്തോളിനെ നന്നെ ചെറപ്പത്തിൽ കവനപരിശ്രമങ്ങളിൽ ഉള്ളഴിഞ്ഞു പ്രോത്സാഹിപ്പിക്കുകയും, പരിശീലിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ചിലപ്പോൾ ദൂരദിക്കുകളിൽ നിന്ന് അനേകം പണ്ഡിതന്മാരും കവികളും ആ കവിസദസ്സിൽ സംബന്ധിച്ചിരുന്നു. ആദ്യകാലത്ത് അമ്പാടി കുഞ്ഞിക്കൃഷ്ണപ്പുതുവാൾ, പട്ടത്തു കുഞ്ഞുണ്ണിനമ്പ്യാർ തുടങ്ങിയവരും, പിന്നീട് കൊട്ടാരത്തിൽ ശങ്കുണ്ണി, ശിവോള്ളി നാരായണൻ നമ്പൂതിരി, തയ്ക്കാട്ട് ഇട്ടീരിമൂസ്സ്, സി. പി. അച്യുതമേനോൻ (വിദ്യാവിനോദിനീ പത്രാധിപർ), കുണ്ടൂർ നാരായണമേനോൻ മുതലായ കവികളും അവസരം കിട്ടുമ്പോളെല്ലാം പ്രസ്തുത കവിസദസ്സിൽ പങ്കെടുത്തു തങ്ങളുടെ കവനകലാനൈപുണ്യം പ്രസ്പഷ്ടമാക്കിയിട്ടുണ്ട്.

"ഉച്ചത്തിൽ പറയുന്നു പോൽ സരസനാം
പട്ടത്തു കുഞ്ഞുണ്ണിയി-
ന്നൊച്ചപ്പെട്ടു വസിച്ചിടും കവികളിൽ-
ക്കേടററ നേന്ത്രപ്പഴം
സ്വച്ഛൻ വെണ്മണിചിങ്ങനാണു,പുതുവാ-
ളമ്പാടി പൂവൻപഴം
അച്ചങ്കണ്ടനറച്ചിട്ടുന്നിരുമുടി-
ക്കുന്നൻെറ മാണിപ്പഴം"

എന്നിത്യാദി സരസശ്ലോകങ്ങളും മററും അക്കാലത്തുണ്ടായിട്ടുള്ളവയാണ്. ഒരിക്കൽ അമ്പാടി കുഞ്ഞിക്കൃഷ്ണപ്പുതുവാൾ, നടുവത്ത് അച്ഛൻനമ്പൂതിരി, വെണ്മണി അച്ഛൻനമ്പൂതിരിപ്പാട്, അച്ച

ങ്കണ്ടത്തു നമ്പ്യാർ എന്നിവർ തിരുവനന്തപുരത്തു "മുറജപ"ത്തിന്നു പോവുകയും, ഒരു മൈതാനത്തിൽ വെടി പറഞ്ഞിരിക്കുകയുമായിരുന്നു. ഒരു നിയമവെടി അപ്പോഴം പൊട്ടുന്നതുകേട്ടു, കുഞ്ഞിക്കൃഷ്ണപ്പുതുവാഴം "നിയമവെടിമുഴങ്ങി. നീരജത്താർ മയങ്ങീ" എന്നു ചൊല്ലി. ഉടനെ നടുവം "വിയതി ശശി വിളങ്ങീ, വിപ്രരർഘ്യം തുടങ്ങീ"എന്നു തുടന്നുപറഞ്ഞു. സ്വതവേ "ഫലിതക്കുടുക്ക"യായ വെണ്മണി ആസന്ദർഭത്തെ ആസ്പദമാക്കിചൊല്ലിയ മൂന്നാംപാദം വളരെ സഭ്യമല്ലായ്കയാൽ ഞാൻ അതു ഇവിടെ ഉദ്ധരിക്കുന്നില്ല. അദ്ദേഹത്തിന്റെ ആ ഗ്രാമ്യമായ ഫലിതം മററുള്ളവരെ രസിപ്പിച്ചില്ല. വെണ്മണി അപ്പോഴം അവരെ സന്തുഷ്ടരാക്കുവാൻ ആ പദത്തിന്നു പകരം മറെറാരു പാദം ഉടനെ ചൊല്ലി. എങ്കിലും, അതും ഇവിടെ ഉദ്ധരിക്കുവാൻ സാദ്ധ്യമല്ലെന്നു പറയാം. നാലാമത്തെ വരിക്കായി "അച്ചങ്കണ്ട"ൻ വിക്കിക്കൊണ്ടു് ഒന്നു രണ്ടു പദമുച്ചരിച്ചപ്പോഴം വെണ്മണി അതു മുഴമിക്കുകയാണുണ്ടായതു്. ആ പാദവും ഇവിടെ ഉദ്ധരിക്കുവാൻ നിവൃത്തിയില്ല. "അച്ചങ്കണ്ടൻ" സ്വതവേ മററവരെപ്പോലെ കവനവിഷയത്തിൽ സമത്ഥനല്ലായിരുന്നതിനാലാണു് അവിടെ അങ്ങിനെ ഒരു ന്യൂനതയ്ക്കിടയായതു്. എങ്കിലും അച്ചങ്കണ്ടനും ആ സംഘത്തിൽ ഒരു സ്ഥാനമുണ്ടായിരുന്നുവെന്നുള്ളതിന്നു് "അച്ചങ്കണ്ട"നറച്ചിട്ടുനിരുമുടിക്കുന്നതെന്റെ മാണിപ്പഴം" എന്നതു കൊണ്ടും മററും പണ്ടു തന്നെ വ്യക്തമായിട്ടുണ്ടല്ലൊ.

പഠിപ്പുകൊണ്ടും, പ്രായംകൊണ്ടും, പരിചയംകൊണ്ടും കൊടുങ്ങല്ലൂർ കവിസദസ്സിൽ വിദ്വാൻ കുഞ്ഞിരാമവമ്മതമ്പുരാൻ മുതലായ മഹാന്മാരാണു് പ്രമുഖാംഗങ്ങഠം എന്നാൽ വയസ്സുകൊണ്ടു് എളിയവരായ കൊച്ചുണ്ണിത്തമ്പുരാൻ (കവിസാവ്വഭൌമൻ), ഒറവങ്കര, കാത്തുള്ളി, കുഞ്ഞിക്കുട്ടൻതമ്പുരാൻ (കേരളവ്യാസൻ) കുണ്ടൂർ നാരായണമേനോൻ(കവിതിലകൻ), നടുവത്തു മഹൻനമ്പൂതിരി, കൂനേഴത്തു പരമേശ്വരമേനോൻ, ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ തുടങ്ങിയവക്കഠം ആ മഹാസദസ്സിൽ സർവ്വഥാ പ്രാമാണ്യമുണ്ടായിരുന്നു. കൂടാതെ, കേരളത്തിലെ ആ ഗുരുകുലത്തെ പല വിദ്യാർത്ഥികളും, അനേകം സഹൃദയന്മാരായ സന്ദർശകന്മാരും മിക്കപ്പോഴും അലങ്കരിച്ചിരുന്നു. ദൂരദിക്കുകളിൽ നിന്നു വിഭിന്നസമുദായക്കാരായ പലരും കവിസദസ്സിലെ സാഹിത്യപരിശ്രമങ്ങഠം കാണ്മാൻ സകൌതുകം വന്നുകൂടാറുണ്ടായിരുന്നു.

ആ കവിസദസ്സ് സാഹിത്യവിഷയത്തിൽ ഒരു വിനോദരംഗമെന്ന നിലയിലും പ്രശസ്തി നേടിയിരുന്നു. ആ കോവിലകത്തെ ഒരു ബന്ധുവായ "കൂററാലക്കാട്ട്" നമ്പൂതിരിയെക്കുറിച്ചു പറയുവാൻ ആ നിലയ്ക്കാണ് ഇവിടെ സന്ദർഭം കിട്ടുന്നത്. ആ നമ്പൂതിരി ഒരു സംസ്കൃതവിദ്യാർത്ഥിയായിരുന്നുവെന്നു മാത്രമല്ല, അദ്ദേഹം രാപ്പകലെന്നോണം പുസ്തകം കൈവിടാതെ പഠിപ്പിൽ ബദ്ധശ്രദ്ധനുമായിരുന്നു. മാത്രമല്ല, കുറെ സ്വാർത്ഥനുമായിരുന്നു ആ മലയാള ബ്രാഹ്മണൻ ജനരഞ്ജനയില്ലാത്ത ഒരാളും, ഏതാണ്ടൊരു വിരൂപിയും, ഒരു ശൃഗിക്കാരനും കൂടിയായിരുന്നതിനാൽ, അദ്ദേഹത്തെ കളിയാക്കുവാനും "ഇഞ്ചികടിപ്പിക്കുവാനും" തരം കിട്ടുമ്പോഴെല്ലാം നമ്മുടെ കവിസദസ്സ് ഉന്നംവെച്ചുകൊണ്ടിരുന്നു. കൂററാലക്കാട്ട് "പഴയ ബങ്ക്ളാ"വിൽനിന്നു പഠിപ്പുംകഴിഞ്ഞു, പുസ്തകവും മുറുകെപ്പിടിച്ചു രസികശിരോമണികളായ നമ്മുടെ കവികൾ തമാശപറഞ്ഞുകൊണ്ടിരുന്ന സ്ഥലത്തെത്തി. ആ വഴിയെ കടന്നു പോകേണ്ട ഒരാവശ്യം അദ്ദേഹത്തിന്നുണ്ടായിരുന്നു. അല്ലെങ്കിൽ കഴുത്തിൽ കയർ കെട്ടിവലിച്ചാൽകൂടി ആ രസികന്മാരുടെ സമീപത്തു അദ്ദേഹം വന്നു ചേരുകയില്ല. തക്കം നോക്കി പരമരസികന്മാരായ നമ്മുടെ കവികളിൽ ചിലർ, പ്രകൃത്യാ ഫലിതക്കാരനും, ഛായാശ്ലോകരചനയിൽ ശരിയായ മനോധർമ്മം പ്രകടിപ്പിക്കുവാൻ സമർത്ഥനും, തമാശയ്ക്കായി മാത്രം മററുള്ളവരെ കളിയാക്കുവാൻ ഉൽസുകനുമായ വെണ്മണി മഹൻനമ്പൂതിരിപ്പാടിനോട് "അതാ കൂററാലക്കാട്ട് പുറപ്പെടുന്നു; ഇങ്ങോട്ടാണു നോട്ടം; ആ വരവിനെ—പ്രത്യേകിച്ച് ആകൃതിയേയും പ്രകൃതിയേയും മുൻനിർത്തി—ആസ്പദമാക്കി ഉടനെ ഒരു ഛായാശ്ലോകമുണ്ടാക്കിയേ കഴിയൂ" എന്നപേക്ഷിച്ചു. ഉടനെ വെണ്മണി പറഞ്ഞു, "കൂററാലക്കാട്ട് കൂററനും, ഒരു മുൻകോപിയുമാണ്; എന്നെ ചാടി അടിച്ചെങ്കിലൊ"എന്ന്. "ഇല്ല, അതൊന്നുമുണ്ടാവില്ല; ആ അനിഷ്ടസംഭവത്തിന്നു ഞങ്ങൾ ഇടവരുത്തില്ല" എന്നായിരുന്നു മററുള്ളവരുടെ സമാധാനം. "എന്നാൽ ശ്രമിക്കാ"മെന്നു പറഞ്ഞു വെണ്മണി,

"തുറംകണ്ണും, തുംഗസ്തനികളുടെ ഗർഭങ്ങളലസി—
പ്പെറം ചണ്ഡക്രോംക്രസ്വനവു, മടവും വട്ടമുഖവും
കരിന്തെരണ്ണം, കൈപ്പുസ്തകവു മിടചേർന്നാരൊരുവനീ
വരും പൊണ്ണൻ, ക്രൂരൻ, കുമതിബകനോ, തസ്യ മകനോ?"

എന്ന പദ്യം ഉടനെ ഉണ്ടാക്കി. പെട്ടെന്നുണ്ടാക്കിയ ആ സരസ ശ്ലോകം, കുററാലക്കാട് അടുത്തെത്തിയപ്പോൾ, അദ്ദേഹം ഭംഗിയായി ഉച്ചത്തിൽ ചൊല്ലി അവസാനിപ്പിക്കുകയും ചെയ്തു. കുററാലക്കാടിൻെറ വരവുനോക്കി അഭിനയചാതുര്യത്തോടുകൂടിയാണു വെണ്മണി ആ പദ്യം ചൊല്ലുവാൻ തുടങ്ങിയതു്. കുററാലക്കാട് അടുത്തു വന്നു മുട്ടിയപ്പോൾ "കുമതിബകനോ തസ്യ മകനോ?" എന്ന പാദഖണ്ഡോച്ചാരണകോലാഹലം കൊണ്ടു വെണ്മണി ആ സദസ്സു മുഴക്കിയെന്നു തന്നെ പറയാം. ഉടനടി കുററാലക്കാടു മുന്നോട്ടു് ഒന്നു ചാടി, കോപം കൊണ്ടു കലികയറി ഒന്നലറി "കുമതിബകനോ തസ്യമകനോ?" എന്നതിന്നു് "ഉരുളയ്ക്കുപ്പേരി" എന്നോണം "നിൻറച്ഛനാ" എന്നു തന്നെ മറുപടി കൊടുത്തു. രസികത്വത്തിൻെറ ഒരു കണികപോലുമില്ലാത്ത കുററാലക്കാടു കൊടുത്ത സമാധാനം, വാസ്തവത്തിൽ വ്യംഗ്യത്തിൽ വളരെ രസകരമായിപ്പരിണമിച്ചതിനാൽ വെണ്മണി കുറച്ചു ലജ്ജിച്ചുവെങ്കിലും, ഉപായത്തിലൊന്നു ചിരിച്ചതോടുകൂടി അവിടെയുണ്ടായിരുന്ന കവികളും മററുള്ളവരും പൊട്ടിച്ചിരിച്ചുപോയി. നിർദ്ദോഷിയായ വെണ്മണി,തമാശയ്ക്കായി സ്വസംഘക്കാരുടെ,വാക്കനുസരിച്ചുണ്ടാക്കിയ ആ സരസപദ്യം അത്രയ്ക്കും തന്മയത്വമുള്ളതായിരുന്നു. കുററാലക്കാടിൻെറ ആകൃതിയും പ്രകൃതിയും അതിൽ ചിത്രത്തിലെന്ന മട്ടിൽ പ്രതിബിംബിപ്പിച്ചിരിക്കുന്നു.

പ്രസ്തുത കവിസദസ്സുതന്നെ, മറെറാരിക്കൽ വെണ്മണിയെപ്പിടിച്ചു "മൂപ്പിച്ചു്," ഒരു വിധം വികൃതരൂപനായ പഴേടത്തു നമ്പൂതിരിയുടെ നേരെ പ്രയോഗിപ്പിച്ച ഛായാശ്ലോകമാണു് ചുവടെ ചേർക്കുന്നതു്.

"ലങ്കാധിനാഥ ഭഗിനീപതിയോ, നിതാന്തം
ശിങ്കാടിമേവുമൊരു ശിങ്കളമോ, പിശാചോ
വങ്കാളദേശമതിൽനിന്നു വരുന്ന നല്ല
വങ്കത്തമുള്ള ഭരണിത്തരമോ, പഴേടോ?"

അക്കാലത്തു് കവികൾ തമാശയ്ക്കുവേണ്ടി ഇത്തരം "കുത്തിത്തുളയ്ക്കുന്ന" പദ്യങ്ങൾ നിർമ്മിച്ചാൽക്കൂടി അന്നുള്ളവർ ഉള്ളിൽ വൈരാഗ്യം വെച്ചു തൽക്കത്താക്കന്മാരോടു വിദ്വേഷബുദ്ധി പ്രദർശിപ്പിച്ചിരുന്നില്ല. ഇന്നത്തെ സ്ഥിതി നേരെ മറിച്ചാണു്. കവികളുടെ സുഹൃത്സമ്മേളനമെവിടെ? കാലംപോയ പോക്കെന്നല്ലാതെ മറെറന്തു പറയട്ടെ?

കൊടുങ്ങല്ലൂർ കോവിലകത്തെ കവിസദസ്സിൻെറ പേരും പെരുമയും കേരളമണ്ഡലത്തിലൊട്ടാകെ പ്രചരിച്ചിരുന്നു. ദൂരസ്ഥലങ്ങളിലുള്ള അന്നത്തെ പ്രധാനപണ്ഡിതന്മാരും, ഈ സദസ്സിലേക്ക് കവിതകളും സന്ദേശങ്ങളും അനുമോദനങ്ങളും അയച്ചു കൊണ്ടിരുന്നു. മഹാമഹിമ ശ്രീ കേരളവർമ്മ വലിയകോയിത്തമ്പുരാൻ, ചങ്ങനാശ്ശേരി ലക്ഷ്മീപരത്തു കൊട്ടാരത്തിൽ രവിവർമ്മ കോയിത്തമ്പുരാൻ, വയസ്കര മൂസ്സ്, കെ. സി. കേശവപിള്ള, അഴകത്തു പത്മനാഭക്കുറുപ്പ്. കണ്ടത്തിൽ വർഗ്ഗീസ്സ മാപ്പിള, കൊട്ടാരത്തിൽ ശങ്കുണ്ണി, അമ്പലപ്പുഴ മാധവപൊതുവാൾ, പന്തളം കൃഷ്ണവാര്യർ, ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള, സി. വി. രാമൻപിള്ള, കല്ലമ്പിള്ളി വിഷ്ണുനമ്പൂതിരി മുതലായ തെക്കൻ കവിവര്യന്മാരും, ചമ്പത്തിൽ ചാത്തുക്കുട്ടിമന്നാടിയാർ, വരവൂർ ശാമുമേനോൻ, മാക്കോത്തു കൃഷ്ണമേനോൻ, കപ്പടത്തു ശങ്കരമേനോൻ, തോട്ടയ്ക്കാട്ട് ഇക്കാവമ്മ, പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ, കടത്തനാട്ടു പോർളാതിരി ഉദയവർമ്മതമ്പുരാൻ, കടത്തനാട്ടു കൃഷ്ണവാരിയർ, കെ. സി. നാരായണൻനമ്പ്യാർ, മാനവിക്രമൻ തമ്പുരാൻ, ഒയ്യാരത്തു ചന്തുമേനോൻ, ടി. വി. അനന്തൻനായർ തുടങ്ങിയ കൊച്ചി, മലബാർ പ്രദേശങ്ങളിലെ കവിവരന്മാരും, സാഹിത്യകാരന്മാരും അവരിൽ ഉൾപ്പെടും. അവരിൽ പലരും കവിസദസ്സിൽ സംബന്ധിച്ചു തങ്ങളുടെ സാഹിത്യപരമായ ഔൽസുക്യത്തെ വെളിവാക്കാറുമുണ്ടായിരുന്നു.

ആദ്യകാലത്തു വെണ്മണി അച്ഛൻെറ മേൽനോട്ടത്തിൽ സമാരംഭിച്ച കവിസദസ്സ് അങ്ങിനെ ക്രമേണ മഹനീയമായ "ഭൂലോകസുധർമ്മ"യാനിപ്പരിണമിച്ചു. ആ കവിസദസ്സു പല നിലയിലുമുള്ള സാഹിത്യവ്യവസായങ്ങൾക്കും സമുചിതമായ ഒരു പുണ്യകേദാരമായി വിളങ്ങി.

അഞ്ചാമദ്ധ്യായം

കവിസദസ്സിലെ കാര്യപരിപാടികൾ.

കൊടുങ്ങല്ലൂർകോവിലകത്തെ കവിസദസ്സിന്നു് ആരംഭത്തിൽ തന്നെ എണ്ണത്തിലും വണ്ണത്തിലും യോഗ്യത സിദ്ധിച്ചതിനാൽ അവിടെ പല രീതിയിലുമുള്ള സാഹിത്യപരിശ്രമങ്ങൾക്കും സകല

സൌകര്യങ്ങളുണ്ടായിരുന്നു. ആ രാജമന്ദിരത്തിൽ ആദ്യകാലത്തു മിക്കവാറും സ്ഥിരതാമസമുറപ്പിച്ച വെണ്മണി അച്ഛൻനമ്പൂതിരിപ്പാടിന്റെ കവനപാടവം എല്ലാ നിലയിലും അഭിനന്ദനാർഹമാണല്ലൊ. വെണ്മണിനമ്പൂതിരിപ്പാടന്മാർ, കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ എന്നിവരാണ് യഥാർത്ഥത്തിൽ ഭാഷാകവിതയ്ക്കു ശരിയായ "മണിപ്രവാളശുദ്ധി"യും, സ്വതന്ത്രർഹമായ തന്മയത്വവുമുണ്ടാക്കിത്തീർത്തത്. വെണ്മണിഅച്ഛന്റെ

"കോടക്കാർവർണ്ണനോടക്ഷയിലൊടു കളിവി-
ട്ടോടിവന്നമ്മ തന്റേ
മാടൊക്കും പോർമുലപ്പാലമിതരുചി ഭുജി-
ച്ചുശ്വസിക്കും ദശായാം
ഓടിക്രീഡിച്ച വാടീടിന വദനകലാ
നാഥഘമ്മാമൃതത്തെ-
ക്കുടുക്കുടെത്തുടയ്ക്കും സുകൃതനിധിയശോ-
ദാകരം കൈതൊഴുന്നേൻ!"

എന്ന മംഗളപദ്യം അക്കാലത്ത് മണിപ്രവാളശുദ്ധി ഉദാഹരിക്കുന്നതാണ്. ഏതാണ്ട്, അക്കാലത്തുതന്നെയാണ് അദ്ദേഹത്തിന്റെ സമകാലീനനും, കൊടുങ്ങല്ലൂർ കോവിലകത്തു വിദ്വാനെല്ലയതമ്പുരാന്റെ കീഴിൽ കുറച്ചുകാലം സംസ്കൃതം പഠിച്ചു താമസിച്ച രസികനുമായ പൂന്തോട്ടത്തു നമ്പൂതിരി ആ രീതി പിടിച്ചു,

"നീലക്കാർകുന്തൽ കെട്ടീ,ട്ടഴകൊടു നിടിലേ
നല്ല ഗോരോചനം ചേ,-
ത്തേലസ്സം പൊഞ്ചിലമ്പും മണികളുമണിയി-
ച്ചമ്മതന്നങ്കഭാഗേ
ലീലാഗോപാലവേഷത്തൊടു മുരളിയുമ-
ക്കാലിമേയ്ക്കുന്ന കോലും
ചാലേ കൈക്കൊണ്ടു മന്ദസ്മിതമൊടുമരുവും
പൈതലേ! കൈതൊഴുന്നേൻ!"

എന്ന പദ്യവും നിർമ്മിച്ചത്. ആ പദ്യമാകട്ടെ, വെണ്മണി അച്ഛന്റെ കവനമാതൃകയുടേയും, കൊടുങ്ങല്ലൂർ കവിസദസ്സിലെ കവിതാരീതിയുടേയും ഒരു ഏകദേശരൂപമാണ്. പൂന്തോട്ടം,

"പൂമെത്തേലെഴുനേററിരുന്നു ദയിതേ!
പോകുന്നു ഞാ"നെന്നു കേ-
ട്ടോമൽക്കണ്ണിണ നീരണിഞ്ഞ വദനപ്പൂ-
വോടു ഗാഢം തദാ
പൂമേനിത്തളിരോടു ചേ"ർത്തഹമിനി-
ക്കാണുന്നതെന്നെ"ന്നക-
പ്പൂമാലോടളിവേണി ചൊന്ന മധുര
ച്ചൊല്ലിന്നു കൊല്ലുന്നു മാം"

എന്ന പദ്യം നിർമ്മിച്ചു പുറത്തിറക്കിയപ്പോൾ അതിലടങ്ങിയ പദങ്ങളുടെ ഭംഗിയേയും ആശയത്തിൻെറ യോഗ്യതയേയും, രസസ്ഫൂർത്തിയേയും കൊടുങ്ങല്ലൂർ കവിസമാജം തലകുലുക്കിസ്സമ്മതിച്ചിട്ടുണ്ടെന്നാണ് കേട്ടിട്ടുള്ളതു്. അപ്രകാരം ഭംഗിയായ ഒരു ഭാഷാപദ്യം "വിപ്രലംഭശൃംഗാര"ത്തിൽ നിർമ്മിച്ച പൂന്തോട്ടത്തിന്നാണ് ഭാഷാസാഹിത്യത്തിൻെറ മേൽനോട്ടം നൽകേണ്ടതെന്നു വെണ്മണി അച്ഛൻ അഭിപ്രായപ്പെട്ടതായും അറിയുവാനിടവന്നിട്ടുണ്ടു്. പൂന്തോട്ടത്തിൻെറ മനോഹരമായ കവനമാതൃകയെ കൂടുതൽ പ്രസ്പഷ്ടമാക്കുവാനാണ് ഞാൻ ഈ പദ്യം ഇവിടെ ഉദ്ധരിച്ചതു്. അങ്ങിനെ പല ഭംഗിയായ മംഗളപദ്യങ്ങളും മററും പുറത്തു വന്നപ്പോഴാണ് ആ സാഹിത്യപരിമളമേററു വഴിയെ നടുവത്തച്ഛൻ നമ്പൂതിരി,

"തായത്തിലങ്ങിനെയൊരംഗനയായ് ചമഞ്ഞ
കായത്തിനുള്ള കമനീയത കണ്ടനേരം
മായംവെടിഞ്ഞു മദനാരി കൊതിച്ച വിഷ്ണു-
മായേ! മദീയഹൃദയേ മരുവീടയേ! നീ"

എന്നും,

"ചഞ്ചൽക്കിങ്കിണി കാഞ്ചിയും വളകളും
പൂഞ്ചേലയും ചേർത്തുകൊ,-
ണ്ടഞ്ചാതഞ്ചിതമായ് നടന്നഴിയുമ-
പ്പൂഞ്ചായലോടമ്മയെ
കൊഞ്ചിക്കൊഞ്ചി വിളിച്ചു പുഞ്ചിരിയുമി,-
ട്ടൊട്ടൊട്ടു വീണും മുദാ
ചാഞ്ചാട്ടം ചില നാട്യവും കളികളും
കാവ്ണ്ണ! കണ്ടാവു ഞാൻ."

എന്നും മററുമുള്ള മംഗളപദ്യങ്ങൾ നിർമ്മിച്ചു തുടങ്ങിയതു്. കാത്തുള്ളി അച്യുതമേനോൻ,

"തിണ്ണം ചെന്നിട്ടു തിയ്യിൽ തെളിവിനൊടു തിള-
യ്ക്കുന്ന പാലൊട്ടു പൊന്നിൻ
കിണ്ണംകൊണ്ടമ്മ കാണാതടവിലുടനുടൻ
മുക്കി മുക്കിൽപ്പതുങ്ങി
കണ്ണം പാത്തങ്ങുനി,ന്നായതു ചൊടിയിണകൊ-
ണ്ടുതിയ്യുതിക്കുടിക്കും
കണ്ണൻ കല്യാണപൂർണ്ണൻ കളകമലദള-
ക്കണ്ണനെൻ കണ്ണിലാമോ?"

എന്നും,

"മഞ്ജു ശ്രീ പിഞ്ഛമാലാഞ്ചിതകചഭരവും,
ഗോപിയും, ശോഭതേടും
മഞ്ഞപ്പൂഞ്ചേലയും ചേർത്തണിവലയരണൽ-
ക്കിങ്കിണീസംഘമോടും
കുഞ്ഞിത്തൃക്കയ്യിലോടക്കുഴലൊടുമമൃതം
തോൽക്കുമാറുള്ള വാക്കും
കൊഞ്ചിക്കൊണ്ടങ്കണത്തിൽ ക്കളിയൊടുവിലസും
ബാലനാലംബനംമേ"

എന്നും,

"നന്നോടെയ്യണിയാനുമേ! ഫണി,രമേ,
മെത്തയ്ക്കു കൊള്ളാം, കണ-
ക്കെന്നോകാളയിതേറവാ, നനുദിനം
മേച്ചീടുവാനുത്തമം
എന്നാലെന്നുമിരന്നിടുന്നതഴകോ,
കക്കുന്നതിൽ ഭേദമാ,-
ണെന്നാദേവികൾ തമ്മിലുള്ള കളിവാ-
ക്കാണിങ്ങൊരാലംബനം."

എന്നും, വെണ്മണി മഹൻനമ്പൂതിരിപ്പാട്,

"ചോപ്പും ചോരത്തിളപ്പും, ചൊക ചൊക വിലസി-
ത്തത്തുമത്തല്ലതങ്ക-
ക്കോപ്പും, കൊണ്ടൽക്കവെപ്പുള്ളണികുഴലു,-
മണിത്തിങ്കളും തിങ്ങവംതോറം
പാർപ്പും മുന്നാറം പടപ്പിട്ടിയ പെടുമിളമാൻ
കയ്യർ തന്മേനിയുള്ളോ-

രേപ്പല്ലാസാലുലഞ്ഞെന്നകമലരിലലിഞ്ഞാ-
നലിഞ്ഞാനുദാരം".

എന്നും,

"ഊന്നീടും പൊന്മണിപ്പട്ടൊരു കരമതുകൊ-
ണ്ടുള്ളൊരത്താങ്ങലോടും,
ചിന്നീടും കേശമോടും, തൊടുകുറി വിലസും
ഫാലപട്ടാഭയോടും
മിന്നീടും പന്തടിച്ചങ്ങിനെ മൂഢമനതാ-
രിട്ടിളക്കീട്ടുക്കൽ-
ച്ചെന്നീടും ഗൌരിതൻ പൊങ്കളതനു കരളിൽ-
ക്കണ്ടു ഞാൻ കുമ്പിടുന്നേൻ."

എന്നും,

"താഴുന്നേൻ താപവാരാന്നിധിയതിലധുനാ,
ദീനമീനങ്ങൾ കൊത്തി-
ക്കേഴുന്നേൻ, കഷ്ടമയ്യോ! മുഹുരപി മടവാർ
ഗർഭഭോജനാന്തേ
നൂഴുന്നേനാവതല്ലേ, ജനിമൃതിയൊഴിയാൻ
തൃക്കടം "തൃക്കിടങ്ങൂർ"
വാഴുന്നെന്നാത്ത ബന്ധോ! വരണമടിയനിൽ
ത്വൽക്കൃപാ ചക്രപാണേ!"

എന്നും, ചങ്ങനാശ്ശേരി രവിവർമ്മകോയിത്തമ്പുരാൻ,

"പുരികുഴൽ നികരത്തിൽ പൂനിലാവിൻെറ വിത്തും
പുരികലതയിലോമൽക്കാമസാമ്രാജ്യസത്തും
പരിചിനൊടു ധരിക്കും പർവ്വതാധീശനുള്ള-
പ്പരമസുകൃതവല്ലിക്കെപ്പൊഴും കൂപ്പിടുന്നേൻ".

എന്നും, കുഞ്ഞിക്കുട്ടൻ തമ്പുരാൻ,

"അടങ്ങാതന്തിക്കങ്ങലർശരരിപുസ്വാമി നടനം
തുടങ്ങുമ്പോൾ നോക്കിസ്സുരസമതു കൊണ്ടാടുമവളേ!
ഒടുങ്ങാതെപ്പൊഴും നവരസമൊലിക്കുന്ന മിഴിയാൽ
കൊടുങ്ങല്ലൂരമ്മേ! കുശലമടിയങ്ങൾക്കു തരണേ!"

എന്നും,

"അത്യുഗ്രാടോപമോടും പടനടുവിലടു-
ക്കുന്ന ദൈത്യേന്ദ്രദേഹം
കത്തിക്കീറിപ്പിളന്നിട്ടടനെ ചുട്ടു കടും
ചോര കോരിക്കുടിച്ചും
മുത്തോടേററം ചിരിച്ചും, മുഹുരപിമദമോ-
ടട്ടഹാസം പൊഴിച്ചും,
നൃത്തംവെച്ചും കളിച്ചീടിന കൊടിയ കൊടും
കാളിയെക്കൈതൊഴുന്നേൻ!"

എന്നും, കൊച്ചുണ്ണിത്തമ്പുരാൻ,

"പാഥോജാസ്ത്രൻെറ പാവക്കളികളിലിളകും
വേഷമാകുന്ന വേശ്യാ-
യൂഥോപായാബ്ധി പാപക്കളികളിലിളകി-
ത്തത്തിടാതസ്തശങ്കം
പാഥോജാക്ഷാദികൾക്കും പരിചിനൊടഭയ-
ന്തെക്കൊടുക്കും "വടക്ക-
ന്നാ"ഥോപാന്തത്തിലാന്നീടുക മമ മനമേ!
സത്തതാണോത്തു കണ്ടാൽ"

എന്നും,

കാടൊക്കെത്തെണ്ടി മണ്ടിക്കമലനയനനെ-
ക്കണ്ടുകിട്ടാഞ്ഞു കൂട്ടം
കൂടിക്കൊണ്ടന്നു ഗോപീജനമഥ പുളിനേ
വാണുടൻ കേണിടുമ്പോൾ
കോടിക്കാമപ്രകാശം തടവിടുമുടലിൻ
ധാടിയോടെത്തിയോര-
ക്കോടക്കാർവർണ്ണനെന്നെക്കരുണയൊടുകടാ-
ക്ഷിച്ചു രക്ഷിച്ചിടട്ടേ!"

എന്നും മററുമുള്ള വിശേഷപ്പെട്ട ഭക്തിദ്യോതകങ്ങളായ പദ്യങ്ങൾ നിഷ്പ്രയാസം നിർമ്മിച്ചിട്ടുണ്ട്. ആ രീതിയനുസരിച്ചാണു മററു പല ഭാഷാകവികളും പിന്നീടു മംഗളപദ്യങ്ങൾ ഭംഗിയായി നിർമ്മിക്കുന്നതിൽ പ്രസക്തരായതു്. മംഗളപദ്യരചനാപ്രസ്ഥാനത്തിന്നു് എല്ലാ നിലയിലും മാർഗ്ഗദർശകമായി നിന്നതു കൊടുങ്ങല്ലൂർ കവിസദസ്സാണു്.

അക്കാലത്തു തന്നേയാണു, പ്രസ്മൃത കവിസമാജാംഗങ്ങൾ പലരും ഓരോ വിഷയത്തെ പ്രത്യേകമെടുത്തു സരസോല്ലേഖ പരിപൂരിതങ്ങളായ കവനങ്ങൾ ഉതിർത്തു തുടങ്ങിയതു്. വെണ്മണി മഹൻ നമ്പൂതിരിപ്പാട്ടിലെ,

"താരാഹാരമലങ്കരിച്ചു തിമിര-
പ്പൂഞ്ചായൽ ചിന്നോക്കമി,-
ട്ടാരാകേന്ദുമുഖത്തിൽനിന്നു കിരണ
സ്മേരം ചൊരിഞ്ഞങ്ങിനെ
ആരോമൽക്കനകാബ്ജകോരകകുചം
തുള്ളിച്ചൊരാമോദമോ-
ടാരാലംഗനയെന്നപോലെ നിശയും
വന്നാളതന്നാളഹോ."

എന്ന നിശാവർണ്ണനാപദ്യം കണ്ടപ്പോൾ കാത്തുള്ളി,

"അന്നേരത്തുടനന്ധകാരചികുരം
ചിക്കീട്ടു ഖദ്യോതമാം
മിന്നും പൊന്മണിയും ധരിച്ചു, കുമുദാ-
സ്യത്താൽ ചിരിച്ചങ്ങിനെ
കുന്ദശ്രീരദനങ്ങൾ കാട്ടിയഴകോ-
ടിന്ദീവരാപാംഗവും
സാന്ദ്രാമോദമിളക്കിവന്നുനിശയാം
രാമാ,ഭിരാമാനനേ!"

എന്ന പദ്യം നിർമ്മിക്കുകയും, കൊച്ചുണ്ണിത്തമ്പുരാൻ,

"ചാരുശ്രീധരണിക്കിടയ്ക്കയിൽനിലാവാം
മേൽവിരിപ്പിട്ടുടൻ
താരാനായകനാം ഗ്ലൂളോപ്പുതെളിയി-
ച്ചാകാശമേൽക്കെട്ടിയിൽ
ചേരും താരരസക്കുടുക്കകൾ മുദാ
തൂക്കിജ്ജഗന്മന്ദിരം
പാരം മോടിവരുത്തിടുന്നു രജനീ
വേശ്യാദ്യുപശ്യാദരാൽ"

എന്ന ശ്ലോകം രചിക്കുകയും ചെയ്തു്. ആ മൂന്നു മനോഹര പദ്യങ്ങളും നമ്മുടെ കവിസദസ്സിൻെറ അന്നത്തെ അദ്ധ്യക്ഷനായ വെണ്മണി അച്ഛൻെറ ഹൃദയപൂർവ്വമായ പ്രശംസയ്ക്കു പാത്രീഭവിച്ചു. മൂന്നു പദ്യങ്ങളും ഏററവും രസാവഹമായിരുന്നുവെങ്കിലും, കൊച്ചുണ്ണിത്തമ്പുരാൻെറ പദ്യത്തെ കൂടുതൽ ശ്ലാഘിച്ചു് വെണ്മണി അച്ഛൻ അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുകയുണ്ടായി.

ഈ നിലയിൽ, പലപല വിഷയങ്ങളെയും ആസ്പദമാക്കി അന്നത്തെ കവിസമാജാംഗങ്ങൾ അനവധി ചമൽക്കാരപരങ്ങളായ പദ്യങ്ങൾ നിർമ്മിച്ചിട്ടുണ്ടു്. അപ്രകാരമുള്ള കവനക്രിയകൾക്കെല്ലാം ആരംഭഘട്ടത്തിൽ കാവ്യപരിപടികൾ തയ്യാറാക്കിയതും, അവയെ സംബന്ധിച്ചുള്ള സകല ചുമതലകളും വഹിച്ചതും വെണ്മണി അച്ഛൻ തന്നെയായിരുന്നു. അദ്ദേഹം അന്നത്തെ കവിസദസ്സിലെ പ്രധാനാംഗങ്ങളായ പലരുടേയും കവിതാരീതിയെ ആസ്പദമാക്കി രസകരമായി നിർമ്മിച്ചിട്ടുള്ളതാണു് താഴെ ചേർക്കുന്ന ശ്ലോകം:—

"ജാതിത്തത്തിന്നു "രാജൻ",ദ്രുതകവിതയിലു-
"ക്കുഞ്ഞ"ഭുജാനി,ഭാഷാ-
രീതിക്കൊക്കും പഴക്കത്തിനു"നടുവ,"-
മിട"യ്യച്യുതൻ"മെച്ചമോടേ
ജാതപ്രാസംതകർക്കും, "ശുചിമണി"രചനാ-
ഭംഗിയിൽപ്പൊങ്ങിനിൽക്കും,
ചേതോമോദംപരക്കെത്തരുവതിനൊരുവൻ
"കൊച്ചു കൊച്ചുണ്ണിഭൂപൻ"

"രാജൻ"നമ്പൂതിരിയുടെ (ഒറവങ്കരയുടെ) ചമൽക്കാരപരങ്ങളായ പദ്യങ്ങൾ പ്രശംസാർഹങ്ങളാണ്. കുഞ്ഞിക്കുട്ടൻതമ്പുരാൻെറ (കുഞ്ഞുഭുജാനിയുടെ) ദ്രുതകവനകലാസാമർത്ഥ്യവും സുവിദിതമാണ്. നടുവത്തച്ഛൻെറ ഭാഷാരീതിയും അഭിനന്ദനാർഹമെന്നു സമ്മതിക്കാം. കാത്തുള്ളി അച്യുതമേനോൻ പ്രാസപ്രയോഗവിഷയത്തിൽക്കാണിച്ചിരുന്ന പാടവവും യഥാർത്ഥസഹൃദയന്മാർ ശ്ലാഘിച്ചിട്ടുണ്ടു്. വെണ്മണി മഹൻ രചനാഭംഗിയെ സംബന്ധിച്ചേടത്തോളം മററെല്ലാവരേയും തോൽപ്പിക്കുവാൻ സമർത്ഥനുമാണ്.

എന്നാൽ, എല്ലാ വിഷയത്തിലും ഒന്നുപോലെ, അഥവാ സർവ്വസമ്മതമായ നിലയിൽ, കവനകലാനൈപുണ്യം പ്രദർശിപ്പിച്ച മഹാശയനാണ് കൊച്ചുണ്ണിത്തമ്പുരാൻ, ഈ രീതിയിൽ വെണ്മണി അച്ഛൻ മററു പലരുടേയും കവിതകളെ പരാമർശിച്ചും നിഷ്പക്ഷാഭിപ്രായം പറഞ്ഞിട്ടുണ്ട്.

അന്നു കവിതാമത്സരപരീക്ഷകൾ പലതും ആ കവിസദസ്സിൻെറ ആഭിമുഖ്യത്തിൽ നടന്നിരുന്നു. ഒരു കവനമത്സരപരീക്ഷയിൽ, തനിക്കു കൊച്ചുണ്ണിത്തമ്പുരാൻ കുഞ്ഞിക്കുട്ടൻതമ്പുരാൻ തുടങ്ങിയവരോടൊപ്പം ദ്രുതകവിതാനിർമ്മാണത്തിനു സാധിക്കാതെ പോയതിനാൽ, ആ പരമാർത്ഥത്തെ വെളിപ്പെടുത്തിക്കൊണ്ട് "ഒറവങ്കര", "കടിഞ്ഞിൽപ്രസവസദൃശമായ് ഞാനുമൊപ്പിച്ചുമാറി" എന്നു നിസ്സങ്കോചം പ്രസ്താവിച്ചിട്ടുണ്ട്. കവിസദസ്സിൻെറ മേൽനോട്ടത്തിൽത്തന്നെ പലകുറിയും അക്ഷരശ്ലോകമത്സരപരീക്ഷകളും, ഭാഷാനാടക നിർമ്മാണപരീക്ഷകളും നടന്നിട്ടുണ്ട്. അവയ്ക്കൊക്കെ ശരിയായ കാര്യപരിപാടി തെയ്യാറാക്കുവാനും, എല്ലാററിനും ചരടുപിടിച്ചു കൊടുക്കുവാനും, തൻെറ നിയ്യാണം വരെ, സൂത്രധാരകൃത്യം വഹിച്ചിരുന്നതു, പ്രായംകൊണ്ടും, പാരമ്പര്യംകൊണ്ടും, പഴക്കംകൊണ്ടും സർവ്വസമ്മതനായ വെണ്മണി അച്ഛൻതന്നെയായിരുന്നു.

ഏഴാമദ്ധ്യായം.

അക്ഷരശ്ലോകമത്സരപരീക്ഷ.

കൊടുങ്ങല്ലൂർ കവിസദസ്സിൻെറ ആഭിമുഖ്യത്തിൽ അന്നു മുഖ്യമായി നടന്ന കവനപരിശ്രമങ്ങളിൽ രസകരമായ ഒരു വിഷയമായിരുന്നു "അക്ഷരശ്ലോകമത്സരപരീക്ഷ". പ്രസ്തുത പരീക്ഷയ്ക്കു, താൻ ജീവിച്ചിരുന്ന കാലംവരെ വെണ്മണി അച്ഛൻ നമ്പൂതിരിപ്പാടും, മഹാശയരായ ചില തമ്പുരാക്കന്മാരുമാണ് പ്രധാന പരീക്ഷകരായിരുന്നതു്. വിദ്വാൻ കുഞ്ഞിരാമവർമ്മതമ്പുരാൻ, കവിസാർവ്വഭൌമൻ കൊച്ചുണ്ണിത്തമ്പുരാൻ, ഒറവങ്കര നീലകണ്ഠൻനമ്പൂതിരി (രാജാ), നടുവത്ത് അച്ഛൻനമ്പൂതിരി, കുഞ്ഞിക്കുട്ടൻതമ്പു

രാൻ, കാത്തുള്ളി അച്ചുതമേനോൻ എന്നിവർ സാമാന്യേന ആ പരീക്ഷയ്ക്കു ചേർന്നിരുന്ന പ്രമുഖാംഗങ്ങളായിരുന്നു. കാലക്രമേണ ചിലപ്പോൾ കോടശ്ശേരി കുഞ്ഞൻതമ്പാൻ, കുണ്ടൂർ നാരായണമേനോൻ, ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ, നടുവത്തു മഹൻനമ്പൂതിരി, കൂനേഴത്തു പരമേശ്വരമേനോൻ മുതലായവരും പ്രസ്തുത പരീക്ഷയിൽ ചേരാറുണ്ട്. എന്നാൽ, ആ സാഹിത്യവിനോദങ്ങളെല്ലാം വെണ്മണി അച്ഛന്റെ കാലശേഷമാണ് കൂടുതലായി നടന്നിട്ടുള്ളത്. പ്രമാണികളായ കവിസാർവ്വഭൌമൻ തുടങ്ങിയവരുടെ അത്യുത്സാഹത്തോടും വാശിയോടും കൂടിയ അക്ഷരശ്ലോകം ചൊല്ലൽ കേട്ടു രസിക്കുവാൻ മഹാവിദ്വാന്മാരായ തമ്പുരാക്കന്മാർ പലരും, മററനേകം സഹൃദയന്മാരും സദസ്സിൽ സന്നിഹിതരാകാറുണ്ട്. മികച്ച പരീക്ഷകന്മാരുടെ പ്രത്യേക മേൽനോട്ടത്തിൽ അക്ഷരശ്ലോകം ആദ്യമായി ആരംഭിക്കാറുള്ളതു, പ്രസിദ്ധരായ പല കവികളുടേയും പദ്യങ്ങൾ മുറയ്ക്കു ചൊല്ലിക്കൊണ്ടാണ്. അങ്ങിനെ പഴയ പദ്യങ്ങൾ മിക്കവയും ചൊല്ലി ഒടുവസാനിച്ചാൽ — ചിലപ്പോൾ അതിന്നു മുമ്പുതന്നെ — യഥാർത്ഥവാസനക്കാരും നിമിഷകവികളുമായ പരീക്ഷന്മാർ, സ്വന്തമായി ശ്ലോകങ്ങൾ, തങ്ങൾക്കു കിട്ടുന്ന അക്ഷരങ്ങൾക്കൊപ്പിച്ചു ചൊല്ലുകയും ചെയ്തിരുന്നു. സരസമായ ഈ മത്സരം പലപ്പോഴും പത്തും പന്ത്രണ്ടും മണിക്കൂർ നീണ്ടുനില്ക്കാറുണ്ട്. അനവധി ശ്ലോകങ്ങൾ അപ്രകാരം ചൊല്ലിക്കഴിഞ്ഞാൽ അവർ അല്പസമയം വിശ്രമിച്ചിരുന്നു. അപ്പോൾ പരീക്ഷകന്മാരിൽ പ്രമാണികൾ രസകരമായ ഒരു ചോദ്യം അവിടെ കൊണ്ടുവരും. പരീക്ഷന്മാരിൽ ഓരോരുത്തരും ഉണ്ടാക്കിച്ചൊല്ലിയ പദ്യങ്ങളിൽ ചിലതെങ്കിലും അവർക്കു വീണ്ടും വീഴ്ച കൂടാതെ ചൊല്ലുവാൻ സാധിക്കുമോ എന്നതാണതു് അവരുടെ ധാരണാശക്തി കൂടി "പരീക്ഷിക്കുവാവാണ് പരീക്ഷകന്മാർ അങ്ങിനെ നേരമ്പോക്ക് തട്ടിവിടാറ്. അപ്പോൾ അവരിൽ ഒരാൾ പറയും, തനിക്കു തന്റെ പദ്യങ്ങളിൽ പത്തോ പന്ത്രണ്ടോ വീണ്ടും ചൊല്ലുവാൻ കഴിയുമെന്ന്. മറെറാരാൾ, താനുണ്ടാക്കിയ പദ്യങ്ങൾ മിക്കവയും വീണ്ടും ചൊല്ലുവാൻ കഴിയുമെന്നായിരിക്കും പറയുക. അന്യൻ പറയും താൻ തന്റെ പദ്യങ്ങൾ മുഴുവനും വീണ്ടും ചൊല്ലാമെന്ന്. എന്നാൽ, അക്കൂട്ടരെക്കാൾ കൂടുതലായ ധാരണാശക്തിയും, പ്രതിഭാവിലാസവും പ്രസ്പഷ്ടമാക്കുമാറു കുഞ്ഞിക്കുട്ടൻതമ്പുരാൻ കൂസൽ കൂടാതെ പറഞ്ഞിട്ടുള്ളതു് "എനിക്കു എന്റെ പദ്യ

ങ്ങൾ മുഴുവനും, കൊച്ചുണ്ണിജ്യേഷ്ഠന്റെ ചില പദ്യങ്ങളും തെററു കൂടാതെ ഉച്ചരിക്കുവാൻ സാധിക്കു"മെന്നാണ്. ഉറച്ച ബുദ്ധിയും, അത്ഭുതാവഹമായ ധാരണാശക്തിയും മററെല്ലാവരെക്കാൾ കൂടുതലുള്ള കൊച്ചുണ്ണിത്തമ്പുരാനാകട്ടെ, സധൈര്യം പ്രസ്താവിക്കാവുള്ളതു് "എനിക്കു് എന്റെ പദ്യങ്ങൾ മുഴുവനും, കുഞ്ഞിരാമവർമ്മമാന്റെ ശ്ലോകങ്ങൾ ചിലതും, ഒറവങ്കരയുടെ പല പദ്യങ്ങളും, കുഞ്ഞിക്കുട്ടന്റെ ശ്ലോകങ്ങൾ മുഴുവനും ചൊല്ലുവാൻ കഴിയു"മെന്നാകുന്നു. ഇങ്ങിനെ അവരിൽ ഓരോരുത്തരും തങ്ങളുടെ ധാരണാശക്തിയും, പ്രതിഭാബലവും വെളിവാക്കുന്നതു കണ്ടു് അവിടെയുള്ള സന്ദർശകന്മാർ അവരുടെ ബുദ്ധിശക്തിയെ സശിരഃകമ്പം കൊണ്ടാടാറുണ്ടു്. പരീക്ഷകന്മാരായ വെണ്മണി അച്ഛൻ തുടങ്ങിയവരാകട്ടെ, അപ്രകാരമുള്ള സരസസാഹിത്യവിനോദങ്ങളിൽ തങ്ങൾ മുൻനിന്നു പ്രവർത്തിച്ചതുകൊണ്ടു് അത്യാനന്ദതുന്ദിലരായി, അവരെ അനുമോദിക്കുകയും ചെയ്തുക പതിവായിരുന്നു. അക്ഷരശ്ലോകമത്സരപരീക്ഷയിൽ, അത്യുത്സാഹവും കൂടുതൽ വാശിയും പ്രകടിപ്പിക്കാറുള്ളതു കുഞ്ഞിക്കുട്ടൻതമ്പുരാനും കൊച്ചുണ്ണിത്തമ്പുരാനുമാണ്. കുഞ്ഞിക്കുട്ടൻതമ്പുരാൻ "കവിഭാരത"ത്തിൽ തന്നെപ്പററി പറഞ്ഞിട്ടുള്ളതു്.

"ഊനത്വം പിണയാതെ "രാജ"കവിയോ-
ടൊട്ടൊട്ടുകുന്നൊരീ
ഞാനത്രേ കവിസംഘസംഗരമതു-
ണ്ടായെങ്കിൽ മായംവിനാ
മാനത്താൽ പൊരുതുന്ന ചാരു "കൃതവ-
ർമ്മാ"വെന്നൊരായാദവ-
സ്ഥാനത്തിന്നനുരൂപനെന്നു മതമി-
ട്ടിക്കിൽ ചിലക്കൊക്കെയും".

എന്നാണ്. ആ രീതിയിൽത്തന്നേയാണ് ആ യഥാർത്ഥവാസനാകവിയുടെ അഥവാ അനുഗൃഹീതകവിയുടെ കവനരചനാപാടവവും. അദ്ദേഹം മേലുദ്ധരിച്ച പദ്യത്തിൽ "രാജകവിയോടൊട്ടൊട്ടുകുന്നൊരീ ഞാനത്രേ.....' എന്നിപ്രകാരം പ്രയോഗിച്ചിട്ടുള്ളതും അർത്ഥവത്താണെന്നു പറയാം. "രാജൻ" നമ്പൂതിരിക്കു (ഒറവങ്കരയ്ക്കു) കവനരചനാവിഷയത്തിൽ കൂടുതൽ ഭംഗി പ്രകാശിപ്പിക്കുവാൻ

സാധിച്ചിരുന്നു. "കവിഭേഷജ" കർത്താവ്—ആ മഹാന്റെ കവനകലാസാമർത്ഥ്യത്തെ പരാമർശിച്ചു—പ്രസ്താവിച്ചിട്ടുള്ളത്,

"വമ്പോരിനായ് ഉഷ്ണവിസംഘമേററാൽ
കമ്പംകളഞ്ഞാർത്തവരെത്തകർക്കും
അമ്പേറിവാഴും കവിനീലകണ്ഠൻ
നമ്പൂരി"ഗോരോചന"വാരിജാക്ഷി!"

എന്നാണ്. ആ കാവ്യകർത്താവു തന്നെ കുഞ്ഞിക്കുട്ടൻതമ്പുരാനെക്കുറിച്ചു പറഞ്ഞിട്ടുള്ളത്,

"ഒട്ടുക്കു ഉഷ്ണവികാരംവന്നു പടയ്ക്കുടുത്താൽ
തട്ടിത്തകർത്തു മറനാടുകടത്തുമാശ്ശൻ
കുട്ടിക്കുരംഗനയനേ! കളവല്ല "കുഞ്ഞി-
ക്കുട്ട"ക്ഷമാപതി "രസം"രസികാഗ്രഗണ്യേ!"

എന്നുമാണ്. കൊച്ചുണ്ണിത്തമ്പുരാനെക്കുറിച്ച് ആ സരസകവി പറഞ്ഞതു്,

"അച്ചണ്ഡഉഷ്ണവികാരം തൻ മദമൊക്കെ നീക്കും
കൊച്ചുണ്ണിഭൂമിപതി "ബാലരസം"രസജ്ഞേ!"

എന്നാണ്. അത്തരത്തിലെല്ലാം യഥാർത്ഥകവികളുടെ പ്രശംസയ്ക്കു പാത്രീഭവിച്ചവരും, നിമിഷകവനരചനയിൽ അതിനിപുണന്മാരുമായിരുന്നു അന്നത്തെ കൊടുങ്ങല്ലൂർ കവിസദസ്സിലെ അംഗങ്ങൾ എല്ലാവരും. വിശേഷിച്ചു, കൊച്ചുണ്ണിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻതമ്പുരാൻ, കാത്തുള്ളി അച്ചുതമേനോൻ മുതലായവർ കവിതാമത്സരപരീക്ഷകളിൽ എതിരാളികളെ "കൊമ്പുകുത്തിക്കുവാൻ" പ്രത്യേക സാമർത്ഥ്യവും കെല്പും ഉള്ളവരായിരുന്നു. വെണ്മണി മഹൻനമ്പൂതിരിപ്പാട് സാധാരണമായി നിമിഷകവനപരീക്ഷകളിൽ ചേരാറില്ല. അദ്ദേഹത്തിന്നു ദ്രുതകവനം അത്ര ഇഷ്ടവുമല്ല. അതിവേഗത്തിൽ കവിതയുണ്ടാക്കിപ്പുറത്തിറക്കിയാൽ, അതിന്നു് ആശയപുഷ്ടിയും, രചനാഭംഗിയും കുറവായിരിക്കുമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. അതിനാൽ, പലപ്പോഴും നിമിഷകവനപരീക്ഷകളുണ്ടാകുമ്പോൾ, ആ മഹാൻ ഒതുങ്ങി ഒരു മൂലയിലിരുന്നു്, ആ സാഹിത്യവിനോദങ്ങൾ കണ്ടു രസിക്കാറാണു പതി

വു്. അദ്ദേഹത്തിൻെറ ആശയഗതിക്കനുഗുണമായ നിലയിലാണ് ആ സരസകവിയുടെ കവനമാതൃകകളെന്നു നമുക്ക് വേഗത്തിൽ മനസ്സിലാക്കുവാനും കഴിയും. മാത്രമല്ല, വെണ്മണി മഹനാകട്ടെ, താൻ ഒരു പദ്യമോ, ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒരു ചെറുകവിതയോ നിർമ്മിച്ചാൽ, കുറച്ചു ദിവസത്തേയ്ക്ക് ആരേയും കാണിക്കാതെ അതു സ്വയമേവ തിരുത്തിയും, തുടച്ചു മിനുക്കിയും ഏററവും ഭംഗിയാക്കിയ ശേഷമേ പുറത്തിറക്കുകയുള്ളു. അതിനാലാണ്, അദ്ദേഹത്തിൻെറ കവിതയ്ക്കു കൂടുതൽ ചമൽക്കാരം സിദ്ധിച്ചിട്ടുള്ളതെന്നും നമുക്കു പറയാം. "ശ്രുചിമണി"രചനാഭംഗിയിൽ പൊങ്ങിനിൽക്കും" എന്നു വെണ്മണി അച്ഛൻ തൻെറ പുത്രനായ മഹൻനമ്പൂതിരിപ്പാടിനെപ്പററി പ്രസ്താവിച്ചിട്ടുള്ളതും അപ്രകാരമുള്ള ചില സംഗതികളാലാണ്. ഉണ്ടാക്കുന്ന കവിത താൻതന്നെ രണ്ടു മൂന്നു കുറി നല്ലവണ്ണം പരിശോധിച്ചു തുടച്ചുമിനുക്കിയ ശേഷം പുറത്തിറക്കുമ്പോൾ അതിന്നു കൂടുതൽ തന്മയത്വമുണ്ടാകുമല്ലൊ. തട്ടാന്മാർ സ്വർണ്ണാഭരണങ്ങൾ, ഒരുവിധം രൂപപ്പെടുത്തി അപ്പോൾ തന്നെ പുറത്തുവിടുന്നതായാൽ അവയ്ക്കു ശരിയായ വടിവോ ഭംഗിയോ കാണുകയില്ല. അവർ അതേ ആഭരണങ്ങൾ മുറയ്ക്കു തുടച്ചുമിനുക്കി പുറമേ കൊണ്ടു വരുമ്പോഴേ അവയ്ക്ക് ഒരു പ്രത്യേകമായ മിഴിവും അഴകും ഉണ്ടാവുകയുള്ളു. ഇത്തരത്തിൽതന്നെയാണ് കവനരചനാവിഷയത്തെ സംബന്ധിച്ചും നാം അനുമാനിക്കേണ്ടതു്.

അക്ഷരശ്ലോകമത്സരപരീക്ഷയെപ്പററി കൊടുങ്ങല്ലൂർ കവിസദസ്സിൽ നടന്ന രസകരങ്ങളായ പല ചടങ്ങുകളേയും കുറിച്ച് ഇവിടെ വിസ്തരിക്കുവാൻ തുടങ്ങിയാൽ ഒരു പ്രത്യേകപുസ്തകം തന്നെ നിർമ്മിക്കുവാനുള്ള പല സംഭവങ്ങളും എനിക്ക് ഉദ്ധരിക്കുവാൻ കഴിയും. അതിന്നിപ്പോൾ പരിശ്രമിക്കുവാൻ ഇവിടെ സൌകര്യമില്ല. ആ "സുവർണ്ണയുഗ"ത്തിലുണ്ടായിട്ടുള്ള സരസമായ പല സാഹിത്യവ്യവസായങ്ങളേയും പററി സംക്ഷിപ്തമായി പ്രതിപാദിക്കുവാനും, അവയുടെ മാതൃകകളെ ഇന്നത്തെ സാഹിത്യരസികന്മാരേയും, നിരൂപകന്മാരേയും, ഭാഷാഭിമാനികളേയും മനസ്സിലാക്കുവാനും മാത്രമാകുന്നു ഈ ഗ്രന്ഥനിർമ്മാണത്തിൽ എൻെറ പരമോദ്ദേശ്യം.

ഏഴാമദ്ധ്യായം.

ഭാഷാനാടകങ്ങളും കവിസദസ്സും.

സംസ്കൃതസാഹിത്യത്തിന്നു അനശ്വരവും, അതിമനോഹരവുമായ ഒരമൂല്യസമ്പത്തായ സാക്ഷാൽ "ശാകുന്തളം" നാടകം മഹാമഹിമ ശ്രീ. കേരളവമ്മ വലിയ കോയിത്തമ്പുരാൻ ഭാഷയിൽ തജ്ജമ ചെയ്തപ്പോളാണു മലയാളത്തിൽ ഇദംപ്രഥമമായി ഒരു നാടകം രൂപമെടുത്തതെന്നതു് സഹൃദയന്മാർ സമ്മതിക്കുന്ന ഒരു വാസ്തവമാണല്ലൊ. മലയാളത്തിൽ ആദ്യമായുണ്ടായ "ശാകുന്തളം" നാടകത്തെ അന്നു് അഭിനയിക്കുവാനും, വലിയ കോയിത്തമ്പുരാൻ തിരുമേനിയെ പ്രത്യേകം അനുമോദിക്കുവാനും യഥാർത്ഥ ഭാഷാഭിമാനികളും, സാഹിത്യനിരൂപകന്മാരും ഏറെക്കുറെ ഔത്സുക്യം പ്രദർശിപ്പിച്ചു. മാത്രമല്ല, ആ നാടകം ഭാഷയിലെ ഒന്നാമത്തെ നാടകതജ്ജമയായതുകൊണ്ടു് അതിന്നു അക്കാലത്തു കൂടുതൽ പ്രചാരവുമുണ്ടായി. ശാകുന്തളം നാടകത്തിന്റെ മനോഹരമായ സാഹിത്യപരിമളമേൽക്കുവാൻ തുടങ്ങിയപ്പോൾ കൊടുങ്ങല്ലൂർ കവിസദസ്സിന്നും നാടകരചനയിൽ ഉറവപരിശ്രമിക്കേണമെന്നു തോന്നി. സംസ്കൃതനാടകങ്ങളിൽ ചിലവ തജ്ജമ ചെയ്യണമെന്ന നിർദ്ദേശത്തിന്നു് ആ കവിസദസ്സിൽ അനുകൂലാഭിപ്രായം ബലപ്പെടുകയും ചെയ്തു. അതോടുകൂടി, സ്വതന്ത്രനാടകങ്ങളുടെ കാര്യത്തിലും (കല്പിതകഥകൾ) നമ്മുടെ കവിസദസ്സ് പ്രത്യേക ശ്രദ്ധ പതിപ്പിക്കുവാൻ തുടങ്ങി. തൽഫലമായി, ഭാഷയിൽ ആദ്യമായുണ്ടായ സ്വതന്ത്രനാടകമാണു് കൊച്ചുണ്ണിത്തമ്പുരാന്റെ "കല്യാണീനാടകം." "അഭിജ്ഞാനശാകുന്തളം" സംസ്കൃതത്തിൽനിന്നു ഭാഷപ്പെടുത്തിയ ആദ്യത്തെ നാടകമാണെങ്കിൽ, "കല്യാണീനാടകം" മലയാളത്തിലെ ഒന്നാമത്തെ സ്വതന്ത്രനാടകമാണെന്നു ധരിച്ചിട്ടുള്ള മാന്യസഹൃദയന്മാർ പലരും ഇക്കാലത്തുമുണ്ടായിരിക്കുമെന്നു ഞാൻ അനുമാനിക്കുന്നു. കല്യാണീനാടകം അന്നു മലയാളകുടുംബങ്ങളിൽ സാധാരണമായി നടപ്പുള്ള പല ആചാരമര്യാദകളേയും, മലയാളികളായ ചില പ്രഭുക്കന്മാരുടെ പ്രതാപത്തേയും പദവിയേയും, അക്കാലത്തുള്ള ചുരുക്കം ചില ഉദ്യോഗസ്ഥന്മാരുടെ സ്വഭാവ"വിശേഷ"ത്തേയും കണ്ണാടിയിൽ എന്ന പോലെ പ്രതിബിംബിപ്പിക്കുന്ന ഒരു

സരസകൃതിയാണ്. ശൃംഗാരമാണ് അതിലുള്ള സ്ഥായിയായ രസമെങ്കിൽ ഫലിതത്തെ മുൻനിർത്തിക്കൊണ്ടുള്ള ഹാസ്യരസത്തിന്നും മററും അതിൽ കൂടുതൽ പ്രാധാന്യം കല്പിച്ചിട്ടുണ്ട്. നായികയായ കല്യാണിയെ സംബന്ധിച്ച, കവി ശൃംഗാരവിഷയത്തിൽ തനിക്കുള്ള പാടവം ഇങ്ങിനെ പ്രകടിപ്പിച്ചിരിക്കുന്നു.

"ചന്ദ്രശ്രീമുഖി! "ചന്ദ്രപുഷ്കരണി"യിൽ
ചന്തം വളർത്തീടുവാൻ
മന്ദം മന്ദമണഞ്ഞു തത്ര കളിയാ-
ടിക്കൊണ്ടു നിന്നങ്ങിനെ
മുന്നം നിയ്യു നിദാനവും നിരുപമാ-
നന്ദേന ഹർമ്മ്യസ്ഥനാ-
മെന്നിൽച്ചേർത്ത കടാക്ഷമാല മറിമാൻ
നേത്രേ! മറക്കില്ല ഞാൻ"

എന്നും

"ഏണാക്ഷീമണി! മുന്നമേണപുരമാം
ക്ഷേത്രത്തിൽവെച്ചേററവും
ചേണാർന്നീടിന നിന്മുഖേന്ദുരുചി ഞാൻ
ലാക്കോടു നോക്കും വിധൌ
കോണോടൊത്തൊരു നോട്ടവും തവ മുഖാ
കൊഞ്ചിക്കഴഞ്ഞാട്ടവും
നാണംപൂണ്ടൊരു നാട്യവും ഹൃദി മരി-
ച്ചാലും മറിക്കില്ല ഞാൻ."

എന്നും മററുമുള്ള പദ്യങ്ങൾ അതിന്നു സാക്ഷികളാണ്.

"വങ്കത്തമുണ്ടുപരദേശിജനത്തി,നെന്ന-
തെങ്കൽപ്പെടി,ല്ലിളകിടേണ്ടിളമാഞ്ചലാക്ഷി!
തിങ്കൾപ്രസന്നമുഖി! കേരളവാസിയാമീ
വെങ്കപ്പരായർ മതിയാൽ മലയാളിയത്രേ"

എന്ന സരസപദ്യം, ഒരു പരദേശി ബ്രാഹ്മണനും, നല്ല പാടിപ്പുള്ള ഒരാളുമായ വെങ്കപ്പരായരുടെ "വങ്കത്ത"ത്തെ വെളിവാക്കുന്നതിന്നു സമുചിതമായ ഒന്നാണ്. "കല്യാണീനാടകം" അക്കാലത്തുള്ള ചില വാസ്തവസംഗതികളെ കഥാരൂപത്തിൽക്കൊണ്ടുവന്ന്,

അന്നത്തെ നായർ സമുദായത്തിലുണ്ടായിരുന്ന ചില ന്യൂനതകൾ പുറത്തു കാണിച്ചിട്ടുണ്ടെങ്കിൽ, അതിൽ കവിക്കുണ്ടായിരുന്ന പരമോദ്ദേശം, പ്രകൃതസമുദായം ആവക നിരൂപണങ്ങൾകൊണ്ടു ക്രമേണ നന്നായിത്തീരേണമെന്നുള്ളതായിരുന്നു. പല പദ്യങ്ങളിലുമുള്ള വ്യംഗ്യപ്രയോഗങ്ങളെപ്പററി മനസ്സിലാക്കുവാൻ അന്നത്തെ സമുദായസമ്പ്രദായങ്ങൾ പ്രത്യേകിച്ച് ആ നാടകകഥയുടെ രംഗമായ പ്രദേശത്തിലെ പ്രധാന സമുദായരഹസ്യങ്ങൾ, പലതും അറിഞ്ഞിരിക്കേണമെന്നുള്ളതിന്നു സംശയമില്ല. ആകട്ടെ നോക്കിയാൽ, "കല്യാണീനാടക"വും തത്തുല്യങ്ങളായ മററു ശൃംഗാരനാടകങ്ങളും ഇന്നത്തെ പരിഷ്കൃതഹൃദയരായ സാഹിത്യനിരൂപകന്മാരിൽ ചിലരെ നെററിചുളിപ്പിക്കുവാൻ തക്കവയാണെങ്കിൽ, ഒരു കവിയുടെ യോഗ്യതയെപ്പററി പരാമർശിക്കേണ്ടതു, കാലദേശാവസ്ഥകളെക്കൂടി സൂക്ഷ്മമായി പരിചിന്തിച്ചിട്ടാവണമെന്നുള്ളതിനാൽ, ആവക നാടകങ്ങൾ ഭാഷാസാഹിത്യഭണ്ഡാരത്തിലെ വിലപിടിച്ച മുതൽക്കൂട്ടുകളാണെന്നാകുന്നു അസ്മദ്ദശരുടെ അഭിപ്രായം. കൂടാതെ, ശൃംഗാരരസത്തെപ്പററി യാതൊരു വിവരവുമില്ലാതെ കണ്ണടച്ചു പഴയ ഭാഷാകവികളെ നിന്ദിക്കുന്നവരല്ലാതെ "രസചക്രവർത്തി"യായ ശൃംഗാരത്തിന്നു സർവ്വോപരി പ്രാധാന്യം കല്പിക്കപ്പെടുന്ന "കല്യാണീനാടക"ത്തെക്കുറിച്ചു നിർമ്മത്സരമതികളായ ഭാഷാസാഹിത്യനിരൂപകന്മാരാരും ഉരഭിപ്രായം പുറപ്പെടുവിക്കുവാൻ ന്യായമില്ല.

"കല്യാണീനാടകം" അപ്രകാരം ഭാഷാസാഹിത്യത്തിന്നു ഒരു പ്രത്യേകാലങ്കാരമായിപ്പരിണമിച്ചതോടുകൂടി സ്വതന്ത്രകൃതികളായും, തർജ്ജമകളായുമുള്ള ഒട്ടധികം നാടകങ്ങൾ ഭാഷയിൽ അവതരിച്ചു തുടങ്ങി. കൊച്ചുണ്ണിത്തമ്പുരാൻ തന്നെ "ഉമാവിവാഹം", "ഭദ്രോത്സവം" മുതലായ പല നാടകങ്ങളും നിർമ്മിച്ചു പുറത്തിറക്കി. ഇതിന്നെല്ലാം നമ്മുടെ കവിസദസ്സിൽ നിന്നു് അദ്ദേഹത്തിന്നു പ്രത്യേകം പ്രോത്സാഹനങ്ങളും ലഭിച്ചു. നാടുവത്തച്ഛൻ നമ്പൂതിരിയുടെ "ഭഗവദ്ദൂതു്" എന്ന ഭാഷാനാടകവും കൊടുങ്ങല്ലൂർ കവിസദസ്സിന്റെ അഭിപ്രായഗതിക്കാസ്പദമായി പുറത്തിറങ്ങിയ ഒരൊന്നാന്തരം കൃതിയാണു്. കുഞ്ഞിക്കുട്ടൻതമ്പുരാൻ, "ശക്തിഭദ്ര" കവിയുടെ "ആശ്ചര്യചൂഡാമണി" സംസ്കൃതത്തിൽ നിന്നു വിവർത്തനം ചെയ്യുവാൻ നമ്മുടെ കവിസമാജം അദ്ദേഹത്തെ കണക്കിലേറെ പ്രോ

ത്സാഹിപ്പിച്ചിട്ടുണ്ട്. അന്നു തമ്പുരാൻ നന്നെ ചെറുപ്പമായിരുന്നു. പക്ഷേ, അദ്ദേഹത്തിന്റെ "ചൂഡാമണി"യിലെ പദ്യങ്ങൾ മഹായോഗ്യനായ ഒരു കവിവൃദ്ധനാണ് അദ്ദേഹമെന്നു തോന്നിക്കത്തക്കവയാണ്. "ചൂഡാമണി"യിലെ

(മൂലം)

"പാനാദ്യുപരസായനസ്യ ബഹു
ധാ സന്തപ്പയന്തീ മനോ
ജാതാനേത്രപരമ്പരാ ഫ
ലവതീ ധീരേതരേയം മമ
അസ്യാ: പല്ലവകോമളാം
തനുമിമാമാലിംഗ്യ കൃത്സ്നാമഹം
നിർവ്വേക്ഷ്യാമി കദാനു വിം
ശതി മ മൂൻ വീരവ്രണാങ്കാൻ ഭുജാൻ"

(പരിഭാഷ)

"നന്നായുള്ളഴകാം രസായനരസം
സേവിക്കയാൽ തൃപ്തിയു-
ള്ളിന്നായ് നൽകിയ ധീരനേത്രനിരയി-
ന്നെല്ലാം ഫലം പൂണ്ടുമേ
എന്നാലിയ്യിവരം തന്നിളംതളിരൊളി-
പ്പൂമേനി പുൽകീട്ടെനി-
ക്കെന്നോ പോർമുറിയേററ കയ്യിരുപതും
തൃപ്തിപ്പെടുത്താൻ തരം"

എന്നുള്ള പദ്യം വാസ്തവത്തിൽ മൂലത്തെ അതിശയിക്കുന്ന ഒന്നാണ്. രാവണൻ സീതയുടെ സൌന്ദര്യാമൃതം സ്വനേത്രങ്ങളാൽ നുകന്നു ലഹരികൊണ്ടു മദോന്മത്തനായിപ്പുലമ്പുന്ന രസപരിപൂരിതമായ ഈ പദ്യം ആശയധാടികൊണ്ടും, പദഭംഗിയാലും നിശ്ചയമായും കവിയുടെ നിസ്സീമമായ പാണ്ഡിത്യവും, നിഷ്കളങ്കമായ വാസനാബലവും ശരിയായിപ്രകാശിപ്പിക്കുന്നു. "ചൂഡാമണി"യിലെ ഏവംവിധങ്ങളായ പദ്യങ്ങളെ, മലയാളത്തിൽ അന്ന് ഉത്തമനിലയിൽ നടന്നിരുന്ന "വിദ്യാവിനോദിനി" എന്ന മലയാളമാസിക ആത്മാർത്ഥമായി അഭിനന്ദിച്ചിട്ടുണ്ടെന്നുള്ള വസ്തുതയും സ്മര

ണീയമാണ്. യഥാർത്ഥസാഹിത്യനിരൂപകന്മാർ ഇന്നും "ചൂഡാമണി"ക്കു ഭാഷാസാഹിത്യവകുപ്പിൽ ഉത്തമമായ ഒരു സ്ഥാനം കല്പിക്കുന്നുണ്ട്. "ചൂഡാമണി"യിലെ രണ്ടു മൂന്നു പദ്യങ്ങൾ കൂടി ഇവിടെ ഉദ്ധരിച്ചു തർജ്ജമയുടെ കാര്യത്തിൽ കുഞ്ഞിക്കുട്ടൻതമ്പുരാൻ സമ്പാദിച്ചിരുന്ന പാടവത്തെ മാന്യവായനക്കാരെ ധരിപ്പിച്ചു കൊള്ളട്ടെ.

രാമലക്ഷ്മണന്മാർ സീതയോടുകൂടി വനത്തിൽ ചെന്നശേഷം ഗോദാവരീനദീതീരത്ത്, അവർക്കു വിശ്രമിക്കുവാൻ ലക്ഷ്മണൻ പർണ്ണശാല കെട്ടിയുണ്ടാക്കി. നേരം ഏതാണ്ടു സന്ധ്യയാവാനടുത്തു. ജ്യേഷ്ഠനും പത്നിക്കും വനസഞ്ചാരം മൂലം ക്ഷീണമുണ്ടെന്നും, അവർ യഥേഷ്ടം അല്പം വിശ്രമിക്കട്ടെ എന്നും, തന്റെ സാന്നിദ്ധ്യം അവിടെ ഉണ്ടാവുന്നതു ഗുരുത്വത്തിന്നു കുറവും, അഭംഗിയുമായിരിക്കുമെന്നും കരുതി ലക്ഷ്മണൻ പർണ്ണശാലയുടെ പ്രാന്തപ്രദേശത്തുനിന്നു് അല്പം മാറി നില്ക്കുന്നു. ആ സന്ദർഭം കണ്ടു രാമൻ സീതയോടു പറയുന്നു:

(മൂലം)

"അശങ്കിതാ ശിഥിലയ പാംസുധൂസരം
സ്തനാംശുകം ശ്രുകഹരിതം ശ്രുകാലപേ
വിശോഷിതാധരകമലം വിസർപ്പതാ
തരംഗിതം തവ മുഖഗന്ധവാഹിനാ"

(പരിഭാഷ)

"മെച്ചമററിത കുറച്ചു ധൂളി പതറിച്ചവന്നുമധരം ചടപ്പിച്ച നിൻ വദനഗന്ധവാഹനണകെച്ചളിച്ചിലുമിയന്നഹോ
സച്ഛമഞ്ജുശ്രുകവാണി! തത്തയെതിർപച്ചയാകിയൊരു നിൻമുലക്കച്ചെ മെല്ലവെയഴിച്ചുമാററുക, മടിച്ചിടേണ്ട മടവാർമണേ!"

തങ്ങൾക്കു യഥേഷ്ടം, അഥവാ സ്വാതന്ത്ര്യപൂർവ്വം, വിശ്രമിക്കുവാൻ തക്ക സമയമാണതെന്നും, പ്രകൃതിയും അതിന്നപ്പോൾ അനുകൂലമാണെന്നും ലക്ഷ്മണന്റെ അഭാവത്താൽ തങ്ങൾക്ക് ഇച്ഛാനുകൂലം വിശ്രമിക്കാമെന്നും കാടാകയാൽ മററു മനുഷ്യരുടെ സാന്നിദ്ധ്യമുണ്ടാവില്ലെന്നും മാറും പ്രസ്പഷ്ടമാക്കുന്ന രസസ്ഫൂർത്തിയുള്ള ഒരു മനോഹരപദ്യമാണിത്. "മടിച്ചിടേണ്ട മടവാർമണെ!" "മെല്ലവെയഴിച്ചു മാററുക" എന്നും മററുമുള്ള പ്രയോഗങ്ങളുടെ

വ്യംഗ്യാർത്ഥവും നിശ്ചയമായും പ്രശംസാർഹമാണ്. "തർജ്ജമയാണല്ലോ ഈ വക പദ്യങ്ങൾ, ഇതിലിത്രയൊക്കെ അഭിനന്ദിപ്പാനുണ്ടോ?" എന്നു ചോദിക്കുവാൻ പുറപ്പെടുന്ന ചില നിരൂപകമന്യന്മാരായ മക്കടമുഷ്ടിക്കാരോടു, തർജ്ജമയ്ക്കാണ് മൂലത്തിന്റെ അർത്ഥം ബലി കഴിക്കാതെ ആശയങ്ങളും പദങ്ങളും യഥോചിതം ക്രമപ്പെടുത്തുവാൻ ബുദ്ധിമുട്ടെന്നു മാത്രമേ എനിക്കു പറയുവാനുള്ളു. പരിഭാഷയുടെ രസികത്വത്തെ പ്രത്യേകം വെളിപ്പെടുത്തുവാൻ ഒന്നു രണ്ടു പദ്യങ്ങൾ കൂടി ഉദ്ധരിക്കാം. രാമലക്ഷ്മണന്മാരും സീതയും കാട്ടിലെത്തിക്കഴിഞ്ഞു. ലക്ഷ്മണനിൽ നിന്ന് അല്പം അകലത്താണപ്പോൾ ശ്രീരാമനും സീതയുമിരുന്നു വിശ്രമിച്ചിരുന്നത്. ശൂർപ്പണഖയാകട്ടേ, അതിസുന്ദരിയായ ഒരു യുവതിയുടെരൂപമെടുത്തു രാമന്റെ സമീപത്തു ചെന്നപ്പോൾ, അവൾക്ക് ആശാഭംഗത്തിന്നിടവരികയും, രാമോപദേശത്താൽ—പക്ഷേ രാമന്റെ നയത്തോടുകൂടിയ അഭിപ്രായത്താൽ—അവൾ ലക്ഷ്മണനെ സമീപിക്കുകയുമാണ്. ശൂർപ്പണഖ, തന്റെ മായാമനോഹരവേഷം കൊണ്ടു കാടാകെ പ്രകാശിപ്പിച്ചു ദൂരത്തു നിന്നു വരുന്നതു കണ്ടു ലക്ഷ്മണൻ, രാക്ഷസിയാണതെന്നും മറവും ധരിക്കാതെ പൌരുഷവും ഗുരുത്വവും മുൻനിർത്തിക്കൊണ്ടു നിശ്ചഞ്ചലനായി സഗൌരവം പറയുന്നു:—

(മൂലം)

"സനാഥീകുർവ്വാണാ ധരണി മഥ
വാ ധാമ മരുതാം
ഭവേദേഷാ കാമം വിരമതു
വിതക്ശ്ചലധിയാം
വചഃ കർത്തും പിത്രോർവ്വന
മിദ മവാപ്തസ്യ വശിനോ
വശേ തിഷ്ഠൻ ഭ്രാതുഃ സ്മര
പരവശഃസ്യാം കഥമഹം"

(പരിഭാഷ)

"മന്നിൻ ഭൂഷണമായിടട്ടെ, യഥവാ—
വിണ്ണിന്നലങ്കാരമാ—
ണെന്നായ്ത്തന്നെ വരട്ടെ, പോട്ടെ
ചപലന്മാർക്കാണിവററിൽ ഭ്രമം

നന്നായിപ്പിതൃവാക്കു കേൾക്കുവതിനാ-
യിക്കാടെഴും ധീരനാ-
മെന്നായ്ക്കെന്റെ വശത്തു വാഴുമൊരു ഞാൻ
കാമാർത്തനായീടുമോ?"

ഈ പദ്യത്തിലടങ്ങിയിരിക്കുന്ന രസാനുഗുണമായ ആശയത്തിന്റെ ധാടിയും മോടിയും അഭിനന്ദിക്കുവാൻ അഗാധമായ സാഹിത്യകലാനൈപുണ്യമുള്ള യഥാർത്ഥനിരൂപകന്മാർക്കേ സാധിക്കുകയുള്ളു. കേവലം തർജ്ജമയാണ് തമ്പുരാന്റെ "ചൂഡാമണി" യെന്നുവെച്ച്, അതിന്റെ മഹത്തായ സാഹിത്യഗുണത്തെ അഭിനന്ദിക്കുവാൻ മനസ്സുവരാത്ത വല്ല സാഹിത്യനിരൂപകന്മാരുമുണ്ടെങ്കിൽ, അവർ "ചൂഡാമണി"യിലുള്ള ആശയങ്ങളേയും, അതിന്നനുഗുണങ്ങളായ പദങ്ങളേയും എപ്പോഴും പ്രശംസിക്കുന്ന നിഷ്പക്ഷമതികളായ സാഹിത്യവിദ്വാന്മാരെ സമീപിച്ച് അവരിൽനിന്ന് ആ നാടകത്തിന്റെ മേന്മയെക്കുറിച്ചൊന്നു മനസ്സിലാക്കേണ്ടതാണ്.

മറെറാരു ഘട്ടത്തിൽ, വനത്തിൽവെച്ചുതന്നെ, ദശരഥമഹാരാജാവിന്റെ നിര്യാണവൃത്താന്തമറിഞ്ഞു രാമലക്ഷ്മണന്മാരും സീതയും അത്യന്തം വ്യസനിക്കുന്നു. ലക്ഷ്മണൻ ആ സങ്കടവർത്തമാനമറിഞ്ഞതിനാൽ, കൈകേയിയുടെ കടുംകയ്യിൽ കഠിനമായ വെറുപ്പും കോപവും കൈക്കൊണ്ട് ആ രാജ്ഞിയോട് നേരിട്ടു പറയുന്നതാണ് താഴെ ഉദ്ധരിക്കുന്ന പദ്യത്തിലെ ഉള്ളടക്കം.

(മൂലം)

"ആര്യേണാംശുകമുജ്ഝിതാ ധൃതമഹ
ദാപാടലം വല്കലം
വിന്യസ്തം പദമാര്യയാ വൃകവധൂ
പാദാങ്കപാംസൌ പഥി
സന്താപൈസ്തനുതാമുപൈതി
ഭരതഃ പര്യാകുലാഃ കോസലാഃ
വൈധവ്യം ഹതമാസ്ഥിതാ ത്വ
മപി തേ ധിക്കർമ്മ സർവ്വങ്കഷം"

(പരിഭാഷ)

"ജ്യേഷ്ഠന്നോ പട്ടുപേക്ഷിച്ചരുണമരവിരി-
ത്തോലുടുക്കേണ്ടിവന്നു,

ജ്യേഷ്ഠത്തിക്കിന്നു ചെന്നായടിയിണപൊടിയാം
മാർഗ്ഗമായ് കാലുവെപ്പാൻ
ഒട്ടേറെക്ഷീണനായീ ഭരത,നഴലിനാൽ
കോസലന്മാരുഴന്നു
കഷ്ടം മൊട്ടച്ചിയായ് നീ, തവ തൊഴിലിതി-
ലെല്ലാററിലും പററിയല്ലോ."

കരുണരസവും വീരരസവും സംഘടിതമായിരിക്കുന്ന ഈ പദ്യത്തിൻെറ ആശയഗുണാനുരൂപമായ രസികത്വം എത്ര പ്രശംസിച്ചാലും അധികമാവുകയില്ല. കൈകേയിയോടു, "കഷ്ടം മൊട്ടച്ചിയായ്നീ, തവ തൊഴിലിതിലെല്ലാററിലും പററിയല്ലോ" എന്നു ലക്ഷ്മണൻ തുറന്നുപറയുന്നതിലടങ്ങിയിരിക്കുന്ന അർത്ഥവത്തായ വാസ്തവവും, "തവതൊഴിൽ"എന്നുള്ള പ്രയോഗവും സാഹിത്യപണ്ഡിതന്മാരുടെ പ്രശംസയ്ക്കു നിശ്ചയമായും പാത്രീഭവിക്കാതിരിക്കയില്ല.

"ചൂഡാമണി"യെപ്പററി കൂടുതലായി ഈ അവസരത്തിൽ പ്രസ്താവിക്കുവാൻ സൌകര്യമില്ല. ആ ഭാഷാനാടകത്തിന്നു് അന്നും ഇന്നും മലയാളസാഹിത്യത്തിലുള്ള പ്രാധാന്യത്തെ ആസ്പദമാക്കി, മദിരാശി സർവ്വകലാശാല പ്രകൃതനാടകത്തെ കോളേജുക്ലാസ്സുകളിലേയ്ക്കും, വിദ്വാൻ പരീക്ഷയ്ക്കും മററും പാഠ്യപുസ്തകമാക്കി, വരുന്നതും അതിൻെറ യോഗ്യതയ്ക്കു മതിയായ നിദർശനമാണ്.

കുഞ്ഞിക്കുട്ടൻതമ്പുരാൻെറ മറെറാരു നാടകതജ്ജമയായ "വിക്രമോർവ്വശീയ"വും നമ്മുടെ കവിസദസ്സിൻെറ അഭിനന്ദനത്തിന്നു പാത്രീഭവിച്ചിട്ടുള്ളതാണ്. ആ നാടകവും വളരെ നന്നായിട്ടുണ്ടെന്നാണു യഥാർത്ഥ നിരൂപകന്മാരുടെ അഭിപ്രായം.

കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ "കുചേലഗോപാല"മെന്ന നാടകവും കൊടുങ്ങല്ലൂർ കവിസദസ്സിൻെറ, പ്രത്യേകിച്ചു കുഞ്ഞിക്കുട്ടൻതമ്പുരാൻെറ അഭിപ്രായാനുസരണം അദ്ദേഹം നിർമ്മിച്ചതാണ്. "കുചേലഗോപാല"ത്തെക്കുറിച്ചുള്ള കുഞ്ഞിക്കുട്ടൻതമ്പുരാൻെറ അഭിപ്രായത്തിൽ,

"കൊട്ടാരത്തിലെഴും കവീന്ദ്രമണിയാം
ശങ്കുണ്ണിയേററം പ്രിയ-
പ്പെട്ടോരെന്നൊഴി കേട്ടു തീർത്ത കൃതിയാ-
ണീനാടകം സാദരം"

എന്നിപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്.

ഏതാണ്ട് അക്കാലത്തുതന്നെയാണ് കെ. സി. കേശവപിള്ള, ചമ്പത്തിൽ ചാത്തുക്കുട്ടിമന്നാടിയാർ, അമ്പലപ്പുഴ മാധവപ്പുതുവാൾ, മാക്കോത്തു കൃഷ്ണമേനോൻ, കോടശ്ശേരി കുഞ്ഞൻതമ്പാൻ, തോട്ടയ്ക്കാട്ട് ഇക്കാവമ്മ, കുണ്ടൂർ നാരായണമേനോൻ, കണ്ടത്തിൽ വർഗ്ഗീസുമാപ്പിള, ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള തുടങ്ങിയ പലരുടേയും നാടകകൃതികൾ പുറത്തുവന്നിട്ടുള്ളത്. ഇവയ്ക്കൊക്കെ കൊടുങ്ങല്ലൂർ കവിസദസ്സിന്റെ ഉപദേശവും ആനുകൂല്യവുമുണ്ടായിട്ടുണ്ടെന്നുള്ളതിന്നു സംശയമില്ല. വഴിയെ ടി.സി. അച്ചുതമേനോൻ, എരുവയിൽ ചക്രപാണിവാരിയർ, കെ. സി. കേശവപിള്ള എന്നിവർ ഭാഷാസംഗീതനാടകരചനയ്ക്കും ആരംഭിച്ചു. ആ നിലയിലാവിർഭവിച്ചവയാണ് സംഗീതനൈഷധം, സംഗീത ഹരിശ്ചന്ദ്രചരിതം, സദാരാമ (സംഗീതം) എന്നിങ്ങിനെയുള്ള നാടകങ്ങൾ. പ്രസ്തുത നാടകങ്ങൾക്കു നല്ല പ്രചാരവുമുണ്ടായിട്ടുണ്ട്.

അങ്ങിനെ കൊടുങ്ങല്ലൂർ കവിസദസ്സിന്റെ പ്രോത്സാഹനത്തേയും, പ്രേരണയേയും മുൻനിർത്തി അക്കാലത്തു പല ഭാഷാകവികളും നാടകങ്ങൾ നിർമ്മിച്ചിട്ടുണ്ടെങ്കിലും, അവയിൽ പലതിന്നും ശരിയായ നാടകലക്ഷണങ്ങളില്ലെന്നും, അവ ഭാഷാസാഹിത്യത്തെ മലിനപ്പെടുത്തുന്നവയാണെന്നും അന്നത്തെ ചില സാഹിത്യനിരൂപകേസരികളായ രാമക്കുറുപ്പുമുൻഷി, സി. അന്തപ്പായി മുതലായവർ തുറന്നു പറഞ്ഞിട്ടുണ്ട്. അന്തപ്പായി ആ സംഗതിയെ ആസ്പദമാക്കി പ്രഹസനരീതിയിൽ ഒരു ലഘുകൃതി നിർമ്മിക്കുക കൂടിച്ചെയ്തു. "നാടകാന്തം കവിത്വം" എന്നു വേണ്ടതിന്നുപകരം "നാടകാദ്യം കവിത്വം" എന്നാണു പല നാടകങ്ങളുടെയും ഇന്നത്തെ പുറപ്പാടുകൾ കാണുമ്പോൾ തോന്നുന്നതെന്നുകൂടി അന്തപ്പായി അപ്പോഴത്തെ ഭാഷാനാടകബഹളത്തെ പരാമർശിച്ചു പരിഹാസരൂപത്തിൽ പ്രസ്താവിച്ചു. മുൻഷി രാമക്കുറുപ്പാകട്ടെ, "ചക്കീചങ്കരം" എന്ന നാടകം അന്നത്തെ പല ഭാഷാനാടകകർത്താക്കളേയും കവികളേയും

പരിഹസിച്ചു നിർമ്മിച്ചതാണെന്നു് അതിലുള്ള "കുംഭാണ്ഡ"ന്റെ പുറപ്പാടും മററും വ്യക്തമാക്കുന്നു. എന്നാൽ, അത്തരത്തിലുള്ള നിശിതനിരൂപണങ്ങൾകൊണ്ടു ഭാഷാസാഹിത്യത്തിൽ വളരെ ഉഷിച്ച നാടകങ്ങൾ നിറയാതിരിപ്പാൻ സംഗതി വന്നിട്ടുണ്ടെന്നു കാണുമ്പോൾ, രാമക്കുറുപ്പുമുൻഷി പ്രഭൃതികളെ സ്തുതിക്കാതിരിപ്പാൻ നിവൃത്തിയില്ല. അദ്ദേഹത്തിന്റെ "ചക്കീ ചങ്കരം"നാടകം "തെക്ക" നാണെങ്കിൽ വടക്കുനിന്നും ഏതാണ്ടു് ആ രീതിപിടിച്ചു് ഒരു "ചക്കീചങ്കരം"ഉണ്ടായിട്ടുണ്ടു്. "വടക്കൻ ചക്കീചങ്കരം"എന്നു പേരുള്ള പ്രകൃതകൃതിയുടെ കർത്താവു സരസകവിയായിരുന്ന ഇരുവനാട്ടു കെ. സി. നാരായണൻനമ്പ്യാരാണു്.

കൊടുങ്ങല്ലൂർ കവിസദസ്സിന്റെ നാടകനിർമ്മാണക്കാറേററവു, പല മലയാളനാടകങ്ങളും പുറത്തു വന്നുതുടങ്ങി. അന്നത്തെ ഭാഷാസാഹിത്യലോകത്തിൽ അക്കാലം കേവലം "നാടകകാല"മായിരുന്നുവെന്നു ഖണ്ഡിച്ചു പറയാം. കൊടുങ്ങല്ലൂർ കവിസദസ്സിന്റെ ഏതാദൃശമായ കവനവ്യവസായത്തെ അനുമോദിച്ചു് ഒരു യഥാർത്ഥ ഭാഷാഭിമാനിയും കവിയുമായ കുണ്ടത്തിൽ വർഗ്ഗീസ്സുമാപ്പിള ഭാഷാനാടകങ്ങൾ കൂടുതൽ പുറത്തിറക്കുന്നതിന്നു പല കവികളേയും പ്രോത്സാഹിപ്പിച്ചിട്ടുമുണ്ടു്. വർഗ്ഗീസ്സുമാപ്പിളയെപ്പററി അക്കാലത്തു "കവിഭേഷജ"കർത്താവു പ്രശംസിച്ചിട്ടുള്ളതു് ഇപ്രകാരമാണു്.

"മനോജ്ഞമാകും കൃതിയാൽ ജനാനാം
മനോരഥം ചേർത്തു സദാ വിളങ്ങും
"മനോരമ"പ്പെൺ കൊടിതന്റെ കാന്തൻ
മനോഹരേ! കേൾക്ക "വയസ്സു"ന്യൂനം."

വർഗ്ഗീസുമാപ്പിള അന്നു നാടകനിർമ്മാണവിഷയത്തിലും ഉള്ളഴിഞ്ഞു കൊടുങ്ങല്ലൂർ സദസ്സിന്നു പ്രോത്സാഹനരൂപത്തിൽ അയച്ചിട്ടുള്ള പല കത്തുകളും ഇന്നും ആ രാജമന്ദിരത്തിൽ ഉണ്ടായിരിക്കാൻ വഴിയുണ്ടു്.

എട്ടാമദ്ധ്യായം

ചന്ദ്രിക, ഉത്തരരാമചരിതം, മധുരമംഗലം മുതലായവ.

പാഠിപ്പും, പരിചയവും, വാസനയും, പഴക്കവുമുള്ള കൊട്ടങ്ങല്ലൂർ കവിസമാജാംഗങ്ങളും, മററു ഭാഷാകവികളും തർജ്ജമകളും, കല്പിതകഥകളുമായുള്ള നാടകങ്ങൾ അങ്ങിനെ പുറത്തിറക്കിക്കൊണ്ടിരുന്നു. എന്നാൽ അക്കാലത്തും, അതിന്നു മുമ്പും നമ്മുടെ കവിസദസ്സിൽ കുഞ്ഞിക്കുട്ടൻതമ്പുരാനെക്കുറിച്ചുള്ള ഒരഭിപ്രായം, 'അദ്ദേഹത്തിന്നു വീരരസത്തിലേ കൂടുതൽ സാമർത്ഥ്യം കാണിച്ചു കാവ്യങ്ങൾ നിർമ്മിക്കുവാൻ സാധിക്കയുള്ളൂ' എന്നായിരുന്നു. ആ അഭിപ്രായം പ്രബലപ്പെട്ടു വരികയും, കൊച്ചുണ്ണിത്തമ്പുരാൻ തുടങ്ങിയ വമ്പന്മാർ ശൃംഗാരരസത്തിൽ കാവ്യങ്ങളോ നാടകങ്ങളോ നിർമ്മിക്കുവാൻ കുഞ്ഞിക്കുട്ടൻതമ്പുരാൻ പ്രാപ്തനല്ലെന്നു് അങ്ങുമിങ്ങുമിരുന്നു പിറുപിറുക്കുകയുമുണ്ടായിട്ടുണ്ടു്. "അത്യുഗ്രാടോപമോടും പടനടുവിലടുക്കുന്ന ദൈത്യേന്ദ്രദേഹം" എന്നിത്യാദി വീരരസപ്രധാനങ്ങളായ പദ്യങ്ങൾ നിർമ്മിക്കുവാൻ കുഞ്ഞിക്കുട്ടൻതമ്പുരാൻ കൂടുതൽ പ്രസക്തി പ്രദർശിപ്പിച്ചതിനാലായിരിക്കണം, കൊച്ചുണ്ണിത്തമ്പുരാൻ തുടങ്ങിയവർ അപ്രകാരമുള്ള ഒരു ആക്ഷേപം പുറപ്പെടുവിച്ചതു്. എന്നാൽ, യഥാർത്ഥവാസനാകവിയും, തൻെറ പ്രിയപുത്രനുമായ 'കുഞ്ഞിക്കുട്ട'ൻെറ പേരിൽ അങ്ങിനെ ഒരാക്ഷേപമുള്ളതു തൻെറ പേരിന്നും പദവിക്കും ന്യൂനതയാണെന്നു വെണ്മണി അച്ഛൻനമ്പൂതിരിപ്പാട്ടിലേയ്ക്കു് തോന്നി. തന്മൂലം തൻെറ പുത്രനെ, ഈ ആക്ഷേപത്തിൽ നിന്നു ഒഴിവാക്കുവാൻ വേണ്ടി ആദ്യകാലത്തെല്ലാം അദ്ദേഹം നല്ലപോലെ പരിശ്രമിച്ചിട്ടുണ്ടു്. അക്കാലത്തു് ഒരിക്കൽ വെണ്മണി അച്ഛൻ, മകനായ തമ്പുരാനെ വിളിച്ചു് ഉപദേശിച്ചതു് ഇപ്രകാരമാണ്:—"ഉണ്ണിയുടെ സാഹിത്യപരിശ്രമങ്ങൾ സ്തുത്യർഹങ്ങളാണ്. പക്ഷെ, ഉണ്ണിക്ക് ശൃംഗാരരസത്തിൽ കവിതാനിർമ്മാണം ചെയ്യുവാൻ സാമർത്ഥ്യമില്ലെന്നുള്ള ഒരാക്ഷേപം പ്രചരിക്കുന്നുണ്ടു്. അതിനാൽ, ആ ആക്ഷേപം തീരുമാറ് എല്ലാ രസത്തിലും കൃതികൾ നിർമ്മിപ്പാൻ ത്രാണിയുണ്ടെന്നു് ഉണ്ണി സ്പഷ്ടമാക്കണം. ശൃംഗാരരസത്തെ മുൻനിർത്തി ഒരു നാടകം നിർമ്മിച്ചാൽ ഉണ്ണിയുടെ പേരിലുള്ള ആ ആക്ഷേപം പോവും. അതുകൊണ്ടു്,

ഒരു കല്പിതകഥ ശൃംഗാരരസം മുൻനിർത്തി നിർമ്മിക്കുവാൻ ശ്രമം തുടങ്ങുക. അങ്ങിനെ ചെയ്യുന്നതു് എനിക്കും അഭിമാനത്തിന്നു കാരണമായിരിക്കും". സ്വപിതാവായ വെണ്മണി അച്ഛൻനമ്പൂതിരിപ്പാട്ടിലെ വാത്സല്യപൂർവ്വകമായ ആ ഉപദേശം, സ്വതവേ കവനനിർമ്മാണത്തിൽ അത്യുൽസുകനായ കുഞ്ഞിക്കുട്ടൻതമ്പുരാൻ സസന്തോഷം സ്വീകരിക്കുകയും, അന്നു മുതൽ ശൃംഗാരത്തിന്നു സർവ്വോപരി പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു നാടകനിർമ്മാണത്തിന്നു തക്ക പദ്ധതി തയ്യാറാക്കുവാൻ തീർച്ചപ്പെടുത്തുകയും ചെയ്തു. ആ പദ്ധതിയാകട്ടെ, പ്രായോഗികമായതോടുകൂടി "ചന്ദ്രിക" എന്ന ഭാഷാനാടിക (നാലങ്കത്തിലധികമില്ലാത്ത ഉപരൂപകമായതിനാൽ നാടിക .എന്ന പേരാണതിന്നുള്ളതു്)യായി അവതരിച്ചു. ചമൽക്കാരപരമായ ആ കല്പിതകഥയിലെ "പ്രസ്താവന"യിൽ സൂത്രധാരനും, നടനും തമ്മിലുള്ള സംഭാഷണം ഇവിടെ അനുസ്മർത്തവ്യമാണ്. "ചന്ദ്രിക" എന്ന നാടികയുടെ കർത്താവ് ആരാണെന്നു നടൻ സൂത്രധാരനോടു ചോദിക്കുന്നു. കുഞ്ഞിക്കുട്ടൻതമ്പുരാനാണ് കർത്താവെന്നു പറയുന്നതോടുകൂടി സൂത്രധാരൻ,

"മഞ്ജുശ്രീകവി വെണ്മണിക്ഷിതിസുരൻ
വാത്സല്യഭാരത്തിന്നാൽ
ഭഞ്ജിക്കാതെ തനിക്കെഴുന്ന കവിതാ-
ചാതുര്യമപ്പിക്കയാൽ
രഞ്ജിക്കും രസമുള്ളനേക കവിതാ-
ഗ്രന്ഥങ്ങൾ നിർമ്മിച്ചൊരി-
ക്കുഞ്ഞിക്കുട്ടനൃപൻ കൃതിച്ചുകൃതി ന-
ന്നാകാതെയാകാട്ടുഡും",

എന്നും സമർത്ഥിക്കുന്നു. അപ്പോൾ കുഞ്ഞിക്കുട്ടൻതമ്പുരാനു ശൃംഗാരരസത്തിൽ കാവ്യരചനയ്ക്കു സാമർത്ഥ്യമില്ലെന്നാണല്ലൊ കേട്ടിട്ടുള്ളതു് എന്നു സംശയിച്ച നടന്നു് സൂത്രധാരൻ ഇങ്ങിനെ മറുപടി നൽകുന്നു.

"അംഗേശൻ മുതലാമനേകമരിവീ-
രന്മാരടുത്താ,ലെടു-
ത്തങ്ങേശ്രം ഭുജശക്തിയാലെയവരെ-
ത്തട്ടിപ്പറപ്പിക്കിലും

തുംഗശ്രീവിജയന്നു കൃഷ്ണസഹജാ-
കൃഷ്ണാദിസംഗങ്ങളിൽ
ശൃംഗാരക്കുറവുണ്ടതെന്നു വരുമോ
കാര്യം വിചാരിക്കെടോ?"

വീര്യപരാക്രമം, അസ്ത്രാഭ്യാസവൈദഗ്ദ്ധ്യം മുതലായവയാൽ ഏററവും പ്രശസ്തന്മാരായ കർണ്ണാദിവീരന്മാർ, യുദ്ധത്തിന്നിറങ്ങുന്ന സമയം, തൻെറ ഭുജവിക്രമത്താൽ അവരെക്കൂടി പരാജയപ്പെടുത്തുന്ന മഹാവീരനായ അർജ്ജുനൻ പാഞ്ചാലി, സുഭദ്ര എന്നീ സ്വപത്നിമാരോടണയുമ്പോൾ തനിക്കു സഹജമായ വീരരസം മുൻനിർത്തിക്കൊണ്ടു വല്ല ശൃംഗാരക്കുറവും കാണിക്കുന്നുണ്ടോ എന്നാണ് ഈ ശ്ലോകത്തിൻെറ താല്പര്യം. ബാഹ്യത്തിൽ അങ്ങിനെയുള്ള ഒരർത്ഥമാണ് പ്രസ്തുത പദ്യത്തിന്നുള്ളതെങ്കിലും, "ചന്ദ്രികാ"കർത്താവായ തമ്പുരാൻ വീരരസത്തിൽ കൂടുതൽ പ്രസക്തനാണെന്നു വന്നാൽത്തന്നെ ശൃംഗാരരസം സ്ഥായിയായി ചെലുത്തേണ്ട നാടകത്തിൽ, അതിന്നു പ്രത്യേകസ്ഥാനം കല്പിക്കാതിരിക്കുന്നില്ലെന്നാണ് ഇതിൻെറ ആന്തരാർത്ഥം. കവനവിഷയത്തിൽ തന്നെ മററുള്ളവരാക്ഷേപിക്കുന്നുണ്ടെങ്കിൽക്കൂടി, വേണ്ട സന്ദർഭത്തിൽ യഥോചിതം അനുഗുണമായ ആശയവും രസവും കൊണ്ടുവരുവാൻ തനിക്കു സാധിക്കുമെന്നാണ് പ്രസ്താവനയിലുള്ള ഈ പദ്യം വിശദമാക്കുന്നത്.

"ചന്ദ്രിക"യിലെ കഥാവസ്തുവാകട്ടെ, കല്പിതകഥാരചനയിൽ തമ്പുരാൻ പ്രകൃത്യാ പാടവമുള്ള ഒരു ധിഷണാശാലിയാണെന്നു വിശദമാക്കുന്നുണ്ട്. തമ്പുരാൻെറ കാലാനുകൂലമായ ലോകപരിചയവും, ലോകം മുന്നോട്ടു പോകുംതോറും യഥാർത്ഥപരിഷ്കാരം നടപ്പിൽ വരേണ്ടതു് അത്യാവശ്യമാണെന്നുള്ള ആകാംക്ഷയും "ചന്ദ്രിക"യിൽ കാണാം.

"വിദ്യാശാലകൾ, വൈദ്യശാലകൾ, സഭാ
ജാലങ്ങൾ, ബാലാംഗനാ-
വിദ്യാഭ്യാസവിശാലശാല, പല കൈ-
വേലപ്രയോഗസ്ഥലം
ഹൃദ്യശ്രീപുകവണ്ടി, കമ്പികൾ, തപാ-
ലാപ്പീസ്സിതെന്നേവമാ-

യുദ്ദ്ധൽപ്രാഭവമാന്നിട്ടും പലപരി-
ഷ്കാരം വരുത്തീടിനാൻ"

മുതലായ പദ്യങ്ങൾ അതു വ്യക്തമാക്കുന്നുണ്ട്.

"ലോകത്തിൽ ജ്ജനസംഖ്യ നോക്കിടുകിലി-
ന്നാണുങ്ങളേക്കാൾ വധൂ-
ലോകംകൂടുമനേക, മത്തരുണിമാ-
ക്കോരോ പുമാന്മാർകളെ
പാകംപോലെ തിരഞ്ഞെടുക്കുകിലനേ-
കം നാരിമാർ, മന്മഥ-
ക്കൈകൊണാതെ നരച്ചിരുന്നു മരണം
പ്രാപിക്കുകെന്നേവരൂ."

ഇങ്ങിനെയുള്ള പദ്യങ്ങൾ തമ്പുരാൻെറ മനഃപരിഷ്കാരവും ലോക പരിചയവും കാണിക്കുന്നു. അദ്ദേഹത്തിൻെറ കവനരചനയിലുള്ള മനോധർമ്മമർമ്മജ്ഞത തെളിയുവാൻ ആ നാടികയിലുള്ള "ഗോസായിവർണ്ണന"മാത്രം വായിച്ചാൽ മതി.

"ചുററിക്കെട്ടിയൊതുക്കിവെച്ചൊരു ജടാ-
ഭാരത്തൊടും മാറിടം
പററിത്തൂങ്ങിയ താടിയോടു,മുടലിൽ-
ത്തേച്ചോരു ഭസ്മത്തൊടും
ചുററംഗുഷ്ടികളിട്ടുരുട്ടിയടിവെ-
ച്ചൂഴിക്കിളക്കം കൊടു-
ത്തൊററയ്ക്കുഗ്രകുഠാരധാരിയൊരുവൻ
നേരേ വരുന്നുണ്ടിതാ."

ഇതു നല്ല ഒരു ഛായാശ്ലോകമായിട്ടുണ്ട്.

"ചാരംതേച്ചു പിരിച്ച ചെഞ്ചിടകളിൽ
ച്ചേരുന്ന രുദ്രാക്ഷവും,
പാരം കോപരസം കലന്ന മിഴിയും,
മാന്തോൽ മരഞ്ചാടിയും

ക്രൂരം ചേന്ന കുഠാരമല്ല, കുടിലും
കൈക്കൊണ്ടു മങ്ങാതെയ-
പ്പൂരത്തിങ്കൽ നടന്നിടുന്നൊരുവരെ-
ക്കുസാതെ ഗോസായിമാർ"

എന്നാണ്. ഈ പദ്യവും തമ്പുരാൻെറ പദ്യവും തമ്മിൽ വളരെ യോജിപ്പുണ്ട്. അങ്ങിനെ വരുന്നതിൽ അത്ഭുതവുമില്ല. വെണ്മണിയുടെ സഹജമായ "ശയ്യ" തമ്പുരാനും കൈവരേണ്ടതല്ലേ? ആ ജ്യേഷ്ഠാനുജന്മാർക്കു കവിതാവിഷയത്തിലും നല്ല യോജിപ്പും പൊരുത്തവും കാണാതിരിപ്പാൻ വഴിയുണ്ടോ?

തനിക്കു ശൃംഗാരവിഷയത്തിൽ പാടവമില്ലെന്നുള്ള ആക്ഷേപത്തെ ഖണ്ഡിക്കുവാനാണു തമ്പുരാൻ "ചന്ദ്രിക"നിർമ്മിച്ചതെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ നിലയ്ക്കു, ശൃംഗാരവിഷയത്തിൽ അദ്ദേഹം "ചന്ദ്രിക"യിൽ എത്രത്തോളം നൈപുണ്യം കാണിച്ചിട്ടുണ്ടെന്നാണ് ആ നാടികയെപ്പററി നിരൂപണം ചെയ്യുമ്പോൾ നമുക്കു മുഖ്യമായി പരിശോധിക്കുവാനുള്ളത്.

"താരേശാസ്യത്തിലോനുകിൽ മുടിചെറകാ-
ററേററ ചിന്നിക്കരത്തിൽ
ചേരും നൽപ്പുസ്തകത്തെച്ചെറുമുലകളണി-
ച്ചട്ടമേൽച്ചേർത്തുവെച്ചും
നേരേനോക്കുന്ന ബാലത്തരുണികൾനടുവിൽ-
ബ്ബാലികാപാഠശാലാ-
ദ്വാരേനാണിച്ചുനിന്നോരഴകൊഴുകിനപെൺ
പൈതലേതായിരിക്കും?"

മുതലായ പല പദ്യങ്ങളും ഇതിൽ ശൃംഗാരോദ്ദീപകത്വത്തിൻെറ വിജയക്കൊടി പറപ്പിക്കുന്നുണ്ട്. ശൃംഗാരമയമായ, എന്നാൽ ഒട്ടും ആഭാസമാവാത്ത, പദ്യങ്ങൾ പലതും "ചന്ദ്രിക"യിലുണ്ട്. അവയെ സംബന്ധിച്ചു പണ്ട് "വിദ്യാവിനോദിനി" ഏററവും അഭിനന്ദനീയമായ അഭിപ്രായം പറഞ്ഞിട്ടുമുണ്ട്. തമ്പുരാൻ, ശൃംഗാരരസം സ്ഥായിയായി ഉപയോഗിച്ചും കാവ്യനിർമ്മാണത്തിനു യാതൊരു പ്രയാസവും ഇല്ലെന്ന് 'ചന്ദ്രിക'തെളിയിച്ചു.

അക്കാലത്തുതന്നെയാണ് അന്നത്തെ ഭാഷാകവികൾ പലരും സ്വതന്ത്രനാടകങ്ങൾ നിർമ്മിക്കുവാൻ ഉദ്യുക്തരായതു്. "മധുരമംഗലം" എന്ന ഒരു സ്വതന്ത്ര "നാട്യപ്രബന്ധം" കൊച്ചുണ്ണിത്തമ്പുരാൻ, തൻെറ സഹജമായ രസികത്വം പ്രസ്പഷ്ടമാക്കി നിർമ്മിച്ചിട്ടുണ്ട്. കഥാനായകനായ "മധുരമംഗലം" നമ്പൂതിരി യഥാർത്ഥത്തിൽ വെണ്മണി മഹനാണെന്ന് ആ നാടകം സൂക്ഷ്മമായി പരിശോധിച്ച അന്നത്തെ സാഹിത്യരസികന്മാർ മനസ്സിലാക്കിയിരിക്കും. യഥാർത്ഥസംഗതികളെ ഫലിതരസപ്പൊടി വിതറി വിവരിക്കുന്ന ഒരുത്തമനാട്യപ്രബന്ധമാണു മധുരമംഗലം. അതിൽ വെണ്മണിമഹൻെറ കവിതാരീതിയെ പ്രത്യേകം അനുകരിക്കുന്ന ചില പദ്യങ്ങളുണ്ട്.

"പോകുന്നേൻ പുതുമേഘവേണി! കടുമാ—
കാണിക്കുമെൻ കാര്യമൊ—
ന്നാകുന്നീല, നമുക്കുജോലിപലതു—
ണ്ടില്ലത്തു മല്ലേക്ഷണേ!
ചാകുന്നോളവുമുള്ളിലിങ്ങിനെ മനോ—
രാജ്യം വിചാരിച്ചു,നിൻ
പാകം നോക്കിയിളിച്ചെനിക്കിനിവൃഥാ—
വാസം പ്രയാസം പ്രിയേ!"

എന്ന പദ്യം വെണ്മണിമഹൻെറതല്ലെന്നു സമർത്ഥിക്കുവാൻ അന്നു പല സഹൃദയന്മാരും കണക്കിലേറെ പ്രയാസപ്പെട്ടിട്ടുണ്ട്. വെണ്മണിമഹൻതന്നെ നമ്മുടെ കവിസദസ്സിൽ തുറന്നുപറയുകയുണ്ടായി, ആ പദ്യം തൻേറതുതന്നെയാണെന്ന് ആരും സമർത്ഥിക്കുമെന്നും, പക്ഷെ മൂന്നാംവരിയിൽ "ചാകുന്നോളവും" എന്നുള്ളതിന്നു താനാണെങ്കിൽ ആ "വരമൊഴി"പ്രയോഗത്തിനുപകരം "ചാകോളം" എന്നോ മറേറാ കേവലം സംസാരഭാഷയായ "വാമൊഴി"യേ ഉപയോഗിക്കുകയുള്ളൂ എന്നും. മധുരമംഗലത്തിൻെറ മധുരമയമായ സാഹിത്യഭംഗിയേയും, സരസമായ കഥാരചനാരീതിയേയും സഹൃദയന്മാർ മുക്തകണ്ഠം പുകഴ്ത്തുകയുണ്ടായി.

ഏതാണ്ട്, ആ കാലഘട്ടത്തിൽത്തന്നെയാണ് സുപ്രസിദ്ധകവിയായ ചമ്പത്തിൽ ചാത്തുക്കുട്ടിമന്നാടിയാരും "ജാനകീപരി

ണയം," "ഉത്തരരാമചരിതം" മുതലായ നാടകകജ്ജമകൾ പുറത്തിറക്കിയതു്. സുഗമമായ ഭാഷാരീതി, മൂലപദ്യങ്ങളോടു യോജിച്ച ഭാഷാപദ്യങ്ങൾ തുടങ്ങിയവയാൽ ജാനകീപരിണയം അഭിനന്ദനാർഹമായ ഒരു നാടകമാണ്. ഈ നാടകത്തെ നമ്മുടെ കവിസടസ്സ് ഉള്ളഴിഞ്ഞു ശ്ലാഘിച്ചിട്ടുമുണ്ട്.

"കാണാൻ സീതയെയെന്നു കണ്ണിരുപതും
തേടുന്നു മേ കൌതുകം
ക്ഷോണീനന്ദിനിതന്നെയൊന്നു പുണരാ-
മെന്നിങ്ങിനേ കൈകളും
കാണുമ്പോളവരം നിന്ദ്യമെന്നുകരുതും
രൂപംവെടിഞ്ഞീവിധം
താണുള്ളോരു മനുഷ്യരൂപമധുനാ
കഷ്ടം ധരിക്കാറമായ്."

എന്നു തുടങ്ങിയ പദ്യങ്ങളുടെ ആശയഗുണവും ലളിതമായ ഭാഷാരീതിയും സാഹിത്യരസികന്മാർക്ക് സമ്മതമാണ്. എന്നാൽ, ചാത്തുക്കുട്ടിമന്നാടിയാരുടെ "ഉത്തരരാമചരിതം" നാടകമാണ് അക്കാലത്തു സാഹിത്യലോകത്തിൽ കണക്കിലേറെ ഭിന്നഭിപ്രായങ്ങൾക്കും ബഹളങ്ങൾക്കും ഇടയാക്കിയതു്. ഭവഭൂതിയുടെ കൃതിയായ "ഉത്തരരാമചരിതം" നാടകം ഭംഗിയായി ഭാഷയിൽ അവതരിപ്പിക്കേണമെങ്കിൽ അതിയായ പാണ്ഡിത്യവും, അളവററ കവനപാടവവും ആവശ്യമാണ്. കരുണരസപ്രധാനമായ ആ നാടകത്തെ മന്നാടിയാർ തർജ്ജമചെയ്യുവാൻ തുടങ്ങിയ വിവരം അദ്ദേഹത്തിന്റെ സ്നേഹിതന്മാരും സാഹിത്യചിദ്വാന്മാരുമായ സി. പി. അച്യുതമേനോൻ, കുണ്ടൂർ നാരായണമേനോൻ തുടങ്ങിയ ചിലരെല്ലാം അറിഞ്ഞു. അന്നാകട്ടെ മലയാളനാടകം അഭിനയിക്കുവാൻ വിദഗ്ദ്ധതയുള്ള ചില നടന്മാരുമുണ്ടായിരുന്നു. കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ "അഭിജ്ഞാനശാകുന്തളം" നാടകം ഭംഗിയായി അഭിനയിച്ച് അരങ്ങത്തിറക്കി കാണികളെ രസിപ്പിക്കുവാൻ അന്നത്തെ സുപ്രസിദ്ധനടനായ കൊല്ലം നാരായണപിള്ളയും, നാടകവേദിയിൽ, മനോഹരമായ പാടവം പ്രത്യക്ഷപ്പെടുത്തുവാൻ തൃശ്ശിവപേരൂർ തെക്കെക്കുറുപ്പത്തു് രാമഞ്ചിറമഠത്തിൽ കാവമ്മയും കൊണ്ടുപിടിച്ചുസാഹിച്ചിരുന്നു. "ഉത്തരരാമചരിത"വും മനോ

ധർമ്മജ്ഞന്മാരായ നാടകകലാവിദഗ്ദ്ധന്മാരെക്കൊണ്ടു് അഭിനയിപ്പിച്ചു രംഗപ്രവേശത്തിന്നിടവരുത്തുവാൻ മന്നാടിയാർ ആഗ്രഹിച്ചു. അദ്ദേഹം എഴുതിത്തുടങ്ങിയ "ഉത്തരരാമചരിതം" ഭാഷാനാടകത്തിന്റെ കയ്യെഴുത്തുപകർപ്പു, തന്റെ മാന്യസ്നേഹിതന്മാരായ സി. പി. അച്യുതമേനോൻ മുതലായ ചില വിദ്വാന്മാരുടെ നോട്ടത്തിന്നിടയായി. എങ്ങിനെയോ മന്നാടിയാക്കു് ആ കയ്യെഴുത്തുപകർപ്പു തിരിച്ചുകിട്ടുവാൻ തല്ക്കാലം സംഗതിവന്നില്ല. അദ്ദേഹമാകട്ടെ, നിരാശകൊണ്ടു് വലിയ കുണ്ഠിതം പ്രദർശിപ്പിച്ചു. സി. പി. അച്യുതമേനോൻ മുതലായവരാകട്ടെ മന്നാടിയാർ, "ഉത്തരരാമചരിതം" മുഴുമിപ്പിച്ചു പുറത്തിറക്കുന്നതിന്നു മുമ്പു മറ്റൊരു ഉത്തരരാമചരിതം ഭാഷാനാടകമുണ്ടാക്കി വിദഗ്ദ്ധന്മാരായ നടന്മാരെക്കൊണ്ടു് അഭിനയിപ്പിച്ചു സഹൃദയസമ്മതി നേടണമെന്നും തീർച്ചപ്പെടുത്തി. സാഹിത്യവിഷയത്തിൽ മന്നാടിയാക്കും, അച്യുതമേനവപ്രഭൃതികൾക്കും തമ്മിലുള്ള മത്സരബുദ്ധിയാണിതിന്നെല്ലാം കാരണമെന്നു മാന്യവായനക്കാർ അനുമാനിയ്ക്കുമല്ലൊ. അച്യുതമേനോൻ വലിയ വാശിയോടുകൂടി, തന്റെ ഉദ്ദേശത്തെ മുൻനിർത്തി കൊടുങ്ങല്ലൂർ കവിസമാജത്തെ സ്വാഭിലാഷവും, ആവശ്യവും അറിയിച്ചു. കവിസമാജക്കാരാകട്ടെ, അദ്ദേഹത്തെ സഹായിപ്പാൻ സന്നദ്ധരുമായി. അങ്ങിനെ, കവിസമാജാംഗങ്ങൾ "ഉത്തരരാമചരിതം" നാടകം തമ്മിൽ പകുത്തെടുത്തു ഒന്നോ രണ്ടോ രാത്രികൊണ്ടു് അതു പരിഭാഷപ്പെടുത്തിയെന്നേ പറയേണ്ടു. കൊച്ചുണ്ണിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻതമ്പുരാൻ, വിദ്വാൻ കുഞ്ഞിരാമവർമ്മതമ്പുരാൻ, കുണ്ടൂർ നാരായണമേനോൻ, നടുവത്തു മഹൻനമ്പൂതിരി, കാത്തുള്ളി അച്യുതമേനോൻ, കൂനേഴത്തു പരമേശ്വരമേനോൻ തുടങ്ങിയവർ ആ വിഷയത്തിൽ സി. പി.യെ സഹായിച്ചു. അദ്ദേഹവും തജ്ജമയിൽ പല ഭാഗങ്ങളിലും കൈവെയ്ക്കുകയുണ്ടായിട്ടുണ്ടു്. എന്നാൽ ഈ നാടകം ദ്രുതകവനരീതിയിൽ ഉണ്ടാക്കപ്പെട്ടതിനാൽ അതിലടങ്ങിയ പദ്യങ്ങളിൽ പലതിന്നും വളരെ മേന്മയില്ലെന്നു പറയാം. എങ്കിലും

"സീതാദേവികനിഞ്ഞു കൈത്തളിരിനാ-
ലീന്തൽക്കരുനും കൊടു-
ത്തേതാനും കളികണ്ടുപോററിയൊരുകൊ-
ച്ചാനക്കിടാവില്ലയോ

ജാതോല്ലാസമിണങ്ങിട്ടും പിടിയൊടൊ-
ത്താററിൽക്കളിക്കുമ്പൊള-
ങ്ങേതോ മറെറാരുമത്തഹസ്തിയതിനെ-
ക്കുത്താനടുക്കുന്നിതാ".

എന്നിത്യാദി ചില പദ്യങ്ങൾ മൂലത്തോടു് ഒത്തുനോക്കി പരിശോധിച്ചിട്ടുള്ള സഹൃദയന്മാർ അവയുടെ ആശയഭംഗിയേയും രചനാഗുണത്തേയും പ്രത്യേകം പുകഴ്ത്തിയിട്ടുണ്ടു്. മേലുദ്ധരിച്ച പദ്യത്തിന്നു യോജിച്ച മന്നാടിയാരുടെ "ഉത്തരരാമചരിത"ത്തിലുള്ള പദ്യം നോക്കുക.

"മുമ്പേതാനക്കിടാവേ സ്വകരകലിതമാം
സല്ലകീപല്ലവത്തെ-
ത്തുമ്പിക്കയ്യൊട്ടിയെത്തുന്നളവവനിജതാ-
നേകിനന്നായ്വളത്തി
അംഭസ്സിൽക്കാന്തയോടും കുതുകമൊടുകളി-
ക്കുന്നനേരം മദത്താൽ
വമ്പൻ കുംഭീന്ദ്രനന്യൻ ദ്രുതമവനെയെതി-
ക്കുന്നു വന്നെത്തിമുന്നിൽ".

ഈ രണ്ടു പദ്യങ്ങളിൽ കൂടുതൽ ചമല്ക്കാരം മേനോൻെറ പരിശ്രമത്താലുണ്ടായ ഉത്തരരാമചരിതത്തിലെ ശ്ലോകത്തിന്നുതന്നെയാണെന്നു തോന്നുന്നു. ആ പദ്യം മേനോൻതന്നെ രചിച്ചിട്ടുള്ളതുമാണു്. ഇനിയും താരതമ്യപഠനത്തിന്നു രണ്ടു വിവർത്തനങ്ങളിൽനിന്നും രണ്ടു മൂന്നു പദ്യങ്ങൾകൂടി ഇവിടെ ഉദ്ധരിക്കാം.

"തള്ളിത്തിങ്ങിക്കലങ്ങിപ്പെരുകുമഴലിനെ-
ത്തെല്ലൊതുക്കുന്നതിന്നാ-
യുള്ളത്തിൽ തൽക്ഷണം ഞാൻ പലവിധമിഹ ചെ-
യ്യുന്നയത്നത്തെയെല്ലാം
വെള്ളത്തിൻ വേഗമേറും ഗതിമണലണയെ-
ത്തട്ടിനീക്കുന്നപോലേ
തള്ളിത്തള്ളിപ്പരത്തുന്നിതുബതവലുതാ-
യുള്ളചേതോവികാരം".

(മന്നാടിയാർ)

"വല്ലാതേകണ്ടു നില്ലാതിളകിമറിയുമ-
ളൊന്നുറപ്പിപ്പതിന്നെ-
ന്തെല്ലാം പാരം ഘണിപ്പെട്ടടനുകമതിൽഞാൻ
ചെയ്യ,തെന്നാലതെല്ലാം
തള്ളിബ്ഭേദിച്ചു കേറുന്നിതുവലിയൊരുചേ-
തോവികാരം ബലത്തിൽ
ത്തള്ളിച്ചാടും ജലം മൺചിറയതിനെയുമാ-
ക്കുത്തിനാലെന്നപോലെ".

(മേനോൻ മുതലായവർ)

"ചൂടേററിട്ടൊട്ടു ഞെട്ടററലർനിരയെമറി
ച്ചാനഗണ്ഡങ്ങൾ തേച്ചി-
ട്ടാടുമ്പോളാശു ഗോദാവരിയിലിഹപൊഴി-
ക്കുന്നു തീരദ്രുമങ്ങൾ
കൂടേറിപ്രാവുപൂങ്കോഴികൾകരയുമിവ-
ററിൻെറ തോലിൽച്ചരിക്കും
കീടത്തെച്ചെന്നു കൊത്തുന്നിതുനിഴലിലിരു-
ന്നൂഴിമാന്തും ഖഗങ്ങൾ".

(മന്നാടിയാർ)

"മത്തേഭേന്ദ്രൻ തരിക്കും കടമുടനുരസു-
മ്പോൾ പ്രകമ്പിക്കയാൽ വൈ-
ലത്തൊപ്പം ഞെട്ടിവിട്ടിട്ടതിരുമണിസുമം
കൊണ്ടു ഗോദാവരിക്കായ്
ഒത്തച്ചിക്കുന്നു ചിക്കിപ്പഴവിനെ നിഴലിൽ-
പ്പക്ഷി കൊത്തുന്നതോലൊ-
ത്താത്ത്യാപൂങ്കോഴി മാടപ്പിടകൾ കരയുമാ-
ത്തീരനീഡദ്രുമങ്ങൾ".

(മേനോൻ മുതലായവർ.)

മേലുദ്ധരിച്ച രണ്ടു പദ്യങ്ങളിലും മന്നാടിയാക്കുതന്നെയാണ് മേന്മ. ഇനിയും ഉദാഹരണങ്ങൾ ഉദ്ധരിച്ച് ഈ അദ്ധ്യായം വലുതാക്കുന്നില്ല.

കുറെക്കാലം കഴിഞ്ഞശേഷം, മന്നാടിയാരുടെ നിയ്യാണത്തെ ആസ്പദിച്ച, അനുശോചനരീതിയിൽ കുഞ്ഞിക്കുട്ടൻതമ്പുരാൻ "മലയാള മനോരമ"യിൽ

"മന്നാകവേ മഹിതകീർത്തിവളർത്ത മാന്യൻ
മന്നാടിയാരുമധുനാ മൃതനായി കഷ്ടം!
നന്നായമട്ടിലിനി നാടകതജ്ജമയ്ക്കി-
ല്ലിന്നാരുമിദ്ധരയിലെന്നതുവന്നുകൂടി."

എന്നാണു വിലപിച്ചിട്ടുള്ളത്. ഇതുകൊണ്ടും വ്യക്തമാകുന്നുണ്ടല്ലോ മന്നാടിയാക്കു നാടകതജ്ജമയിലുള്ള പാടവം.

മന്നാടിയാരാകട്ടെ, തൻെറ ഉത്തരരാമചരിതം കയ്യെഴുത്തു പകർപ്പ്, ആ നാടകം മുഴുമിക്കുന്നതിന്നുമുമ്പു പൊയ്പോയതിനെ അഥവാ അതു കമ്പളിക്കപ്പെട്ടതിനെ ആസ്പദമാക്കി, താൻ ഒടുവിൽ ശരിപ്പെടുത്തിയ "ഉത്തരരാമചരിതം" നാടകത്തിൻെറ "പ്രസ്താവന"യിൽ

"സീതാദേവിയെ രാക്ഷസേന്ദ്രനതുപോ-
ലിഗ്രന്ഥവും വ്യാജമോ-
ടേതാനുംചിലരോടു ചേന്നൊരു പുമാൻ
തങ്കയ്ക്കലാക്കീടിനാൻ
പിന്നെത്തന്നുടെയാക്കുവാൻ പദമതിൽ-
ച്ചേർത്തീടിലോ നിന്ദ്യമാ-
യെന്നും സീതയെയെന്നപോലിതിനെയും
ശങ്കിക്കുമല്ലോ ജനം."

എന്ന പദ്യംകൊണ്ടു തനിക്കു ആദ്യംനേരിട്ട ബുദ്ധിമുട്ടിനെപ്പററി ഒരുവിധം വ്യക്തമാക്കീട്ടുമുണ്ട്.

ഈ നിലയിലെല്ലാം അന്നുണ്ടായ സാഹിത്യവ്യവസായകോലാഹലങ്ങൾക്കിടയിൽ മത്സരബുദ്ധിയോടുകൂടിയ പോരാട്ടങ്ങൾ അപ്പോഴത്തെ കവികൾ തമ്മിൽ നടന്നിട്ടുണ്ടെങ്കിൽക്കൂടി, അവരാരും വിദ്വേഷബുദ്ധി ഉള്ളിൽ വെച്ചുകൊണ്ടിരുന്നിട്ടില്ല. സാഹിത്യപരമായ മത്സരങ്ങളെ കേവലം വിനോദരീതിയിലേ അവർ അന്നു പരിഗണിച്ചിരുന്നുള്ളൂ. അന്നത്തെ സാഹിത്യകാരന്മാരുടെ മനോഗുണത്തിന്നും, അവർക്കു തങ്ങളുടെ കൂട്ടാളികളോടുള്ള സ്നേഹത്തിന്നും കുറ്റം കണക്കും ഉണ്ടായിരുന്നില്ല. സാഹിത്യമത്സരങ്ങൾ യഥാർത്ഥത്തിൽ കാലദേശാവസ്ഥകൾക്കനുരൂപമായ സാഹിത്യവളർച്ചയും അതാതു കാലത്തെ സാഹിത്യപരിശ്രമങ്ങളുടെ സ്ഥിതിഗതികളും, മനസ്സിലാക്കുന്നതിന്നു വളരെ ഉപകാരപ്പെടുമെന്നാണവർ വിശ്വസിച്ചതു്. പരമാർത്ഥം പറയുകയാണെങ്കിൽ,

അങ്ങിനെയുള്ള സാഹിത്യവിനോദങ്ങൾ ഏതു സാഹിത്യത്തിന്നും ഏററവും ഉപകാരപ്പെട്ടവയാണെന്നും, ആംഗലേയാദി സാഹിത്യങ്ങളിലും ആ രീതിയിലുള്ള പല സാഹിത്യസമരങ്ങളും നടന്നിട്ടുണ്ടെന്നും നമുക്കറിയാമല്ലോ. എന്നാൽ, ഇന്നത്തെ ഭാഷാസാഹിത്യത്തിലെ സ്ഥിതി അങ്ങിനെയൊന്നുമല്ലെന്നു ഈ സന്ദർഭത്തിൽ രേഖപ്പെടുത്തേണ്ടിവരുന്നതിൽ എനിക്കു വളരെ വ്യസനമുണ്ട്.

കൊടുങ്ങല്ലൂർ കവിസദസ്സിൻെറ ആഭിമുഖ്യത്തിലും പ്രേരണയിലും മേലുദ്ധരിച്ചനിലയിൽ പല നാടകങ്ങളും പ്രകാശിതങ്ങളായി. വെണ്മണിമഹൻെറ "പീയൂഷ വീയ്യോദയം," "പുരന്ദരാരുണം," "അതിമോഹം" എന്നീ രസകരങ്ങളായ നാടകങ്ങളും, "കാമതിലകംഭാണം" മുതലായ ദൃശ്യകാവ്യങ്ങളും അവയിൽ പ്രസ്താവ്യങ്ങളാണ്. പൊതുവിൽ ഭാഷാനാടകങ്ങളുടെ ആവിർഭാവത്തിന്ന് ആ കവിസദസ്സ മുഖ്യമായ പങ്കെടുത്തിട്ടുണ്ട്. "കോട്ടയം കവിസമാജ"ത്തിൻെറ ആഭിമുഖ്യത്തിൽ ആവിർഭവിച്ചതും, ചങ്ങനാശ്ശേരി രവിവർമ്മ കോയിത്തമ്പുരാൻെറ കൃതിയുമായ "കവിസഭാരഞ്ജനം" നാടകം പരിശോധിച്ചാലും അന്നത്തെ നാടകകർത്താക്കന്മാരെപ്പററിയും മററും നമുക്കു പല കാര്യങ്ങളും വിശദമായി മനസ്സിലാക്കുവാൻ കഴിയുമെന്നുകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

ഒമ്പതാമദ്ധ്യായം.

കവിപുഷ്പമാലയും തദനുരൂപമായ കൃതികളും

കൊടുങ്ങല്ലൂർ കോവിലകം ഭാഷാസാഹിത്യവ്യവസായങ്ങളെ സംബന്ധിച്ചേടത്തോളം പല പുതിയ പ്രസ്ഥാനങ്ങൾക്കും മാർഗ്ഗദർശകമായിരുന്നുവെന്നു മുൻ അദ്ധ്യായങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവയ്ക്കെല്ലാം മുഖ്യമായി "ചരടുപിടിച്ചവർ" കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരും, വെണ്മണി നമ്പൂതിരിപ്പാടന്മാർ തുടങ്ങിയ കവികളുമാണ്. വെണ്മണി മഹൻനമ്പൂതിരിപ്പാട്, അക്കാലത്തു സമകാലീനന്മാരായ ഭാഷാകവികളെ അവരുടെ യോഗ്യതാനുസരണം പുഷ്പങ്ങളോടുപമിച്ചുണ്ടാക്കിയ സരസകൃതിയാണു "കവിപുഷ്പ

മാല." എന്നാൽ, പ്രകൃതിയുടെ കാര്യത്തിൽ, അദ്ദേഹത്തിന്നു അങ്ങിനെയൊരു രീതിയിൽ കാവ്യനിർമ്മിതിക്ക് ഔത്സുക്യമുണ്ടായതു കാത്തുള്ളി അച്യുതമേനോൻ വഴിക്കാണെന്നു ഇന്നുള്ള സാഹിത്യരസികന്മാരിൽ അധികപേരും ധരിച്ചിരിപ്പാനിടയില്ല. അച്യുതമേനോൻ, അക്കാലത്തെ ഭാഷാകവികളിൽ മിക്കവരേയും പുഷ്പങ്ങളോടുപമിച്ചു ഒരു കൃതിയുണ്ടാക്കി, അതിനെപ്പററിയുള്ള അഭിപ്രായമറിയുവാൻ വെണ്മണിമഹന്നയച്ചുകൊടുത്തു. വെണ്മണിമഹനും അച്യുതമേനോനും മിക്കപ്പോഴും വിട്ടുപിരിയാത്ത പ്രാണസ്നേഹിതന്മാരായിരുന്നു. കൊച്ചുണ്ണിത്തമ്പുരാൻ തുടങ്ങിയ മഹാശയന്മാരും അച്യുതമേനോൻെറ മാന്യമിത്രങ്ങളായിരുന്നു. മേനോൻ, താൻ നിർമ്മിക്കാറുള്ള കൃതികളെല്ലാം അവരെയൊക്കെ കാണിച്ച് അവരുടെ അഭിപ്രായഗതി അറിയിക്കാറുമുണ്ടായിരുന്നു എന്നാൽ, കവികളെ പുഷ്പങ്ങളോടുപമിച്ചു താനുണ്ടാക്കിയ കൃതിയെ സംബന്ധിച്ചേടത്തോളം മേനോൻ കൊച്ചുണ്ണിത്തമ്പുരാൻെറ സഹായം കൂടുതൽ ആവശ്യപ്പെടുകയുണ്ടായി. ആ ഘട്ടത്തിൽ വെണ്മണിമഹൻ അല്പം സുഖക്കേടായി തൻെറ ഇല്ലമായ വെള്ളാരപ്പിള്ളി (കൊച്ചിരാജ്യത്തു ചൊവ്വര റെയിൽവെസ്റ്റേഷനിൽനിന്ന് അല്പം കിഴക്ക്)യിലായിരുന്നു താമസിച്ചത്. അതിനാൽ, പ്രസ്തുത കൃതി നിർമ്മിക്കുവാൻ തുടങ്ങിയപ്പോൾ അദ്ദേഹത്തിന്ന് അതിനെപ്പററി വെണ്മണിയോടാലോചിപ്പാൻ സാധിച്ചില്ല. മേനോൻ കാവ്യം എഴുതി മുഴുമിപ്പിച്ചപ്പോൾ, ഒരു കത്തോടുകൂടി, അതു കൊടുങ്ങല്ലൂർ കവിസ്കൂൾസ്സിലെ ഒരംഗമായ തൈയ്ക്കാട്ട് ഇട്ടീരിമൂസ്സിൻെറ പക്കൽ വെണ്മണിക്ക് അഭിപ്രായത്തിന്നയച്ചുകൊടുത്തു. മേനോൻെറ കത്തും, കാവ്യവും കൈപ്പററി വളരെക്കാലം കഴിഞ്ഞിട്ടും അതിന്നു വെണ്മണി തക്ക ഒരു മറുപടിയോ, കാവ്യത്തെക്കുറിച്ചുള്ള അഭിപ്രായമോ അയച്ചുകൊടുക്കുകയുണ്ടായില്ല. വാസ്തവത്തിൽ, വെണ്മണി ദീനം അധികരിച്ചതിനാലാണു, മനോവികാസത്തിന്നിടയില്ലാത്ത ആ സന്ദർഭത്തിൽ കേവലം മൌനം ദീക്ഷിച്ചത്. മേനോൻ സംഗതികളുടെ പരമാർത്ഥമറിയാതെ, തൻെറ പ്രാണസ്നേഹിതൻ സ്വകാവ്യത്തേയും, കത്തിനേയും വഴിപോലെ ആദരിച്ചില്ലെന്ന തെററിദ്ധാരണയാൽ, ഏറെക്കുറെ പരിഭവിച്ചു വെണ്മണിക്കൊരു കത്തയച്ചു. "സ്നേഹമുള്ളേടത്തേ പരിഭവമുള്ളൂ" എന്ന പഴമൊഴിപ്രകാരമാണ് മേനോൻ വെണ്മണിക്കു നിശിതമായ ആ

കത്തയച്ചതെങ്കിലും, നിരപരാധിയായ വെണ്മണിക്കു അതു തീരെ രസിച്ചില്ല. ഉടനെ അദ്ദേഹം മേനോൻെറ കാവ്യം സൂക്ഷ്മമായി പരിശോധിച്ച് ഒരു മറവടി ഗൌരവമായ നിലയിൽ എഴുതുവാൻ തീർച്ചപ്പെടുത്തി. മാത്രമല്ല, മേനോൻ തൻെറ കൃതിയിൽ അന്നത്തെ പല പ്രധാനകവികളേയും ഓരോ പുഷ്പത്തോടുപമിച്ചിട്ടുള്ളതിൽ അനൌചിത്യം വളരെയുണ്ടെന്നും വെണ്മണിക്കു തോന്നി. "പാഷ്ണാട്ടു" നമ്പൂതിരി എന്ന ഒരു കവി വളരെ യോഗ്യനല്ലെങ്കിലും, അദ്ദേഹത്തെ കഠിനമായി അവമാനിക്കുവാൻ മാത്രമായി— മനഃപൂർവ്വമായിട്ടെന്നുതന്നെ പറയാം—ഒരു പദ്യം കേവലം ഗ്രാമ്യമായ നിലയിൽ അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടായിരുന്നു. കവനവിഷയത്തിൽ കാര്യമായ യോഗ്യത ആ സാധുനമ്പൂതിരിയ്ക്കില്ലെങ്കിൽ, അദ്ദേഹത്തെ അത്രയൊക്കെ വഷളാക്കണമോ എന്ന് അനുഭാവപൂർവ്വകമായ, ഒരഭിപ്രായവും നിഷ്കളങ്കമതിയായ വെണ്മണിയുടെ മനസ്സിൽ വേരൂന്ന. ആ പദ്യം മേനോനു കൊച്ചുണ്ണിത്തമ്പുരാൻ എഴുതിക്കൊടുത്തതാണെന്നും, അതിൽ, വിദ്വേഷബുദ്ധിയാണ് കൂടുതലായി പ്രതിബിബിക്കുന്നതെന്നും വെണ്മണി സൂക്ഷ്മമായി ഗ്രഹിച്ചു. മേനോൻ, വാസ്തവത്തിൽ തൻെറ ഉററ സ്നേഹിതനായാലും, കൊച്ചുണ്ണിത്തമ്പുരാൻ തുടങ്ങിയ യോഗ്യന്മാരുടെ സഹായം അദ്ദേഹത്തിനുണ്ടെങ്കിലും, അങ്ങിനെ ഒരു കഠിനക്രിയക്കുദ്യുക്തനായതുകൊണ്ട്, ഒരു പാഠം അദ്ദേഹത്തെ പഠിപ്പിക്കേണമെന്നും വെണ്മണി തീർച്ചയാക്കി.

"പാഷ്ണാടൻ," പട്ടിനക്കിക്കൂമി പുഴകളരി-
ച്ചീച്ചയാക്കുന്നകണ്ടാ-
ലോക്കാനിച്ചീടുമെച്ചിക്കഴിയതിലുളവാം
കാഹളപ്പൂവതത്രെ"

എന്നതാണ് മേനോൻെറ കൃതിയിലുള്ള പ്രസ്തുതപദ്യത്തിൻെറ ഉത്തരാർദ്ധം. കൊച്ചുണ്ണിത്തമ്പുരാൻെറ കൈ, അതിലുണ്ടെന്ന് അതിൻെറ ആശയം, ശയ്യ മുതലായവയാലും വെണ്മണി ഊഹിച്ചു. അങ്ങിനെ, വിദ്വേഷബുദ്ധി പ്രകടിപ്പിച്ചവരെ ഒരിക്കലും വെറുതെ വിട്ടുകൂടെന്നു നിശ്ചയിച്ചു വെണ്മണി, മേനോൻെറ കവിതയിൽ ഓരോ കവിയ്ക്കും കൊടുത്തിട്ടുള്ള സ്ഥാനം താൻ നിർദ്ദേശിക്കുന്ന വിധത്തിലായിരിക്കേണമെന്നു കാണിച്ചു കവിതയിൽത്തന്നെ ഒരു കത്തെഴുതി. ആ കത്തിൽ, ആദ്യമായി അദ്ദേഹം "രാമബാണ"ത്തെ

"ശങ്കാഹീനം ശശാങ്കാമലതരയശസാ-
കേരളോല്പന്നഭാഷാ
വങ്കാട്ടിൽ സഞ്ചരിക്കും "സിതമണി"ധരണീ-
ദേവഹയ്യക്ഷവയ്യൻ
ഹുങ്കാരത്തോടടുക്കും കവികരിനിടിലം
തച്ചുടയ്ക്കുമ്പൊഴം നിന്ദാ-
ഹങ്കാരം പൂണ്ടനിയ്യാമൊരു കവനരിയെ-
ക്കൂസുമോ കുന്നിപോലും?"

എന്ന പ്രൌഢപദ്യമാണ് എഴുതിച്ചേർത്തത്. മേലുദ്ധരിച്ച പദ്യത്തിലെ ഭംഗിയായ അലങ്കാരപ്രയോഗം മേനോനെ പ്രത്യേകം ഇടിച്ചമർത്തുന്ന ഒന്നായിരുന്നുവെന്നു വിശദമാകുന്നുണ്ടല്ലൊ. വെണ്മണി തൻെറ കത്തു തുടർന്നത്, ഇപ്രകാരമാണ്.

"ഇട്ടീരിമൂസ്സിനുടെ കയ്യിലയച്ച പത്രം
കിട്ടീ വിധങ്ങൾ വിവരിച്ചുമനസ്സിലായി
ഞെട്ടീലതെല്ല,മതുമല്ലതിനാലകത്തു
പോട്ടീ നമുക്കു പരിചിൽ പരിഹാസഹാസം"

എന്നും

"കാത്തുള്ളിലച്ചുത! കവിതാമതോർത്തു,വല്ലാ
തിത്തുള്ളൽവേണ്ടവഴിയ,ല്ലവതാളമാകം
പേർത്തുള്ളിലായതുനിനച്ചൊരുമട്ടൊതുങ്ങി-
പ്പാർത്തുള്ളകാലമൊരുമുക്കിലിരിക്ക നല്ലൂ."

എന്നും

"അമരാടുകിലച്ചുതാഖ്യ! സാക്ഷാ-
ലമരാധീശസമാനമാനിയാം നീ
അമരാ ദുഷമെന്നെയൊന്നു നിന്ദി-
ച്ചമരാതിട്ടിഹ കൊട്ടയാട്ടിടൊല്ലേ?"

എന്നും

"ദീനംപിടിച്ചു ദിവസംപ്രതിയുള്ള ബുദ്ധി-
ക്കുനംഭവിച്ചു മരുവീടുമൊരെന്നൊടിപ്പോൾ
മാനംനടിച്ച തവ വാക്കുകൾനന്നുനന്നു
..."

എന്നും മററമായിരുന്നു. വഴിയെ, മേനോൻ കാവ്യത്തിലെ പ്രധാന വിഷയമായ "കവിസമാനധർമ്മ"ത്തെ കഠിനമായ നിരൂപണം ചെയ്തു, വെണ്മണി സ്വാഭിപ്രായാനുസരണം ഏതാനും പദ്യങ്ങൾ എഴുതിച്ചേർത്തു. അവയിൽ ചില പദ്യങ്ങൾ ഇവിടെ ഉദ്ധരിക്കാം.

വെണ്മണി പറയുന്നു, മേനോൻ തന്നെ പനിനീർപൂവോടുപമിച്ചതു പററിയില്ലെന്ന്. ആ പൂവിന്നുള്ള യോഗ്യത തനിക്കില്ലെന്നു അദ്ദേഹം തുറന്നുപറയുന്നതിന്നു പുറമേ, മേനോൻ അങ്ങിനെ ചെയ്തതു തൻെറ സേവയ്ക്കാണെന്നും വെണ്മണി പറയുന്നു. അതു സംബന്ധിച്ചുള്ള വെണ്മണിയുടെ പദ്യം നോക്കുക.

"കൊണ്ടൽക്കാർവ്വേണിമാലാമണികളണിമണി-
ക്കുന്തലിൽച്ചന്തമോടും
കൊണ്ടാടിച്ചേർത്തുവാർത്തും പരിമൃദുപനിനീർ
പ്പിച്ചകത്തിൻ മഹത്വം
ഉണ്ടോ പാർത്താലെനിക്കിന്നസുലഭതരമാ-
ണെങ്കിലും ഹന്ത! വേണ്ടെ-
ന്നുണ്ടാമോ? മെച്ചമാകുന്നതിനുകൊതിനര-
ന്മാർക്കതെല്ലാർക്കുമുണ്ടാം."

ഈ പദ്യത്തിൽനിന്നു വെണ്മണിയുടെ സ്വാഭാവികമായ വിനയവും, തനിക്കുള്ള സഹജമായ രസികത്വവുമാണു വെളിവാകുന്നതു്. അന്നത്തെ കവികുലഗുരുവായ വെണ്മണി അച്ഛൻനമ്പൂതിരിപ്പാട്ടിലേയ്ക്കു് അച്യുതമേനോൻ കല്പിച്ച സ്ഥാനവും വെണ്മണിക്കു രസിച്ചില്ല. ആ വിഷയത്തിൽ വെണ്മണി പറയുന്നതു,

"കൈനാറിപ്പൂവിനോടും കളതരകനക-
ത്താമരപ്പൂവിനോടും
സാനന്ദം ജാതിയോടും സരസപരിമളോൽ
ഫുല്ലമാം മുല്ലയോടും
നാനാദിക്കും നിറഞ്ഞീടിനനവയശസാ
മിന്നുമെന്നച്ഛനെച്ചെ-
റുനംകൂടാതെ ചേർക്കാമിതിലൊരുസുമമായ്-
ച്ചേർത്തതെന്തോർത്തതില്ലേ?"

എന്നാകുന്നു. കൈനാറിപ്പൂവ്, താമരപ്പൂവ്, പിച്ചകം, മുല്ല ഈ നാലു വിശിഷ്ട പുഷ്പങ്ങളിൽ ഒന്നാകേണ്ടതായിരുന്നു തൻെറ അച്ഛനായ വെണ്മണി അച്ഛനെന്നും, മേനോൻ അദ്ദേഹത്തിന്നു നൽകിയ സ്ഥാനം ഒരിക്കലും ശരിയായിട്ടില്ലെന്നുമാകുന്നു വെണ്മണി വെളിവാക്കുന്നതു്. കൊച്ചുണ്ണിത്തമ്പുരാനെ ഏററവും വിശിഷ്ടമായ ഒരു പുഷ്പമാക്കിയ മേനോൻ,

"കോട്ടംതീൎന്നു ഗുണംതികഞ്ഞ രസികൻ
കൊച്ചുണ്ണി ഭൂപാലക-
ശ്രേഷ്ഠൻ നല്ലൊരുയോഗ്യനോ കുസുമമീ
മൂന്നോടുചേൎന്നീടുവാൻ
കേട്ടാൽ ഭംഗിചുരുക്കമല്ലരസമ-
ദ്ധാരാളമിത്യാദികൊ-
ണ്ടാട്ടേ, നൽപ്പവിഴാഖ്യമല്ലികയതാ-
കട്ടേ പകിട്ടെന്നിയേ"

എന്നു പദ്യത്തിലടങ്ങിയ അഭിപ്രായമാണു കൈക്കൊള്ളേണ്ടിയിരുന്നതെന്നും കൂസൽകൂടാതെ വെണ്മണി പ്രസ്താവിക്കുന്നു. തമ്പുരാൻ വമ്പനാണെങ്കിൽക്കൂടി, സേവയ്ക്കുവേണ്ടി അദ്ദേഹത്തെ അതിശയോക്തിക്കു പ്രത്യക്ഷനിദശ്നമെന്ന നിലയിൽ ശ്ലാഘിച്ചതും വെണ്മണിക്കിഷ്ടമായില്ല. ഒരാൾ എത്ര വമ്പനായാലും അയാളുടെ കാൎയ്യം തുറന്നു പറയുന്നതിൽ വെണ്മണിക്കു യാതൊരു മുഖംനോട്ടവും ഉണ്ടാകാറില്ല. നടുവത്തച്ഛൻനമ്പൂതിരി നല്ല ഭാഷാകവിയാണെന്നു പറയുവാൻ ആരും ശങ്കിക്കാറില്ല. അദ്ദേഹം, കൊടുങ്ങല്ലൂർ കവിസദസ്സിലെ ഒരു പ്രധാനാംഗവും, തൻെറ പ്രിയമിത്രവുമാണെങ്കിലും, മേനോൻ അദ്ദേഹത്തെ "കൊന്നപ്പൂ"വാക്കിയതു സേവയ്ക്കുവേണ്ടിയാണെന്നു സൂചിപ്പിച്ചുകൊണ്ടു്, ആ വിഷയത്തിൽ ഫലിതമയമായ ഒരു പദ്യമാണ് വെണ്മണി നിൎമ്മിച്ചിട്ടുള്ളതു്. അതിപ്രകാരമാകുന്നു:—

ഒന്നിപ്പോളോൎക്കണം നീ,യൊരുപരിമള-
മില്ലെങ്കിലും കൊന്നകാന്ത്യാ
പൊന്നായ്പ്പോരാടിടുന്നു,ണ്ടതുകണിയതിന്നും
മുഖ്യമാണായതൊന്നും

നിന്നുപ്പുവോത്തിടാതീ "നടുവ"വസുമതീ-
ദേവനെക്കഷ്ടമെന്തി-
ക്കൊന്നപ്പുവാക്കുവാനിന്നവനുഗ്രണമിതിൽ
ക്കൂട്ടുവാൻ കോഴതന്നോ?"

നടുവത്തച്ഛൻനമ്പൂതിരിയെ കൊന്നപ്പുവാക്കിയതു മേനോന്ന് അദ്ദേഹം കൈക്കൂലികൊടുത്തിട്ടാണോ എന്നുകൂടി ചോദിക്കുന്നതു കൊണ്ടു വെണ്മണിയുടെ മുഖംനോക്കാതെ കാര്യം പറയുവാനുള്ള ധൈര്യമാണ് സ്പഷ്ടമാകുന്നത്. ആ കൃതിയിൽ അഥവാ വർണ്ണനത്തിൽ അതിസുഭഗനായ നടുവത്തച്ഛൻ, കൊന്നപ്പുവിന്നു തുല്യൻ തന്നെയായിരുന്നുവെന്നൊരഭിപ്രായം വെണ്മണിയുടെ ആക്ഷേപങ്ങൾ കേട്ടശേഷം മേനോൻ ചിരിച്ചുകൊണ്ടു പറഞ്ഞതായി കേട്ടിട്ടുണ്ട്. ഏതായാലും, ആ ഒരു വിഷയത്തിൽ നടുവത്തെ കൊന്നപ്പുവാക്കിയതിൽ മേനോന്റെ മനോധർമ്മമർമ്മജ്ഞതയെപ്പുകഴ്ത്തുവാൻ അസ്മാദൃശർ തയ്യാറാണ്. വയസ്സര മൂസ്സിനെ ആമ്പൽപ്പുവോടാണു മേനോൻ ഉപമിച്ചതു്. അതും വെണ്മണിക്കു പിടിച്ചില്ല. ആ വിഷയത്തിൽ അദ്ദേഹം പറയുന്നതു്,

കല്യന്മാരാം കവിപ്രൌഢകമകുടതടാ-
ശ്ലിഷ്ടസൂസ്പഷ്ടവജ്ര-
ക്കല്ലായുള്ളോൽ നീതാൻ വലിയൊരുകവിയാ-
ണെങ്കിലും ശങ്കയെന്യേ
ചൊല്ലേറം വായ്ക്കരെക്കാറംപരിചിലൊരിരുപ
ത്തഞ്ചുകല്ലിങ്ങുതാഴ-
ത്തല്ലോനിൽക്കുന്നു ചാടിക്കയറകിലുടനേ
വീണുടൻ കേണിടുംനീ."

എന്നും,

"വമ്പേറം വായ്ക്കുരക്ഷ്മാസുരനരിയഭിഷ-
ഗ്വര്യനായ്ക്കുന്റെ കാര്യം
ചെമ്പാണെന്നോർത്തൊരാമ്പൽക്കുസുമമൊടുസമം
ചേർത്തതും ഭംഗിയായോ?
ആമ്പൽപ്പുവിന്നു സാരസ്യമതൊരുവിധമു-
ണ്ടെങ്കിലും തന്മഹത്വം
ജൃംഭിക്കും നല്ല കൈതപ്പുതുമണിമലരായ്-
തർക്കമില്ലൊക്കുമല്ലോ"

എന്നും മററമാകുന്നു. അന്നു ഒരുവിധം ഭാഷാകവിതകൾ നിർമ്മിക്കയും, കൊടുങ്ങല്ലൂർ കവിസദസ്സിൻെറ മററം ഒരു പ്രത്യേകതാല്പര്യക്കാരനായിരിക്കുകയും, ഹജൂർ റജിസ്ട്രാർ (ഇന്നാണെങ്കിൽ റജിസ്ട്രേഷൻ ഡയറക്ടർ) എന്ന ഗവർമ്മേണ്ടുദ്യോഗം വഹിക്കുകയും ചെയ്തിരുന്ന തെക്കേക്കുറപ്പത്തു രാമഞ്ചിറമഠത്തിൽ കൊച്ചുണ്ണിമേനോനെ, അച്യുതമേനോൻ ചെമ്പരുത്തിപ്പൂവാണാക്കിയിരുന്നതു്. ആ വിഷയത്തിൽ വെണ്മണിയുടെ ഫലിതപ്രയോഗം നോക്കുക.

"പൂജിക്കാം ചെമ്പരുത്തിപ്പുതുമലരതിനു-
ണ്ടേറെ മാഹാത്മ്യ,മോർത്താൽ
യോജിയ്ക്കാ നിൻെറ പക്ഷം കുതുകമൊടുകുറ-
പ്പത്തു കൊച്ചുണ്ണിമേനോൻ
രാജിക്കാൻനന്നു കച്ചേരിയി,ലഥകവനം
പാകിലക്കൊങ്ങിണിപ്പൂ-
രാജിക്കാണോർത്തുകണ്ടാലൊരുമഹിമയവ-
ന്നില്ല, പൂവിന്നുമില്ല."

കുറപ്പത്തു കൊച്ചുണ്ണിമേനോനു ചെമ്പരുത്തിപ്പൂവാകുവാനും യോഗ്യതയില്ലെന്നു വെണ്മണി സമർത്ഥിക്കുന്നു. ചെമ്പരുത്തിപ്പൂവിന്നു സുഗന്ധമില്ലെങ്കിലും, അതു് ക്ഷേത്രങ്ങളിലും മററം പൂജക്കുപയുക്തമായ ഒരു വിശേഷപ്പെട്ട പുഷ്പമാകയാൽ, ദിവ്യമായ ഒരു മാഹാത്മ്യമതിന്നുള്ളതുകൊണ്ടു കൊച്ചുണ്ണിമേനോനു ആ പുഷ്പമാകുവാനും യോഗ്യതയില്ലെന്നും, സാഹിത്യവിഷയത്തിൽ അദ്ദേഹത്തെ വലിച്ചിഴച്ചുകൊണ്ടുവരേണ്ടെന്നും, കച്ചേരിയിലിരുന്നു പണിയെടുക്കുവാൻ സമർത്ഥനാണെന്നു സമ്മതിച്ചേക്കാമെന്നും വെണ്മണി തുറന്നുപറയുന്നതിൽനിന്നു വെളിവാവുന്നതു്, അദ്ദേഹത്തിന്നു പ്രമാണികളേയോ വലിയ ഉദ്യോഗസ്ഥന്മാരേയോ തീരെ ഭ്രമമില്ലെന്നും, ഉള്ള കാര്യം തുറന്നുപറയുന്നതാണദ്ദേഹത്തിൻെറ സ്വഭാവമെന്നുമാകുന്നു. ഇപ്രകാരം ഓരോ കവികളേയുംകുറിച്ചു അഭിപ്രായം പറയുന്ന കൂട്ടത്തിൽ അച്യുതമേനോനു വെണ്മണി കല്പിക്കുന്ന സ്ഥാനവും നോക്കുക.

"ഒപ്പത്തോടൊപ്പമോരോകവികളൊടെതിരി-
ട്ടാശു നീ കൊമ്പുകുത്തി-
ശ്ശില്ലത്തോടുള്ള മാനം വിരവൊടുവെറുതേ
വിററതിന്നാതെതന്നെ

ഇപ്പോൾ തോഷത്തൊടല്ലം രസമൊടുവളരെ-
പ്പുത്തിടും പുത്തെലിഞ്ഞി-
പ്പുഷ്പത്തോടൊത്തിരുന്നോ, തരമതുവരികിൽ
ക്കേറിടാ മേറിടാംഞാൻ''

അച്യുതമേനോനേയും ഇങ്ങിനെ കണക്കിലേറെ ''കൊട്ടയാട്ടിയ'' ശേഷം വെണ്മണി പ്രസ്തുത കൃതി മുഴമിക്കുന്നത്,

''പഴയതുപിണയാതേ പദ്യജാലങ്ങൾ പുത്തൻ
മഴയൊടുസമമായിത്തുകിടും തുംഗബുദ്ധേ!
അഴകിലൊരുതലയ്ക്കൽജ്ജീവനുണ്ടെങ്കിലിപ്പോ-
ളെഴുതുക മറവപത്രം സത്വരം നിസ്സപം നീ''

എന്നാണ്.

ഇപ്രകാരം സജീവമായ ഒരു മനോഹരകാവ്യമാണു കേവലം മറവടിയുടെ രൂപത്തിൽ വെണ്മണി മേനോനയച്ചുകൊടുത്തതു്. അതു കൈപ്പററിയപ്പോൾ, താൻ കവികളെ പുഷ്പങ്ങളോടുപമിച്ചു നിർമ്മിച്ച കൃതിയ്ക്കു് ഇനി പുറത്തിറങ്ങുവാൻ യോഗ്യതയില്ലെന്നു മേനോൻ വിശ്വസിച്ചു. വെണ്മണിയുടെ ആ മറവടിക്കവിതക്കത്താകട്ടെ, അതിൻെറ അതിമനോഹരമായ ആശയഗുണത്താലും രസികത്വത്താലും, ''കവിപുഷ്പമാല'' എന്ന പേരിൽ, അന്നു ഭാഷാസാഹിത്യഭണ്ഡാരത്തിന്നു ഒരു മുതൽക്കൂട്ടായി പരിണമിക്കുകയാണുണ്ടായതു്. പക്ഷേ, വെണ്മണിയുടെ ''കവിപുഷ്പമാല''വായിക്കുന്നവർ, അച്യുതമേനോനും വെണ്മണിയും തമ്മിൽ വലിയ വിരോധത്തിലായിരുന്നുവെന്നും, ആ കാവ്യം അക്കാലത്തു സാഹിത്യരംഗത്തിൽ വലിയ ഒരു സമരംതന്നേയുണ്ടാക്കിയിട്ടുണ്ടെന്നും തെററിദ്ധരിച്ചേക്കും. അന്നുള്ള ചില കവികൾ തമ്മിൽ ഇപ്രകാരമുള്ള പല വഴക്കുകളുണ്ടായിട്ടുണ്ടെങ്കിൽ, അവയെല്ലാം സാഹിത്യവിഷയത്തിൽ അവർക്കുള്ള അഭിപ്രായഗതികളുടെ പ്രതിഫലനങ്ങൾ മാത്രമായിരുന്നുവെന്നും, അന്നത്തെ കവികൾ തമ്മിൽ ഒരിക്കലും പുരുഷദ്വേഷപരമായ നീരസത്തിന്നു സംഗതി വന്നിട്ടില്ലെന്നും നാം പ്രത്യേകം മനസ്സിലാക്കേണ്ടതാണ്. അക്കാലത്തു് അങ്ങിനെ നടന്നിട്ടുള്ള സാഹിത്യസമരങ്ങൾ പൊതുവിൽ ഭാഷാകവികൾക്കും, സാഹിത്യകാരന്മാർക്കും വിലയേറിയ കാര്യങ്ങൾ മനസ്സിലാക്കുവാൻ ഉപകാരമായിപ്പരിണമിച്ചിട്ടുണ്ടെന്നുകൂടി ഇവിടെ പ്രസ്താവിക്കുന്നതു ഒരിക്കലും അബദ്ധമല്ല.

"കവിപുഷ്പമാല" എന്ന മനോഹരകൃതി വെണ്മണിയുടെ തൂലികയിൽനിന്നു അങ്ങിനെ അവതരിച്ചപ്പോൾ ആ രീതിപിടിച്ച പല കാവ്യങ്ങളും നിർമ്മിക്കുവാൻ അന്നുള്ള മിക്ക കവികളും സന്നദ്ധരായി. കുഞ്ഞിക്കുട്ടൻതമ്പുരാൻ "കവിഭാരതം" നിർമ്മിച്ചു. ഭാഷാകവികളെ ഭാരതത്തിലെ പാണ്ഡവകൌരവപക്ഷക്കാരായ പുരാണപുരുഷന്മാരായി തരംതിരിച്ച് അദ്ദേഹം നിർമ്മിച്ച ആ കാവ്യവും രസാവഹമായിട്ടുണ്ട്. കൊടുങ്ങല്ലൂർ കവിസമസ്സിന്റെ പ്രോത്സാഹനവും അദ്ദേഹത്തിന്ന് ആ വിഷയത്തിൽ ലഭിച്ചിരുന്നു. "കവിഭാരത"ത്തിൽ കുംഭകോണം കൃഷ്ണശാസ്ത്രികൾ ശ്രീകൃഷ്ണനും, ഇലത്തൂർ രാമസ്വാമിശാസ്ത്രികൾ ഭീഷ്മരും, വെണ്മണി അച്ഛൻനമ്പൂതിരിപ്പാട് ഹനുമാനും, വെണ്മണി മഹൻ ദ്രോണരും, കേരളവർമ്മ വലിയകോയിത്തമ്പുരാൻ ഭീമസേനനും, കവിസാർവ്വഭൌമൻ കൊച്ചുണ്ണിത്തമ്പുരാൻ അർജ്ജുനനും, വയസ്കര മൂസ്സ് ഉത്തോധനനും, കൊടുങ്ങല്ലൂർ വിദ്വാൻ കുഞ്ഞിരാമവർമ്മത്തമ്പുരാൻ അശ്വത്ഥാമാവും, കറത്തപാറ ദാമോദരൻനമ്പൂതിരി ശല്യരും, കൈക്കുളങ്ങര രാമവാരിയർ കർണ്ണനും, കാത്തുള്ളി അച്യുതമേനോൻ ധൃഷ്ടദ്യുമ്നനും, താൻ കൃതവർമ്മാവുമാണെന്നും മററുമാണ് അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളത്. ഈ വിഷയത്തെക്കുറിച്ചു മുൻഅദ്ധ്യായങ്ങളിൽ ഞാൻ സംഗതിവശാൽ അല്പം വിവരിച്ചിട്ടുള്ളതിനാൽ, ഇവിടെ കൂടുതലായി വിസ്തരിക്കുന്നില്ല. മററാവിദ്വാനായ കൈക്കുളങ്ങര രാമവാരിയരെ കർണ്ണനാക്കിയതിലും മററും കുഞ്ഞിക്കുട്ടൻതമ്പുരാൻ കൈക്കൊണ്ട കവിസമാനധർമ്മാനുസൃതമായ ഔചിത്യബോധത്തെ യഥാർത്ഥസാഹിത്യനിരൂപകന്മാർ നിശ്ചയമായും പുകഴ്ത്തും.

"കവിഭാരതം" അങ്ങിനെ പുറത്തായശേഷം മൂലൂർ എസ്. പത്മനാഭപ്പണിക്കരുടെ "കവിരാമായണം" ഭാഷാസാഹിത്യലോകത്തിലവതരിച്ചു. അതു സംബന്ധിച്ചും അഭിപ്രായവ്യത്യാസങ്ങൾ മൂലം കുറെയൊക്കെ ബഹളങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ കൂടുതൽ വാദപ്രതിവാദങ്ങളും, വലിയ ഒച്ചപ്പാടുമുണ്ടാക്കിയിട്ടുള്ളത്, ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോന്റെ "കവിമാഗാവലി"യാണ്. പ്രസ്തുത കൃതിയിലുള്ള പദ്യങ്ങളാകമാനം വാസനാകവിയായ അദ്ദേഹത്തിന്റെ യോഗ്യതയ്ക്കു യോജിച്ചവിധത്തിൽ രസകരമായിട്ടുണ്ടെങ്കിലും, കവിസമാനധർമ്മവിഷയത്തിലാണ് ഒടുവിന്നു വലിയ തെററു പററിയിട്ടുള്ളതെന്നായിരുന്നു അന്നത്തെ പല സാഹിത്യനിരൂപക

ന്മാരും അഭിപ്രായപ്പെട്ടതു്. "ഭാഷാപോഷിണി", "വിദ്യാവിനോദിനി" മുതലായ ഉത്തമമലയാളമാസികകളിലും, "മലയാള മനോരമാ"പത്രത്തിലും "കവിമൃഗാവലി"യെസംബന്ധിച്ചുള്ള ക്രൂരവും, ശക്തിമത്തുമായ നിരൂപണങ്ങൾ വളരെക്കാലത്തോളം തുടർന്നുകൊണ്ടിരുന്നു. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ ആനയും, കുഞ്ഞിക്കുട്ടൻതമ്പുരാൻ കുതിരയും, കൊട്ടാരത്തിൽ ശങ്കുണ്ണി മാനും, കാത്തുള്ളി അച്ചുതമേനോൻ ഒട്ടകവും, ഇരുവനാട്ടു കെ. സി. നാരായണൻനമ്പ്യാർ ഭ്രാന്തൻനായയും എന്നുവേണ്ട, ഏതാദൃശമായ രീതിയിൽ "ഒട്ടു" അന്നുള്ള മിക്ക കവികളേയും മൃഗങ്ങളോടുപമിച്ചതിൽ കവിസമാനധർമ്മസംബന്ധമായ വാദപ്രതിവാദകോലാഹലം അന്നത്തെ ഭാഷാസാഹിത്യസദസ്സിൽ കണക്കിലേറെ കലക്കമുണ്ടാക്കിത്തീർത്തു.

"നൽപ്പൊന്നു വമ്പടയിലേററ മടങ്ങി നിത്യം
കപ്പംതരുന്ന വരവർണ്ണനി! വർണ്ണിനീയേ!
അപ്പാതഃപംക്തികൾ തകർത്തമരുന്ന മൂലൂർ
"പപ്പുപ്പണിക്കർ" തടിയൻ "കിടി"തന്നെ ന്യൂനം"

എന്നു മൂലൂർ എസ്. പത്മനാഭപ്പണിക്കരെയും മററും പറഞ്ഞിട്ടുള്ളതിൽ ഒട്ടു ദ്വേഷബുദ്ധി കാണിച്ചിട്ടുണ്ടെന്നു് പല സാഹിത്യരസികന്മാരും തുറന്നുപറയുവാനിടയായി. "വിദ്യാവിനോദിനി" മാസികയിലുണ്ടായിരുന്ന "കവിമൃഗാവലിവഴക്കു" സംബന്ധിച്ച ലേഖനങ്ങൾ പല നിലയ്ക്കും രസകരമായിരുന്നു. അമ്പാടി നാരായണപ്പുതുവാളും, കെ. എം. എന്ന പേരിലറിയപ്പെട്ടിരുന്ന വടക്കേക്കുറപ്പത്തു കിഴക്കേസ്രാമ്പിയിൽ കുഞ്ഞൻമേനോനുംകൂടി ഒട്ടുവിനെ ക്രൂരമായി ആക്ഷേപിച്ചു. ആ കൂട്ടത്തിൽ, കേരളീയകവികളായ പല മാന്യന്മാരേയും, പല കാട്ടുമൃഗങ്ങളോടുപമിച്ചു. "വങ്കനൊട്ടുവിൽ കഴുതപ്രമാണം"എന്നുകൂടി അവർ പരസ്യമായി പ്രസ്താവിക്കുകയുമുണ്ടായി. ആ വമ്പിച്ച സാഹിത്യസമരത്തിൽ ഒരിക്കലും പിൻവാങ്ങാതെ അവരോടെല്ലാം എതിർത്തുനിന്ന ഒട്ടുവിൻെറ ഉറച്ച ധൈര്യവും, ഉത്സാഹവും ശ്ലാഘിക്കത്തക്കതായിരുന്നു. സാഹിത്യപരമായ പ്രസ്തുത വാദപ്രതിവാദം കേവലം രാഗദ്വേഷബുദ്ധിയോടുകൂടി വലുതാക്കിക്കൊണ്ടുവരേണ്ട ആവശ്യം ഉണ്ടായിരുന്നില്ലെന്നും, ഇംഗ്ലീഷു മുതലായ വിശിഷ്ടസാഹിത്യങ്ങളിൽക്കൂടി അങ്ങിനെയുള്ള

സാഹിത്യസംഗരങ്ങൾ നടന്നിട്ടുണ്ടെന്നും, അതാതു കാലത്തുള്ള കവിതകളെപ്പററിയുള്ള സ്മരണ കാലക്രമേണ സാഹിത്യലോകത്തിൽനിന്നു മാഞ്ഞുപോകാതിരിപ്പാൻ അവ ഉപകരിക്കുമെന്നും സയുക്തികം "ഒട്ട" തൻെറ വാദത്തെ ബലപ്പെടുത്തി പ്രത്യാഖ്യാനമെഴുതി നിർമ്മത്സരമതികളായ സാഹിത്യനിരൂപകന്മാരെ ബോദ്ധ്യപ്പെടുത്തുകയുണ്ടായിട്ടുണ്ട്. സമാധാനപാലനപ്രിയരും, യഥാർത്ഥസാഹിത്യവിദഗ്ദ്ധന്മാരും, നിഷ്പക്ഷമതികളുമായ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻതമ്പുരാൻ, കണ്ടത്തിൽ വർഗ്ഗീസുമാപ്പിള തുടങ്ങിയ മഹാന്മാർ സ്വതന്ത്രമായ നിലയിൽ കവനരചനാനൈപുണ്യം പ്രകാശിപ്പിച്ച ഒന്നാന്തരം വാസനാ കവിയായ "ഒട്ട"വിനെ ആത്മാർത്ഥമായി സഹായിച്ചു പ്രത്യക്ഷമായും പരോക്ഷമായും പല പ്രൌഢലേഖനങ്ങളും എഴുതുകയുണ്ടായി. ആ നിലയിൽ, അന്നു വലിയ ഒരു ഒച്ചപ്പാടുണ്ടാക്കിയ "കവിമൃഗാവലിവഴക്കും" അവസാനിച്ചു.

"കവിമൃഗാവലി"മുതലായ സരസകൃതികളുടെ രീതിയിൽ പിന്നീടു ഭാഷാസാഹിത്യത്തിൽ "കവിഭേഷജാവലി" "കവിവൃക്ഷാവലി" മുതലായ പല കൃതികളും കുറെക്കാലത്തോളം പുറപ്പെട്ടിരുന്നുവെന്നും, അപ്രകാരമുള്ള സാഹിത്യപരിശ്രമങ്ങൾക്കു, വാസ്തവത്തിൽ മാർഗ്ഗദർശകമായിരുന്നതു് "കവിപുഷ്പമാല"യായിരുന്നുവെന്നുമുള്ള പരമാർത്ഥം നമുക്ക് നിഷേധിക്കുവാൻ നിവൃത്തിയില്ല.

പത്താമദ്ധ്യായം.

യാത്രാകാവ്യകാലം.

വെണ്മണി അച്ചൻനമ്പൂതിരിയുടെ "രാമേശ്വര"യാത്രയാണ്, "യാത്രാകാവ്യ"ങ്ങളുടെ കൂട്ടത്തിൽ ഒന്നാമതായി ഭാഷയിൽ അവതരിച്ചതു്. എങ്കിലും, അതു് ഇന്നും മുദ്രിതമായിട്ടില്ല. പ്രസ്തുത കൃതിയിലെ പല പദ്യങ്ങളും "കണ്ണാകണ്ണികയാ" സാഹിത്യാഭിലാഷികൾക്ക് അറിവായിട്ടുണ്ടെന്നല്ലാതെ, ആ കാവ്യം പൂർണ്ണമായി വായിച്ചുരസിച്ചിട്ടുള്ളവർ ചുരുക്കമാണ്.

"ദയയൊരുലവലേശംപോലുമില്ലാത്തദേശം
പരമിഹപരദേശം, പാർക്കിലത്യന്തമോശം

പറകിൽനഹികലാശം, പാക്കിലിന്നേകദേശം
സുമുഖി! നരകദേശം തന്നെയാണപ്രദേശം"

"പെയ്യാവഴിക്കു മഴയും, മുഴുകിക്കുളിപ്പാ-
നയ്യോ! തണുത്ത ജലവും കുളവും ചുരുക്കം
കയ്യാലെവേണമഖിലം കളഭാഷിണീ! കേ-
ളിയ്യാളുകൾക്കു വിഷമം പരദേശവാസം"

"രാമേശ്വരയാത്ര"യിലെ ഈ സരസപദ്യങ്ങൾ, പരദേശ ജീവിതത്തിന്റെ ശരിയായ സ്വഭാവം പ്രത്യേകം പ്രകാശിപ്പിക്കുന്നുണ്ട്. വെണ്മണി അച്ഛന്റെ "മണിപ്രവാളത്തുഞ്ചി"യും കവനരചനയിലുള്ള സാമർത്ഥ്യവും ഈ പദ്യങ്ങൾ യഥോചിതം വ്യക്തമാക്കുകയും ചെയ്യുന്നു.

"രാമേശ്വരയാത്ര" നവീനപ്രസ്ഥാനത്തിലുള്ള ഒരു മനോഹരകാവ്യമായി അവതരിച്ചതോടുകൂടി, അതിനെപ്പിന്തുടർന്നു പല ഭാഷാകവികളും യാത്രാകാവ്യരചനയിൽ പ്രസക്തി പ്രദർശിപ്പിച്ചു. അപ്രകാരമുള്ള കാവ്യപ്രസ്ഥാനംകൊണ്ടു വായനക്കാരായ സഹൃദയന്മാർക്കു കരകളിലും, ജലങ്ങളിലുമുള്ള പലമാർഗ്ഗങ്ങളേയും, പ്രത്യേകിച്ചു പല സ്ഥലങ്ങളേയും അവയുടെ മാഹാത്മ്യങ്ങളേയും മനസ്സിലാക്കുവാൻ സാധിച്ചിരുന്നു. അതിനാൽ, ആ രീതിയിലുള്ള കവനകലാവ്യവസായം നിശ്ചയമായും വിജ്ഞാനപ്രദവും, വിനോദകരവും, ഉപകാരപ്രദവുമായിരുന്നുവെന്നു സമ്മതിക്കാം. വെണ്മണി അച്ഛന്നു ശേഷം ആ രീതിയിൽ വളരെ താമസിയാതെ "യാത്രാകാവ്യ"മെഴുതിയവരിൽ മുഖ്യന്മാർ നടുവത്തു് അച്ഛൻ നമ്പൂതിരിയും, കുഞ്ഞിക്കുട്ടൻ തമ്പുരാനും, കെ. സി. കേശവപ്പിള്ളയുമായിരുന്നു. നടുവത്തച്ഛന്റെ "അഷ്ടമിയാത്ര"യിൽ ചമൽക്കാരപരവും, ഫലിതരസപരിപൂരിതവുമായ പല പദ്യങ്ങളുമുണ്ട്.

"വട്ടംതിരിച്ചു ചിലരെച്ചിലരെത്തരത്തിൽ
നട്ടംതിരിച്ചു ശിവരാമ! പണം പിടുങ്ങും
ചട്ടറ്റൊരെന്തുപദപൂർവ്വകമാമുഴിഞ്ഞാ-
ലിട്ടാട്ടിടുന്നതഹമങ്ങിനെകണ്ടുനിന്നു."

മനുഷ്യരിൽ പലരേയും വട്ടംചുററിച്ചു, നട്ടംതിരിച്ചു പണം പിടുങ്ങുന്ന "യന്ത്രഊഞ്ഞാല"യെക്കുറിച്ചു് ഇതിലധികം തന്മയത്വ

ത്തോടും ഫലിതത്തോടുംകൂടി വർണ്ണിക്കേണ്ടതില്ല. യാത്രാകാവ്യവകുപ്പിലുള്ള കാവ്യങ്ങളെ സംബന്ധിച്ചേടത്തോളം 'അഷ്ടമിയാത്ര' ഭാഷാസാഹിത്യത്തിൽ മാന്യമായ ഒരു സ്ഥാനമാണഹിക്കുന്നത്.

കുഞ്ഞിക്കുട്ടൻതമ്പുരാന്റെ "മദിരാശിയാത്ര"യാണ് പിന്നീടുണ്ടായത് യാത്രാകാവ്യങ്ങളുടെ കൂട്ടത്തിൽ സ്തുത്യർഹമായ ഒന്നാണതെന്നു പറയാം. അദ്ദേഹം, കൊടുങ്ങല്ലൂർനിന്നു പുറപ്പെട്ടു മദിരാശിയിലെത്തുംവരെ തനിക്കു യാത്രയിലുണ്ടായ അനുഭവങ്ങളെയും, താൻ കണ്ട പല കാഴ്ചകളേയും വ്യക്തമായി വർണ്ണിക്കുകയും, മദിരാശിയിൽച്ചെന്നശേഷം കാണാനിടയായ പല തമാശകളേയും അശേഷം ക്ലിഷ്ടതകൂടാതെ വിവരിക്കുകയും ചെയ്തിരിക്കുന്നു. അങ്ങിനെയുള്ള വർണ്ണനകളാൽ വായനക്കാർക്കു വിനോദകരവും, വിജ്ഞേയവുമായ പല കാര്യങ്ങളും മനസ്സിലാക്കുവാൻ ഉപകരിക്കുന്നുണ്ട്. അതിലെ കവിതാരീതിയൊ സുഗമമാണുതാനും. ആദ്യമായി തമ്പുരാൻ, താൻ മദിരാശിക്കു പുറപ്പെടുവാനുണ്ടായ കാരണം സൂചിപ്പിക്കുകയാണു,

"കാന്തേ! നിൻ വിരഹത്തെയും, തവമകൾ—
ക്കുള്ളോരു ദീനത്തെയും
സ്വാന്തേ കേവലമോർക്കിലും ചില മനോ—
രാജ്യത്തിലത്യാശയാൽ
ഞാന്തേടീട്ടൊരുവിപ്രനെത്തുണയതി—
ന്നുണ്ടാക്കിയെന്തോ മുഴ—
ഭ്രാന്തേതെങ്കിലുമൊന്നുറച്ചു മദിരാ—
ശിക്കായ് പുറപ്പെട്ടു ഞാൻ"

കേവലം സംസാരഭാഷയിൽ കവിഹൃദയം സാധാരണക്കാർക്കു എളുപ്പത്തിൽ മനസ്സിലാക്കാവുന്ന രീതിയിൽതന്നേയാണു യാത്രാകാവ്യങ്ങൾ നിർമ്മിക്കേണ്ടതെന്നു വിശദമാക്കുവാൻ തക്കവയാണമ "മദിരാശിയാത്ര"യിലുള്ള പദ്യങ്ങളെല്ലാം. മദിരാശിയിലെത്തിയശേഷം പല രസകരങ്ങളായ കാഴ്ചകളും കവി കാണുന്നു. അവയിൽ ചിലതിനെക്കുറിച്ച്, അദ്ദേഹം ഭംഗിയായി വർണ്ണിക്കുന്നുമുണ്ട്.

"വട്ടപ്പീലിയിലാടിടുന്ന കുനുപീ—
ലി പ്രൌഢിയും, ബൂട്ട്സതിൽ—
ത്തട്ടീട്ടങ്ങുരസും പടിക്കടിവരെ—
ത്തുങ്ങുന്ന കുപ്പായവും

കുട്ടിക്കാലുറയും, കരത്തിലൊരു നൽ—
ക്കാററാടിയും വെച്ചുകൊ—
ണ്ടൊട്ടേറെക്കളിയാടിടുന്നൊരു ദൊര—
പ്പൈതങ്ങളെക്കണ്ടു ഞാൻ."

മദിരാശിയിലെ കടൽക്കരയിൽ, കാഴ്ചയിൽ കൌതുകമേറുന്ന വെള്ളക്കാരുടെ കുട്ടികൾ "പട്ടം" പറപ്പിച്ചുകളിക്കുന്നതിനെയാണ് പ്രകൃതപദ്യം വിശദമാക്കുന്നത്. ആ "ദൊരപ്പൈത"ങ്ങളുടെ വേഷവിധാനരീതിയും, വിനോദസാമർത്ഥ്യവും മററും ഏററവും തന്മയത്വത്തോടുകൂടിയാണ് കവി വിവരിച്ചിട്ടുള്ളതും. ഈ നിലയിൽ, അദ്ദേഹം പല കാഴ്ചകളും വർണ്ണിക്കുകയും, മദിരാശിയിലുണ്ടായിരുന്ന തൻെറ ചില മാന്യസ്നേഹിതന്മാരുടെ ഭവനങ്ങളും മററും സന്ദർശിച്ച വിവരവും എടുത്തുപറയുകയും ചെയ്യുന്നു.

കെ. സി. കേശവപിള്ള നിർമ്മിച്ച ഒരു യാത്രാകാവ്യമാണ് "കാശിയാത്ര." അത് അന്നത്തെ കോഴിക്കോട്ട് സാമൂതിരിമഹാരാജാവു തിരുമനസ്സിലെ കാശിയാത്രയെ ആസ്പദിച്ച് കേശവപിള്ള നിർമ്മിച്ചിട്ടുള്ളതാണ്. "കവി രാജകുമാര"നെന്നു വിഖ്യാതനായിരുന്ന "മാനവിക്രമൻ ഏട്ടൻ തമ്പുരാ"ൻെറ ഉപദേശാനുസരണമാണു കെ. സി. ആ കാവ്യം രചിച്ചത്. "ഏട്ടൻതമ്പുരാ"ൻെറ ജ്യേഷ്ഠനായിരുന്നു അന്നത്തെ സാമൂതിരി. ഏട്ടൻതമ്പുരാനും അദ്ദേഹവുമൊരുമിച്ചു കാശിയിൽപ്പോയിരുന്നു. ആ വിവരങ്ങൾ ഏട്ടൻതമ്പുരാൻെറ ആവശ്യപ്രകാരം പദ്യങ്ങളിലാക്കുകയാണ് കെ. സി. ചെയ്തിട്ടുള്ളത്. സ്വാനുഭവങ്ങളല്ലാത്ത സംഗതികൾ അപ്രകാരം ഒരു കവി, കവിതയിൽ വിവരിക്കുമ്പോൾ, തനിക്കു ദൃഷ്ടാന്തപ്പെട്ട കാര്യങ്ങളെ വർണ്ണിക്കുന്ന വിധത്തിൽ ചമൽക്കാരപരമായ ഒന്നായിരിക്കയില്ല ആ കാവ്യമെന്നു കെ. സി. "കാശിയാത്ര"യിൽ സൂചിപ്പിക്കായ്കയില്ല. എങ്കിലും, അന്നത്തെ കവിതാരീതിയും, കാലദേശാവസ്ഥകളുമാലോചിക്കുമ്പോൾ ആ "കാശിയാത്ര"യും നന്നായിട്ടുണ്ടെന്നും, ചരിത്രവിവരങ്ങൾകൂടി അല്പാല്പമായി അതിലുള്ള ചില പദ്യങ്ങളിലുണ്ടെന്നും കാണാം.

സരസകവി ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻെറ "കുംഭകോണയാത്ര" മുൻപറയപ്പെട്ട യാത്രാകാവ്യങ്ങളാവിർഭവിച്ചു വളരെ

ക്കാലം കഴിഞ്ഞുണ്ടായതാകയാലും, ആ കാലഘട്ടമായപ്പോഴെയ്ക്കും കവിതാരീതിതന്നെ കുറച്ചുകൂടി പരിഷ്കരിക്കപ്പെടാനിടയായതിനാലും ആ മനോഹരകൃതിയുടെ രസികത്വം ഏററവും പ്രശംസാർഹമായിട്ടുണ്ട്. "കുംഭകോണയാത്ര"യ്ക്ക് "ഒട്ട്" സന്നദ്ധനായതു, തൻെറ മകനു പ്രസിദ്ധപ്പെട്ട കുംഭകോണം ക്ഷേത്രത്തിൽവെച്ച് അന്നപ്രാശനകർമ്മം നടത്തുവാനുള്ള പ്രത്യേകോദ്ദേശത്തോടുകൂടിയാണ്. അന്ന് കൊച്ചിഗവർമ്മേണ്ടിൻെറ കീഴിൽ ഒരുവിധം ഉയർന്ന ഉദ്യോഗസ്ഥനായിരുന്നു അദ്ദേഹം. കുംഭകോണത്തു മകനെ ചോറു കൊടുക്കുവാൻ കൊണ്ടുപോകുന്നതിനു ഒട്ടുവിനെ പ്രേരിപ്പിച്ചത് അവിടെ അന്നു സബ്ജഡ്ജിയും, തൻെറ ശത്രുരനും, ഒരു മാന്യ സാഹിത്യരസികനുമായിരുന്ന ടി. വി. അനന്തൻനായരവർകളായിരുന്നു. ആ വസ്തുതതന്നേയാണ് "കുംഭകോണയാത്ര"യിൽ പ്രഥമശ്ലോകത്തിന്ന് "ഒട്ട്" വിഷയമാക്കുന്നത്.

"ധാരാളം പുകഴപൊങ്ങുമെൻ ശത്രുരനാം
സബ്ജഡ്ജനന്താഹ്വയൻ
ദാരാപത്യസമന്വിതം വിലസുമാ-
ശ്രീകുംഭകോണാലയേ
താരാധീശരവക്രത്രയാം ദയിതയും
തത്സോദരീയുഗ്മവും
താരാളം തനുവാണ്ടൊരെൻതനയനും
കൂടിപ്പുറപ്പെട്ടു ഞാൻ."

തൃശ്ശിവപേരൂർനിന്നു കുംഭകോണത്തേയ്ക്കു തീവണ്ടികയറുന്നതു മുതൽക്കുള്ള വിവരങ്ങൾ അദ്ദേഹം അതിഭംഗിയായി ആ യാത്രാകാവ്യത്തിൽ വിവരിച്ചിട്ടുണ്ട്. "ഒട്ട്"വിൻെറ സഹജമായ രസികത്വം പ്രസ്തുത പദ്യങ്ങളിലെല്ലാം പ്രത്യേകം പ്രസ്ഫുരിക്കുന്നുണ്ട്. ഷൊറണ്ണൂർ തീവണ്ടിസ്റ്റേഷനിൽനിന്ന് വണ്ടി മാറിക്കയറണമല്ലോ മെയിൽ വണ്ടിക്കു കുംഭകോണത്തേയ്ക്കു പോകുവാൻ. ആവക ബുദ്ധിമുട്ടുകളെ സഹിച്ച "ഒട്ട്"വും കുടുംബങ്ങളും ആലത്തിരക്കിൽനിന്നു കുഴങ്ങുമ്പോൾ, അദ്ദേഹത്തിന്ന്, ഒരു സഹായം ലഭിച്ചത്, അന്ന് ഒററപ്പാലത്തു മുൻസിഫ് ആയിരുന്ന ദണ്ഡപാണിപ്പിള്ള എന്ന മാന്യനിൽനിന്നായിരുന്നു. ആ സംഗതി "ഒട്ട്" തൻെറ കാവ്യത്തിൽ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്നുണ്ട്.

"ഒററപ്പാലമിതി പ്രസിദ്ധനഗരേ
മുൻസിപ്പുതൻ ജോലിയിൽ
ക്കുററംവിട്ടൊരു "ദണ്ഡപാണി"യിതിപേർ
പെററീടുമപ്പിള്ളതാൻ
"ചെററീരുമിലെയേറലാമിടമിതി"-
ക്കെന്നോതി, യൌദാര്യവാ-
ണ്ണുററംകണ്ടൊരു മാന്യനാണുമതിമാ-
നദ്ദേഹ,മത്യുത്തമൻ."

കേവലം തമിഴനും, പക്ഷേ ഉദാരമതിയുമായ മുൻസിഫ് ദണ്ഡപാണിപ്പിള്ളയുടെ ക്ഷണത്തെ "ഒട്ട്" തമിഴിൽത്തന്നെ വിവരിക്കുന്നു. കൂടാതെ, പിള്ളയുടെ മനോഗുണത്തെപ്പററി മതിയായ ഒരു സർട്ടിഫിക്കററും അദ്ദേഹം നൽകുന്നു. അങ്ങിനെ സന്ദർഭാനുസാരേണ പല കാര്യങ്ങളും ഫലിതത്തോടുകൂടി വിവരിക്കുവാൻ "ഒട്ട്"വിന്നുള്ള പാടവം അന്യാദൃശമാണ്. "ഒട്ട്"വും കൂട്ടരും ഈറോഡിലെത്തുന്നു. അപ്പോഴുള്ള വണ്ടി മാറിക്കയറേണ്ട ബുദ്ധിമുട്ടിനെപ്പററി "ഇറങ്ങണം കയറണം രണ്ടാമതാണിപ്പണി"എന്നും മററുമാകുന്നു "ഒട്ട്" തമാശയിൽ പറയുന്നത്. വാളയാർ വിട്ടാൽ മലയാളികളായ തീവണ്ടിയാത്രക്കാക്ക്, തങ്ങൾ മലയാളത്തിൻെറ അതിർത്തി വിട്ടു എന്നു കണക്കാക്കാം. കവിയും, കുടുംബങ്ങളും വാളയാർ വിട്ടപ്പോൾ തീവണ്ടിയിലിരുന്നു പ്രകൃതിരമണീയങ്ങളായ പല കാഴ്ചകളും നിരീക്ഷിച്ചുകൊണ്ടിരുന്നു. ആ സന്ദർഭത്തിൽ തമിഴനാട്ടിലെ ഫലസമൃദ്ധമായിക്കണ്ട നെൽവയലുകൾ നോക്കി കവി, ഇപ്രകാരം വർണ്ണിക്കുന്നു.

"അച്ഛിന്നം കരശക്തിയാലെ മല-
ളക്കാർ കൃഷിക്കാർകളു-
ക്കിച്ഛിക്കിൽറപടിക്കു നീരുതവുശെ-
യ്യാമൽത്തപിക്കിൻറന
ത്വച്ഛിദ്രപ്പെണിയെങ്കളാണ്ടനാടവാ"-
തെന്നോതിമാത്താണ്ഡനെ-
പ്പുച്ഛിക്കുംപടി പച്ചയോടുതലയി-
ട്ടാട്ടുന്നു നെല്ലിട്ടിശി".

തമിഴനാട്ടിലെ നെല്ലിനോടു തമിഴിൽ ഫലിതത്തോടുകൂടി സംസാരിക്കുന്നതിനു പുറമേ, അവിടത്തെ കൃഷി എപ്പാടും, മലയാളത്തിലെ കൃഷി എപ്പാടും മനസ്സിലാക്കി, (തമിഴനാട്ടിലെ) നെല്ലിനെ രസകരമായിപ്പകർത്തുന്ന കവി മഴത്തഞ്ചംമാത്രം ആശ്രയിച്ചു വേണ്ട, തമിഴനാടുകളിൽ കൃഷി നടത്തുവാനെന്നും, തന്മൂലം സൂര്യനെ ബഹുമാനിക്കേണ്ട ആവശ്യം തമിഴനാട്ടിലെ നെല്ലുകൾക്കില്ലെന്നും തന്മയത്വത്തോടുകൂടി വിവരിക്കുന്നു. കുംഭകോണത്തുള്ള ചില പ്രധാന തെരുവുകൾ സന്ദർശിച്ചുപോകുന്നകൂട്ടത്തിൽ കവി, സുപ്രസിദ്ധ നർത്തകിയും, അതിസുന്ദരിയുമായിരുന്ന "ബാലാമണി"യുടെ മനോഹരമായ പ്രാസാദം കാണുന്നു. അതിനെപ്പററി വിവരിക്കുന്നതു നോക്കുക.

"മാമാങ്കക്കുള"മുണ്ടതിന്നരികിലായ്—
"ബാലാമണി"പ്പെണ്ണുതൻ
കാമാങ്കക്കളമെന്നപോലെ വിലസും
വമ്പേടയുണ്ടത്ഭുതം!
ശ്രീമാനാഢ്യമുരച്ചതിൽ സുകൃതസ—
ന്മൂർത്തിക്കു മുങ്ങുന്നു, തൽ—
ശ്രീ,മാനാടിയിളച്ച മൂഢരപരേ
മുങ്ങിക്കുഴങ്ങുന്നുതേ."

മേലുദ്ധരിച്ച പദ്യത്തിൻെറ ചമൽക്കാതിരേകത്തേയും ആരും തലകുലുക്കി ശ്ലാഘിക്കും. ഇതുപോലെ ഫലിതരസപൂരിതമായ മറെറാരു പദ്യമാണ്,

"ചേടിക്കുള്ളൊരു വീഥിവിട്ടു ചെറ—
തൊന്നോടിക്കിലാസ്പത്രിയും
ധാടിയ്ക്കൊത്തൊരു ഡോക്ടർ തൻെറ രസികൻ
വീടും സമീക്ഷിച്ചിടാം
പേടിക്കാതെ മദാമ്മയെട്ടയിതയായ്—
കൈക്കൊണ്ടു പാർക്കും "നെടു—
ങ്ങാടി"ഡ്ഡോക്ടർ സുശീലനാണു, പണവും
മുട്ടാതെ കിട്ടുന്നുപോൽ."

എന്നതു്. ഒരു സുപ്രസിദ്ധമലയാളി ഡോക്ടരായിരുന്ന ടി. എം. കെ. നെടുങ്ങാടിയെക്കുറിച്ചുള്ളതാണിപ്പദ്യം. അദ്ദേഹത്തെക്കുറിച്ചു

വിവരിക്കുമ്പോൾ പ്രസ്തുത പദ്യത്തിലെ ഉത്തരാർദ്ധം "ഒടു" പ്രത്യേകം രസാവഹമാക്കിയിരിക്കുന്നു. ;ഫലിതരസത്തിന്നു സർവ്വോപരി പ്രാധാന്യം നൽകി, ഏററവും സഭ്യമായ രീതിയിൽ ഉത്തമകവനങ്ങൾ നിർമ്മിക്കുവാൻ "ഒടു"വിന്നുണ്ടായിരുന്ന ശേഷി ഇത്തരംപദ്യങ്ങൾ ശരിയായി ഉദാഹരിക്കുന്നുണ്ട്. തമിഴനാടുകളിലെ വമ്പിച്ച പല ക്ഷേത്രങ്ങളും കാണ്മാനിടയായ കവി, പുണ്യവിഷയത്തിലേയ്ക്ക് പുല്ലു പോലെ പണം വാരി എറിയുന്ന "നാട്ടുകൊട്ട"ച്ചെട്ടികളുടെ ദാനധർമ്മത്തെപ്പുകഴ്ത്തിക്കൊണ്ട് കേരളത്തിലെ ധനികന്മാരായ ലുബ്ധന്മാരോട് അഭിസംബോധനം ചെയ്യുന്നത്, "കേരളധനം കാക്കുന്ന ഭൂതങ്ങളേ!" എന്നുള്ള ഫലിതമയമായ പ്രയോഗംകൊണ്ടാണ്. ഇങ്ങിനെ അടിമുതൽ മുടിവരെ അർത്ഥപുഷ്ടിയും, ശബ്ദഭംഗിയും, സദാചാരതത്വങ്ങളും നിറഞ്ഞ ഫലിതരസപരിപൂരിതമായ ഒരൊന്നാന്തരം കൃതിയാണ് "കുംഭകോണയാത്ര".

യാത്രാകാവ്യവകുപ്പിൽപ്പെട്ട മറെറാരു സരസകൃതിയാണു 'കാശിയാത്ര'. നല്ലൊരു വാസനാകവിയും, വിദ്വാനുമായിരുന്ന കഴിഞ്ഞുപോയ പാലിയത്തു കുഞ്ഞുണ്ണിഅച്ചൻ നിർമ്മിച്ചതാണ് ഈ കാവ്യം. കുഞ്ഞുണ്ണിഅച്ചന്റെ കവനവാസനയ്ക്കും ലോകപരിചയത്തിന്നും, വിദ്വത്വത്തിന്നും, രസികത്വത്തിന്നും ഉദാഹരണങ്ങളായ പല വിശിഷ്ടപദ്യങ്ങളും അതിൽ ഉൾപ്പെട്ടിട്ടുണ്ട്.

പ്രസിദ്ധകവിയായ ചങ്ങരംകോത കൃഷ്ണൻകർത്താവിന്റെ "രാമേശ്വരയാത്ര" യാത്രാകാവ്യങ്ങളുടെ കൂട്ടത്തിൽ നല്ല ഒരു സ്ഥാനം അർഹിക്കുന്നു. പല നല്ല പദ്യങ്ങളും അതിലുണ്ട്.

ചുരുക്കിപ്പറയുന്നതായാൽ, "യാത്രാകാവ്യപ്രസ്ഥാനം" ഇദം പ്രഥമമായി ഭാഷാസാഹിത്യത്തിൽ ആവിർഭവിച്ചതു കൊടുങ്ങല്ലൂർ കവിസദസ്സിലെ ഒരു പ്രധാനാംഗമായ വെണ്മണിഅച്ഛന്റെ തൂലികയിൽ നിന്നാണെന്നും, അനന്തരകാലത്താണ് അപ്രകാരമുള്ള കാവ്യങ്ങൾക്കു കൂടുതൽ പ്രചാരം സിദ്ധിച്ചതെന്നും വിശദമാകുന്നു. യാത്രാകാവ്യങ്ങൾ ജനസാമാന്യത്തിന്നു വിനോദകരവും, വിജ്ഞേയവുമായ പല കാര്യങ്ങളും-മനസ്സിലാക്കുവാൻ പ്രത്യേകം ഉപകാരപ്പെടുന്ന രസകരമായ ഒരു കവനപ്രസ്ഥാനമാണെന്നു പറയാം.

പതിനൊന്നാം അദ്ധ്യായം.

സന്ദേശങ്ങളും, ഉപദേശങ്ങളും.

മുൻഅദ്ധ്യായങ്ങളിൽ വിവരിച്ച വിധം കൊടുങ്ങല്ലൂർ കവിസദസ്സിൻെറ ആഭിമുഖ്യത്തിൽ പലതരത്തിലുള്ള ഭാഷാകൃതികൾ രംഗപ്രവേശം ചെയ്തതോടുകൂടി അസംഖ്യം ഭാഷാകവികൾ പ്രസ്തുത കവിസദസ്സിൻെറ പ്രേരണയ്ക്കു വശംവദരായി പല കാവ്യങ്ങളും നിർമ്മിക്കുകയുണ്ടായി. നമ്മുടെ കവിസദസ്സിൻെറ പ്രശംസാർഹങ്ങളായ പ്രവർത്തനങ്ങളെ സംബന്ധിച്ചേടത്തോളം, ആ വക സംഗതികൾ വലിയൊരു വിജയമായിരുന്നുവെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. ഈ സന്ദർഭത്തിൽ സന്ദേശകൃതികളെപ്പററിയാണ് പ്രസ്താവിക്കുവാൻ വിചാരിക്കുന്നത്. പ്രാചീനവും ആശയപുഷ്ടികൊണ്ടു പ്രശസ്തവുമായ "ഉണ്ണുനിലീസന്ദേശം", അന്നു ഭാഷാസാഹിത്യത്തിന്നു പ്രധാനപ്പെട്ട ഒരു സമ്പാദ്യമായിരുന്നു. പ്രസ്തുത സന്ദേശത്തിൻെറ മാതൃകയിൽ പക്ഷെ, കാലാനുകൂലമായ മണിപ്രവാളശുദ്ധി കൈവരുത്തി ചില സന്ദേശകാവ്യങ്ങൾ പുറത്തിറക്കേണമെന്നു നമ്മുടെ കവിസദസ്സിന്ന് ഒരഭിപ്രായമുണ്ടായി. ആ വിഷയത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തി ആവശ്യമായ പദ്ധതികൾ പ്രായോഗികമാക്കുവാൻ കവിസദസ്സിലെ പല അംഗങ്ങളും വളരെ ഉത്സാഹം പ്രദർശിപ്പിച്ചില്ല. എങ്കിലും കൊച്ചുണ്ണിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻതമ്പുരാൻ തുടങ്ങിയ വാസനാകവികൾ ഭാഷാസന്ദേശകാവ്യങ്ങൾ നിർമ്മിക്കുന്നതിൽ തങ്ങൾക്കുള്ള സന്നദ്ധത പ്രത്യക്ഷപ്പെടുത്തി. കൊച്ചുണ്ണിത്തമ്പുരാൻ "വിപ്രസന്ദേശം" എന്നൊരു സരസകൃതി നിർമ്മിച്ചു. കുഞ്ഞിക്കുട്ടൻതമ്പുരാൻ സംസ്കൃതത്തിലുള്ള "ശുകസന്ദേശം", "കോകിലസന്ദേശം" എന്നീ രണ്ടു കൃതികളും തർജ്ജമ ചെയ്യുകയാണുണ്ടായത്. അദ്ദേഹം, സംസ്കൃതസന്ദേശങ്ങൾക്കു പ്രത്യേകമായി ഉപയോഗിക്കാറുള്ള "മന്ദാക്രാന്താ"വൃത്തത്തിലല്ല പ്രകൃതകാവ്യതർജ്ജമ നിർവ്വഹിച്ചതെന്നു പറയേണ്ടിയിരിക്കുന്നു. എന്നാൽ, മൂലകൃതികളിലെ ആശയങ്ങൾ ഏറെക്കുറെ ഭാഷയിൽ ഭംഗിയായി പ്രതിഫലിപ്പിക്കുവാൻ അദ്ദേഹം പരിശ്രമിച്ചിട്ടുണ്ട്. ഏതാണ്ട്, ആയിടയ്ക്കാണു കേരളവർമ്മ വലിയ കോയിത്തമ്പുരാൻ മലയാളത്തിൽ "മയൂരസന്ദേശ"കൃതി പുറത്തിറക്കിയത്. കാളിദാസമഹാ

കവിയുടെ "മേഘസന്ദേശ"ത്തെ അനുകരിച്ചും, സാമാന്യേന അപ്രകാരത്തിലുള്ള ആശയപുഷ്ടി കൈവരുത്തിയും സന്ദേശവൃത്തമായ "മന്ദാക്രാന്ത"യിൽത്തന്നെ ആ മഹാൻ "മയൂരസന്ദേശം" നിർമ്മിച്ചു. "മയൂരസന്ദേശ"ത്തിൽ സ്വരവ്യഞ്ജനങ്ങൾക്ക് ഐകരൂപ്യം വരുത്തിക്കൊണ്ടുള്ള "ദ്വിതീയാക്ഷരപ്രാസങ്ങൾ" അതിഭംഗിയായി പ്രയോഗിക്കുവാൻ അദ്ദേഹത്തിന്ന് യാതൊരു ക്ലേശവുമുണ്ടായിരുന്നില്ല. സന്ദേശത്തിലെ വിഷയം സ്വാനുഭവാത്മകവും കൂടിയായിരുന്നതിനാൽ, അതിലുള്ള വർണ്ണനകളെല്ലാം കേവലം അകൃത്രിമവും ചമൽക്കാരപരവുമാണ്. മയൂരസന്ദേശത്തിന്റെ മനോഹരമായ കവിതാഗുണത്തെപ്പററി അന്നുള്ള സകല സാഹിത്യനിരൂപകന്മാരും പ്രശംസിച്ചിട്ടുണ്ട്. ഇന്നും "മയൂരസന്ദേശ"ത്തെ പുകഴ്ത്തുവാനല്ലാതെ, അതിനെ ദൂഷിക്കുവാൻ ധൈര്യപ്പെടുന്ന നിരൂപകന്മാർ മലയാളത്തിൽ ഉണ്ടോ എന്നു സംശയമാണ്.

"രണ്ടും മൂന്നും തവണ കൃഷിയേററുന്ന കണ്ടങ്ങളേയും
വണ്ടും ഞണ്ടും വടിവൊടുകളീക്കുന്ന കച്ചങ്ങളേയും,
തണ്ടും കെട്ടിത്തരമൊടുചരിക്കുന്ന വള്ളങ്ങളേയും
കണ്ടുംകൊണ്ടച്ചെറുപുഴകൾ തൻ തീരമാർഗ്ഗേണ പോക"

എന്നും മററും മയൂരത്തിന്നു മാർഗ്ഗോപദേശം ചെയ്യുന്ന പദ്യങ്ങളിൽ കോയിത്തമ്പുരാൻ കൊണ്ടുവന്നിട്ടുള്ള സമുചിതമായ സ്വാഭാവിക വർണ്ണനകൾ ശ്ലാഘിക്കാതിരിപ്പാൻ നിവൃത്തിയില്ല. "മയൂരസന്ദേശ"ത്തിൽ ഇങ്ങിനെ ലളിതഭാഷയിലുള്ള പദ്യങ്ങൾ പലതുമുണ്ടെങ്കിൽ,

"മാരക്രീഡാമഹലഹളയിൽ ജാലമാർഗ്ഗേണ ലീലാ-
ഗാരക്രോഡേ നിഭൃതഗതിയായെത്തി നിത്യം നിശായാം
വാരസ്ത്രീണാം വപുഷിവിലസും സ്വേദബിന്ദുക്കളാകും
ഹാരസ്തോമം ഹരതി വിരുതേറുന്ന ചോരൻ സമീരൻ"

എന്നിങ്ങിനെ പ്രസന്നപ്രൌഢസരസങ്ങളായ പദ്യങ്ങളും ധാരാളമുണ്ട്. മാത്രമല്ല, യഥാർത്ഥ കവിധർമ്മാനുസൃതമായ തത്വോപദേശങ്ങൾ നൽകുന്ന വിഷയത്തിലും കോയിത്തമ്പുരാൻ കൂടുതൽ പ്രസക്തി പ്രകാശിപ്പിച്ചിട്ടുണ്ട്.

"സന്ദേഹം വേണ്ടപരനുപകാരത്തിനാകാത്തതെങ്കിൽ
കിംദേഹംകൊണ്ടൊരു ഫലമിഹ പ്രാണിനാം ക്ഷോണിതന്നിൽ"

മുതലായവ ഇതിന്നു ഉദാഹരണങ്ങളാണല്ലൊ.

"പാലിക്കാനായ് ഭുവനമഖിലം ഭൂതലേ ജാതനായ-
ക്കാലിക്കുട്ടം കലിതകുതുകം കാത്ത കണ്ണന്നു ഭക്ത്യാ.
പീലിക്കോലൊന്നടിമലരിൽ നീ കാഴ്ചയായ് വെച്ചിടേണം
മൌലിക്കെട്ടിൽത്തിരുകുമതിനെത്തീർച്ചയായ് ഭക്തദാസൻ."

എന്ന പദ്യം ഭാഷാസാഹിത്യനായകന്മാരായിരുന്ന ഒയ്യാരത്തു ചന്ത്രമേനോൻ, സി. പി. അച്ചുതമേനോൻ മുതലായവരുടെ നിസ്സീമമായ പ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുള്ളതാണ്. "മയൂരസന്ദേശം" മൂലം മഹാശയനായ കോയിത്തമ്പുരാന്നു ഭാഷാസാഹിത്യലോകത്തിൽ സിദ്ധിച്ച പേരും, പെരുമയും കുറച്ചൊന്നുമല്ല. മലയാളത്തിൽ ഇതേവരെയുണ്ടായിട്ടുള്ള സന്ദേശകൃതികളിൽ "മയൂരസന്ദേശ"മാണ് പ്രഥമസ്ഥാനം വഹിക്കുന്നത്.

ഭാഷയിൽ സന്ദേശകാവ്യങ്ങൾ കൂട്ടതലായി പ്രചരിപ്പിക്കുന്നതിൽ പ്രൊഫസ്സർ എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാനും അളവററ താല്പര്യം പ്രദർശിപ്പിച്ചിരുന്നു. അതിന്നുത്തമദൃഷ്ടാന്തമാണ് അദ്ദേഹത്തിന്റെ "മേഘസന്ദേശം" തർജ്ജമ. "മേഘദൂത്" എന്ന പേരിൽ അറിയപ്പെടുന്ന ആ കാവ്യത്തിലെ സുഗമമായ ഭാഷാരീതി സാഹിത്യനിരൂപകന്മാരെ നല്ലപോലെ രസിപ്പിച്ചിട്ടുണ്ട്.

"മയൂരസന്ദേശം", "മേഘദൂത്" മുതലായവയുടെ ആവിർഭാവത്തോടുകൂടി ഭാഷയിൽ ഭൃപസന്ദേശം, ഗരുഡസന്ദേശം, കോകസന്ദേശം, ഭൃംഗസന്ദേശം, ഹംസസന്ദേശം മുതലായ പല സന്ദേശങ്ങളും അവതരിച്ചു. അന്നുണ്ടായ ചില സന്ദേശങ്ങളുടെ അയോഗ്യതയെ വ്യംഗ്യമായി നിന്ദിപ്പാൻ സരസഭാഷാകവിയായിരുന്ന ശീവോള്ളി നാരായണൻനമ്പൂതിരി നിർമ്മിച്ച "ദാത്യൂഹസന്ദേശ"ത്തെ ഇവിടെ വിസ്മരിക്കുന്നതു ശരിയല്ല. സരസനും, സമർത്ഥനുമായ ശീവോള്ളിയുടെ സന്ദേശത്തിലുള്ള പദ്യങ്ങൾ മിക്കവയും അദ്ദേഹത്തിന്റെ വാസനാനുകൂലമായ പ്രതിഭയ്ക്കു യോജിച്ചവയാണ്.

ഭാഷാസാഹിത്യത്തിന്നു അങ്ങിനെ പല സന്ദേശകൃതികളും സമ്പാദ്യങ്ങളായിത്തീർന്നു. കൊടുങ്ങല്ലൂർ കവിസദസ്സിന്റെ അഭിന

ന്ദനീയമായ പ്രേരണ ആ വിഷയത്തിൽ ധാരാളമുണ്ടായിട്ടുണ്ടെന്നു സമ്മതിച്ചേ കഴിയൂ.

ഉപദേശരീതിയിലുള്ള ഭാഷാകൃതികൾ എന്നൊരു പ്രസ്ഥാനവും നമ്മുടെ കവി സദസ്സിന്റെ ആഭിമുഖ്യത്തിലാണ് അന്ന് ആവിർഭവിച്ചത്. വെണ്മണി മഹൻനമ്പൂതിരിപ്പാട്, കാത്തുള്ളി അച്ചുതമേനോൻ, നടുവത്ത് അച്ഛൻനമ്പൂതിരി, ഒറവങ്കര നീലകണ്ഠൻനമ്പൂതിരി (രാജാ) തുടങ്ങിയ പലരും ആ പ്രസ്ഥാനത്തിൽ കാവ്യങ്ങൾ നിർമ്മിച്ചവരാണ്. വെണ്മണിമഹന്റെ "അംബോപദേശ"മാണ് അവയിൽവെച്ചു കൂടുതൽ പ്രചാരത്തിൽ വന്നിട്ടുള്ളത്. ആശയഭംഗിയും, രചനാഗുണവും മററുമാലോചിച്ചാൽ "അംബോപദേശ"ത്തിന്റെ യോഗ്യത യഥാർത്ഥസഹൃദയപ്രശംസയ്ക്കു പാത്രീഭവിക്കുന്നുണ്ട്. പക്ഷെ, സദാചാരപരമായ ഉപദേശത്തിനു പകരം നിന്ദ്യമായ ഉപദേശമാണ് അതിലുള്ളവയെല്ലാം എന്ന കാരണത്താൽ, ആ കാവ്യത്തെ ക്ഷുദ്രകൃതികളുടെ കൂട്ടത്തിലേ ചേർത്തുകൂടൂ എന്നൊരഭിപ്രായമാണ് ഇന്നത്തെ പരിഷ്കൃതാശയന്മാരായ സഹൃദയന്മാരിൽ പലർക്കുമുള്ളത്.

"വമ്പട്ടി തൻമുകറിൽ മീശമുളക്കിലെന്താ-
ണമ്പട്ടനെന്റെ മകളേ! ഫലമേണനേത്രേ"

എന്നും,

"ആ വിഡ്ഢിയെ വിടുക മാങ്ങയൊടുങ്ങിയെന്നാൽ
മാവിൻചുവട്ടിലൊരു കായ്മൊരുത്തനുണ്ടോ?"

എന്നും,

"പൊൻകാച്ചിടുന്ന മരമാകിലുമായതപ്പോൾ
താങ്കാച്ചുകെന്നു മകളേ! മലയാളസിദ്ധം."

എന്നും മററുമുള്ള പദ്യഖണ്ഡങ്ങൾ നല്ല ഭംഗിയുള്ള അലങ്കാരങ്ങളോടുകൂടിയവയാണ്. എങ്കിലും, വെണ്മണിയുടെ "അംബോപദേശ"ത്തിനു ഉത്തമ കാവ്യകോടിയിൽ സ്ഥാനം കല്പിക്കുവാൻ ഇന്നത്തെ പല സാഹിത്യനിരൂപകന്മാരും സങ്കോചമുള്ളവരാകുന്നു. വെണ്മണിതന്നെ പറയുന്നതു, താൻ ആ നിലയിലൊരു കൃതി പുറത്തിറക്കിയതു്, അന്നത്തെ കാലദേശാവസ്ഥകളെ ആസ്പദമാക്കിയാണെന്നും, ലോകത്തിൽ മുക്കാലും മൂഢരാണെന്നും, അറിവുള്ളവർ ദുർല്ലഭാണെന്നും, തൻമൂലം സാമാന്യജനങ്ങളെ രസിപ്പിക്കുവാ

നാണു താൻ പരിശ്രമിച്ചതെന്നുമാണ്. ആ വിഷയത്തിൽ, ദൈവ വിരോധം തനിക്കുണ്ടാവരുതെന്നും അവസാനമായി അദ്ദേഹം പ്രാർത്ഥിക്കുന്നുണ്ട്.

കാഞ്ഞുള്ളി, ഒറവങ്കര, നടുവത്തച്ഛൻ മുതലായവരുടെയും, മററു ചിലരുടേയും "അംബോപദേശ"ങ്ങൾക്കും ചില ഗുണങ്ങളെല്ലാം കാണുമെങ്കിലും, അവയിൽ മിക്കവയും മുദ്രിതമാകാത്തവയാകയാൽ ഭാഷയിൽ പ്രചാരം കുറവാണ്. പക്ഷെ, നടുവത്തച്ഛന്റെ അംബോപദേശം യഥാർത്ഥത്തിൽ സദാചാരബോധപ്രദായകമായ ഒരു കൃതിയാകുന്നു.

പന്ത്രണ്ടാമദ്ധ്യായം.

പച്ചമലയാളകൃതികൾ.

കൊങ്ങല്ലൂർ കവിസദസ്സിന്റെ ആഭിമുഖ്യത്തിൽ അവതരിച്ച മറെറാരു ഇനം കവിതകളാണ് "മലയാളകൃതികൾ". കുഞ്ഞിക്കുട്ടൻതമ്പുരാനാണ് ഇടംപ്രഥമമായി ആ വിഷയത്തിൽ ഉദ്യുക്തനായത്. "നല്ല ഭാഷ" എന്ന പേരിൽ അദ്ദേഹം നിർമ്മിച്ച "പച്ചമലയാളകൃതി" സാഹിത്യഗുണംകൊണ്ടു വളരെ ശ്ലാഘനീയമല്ലെങ്കിൽകൂടി, സംസ്കൃതപദാപേക്ഷ തീരെ കൂടാതെ അങ്ങിനെയൊരു കൃതി ആദ്യമായി ആവിർഭവിപ്പിച്ചതിൽ മാർഗ്ഗദർശകനായതു ആ മഹാനാണ്. "നല്ലഭാഷ"യിലുള്ള ശ്ലോകങ്ങളിലൊന്നു മാതൃകയ്ക്കായി ഇവിടെ ഉദ്ധരിക്കാം.

"അന്നേരം നന്മചേർത്തിട്ടഴകിനൊടകലെ-
തൃപ്രയാറപ്പനെത്തീ,
പിന്നെപ്പന്തംകൊളുത്തീ, പെരിയപൊലിമയോ-
ടാനയെത്തീ നിരത്തീ
എന്നല്ലെല്ലാം വരുത്തീ രസമൊടുമുടനേ
പാണ്ടികൊട്ടിപ്പുകഴ്ത്തീ
നന്നായെന്നായി വാഴ്ത്തീ, നലമൊടുപലരും
കാണുവാൻ മുമ്പിലെത്തീ."

"നല്ല ഭാഷ"യുടെ കവിതാഗുണത്തെപ്പററി ഇവിടെ വിമർശിക്കുന്നതിൽ അനൌചിത്യമുണ്ട്. അന്ന് അങ്ങിനെയെങ്കിലും ഭാഷാസാഹിത്യത്തിൽ "പച്ചമലയാളപ്രസ്ഥാനം" ആവിർഭവിപ്പിച്ചതിൽ അദ്ദേഹത്തെ പ്രശംസിക്കുകമാത്രമെ നമുക്ക് ഈ സന്ദർഭത്തിൽ ആവശ്യമുള്ളു.

കുഞ്ഞിക്കുട്ടൻതമ്പുരാൻെറ സംസ്കൃതപദാപേക്ഷകൂടാതെയുള്ള "നല്ല ഭാഷാകൃതി" പുറത്തുവന്നപ്പോൾ, ആ രീതിയിൽ കാവ്യനിർമ്മാണം ചെയ്യാൻ പല ഭാഷാകവികളും ഉത്സുകരായി. പക്ഷെ, കുറച്ചുകാലം കഴിയുന്നതുവരെ പച്ചമലയാളകൃതികൾ കാര്യമായി ഒന്നുംതന്നെ പുറത്തുവന്നില്ല. ആ ഘട്ടത്തിലാണ് കൊടുങ്ങല്ലൂർ കവിസദസ്സിലെ ഒരംഗവും, സരസകവിയും ഭാഷാപദങ്ങളെസ്സംബന്ധിച്ചേടത്തോളം തികഞ്ഞ സ്വാധീനശക്തിയുള്ള ഒരു മാന്യനുമായ കുണ്ടൂർ നാരായണമേനോൻ "പച്ചമലയാളപ്രസ്ഥാന"ത്തിൽ കവനനിർമ്മാണത്തിനു പുറപ്പെട്ടതു്. അദ്ദേഹം വടക്കൻപാട്ടുകളെ (തച്ചോളിക്കഥകളെ) കഥാവസ്തുക്കളാക്കി "പച്ചമലയാള"ത്തിൽ നിർമ്മിച്ചവയാണ് കോമപ്പൻ, കണ്ണൻ എന്നീ വിശിഷ്ടകൃതികൾ. കുണ്ടൂർ സ്വതവേ പ്രാസപ്രയോഗവിഷയത്തിലും, ഭാഷാപദങ്ങളെസ്സംബന്ധിച്ചേടത്തോളം പ്രബലമായ സ്വാധീനശക്തിയിലും അന്നു സകല കേരളീയസാഹിത്യനിരൂപകന്മാരെയും രസിപ്പിക്കുവാൻ തക്കനിലയിൽ തൻെറ മനോധർമ്മമർമ്മജ്ഞത പ്രസ്പഷ്ടമാക്കി. കറകളഞ്ഞ പച്ചമലയാളപദങ്ങൾക്ക് ഒരു ശരിയായ "കലവറ"തന്നെയായിരുന്നു അദ്ദേഹമെന്നു കോമപ്പനും കണ്ണനും തെളിയിക്കുന്നു. "ഭാഷാകവികളിൽ ചിലർ പ്രാസത്തിന്നുവേണ്ടി അർത്ഥത്തെ ബലികഴിക്കുന്നു" എന്നൊരാക്ഷേപം കുണ്ടൂരിനെപ്പോലെയുള്ള വാസനാസമ്പന്നന്മാരായ സരസകവികൾക്ക് ഒരിക്കലും ബാധകമല്ല.

"വാളേ! തെളിഞ്ഞിടുക! നിൻപണിതീർന്നതില്ല
നാളേയ്ക്കു നീട്ടിടുക! നിൻെറയുറക്കമെല്ലാം
ആളേറെയുണ്ടിത പടയ്ക്കുവരുന്നു;തേണ്ടോ-
ല്ലാളേ! നിനക്കിനിയുമുണ്ടൊരു കാഴ്ച കാണ്മാൻ"

എന്ന പദ്യം, സരസപദാവലീകലിതവും അതിസുന്ദരമായ ആശയത്തോടുകൂടിയതുമാകുന്നു.

"കോമ"ങ്കലെത്തിടുമൊരുള്ളൊടുകോൾമയിർകൊ-
ണ്ടാമങ്കമണ്ണിലൊരു കാൽവിരലാൽ വരച്ചീ
പൂമങ്കയൊത്തൊരവളാമലരമ്പനാം കെ-
ങ്കേമങ്കയത്തതിൽവിയത്തു വിറച്ചുനിന്നു."

എന്നും,

"നില്ലെന്നുപേടി, മലരമ്പനടുത്തുചെല്ലു-
ചെല്ലെന്നു, നാണമതുവയ്യവരട്ടെയെന്നു;
ചെല്ലെന്നുടൻ കൊതിയുമൊന്നുമുരയ്ക്കുവാനാ-
ളല്ലെന്നുപിന്നെയവനൊന്നു പരുങ്ങിനിന്നു".

എന്നും,

"കണ്ണിൻവഴിക്കുകരാം കോമനുടൻകൊടുത്താ-
പ്പെണ്ണിന്നു തൻെറ കരളാം മലർകാഴ്ചവെച്ചു
ഉണ്ണിയ്ക്കുടയ്ക്കുടയനന്മകളൊക്കെയുള്ളാ-
ലെണ്ണിക്കുറച്ചവിടെനിന്നുതെളിഞ്ഞുകോമൻ."

എന്നും,

"പുല്ലാണെനിക്കുപടയാളികൾ, നിൻകടക്കൺ-
തല്ലാണുതേന്മൊഴി! തടുത്തിടുവാൻഞെരുക്കം."

എന്നുംമററുമുള്ള മനോഹരപദ്യങ്ങൾ പച്ചമലയാളപ്രസ്ഥാനത്തിൽ ഉത്തമകൃതികളുതിക്കുവാൻ കുണ്ടൂരിന്നു നിസ്സീമമായ സരസതയും സാമർത്ഥ്യവുമുണ്ടെന്നു സ്പഷ്ടമാക്കുന്നു. പഴയ "വടക്കൻപാട്ടു"കളെ പച്ചമലയാളത്തിൽത്തന്നെയാണ് കാവ്യരൂപത്തിൽ കൊണ്ടുവരേണ്ടതെന്നു തീർച്ചപ്പെടുത്തിയ കുണ്ടൂരിൻെറ ഔചിത്യബോധത്തെ നിശ്ചയമായും നാം സ്തുതിക്കുകതന്നെ വേണം. "പച്ചമലയാള"പദപ്രയോഗത്തിൽ പ്രശംസാർഹമായ സാമർത്ഥ്യം പ്രകടിപ്പിക്കുന്ന കുണ്ടൂരും മററുമുള്ളപ്പോൾ നമ്മുടെ ഭാഷാസാഹിത്യത്തിന്നു സരസകൃതികൾ കൂടുതലായി ലഭിക്കുന്നില്ലെന്നു് ആരും കുണ്ഠിതപ്പെടരുതെന്നാകുന്നു ഒരിക്കൽ കേരളവർമ്മ വലിയ കോയിത്തമ്പുരാൻതന്നെ അഭിപ്രായപ്പെട്ടതു്. "പാക്കനാർ," "ശക്തൻതമ്പുരാൻ" എന്ന പച്ചമലയാളകാവ്യങ്ങളും കുണ്ടൂരിൻെറ ഭാഷാപദസ്വാധീനശക്തിയേയും, ചരിത്രാന്വേഷണതല്പരതയേയും സാഹൃദയന്മാരെ ശരിയായി ബോദ്ധ്യപ്പെടുത്തുന്നു. കുണ്ടൂർതന്നെ ഒരിക്കൽ ഈ ഗ്രന്ഥകാരനെ വാത്സല്യപൂർവ്വം ഉപദേശിച്ചിട്ടുള്ളതു് "നല്ല പച്ചമലയാളപദങ്ങൾ ന

മുക്ക ധാരാളം കിട്ടുവാനിടയുള്ളപ്പോൾ സംസ്കൃതപദാപേക്ഷകൂടാതെ കാവ്യനിർമ്മാണത്തിന്നൊരുങ്ങുകയാണ നിങ്ങളൊക്കെ വേണ്ടതെ'' ന്നാകുന്നു.

കുണ്ടൂരിന്റെ പച്ചമലയാളകൃതികൾകൂടി പുറത്തുവന്നപ്പോഴാണ് പൊതുവിൽ ''പച്ചമലയാളകാവ്യപ്രസ്ഥാന''ത്തിന്നു കൂടുതൽ പ്രചാരംവന്നതും, ആ രീതിയിലുള്ള കൃതികൾ അവതരിപ്പിക്കുവാൻ ഭാഷാകവികൾ പൂർവ്വാധികം ഉത്സുകരായതും. അങ്ങിനെ പച്ചമലയാളത്തിൽ കൃതികൾ നിർമ്മിച്ച പേരെടുക്കുവാൻ പ്രധാനമായി പരിശ്രമിച്ചവർ ഒടുവിൽ കുഞ്ഞികൃഷ്ണമേനോനും പി. ജി. രാമയ്യരുമാണ്. വഴിയെ ഉള്ളൂർ പരമേശ്വരയ്യരും, പന്തളത്തു കേരളവർമ്മതമ്പുരാനും പച്ചമലയാളകൃതിയിൽ തങ്ങൾക്കും പ്രസക്തിയുണ്ടെന്നു പ്രദർശിപ്പിക്കുവാൻ തയ്യാറായി. ആ രണ്ടു മാന്യകവികളുംകൂടി അപ്രകാരം നിർമ്മിച്ച പച്ചമലയാളകൃതിയാണ ''തങ്കമ്മ''യെന്ന ഖണ്ഡകാവ്യം. ഉള്ളൂരിന്റെ ''നേച്ച്'' എന്ന കൃതിയും തനിപ്പച്ചമലയാളമാണ്.

''പച്ചമലയാളകാവ്യപ്രസ്ഥാനം'' മേലുദ്ധരിച്ച നിലയിൽ ഭാഷാസാഹിത്യത്തിൽ കുറച്ചുകാലം പ്രത്യേകപ്രശംസയ്ക്കു പാത്രീഭവിച്ചു. വാസനക്കാരായ പല ഭാഷാകവികളും ആ വിഷയത്തിൽ പ്രദർശിപ്പിച്ച ഔത്സുക്യവും അഭിനന്ദനാർഹമാണ്.

പതിമൂന്നാമദ്ധ്യായം

കവിസദസ്സിലെ മററു സാഹിത്യവിനോദങ്ങൾ.

കേളികേട്ട കൊടുങ്ങല്ലൂർ കവിസദസ്സ് രസാവഹമായ മററു പല സാഹിത്യപരിശ്രമങ്ങളിലും ഏർപ്പെട്ടിരുന്നു. കവിസദസ്സിന്റെ അഭിവന്ദ്യാദ്ധ്യക്ഷനും, രസികശിരോമണിയുമായ വെണ്മണി അച്ഛൻ നമ്പൂതിരിപ്പാട്ടിലെ നിയ്ക്കാണത്തിന്നു ശേഷവും അദ്ദേഹത്തിന്റെ അഭിപ്രായഗതിയേയും ഉപദേശത്തേയും ആ സദസ്സ് മുറുകെ പിടിച്ചുകൊണ്ടിരുന്നു. അന്നു വെണ്മണി മഹനും, കൊച്ചുണ്ണിത്തമ്പുരാനും, കുഞ്ഞിക്കുട്ടൻതമ്പുരാനും, ഒറവങ്കരയും, കാത്തുള്ളിയുമാണ് കവിസദസ്സിന്റെ യശസ്സിന്നു യാതൊരു കോട്ടവും വരാതെ അതിനെ

ഭംഗിയായി ഭരിച്ചുവന്നതു്. കവനവിഷയത്തിൽ കൂടുതലായി പല പ്രസ്ഥാനങ്ങളിലും തങ്ങൾ പ്രത്യേക പരിശീലനം നടത്തണമെന്നും, യഥാർത്ഥകവിയെന്ന പേരെടുക്കുവാൻ ആഗ്രഹിക്കുന്ന ഒരാൾ നിശ്ചയമായും സാഹിത്യവകുപ്പിലുള്ള സകല രീതികളിലും കൈ നടത്തുവാൻ ത്രാണിയുള്ളവനായിരിക്കണമെന്നുമായിരുന്നു കൊച്ചുണ്ണിത്തമ്പുരാൻെറ സിദ്ധാന്തം. വെണ്മണിമഹാനാകട്ടെ, സ്വതവെ അലസനായതിനാൽ, കൊച്ചുണ്ണിത്തമ്പുരാൻെറ അഭിപ്രായത്തെ സമ്മതിച്ചുകൊടുക്കുകയെന്നതല്ലാതെ, പ്രത്യേകിച്ചു യാതൊരു നിർദ്ദേശവും കവിസദസ്സിൽ കൊണ്ടുവന്നിരുന്നില്ല. അതിനാൽ, പ്രായേണ സാഹിത്യപരിശ്രമങ്ങൾ പലതും നടത്തുന്നതിൽ എല്ലാവർക്കും ഉത്സാഹം ജനിപ്പിക്കുവാനും, അവയിൽ കൂടുതൽ പരിശീലനം വരുത്തുവാനും കൊച്ചുണ്ണിത്തമ്പുരാനാണു മുൻനിന്നു പ്രവർത്തിച്ചതു്. "ഇന്നു നമുക്കേവർക്കും തുള്ളൽക്കൃതികൾ നിർമ്മിക്കാം" എന്നു അദ്ദേഹം നിർദ്ദേശിച്ചാൽ "എന്നാൽ അങ്ങിനെയാവട്ടെ" എന്നു മററുള്ളവർ ഐകകണ്ഠ്യേന സമ്മതിക്കുക പതിവാണ്. അതുപ്രകാരം നമ്മുടെ കവി സമാജാംഗങ്ങൾ എല്ലാവരും നിരന്നിരുന്നു തുള്ളൽ രീതിയിൽ കവിത നിർമ്മിക്കുന്നതു കണ്ടു രസിച്ച സാഹിത്യരസികന്മാർ ചിലർ ഇന്നും ജീവിച്ചിരിപ്പുണ്ട്. "തുള്ളൽകൃതികൾ" നിർമ്മിച്ചു കഴിഞ്ഞാൽ "കിളിപ്പാട്ടുരീതി"യെടുക്കാം നമുക്കെന്നായിരിക്കും കൊച്ചുണ്ണിത്തമ്പുരാൻെറ അഭിപ്രായം. ആ നിർദ്ദേശത്തിന്നും നമ്മുടെ രസികന്മാരായ മററു കവികൾ സന്നദ്ധരായിരിക്കും. അങ്ങിനെ അതും നിർവ്വഹിക്കപ്പെട്ടുകഴിഞ്ഞാൽ "ഇനി "ചംബു"വാവട്ടെ" എന്നു പറയുവാനും കൊച്ചുണ്ണിത്തമ്പുരാൻ തയ്യാറായിരിക്കും. അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾക്കെല്ലാം സർവ്വോപരി സാഫല്യം കൈവരികയും പതിവാണ്. "ആട്ടെ, നമുക്കിന്നു മണിപ്രവാളകൃതികൾ നിർമ്മിക്കാം" എന്നാണദ്ദേഹം പിന്നീടു പറയുന്നതെങ്കിൽ, ആ രീതിയിലും കവനനിർമ്മാണം ചെയ്യാൻ എല്ലാവരും അത്യുത്സുകരാവും. ഇങ്ങിനെ ഓരോ രീതിയിലും കവിതകളെഴുതി സാഹിത്യസംബന്ധമായ സകല പ്രസ്ഥാനങ്ങളിലും അവർ കൂടുതൽ "സാധകം" സമ്പാദിച്ചിരുന്നു. എന്നാൽ ഇടയ്ക്കു ചില സംസ്കൃതപദ്യങ്ങളുടെ തർജ്ജമയ്ക്കായും, സമസ്യാപൂരണങ്ങൾക്കായും അവർ തങ്ങളുടെ സരസമായ തൂലിക പ്രത്യേകം വിനിയോഗിക്കാറുമുണ്ട്. അത്തരത്തിൽ അന്ന് അവതരിച്ചിട്ടുള്ള അസംഖ്യം തർജ്ജമകളും

സമസ്യാപൂരണങ്ങളും ഇന്നും കൊടുങ്ങല്ലൂർ കോവിലകത്തു ഒരു സൂക്ഷ്മമായ പരിശോധന നടത്തിയാൽ നമുക്കു ലഭിച്ചേക്കും. അവയിൽ മിക്കവയും ചിതലുകൾക്കും ഉറുമ്പുകൾക്കും മററും ഭക്ഷണമായിത്തീർന്നിട്ടുണ്ടെന്നു കാണ്മാൻ ഇടവരുമ്പോൾ, അവയെ പുറത്തിറക്കി അച്ചടിപ്പിച്ചു ഭാഷാസാഹിത്യഭണ്ഡാരത്തിലേയ്ക്കു മുതൽക്കൂട്ടുവാൻ ആ കോവിലകത്ത് അനന്തരകാലത്തുണ്ടായിട്ടുള്ള തമ്പുരാക്കന്മാരിലാരെങ്കിലും പ്രസക്തരാകാതിരുന്നതിൽ നമുക്കു നിശ്ചയമായും വലിയ നിരാശയും കണ്ഠിതവുമാണുണ്ടാവുകയെന്നു തീർത്തുപറയാം. പ്രകൃതകൃതികളിൽ മിയ്ക്കവയും "താളിയോല"കളിൽ എഴുതപ്പെട്ടവയാകയാൽ, കാലപ്പഴക്കത്താൽ ശരിയായി വായിച്ചു മനസ്സിലാക്കുവാനും കുറച്ചു ബുദ്ധിമുട്ടുണ്ടാവില്ലെന്നു പറഞ്ഞുകൂട. ഏതു നിലയിലും, ആ "സുവർണ്ണയുഗ"ത്തിലെ സ്മൃത്യർഹവും, സ്മരണീയവുമായ പല സാഹിത്യപരിശ്രമങ്ങളുടേയും അവശേഷങ്ങൾക്കു ഇക്കാലത്തും കൊടുങ്ങല്ലൂർ കോവിലകം നിശ്ചയമായും ഒരു മുഖ്യമായ "കലവറ"തന്നെയാണ്.

കവിസദസ്സിലെ വിവിധരീതിയിലുള്ള ആ രസകരമായ സാഹിത്യവിനോദങ്ങളിൽ കൂടുതൽ ശ്രദ്ധേയവും, സ്മരണീയവും, ആശ്ചര്യകരവുമായ ചുരുക്കം ചില സംഗതികൾകൂടി ഇവിടെ വിവരിക്കേണ്ടതുണ്ട്. അവയുടെ മാതൃകകളെ സാമാന്യേന സംക്ഷിപ്തമായ നിലയിൽ ഉപന്യസിപ്പാനേ എനിക്കു ത്രാണിയുള്ളു. കൊച്ചുണ്ണിത്തമ്പുരാൻെറ സാഹിത്യ വിദഗ്ദ്ധതയും ബുദ്ധിസാമർത്ഥ്യവും വിശദമാക്കുന്ന പല മുഖ്യ സംഗതികളും ഉണ്ടായിരുന്നു.

കൊച്ചുണ്ണിത്തമ്പുരാന് ഒരേസമയത്തുതന്നെ വിവിധരീതിയിലുള്ള സാഹിത്യവ്യവസായങ്ങളിൽ പങ്കെടുക്കുവാൻ കഴിയുമെന്നുള്ള ഒരു മുഖ്യസംഗതിയാണ് ഞാൻ പ്രധാനമായി പ്രസ്താവിക്കുന്നത്. ഒരിക്കൽ, അദ്ദേഹം ആ കവി സദസ്സിൽവെച്ച് ഒരത്ഭുത വിദ്യ കാണിച്ചു. സാഹിത്യവിഷയത്തിൽ ഉൽസുകരായ ചിലരെ വിളിച്ചിരുത്തി, അവരിൽ ഓരോരുത്തർക്കും അദ്ദേഹം യഥാക്രമം ഓരോ പ്രത്യേകരീതിയിലുള്ള കവിതകൾ പറഞ്ഞുകൊടുത്ത് എഴുതിച്ചതാണ് ആ ആശ്ചര്യകരമായ കൌശലം. അദ്ദേഹം ഒരാൾക്കു മണിപ്രവാളശ്ലോകങ്ങളിൽ ഒരു കൃതി പറഞ്ഞുകൊടുത്തു തുടങ്ങുമ്പോൾ തന്നെ, കിളിപ്പാട്ടു രീതിയിലാണ് മറെറാരാൾക്കു വേറൊരു കവിത

ചൊല്ലിക്കൊടുക്കുക. മാത്രമല്ല, മൂന്നാമതൊരാൾക്കു തുള്ളൽപ്പാട്ടും നാലാമന്ന് ഒരു നാടകവും, അഞ്ചാമന്ന് ഒരു ചമ്പുവും അദ്ദേഹം പറഞ്ഞു കൊടുത്തു് എഴുതിച്ചിട്ടുണ്ട്. ഈ അത്ഭുതകരമായ വിദ്യയെല്ലാം യഥാക്രമം ഒരേസമയത്താണുതാനും. ആ സാഹിത്യവ്യവസായ മാതൃകകളുടെ അത്യാശ്ചര്യകരങ്ങളായ കലവികൾ കണ്ട് അന്നവിടെക്കൂടിയ സകല സഹൃദയന്മാരും അത്ഭുതപരതന്ത്രരായിട്ടുണ്ട്. "കൊച്ചുണ്ണിത്തമ്പുരാൻ കേവലം മനുഷ്യനല്ല; വാൽമീകിയുടേയോ, വ്യാസന്റേയോ അവതാരമായിരിക്കും" എന്നു കൂടി അദ്ദേഹത്തിന്റെ "പൊടിക്കൈ"കളെ പരാമർശിച്ച് സന്ദർശകന്മാർ അഭിപ്രായപ്പെട്ടിട്ടുമുണ്ട്. കുഞ്ഞിക്കുട്ടൻ തമ്പുരാനും ജ്യേഷ്ഠനെപ്പോലെതന്നെ പല തരത്തിലുള്ള അത്ഭുതവിദ്യകളും ഏതാണ്ട് നടത്തിയിട്ടുണ്ട്. എങ്കിലും, ആ വിദ്യകളിൽവെച്ച് എല്ലാ നിലയിലും പ്രഥമഗണനീയൻ കൊച്ചുണ്ണിത്തമ്പുരാൻതന്നെയായിരുന്നു. മററ കവികളും പ്രസ്തുത പരിശ്രമങ്ങളിൽ വളരെ പിന്നിട്ടു നിന്നിട്ടില്ല. യഥാശക്തി തങ്ങളുടെ കവനകലാനൈപുണ്യത്തെ അഭിനന്ദനീയമായ രീതിയിൽ പ്രദർശിപ്പിച്ചു സാഹിത്യപരിശ്രമങ്ങളിൽ ഏർപ്പെട്ടുന്നതു മൂലം തങ്ങൾക്കു മനോവികാസത്തിനും മതിയായ സഹായം സിദ്ധിക്കുന്നുണ്ടെന്നു അവർ പ്രസ്താവിച്ചിട്ടുണ്ട്. കൊച്ചുണ്ണിത്തമ്പുരാൻ തന്നെ, ഒരിക്കൽ അദ്ദേഹത്തിന്റെ ഒരു പ്രധാനാശ്രിതനായ ഈ ഗ്രന്ഥകാരനോടു ഇപ്രകാരം പറഞ്ഞിരുന്നു: "എന്താ, എല്ലാ വൃത്തങ്ങളിലും കവിതയെഴുതുവാൻ ഇപ്പോഴത്തെ ചെറുപ്പക്കാരായ നിങ്ങൾ പരിശീലിച്ചിട്ടുണ്ടോ? പല രീതിയിലും കാവ്യനിർമ്മാണപരിശീലനം നടത്തണം. ഞങ്ങളാകട്ടെ, അതിന്നായി ഓരോ വൃത്തങ്ങൾ മനസ്സിലാക്കുവാൻ നാലും അഞ്ചും മാസങ്ങൾ തലകാഞ്ഞു പണിയെടുത്തിട്ടുണ്ട്. അങ്ങിനെയൊക്കെ പഠിച്ചാലെ സാഹിത്യവ്യവസായത്തിൽ കാര്യമായ "സാധകം" സിദ്ധിക്കുകയുള്ളു. അലങ്കാരങ്ങളിലും നിങ്ങൾ നിശ്ചയമായും സൂക്ഷ്മമായ ബുദ്ധിചെലുത്തണം. ആശയങ്ങളും പദങ്ങളും പ്രയോഗിക്കുന്നതിൽ ശരിയായ ഔചിത്യബോധവും സന്ദർഭബുദ്ധിയും പ്രകാശിപ്പിച്ചേ കഴിയൂ. അങ്ങിനെയൊക്കെ ചുഴിഞ്ഞു പരിശ്രമിച്ചാലേ സാഹിത്യലോകത്തിൽ സുസമ്മതമായ ഒരു പദവി ലഭിക്കയുള്ളു." മഹാമനസ്കനായ അദ്ദേഹം ഈയുള്ളവനെ പ്രത്യേകം പ്രോത്സാഹിപ്പിക്കുവാനെന്നോണം ഉള്ളഴിഞ്ഞ വാത്സല്യത്തോടുകൂടി നല്കിയിട്ടുള്ള ഈ സദുപദേശങ്ങൾ ഇന്നും കല്ലിൽ കൊത്തിയ രേഖപോലെ എന്റെ മന

സ്സിൽ തെളിഞ്ഞു കിടപ്പുണ്ട്. കുഞ്ഞിക്കുട്ടൻതമ്പുരാനാകട്ടെ, കവിതാവിഷയത്തിൽ അല്പമെങ്കിലും വാസനയോ, ഔൽസുക്യമോ ഉള്ളവരെ ഏതു സമയത്തും ആത്മാർത്ഥമായ സ്നേഹത്തോടുകൂടി ഉപദേശിച്ച് ഉയർത്തിക്കൊണ്ടു വന്നിട്ടുള്ള വസ്തുത സുപ്രസിദ്ധവുമാണല്ലോ.

ഇപ്രകാരമായിരുന്നു കൊടുങ്ങല്ലൂർ കവിസദസ്സിലെ അന്നത്തെ അത്ഭുതാവഹങ്ങളായ സാഹിത്യപരിശ്രമങ്ങളും ആ സദസ്സിലെ പ്രധാനാംഗങ്ങളുടെ സ്വഭാവവും. ആ കവിസദസ്സുപോലെ സാഹിത്യാഭിവൃദ്ധിയ്ക്കാസ്പദമായ പരിശ്രമം നടത്തിയിട്ടുള്ള മറെറാരു കവിസദസ്സും അന്നുണ്ടായിട്ടില്ല. ഇന്ന് അപ്രകാരമുള്ള അഭിവന്ദ്യസദസ്സുകളെപ്പററി ചിന്തിച്ചിട്ടു കാര്യവുമില്ലല്ലോ.

പതിനാലാമദ്ധ്യായം.

അന്നത്തെ മുഖ്യപത്രങ്ങളും മാസികകളും.

സാഹിത്യരംഗത്തിൽ സരസമായ രീതിയിൽ കണക്കിലേറെ പരിശീലനം കഴിച്ച "കയ്യും മെയ്യും" പഴക്കവും കൈവശമാക്കി "ചൊല്ലിയാടുവാൻ" ശേഷിയും ശേമുഷിയുമുള്ള മഹാശയന്മാർ കൊടുങ്ങല്ലൂർ കോവിലത്തെ "ഗുരുകുല"ത്തിൽ നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരുന്നു. ഏതാണ്ട് അക്കാലത്തുതന്നെയാണു മലയാളപത്രപ്രവർത്തനപരിശ്രമം നടത്തുന്നതിൽ കഴിഞ്ഞുപോയ ചെങ്കളത്തു വലിയ കുഞ്ഞിരാമമേനോൻ ബദ്ധശ്രദ്ധനായത്. ആ നിലയ്ക്ക് അദ്ദേഹം ആ പ്രസ്ഥാനത്തിൽ ഒരു പ്രധാന മാർഗ്ഗദർശിയായിരുന്നുവെന്നു പറയാം. ബി. എ. പരീക്ഷ പാസ്സായ ഉടനെ കോഴിക്കോട്ടു സാമൂതിരികോളേജിൽ (അന്നു കേരളവിദ്യാശാല) ഒരു ഉപാദ്ധ്യായനായി പ്രവേശിച്ച മേനോൻ, ഇംഗ്ലീഷ് പത്രപാരായണൌത്സുക്യത്താലും, മലയാളത്തോടു തനിക്കുള്ള അഭിമാനജനകമായ പ്രതിപത്തിയാലും അക്കൌലഘട്ടത്തിലാണു "കേരളപത്രിക" എന്ന പേരിൽ ഒരു മലയാളവർത്തമാനപത്രം, തൻെറ ഉടമസ്ഥതയിലും, പത്രാധിപത്യത്തിലും സമാരംഭിച്ചത്. ഈ പരിശ്രമം നിറവേററുന്നതിന്നായി ആ മാന്യൻ, വഴിയെ തൻെറ ഉപാദ്ധ്യായജോലി രാജിവെ

യ്യുകയും, താമസിയാതെ പത്രപ്രവർത്തനവിഷയത്തിൽ കൂടുതൽ പരിചയവും, പരിശീലനവും നേടുവാൻ ഇംഗ്ലണ്ടിലേയ്ക്കു പോകയുമുണ്ടായി. "കേരളപത്രിക" അദ്ദേഹത്തിന്റെ അത്യുത്സാഹത്താൽ മലയാളത്തിലെ ഒരു ഉത്തമപത്രമായിത്തീർന്നു. ഏതാണ്ടായിടയ്ക്കുതന്നേയാണു കഴിഞ്ഞുപോയ ഒരു സുപ്രസിദ്ധസാഹിത്യകാരനും, ഫലിതമയമായി ഉപന്യസിപ്പാനും, പ്രസംഗിപ്പാനും സമർത്ഥനുമായ വേങ്ങയിൽ കുഞ്ഞിരാമനായനാർ ("കേസരി" എന്ന പേരിലാണദ്ദേഹം മിക്കവാറും ഭാഷാസാഹിത്യലോകത്തിലറിയപ്പെട്ടിരുന്നത്) "കേരളസഞ്ചാരി" എന്ന പേരിൽ ഒരു മലയാളപത്രം തുടങ്ങിയതു്. നായനാർ അതിന്നുമുമ്പിൽത്തന്നെ തിരുവനന്തപുരത്തുനിന്നു പുറപ്പെട്ട "കേസരി" എന്ന പത്രത്തിൽ പല സരസഗംഭീരലേഖനങ്ങളും എഴുതിവന്നിരുന്നു. എന്നാൽ, ഇതിന്നെല്ലാം മുമ്പു മഹാശയനും, പത്രപ്രവർത്തനവിഷയത്തിൻ അതിവിദഗ്ദ്ധനും, നല്ല ഭാഷാകവിയും, സാഹിത്യസ്നേഹിയുമായിരുന്ന കണ്ടത്തിൽ വർഗ്ഗീസ്സുമാപ്പിള കൊച്ചിയിലെ ദേവജിഭീമജി എന്ന ധനാഢ്യനെ പ്രേരിപ്പിച്ചു് അദ്ദേഹത്തിന്റെ അച്ചുകൂടമായ "കേരളമിത്രം" പ്രസ്സിൽനിന്നു അതേ പേരിൽ ഒരു മലയാളപത്രം പുറപ്പെടുവിക്കുകയും, കുറച്ചുകാലം താൻ അതിന്റെ പത്രാധിപരായിരിക്കുകയും ചെയ്തിട്ടുണ്ടു്. വളരെ താമസിയാതെ, വർഗ്ഗീസുമാപ്പിള "കേരളമിത്രം" വിട്ടു കോട്ടയത്തു പോയി "മലയാളമനോരമ"ക്കമ്പനി എന്നൊരു മുദ്രാലയം സ്ഥാപിക്കുകയും, "മലയാളമനോരമ" എന്ന പേരിൽ ഒരു വർത്തമാനപത്രം, തന്റെ പത്രാധിപത്യത്തിൽത്തന്നെ സമാരംഭിക്കുകയും ചെയ്തു. ഭാഷാപോഷണവിഷയത്തിൽ സ്വതവേ അത്യുത്സുകനായ വർഗ്ഗീസ്സുമാപ്പിള, "മനോരമ"പത്രത്തിന്റെ ഒരു ഭാഗം മുഴുവനും ഭാഷാസാഹിത്യാഭിവൃദ്ധിക്കായി വിനിയോഗിച്ചിരുന്നു. പൊതുകാര്യപ്രസക്തിയെ മുൻനിർത്തി പല പ്രധാനസംഗതികൾ പ്രസ്താവിക്കുന്നതിലും ഭാഷാപോഷണവിഷയത്തിൽ സർവ്വാത്മനാ സഹായിക്കുന്നതിലും "മനോരമ" പ്രത്യേകം ശ്രദ്ധിച്ചതിനാൽ, ഭാഷാഭിമാനികളായ സകല മലയാളികൾക്കും വർഗ്ഗീസ്സുമാപ്പിള "കണ്ണിലുണ്ണി"യായിത്തീർന്നു. "മനോരമ" കേരളമണ്ഡലത്തിലുള്ള മിക്ക സാഹിത്യരസികന്മാർക്കും, കവികൾക്കും ഏററവും പ്രിയപ്പെട്ട ഒരുത്തമപത്രമായിപ്പരിണമിച്ചു.

"മലയാള മനോരമ"യുടെ സാഹിത്യപോഷണവിഷയത്തിലുള്ള പ്രസക്തി വർദ്ധിച്ചതോടുകൂടി, ആ പത്രത്തിന്റെ ആദിമുഖ്യ

ത്തിൽ "മനോരമക്കമ്പനി" ആപ്പീസ്സിൽവെച്ച വർഗ്ഗീസുമാപ്പിള കേരളത്തിലെ കവികൾക്കെല്ലാം സോത്സാഹം പങ്കെടുക്കുവാൻ തക്ക നിലയിൽ ഒരു കവിസമാജം സ്ഥാപിച്ചു. ഈ കവിസമാജമാണ് കാലക്രമേണ സുപ്രസിദ്ധമായ "ഭാഷാപോഷിണി" സഭയായി രൂപാന്തരപ്പെട്ടതു് "മലയാളമനോരമ"യാകട്ടെ, കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തുടങ്ങിയ അന്നത്തെ പ്രധാന സാഹിത്യകാരന്മാരെ പ്രത്യേകം പ്രീതിപ്പെടുത്തി. മലയാള മനോരമയുടെ പ്രഥമ സമ്പുടം കൈപ്പററിയപ്പോൾ കോയിത്തമ്പുരാൻ പത്രാധിപക്ക് അനുമോദനരീതിയിൽ അയച്ച പദ്യം ഇതാണ്.

"നല്ലോരച്ചടികൊണ്ടു കണ്ണിനുടനേ
കല്ലോലയന്തീരസം,
സല്ലോകത്തിനു സാരവാർത്തയതിനാ-
ലുല്ലാസമുൾത്താരിനും
ചൊല്ലാന്നോരു മനോരമേയമണവും
വല്ലായ്മയില്ലാതെയി-
ന്നെല്ലാരോടുമണഞ്ഞു തുല്യമനിശം
കല്യാണമാർന്നീടണം."

"മലയാള മനോരമ" അപ്രകാരം വിദ്വജ്ജനപ്രശംസയ്ക്കു പാത്രീഭവിപ്പാനിടവന്നതിൽ സാരമായ ഒരു പങ്കു കൊടുങ്ങല്ലൂർ കവിസദസ്സിന്നുമുണ്ടായിരുന്നു. കൊച്ചുണ്ണിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻതമ്പുരാൻ, വെണ്മണിമഹൻ, നടുവത്തച്ഛൻ, നടുവംമഹൻ, കാത്തുള്ളി അച്ചുതമേനോൻ, ഒറവങ്കര നീലകണ്ഠൻ നമ്പൂതിരി (രാജാ) ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ, കുണ്ടൂർ നാരായണമേനോൻ, ഏ. പി. അച്ചുതമേനോൻ, കൂനേഴത്തു പരമേശ്വരമേനോൻ തുടങ്ങിയവർ "മലയാളമനോരമ"യ്ക്കു പല ലേഖനങ്ങളും സസന്തോഷം സംഭാവന ചെയ്തു. മേൽ പ്രസ്താവിച്ച മാന്യന്മാരെല്ലാം കൊടുങ്ങല്ലൂർ കവിസദസ്സിലെ മുഖ്യാംഗങ്ങളായിരുന്നുവെന്നറിയുമ്പോൾ, "മലയാളമനോരമയും"കവിസദസ്സും തമ്മിലുള്ള അടുത്ത ബന്ധം നമുക്ക് അനുമാനിക്കാമല്ലൊ. മലയാള മനോരമയ്ക്കു് സാഹിത്യവിഷയത്തിൽ കുഞ്ഞിക്കുട്ടൻതമ്പുരാനെപ്പോലെ മഹത്തായ സഹായവും പ്രോത്സാഹനവും നൽകിയിട്ടുള്ള സാഹിത്യകാരന്മാർ അക്കാലത്തു ദുർല്ലഭമായിരുന്നുവെന്നു പറയാം. വർഗ്ഗീസ്സു മാപ്പിളതന്നെ ഈ സംഗതി പലപ്പോഴും പ്രസ്താവിച്ചിട്ടുണ്ട്.

"കേരളപത്രിക", "കേരള സഞ്ചാരി", "മലയാള മനോരമ" തുടങ്ങിയ പ്രധാനവർത്തമാന പത്രങ്ങൾ കേരളമണ്ഡലത്തിൽ യഥോചിതം പ്രചരിക്കുവാനിടയായപ്പോൾ, ഭാഷാസാഹിത്യത്തിന്ന് അഭിലഷണീയമായ ഒരു പുരോഗതി കൈവരുവാൻ കാലതാമസം വേണ്ടിവന്നില്ല. അന്നു മലയാളപത്രങ്ങൾക്ക്, ഇന്നുള്ള മാതിരി, പൊതുകാര്യപ്രസ്താവനയിൽ മാത്രമല്ല പ്രസക്തിയുണ്ടായിരുന്നത്. ഭാഷാപോഷണ വിഷയത്തിൽ അന്നത്തെ മലയാളപത്രങ്ങൾ കാര്യമായ ശ്രദ്ധ പതിപ്പിക്കുകയുണ്ടായിട്ടുണ്ട്.

ഇതിന്നുശേഷം മലയാളഭാഷയിൽ ഒട്ടധികം വർത്തമാനപത്രങ്ങൾ പുറപ്പെടുകയും, അവയിൽ മിക്കവയും പല വിധത്തിലുള്ള അസൌകര്യങ്ങളാൽ നാമാവശേഷമാവുകയും ചെയ്തു. എന്നാൽ, കെ. രാമകൃഷ്ണപ്പിള്ളയുടെ ഉടമസ്ഥതയിലും, ആധിപത്യത്തിലും ഏററവും പ്രശസ്തമായ രീതിയിൽ നടത്തപ്പെട്ട "സ്വദേശാഭിമാനി" ആയിടയ്ക്കുണ്ടായിരുന്ന മലയാള പത്രങ്ങളുടെ കൂട്ടത്തിൽ പ്രത്യേകം പ്രാധാന്യത്തോടുകൂടി വളരെക്കാലം പ്രചരിക്കുകയുണ്ടായി. സാഹിത്യം, ശാസ്ത്രം, സമുദായം, ചരിത്രം എന്നീ വിഷയങ്ങളിൽ പല നല്ല ലേഖനങ്ങളും ആ പത്രത്തിൽ പ്രസിദ്ധീകൃതമായിരുന്നു എന്നു മാത്രമല്ല, രാഷ്ട്രീയകാര്യങ്ങളെയും അശേഷം സേവനോക്കാതെ നിഷ്പക്ഷനിലയിൽ പ്രതിപാദിച്ചിരുന്നതു ആ ഉത്തമപത്രമായിരുന്നു. തൻമൂലമാണല്ലൊ ആ സ്വദേശാഭിമാനി നാടുകടത്തപ്പെട്ടത്.

ഇക്കാലത്തു ഇംഗ്ലീഷ് ഭാഷാസാഹിത്യാഭിജ്ഞന്മാരും, മലയാളഭാഷാപോഷണോത്സുകരുമായ ചില മാന്യസഹൃദയന്മാർ ഭാഷാസാഹിത്യാഭിവൃദ്ധിയെലാക്കാക്കി "വിദ്യാവിനോദിനീ"സംഘം എന്നൊരുസമാജം സ്ഥാപിച്ചു. ആ സംഘസ്ഥാപനവിഷയത്തിൽ മുഖ്യമായ പരിശ്രമവും, ഔത്സുക്യവും പ്രദർശിപ്പിച്ചിരുന്നവരിൽ പ്രഥമഗണനീയൻ കഴിഞ്ഞുപോയ പള്ളിയിൽ ഗോപാലമേനോനായിരുന്നു. ഗോപാലമേനോനെ, കഴിഞ്ഞുപോയ സി. പി. അച്ചുതമേനോൻ, കുഞ്ഞികുട്ടൻ തമ്പുരാൻ, തോട്ടയ്ക്കാട്ടു കുഞ്ഞികൃഷ്ണമേനോൻ, സി. അന്തപ്പായി, കാരാട്ട് അച്ചുതമേനോൻ, സി. എസ്സ്. ഗോപാലപ്പണിക്കർ, കുഞ്ഞിരാമനായനാർ പുത്തേഴത്തു ഗോവിന്ദമേനോൻ മുതലായ പ്രമുഖസാഹിത്യകാരന്മാർ കാര്യമായി സഹായിക്കുകയുണ്ടായി. "വിദ്യാവിനോദിനീ"സംഘത്തിന്റെ ജിഹ്വയെ

ന്ന നിലയിൽ "വിദ്യാവിനോദിനി"നാമധേയത്തിൽ ഒരു ഉത്തമ മലയാളമാസികയും ആ സംഘത്തിന്റെ ആഭിമുഖ്യത്തിൽ അന്നു് സമാരംഭിക്കപ്പെട്ടു. "വിദ്യാവിനോദിനി"യാകട്ടെ, അന്നുള്ള മററു പ്രധാനസാഹിത്യകാരന്മാരും കവികളുമായ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, കൊച്ചുണ്ണിത്തമ്പുരാൻ, കുണ്ടൂർ നാരായണമേനോൻ, നടുവത്ത് അച്ഛൻനമ്പൂതിരി, നടുവം മഹൻ, ഒറവങ്കര, കാത്തുള്ളി, കോട്ടാരത്തിൽ ശങ്കുണ്ണി, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ മൂക്കോത്തു കുമാരൻ, അമ്പാടി നാരായണപ്പൊതുവാൾ, ചാത്തുക്കുട്ടി മന്നാടിയാർ, കെ സി. കേശവപിള്ള തുടങ്ങിയ പല യോഗ്യന്മാരുടെയും തൂലികാചലനവൈചിത്ര്യത്തിന്നു മുഖ്യരംഗമായും പരിണമിച്ചു. "വിദ്യാവിനോദിനി"യിലുണ്ടായിരുന്ന വിശേഷപ്പെട്ട ഗദ്യപദ്യ ലേഖനങ്ങൾക്കു നിസ്സീമമായ വിലയും നിലയുമുണ്ടായിരുന്നു. വിശേഷിച്ചു, കാരാട്ട് അച്ചുതമേനോൻ, അമ്പാടിനാരായണപ്പൊതുവാൾ, സി. എസ്സ്. ഗോപാലപ്പണിക്കാർ, പുത്തേഴത്തു ഗോവിന്ദമേനോൻ, കുഞ്ഞിരാമനായനാർ, സി. അന്തപ്പായി മൂക്കോത്തു കുമാരൻ മുതലായ പല പ്രസിദ്ധ സാഹിത്യകാരന്മാരും "വിദ്യാവിനോദിനി"യിൽ എഴുതിവന്നിരുന്ന ലേഖനളെപ്പററി പ്രശംസിക്കാത്തഭാഷാഭിമാനികൾ ഉർല്ലഭമായിരുന്നു "വിനോദിനി"യുടെ പത്രാധിപത്യം ആദ്യകാലത്തു പള്ളിയിൽ ഗോപാലമേനോൻ തന്നേയാണു നിർവ്വഹിച്ചതു്. സി. പി. അച്ചുതമേനോൻ പിന്നീടു പത്രാധിപരുടെ നിലയിൽ ആ മാന്യമാസികയ്ക്കു വളരെ കാലത്തോളം വലിയ പേരും, പെരുമയും നീലനിൽത്തി. തോട്ടയ്ക്കാട്ടു കുഞ്ഞികൃഷ്ണമേനോൻ, സി. അന്തപ്പായി "കെ. എം." എന്ന വടക്കേ കുറപ്പത്തു കുഞ്ഞൻ മേനോൻ എന്നിവരും"വിനോദിനി"യുടെ പത്രാധിപത്യം പിൽക്കാലത്തുകൈയ്യേററിട്ടുണ്ടു്."വിദ്യാവിനോദിനി"മാസിക ഭാഷാസാഹിത്യപരിപോഷണവിഷയത്തിൽ സ്തുത്യർഹമായ പരിശ്രമങ്ങളാണ് നടത്തിയിട്ടുള്ളതെന്നു തുറന്നു പറയുവാൻ ഒരിക്കലും ശങ്കിക്കേണ്ടതില്ല.

"ഭാഷാപോഷിണി" എന്ന പ്രസിദ്ധമാസിക കോട്ടയത്തു (തിരുവിതാംകൂർ) നിന്നു പുറപ്പെട്ടതു കണ്ടത്തിൽ വർഗ്ഗീസ്സുമാപ്പിള, പി. കെ. കൊച്ചീപ്പൻ തരകൻ എന്നിവരുടെ നേതൃത്വത്തിലും, "മലയാളമനോരമാ പത്ര"ത്തിന്റെ ആഭിമുഖ്യത്തിലുമായിരുന്നു. ആ മാസികയുടെ ഭാഷാഭിവൃദ്ധിക്കായി സ്തുത്യർഹങ്ങളായ പരിശ്രമങ്ങൾ പലതും നടത്തുകയുണ്ടായിട്ടുണ്ടു്. "ഭാഷാപോഷിണി"യുടെ

നിലനില്പിന്നും, അഭിവൃദ്ധിക്കുമായി കേരളവർമ്മ വലിയ കോയിത്തമ്പുരാനും, കൊടുങ്ങല്ലൂർ കവിസദസ്സും, മററു പല മാന്യഭാഷാഭിമാനികളും ഉള്ളഴിഞ്ഞു നൽകിയ വിലയേറിയ സഹായങ്ങൾ നിസ്സീമമാണ്. യഥാർത്ഥസഹൃദയന്മാർക്കു "ഭാഷാപോഷണി"യെക്കുറിച്ചും ഇന്നു സുസമ്മതമായ ഒരഭിപ്രായമാണതു്.

മലയാളമാസികകളുടെ കൂട്ടത്തിൽ പിന്നീടു പേരും പെരുമയും നേടിയ ഒരു ഉത്തമ പത്രഗ്രന്ഥം "രസികരഞ്ജിനി"യായിരുന്നു.

"പ്രസന്ന പ്രൌഢസരസ-
പ്രസംഗങ്ങൾ നിറഞ്ഞിനി
രസജ്ഞന്മാർക്കു കൊടുക്കട്ടേ
രസം രസികരഞ്ജിനി"

എന്നായിരുന്നു ആ മാസികയുടെ മുഖപദ്യം. "രസികരഞ്ജിനി"യുടെ ഉടമസ്ഥൻ ഉദാരമതിയും, ഒരു യഥാർത്ഥസാഹിത്യനായകനുമായിരുന്ന കൊച്ചി രാമവർമ്മ (അപ്പൻ) തമ്പുരാനും പത്രാധിപർ മഹാകവി കുഞ്ഞിക്കുട്ടൻതമ്പുരാനുമായിരുന്നു. കുഞ്ഞിക്കുട്ടൻതമ്പുരാൻ, തനിക്കുള്ള സ്തുത്യർഹമായ കവനകലാപാടവത്തിന്നു പുറമേ ഗദ്യരചനയിലുള്ള സാമർത്ഥ്യം സവിശേഷം പ്രസ്പഷ്ടമാക്കിയതു "രസികരഞ്ജിനി" വഴിക്കായിരുന്നു. അപ്പൻതമ്പുരാന്റെ ഗദ്യരചനാവൈദഗ്ദ്ധ്യവും സുപ്രസിദ്ധമാണല്ലൊ. ഇങ്ങിനെ, രണ്ടു ഗംഭീരസാഹിത്യനായകന്മാരായ രാജാക്കന്മാർ ഒത്തൊരുമിച്ച് ആത്മാർത്ഥമായ നിഷ്കർഷയോടുകൂടി നടത്തിയ "രസികരഞ്ജിനി"യെപ്പററി അന്നും, ഇന്നും യഥാർത്ഥസാഹിത്യനിരൂപകന്മാർക്ക് അഭിനന്ദനീയമായ ഒരഭിപ്രായമാണുള്ളതു്. "രസികരഞ്ജിനി"യുടെ ആവിർഭാവത്തിന്നും കൊടുങ്ങല്ലൂർ കവിസദസ്സിന്നു ഒരു മുഖ്യപങ്കുണ്ടെന്നു അനുമാനിക്കത്തക്കവണ്ണമാണ് കുഞ്ഞിക്കുട്ടൻതമ്പുരാൻ, ആ മാസികയുടെ നിലനില്പിന്നും, പരിപോഷണത്തിന്നുമായി നടത്തിയ പ്രശംസാർഹമായ പരിശ്രമങ്ങൾ. അന്നത്തെ കവിസമാജാംഗങ്ങളും തൻമൂലം രസികരഞ്ജിനിയെ സർവ്വാത്മനാ സഹായിപ്പാൻ സന്നദ്ധരായിരുന്നു. രസികരഞ്ജിനിയിലുണ്ടായിരുന്ന ഗദ്യപദ്യവിഷയങ്ങളുടെ രസികത്വവും, പ്രൌഢിയും ആശയഗുണവും മററുമാലോചിച്ചാൽ

ആ മാസിക ഭാഷാസാഹിത്യരംഗത്തിൽനിന്നു തിരോധാനം ചെയ്തു പോയതിൽ വ്യസനിക്കാത്ത സഹൃദയന്മാർ ചുരുക്കമാണ്.

"രസീരഞ്ജിനി"ക്കുശേഷം പല മലയാളമാസികകളും ഭാഷാ സാഹിത്യരംഗത്തിൽ രംഗപ്രവേശം ചെയ്തിട്ടുണ്ട്. അവയിൽ ചിലതെല്ലാം ഭാഷാസാഹിത്യപോഷണത്തിന്നു ഒരു വിധം ഉതകുന്ന വയായിരുന്നുവെന്നു സമ്മതിക്കാം. അവയുടെ പോഷണത്തെ സം ബന്ധിച്ചും കൊടുങ്ങല്ലൂർ കവി സദസ്സ് വിലയേറിയ പല സഹാ യങ്ങളും നൽകിയിരുന്നു.

പതിനഞ്ചാമദ്ധ്യായം.

കവിതക്കത്തുകൾ.

ഭാഷാകവിതയിൽ കത്തുകളെഴുതുവാൻ മഹാകവി കുഞ്ഞിക്കു ട്ടൻതമ്പുരാനെപ്പോലെ മറെറാരു കവിക്കും സാമർത്ഥ്യമുണ്ടായി രുന്നില്ലെന്നുള്ളതു സർവ്വവിദിതമാണ്. തമ്പുരാനു ഗദ്യക്കത്തെഴുതു ന്നതിനേക്കാൾ രസവും എളുപ്പവും തോന്നിയതു പദ്യക്കത്തുകളെ ഴുതിവിടുവാനായിരുന്നു. കവിതക്കത്തിടപാടിന്നു ക്രമേണ പരി ഷ്കാരവും പ്രചാരവും വരുത്തുവാൻ അദ്ദേഹം ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ട്. എന്നാൽ, കുഞ്ഞിക്കുട്ടൻതമ്പുരാൻ കാര്യമായി കവിതക്കത്തിടപാടു നടത്തുവാൻ തുടങ്ങുന്നതിന്നുമുമ്പു നടവത്ത ച്ചൻനമ്പൂതിരിയും, കേരളവർമ്മ വലിയ കോയിത്തമ്പുരാനുംതമ്മിൽ ചുരുക്കം ചില എഴുത്തുകത്തുകൾ കവിതയിൽ നടന്നിട്ടുണ്ടെന്നു കാണാം. അന്നു നടുവത്തച്ചൻ വലിയ കോയിത്തമ്പുരാന് അയച്ച ഒരു കത്തിൽ,

"പാരാതന്നു പിരിഞ്ഞുപോന്നതുമുതൽ—
ക്കൊന്നങ്ങുവന്നീടുവാൻ
പാരം മോദമെനിക്കു ചിത്തതളിരിൽ
ചേർന്നാണിരുന്നീടിലും
ഓരോ ജോലികൾകൊണ്ടതിന്നുകഴിവായ്
വന്നീല, മന്മോഹമാം

പാരാവാരമതിൽക്കിടന്നു പകലും
രാവും പരുങ്ങുന്നുഞാൻ,"
"മുപ്പത്തൊമ്പതിലങ്ങെഴും മുറജപ-
ത്തിന്നായി വന്നപ്പൊള-
ന്നുംപ്പുവിൽ കുതുകംകലർന്നയി! ഭവാ-
നൊന്നിച്ചു നന്ദിച്ചുഞാൻ
അല്പംനാളിലിരുന്നതോർമ്മയവിടേ -
യ്ക്കുണ്ടായിരിക്കാ, മെനി-
ക്കിപ്പോൾത്തന്നെ കഴിഞ്ഞപോലെകരളിൽ
തോന്നുന്നു മന്ദേതരം."

എന്നും മററുമുള്ള ചില ലളിതമായ പദ്യങ്ങൾ കാണാനുണ്ടു. വലിയ കോയിത്തമ്പുരാനും നടുവത്തച്ഛന്ന്, തൻെറ പ്രൌഢമായ ഭാഷയിൽ മറുപടിപ്പദ്യക്കത്തുകൾ അയച്ചിട്ടുണ്ടെന്നറിയുന്നു. കൊടുങ്ങല്ലൂർ കവിസദസ്സാണ് ഏറെക്കുറെ പ്രസ്തുത രീതിക്കു മാർഗ്ഗദർശകമെന്നു കാത്തുള്ളിയും, വെണ്മണിമഹനും തമ്മിൽ "കവിപുഷ്പമാല"യെ സംബന്ധിച്ചു നടന്ന കത്തുകൾ 'വിശദമാക്കുന്നുണ്ട്. കുഞ്ഞിക്കുട്ടൻതമ്പുരാന്നാകട്ടെ, നിമിഷ കവനനിർമ്മാണത്തിന്ന് യാതൊരു പ്രയാസവുമില്ലാതിരുന്നതിനാലും, താൻ വശ്യവാക്കായ ഒരഭിവന്ദ്യകവിയായിരുന്നതിനാലും തൻെറ സമീപത്തു് ഒരു സാഹിത്യരസികനെക്കിട്ടിയാൽ കവിതക്കത്തുകൾ മിക്കവാറും അയാൾക്കു ചൊല്ലിക്കൊടുത്തു്, അയാളെക്കൊണ്ടു് എഴുതിക്കുകയായിരുന്നു പതിവ്. തമ്പുരാൻ ദ്രുതകവനരീതിയിൽ "നളചരിതം" പത്തങ്കമായ ഒരു നാടകമായി നിർമ്മിച്ചശേഷം, ആ വിവരം നടുവത്തച്ഛനെ അറിയിക്കുന്നതു്,

"ആവൂകഷ്ടിച്ചുപററിച്ചിതുകവിത, പരീ-
ക്ഷിച്ചുനോക്കുന്നനേര-
ത്താവേഗത്തിങ്കൽനിന്നും ചെറുതുവലിയതാ-
യുള്ള വേഗംപിടിക്കെ
ധീവിശ്വാസത്തിനായ് ഞാൻ മണിനടശരിയായ്
പന്തിരണ്ടാലെ മൂന്നു-
റാവും പദ്യങ്ങൾ പത്തങ്കവുമിതുവിധമായ്-
നാടകം പാടുപെട്ടു".

എന്ന പദ്യം വഴിക്കാണ്. ഇങ്ങിനെ തമ്പുരാൻ രസാവഹമായ കവിതക്കത്തിടപാടിൽ ബദ്ധശ്രദ്ധനായ കാലത്താണ് കോട്ടയത്തു ണ്ടായിരുന്ന കവിസമാജം "ഭാഷാപോഷിണി"യായി രൂപാന്തര പ്പെട്ടത്. തദനന്തരം തമ്പുരാന്റെ നിർദ്ദേശത്താലും, ഉത്സാഹ ത്താലും തെക്കും വടക്കുമുള്ള പ്രധാന കവികൾതമ്മിൽ അന്നു കവി തയിൽ കത്തിടപാടുകൾ നടത്തുവാൻ തുടങ്ങി. തമ്പുരാനാകട്ടെ, അക്കാലത്തു, താനയക്കാറുള്ള കവിതക്കത്തുകളുടെ മേൽവിലാ സവുംകൂടി പദ്യത്തിലാക്കിവന്നിരുന്നു.

രഞ്ജിപ്പേറുന്ന ശങ്കുണ്ണി—
യഞ്ജസാ കണ്ടുകൊള്ളുവാൻ
കുഞ്ഞിക്കുട്ടനയക്കുന്ന
കുഞ്ഞിശ്ലോകങ്ങളാണിവ"

എന്ന് കൊട്ടാരത്തിൽ ശങ്കുണ്ണിയ്ക്കയച്ച ഒരു കത്തിന്നു അദ്ദേഹം വി ലാസംകുറിച്ചതായിക്കാണാം. ശങ്കുണ്ണിയ്ക്കാണു തമ്പുരാൻ മറേറതു കവിയ്ക്കുമയച്ചിട്ടുള്ളതിൽ കൂടുതൽ കവിതക്കത്തുകളയച്ചിട്ടുള്ളത്— അവയിൽ ചില പദ്യങ്ങൾ ഇവിടെ ഉദാഹരണത്തിന്നായി ഉദ്ധ രിക്കുന്നതു രസാവഹമായിരിക്കുമെന്നു കരുതുന്നു. 1065—ലാണെന്നു തോന്നുന്നു ശങ്കുണ്ണിക്കു തമ്പുരാനയച്ച ഒരു കത്തിൽ, ഇപ്രകാരം എഴുതി,

"കത്തും പുസ്തകവും കവി വ്രജമണേ!
കയ്യിൽക്കിടച്ചു നമ,—
ക്കെത്തുംപാടിനു തെററതീത്തുടനയ—
ച്ചീടുന്നു കേടെന്നിയെ
ചിത്തംപാളിനമട്ടു ഞാനെഴുതിയോ—
രാ"ലക്ഷണാസംഗ"വും
കൃത്യംപാത്തു ഭവാനതിൽ കുറവുക—
ണ്ടിങ്ങോട്ടയച്ചീടണം",

"ഗുണങ്ങളുണ്ടെങ്കിലുമോതിടേണ്ട
ഗുണജ്ഞ ; തെററങ്ങിനെയല്ലതാനും
ക്ഷണം പറഞ്ഞീടണമിങ്ങുകാട്ടി—
യിണക്കിലേമേൽപ്പിഴതീന്നു കിട്ടു,"

"സല്ലോകംഗ്രണമോതിടും, പിഴമരി-
ച്ചാലും കഥിക്കില്ലതെ-
ന്നല്ലോ കണ്ടുവരുന്ന,തെന്നു കരുതി-
ക്കൊണ്ടിന്നു മിണ്ടായ്ക്കിലോ
ചൊല്ലാം ഞാനൊരുതെററപററമറിവു-
ണ്ടാവില്ല ചോട്ടുള്ളവർ-
ക്കെല്ലാം കാവ്യഗ്രണത്തെ, ശിക്ഷയതുകൊ-
ണ്ടഭ്യാസമെന്നല്ലയോ? "

തമ്പുരാൻ് സംസാരഭാഷാ രീതിയിൽ കാവ്യം പായുവാൻ ഗദ്യത്തേക്കാൾ സ്വാധീനം പദ്യമാണെന്നിതിൽനിന്നു തെളിയുന്നു. കെ. സി. കേശവപിള്ളയുമായി തമ്പുരാൻ കൂടെക്കൂടെ കവിതകത്തിടപാടുകൾ ധാരാളം നടന്നാറുണ്ട്. ഒരിക്കൽ അപ്രകാരം കെ സി.ക്കയച്ചകത്തിൽ,

"സംഗീത പാടവമെനിക്കുനിനച്ചിടുമ്പോൾ
ഭംഗിക്കു ചൊല്ലിടുകയല്ലൊരു ലേശമില്ല
മങ്ങീമനസ്സതുപശാലിഹ താങ്കൾതീർത്ത
"സംഗീതമഞ്ജരി"മുറയ്ക്കിഹ നോക്കിയപ്പോൾ"

എന്നദ്ദേഹം ഫലിതത്തോടുകൂടി പ്രസ്താവിച്ചിരിക്കുന്നു. തമ്പുരാൻ കെ. സി.യോടു, തനിയ്ക്കു സംഗീതപാടവമില്ലെന്നു പറയുന്നതു പരമാർത്ഥമാണ്. അദ്ദേഹം ഒരിക്കൽ സംഗതീവശാൽ തുറന്നു പറയുകയുണ്ടായി, "സദിരു കേൾക്കുമ്പോളുറക്കംവരും" എന്ന്. കെ. സി.ക്കു തന്നെ അയച്ച മറെറാരു കത്തു ഉദ്ധരിക്കാം. അതിരസകരമായ ഒരു മംഗളപദ്യം അതിലുള്ളതു നോക്കുക.

"അമ്മിഞ്ഞപ്പാൽ കുടിപ്പാൻ കരയുമൊരളവിൽ-
ച്ചൊറ നാണിച്ചഹോ, പെ-
ററമ്മസ്ഥാനം വഹിച്ചീടിന പരമപുമാൻ
നെഞ്ചു തപ്പുന്നനേരം
ചെമ്മേ തൻകയ്യിൽവാങ്ങിജ്ജനകനുടനിട-
ത്തേക്കുചത്തേക്കൊടുത്ത-
ന്നുന്മേഷാൽതൃപ്തിയായീടിന ചെറിയൊരു കു-
ട്ടപ്പനെ കൈതൊഴുന്നേൻ"

ഈ മംഗളത്തെ തുന്നു തൻെറ മകനെ ഭ്രാന്തൻനായ കടിച്ചതിനെപ്പററി രണ്ടു പദ്യങ്ങൾ ചേർത്തിട്ടുണ്ട്.

"കഷ്ടം നമ്മുടെ മകനൊരു
പട്ടികടിച്ചോരുമൂലമഴലാണ്ടു
ഒട്ടുദിനങ്ങൾ വിഷാദ-
പ്പെട്ടുകിടന്നേനതോർത്തുകൊണ്ടീഞാൻ,"

പാരം പാരിൽ പരക്കും പലജനവുമുഴ-
ന്നീടുമഗ്ഘോരമാംസം-
സാരം സാരംനിനച്ചാൽ പടഹമതുകണ-
ക്കുള്ളനൽ പൊള്ളയത്രേ
പോരും പോരും ചിലപ്പോളിതു കിമപിപൊഴി-
ക്കുന്ന ശബ്ദങ്ങളാലെ
കീറം കേറം വഴിക്കച്ചെകിടുകൾ തിമിരം
പോലെയും കണ്ണു പോകും."

ഈ വക പദ്യങ്ങൾ പ്രത്യേകം രസാവഹങ്ങളാണ്. തമ്പുരാൻ, 1068 മകരമാസത്തിൽ കെ. സി.ക്കയച്ച ഒരു കത്തിൽ വെണ്മണി മഹൻ നമ്പൂതിരിപ്പാടു നിഷ്ഠാതനായതിൽ അനുശോചിക്കുന്നു.

രണ്ടോ നാലോ വയസ്സാകിയ ശിശുജനവും
വെണ്മണിശ്ലോകമൊന്നോ
രണ്ടോനാവിൽ ഗ്രഹിക്കും കലിതരസഭരം
കേൾക്കുവോരാദരിക്കും
വീണ്ടും നമ്മൾക്കിവണ്ണം ഗുണമുതകിയെഴും
വെണ്മണിക്ഷ്മാസുരൻ താ-
നങ്ങക്കും ദൈത്യതുല്യം കവിഗുരുഗുണമേ-
കീടുവാൻ പോയിതല്ലോ"

തമ്പുരാൻ വെണ്മണി കുഞ്ഞുണ്ണിനമ്പൂതിരിപ്പാട്ടിലേയ്ക്കുതന്റെ ഒരു മകളുടെ നിഷ്ക്രാണമുണ്ടായതിനെക്കുറിച്ചു എഴുതിയ കവിതക്കത്താണു താഴെ കുറിക്കുന്നത്.

"ദീനം പിടിച്ചുമകളാശുമരിച്ചതായ്കേ-
ട്ടുനം മനോധൃതിയിലേററ പരിഭ്രമത്താൽ
ഞാനന്നു പോന്നതിനുശേഷമിതേവരേയ്ക്കും
മൌനം നമുക്കുമടിയാൽ നെടുനീളെ നീണ്ടു,.

കത്തുവിടുന്നതിനൊരുമറ-
കത്തുവിടാനും മടിക്കുമെന്മടിയെ
ഒത്തുനിനച്ചോതാങ്കളെ-
ഴുത്തു കുറിക്കാഞ്ഞു വാസ്തവമതല്ലേ ?

"പെട്ടോരാപത്തഹ! ഹ! പറയാവല്ല കോട്ടയ്ക്കലഞ്ചോ
എട്ടോപത്തോ പുലകളൊഴിയാതിന്നു മൊന്നിച്ചുകൂടി
നീട്ടോ പെട്ടന്നൊരുനിലയിലാണെപ്പൊഴും ദൈവകോപ-
ക്കൂട്ടോ എന്തോ ഹഹഹസുഖമേ ബാന്ധവക്കാക്കു കുന്തം"

തമ്പുരാൻ നടുവത്ത് അച്ചൻനമ്പൂതിരിക്ക് വളരെ കവിതക്കത്തുക ളയച്ചിട്ടുണ്ട്. അവയിൽ ചിലതിലുള്ള മംഗളപദ്യങ്ങൾകൂടി വള രെ രസകരമായിരിക്കുന്നു. ഒരു കത്തിൽ തമ്പുരാനു നടുവത്തച്ച ന്റെ മറുപടി കിട്ടായ്കയാൽ അദ്ദേഹത്തെ "മടി"യൻ എന്നു സൂചി പ്പിക്കുന്നതാണ് മംഗളം.

"മന്മഥനുടെ തടിമുടിയൻ
നിർമ്മലതാരേശജാഹ്നവീ മുടിയൻ
നമ്മുടെ ഗരളം കുടിയൻ
നന്മതരട്ടേ ഭവാനുമാമടിയൻ"

ഈ മംഗളത്തിന്റെ രസികത്വത്തെപ്പററി ആരെങ്കിലും പുക ഴ്ത്താതിരിക്കുമോ? അതേ കത്തിൽത്തന്നെ തന്റെ മഹാഭാരത തർജ്ജ മയെക്കുറിച്ചു തമ്പുരാൻ സൂചിപ്പിക്കുന്നു.

"പതിനെട്ടു പുരാണങ്ങൾ
പതിററവ കിടക്കവേ
മതിമങ്ങിച്ചിപ്രവൃത്തി
മതിയാകുകിൽ മോശമാം"

മഹാഭാരത തർജ്ജമയെ ചില "വിദ്വാന്മാർ" അങ്ങുമിങ്ങു മിരുന്നു സ്വകാര്യമായി ആക്ഷേപിക്കുവാൻ ആദ്യകാലത്തു സന്നദ്ധ രായിരുന്നു. ആ വിവരം അറിഞ്ഞു തമ്പുരാൻ നടുവത്തച്ചനെഴുതി യ ഒരു കത്തിൽ,

"ഊമവ്രതത്തിനെക്കാളും
കേമം ചീടുചിലയ്ക്കലാം
ആമട്ടാണെന്നു വന്നോട്ടേ
കേമമെന്റെ ചിലയ്ക്കലും"

എന്നു പ്രസ്താവിച്ചു.

ഒരിക്കൽ കെ. സി. കേശവപിള്ള തമ്പുരാന് പദ്യത്തിൽ കത്തയക്കുന്ന പതിവു തെററിച്ച് ഗദ്യത്തിലാണ് എഴുതിയത്. തന്മൂലം തമ്പുരാൻ അല്പം പരിഭവിച്ചുകൊണ്ടു കെ. സി. ക്കയച്ച രസകരമായ പദ്യമാണ്, ചുവടെ ചേർക്കുന്നത്.

"താനേഗദ്യമതായെനിക്കയി! ഭവാൻ
പത്രം കുറിച്ചീലയോ
കൂനേഴം പരമേശ്വരനു സരസ
ശ്ലോകങ്ങളേകീലയോ
താ,നേവം ബഹുപക്ഷപാതമിവിടെ-
ക്കാണിക്കുവാൻ മാത്രമീ-
ഞാനേതെങ്കിലുമപ്രിയം പ്രിയസഖ-
പ്രോത്തം സ! ചെയ്തെന്നതോ?"

കവിതയിലേ തനിക്കു കക്ഷികൾ കത്തുകൾ എഴുതിക്കൂട്ടു എന്നൊരു നിർബ്ബന്ധംകൂടി തമ്പുരാനുണ്ടായിരുന്നുവെന്ന് ഇതിൽ നിന്നു തെളിയുന്നു. ഒറവങ്കര നീലകണ്ഠൻനമ്പൂതിരിക്കയച്ച ഒരു കവിതക്കത്തിൽ തമ്പുരാൻ ഇപ്രകാരം പ്രസ്താവിക്കുന്നു.

"എന്തോഴ! തൻെറകഥയൊന്നു മറിഞ്ഞിടുന്നി-
ല്ലെന്താണൊരാട്ടവുമനക്കവുമില്ലയല്ലോ
ഉന്താനൊരാളരികിലില്ലതുകൊണ്ടു കാവ്യ-
ചിന്താവിലാസമിഹ തീരെ വെടിഞ്ഞിടുന്നോ?
ചെമ്മേ രചിക്ക കഥയൊന്നു സഖേ! മനസ്സി-
ലുന്മേഷമുള്ള സമയം കളയൊല്ലതെല്ലം
ഇമ്മാതിരിക്കവികൾ മൌനമെടുത്തിരുന്നാൽ
ബ്രഹ്മാവുഹന്ത! പിടിയാത്തവനെന്നുവന്നു"

തമ്പുരാൻ കവിതക്കത്തുകൾക്കു മംഗളം കുറിക്കാവുള്ളതു പലപ്പോഴും ഏററവും രസാവഹമാകാറുണ്ട്. ഉദാഹരണമായി,

"മുക്കണ്ണനന്നലർ ശരപ്പുലതീർന്നപിണ്ഡം
വെയ്ക്കുന്ന നാളുടൻ വിശ്രുതിവരുത്തുവാനായ്
ചിക്കെന്നു പർവ്വതമഹർഷി ജപിച്ചപുണ്യാ-
ഹത്തിന്നെഴും പൊരുളെനിക്കരുളട്ടെ സൌഖ്യം!"

ഈ പദ്യം കവിതിലകൻ കുണ്ടൂർ നാരായണമേനോൻ അയച്ച ഒരു കവിതക്കത്തിലുള്ളതാണ്. ഒരവസരത്തിൽ തമ്പുരാൻ കൊട്ടാരത്തിൽ ശങ്കുണ്ണിക്കയച്ച കവിതക്കത്തിലെ മംഗളമിതാ.

"കാവണ്ണിത്തിങ്കൾ മുട്ടിത്തിരയിണ കരിമീൻ
തൊണ്ടികണ്ണാടിയെന്നി-
ച്ചേരുന്നെണ്ണങ്ങൾ ചേന്നീടിന മുഴമതിപൂ-
മാല പൊൻകുന്നുഭാവം
താരുണ്യ ശ്രീതിളയ്ക്കുന്നിളകടളിയിണ-
ത്താരിനൊക്കെപ്പിണയ്ക്കും
ക്കാരുണ്യക്കല്പവല്ലിക്കൊടു നടുമലര-
ന്വാന്തകാങ്കം തൊഴുന്നേൻ!"

ഇതിലെ അൎത്ഥാലങ്കാരവും പദഭംഗിയും ഏതു സഹൃദയനും ശ്ലാഘിക്കും. ഒടുവിൽകുഞ്ഞിക്കൃഷ്ണമേനോന്ന് ഒരിക്കൽ അയച്ചിരുന്ന ഒരു കവിതക്കത്തിലെ മംഗളം.

"മടിയിൽത്തന്നെയെന്നല്ല
മുടിയിൽക്കൂടിയച്ചിയെ
കുടികൊള്ളിച്ചിട്ടും സൎവ്വ-
മുടിയസ്വാമിയാശ്രയം"

എന്നായിരുന്നു. ഇങ്ങിനെ സഹൃദയന്മാരെ ഫലിതക്കൈ പ്രയോഗിച്ച രസിപ്പിക്കുവാൻ തമ്പുരാന്ന് ഒരു പ്രത്യേകസാമൎത്ഥ്യമുണ്ടായിരുന്നു.

തമ്പുരാൻ സാധാരണമായി കവികൾക്കു മാത്രമല്ല കവിതക്കത്തുകൾ അയച്ചിരുന്നതു്. തനിക്കു ഇഷ്ടമുള്ള ഏതൊരാൾക്കും അദ്ദേഹം കവിതയിലേ കത്തെഴുതാറുള്ളു. നിസ്സാരമായ ചില കാൎയ്യങ്ങൾക്കുകൂടി അദ്ദേഹം തൻെറ പരിചയക്കാൎക്കു വല്ല കുറിപ്പും എഴുതുന്നതുകൂടി കവിതയിലായിരുന്നു. ഉദാഹരണമായി

"ബാലശിക്ഷ"യ്ക്കലട്ടുന്നു
ബാല,പുത്രി സരസ്വതി
അലട്ടുതീൎത്തു വിട്ടേക്കു
വിലപിന്നെത്തരാമെടോ?"

എന്ന പദ്യം നോക്കുക. തൻെറ മകളായ സരസ്വതി, ഏററവും താണ ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ, ആ കുട്ടിയുടെ ഗുരുനാഥനും, ഒരു സഹൃദയനും, തൻെറ പ്രധാനാശ്രിതന്മാരിലൊരാളുമായ താഴത്തുവീട്ടിൽ രാമന്മേനോനു "ബാലശിക്ഷ"എന്ന പാഠപുസ്തകം മകൾക്കു കൊടുക്കുവാനയച്ച കുറിപ്പാണിതു്. ഇതുപോലെ

മറെറാരിക്കൽ, തമ്പുരാൻ തൻെറ ഒരാശ്രിതനും, സാഹിത്യരസികനുമായിരുന്ന നമ്പ്യാരുവീട്ടിൽ കഞ്ചുമേനോൻ എന്ന ആൾക്കയച്ച കുറിപ്പ് താഴെ ചേർക്കാം:

"മേലൊക്കെ വായിൽനാക്കാം
ബാലക്കുയിൽ വാണിയുടെ കുട്ടിക്കായ്
ചേലൊക്കുംപടി തീർത്തൊരു
പാലക്കാമോതിരം കൊടുപ്പനഹം,
ഒല്ലൂർ പുതുവാൾ രാമൻ
നല്ലൊരുതരത്തിൽ വാങ്ങിവെച്ചേക്കും
മെല്ലെന്നായതുവാങ്ങി—
ക്കില്ലെന്യേ താങ്കളഞ്ചലിൽവിടേണം"

തൻെറ ഭാര്യയുടെ സ്വഭാവം പ്രസ്തുത കുറിപ്പിൽ തമ്പുരാൻ വിശദമാക്കുന്നത് അദ്ദേഹത്തിൻെറ മനശ്ശുദ്ധിക്കു മകുടോദാഹരണമാണ്. ആ മാന്യസ്ത്രീയാകട്ടെ, കുറച്ചധികം സംസാരിക്കുന്ന കൂട്ടത്തിലായിരുന്നതിനാലാണു തമ്പുരാൻ "മേലൊക്കെവായിൽ നാക്കാം" എന്നൊക്കെ തമാശയിൽ പറഞ്ഞത്. ഒരു പാലയ്ക്കാമോതിരമെന്ന ആഭരണം മകൾക്കുവേണ്ടി വാങ്ങി അയപ്പാനാണ് ഈ കുറിപ്പിൽ ആവശ്യപ്പെടുന്നതെന്നു വിശദമായല്ലോ.

കവിതക്കത്തുകൾക്ക് "കവനകൌമുദി"പത്രമായി നടന്നിരുന്ന കാലത്തുകൂടി ഒരുവിധം പ്രചാരമുണ്ടായിരുന്നു. അക്കാലത്ത് നമ്മുടെ മഹാകവികളായ ഉള്ളൂരും, വള്ളത്തോളും, പന്തളവും മററു പല കവികളും "കൌമുദി"പത്രത്തിൽ കവിതക്കത്തുകൾ എഴുതിയിട്ടുണ്ട്. അവയിൽ വള്ളത്തോളിൻെറ ഒരു ചെറിയ കത്ത് ഇവിടെ മാതൃകയായി ഞാൻ ഉദ്ധരിക്കാം. കവിയൂർ വെങ്കിടാചലമയ്യർ എന്ന കവി ഒരിക്കൽ വള്ളത്തോളിന്നു "കൌമുദി"യിൽ എഴുതിയിരുന്നു, വടക്കുള്ള കവികൾമൂലം "കൌമുദി" നന്നാകുന്നുണ്ടെന്നും, കുണ്ടൂർ, ഒട്ടു, വള്ളത്തോൾ എന്നിങ്ങിനെയുള്ള മഹാശയന്മാർ ഉള്ള കാലത്തോളം "കൌമുദി"ക്കു യാതൊരു കോട്ടവും വരില്ലെന്നും അതിന്നു വെങ്കിടാചലമയ്യക്കു വള്ളത്തോൾ കൌമുദിവഴിയായി അയച്ച മറുവടിക്കവിതക്കത്തിൽ

"തീരാത്തനന്മയെഴുമപ്പുതുബുക്കുവായി—
ച്ചോരാത്തരത്തിലിവനിങ്ങിനെയൊന്നുതോന്നി

പേരാണ്ടതാങ്കൾ മരുവുന്നതുകൊണ്ടുതന്നെ
നേരായ്ച്ചമഞ്ഞു "കവിയ്യ"രിനു പേരിതേററം,

കേടേലാതേ വടക്കുള്ളവർവഴികടലാ-
സ്സസ്സലായെന്നു ചുമ്മാ-
പാടേണ്ടാ, ചേലൊടിമ്മാതിരിയെഴുതിവിടും
താങ്കളോതെക്കനല്ലേ?
പാടേ പേർകേട്ട വെറേചിലരുമിതിലിറ-
ങ്ങാത്തതേകുററമുള്ളു
നാടേതായാലുമെന്താകുറ, വറിവുപെടും
കൂട്ടരുണ്ടായിരുന്നാൽ,
ഉള്ളത്തിൽ തെളിവാന്ന "സമ്പ്രതി", "തഹ-
ശ്ശീൽദാർ"തുടങ്ങിപ്പുക-
ഴ്ന്നുള്ളക്കൂട്ടരൊടൊപ്പമിന്നിവനെയും
കൂടിക്കണക്കാക്കിയാൽ
വെളത്തിങ്കളൊളിച്ച കേളിവിളയും
താങ്കൾക്കു തെററായ്യരും
വള്ളത്തോളൊരു പാവമാ,ണതിനെയി-
ട്ടീമട്ടുതുള്ളിയ്ക്കോലാ."

എന്നൊക്കെ പ്രസ്താവിച്ചിരുന്നു. സമ്പ്രതി, തഹശ്ശീൽദാർ എന്നിങ്ങിനെ രണ്ടു പേരെപ്പററി വള്ളത്തോൾ പറഞ്ഞിട്ടുള്ളതു് അന്നു കൊച്ചിരാജ്യത്തു തഹശ്ശീൽദാരും, സമ്പ്രതിയുമായിരുന്ന കണ്ടൂർ, ഒട്ടു എന്നിവരെപ്പററിയാണ്. വള്ളത്തോളിന്ന് ഫലിതത്തോടുകൂടി സംസാരഭാഷയിൽ കത്തുകൾ കവിതയിലെഴുതുവാൻ ഒരു പ്രയാസവുമില്ലെന്ന് ഇതിൽനിന്നു വ്യക്തമാവുന്നു. വള്ളത്തോൾ അന്നു പ്രദർശിപ്പിച്ച വിനയവും മേലുദ്ധരിച്ച കത്തിൽനിന്നനുമാനിക്കാം.

കവിതക്കത്തിടപാടുകളെസംബന്ധിച്ചു സൂക്ഷ്മമായി വിചിന്തനം ചെയ്യുന്നതായാൽ, ആ ഒരു പ്രസ്ഥാനം പരിഷ്കരിച്ചതും, പ്രബലപ്പെടുത്തിയതും തമ്പുരാനാണെന്നു വെളിവാക്കുവാൻ ഇപ്പോൾ നമുക്കു പല ലക്ഷ്യങ്ങളും കിട്ടിക്കഴിഞ്ഞു. അദ്ദേഹത്തിന്നു ആ വിഷയത്തിൽ അന്നു പ്രധാനികളായ പങ്കാളികൾ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, നടുവത്തു അച്ചുതൻനമ്പൂതിരി, നടുവം മഹൻ, കൊട്ടാരത്തിൽ ശങ്കുണ്ണി, കെ. സി. കേശവപിള്ള, കെ.

സി. നാരായണൻനമ്പ്യാർ, ഒറവങ്കര, കഞ്ഞിക്കൃഷ്ണമേനോൻ, കണ്ടൂർ നാരായണമേനോൻ, തേലയ്ക്കാട്ട പത്മനാഭമേനോൻ, വള്ളത്തോൾ, ഉള്ളൂർ, പി. ജി. രാമയ്യർ, പി. വി. കൃഷ്ണവാരിയർ തുടങ്ങിയ സരസകവികളായിരുന്നു. കവിതക്കത്തിടപാട് അന്നത്തെ ഭാഷാസാഹിത്യവകുപ്പിൽ ഒരു പ്രധാന പ്രസ്ഥാനമായിരുന്നുവെന്നും, അതിന്നു സർവ്വോപരി പ്രചാരവും, പ്രാബല്യവും വരുത്തിയതു കൊടുങ്ങല്ലൂർ കവിസദസ്സാണെന്നും, ആ രസകരമായ പ്രസ്ഥാനംകൊണ്ടു ഭാഷാസാഹിത്യരംഗത്തിൽ നടന്നിരുന്ന പല പ്രധാന സംഭവങ്ങളും മനസ്സിലാക്കുവാൻ സാധിച്ചിരുന്നുവെന്നും നമുക്ക് ഊഹിക്കുവാൻ കഴിയും. കവിതക്കത്തിടപാടിന്നു ഭാഷാസാഹിത്യവകുപ്പിൽ മുമ്പുണ്ടായിരുന്ന പ്രാധാന്യത്തെ നമുക്ക് ഒരിക്കലും മറക്കുവാൻ പാടുള്ളതല്ല.

പതിനാറാമദ്ധ്യായം.

ഛായാശ്ലോകങ്ങളും, മംഗളപദ്യങ്ങളും.

അന്നത്തെ സരസഭാഷാകവികൾക്കു ഛായാശ്ലോകനിർമ്മാണത്തിൽ അതിയായ പാടവവും, പ്രസക്തിയുമുണ്ടായിരുന്നുവെന്നു മുൻ അദ്ധ്യായങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ടല്ലോ. ഛായാശ്ലോകം ശരിയായ തന്മയത്വത്തോടുകൂടി നിർമ്മിക്കുക സുകരമല്ല. ഈ രസകരമായ കവന വിനോദത്തിന്നും കൊടുങ്ങല്ലൂർ കവിസദസ്സാണ് മാർഗ്ഗദർശകമായിരുന്നത്. കൊടുങ്ങല്ലൂർ കോവിലകത്തുണ്ടായിരുന്ന ഈ സാഹിത്യവിനോദം ആ സദസ്സിലെ അംഗങ്ങളിൽ ചിലർ പല സ്ഥലങ്ങളിലുംവെച്ചു നടത്തി സഹൃദയന്മാരെ രസിപ്പിച്ചിട്ടുണ്ട്.

ഒരിക്കൽ സരസകവിയായ ഒറവങ്കര നീലകണ്ഠൻനമ്പൂതിരി (രാജാ) ഫലിതമയമായ ഒരു ഛായാശ്ലോകമുണ്ടാക്കി പലരേയും പൊട്ടിച്ചിരിപ്പിച്ചു. അദ്ദേഹത്തിന്റെ ഇല്ലത്തടുത്തുള്ള "അന്നമനട" ക്ഷേത്രത്തിൽ ശാന്തിക്കാരനായിരുന്ന ഒരെമ്പ്രാന്തിരിയെ നല്ല ഒരു പാഠം പഠിപ്പിക്കുകയാണ് ആ ശ്ലോകംകൊണ്ട് ഒറവങ്കര കൈക്കൊണ്ട കൌശലം. പ്രസ്തുത എമ്പ്രാന്തിരിയാകട്ടെ, "തുളു"നാട്ടി

ൽനിന്ന് ഇറക്കുമതി ചെയ്യപ്പെട്ട ഒരു "പുത്തൻ ചരക്കും", സ്വതവേ വിരൂപിയും, മുൻകോപിയും, മലയാളം നല്ലപോലെ പരിചയമില്ലാത്ത ഒരു ചെറപ്പക്കാരനുമായിരുന്നു. ആ മനുഷ്യനെക്കൊണ്ടു് ക്ഷേത്രത്തിൽ ആരാധനയ്ക്കു വന്നിരുന്നവക്ക് ഉപകാരമില്ലായിരുന്നുവെന്നു മാത്രമല്ല, അല്പാല്പം ഉപദ്രവമാണുണ്ടായിരുന്നതു്. ആക്കെങ്കിലും തീർത്ഥം പ്രസാദം മുതലായവ കൊടുക്കുന്നതിൽ ആ ശാന്തിക്കാരനു വളരെ വൈമനസ്യമുണ്ടായിരുന്നു. ആരെങ്കിലും പ്രസാദം ചോദിച്ചാൽ ഉടനടി "ഇഞ്ചികടിച്ചു" മലയാളവും തുളുവും കൂട്ടിചേർത്ത വെങ്കലഭാഷയിൽ അവരെ ശകാരിക്കുവാനുംകൂടി ആ കാട്ടുമൃഗം ധൈര്യപ്പെട്ടിരുന്നു. പക്ഷേ, ഭാഷാകവിത കേൾക്കുവാനും, കവികളെ ബഹുമാനിപ്പാനും അയാൾ ഏതോ പൂർവ്വജന്മാർജ്ജിതവാസനയാൽ ഏറെക്കുറെ താല്പര്യം പ്രദർശിപ്പിച്ചു. ചില പദ്യങ്ങളുടെ താല്പര്യം കുറച്ചൊക്കെ മനസ്സിലാക്കുവാനും എമ്പ്രാന്തിരിക്കു സാധിച്ചിരുന്നു. ആ നാട്ടുകാരായ ആരാധനക്കാരിൽ പലക്കും ഈ സംഗതി, ഭാഗ്യവശാൽ, മനസ്സിലായി. അവർ ഒറവങ്കരയെ ഉടനെ സമീപിച്ചു കാര്യങ്ങളെല്ലാം ധരിപ്പിച്ചു്, തങ്ങൾക്കു യഥേഷ്ടം ദേവാരാധനയ്ക്കു സൌകര്യമുണ്ടാക്കിത്തന്നേ കഴിയൂ എന്നപേക്ഷിച്ചു. നാട്ടിൽ പ്രമാണിയും, നല്ല കവിയുമായ ഒറവങ്കരയെപ്പററി ആ എമ്പ്രാനു കുറച്ചൊക്കെ ഭക്തിബഹുമാനങ്ങളുണ്ടാകുവാൻ ന്യായമുണ്ടല്ലൊ. "രാജൻ" നമ്പൂതിരി നാട്ടുകാരുടെ അപേക്ഷയനുസരിച്ചു് ഒരിക്കൽ അന്നമനട ക്ഷേത്രത്തിൽപ്പോയി, കാര്യത്തിന്റെ സൂക്ഷ്മസ്ഥിതി മനസ്സിലാക്കുവാൻ തീർച്ചപ്പെടുത്തി. പക്ഷേ, ഒറവങ്കര ക്ഷേത്രത്തിലേയ്ക്കു പുറപ്പെട്ടപ്പോൾത്തന്നെ എമ്പ്രാനെപ്പററി ഒരു ഛായാശ്ലോകം നിർമ്മിച്ചു് അയാളെ ഒന്നു പരിപ്പിക്കണമെന്നും കരുതിയിരുന്നു. അപ്രകാരം അദ്ദേഹം ക്ഷേത്രത്തിൽചെന്നു് ആരാധന നടത്തിയശേഷം തന്റെ നേരിട്ടുവന്ന അപരിഷ്കൃതനും, വിരൂപിയും, ശുണ്ഠിക്കാരനുമായ എമ്പ്രാന്തിരിയെക്കുറിച്ചു് താഴെ ചേർത്ത പദ്യം മുഖത്തുതന്നെ നോക്കി ഉറക്കെ ചൊല്ലി.

"ചോപ്പൻകണ്ണിടയിൽപ്പിടിച്ചുപറയും
ക്രൂരാക്ഷരാഭാഷണം,
കുപ്പൻമോന്ത,കുറുങ്കഴുത്തിടപെടും
ദന്താഭകുന്തവ്രജം

മോപ്പാളപ്പുറമൊത്ത മാറിടവുമാ,-
യെല്ലാവരോടും പരം
മുപ്പി"ച്ചിഞ്ചികടിച്ചു"കൊണ്ടുവരുമീ-
യുണ്ണായ്ക്കനാരേതെടോ ?"

ഒറവങ്കര ശ്ലോകം ചൊല്ലിയതോടുകൂടി വികൃതരൂപനായ എമ്പ്രാന്തിരിക്കു, തൻെറ ആകൃതിയും പ്രകൃതിയുമാണ് അദ്ദേഹം അവിടെ പ്രതിബിംബിപ്പിക്കുന്നതെന്നു മനസ്സിലായി. ഉടനെ എമ്പ്രാൻ "മാപ്പുതരണേ" എന്നപേക്ഷിക്കുകയും, അവിടെയുണ്ടായിരുന്ന സകലക്കും തീർത്ഥവും പ്രസാദവും യഥേഷ്ടം നൽകുകയും ചെയ്തു. കൂടാതെ, മേലിൽ അമ്പലത്തിൽ യാതൊരു അനിഷ്ടവും ആക്കും വരാതെ സൂക്ഷിച്ചുകൊള്ളാമെന്ന് ഒറവങ്കരയോട് എമ്പ്രാന്തിരി ഏറെ പറയുകയുമുണ്ടായി. ആ ഛായാശ്ലോകം, കേവലം കാടനായിരുന്ന ആ എമ്പ്രാന്തിരിയെ നല്ലൊരു പാഠം പഠിപ്പിച്ചു; എന്നു മാത്രമല്ല, തന്മൂലം ക്ഷേത്രോപസകന്നുക്ക് പിന്നീട് അവിടെ യാതൊരനിഷ്ടത്തിന്നു ഇടയായതുമില്ല. ഛായാശ്ലോകങ്ങളാകൊണ്ട് ഇങ്ങിനെ ചില ഗുണങ്ങളും ചിലപ്പോൾ സിദ്ധിച്ചേക്കുമെന്നു ഇതിൽനിന്നു വിശദമായല്ലോ.

കുഞ്ഞിക്കുട്ടൻതമ്പുരാനു ഛായാശ്ലോകരചനയിൽ കണക്കിലേറെ സാമർത്ഥ്യമുണ്ടായിരുന്നു. തൻെറ ഭ്രാതാവായ വെണ്മണി മഹനെ ഉദ്ദേശിച്ച് അദ്ദേഹം നിർമ്മിച്ച രസകരമായ

ഉന്മേഷത്തൊടുതാൻ മുറക്കി,യരിക-
ത്തല്ലം മുറക്കാനുമായ്
ചുമ്മാതെ മണി പത്തടിപ്പതുവരേ
മൂടിപ്പതച്ചങ്ങിനെ
ബ്രഹ്മസ്വം മഠമായതിൻെറ പടിയിൽ
പൂർണ്ണാനുമോദം പര-
ബ്രഹ്മം കണ്ടരുളുന്ന വെണ്മണിമഹൻ
നമ്പൂരിയെക്കണ്ടു ഞാൻ"

എന്ന പദ്യം സുപ്രസിദ്ധമാണല്ലൊ. വെണ്മണിയുടെ ആകൃതിക്കും പ്രകൃതിക്കും മതിയായ നിദർശനമാണീരസകരമായ പദ്യം. "പ്രകൃത്യാ അമാന്തക്കാരനും കൂടിയായിരുന്ന വെണ്മണിയെക്കുറിച്ചു ഏററവും തന്മയത്വത്തോടെ ഇങ്ങിനെ ഒരു സരസശ്ലോകം നിർമ്മിച്ച

കുഞ്ഞിക്കുട്ടൻ തമ്പുരാൻ നിശ്ചയമായും "അക്ഷരലക്ഷ"ത്തിന്നർഹനാണ്" എന്നുകൂടി ഒരിക്കൽ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ പ്രശംസാപൂർവ്വം പ്രസ്താവിച്ചിട്ടുണ്ട്. അന്നു കൊടുങ്ങല്ലൂർകോവിലകത്തു സംസ്കൃതം പഠിച്ചുകൊണ്ടിരുന്ന വെള്ളാങ്ങല്ലൂർ കോവിലകത്തു രവിവർമ്മത്തമ്പുരാനെപ്പററി കുഞ്ഞിക്കുട്ടൻതമ്പുരാൻ നിർമ്മിച്ചതാണ്

"കണ്ടാൽ മൂഷികമുഖ–
ന്നുടൽകണ്ടാൽ കടലുണ്ട മാമുനിക്കുസമം
കുണ്ടാമണ്ടികൾ കാട്ടി–
ക്കൊണ്ടാരെത്തുന്നു, കൊച്ചുരവിതന്നേ"

എന്ന പദ്യം. ആ രവിവർമ്മതമ്പുരാൻെറ ആകൃതിക്കും പ്രകൃതിക്കും മതിയായ നിദർശനമാണ് ഈ ശ്ലോകം. കൊടുങ്ങല്ലൂർ കോവിലകത്തുള്ള അംഗങ്ങളും ആ നാട്ടുകാരും പലപ്പോഴും അദ്ദേഹത്തെ കളിയാക്കിക്കൊണ്ടു പറഞ്ഞിരുന്നതു', ' 'മൂഷികൻ തമ്പുരാൻ" എന്നാണ്. ആ സാധു തമ്പുരാൻ നിഷ്ക്രാതനായിട്ടു വളരെ കാലമായി. ഒരിക്കൽ ചേന്ദമംഗലത്തുവെച്ചു കുഞ്ഞിക്കുട്ടൻതമ്പുരാൻ "സുന്ദരവിഡ്ഢി"യായ ഒരു നമ്പൂതിരിയെ രസകരമായ ഒരു ശ്ലോകംകൊണ്ടു നല്ലവണ്ണം കളിയാക്കിയിട്ടുണ്ട്. ആ നമ്പൂതിരിയുടെ സ്വഭാവത്തിന്നാണ് ആ പദ്യം അധികം യോജിച്ചിട്ടുള്ളതു്.

"കണ്ടാൽ സുന്ദരനാണു, കണ്ടകമതി–
രത്നങ്ങളിൽ കാംക്ഷയാൽ
കൊണ്ടാടിബ്ബ്രഹ്മസേവ കൂടിയൊടുവിൽ
സംബന്ധമായ് വാണിടും,
ഉണ്ടാം രണ്ടു ദിനങ്ങളിങ്ങിനെ,യുടൻ
കുന്തം പിടിച്ചീടുമി–
ക്കുണ്ടാമണ്ടി, കടത്തിലാക്കി "മരുതു–
രാ"നെക്കുഴക്കുന്നു പോൽ"

ഈ പദ്യം പുറത്തായതു മുതൽ നമ്പൂതിരിയുടെ വിടവൃത്തിക്കു വളരെ ശമനം കണ്ടിട്ടുണ്ടെന്നാണു പറയപ്പെടുന്നതു്. പ്രസ്തുത പദ്യം ആ വിടവൃദ്ധവായ നമ്പൂതിരിയുടെ സ്വഭാവത്തിൻെറ ഛായയെ പ്രത്യേകം പ്രതിബിംബിപ്പിക്കുന്ന ഒരു ഒന്നാന്തരം ഛായാശ്ലോകമാണ്. കൊടുങ്ങല്ലൂർ കോവിലകത്തെ ഒരു പ്രധാന വൈദ്യ

നും, വിദ്വാനും, ഫലിതക്കാരനും, അല്പം കൊഞ്ഞിപ്പറയുന്ന ആളുമായ ഈച്ചരവാരിയരുടെ ഛായ തമ്പുരാൻ പദ്യത്തിലാക്കിയതു ഇപ്രകാരമായിരുന്നു:—

"മുണ്ടും ചുററി,ച്ചുരുക്കത്തൊട്ടു കൃതവിനയം
പൊക്കിടം കാണിച്ചു, രണ്ടാം
മുണ്ടും കക്ഷത്തിൽവെച്ചുത്തിനെ ചെറിയപൊടി-
ക്കുപ്പിതാക്കോലുമായി,
മിണ്ടുമ്പോഴംക്കൊഞ്ഞിയാലും, ചില ഫലിതമുര-
ച്ചിങ്ങടുക്കുന്ന സാക്ഷാൽ
മുണ്ടച്ചാരാരു, മെച്ചംപെടുമൊരു മതിമാ-
നാണയാഠം മായമല്ലേ."

ഈ ശ്ലോകം കേട്ടാൽ അതു ഈച്ചരവാരിയരെപ്പററിത്തന്നെയാണെന്നു അദ്ദേഹത്തെ കണ്ടിട്ടുള്ളവരെല്ലാം നിശ്ചയമായും അനുമാനിക്കും.

ഒറവങ്കരയുടെ ഒരു ഛായ, വെണ്മണിമഹൻ പദ്യത്തിലാക്കിട്ടുണ്ട്. അതു അദ്ദേഹത്തിന്റെ സ്തുത്യർഹമായ കവനവാസനയ്ക്കു മതിയായ ലക്ഷ്യമാണ്. ഒറവങ്കരയുടെ ആകൃതിയും പ്രകൃതിയും അതേവിധം തന്റെ തൂലികകൊണ്ടു പകർത്തിയിരിക്കയാണ് വെണ്മണി.

"അപ്പംപോലെ വിടന്ന പൊക്കി,ളരസി-
ത്തല്ലുന്ന വഞ്ചന്തി, മെ-
യ്യല്പം പിൻഞെളി,വാക്കവിഠത്തടമതിൽ
ച്ചേരുന്നതോടൊന്നഹോ
ശില്പം പൊന്തനടി സ്വഭാവഗുണ, മി-
ജ്ജാതിത്തവാക്കേവമായ്-
ത്തുപ്പിക്കൊണ്ടുവരുന്നു തുംഗകവിയാ-
മിയ്യാളിതയ്യാരസം!"

കഴിഞ്ഞുപോയ സുപ്രസിദ്ധകവി കെ. സി. കേശവപിള്ളയെക്കുറിച്ചു അഞ്ചൽ ആർ. വേലുപിള്ള എന്ന ഭാഷാകവി നിർമ്മിച്ചിട്ടുള്ളതാണ് ഈ പദ്യം.

"കണ്ടാൽ കോമളമാം കവത്തനിറമാ-
ണയ്യോ മഹാസൌമ്യനാ
ണുണ്ടാനന്ദമതെപ്പൊഴും മധുരമാം
മന്ദസ്മിതാസ്യാഭയും

കൊണ്ടാടേണ്ടൊരു വജ്രകുണ്ഡലവുമായ്
കൈബുക്കുമായ് ക്കാൽ നട..
യ്ക്കുണ്ടായാത്രയിതത്ര ഞാനൊരു ദിനം
കണ്ടൊന്നു കൊണ്ടാടിനേൻ"

കാത്തുള്ളി അച്യുതമേനോൻ നല്ല വാസനാകവിയായിരുന്നതിനാൽ അദ്ദേഹത്തിന്നു ഛായാശ്ലോകരചനയ്ക്കു സാമർത്ഥ്യമുണ്ടായിരുന്നു. അദ്ദേഹം കൊടുങ്ങല്ലൂരുണ്ടായിരുന്ന ഒരു പണ്ഡിതമ്മന്യന്റെ ഛായയെ ആസ്പദമാക്കി നിർമ്മിച്ച പദ്യമാണ് ചുവടെ ചേർക്കുന്നതു്:—

"വട്ടത്തിൽച്ചേന്ന ചപ്രത്തലമുടിചിതറി,
ഭ്രാന്തനെപ്പോലെയേററം
വിസ്മിത്തംകാട്ടി,യോരോ ഫലിതവുമിടയിൽ
ത്തക്വാക്കും തകർത്തും
മട്ടെല്ലാമൊന്നുമാറി,ച്ചിലരെയഥദൂഷി,—
ച്ചേവമാത്മാഭിമാനം
വിട്ടുത്സാഹിച്ചു, കൂസാതടവിലിഹനട-
ക്കുന്നതാരെന്നറിഞ്ഞോ?"

ഈ പദ്യത്തിന്റെ രസികത്വത്തെ കൊടുങ്ങല്ലൂരുള്ള സകല സഹൃദയരും ഇന്നും മുക്തകണ്ഠം പുകഴ്ത്തുന്നുണ്ട്.

ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ തന്റെ മനോധർമ്മമുപയോഗിച്ചു തന്ത്രാസ്പദമായ നിലയിൽ രസകരങ്ങളായ പദ്യങ്ങൾ നിർമ്മിപ്പാൻ മഹാ സമർത്ഥനാണ്. അദ്ദേഹം സ്വാഭാവികമായ വർണ്ണനകളിൽ, ഛായാശ്ലോകരചനയിൽ, പ്രത്യേകിച്ചു വിജയിയായിട്ടുണ്ടെന്നു് അദ്ദേഹത്തിന്റെ "മദിരാശിക്കടൽക്കര"യിലെ

"തടിച്ചുമുലപൊക്കി, നല്ലരയൊതുക്കി, വെൺതൂവലിൻ
പൊടിപ്പടയതൊപ്പിമേൽപ്പുതിയ പൂക്കൾവെച്ചങ്ങിനെ
അടിയ്ക്കടിയുമാടതൻ ഞെറിപിടിച്ചു, പെൺതത്തതൻ
പടിക്കു മൊഴിയോതി വന്നിതു മദാമ്മമാർ നൂറുപേർ"

എന്ന പദ്യം തികച്ചും വ്യക്തമാക്കുന്നു. മദാമ്മമാരുടെ രസകരമായ രൂപം ഭൂതിലും ഭംഗിയായി യാതൊരു ഭാഷാകവിക്കും തൂലികകൊണ്ടു ചിത്രീകരിക്കുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. മാത്രമല്ല,

മദിരാശി കടൽക്കരയിൽ അന്നു വെള്ളക്കാർ കാട്ടിക്കൂട്ടിയിരുന്ന ചാപല്യങ്ങളേയും അതിൻെറ തനിപ്പകപ്പെന്ന നിലയിലാണ് അദ്ദേഹം തൻെറ തൂലികയ്ക്കു വിഷയീഭവിപ്പിച്ചിരിക്കുന്നതെന്നു

"തടിച്ച പിടിയാനയൊത്തൊരു മുതുക്കിയാൾ തൻെറ കൈ-
പിടിച്ചൊരു ചെറുപ്പമാം ധ്വരവരുന്നു പാപ്പാൻപടി
ചൊടിച്ചു നിലവിട്ടു പൂങ്കണചൊരിഞ്ഞു മുപ്പാരിടം
മുടിച്ചു കൊലകൊമ്പനാരുടെ പന്നിത്തരം മേത്തരം!"

എന്നപദ്യം വിശദീകരിച്ചിരിക്കുന്നു.

കൊച്ചുണ്ണിത്തമ്പുരാൻ ഛായാശ്ലോകരചനയിൽ മഹാ സമർത്ഥനാണെന്നു് പല രസകരമായ പദ്യങ്ങൾകൊണ്ടും സഹൃദയരെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടു്. അദ്ദേഹത്തിൻെറ ഉറച്ച ബുദ്ധിയും, മനോധർമ്മമർമ്മജ്ഞതയും, അന്തസ്സിന്നൊത്ത ആശയഭംഗിയും പദരചനാപാടവവും മനസ്സിലാക്കുവാൻ ഒന്നാന്തരം ഛായാശ്ലോകത്തിന്നു് ഉത്തമനിദർശനവുമായ "ഉമാവിവാഹം" നാടകത്തിലെ നടിയുടെ വേഷവർണ്ണന നമുക്കൊന്നു പരിശോധിക്കാം.

"പട്ടൊന്നമ്പോടുടുക്കും, പുനരതുതെളിയാ-
ഞ്ഞിട്ടഴിക്കും, കചത്തെ-
ക്കെട്ടും, പെട്ടെന്നഴിക്കും, കുറിയിടു,മുടനേ
മായ്ക്കുമീവണ്ണമായി
കഷ്ടം കാലംകഴിക്കുന്നതു കഠിനമെടോ!
നേരമോ പാതിരാവാ-
യൊട്ടുംനില്ലാതെ വേഗാലിനി വരികചലാ-
പാംഗി! നീ രംഗദേശേ."

ഈ പദ്യം, സാധാരണമായി സ്ത്രീകൾ കാഴ്ചസ്ഥലങ്ങളിലേയ്ക്കും മററും പുറപ്പെടുമ്പോൾ, തങ്ങളുടെ വേഷവിധാനവിഷയത്തിൽ പ്രദർശിപ്പിക്കാറുള്ള പ്രത്യേകതയെ പുരസ്കരിച്ചാകുന്നു കവി നിർമ്മിച്ചിട്ടുള്ളതു്. സൂത്രധാരൻ, അരങ്ങത്തു പ്രവേശിക്കുവാൻ സമയം വൈകിക്കുന്ന നടിയെ വിളിക്കുകയും, വിശേഷവിധിയായി നടിയുടെ വേഷവിശേഷത്തെക്കൂടി നിരൂപണം ചെയ്യുകയുമാണ്. തമ്പുരാൻെറ സാഹിത്യപരമായ പാണ്ഡിത്യത്തിന്നും, അതിന്നനുഗുണമായ ഔചിത്യബോധത്തിന്നും മതിയായ ദൃഷ്ടാന്തമാണീ മനോഹര

പദ്യം. കാവ്യനാടകാലങ്കാരങ്ങളിൽ നല്ല പരിപ്പും പരിചയവുമുള്ളവർക്കല്ലാതെ ഇങ്ങിനെയുള്ള ചമൽക്കാരപരങ്ങളായ ഛായാപദ്യങ്ങൾ നിർമ്മിക്കുവാൻ കഴിയുകയില്ല.

ഇപ്രകാരം രസകരങ്ങളായ പല ഛായാശ്ലോകങ്ങളും അക്കാലത്തു ഭാഷാസാഹിത്യവകുപ്പിന്നു വലിയ ഒരു നേട്ടമായിപ്പരിണമിച്ചിട്ടുണ്ട്. അതേപ്രകാരം നവരസപ്രധാനങ്ങളായ ഒട്ടനേകം ഭാഷാപദ്യങ്ങളും, ഛായാശ്ലോകപംക്തിയിൽ ഏറെക്കുറെ ഉൾപ്പെടുത്താവുന്ന നിലയിൽ അന്ന് അവതരിച്ചിട്ടുണ്ട്. അവയിൽ ചിലതിന്റെ മാതൃകകൂടി ഇവിടെ പ്രകാശിപ്പിക്കുന്നതു ഒരിക്കലും അസ്ഥാനത്തിലാവുമെന്നു തോന്നുന്നില്ല.

കുഞ്ഞിക്കുട്ടൻതമ്പുരാൻ ബീഭത്സരസത്തിന്നു പ്രാധാന്യം കല്പിച്ചു കുഷ്ഠരോഗിയായ ഒരു പിച്ചക്കാരന്റെ വേഷം ഒരു ഛായാശ്ലോകത്തിൽ ഇങ്ങിനെ വർണ്ണിക്കുന്നു:—

‘ നാറിക്കീറിമുഷിഞ്ഞിടുന്നൊരു തുണി—
ക്കണ്ടത്തിനാൽപ്പുണ്ണിൽവ—
ന്നേറെക്കുടിടുമീച്ചയാട്ടി,വഴിയിൽ
ക്കുഷ്ഠം പിടിച്ചങ്ങിനെ
ഓരോ കൈവിരലററവീണു, കൃമിയും
ചാടും ചലക്കട്ടയും
നേരേവെച്ചുകരഞ്ഞിടുന്നിതൊരുവൻ
നോക്കാനറയ്ക്കുന്നുമേ.’’

അദ്ദേഹംതന്നെ ഒരു ഭ്രാന്തന്റെ വേഷം വർണ്ണിച്ച് അതിൽ ഹാസ്യരസപ്പൊടി വിതറിയിരിക്കുന്നതു നോക്കുക.

‘‘നാറിക്കീറിമുഷിഞ്ഞമുണ്ടുവികടം
ചുററീട്ടുരക്കെട്ടിലായ്
വാരിക്കുത്തിയകണ്ടകോട്ടിലയുമായ്,
ച്ചേററിൽക്കുളിച്ചങ്ങിനെ
കീറപ്പാളപൊളിഞ്ഞതൊന്നുതലയിൽ—
ച്ചൂടിപ്പെരുത്താംക്കിടെ—
ട്ടീറപ്പാട്ടുകൾപാടി നല്ലരസമായ്—
ഭ്രാന്തൻ കടന്നെത്തിനാൻ.’’

ഈ പദ്യം ഒരു ഭ്രാന്തന്റെ ആകൃതിയും പ്രകൃതിയും കേവലം ചിത്രത്തിലെന്നപോലെ നമുക്കു കാണിച്ചുതരുന്നുണ്ട്.

ഇങ്ങിനെ രസപരിപൂരിതങ്ങളായ പല പദ്യങ്ങളും അന്നു ഭാഷാസാഹിത്യഭണ്ഡാരത്തിന്നു വിലയേറിയ സമ്പാദ്യങ്ങളായി പരിണമിച്ചിട്ടുണ്ട്.

മംഗളാശംസാപദ്യങ്ങളിലും അന്നത്തെ കവികൾ സ്തുത്യർഹമായ പാടവം പ്രദർശിപ്പിച്ചിരുന്നു. വെണ്മണി നമ്പൂതിരിപ്പാടന്മാർ മംഗളപദ്യരചനയിൽ കണക്കിലേറെ മെച്ചം കൊണ്ടുപോയിട്ടുണ്ട് ഉദാഹരണമായി മഹൻനമ്പൂതിരിപ്പാടിന്റെ.

"അമ്പോടമ്പാടിതന്നിൽത്തിറവിനതെരുവിൽ
ക്കേവലം കേളിയാടീ-
ടുമ്പോൾമെല്ലെന്നൊളിച്ചിട്ടൊരുവളുടെപുരേ
ചെന്നവാറന്നിവർണ്ണം
വമ്പോടം ബോപദേശം മുഴവനുമധുനാ
കേട്ടുസന്തുഷ്ടനായോ-
രംഭോജാക്ഷൻ തരട്ടേ തരമൊടുതരസാ
ഭക്തിയും മുക്തിയുംമേ."

ഈ പദ്യത്തിന്നു നല്ല സന്ദർഭശുദ്ധിയുണ്ട്. വെണ്മണിയുടെ അവസാനകാലത്തു അദ്ദേഹം പനിബാധിച്ചുകിടക്കുകയായിരുന്നു. ആ ശപിക്കപ്പെട്ട പനിയാണ് വസൂരിയായി പരിണമിച്ച് അദ്ദേഹത്തിന്റെ നിര്യാണത്തിന്നു കാരണമാക്കിയത്. അങ്ങിനെ പനിതുടങ്ങിയസമയത്താണു സുപ്രസിദ്ധ മലയാള നടനായ കൊല്ലം നാരായണപിള്ള തന്റെ നാടകസംഘവുമായി കൊടുങ്ങല്ലൂർ വന്നതു്. ആ സന്ദർഭത്തിൽപ്പോലും തന്നെ സമീപിച്ച നാരായണപിള്ളയുടെ അപേക്ഷ ആസ്പദിച്ച വെണ്മണി എഴുതിക്കൊടുത്തതാണ്

"അയ്യോ! നല്ലൊരരങ്ങണഞ്ഞഭിനയ-
ത്തിന്നൊത്ത"കാലോചിത-
ക്ക"യ്യോരോന്നുതുടന്നു നല്ലനടനെ-
ന്നാപ്പേരു കേൾപ്പാനഹം
പീയൂഷാംശുകലാകലാപതനയേ!
ഭക്തപ്രിയേ! നിൻകൃപാ-
പീയൂഷത്തിനു കൈതൊഴുന്നു, ജഗദാ-
ലംബേ! കുരുംബേശ്വരി!"

എന്ന പദ്യം. ഇതിലെ സന്ദർഭശുദ്ധിയും ഭംഗിയും പ്രശംസാർഹമാണ്. പക്ഷേ, അറമുണ്ടതിലെന്ന് ഉടനെ അന്നുതന്നെ യഥാർത്ഥസഹൃദയർക്കു ബോദ്ധ്യമായി. ഈ മംഗളപദ്യനിർമ്മാണത്തിനുശേഷം അദ്ദേഹം ഒരാഴ്ചയോളമേ ജീവിച്ചിരുന്നിട്ടുള്ളു. അതുകൊണ്ട് ഇന്നും ഈ പദ്യം പല മാന്യസഹൃദയരുടേയും സ്മൃതിപഥത്തിൽ നിലകൊള്ളുന്നത് അദ്ദേഹത്തെക്കുറിച്ചുള്ള അപാരമായ ഭക്തിബഹുമാനാദികളോടുകൂടിയാണ്. "കാലോചിതക്കയ്യോരോന്നു തുടന്ന്" എന്നും മററും പ്രസ്തുതപദ്യത്തിലുള്ള പ്രയോഗങ്ങളിലാണ് "അറ"മുള്ളതെന്ന് സാഹിത്യവിദ്വാന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു.

കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ മംഗളപദ്യങ്ങൾക്കെല്ലാം ഒരു പ്രത്യേകതയുണ്ടെന്നു മുമ്പുദ്ധരിച്ച പല ശ്ലോകങ്ങളിൽനിന്നും വ്യക്തമായിട്ടുണ്ട്. ഇനിയും അദ്ദേഹത്തിന്റെ മംഗളപദ്യരചനാ നിപുണതയ്ക്കു ചില ഉദാഹരണങ്ങൾകൂടി ഇവിടെ കൊടുക്കാം.

"ലോകം കൂരിരുളിൽക്കിടന്നു മറിയും
നേരത്തുബാലാതപാ-
ലോകംതുകി വിരിഞ്ചസൃഷ്ടിവിഭവം
കാട്ടിത്തരും ദൈവമേ!
ഏകജ്യോതിരുദാരശക്തിവഴിയേ
ശീതോഷ്ണഭേദങ്ങളെ-
പ്പാകം പോലെ പരത്തിടുന്ന പരമാ
ത്മാവേ! പ്രസാദിക്കണം!"

പ്രകൃതിനിരീക്ഷണത്തിലും, ശാസ്ത്രതത്വങ്ങളിലുംകൂടി കുഞ്ഞിക്കുട്ടൻ തമ്പുരാൻ സാമാന്യമായ പ്രതിപത്തി പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് ഈ വിശേഷപ്പെട്ട പദ്യം വിളിച്ചുപറയുന്നു.

"കല്പാന്തോൽക്കട ഭാസ്കരൻ ഖരകരം
മൂപ്പിച്ചുമുപ്പാർതപി
ച്ചപ്പാടേ വറളുമ്പോളപ്പുകടലും
കട്ടപ്പെട്ടും കാലമേ
ദുകപാതം ബഡവാഗ്നിപോലെ ഗിരിശൻ
തട്ടിച്ചുപൊട്ടിച്ചുപാ-
ടപ്പാ! പൊട്ടലുകേട്ടു പുഞ്ചിരിയിടും
പത്തുക്കിടാവേ! തൊഴാം"

എന്ന പദ്യവും അദ്ദേഹത്തിന്റെ ശാസ്ത്രവിജ്ഞാനത്തിന്നു പ്രദർശനമാണ്. തമ്പുരാന്റെ ഒരു പ്രധാനതാല്പര്യക്കാരനും സാഹിത്യരസികനുമായ ശ്രീ. പി. കെ. രാമൻമേനോൻ, ബി. എ. പാസ്സായപ്പോൾ അദ്ദേഹത്തിന്നു പദ്യരൂപത്തിലയച്ച കത്തിലെ ഒരു മംഗളശ്ലോകമാണിതു്.

"നിരീക്ഷിച്ചു നീത്താർശരൻ തന്റെ സാക്ഷാൽ
ശരീരം ദഹിപ്പിച്ച ചങ്ങാതിയേയും
ഒരീഷൽക്കടാക്ഷത്തിനാൽപ്പാട്ടിലാക്കും
പരീക്ഷയ്ക്കു പാസ്സായതായേ! തൊഴുന്നേൻ!"

തമ്പുരാന്നു വേദാന്തവിഷയത്തിലും പ്രതിപത്തിക്കുറവുണ്ടായിരുന്നില്ലെന്നു

"ജാലവിദ്യയിലനേക ജഗത്തിൻ
ജാലമാകവെ മണൽത്തരിപോലെ
കാലചക്രമതിലിട്ടുതിരിക്കും
കാലകാലനുടെ മായസഹായം!"

എന്ന ശ്ലോകം വെളിവാക്കുന്നു. അദ്ദേഹത്തിന്റെ സരസകവനകലാനൈപുണ്യം കൂടുതൽ പ്രസ്പഷ്ടമാകുന്നതു ഈ ശ്ലോകത്തിലാണ്.

"പാലാഴിക്കുള്ള വെള്ളത്തിരനിരനിരവേ
മേൽക്കുമേൽക്കെട്ടിനിൽക്കും
പോലാകും നാഗനാഥപ്പതുമൃദുശയനേ
പള്ളികൊള്ളുന്ന ദേവൻ
നീലാഭം ചൂഴെമിന്നൽപ്പിണരൊടുപടയു-
ന്നുംപടം ചാർത്തിടുന്നോൻ
മേലാൽസ്സന്താപമേലായ്പ്പതിനിഹമഹിത-
ശ്രീകടാക്ഷം വിടട്ടേ!"

എന്തൊരു ചമൽക്കാരപരമായ പദ്യമാണിതു്! ഇതുകൊണ്ടുമായില്ല.

"കരിമുകളിൽ വില്ലൊളിരുചിയും,
കറുത്തമുടിയും, കടാക്ഷവും ചിരിയും,
കരുണയുമുടയ ശിവാന്തഃ
കരണവിലാസങ്ങൾ കരളിൽ വിലസട്ടെ!"

എന്ന പദ്യത്തിൽ ആദ്യന്തം കളിയാടുന്ന കവിതപത്തിന്നും നാം

അദ്ദേഹത്തെ കൈവണങ്ങുകതന്നെ വേണം. ഇത്തരം ശബ്ദാർത്ഥസുന്ദരങ്ങളായ പദ്യങ്ങൾ കേവലം രസികത്വം മുൻനിർത്തി നിർമ്മിക്കുവാൻ കുഞ്ഞിക്കുട്ടൻതമ്പുരാനുള്ള സാമർത്ഥ്യം ഒന്നു വേറെതന്നേയാണ്. ചുരുക്കിപ്പറയുന്നതായാൽ, മംഗളശ്ലോകരചനയിലും സാധിക്കാത്തവിധത്തിലുള്ള മനോധർമ്മം ചെലുത്തുവാൻ തമ്പുരാൻ സർവ്വോപരി സമർത്ഥനായിരുന്നുവെന്നേ പറയേണ്ടു.

ഒറവങ്കരയ്ക്കും മംഗളപദ്യനിർമ്മാണത്തിൽ നിസ്തുല്യമായ സാമർത്ഥ്യമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഒരു ദേവീസ്തവത്തിലുള്ളതാണ്

"ഞാനെന്നോ ചേന്നമായേ! ഹാ! ഹാ! തവകളിയോ-
ഗത്തി,ലേതൊക്കെവേഷം
മാനംകൂടാതെ കെട്ടീ, ശിവ! ശിവ! പരമേ-
തൊക്കയോ ചൊല്ലിയാടി
താനായസാൽ തളർന്നേൻ, നടനരസമൊടി-
ക്കണ്ഡവും കൂടിയാടി-
പ്പാനോക്കില്ലേ ശിവേ, തകിടകിടതകിടാ
തിത്തിമേ നൃത്തമെല്ലാം".

എത്രമാത്രം തത്വചിന്താപരിപൂരിതമായിരിക്കുന്നു ഈ മനോഹരപദ്യം? ഇതിൽ ഒരു രസകരമായ അലങ്കാരത്തിന്റെ സഹായത്തോടുകൂടി ഫലിതപ്പൊടി വിതറിയിരിക്കുന്ന ഒറവങ്കരയുടെ കവനകലാപാടവം നമുക്കു ഏതു കാലത്തും പുകഴ്ത്താതിരിപ്പാൻ നിവൃത്തിയില്ല. ഒറവങ്കരയ്ക്കു് സ്തവങ്ങൾ നിർമ്മിക്കുന്നതിൽ സ്വതവേ കൂടുതൽ വാസനയും, ഔൽസുക്യവുമുണ്ടെന്നുള്ളതു സുവിദിതമാണ്. അദ്ദേഹം ഒരു തികഞ്ഞ ദേവീഭക്തനും, മാന്ത്രികനും കൂടിയായിരുന്നതിനാൽ അദ്ദേഹത്തിന്റെ തൂലികയിൽനിന്നു ഉത്തമരീതിയിലുള്ള മംഗളപദ്യങ്ങളേ ഊറുക പതിവുള്ളു. ഒറവങ്കര ഒരിക്കൽ തിരുവിതാംകൂർ മഹാരാജാവിന്നു സമർപ്പിച്ച ഒരു മംഗളമല്ലെങ്കിൽ ഉപഹാരപദ്യമാണ് ഇതു്: —

"മത്സ്യാകാരേണ ഗോപീവസനനിര കവ-
ർന്നോരു ദൈത്യാരിതന്നെ-
ച്ചിത്തേ ബന്ധിച്ച വഞ്ചീശ്വര! തവ നൃപനീ-
തിക്കു തെററില്ല, പക്ഷെ

പൊൽത്താർ മാതാവിതാ തൻകണവനെ വിട്ടവാ-
നാഗ്രഹിക്കുന്നു ദാസീ-
വൃത്യാനിത്യം ഭവാ ൧,ക്കനിവവളിലുദി-
ക്കൊല്ല കാരുണ്യരാശേ!''

ഈ പദ്യത്തിൽ തന്റെ തികഞ്ഞ ഭക്തി കേവലം ഫലിതരസത്തിൽ പൊതിഞ്ഞിരിക്കുകയാണ്. വിശേഷിച്ചു, പ്രസ്തുത പദ്യത്തിലടങ്ങിയ വ്യംഗ്യാർത്ഥപ്രൌഢി നിശ്ചയമായും മഹാരസികനായ ഒറവങ്കരയുടെ ഉറച്ച പാണ്ഡിത്യത്തിന്നും, കവനവാസനയ്ക്കും ഉത്തമദൃഷ്ടാന്തമാണ്.

സരസകവിയായിരുന്ന ഇരുവനാട്ടു കെ. സി. നാരായണൻ നമ്പ്യാരും ഒന്നാന്തരം മംഗളപദ്യങ്ങൾ ഫലിതരൂപത്തിൽ രചിക്കുന്നതിന്ന് സമർത്ഥനായിരുന്നു.

''വാടീടുംമുഖമെന്തിനാണു മുടിയാൽ
മൂടുന്നു മുശ്ശേക്ഷണേ!
വാടീ, കൊങ്കയൊളിച്ചുവെച്ചതുവെളി-
ച്ചത്താക്ക' കെന്നോതവേ
ഓടീനാരദനെങ്കിലും ദ്രുതമണ-
ഞ്ഞാലിംഗനംചെയ്യുമാ-
റാടീടും ബലഭദ്രമദ്യലഹരി -
മത്തിന്റെ സത്തേ! തുണ!''

നമ്പ്യാക്ക് ഏതു സന്ദർഭത്തിലും ഫലിതംവേണം. താൻ നിർമ്മിക്കുന്നതു ഗൌരവമേറിയ ഒരു മംഗളപദ്യമാണെന്നും മററും നമ്പ്യാർ ആലോചിക്കുക പതിവില്ല. ''ബലഭദ്രമദ്യലഹരിമത്തിന്റെ സത്തേ! തുണ'' എന്ന പ്രയോഗത്തിലും മററും വ്യംഗ്യരൂപത്തിൽ രസകരമായ ഒരർത്ഥം കല്പിക്കാമെന്നു നമ്പ്യാരേയും, ശുദ്ധഹൃദയനായ അദ്ദേഹത്തിന്റെ സ്വഭാവത്തേയും പററി മനസ്സിലാക്കിയിട്ടുള്ളവക്ക് ബോദ്ധ്യമാകും.

കാത്തുള്ളിയ്ക്കു, കൊടുങ്ങല്ലൂർ കവിസദസ്സിലെ മുഖ്യാംഗമെന്ന നിലയിൽ, മംഗളപദ്യരചനയിലുള്ള സാമർത്ഥ്യം സുപ്രസിദ്ധമായിരുന്നെന്നു നാം ഇതിന്നുമുമ്പു ധരിച്ചിട്ടുണ്ടല്ലോ. അദ്ദേഹത്തിന്റെ

"താരമ്പൻതരമാന്നാ ന്നൊരുശരം
കൈവിട്ടതിൽ ക്രുദ്ധനായ്
നീരീടും നിടിലാക്ഷി തന്നിലവനെ-
പ്പെട്ടെന്നു ചുട്ടീടിലും
സാരംകൂടിയ വില്ലുകൊണ്ടുതലയിൽ
ത്താഡിച്ചപാർത്ഥന്നു വ-
ന്നേരം "പാശുപതം"കൊടുത്തഭഗവാ-
നീശൻ നമുക്കാശ്രയം"

എന്ന മംഗളപദ്യത്തിനുള്ള രസികത്വം ഒന്നു വേറെതന്നെയാണ്. ഇങ്ങിനെ അതിമനോഹരങ്ങളായ അസംഖ്യം മംഗളപദ്യങ്ങൾ അദ്ദേഹം നിർമ്മിച്ചിട്ടുണ്ട്.

കൊച്ചുണ്ണിത്തമ്പുരാന്റെ മംഗളപദ്യങ്ങളെന്നല്ല ഏതു രീതിയിലുള്ള കവനവും ഏററവും സുകരമായിരുന്നു. അദ്ദേഹത്തിന്റെ മംഗളപദ്യരചനാപാടവം മനസ്സിലാക്കുവാൻതക്ക നിലയിൽ ചില മാതൃകകൾ മുൻ അദ്ധ്യായങ്ങളിലൊന്നിൽ ഞാൻ സന്ദർഭവശാൽ കൊടുത്തിട്ടുണ്ട്. എങ്കിലും ചില പ്രത്യേകരീതിയിലും "കവിസാർവ്വഭൌമ"ന്റെ മംഗളനിർമ്മാണത്തിന്റെ സാധിക്കുമെന്നു

"തുംഗശ്രീ"സിംഹ"വാഹേ! തുഹിനശിഖരിതൻ
"കന്യ"കേ! നി"സ്ഥലാ"ദേ!,
ദും"ഗാളി"കേശി! "ചാപ"ദ്രുകടി"ഭുഗ"സമാ-
നാക്ഷി!"കുംഭ"സ്തനാഢ്യേ!
ദംഗം "മീനാ"ക്ഷി! തീർത്തീടുക മധുമഥ"നാ-
ജാ"ദിസേവ്യേ! "വൃഷാ"ങ്കോ-
ത്സംഗശ്രീ സൌമ്യഗേഹേ! ഭഗവതി! "കടകോ-
ല്ലാസി"ഹസ്തേ"! നമസ്തേ!"

എന്ന പദ്യം ഉൽഘോഷിക്കുന്നു. തമ്പുരാന്റെ അതിപ്രൌഢവും മനോഹരവുമായ "മലയാം കൊല്ലം"കാവ്യത്തിലുള്ള മംഗളമാണിപ്പദ്യം. മലയാളമാസങ്ങൾ പന്ത്രണ്ടിന്റെയും പേർ വിശേഷരീതിയിൽ പദപ്രയോഗചാതുര്യം മുൻനിർത്തി അദ്ദേഹം ഈ പദ്യത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നു. "വില്ലുടനു പുല്ലുമായുധം" എന്ന പഴമൊഴിയാണു കവിസാർവ്വഭൌമന്റെ ഇത്തരം കവനകൌശലങ്ങൾ കാണുമ്പോൾ അസ്മാദൃശരെ അനുസ്മരിപ്പിക്കുന്നതു്.

നടുവത്തു മഹൻ നമ്പൂതിരിയുടെ മംഗളപദ്യരചനാപാടവവും നാം നല്ലപോലെ മനസ്സിലാക്കേണ്ടതാണ്. ആശംസാപദ്യങ്ങളും മററും അകൃത്രിമമായ രീതിയിൽ നിർമ്മിപ്പാൻ അദ്ദേഹം അതിവിദഗ്ദ്ധനായിരുന്നുവെന്നു് അദ്ദേഹത്തിൻെറ "കൃഷ്ണസ്തവ"ത്തിലുള്ള ഒരു മംഗളശ്ലോകം നോക്കുക:—

ചെന്താർശരൻെറ നിഗമക്കടലിൽജ്ജനിച്ച
സന്താനവല്ലി ദയിതാ വനിതാവിലാസം
എന്താവതെന്നെയിവിടെത്തകരാറിലാക്കാ-
മെന്താമരാക്ഷി! ഇണചെയ്തടിയൻവലഞ്ഞു."

"ആട്ടിപ്പിടിച്ച ബലമാർ തിരുമേനികൊട്ട-
യാട്ടിപ്പിടിച്ച വിജയൻെറ രഥംനടത്താൻ
ചാട്ടിന്മലും കയറിയെന്തിനെറിക്കമാത്രം
പാട്ടിൽപ്പെടില്ലടിയനും തവ ഭക്തനല്ലേ?"

നടുവത്തച്ഛൻെറ മംഗളപദ്യരചനാപാടവം നാം ഇതിന്നു മുമ്പു സന്ദർഭവശാൽ മനസ്സിലാക്കിയിട്ടുണ്ടല്ലോ.

ഗ്രാമത്തിൽ രാമവർമ്മകോയിത്തമ്പുരാൻ അന്നു് ഒരു ഒന്നാംതരം കവനകലാനിപുണനായിരുന്നു. അദ്ദേഹത്തിൻെറ മംഗളപദ്യങ്ങൾക്കു് ഒരു പ്രത്യേക ചമൽക്കാരമാണുണ്ടായിരുന്നത്.

"നീലക്കാർകൂന്തൽകെട്ടിത്തിരുകിയതിൽ മയിൽ-
പ്പീലിയും ഫാലദേശേ
ചാലേതൊട്ടുള്ള ഗോപിക്കുറിയുമഴകെഴും
മാലയും മാർത്തടത്തിൽ
തോളിൽചേർത്തുള്ളൊരോടക്കുഴലുമണികരേ
കാലിമേയ്ക്കുന്ന കോലും
കോലും ഗോപാലവേഷംകലരുമുപനിഷ-
ത്തിൻെറ സത്തേ! നമസ്തേ!"

ഈ ഭക്തിദ്യോതകമായ പദ്യം കോയിത്തമ്പുരാൻെറ ആന്തരമായ ഹൃദയശുദ്ധിയേയും, തത്ത്വചിന്താപരമായ ആശയത്തേയും സുസ്പഷ്ടമാക്കുന്നു.

ശ്രീനാരായണഗുരുസ്വാമികൾ ഒന്നു അതിസമർത്ഥനായ ഒരു കവിയായിരുന്നു.

"ആന്തിപ്പൂന്തിങ്കളുന്നിത്തിരുമുടിതിരുകി-
ച്ചൂടിയാട്ടം ഹണത്തിൽ
ചന്തംചിന്തും നിലാവിന്നൊച്ചിവെളിയിൽ വിയൽ
ഗംഗപൊങ്ങിക്കവിഞ്ഞും
ചന്തം ചെന്തീമിഴിച്ചെങ്കതിർനിരചൊരിയി-
ച്ചന്ധകാരാനകററി-
ച്ചിന്താസന്താനമേ! നിൻതിരുവടിയടിയൻ
സങ്കടം പോക്കിടേണം."

അദ്ദേഹത്തിന്റെ സുബ്രഹ്മണ്യസ്തോത്രത്തിലുള്ളതാണിപ്പദ്യം. പഴയരീതിയിലുള്ള പ്രയോഗങ്ങൾ ഇപ്രകാരത്തിലുള്ള പദ്യങ്ങളിൽ കാണുന്നതു്, കാലദേശാവസ്ഥകളെക്കൂടി ആസ്പദമാക്കി കവികളുടെ യോഗ്യതയെ പരിഗണനം ചെയ്യേണ്ടിവരുമ്പോൾ, ഒരിക്കലും ഒരു ന്യൂനതയായിപ്പറയുവാൻ പാടുള്ളതല്ല.

ചങ്ങനാശ്ശേരി ലക്ഷ്മീപുരത്തു രവിവർമ്മകോയിത്തമ്പുരാൻ "പുരികഴൽ നികരത്തിൽ പൂനിലാവിന്റെ വിത്തും" എന്നിത്യാദി മനോഹരമായ 'മംഗളപദ്യംകൊണ്ടും മററും സുപ്രസിദ്ധനാണ്'. അദ്ദേഹത്തിന്നു ഭക്തിദ്യോതകങ്ങളായ പദ്യങ്ങൾ നിർമ്മിക്കുവാൻ കൂടുതൽ സാമർത്ഥ്യമുണ്ടെന്നു വിളിച്ചുപറയുകയാകുന്നു ഈ പദ്യം.

"ഇപ്പാരിൽ കീർത്തിപാരംപെരുകിയൊരു കുമാ-
രാലയത്തിൽക്കിളർത്തി-
ട്ടെപ്പേർക്കും കാമമെല്ലാം കനിവിനൊടരുളും
കല്പവല്ലിക്കരുന്നേ?
ഉരംപ്പൂവിങ്കൽപ്പരാരിക്കപചിതപരമാ-
മോദമേകീടുമോമൽ-
ച്ചിൽപ്പൂമാധവീകധാരേ! ജനനി! പരശിവേ!
നിമ്പദം കുമ്പിടുന്നേൻ!"

കഴിഞ്ഞുപോയ സരസഗംഭീരവാസനാകവി വി. സി. ബാലകൃഷ്ണപ്പണിക്കരും മംഗളപദ്യങ്ങളും, ഭക്തിദ്യോതകങ്ങളായ കവന

തല്ലജനങ്ങളും ഉതിക്കുവാൻ മഹാസമർത്ഥനായിരുന്നു. മംഗളപദ്യ നിർമ്മാണത്തിൽ പണിക്കർ പൂർണ്ണവിജയം നേടിയിട്ടുണ്ടെന്നു ഒരിക്കൽ കുഞ്ഞിക്കുട്ടൻതമ്പുരാൻതന്നെ ഇറന്നു പറഞ്ഞിട്ടുണ്ട്.

"ചിൽപ്പുമാധവീകധാരാ ചിണിചിണിനിനദം
ചിത്തമാറഗ്രഹാസ-
ക്കുംപ്പുമോദംവളത്തും ഭവതി ഭവമുഖാ-
ബ്ജത്തിലെബ്ഭൃംഗിയാകും
പൊൽപ്പുമാതിൻമണാളൻ മലർമകനിവരാൽ
പൂജ്യപാദാബ്ജയായും
നിൽപ്പു മീനാക്ഷിതൻ മാനസമഹിമവെറം
ചണ്ടി ഞാനൊന്തറിഞ്ഞു?"
ദേഹാദിയിങ്കലഭിമാനമിയന്നപാര-
മോഹാദികൊണ്ടു കരിയുന്ന മമാന്തരംഗേ
ഹാഹാ! വിഭോ! കരുണയുററ ഭവൽകടാക്ഷ-
നിഹാരധാരയതിനാൽക്കളർമപ്പെടട്ടേ."

മേലുദ്ധരിച്ച പദ്യങ്ങളിലുള്ള ഭക്തിരസത്തെക്കുറിച്ചു നമുക്കു ശ്ലാഘിക്കാതിരിപ്പാൻ നിവൃത്തിയില്ല.

അക്കാലത്തു വള്ളത്തോൾ തുടങ്ങിയവരും മംഗളപദ്യങ്ങൾ പലതും രംഗിയായി നിർമ്മിച്ചിട്ടുണ്ട്. അവയ്ക്കെല്ലാം ഒരു പ്രത്യേക തന്മയത്വമുണ്ടായിരുന്നു താനും. വള്ളത്തോളിന്റെ

"മൈക്കോപ്പാം പാമ്പൊടേൽക്കുംമകനുടെ മയിലാ-
ക്കസ്തിലുള്ളോരു മാനിൻ
നോക്കോടിപ്പെല്ലുമോമൽപ്പുനിമലമകളെ-
ത്തോളിലേറുന്ന സിംഹം
വാക്കോരോന്നായുരയ്ക്കുന്നളവിലഗജയും
ഗംഗയും തമ്മിലിമ-
ട്ടുക്കോടുണ്ടാം കുടുംബക്കശപിശകളട-
ക്കുന്ന സാംബൻ സഹായം!"

എന്ന പദ്യം കൂടുതൽ പഴക്കമുള്ളതാണെങ്കിലും അതിൽ രസികത്വം നല്ലപോലെ പ്രതിഫലിച്ചിട്ടുണ്ടെന്നു സമ്മതിക്കാം. എന്നാൽ

"താരാപുഷ്പങ്ങൾ ചിന്നി, പ്പലപറവകൾ തൻ
കൊഞ്ചലാൽ സ്തോത്രമോതി,—
സ്സാരാകാശച്ചെരാതിൽപ്പുതുതപനവിള-
ക്കുജ്ജ്വലാരംകൊളുത്തി
ആരാഗക്കാവിവസ്ത്രത്തൊടു വിലസുമുഷ
സ്സന്ധ്യ, യാരെപ്പിഴയ്ക്കാ-
താരാധിക്കുന്നു നമ്മുൾക്കുണർവരളണമാ-
സ്സർവ്വലോകൈകനാഥൻ!"

എന്നുതുടങ്ങിയ തത്വപരമായ മനോഹരപദ്യങ്ങളെ നിർമ്മത്സരമതികളായ നിരൂപകന്മാർ നിശ്ചയമായും മുക്തകണ്ഠം പുകഴ്ത്തുകതന്നെ ചെയ്യും.

അന്നത്തെ കവികൾ, ഭാഷാസാഹിത്യവകുപ്പിൽ പല പ്രസ്ഥാനങ്ങളിലും കൈവെച്ചിട്ടുണ്ടെന്നും, മംഗളപദ്യരചന തുടങ്ങിയവയും മററും അവയിൽ ഒരു പ്രധാനപ്പെട്ട ഇനമായിരുന്നുവെന്നും, കൊടുങ്ങല്ലൂർ കോവിലകം ആ വിഷയത്തിലെല്ലാം മുൻനിന്നു പ്രവർത്തിച്ചിട്ടുണ്ടെന്നും നമുക്ക് ഈവക സാഹിത്യപരിശ്രമങ്ങളിൽനിന്ന് മനസ്സിലാക്കാം. അന്നുള്ള കവികളിൽ ഇനിയും പലരുടേയും മംഗളപദ്യങ്ങൾ മാതൃകയ്ക്കായി കൊടുക്കുകയെന്നതു് ഇവിടെ സാദ്ധ്യമല്ലാത്തതിനാലാണപ്രകാരം ചെയ്യാത്തതു്. ഏതു നിലയിലും, മംഗളപദ്യരചനയിൽനിന്നു യഥാർത്ഥകവികളുടെ മനോഗുണവും, വാസനാബലവുംകൂടി നമുക്കു ഗ്രഹിക്കുവാൻ കഴിയുമെന്നാകുന്നു എന്റെ അഭിപ്രായം.

പതിനഞ്ചാമദ്ധ്യായം.

ശ്രീമഹാഭാരതം, രാമായണം എന്നീ ഇതിഹാസങ്ങളും പുരാണങ്ങളും.

ശ്രീമഹാഭാരതം, രാമായണം എന്നീ ഇതിഹാസങ്ങളേയും ഭാഗവതം തുടങ്ങിയ പുരാണങ്ങളേയും സംസ്കൃതഭാഷാനഭിജ്ഞന്മാർക്കുകൂടി ഒരുവിധം മനസ്സിലാവത്തക്കനിലയിൽ ഭാഷയിലേയ്ക്കു തർജ്ജമചെയ്യേണ്ടതു് അത്യാവശ്യമാണെന്ന് അന്നത്തെ കൊടുങ്ങ

ല്ലർ കവിസമാജാംഗങ്ങൾക്കും, മററുചില സാഹിത്യവിദ്വാന്മാർക്കും ആയിടയ്ക്കു ഒരഭിപ്രായം ജനിച്ചു. തൽഫലമായി, ഇതംപ്രഥമമായ ഒരു പരിശ്രമം നടത്തുവാൻ മുൻനിന്നു പ്രവർത്തിച്ചവരിൽ പ്രഥമഗണനീയൻ സി. പി. അച്യുതമേനോനായിരുന്നു. അന്ന് അദ്ദേഹം "വിദ്യാവിനോദിനി" പത്രാധിപരുടെ നിലയിൽ ഭാഷാപോഷണത്തിനുതകുന്ന പല മുഖ്യജോലികളും നടത്തുവാൻ ബദ്ധശ്രദ്ധനുമായിരുന്നു. ശ്രീമഹാഭാരതം കിളിപ്പാട്ടായി അന്നത്തെസമർത്ഥന്മാരായ ചില കവികളെക്കൊണ്ടു തർജ്ജമചെയ്യിക്കുവാനുള്ള ഒരു പദ്ധതിയാണ് മേനോൻ ആദ്യം തയ്യാറാക്കിയത്. ആ പദ്ധതിയിൽ തങ്ങളുമുൾപ്പെട്ടിരുന്നുവെന്നു കുഞ്ഞിക്കുട്ടൻതമ്പുരാൻ അക്കാലത്തു നടുവത്ത് അച്ഛൻ നമ്പൂതിരിക്കയച്ച പദ്യപത്രത്തിലുള്ള താഴെകൊടുക്കുന്ന ശ്ലോകം വിശദമാക്കുന്നു.

"കൊച്ചുണ്ണിക്ഷോണിപാലൻ, കൊടിയൊരുകവി കാ-
ത്തുള്ളി,യെന്നല്ലഹോ ഞാ-
നച്ഛൻനമ്പൂരിയാമങ്ങ,യി! തവതനയൻ,
കൊച്ചുകുഞ്ഞുണ്ണിരാജൻ
സ്വച്ഛൻ മദ്ദേശികക്ഷ്മാപതി,ശ്രുതമതി-
കുന്നൂരു,മസ്സീപ്പി,സാക്ഷാൽ
മെച്ചംചേരുന്നൊരാവെണ്മണി, കവിമണിക്കു-
നോഴനും പേരു പോരേ?"

ഈ പദ്യത്തിൽ കൊച്ചുകുഞ്ഞുണ്ണിരാജൻ എന്നു പറഞ്ഞിരിക്കുന്നതു കുഞ്ഞിക്കുട്ടൻതമ്പുരാന്റെ കുറിഷ്ണസഹോദരനായ കുഞ്ഞുണ്ണിത്തമ്പുരാനെയാണ്. ഇദ്ദേഹത്തെപ്പററി ഞാൻ ഇതിനുമുമ്പു പറഞ്ഞിട്ടുണ്ട്. "മദ്ദേശികക്ഷ്മാപതി"എന്നു പറഞ്ഞിട്ടുള്ളതു വിദ്വാൻ വലിയ കുഞ്ഞിരാമവർമ്മൻതമ്പുരാനെയുമാകുന്നു. അഞ്ചു കൊല്ലം കൊണ്ടു ഭാരതം തർജ്ജമ മുഴുമിക്കണമെന്നായിരുന്നു ഉദ്ദേശ്യം. എന്നാൽ, ആ പദ്ധതി പ്രായോഗികമായില്ല. പക്ഷെ, സി. പി. ആ വിഷയത്തിൽ കുറെ പരിശ്രമങ്ങൾ ചെയ്യുകയും, താൻ ഭാരതത്തിലെ ചില ഭാഗങ്ങൾ കിളിപ്പാട്ടായി തർജ്ജമ ചെയ്യുകയുമുണ്ടായി. അതുകൊണ്ടൊന്നും ഉദ്ദിഷ്ടകാര്യം സാദ്ധ്യമാവില്ലെന്നു സി. പി.ക്കും, കുഞ്ഞിക്കുട്ടൻതമ്പുരാനും ബോദ്ധ്യമായി. ഈ വിവരത്തെപ്പററി തമ്പുരാൻ, തന്റെ പ്രധാന സ്നേഹിതന്മാരായ

"സാഹിത്യപഞ്ചാനനൻ" പി. കെ. നാരായണപിള്ള, കണ്ടത്തിൽ നാരായണമേനോൻ, ചമ്പത്തിൽ ചാത്തുക്കുട്ടിമന്നാടിയാർ മുതലായ ചിലക്കെല്ലാം കത്തുകളയച്ചിട്ടുമുണ്ട്. എന്തുതന്നേയായാലും, ഭാരതം തർജ്ജമയുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിച്ചു മുൻനിന്നു പ്രവർത്തിപ്പാൻ ആരും അത്ര ഔത്സുക്യം പ്രദർശിപ്പിച്ചില്ല. അവരിൽ പലരും ചുമതലപ്പെട്ട പല ഉദ്യോഗങ്ങൾ വഹിച്ചവരാണ്. അതിനാൽ, വളരെ ഭാരമേറിയ ഭാരതം തർജ്ജമക്കാര്യത്തിൽ ഇറങ്ങിപ്പുറപ്പെടുവാൻ അവർ അത്ര പ്രസക്തരായില്ലെന്നേയുള്ളു. കുഞ്ഞിക്കുട്ടൻതമ്പുരാനാകട്ടെ, കവിതതന്നേയാണു തൻെറ പ്രധാന തൊഴിലെന്നു ആത്മാർത്ഥമായി അഭിമാനിച്ചിരുന്നതിനാൽ, മററുള്ളവർ തങ്ങളുടെ മനോരഥത്തിൽ നിർത്തിക്കൊണ്ടിരുന്ന ആ തർജ്ജമക്കാര്യം താൻതന്നെ പ്രായോഗികമാക്കുകയാണ് സുഗമമായ മാർഗ്ഗമെന്നു കരുതി. ദൈവശ്യകവിയും, കൊടുങ്ങല്ലൂർ ഭഗവതിയുടെ കരുണാകടാക്ഷത്തിനു പാത്രവുമായ അദ്ദേഹം ശ്രീമഹാഭാരതം മൂലകൃതിയെ വൃത്താനുവൃത്തമായിപ്പരിഭാഷപ്പെടുത്തുകയാണുചിതമെന്നും തീർച്ചപ്പെടുത്തി. മഹാഭാരതം കിളിപ്പാട്ടായി ഭാഷയിലെയ്ക്കു പരാവർത്തനംചെയ്തു പൂർത്തിയാക്കേണ്ടതിലേയ്ക്കു സി. പി. അച്യുതമേനോൻ പരിഗണിച്ചിരുന്ന കാലം അഞ്ചുകൊല്ലമായിരുന്നു. തമ്പുരാനാകട്ടെ, തൻെറ ഉദ്ദേശ്യം പൂർത്തിയാക്കുവാൻ മൂന്നുകൊല്ലം മതിയാകുമെന്നും, ആ വിഷയത്തിൽ, പൂർണ്ണമായ മനഃസംതൃപ്തി കൈവരണമെങ്കിൽ ദിവസംപ്രതി നൂറു ശ്ലോകംവീതം തർജ്ജമചെയ്യണമെന്നും നിർണ്ണയിച്ചിരുന്നു. അദ്ദേഹത്തിൻെറ ആ മനോരഥം സർവ്വോപരി ഫലപ്രാപ്തിക്കിടവരിക്കയും, മഹാകവി വിള്ളത്തോൾ പ്രസ്താവിച്ചിട്ടുള്ളപ്രകാരം

"ശബ്ദങ്ങളെ ദ്ദാസരെയെന്നപോലെ
ശരിക്കു കീഴ്നിർത്തിയ ശക്തിയുക്ത"നായ

ആ മഹാശയൻ

"തനിച്ചു മുവ്വാണ്ടിടകൊണ്ടു സാക്ഷാൽ
ശ്രീഭാരതം തർജ്ജമചെയ്തു ധീര"

നെന്ന പ്രശസ്തി നേടുകയും ചെയ്തു. തമ്പുരാൻെറ മഹാഭാരത തർജ്ജമയുടെ അത്യാശ്ചര്യകരമായ രീതിയേയും അക്കാലത്തു നടന്ന പല രസകരമായ സംഭവങ്ങളേയും വഴിയെ ഒരദ്ധ്യായത്തിൽ

ഉപക്കൊള്ളിച്ചു മാന്യ വായനക്കാരെ രസിപ്പിക്കുവാൻ ഞാൻ ശ്രമിച്ചുകൊള്ളാം.

കുഞ്ഞിക്കുട്ടൻതമ്പുരാൻ മഹാഭാരതം തർജ്ജമ പരക്കെ തൃപ്തികരമായി നിർവ്വഹിച്ചതിനാൽ മലയാളഭാഷാസാഹിത്യഭണ്ഡാരത്തിന്ന് ഏററവും വിലപിടിച്ചതും അനശ്വരവുമായ ഒരു മുതൽക്കൂട്ടു കൈവന്നതു യഥാർത്ഥഭാഷാഭിമാനികൾ ഉള്ളഴിഞ്ഞു സന്തുഷ്ടരാവുകയും, കൃതാർത്ഥരായിത്തീരുകയും ചെയ്തു എന്നു പറയേണ്ടതില്ലല്ലൊ. ആ കാലഘട്ടത്തിൽ തന്നെയാണ്, സുപ്രസിദ്ധകവിയായ കാത്തുള്ളി അച്ചുതമേനോൻ ജൈമിനി മഹർഷിയുടെ "അശ്വമേധം" (ജൈമിനി ഭാരതത്തിലുള്ളത്) കിളിപ്പാട്ടായി തർജ്ജമചെയ്യുവാൻ തുടങ്ങിയത്. കാത്തുള്ളിയുടെ തർജ്ജമ പൂർണ്ണമാകുവാൻ വളരെ കാലതാമസം വേണ്ടിവന്നു. അദ്ദേഹത്തിന്നു ശരിയായ സാഹിത്യപരിശ്രമത്തിലേപ്പെടുവാൻ അക്കാലത്തു പല അസൌകര്യങ്ങളും നേരിടുകയുണ്ടായി. എങ്കിലും, താൻ ദിവംഗതനാവുന്നതിന്നുമുമ്പു കാത്തുള്ളി ആ തർജ്ജമ മുഴുമിച്ചു. താൻ ഏററവും പണിപ്പെട്ടു തർജ്ജമചെയ്ത ആ മഹത്തായ ഗ്രന്ഥം പുസ്തകരൂപത്തിൽ പുറത്തിറങ്ങുന്നതു കണ്ടാനന്ദിപ്പാൻ നിർഭാഗ്യവശാൽ കാത്തുള്ളിയ്ക്കു യോഗമുണ്ടായില്ല. "ദൈവഗതിക്കഥവാ ഭുവനേസ്മിൻ— നൈവകവാടനിരോധമൊരേടം" എന്ന മഹത്തായ കവിവാക്യമോർക്കുമ്പോൾ കാത്തുള്ളിയ്ക്കു നേരിട്ട ആ നിരാശയെക്കുറിച്ചു നാം വളരെ പരിതപിച്ചിട്ടു കാര്യമില്ല. കാത്തുള്ളിയുടെ "അശ്വമേധം" കിളിപ്പാട്ടു ഏററവും ലളിതവും സുഗമവുമായ ഒരു തർജ്ജമയാണ്. കമനീയമായ ആ കാവ്യാഭരണം കൈവിട്ടിയ്ക്കു വിശേഷപ്പെട്ട ഒരു കണ്ഠാഭരണമാണെന്നാകുന്നു യഥാർത്ഥസാഹിത്യനിരൂപകന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളത്. തുഞ്ചത്താചാര്യസ്വാമികളുടെ കിളിപ്പാട്ടിന്റെ "ശയ്യ"യാണ് കാത്തുള്ളിയുടെ "അശ്വമേധം" കിളിപ്പാട്ടിന്നും ഏതാണ്ടു കാണുന്നതെന്നുപറയുന്നതു ഒരിക്കലും ഒരു കടന്ന അതിശയോക്തിയല്ല. കിളിപ്പാട്ടുകൾ നിർമ്മിപ്പാനും, അതു ഭംഗിയായി പ്പാടുവാനും കാത്തുള്ളി പണ്ടേ സമർത്ഥനാണെന്ന് അദ്ദേഹവുമായി പരിചയിച്ചിട്ടുള്ള പലരും പറയാറുണ്ട്. എനിക്കും ഈ സംഗതി അനുഭവസിദ്ധമാണ്.

ഭാഷാസാഹിത്യലോകത്തിൽ സുസ്ഥിരമായ ഒരു സ്ഥാനം അന്നുരന്നു നേടിയ വള്ളത്തോൾ നാരായണമേനോൻ ശ്രീ. വാ

ല്മീകിരാമായണം വൃത്താനുവൃത്തമായി ഭാഷയിലേയ്ക്കു തർജ്ജമചെയ്യുവാൻ പുറപ്പെട്ടു. വള്ളത്തോൾ നല്ല ഒരു സംസ്കൃതവ്യുല്പന്നനും, യഥാർത്ഥ വാസനാകവിയുമായതിനാൽ അദ്ദേഹം രാമായണതർജ്ജമ പൂർത്തിയാക്കുകയും നിർമ്മത്സരമതികളായ സഹൃദയർ അദ്ദേഹത്തെ ശ്ലാഘിക്കുകയും ചെയ്തു. പക്ഷേ, ദോഷൈകദൃക്കുകളായ ചില നിരൂപകന്മാർ അദ്ദേഹത്തിന്റെ പ്രസ്തുത കാവ്യശരീരത്തിൽ വല്ല ന്യൂനതകളുമുണ്ടോ എന്നു ഭൂതക്കണ്ണാടിവെച്ചു നോക്കുവാൻ ബദ്ധശ്രദ്ധരായി. ഒരു കവിക്കു, കവനനിർമ്മാണവിഷയത്തിൽ ന്യായമായി നല്കപ്പെടേണ്ട സ്വാതന്ത്ര്യത്തെക്കൂടി പരിഗണിക്കാതെ ആ നിരൂപകമ്മന്യന്മാർ അദ്ദേഹത്തെ കുറച്ചൊക്കെ ആക്ഷേപിച്ചു. രാമായണം തർജ്ജമയായി പ്രചരിച്ചിരുന്ന കാലത്താണ് അങ്ങിനെയുള്ള ചില ആക്ഷേപങ്ങൾ പുറപ്പെട്ടത്. ആ ഘട്ടത്തിൽ കവികളെ ഉള്ളഴിഞ്ഞു പ്രോത്സാഹിപ്പിക്കുന്നതു് ഒരു ദൃഢവ്രതമായി കൈക്കൊണ്ടിരുന്ന കേരളവർമ്മ വലിയ കോയിത്തമ്പുരാനും, അവർക്ക് എപ്പോഴും സഹായഹസ്തം നൽകുവാൻ സന്നദ്ധനായിരുന്ന കുഞ്ഞിക്കുട്ടൻതമ്പുരാനും വള്ളത്തോളിനെ വാത്സല്യപൂർവ്വം ആക്ഷേപങ്ങളിൽനിന്നു വിമോചിപ്പിക്കുവാനും, കൂടുതൽ പ്രോത്സാഹിപ്പിക്കുവാനും കൈക്കൊണ്ട അത്യുദാരമായ നയത്തെപ്പററി എത്ര ശ്ലാഘിച്ചാലും അധികമാവുകയില്ല. വാല്മീകിരാമായണം തർജ്ജമ പുറത്തിറങ്ങുന്ന തക്കംനോക്കി അതിനെ ആക്ഷേപിക്കുവാൻ തയ്യാറായ ആ പണ്ഡിതമ്മന്യന്മാർക്കു പിന്നീട് ആ വിഷയത്തിൽ നിരാശ ജനിക്കത്തക്കവിധം പ്രസ്തുത തർജ്ജമയുടെ കയ്യെഴുത്തു പകപ്പുകളെല്ലാം കുഞ്ഞിക്കുട്ടൻതമ്പുരാന്റെ പ്രത്യേക പരിശോധനയ്ക്കുശേഷമാണ് അച്ചടികഴിഞ്ഞു പുറത്തുവന്നതു്. വള്ളത്തോളാകട്ടെ, ആ വിഷയത്തിൽ തമ്പുരാനോടു ആത്മാർത്ഥമായ കൃതജ്ഞത പ്രദർശിപ്പിക്കുകയും, താൻ അദ്ദേഹത്തിന്റെ ശിഷ്യൻതന്നേയാണെന്നു സമ്മതിക്കുകയും ചെയ്തിട്ടുണ്ടെന്നു തമ്പുരാന്റെ നിയ്യാണത്തിൽ വള്ളത്തോൾ മഹാഖേദത്തോടെ വിലപിക്കുന്ന

"ഹേ! വെണ്മണി ബ്രാഹ്മണവയ്യസൂനോ!
ഹേ! കൈരളീകൈരവ ശീതഭാനോ!
ഹേ! നൂതനവ്യാസ! തമോനിമഗ്ന-
രനാഥരിശ്ശിഷ്യർ ഭവദ്വിയോഗാൽ"

ഇത്യാദി ചില പദ്യങ്ങളിൽനിന്നു മനസ്സിലാക്കാം.

ഇതിഹാസരത്നങ്ങളായ മഹാഭാരതവും, രാമായണവും മററും അങ്ങിനെ ഭാഷയിൽ അവതരിച്ചുകണ്ടപ്പോൾ കവിസാർവ്വഭൌമൻ കൊച്ചുണ്ണിത്തമ്പുരാൻ "മഹാഭാഗവതം" ഭാഷയിലേയ്ക്കു ഗാഥാരീതിയിൽ തർജ്ജമചെയ്തു. അദ്ദേഹത്തിന്റെ ആ മഹത്തായ പരിശ്രമവും ഏറെക്കുറെ സഫലമായിട്ടുണ്ടെന്നു പറയാം.

കുഞ്ഞിക്കുട്ടൻതമ്പുരാന്റെ മഹാഭാരത തർജ്ജമ ഭംഗിയായി അവസാനിച്ചുകണ്ടപ്പോൾ പുരാണങ്ങൾ പലതും ഭാഷയിലേയ്ക്കു തർജ്ജമചെയ്യുവാൻ ഭാഷാകവികൾക്കു കൂടുതൽ ഉത്സാഹം ജനിച്ചു. തമ്പുരാനാകട്ടെ, നമ്മുടെ ഭാഷാഭണ്ഡാരം, പതിനെട്ടു പുരാണങ്ങളുടെയും തർജ്ജമകൾകൊണ്ടു പോഷിപ്പിക്കേണമെന്നായിരുന്നു ആന്തരമായി ആഗ്രഹിച്ചിരുന്നതു്. അതിന്നനുകൂലമായ ചില പരിശ്രമങ്ങൾ പിന്നീടു ഭാഷാകവികളുടെയിടയിൽ പ്രബലമായി നടന്നിട്ടുണ്ടെങ്കിലും, തമ്പുരാന്റെ അഭാവാനന്തരമാണു് ചില പ്രധാന പുരാണതർജ്ജമകൾ പുറത്തുവന്നിട്ടുള്ളതു്. ആ വകുപ്പിൽപ്പെട്ട ചില പുരാണതർജ്ജമകളാണു് കഴിഞ്ഞുപോയ ഒടുവിൽ ശങ്കരൻകുട്ടിമേനോന്റെ "സ്കാന്ദപുരാണം," "കൽക്കിപുരണം" എന്നിവ. ശങ്കരൻകുട്ടിമേനോന്റെ തർജ്ജമകൾ കിളിപ്പാട്ടുരീതിയിലാണു്. ആ തർജ്ജമകൾ ലളിതവും, സുഗമവുമാണെന്നു പറയുന്നതിൽ സംശയിപ്പാനില്ല.

"ദേവീഭാഗവതം" മൂലം ഒരുവിധം തൃപ്തികരമാംവണ്ണം നല്ല പണ്ഡിതനും, കവിയുമായ ചെറശ്ശേരി ചാത്തുമേനോൻ ആ കാലഘട്ടത്തിന്നുമുമ്പിൽ കിളിപ്പാട്ടായി തർജ്ജമചെയ്തിട്ടുണ്ടു്. അദ്ദേഹം ഹരിശ്ചന്ദ്രപുരാണവും കിളിപ്പാട്ടായി തർജ്ജമചെയ്തിരിക്കുന്നു. കവിതിലകൻ വരവൂർ ശാമുമേനോനും ദേവീഭാഗവതം, ജ്ഞാനവാസിഷ്ഠം എന്നിവ ഭാഷാഗാനരൂപത്തിൽ തർജ്ജമചെയ്തു സഹൃദയപ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുണ്ടു്. ചമ്പത്തിൽ ചാത്തുക്കുട്ടിമന്നാടിയാർ കുറച്ചുമുമ്പുതന്നെ സമാരംഭിച്ചിരുന്ന ഹാലാസ്യമാഹാത്മ്യത്തിന്റെ ഭംഗിയായ വിവർത്തനം പരിപൂർണ്ണമാവുകയും അതു യഥാർത്ഥ ഭാഷാഭിമാനികളെ സംതൃപ്തരാക്കുകയുംചെയ്തു. "ഹാലാസ്യം" കിളിപ്പാട്ടിന്റെ കവിതാഗുണത്തെക്കുറിച്ചു് ഇന്നും സാഹിത്യവിദ്വാന്മാർ പുകഴ്ത്താതിരിക്കുന്നില്ല.

ഉറച്ച പണ്ഡിതനും, വേദാന്തവിഷയത്തിൽ തല്പരനുമായിരുന്ന കോരാത്തു നാരായണമേനോൻ ആത്മപുരാണം അതിഭംഗിയായി ഭാഷപ്പെടുത്തുകയുണ്ടായി. കൊല്ലങ്കോട്ടു പുത്തൻവീട്ടിൽ ഗോപാലൻനായർ പത്മപുരാണത്തിലടങ്ങിയ ശിവഗീതയും ഭാഷാഗാനമായി തർജ്ജമ ചെയ്യുകയുണ്ടായിട്ടുണ്ട്.

കുഞ്ഞിക്കുട്ടൻതമ്പുരാൻ കുറച്ചുകാലവുംകൂടി ജീവിച്ചിരുന്നെങ്കിൽ അദ്ദേഹത്തിന്റെ ആഭിമുഖ്യത്തിൽ അഥവാ അദ്ദേഹംതന്നെ ബാക്കിയുള്ള സകല പുരാണങ്ങളും ഭാഷയിലേയ്ക്കു വിവർത്തനം ചെയ്യുമായിരുന്നുവെന്നതിന്നു പക്ഷാന്തരമില്ല. ആ മഹാഭാഗ്യം ഭാഷാദേവിക്കു സിദ്ധിക്കാഞ്ഞതിൽ നമുക്കു അനുശോചിക്കുകയല്ലേ നിവൃത്തിയുള്ളു. കുഞ്ഞിക്കുട്ടൻതമ്പുരാന്റെ മുഖ്യമായ ഉത്സാഹത്തിലും, നേതൃത്വത്തിലുമുള്ള പല പദ്ധതികളുടെയും രൂപവൽക്കരണമാണു പുരാണതർജ്ജകൾക്കു ക്രമേണ ഭാഷാകവികളുടെയിടയിൽ ഔത്സുക്യം ജനിപ്പിച്ചതെന്നു പറയാം.

"ആരാൽ പഞ്ചമവേദമഭ്യുദിതമാ-
യേതുത്തമശ്ലോകനെ-
സ്സാരാലങ്കൃതയാം സരസ്വതി ഗുരു-
സ്നേഹേന വർത്തിച്ചുവോ"

എന്നെല്ലാം മഹാകവി വള്ളത്തോളിന്റെ ആത്മാർത്ഥമായ അഭിനന്ദനത്തിന്നു പാത്രമായ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ ഭാഷാസാഹിത്യപരിപോഷണവിഷയത്തിലുള്ള നിരന്തരപരിശ്രമങ്ങളാണു മഹാഭാരതപരിഭാഷമൂലവും മററും കൈരളിയുടെ ദാരിദ്ര്യത്തിനു കണക്കിലേറെ ശമനം വരുത്തിയിട്ടുള്ളതെന്നുകൂടി ഇവിടെ പറയുന്നതു സന്ദർഭോചിതമായിരിക്കും.

ഈ വിഷയത്തിൽ ഇതിൽക്കൂടുതലായി ഇവിടെ വിസ്തരിക്കുവാൻ ഞാൻ തയ്യാറില്ലെങ്കിലും, ഒരു പ്രധാന സംഗതികൂടി ഇവിടെ എടുത്തുപറയേണ്ടതുണ്ട്. അടുത്തകാലംവരെ, ഭാഷാസാഹിത്യപ്രസ്ഥാനത്തിൽ ഒരു മാററം വരുംവരെ. അല്ലെങ്കിൽ പുരോഗമനസാഹിത്യത്തിൽ പലക്കും പ്രസക്തി ജനിക്കുംവരെ, പുരാണതർജ്ജമവിഷയത്തിൽ ഭാഷാകവികൾ ഉത്സുകരായിരുന്നുവെന്നുതന്നെ പറയാം. ഇക്കാലത്താകട്ടെ യഥാർത്ഥസാഹിത്യവിദ്വാന്മാരായ

കവികളുടെ അഭാവവും, ഇപ്പോഴത്തെ ഭാഷാസാഹിത്യപ്രസക്തക്ക സംസ്കൃതഭാഷാപഠനത്തിലുള്ള അനാസ്ഥയുമാകുന്ന പുരാണ തർജ്ജമകളായ സാഹിത്യപരിശ്രമങ്ങളും മററും കേവലം "പഴഞ്ചൻ"സ്പ്രദായങ്ങളാണെന്നു പറയപ്പെടുവാനിടയായിട്ടുള്ളത്.

പതിനെട്ടാമദ്ധ്യായം.

ഖണ്ഡകാവ്യകാലവും കവനകൌമുദിപത്രവും.

പഴയ സാഹിത്യകാരന്മാരിൽ പലരുടേയും അഭാവത്താലും, സ്ഥിരാംഗങ്ങളായിരുന്ന ചിലക്ക് സംഗതിവശാൽ സ്ഥലം മാറി താമസിക്കേണ്ടിവന്നതിനാലും കാലക്രമേണ കൊടുങ്ങല്ലൂർ കവിസഭ്യ കൂടുതൽ ഊർജ്ജിതമായി പ്രവർത്തനം നടത്തുവാൻ നിവൃത്തിയില്ലാത്ത ഒരു നിലയവലംബിക്കുവാനിടയായി. കുഞ്ഞിക്കുട്ടൻതമ്പുരാൻ കൊല്ലത്തിൽ ഏതാണ്ടു ആറുമാസത്തോളം കോട്ടയ്ക്കൽ താമസമുറപ്പിച്ചതുകൊണ്ടുതന്നെ പ്രസ്തുത സഭയ്ക്കിന്റെ ശരിയായ പ്രവർത്തനത്തിന്നു ചില വിഘ്നങ്ങൾ നേരിട്ടു. എങ്കിലും, അവിടെ പലപ്പോഴും സാഹിത്യപരിശ്രമങ്ങൾ കൊച്ചുണ്ണിത്തമ്പുരാന്റെ മേൽനോട്ടത്തിൽ നടക്കാതിരുന്നിട്ടില്ല. ഭാരതം തർജ്ജമ പുറത്തായശേഷമാണ് ഈ നിലയിലെല്ലാം ഒരു മാററം നമ്മുടെ കവിസഭയ്ക്കിന്നു സംഭവിച്ചതെങ്കിലും, ഭാഷയിൽ ഖണ്ഡകാവ്യങ്ങൾ പുറത്തിറക്കുന്നതിൽ പ്രധാന പങ്കു കുഞ്ഞിക്കുട്ടൻതമ്പുരാനാണ് വഹിച്ചിരുന്നതെന്നും, ആ വിഷയത്തിൽ മുഖ്യമാർഗ്ഗദർശകൻ അദ്ദേഹമായിരുന്നുവെന്നും ഖണ്ഡിച്ചുപറയുവാൻ എനിക്ക് സംശയമില്ല. ഭാരതം തർജ്ജമയ്ക്കു മുമ്പുതന്നെ തമ്പുരാൻ ഖണ്ഡകാവ്യനിർമ്മാണത്തിൽ വളരെ താല്പര്യം പ്രദർശിപ്പിക്കുകയുണ്ടായിട്ടുണ്ട്. പക്ഷേ, ഭാരതതർജ്ജമയ്ക്കുശേഷം അദ്ദേഹത്തിന്നു പല ഖണ്ഡകാവ്യങ്ങൾക്കുമുള്ള കഥാവസ്തുക്കൾ എളുപ്പത്തിൽ സമ്പാദിക്കുവാൻ കഴിഞ്ഞതിന്നു പുറമെ, ഭാഷാപദങ്ങൾ പൂർവ്വാധികം സ്വാധീനത്തിലാക്കുവാനും സാധിച്ചു. തന്മൂലം ഖണ്ഡകാവ്യപ്രസ്ഥാനത്തിൽ പ്രത്യേകപരിശ്രമങ്ങൾ നടത്തുവാൻ അദ്ദേഹത്തിന്നു സർവ്വതോമുഖമായ സൌകര്യവും ഉണ്ടായി.

ആ നിലയിൽ, കുഞ്ഞിക്കുട്ടൻതമ്പുരാൻ ഖണ്ഡകാവ്യപ്രസ്ഥാനം പ്രായോഗികമാക്കിക്കൊണ്ടുവന്നതിന്റെ ഫലമായിട്ടാണ് "ശരസേതുബന്ധം", "ദ്രോണാചാര്യൻ", "ഭീഷ്മസമാധി", "ഭീമയോഗം", "യുധിഷ്ഠിരശമം", "യാത്രാദാനം", "കൂടൽമാണിക്യം", "കംസൻ" മുതലായി അദ്ദേഹം രചിച്ച പല സരസഖണ്ഡകാവ്യങ്ങളും പുറത്തിറങ്ങിയതു്. അവയെല്ലാം സഹൃദയസമ്മതിക്കു പ്രത്യേകം പാത്രീഭവിക്കുകയുമുണ്ടായി. ഏതാണ്ടു് ആ കാലഘട്ടത്തിൽത്തന്നെയാണ് മഹാകവി കുമാരനാശാൻ കുറച്ചുകൂടി പരിഷ്കൃതവും, ചമൽക്കാരപരവുമായ നിലയിൽ നളിനി, ലീല മുതലായ മനോഹര ഖണ്ഡകാവ്യങ്ങൾ നിർമ്മിച്ചു പ്രസ്തുത പ്രസ്ഥാനത്തിൽ ഭാഷയ്ക്കു ഒരു പുതുമ വരുത്തുവാൻ സന്നദ്ധനായതു്. ഭാഷയിൽ ഖണ്ഡകാവ്യപ്രസ്ഥാനത്തിന്റെ പ്രചാരത്തിന്നും, പ്രാധാന്യത്തിന്നും ആശാൻ ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ടെന്നു നിർമ്മത്സരന്മാർ സമ്മതിക്കുന്നതാണ്. കുഞ്ഞിക്കുട്ടൻതമ്പുരാനും, കുമാരനാശാനും ഖണ്ഡകാവ്യപ്രസ്ഥാനത്തെ സംബന്ധിച്ചേടത്തോളം ഭാഷാസാഹിത്യലോകത്തിൽ വെട്ടിത്തെളിച്ച സുഗമമായ മാർഗ്ഗത്തിൽ കൂടി തങ്ങളുടെ ആശയ്ക്കും, വാസനയ്ക്കും അനുകൂലമായ നിലയിൽ സാഹിത്യപരമായ മനോരഥം നടത്തുവാൻ വള്ളത്തോൾ, കുണ്ടൂർ, ഉള്ളൂർ, ഒടു. പന്തളം, കുററിപ്പുറത്തു കേശവൻനായർ തുടങ്ങിയ പ്രസിദ്ധ കവികൾ അത്യുത്സുകരായിത്തീർന്നു. "ബന്ധനസ്ഥനായ അനിരുദ്ധൻ", "സാംബൻ" തുടങ്ങിയ ഒട്ടധികം ഖണ്ഡകാവ്യങ്ങൾ ഭാഷാസാഹിത്യവകുപ്പിന്നു വിലയേറിയ സമ്പാദ്യങ്ങളായി പരിണമിച്ചു. പി. വി. കൃഷ്ണവാരിയർ, നടുവത്തു മഹൻ നമ്പൂതിരി, ചങ്ങരംകോത കൃഷ്ണൻ കർത്താവു് കെ. പി. കറുപ്പൻ, ഒടുവിൽ ശങ്കരൻകുട്ടിമേനോൻ, നാലപ്പാട്ടു നാരായണമേനോൻ, വി. ഉണ്ണികൃഷ്ണൻനായർ, വള്ളത്തോൾ ഗോപാലമേനോൻ, കുററിപ്പുറത്തു കിട്ടുണ്ണിനായർ, എം. ആർ. കൃഷ്ണവാരിയർ, കെ. സി. കുട്ടപ്പനമ്പ്യാർ മുതലായ സരസകവികളും ഖണ്ഡകാവ്യപ്രസ്ഥാനത്തിൽ കൈവെച്ചു തങ്ങളുടെ കവനകലാവ്യവസായം പോഷിപ്പിക്കുവാൻ സന്നദ്ധരായി.

ഇങ്ങനെ ഭാഷാസാഹിത്യം ക്രമേണ പരിപുഷ്ടമാകുവാൻതക്ക പരിതസ്ഥിതികൾ കണ്ടുകൊണ്ടിരിക്കുന്നതിന്നു മുമ്പുതന്നെ പ്രസ്തുത കവനവ്യവസായത്തിന്നു വലിയ ഒരനുഗ്രഹമെന്നനിലയിൽ "കവ-

നകൌമുദി" എന്ന ഒരു പ്രതിപക്ഷപത്രം 1080ൽ പന്തളത്തു കേരളവർമ്മതമ്പുരാൻ തൻെറ ഉടമസ്ഥതയിലും, പത്രാധിപത്യത്തിലും നടത്തുവാൻ തുടങ്ങി. പദ്യത്തിൽ (ഗദ്യം ഒരു വരിപോലുമില്ലാതെ) ഒരു പത്രം മലയാളത്തിൽ ഇദംപ്രഥമമായി തുടങ്ങിയ ആ മഹാനെ അന്നത്തെ കവികളും, കവിയശഃപ്രാർത്ഥികളും ആയിടയ്ക്കു് ആത്മാർത്ഥമായി അഭിനന്ദിക്കുകയും, അനുമോദിക്കുകയും ചെയ്തിട്ടുണ്ടു്. "കവനകൌമുദി"ക്കു മുമ്പുതന്നെ കഴിഞ്ഞുപോയ സുപ്രസിദ്ധ സാഹിത്യവിദ്വാൻ കടത്തനാട്ടു പോർളാതിരി ഉദയവർമ്മതമ്പുരാൻ "കവനോദയം"എന്ന പേരിൽ ഒരു മാസിക പദ്യത്തിൽ സമാരംഭിച്ചു കുറച്ചുകാലം നടത്തിയിട്ടുണ്ടെങ്കിലും, അതു് ശരിയായ ഒരു പദ്യപത്രമെന്നു കണക്കാക്കുവാൻ നിവൃത്തിയില്ലായിരുന്നു. "കവനകൌമുദി"യാണു പത്രങ്ങളെസംബന്ധിച്ചേടത്തോളം പ്രാഥമ്യവും പ്രാധാന്യവുമർഹിച്ചിരുന്ന പ്രചാരമേറിയ ഒരു പത്രമെന്നുള്ളതു സർവ്വസമ്മതമാണ്. "കവനകൌമുദി"യിലാകട്ടെ, ആ പത്രം പുറപ്പെടുന്ന സമയത്തെക്കൂടി

"എന്നും തിയ്യതി മാസത്തി-
ലൊന്നിലും പതിനഞ്ചിലും
മന്നിൽ പ്രസിദ്ധിചെയ്തീടും
മാന്യാ കവനകൌമുദി"

എന്ന പദ്യത്തിലായിരുന്നു പരസ്യംപോലും കൊടുത്തിരുന്നതു്. "കവനകൌമുദി" അന്നത്തെ കവികൾക്കു തങ്ങളുടെ കവന വ്യവസായത്തിന്നു് എല്ലാ നിലയിലും പററിയ ഒരു മനോഹരകേദാരം തന്നെയായിരുന്നു. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ മുതൽ അന്നുള്ള മിക്ക വലിയ കവികളും, യുവകവികളും "കവനകൌമുദി" വഴിയായി തങ്ങളുടെ തൂലികാചലനവൈചിത്ര്യം പ്രസ്പഷ്ടമാക്കിക്കൊണ്ടിരുന്നു. "കവനകൌമുദി" കേവലം പത്രമായിരുന്നതിനാൽ വിവിധവിഷയങ്ങളിലുള്ള കവിതകൾക്കു പുറമേ പൊതുകാര്യങ്ങൾ, പുസ്തകാഭിപ്രായങ്ങൾ, പരസ്യങ്ങൾ, മുതലായവയും അതിൽ പദ്യത്തിൽത്തന്നെ പ്രസിദ്ധംചെയ്തിരുന്നുവെന്നുള്ളതു്, ആ പത്രത്തിൻെറ ഒരു പ്രത്യേകതകൂടിയായിരുന്നു. ആ സംഗതിയെ ദൃഷ്ടാന്തപ്പെടുത്തുവാൻ കുറഞ്ഞൊന്നു ഇവിടെ പ്രസ്താവിക്കാം. ഒരു സരസകവി അദ്ദേഹം കവനകൌമുദിയുടെ സ്ഥിരലേഖകനാണ്) നാട്ടു

വർത്തമാനങ്ങൾ കവിതയിലെഴുതുവാൻ ഏററിട്ടുള്ള ഒരാളായിരുന്നു. അദ്ദേഹം ഒരു കർക്കടകമാസത്തിലെഴുതിയ പദ്യക്കുറിപ്പു തുടങ്ങുന്നതു,

"സന്തുഷ്ടിത്തേനൊലിക്കും സരസകൃതികളി-
ക്കന്നൊരിക്കൌമുദിക്കായ്-
ച്ചിന്തും മോദാൽ ചിലപ്പോളിവനുമെഴുതിടാ-
വള്ളതൊക്കാതെയായി
പൊന്തും ക്ഷാമാൽ പൊറുക്കുന്നതിനുവിഷമ,മി-
പ്പേന കൈകൊണ്ടെടുത്താൽ
പൊന്തുന്നില്ലെന്തുചെയ്യാം, പുരുവെറിപെടുമി-
ക്കർക്കടം ദുർഘടംതാൻ."

എന്ന പദ്യംകൊണ്ടാണ്. പ്രസ്തുതകവി അന്നത്തെ കാലാവസ്ഥയേയും മററു ചില വർത്തമാനങ്ങളേയും കവിതയിൽത്തന്നെ രസകരമായ രീതിയിൽ കുറിക്കാറുമുണ്ട്. ആ മാന്യലേഖകൻ കഴിഞ്ഞുപോയ സരസകവി വള്ളത്തോൾ ഗോപാലമേനോനാണെന്നാണ് ഞാൻ ധരിച്ചിട്ടുള്ളത്. കുന്നംകുളം ലേഖകനായിരുന്നു ആ രസികൻ. മറെറാരു കവി, രാജ്യകാര്യങ്ങളേയും മററും തൻെറ ശരിയായ പേർ പുറത്തറിയിക്കാതെ എഴുതിക്കൊണ്ടിരുന്നു. ആ സരസകവിയുടെ രാജ്യകാര്യപ്രതിപാദനരീതി നോക്കുക.

"ബാണർജ്ജി"യാം പുതുദിവാൻജി മഹാഗഭീര-
നാ,ണ്ടു സർവ്വരുമെടുത്തുപുകഴ്ത്തിടുന്നു
ആണത്തമിങ്ങിനെയെഴുന്നൊരു നല്ലകേമൻ
വേണം പ്രധാന സചിവൻെറ ഭരംചുമപ്പാൻ"

മി. എ. ആർ. ബാണർജ്ജി (ഐ. സി. എസ്സ്), കൊച്ചി ദിവാൻ പദമേറെറടുത്ത ഘട്ടമായിരുന്നു അതു്. അന്നത്തെ രാജ്യകാര്യങ്ങളിൽ ചിലതൊക്കെയാണ് കവി വിവരിക്കുവാൻ തുടങ്ങുന്നതു്. അദ്ദേഹം എഴുതുന്നു

"എല്ലാമന്നന്നുതീർക്കുംപണി,യൊരു പൊഴുതും
നീട്ടിവെയ്ക്കുന്നൊരാമ-
ട്ടില്ലാ ചോരത്തിളപ്പും ചൊടിയുമനുപമം
പ്രായമോ നൽചെറുപ്പം

ചൊല്ലാന്നീ മന്ത്രിവര്യൻ പല പുതിയപരി
ഷ്കാരമിങ്ങേപ്പെടുത്താ-
ന്നുല്ലാസത്താൽ ശ്രമിക്കുന്നതു ഗുണകര,മീ-
"മാട"ഭുവിൻെറ ഭാഗ്യം"

"മേലിൽപ്പററില്ലപോലീനില, കടമിനിയും
വന്നുകൂടൊല്ല,സർക്കാർ
ജോലിക്കാരിത്രവേണ്ടാ, ചിലരെയുടനൊഴി-
ക്കേണമെന്നായുറച്ചു
മാലിയ്യുദ്യോഗികൾക്കൊക്കെയുമിതിലൊരുപോ
ലു,ണ്ടൊരഞ്ചെട്ടനാൾ ചെ-
ന്നാലിന്നാക്കൊക്കെയാണോ ശനി പിഴവരുവാൻ
ഭാവമെന്നാരറിഞ്ഞു ?

എന്ന പദ്യത്തിലുംമററും ബാണർജ്ജിയുടെ ഭരണപരിഷ്കാരപദ്ധതിയെപ്പററി വിവരിക്കുവാൻ തുടങ്ങുകയാണദ്ദേഹം വഴിയെ

"ഉദ്യോഗം പോയവക്കെന്തിനു ഹൃദികദനം,
വേറെയോരോതൊഴിൽക്കാ-
യുദ്യോഗംചെയ്തുകൂടേ, ഗുണമതിലപര-
ന്നാക്കുമുണ്ടാകുമല്ലോ
സദ്യോഗവ്വിച്ചുകേറും കുവികടപിശാ-
ചിൻെറയിബ്ബാധതീർന്നാൽ
മുദ്യോഗം നാട്ടിനെല്ലാമണയ്യ, മതുവെറും
ചില്ലറക്കാര്യമാണോ?"

എന്നുള്ള പദ്യവും രസകരമായിരിക്കുന്നു അന്നു പേഷ്കാർപണിക്ക് ഒഴിവുവന്നപ്പോൾ ശരിയായ അവകാശിയും തഹസീൽദാരുമായിരുന്ന കണ്ടൂർ നാരായണമേനോന് അതുലഭിക്കുവാനുടയായില്ല. പക്ഷേ, ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോന് ഒരു കയററം ലഭിച്ചതിനാൽ തഹസീൽദാരായി. ആ സംഗതി നമ്മുടെ സരസലേഖകൻ രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക.

"ആ നാരായണമേനവനൊഴിവിലും
പേഷ്കാർപദം നൽകിയി,-
ല്ലീനാട്ടാക്കുത്തുമൂലമുള്ളകദനം
തെല്ലൊന്നുമല്ലെങ്കിലും

നാനാസൽഗ്ഗുണരാശിയാമൊടുവിലെ–
ശ്രീ കുഞ്ഞുകൃഷ്ണാഖ്യനെ–
ത്താനാരാൽ തഹശീൽപ്പുണിക്കുനിയമി,–
ച്ചാശ്വാസമാക്കീടിവാൻ."

ഈ പദ്യം യഥാർത്ഥത്തിൽ ഒരു വർത്തമാനക്കുറിപ്പുതന്നെ. അടുത്ത പദ്യം നോക്കുക.

"ത്രാതാവാമങ്ങയെപ്പോലൊരു പെരിയടിവാൻ
കൊച്ചിരാജ്യത്തുവന്നി–
ട്ടേതാനുംനല്ലചട്ടങ്ങളെയവിടെ മുറ–
യ്ക്കേപ്പെടുത്തിത്തുടങ്ങി
സ്ത്രീതാനന്ദത്തൊടേവം പുകളിയലിന ശ–
ങ്കണ്ണിമേനോൻ ദിവാനോ–
ടോതാനോവിണ്ണു പൂകുന്നിതു പലജനവും
വന്നലേത്തട്ടിമൂലം."

പ്രസ്തുതപദ്യത്തിലെ ഫലിതരസപ്രധാനമായ ആശയം സ്മൃത്യർഹമാണ്. അന്നു തൃശ്ശിവപേരൂർ പട്ടണത്തിൽ കലശലായി വിഷൂചിക ബാധിച്ചിരുന്നു. കണക്കിലേറെ മരണവുമുണ്ടായിരുന്നു. മരിക്കുന്നവരെല്ലാം. ഒരുകാലത്തു കൊച്ചിയെ പ്രശസ്തരീതിയിൽ ഭരിച്ചിരുന്ന കഴിഞ്ഞുപോയ തോട്ടയ്ക്കാട്ടു ശങ്കുണ്ണിമേനോൻദിവാനോടു, തന്നെപ്പോലെ ഒരു യോഗ്യൻ ആ രാജ്യത്തുവന്നു ഭരണം നടത്തുന്നുണ്ടെന്നു പറയുവാൻ സ്വർഗ്ഗത്തിലേയ്ക്കു പോവുകയാണെന്നാണല്ലൊ പ്രകൃതപദ്യത്തിലെ ആശയം. വർത്തമാനക്കുറിപ്പുകൾകൂടി കേവലം പദ്യരീതിയിലാക്കി ഇങ്ങിനെ ചമൽക്കാരപരങ്ങളായ ആശയങ്ങളോടുകൂടി വിവരിക്കുന്നതു കാണുമ്പോൾ അന്നു "കവനകൌമുദി"യിൽ കൈനടത്തിയിരുന്ന സരസകവികളുടെ യോഗ്യതയെപ്പററി നമുക്ക് ഏറെക്കുറെ അനുമാനിക്കാമല്ലൊ. ആ രസികശിരോമണിയായ ലേഖകൻ സരസകവി "ഒടു"തന്നെയായിരുന്നുവെന്നാണ് ഈയുള്ളവൻ ധരിച്ചിട്ടുള്ളതു്. കവിതാരീതി നോക്കുമ്പോഴും യഥാർത്ഥ സഹൃദയർക്ക് ആ വിവരം മനസ്സിലാക്കുവാൻ കഴിയും. കൂടാതെ സമസ്യാപൂരണങ്ങളും മററും "കവനകൌമുദി" പത്രത്തിൽ ധാരാളം കണ്ടിരുന്നു. ഒരിക്കൽ "കുനിന്മേൽ കുരുപോലെവന്നൊരഴൽ കൊണ്ടയ്യോ! കഴങ്ങുന്നുഞാൻ" എന്ന ഒരു സമസ്യയുണ്ടായിരുന്നു.

നടുവത്തു മഹൻ നമ്പൂതിരിയായിരുന്നു ആ സമസ്യാകർത്താവ്. അതു പലരും ഭംഗിയായി പൂരിപ്പിക്കുകയുണ്ടായിട്ടുണ്ട്. പക്ഷേ, നടുവത്തിന്റെ പൂരണത്തിന്ന് അദ്ദേഹം രാജ്യകാര്യസംബന്ധമായ ഒരു പ്രധാന സംഗതിയാണ് വിഷയമാക്കിയത്. അദ്ദേഹത്തിന്റെ പൂരണം, ഇതായിരുന്നു.

ഈ നാട്ടാക്കതിസമ്മതൻ സരസനാം
പേഷ്ക്കാരു ശങ്കുണ്ണിമേ-
നോനു, ഹന്ത! സമർത്ഥനാം ജഡ്ജി"മാ
രാരും"പിരിഞ്ഞീടവേ
വാനേറീബത! ശങ്കരാഭിധനതാം
പേഷ്ക്കാരു മീനാട്ടിനി-
ക്കുനിന്മേൽക്കുരുപോലെ വന്നൊരഴൽകൊ-
ണ്ടയ്യോ! കുഴങ്ങുന്നുഞാൻ!"

എന്നതായിരുന്നു. പൂരണം ഏററവും രസകരവും,സന്ദർഭോചിതവുമായിരുന്നുവെന്നുതന്നെ പറയാം. ഈ നിലയിൽ മാത്രമല്ല, സോപ്പുകഠം മുതലായ ചില സാധനങ്ങളെപ്പററി കൊടുക്കാറുള്ള പരസ്യങ്ങളുംകൂടി "കവനകൌമുദി"യിൽ കണ്ടിരുന്നതു പദ്യത്തിലായിരുന്നുവെന്നു

"മേൽപ്പററിടും പൊടി,യഴുക്കു,മെഴുക്കു,നാററം
വേപ്പെന്നു തൊട്ടവകളഞ്ഞതിശുദ്ധിയാക്കി
വായ്ക്കേറിടും തനുസുഖം മനുജക്കുചേർപ്പാൻ
സോപ്പേ! നിനക്കുശരിവാസനയേതിനുള്ളൂ?"

എന്നും മററുമുള്ള ശ്ലോകങ്ങഠം ഉദാഹരിക്കാം. അക്കാലത്തു കൊച്ചിയിൽ വലിയ ഒച്ചപ്പാടുണ്ടാക്കിയ ഒരു സംഗതിയായിരുന്നു ഒരന്തർജ്ജനത്തിന്റെ ദുരാചാരനടവടി സംബന്ധിച്ചുണ്ടായ ചില അന്വേഷണങ്ങളും, അതിന്മേൽ ഗവർമ്മേണ്ടു കൈക്കൊണ്ട നടവുംമററും. ആ സംഗതിയും പദ്യരീതിയിൽ വർത്തമാനക്കുറിപ്പായിരുന്നു.

പഞ്ചാരവാണിയുടെ ജാരരൊററാറപത്തു-
മഞ്ചാളുമുള്ളതിൽ മരിച്ചതുരണ്ടുപോകെ
അഞ്ചാതെ ബാക്കിമുഴുവൻ വെളിയിൽക്കളഞ്ഞു
പഞ്ചായുധന്റെ വിജയംപരിപൂർത്തിയായി!"

പ്രകൃതവിഷയത്തെക്കുറിച്ചു ഒട്ടധികം രസകരങ്ങളായ പദ്യങ്ങളെഴുതിയ ലേഖകനും ഒരു പ്രസിദ്ധകവിയായിരുന്നു. "ഒട്ട"തന്നെയായിരുന്നുവെന്നു ഇനി ക്ലൂസൽകൂടാതെ പറഞ്ഞേക്കാം.

ഏവംവിധങ്ങളായ പല രസമേറിയ സംഗതികളുമടങ്ങിയ "കവനകൌമുദി"പ്പത്രം കുറച്ചുകാലം കഴിഞ്ഞപ്പോൾ ഒരു മാസികയാക്കണമെന്നു തൽപത്രാധിപരും, ഉടമസ്ഥനുമായ പന്തളം തമ്പുരാനുതോന്നി. പത്രത്തിൽ വളരെ രസകരമായവയും, ഉപയോഗമുള്ളവയുമായ പദ്യങ്ങൾ വരാറുണ്ടല്ലൊ. പിന്നീട് അവ ഉപകാരപ്രദമാവാത്തനിലയിൽ നശിച്ചുപോകുവാനിടയുള്ളതുകൊണ്ടു മാസികയായാൽ അതു ഭാഷാസാഹിത്യത്തിന്നു മുതൽക്കൂട്ടായിത്തീരുമെന്നു പല പ്രസിദ്ധകവികൾക്കും, സാഹിത്യകാരന്മാർക്കുംകൂടി അഭിപ്രായമുണ്ടായിരുന്നു. ആവക അഭിപ്രായങ്ങൾ തമ്പുരാന്റെ മനോരഥം സുഗമമായ ഒരു മാർഗ്ഗത്തിലേയ്ക്കു തിരിക്കുവാൻതക്ക നിലയിൽ പരിണമിച്ചു. അദ്ദേഹം താമസിയാതെ"കവനകൌമുദി"യെ ഒരു മാസികയായി മാററി പൂർവ്വാധികം ഭംഗിയായി നടത്തുകയാണുണ്ടായതു്.

അങ്ങിനെ "കവനകൌമുദി" മാസികയായി മാറിയതോടുകൂടി അന്നുള്ള മാന്യകവികൾ പലരും അതിലേയ്ക്കു നല്ല കവിതകൾ പ്രത്യേകം നൽകുവാൻ തുടങ്ങി. വിശേഷിച്ചു പന്തളത്തിന്റെ ഒരു മുഖ്യ ബന്ധുവായ "ഒട്ട" ("ഒട്ട"വിന്റെ സഹോദരിയായ ശ്രീമതി അമ്മുക്കുട്ടിഅമ്മയായിരുന്നു പന്തളത്തിന്റെ പത്നി) വിന്റെ ഉത്സാഹം വഴിക്കും "കവനകൌമുദി" ആകൃതിയിലും പ്രകൃതിയിലും സകല കവികളുടേയും കണ്ണുകളായ മകോരങ്ങൾക്കു യഥാർത്ഥത്തിൽ "കൌമുദി"യായിത്തന്നെ പരിണമിച്ചു.

അക്കാലം മുതൽക്കാണു ഭാഷയിൽ ഖണ്ഡകാവ്യപ്രസ്ഥാനത്തിന്നു പൂർവ്വാധികം പ്രചാരവും, പ്രാബല്യവും കൈവന്നതു്. "കവനകൌമുദി" മുഖേന ഏററവും രസകരരായ അസംഖ്യം "ഖണ്ഡകാവ്യങ്ങൾ" പുറത്തുവന്നിട്ടുണ്ടു്. കുഞ്ഞിക്കുട്ടൻതമ്പുരാന്റെ പല പ്രധാന ഖണ്ഡകാവ്യങ്ങളും "കൌമുദി"യിലായിരുന്നു പ്രയോഗിച്ചിരുന്നതു്. കേരളവർമ്മ വലിയകോയിത്തമ്പുരാനുംകൂടി "കൌമുദി"യിൽ ഉത്തമകൃതികൾ എഴുതിയിട്ടുണ്ടു്. കൂടാതെ കവി സാർവ്വഭൌമൻ കൊച്ചുണ്ണിത്തമ്പുരാൻ, വള്ളത്തോൾ, ഉള്ളൂർ, കു

ററിപ്പുറത്തു കേശവൻനായർ, കെ. സി. കേശവപിള്ള, കൊട്ടാജത്തിൽ ശങ്കുണ്ണി, വള്ളത്തോൾ ഗോപാലമേനോൻ; കററിപ്പുറത്തു കിട്ടുണ്ണിനായർ, കാത്തുള്ളി അച്യുതമേനോൻ, കണ്ടൂർ നാരായണമേനോൻ, തേലപ്പുറത്തു നാരായണനമ്പി, കവിയൂർ വെങ്കിടാചലമയ്യർ, പി. ജി. രായ്ക്കർ, ആലത്തൂർ അനുജൻനമ്പൂതിരിപ്പാട്ടു, കുട്ടമത്തു കുന്നിയൂർ കുഞ്ഞിക്കൃഷ്ണക്കുറുപ്പ്, പി. പി. പത്മനാഭൻനമ്പൂതിരിപ്പാട്ടു, മേലങ്ങത്ത് അച്യുതമേനോൻ, ജി. ശങ്കരക്കുറുപ്പ്, പള്ളത്തു രാമൻ, കെ. എം. കുഞ്ഞിലക്ഷ്മിക്കെട്ടിലമ്മ, ബാലാമണിഅമ്മ, കെ. സി. കുട്ട്യപ്പനമ്പ്യാർ, കെ. സി. നാരായണൻനമ്പ്യാർ, കടത്തനാട്ടു കൃഷ്ണവാരിയർ, കടത്തനാട്ടു ശങ്കരവാരിയർ, പെരിഞ്ഞേരി ഇക്കാവമ്മ, കടത്തനാട്ടു മാധവിഅമ്മ, വടക്കുംകൂർ രാജരാജവമ്മ, നടുവം മഹൻ, നാലപ്പാട്ടു നാരായണമേനോൻ, പി. വി. കൃഷ്ണവാരിയർ, വരിക്കോലിൽ കേശവനുണ്ണിത്താൻ, വെണ്ണിക്കുളം ഗോപാലക്കുറുപ്പ്, ഈ. വി. രാമൻനമ്പൂതിരി, കെ. എം. പണിക്കർ, തെക്കെക്കുന്നത്തു കല്യാണിക്കുട്ടിഅമ്മ, വി. ഉണ്ണികൃഷ്ണൻനായർ, ചങ്ങരംകോത കൃഷ്ണൻകുത്താവു, നങ്ങോലത്തു പത്മനാഭമേനോൻ, ഒറവങ്കര ചെറിയ ശങ്കരനനമ്പൂതിരി, പട്ടം കൊച്ചുകൃഷ്ണപിള്ള മുതലായ പലരും "കവനകൌമുദി"യെ വിടാതെ തങ്ങളുടെ വിവിധകൃതികളാൽ പോഷിപ്പിക്കുവാൻ സന്നദ്ധരായി. അക്കാലത്തു "കവനകൌമുദി"യിലുണ്ടായിരുന്ന പല സരസകൃതികളും അനന്തരകാലത്തു പുസ്തകകൃതികളിൽ പുറപ്പെട്ടിട്ടുണ്ടെന്നും, അവയെല്ലാം ഭാഷാസാഹിത്യഭണ്ഡാരത്തിന്ന് അനശ്വരങ്ങളായ മുതൽക്കൂട്ടുകളായിട്ടുണ്ടെന്നും നിസ്സങ്കോചം സമർത്ഥിക്കാം. അന്നുള്ള പല വാസനക്കാരായ യുവകവികളേയും ചുരുക്കിപ്പറയുന്നതായാൽ പ്രോത്സാഹിപ്പിച്ചു ഉയർത്തിക്കൊണ്ടുവന്നതു "കവനകൌമുദി"യാണ്. കവനകൌമുദിക്ക് അങ്ങിനെ അതിഭംഗിയായി പ്രചരിപ്പാനും, പ്രസിദ്ധി നേടുവാനുമിടയായതിൽ അതിന്റെ മാനേജരും, യഥാർത്ഥ വാസനാകവിയും, യുവാവും, സരസനും, ഉത്സാഹിയുമായ കുററിപ്പുറത്തു കേശവൻനായരുടെ നിരന്തരപരിശ്രമവുമുണ്ടായിട്ടുണ്ടെന്നുള്ളതു സുവിദിതമാണ്. കേശവൻനായരെ മാനേജരായി ലഭിച്ചതു കൌമുദിയുടെ ഭാഗ്യംകൊണ്ടാണെന്നു പന്തളം പല കുറിയും അസ്മാദ്ദശരോടു തുറന്നു പറഞ്ഞിട്ടുമുണ്ട്. കേശവൻനായർ

മാനേജരാകുവാൻ പോകുന്നു എന്നു കേട്ട ഉടനെതന്നെ കാത്തുള്ളി അദ്ദേഹത്തെ അനുമോദിച്ചുകൊണ്ടു "കൌമുദി"ക്കയച്ച പദ്യങ്ങളിൽ ഒന്നാണിതു്.

"സന്മാർഗ്ഗസ്ഥിതിയുള്ള കൌമുദിവയോ-
വൃദ്ധത്വമില്ലെങ്കിലും
നിന്മാനേജരു മാനശാലി, കവിതാ-
വൃദ്ധൻ, പ്രസിദ്ധൻ പ്രിയേ!
വന്മാനംകലരും നിനക്കു വിമല-
ശ്ലോകങ്ങളെസ്സാദരം
സമ്മാനിച്ചുവരുത്തുമുന്നമനരോ-
ജസ്സും മഹസ്സുംചിരം."

എന്ന പദ്യം. അന്നു ഒരു ഒന്നാംകിടകവിയായിരുന്ന കാത്തുള്ളിയുടെ പക്കൽ നിന്നുംമററും ഇപ്രകാരം ഒരു അഭിനന്ദനപത്രം സമ്പാദിപ്പാൻ സാധിച്ച കുററിപ്പുറത്തിന്റെ സ്തുത്യർഹമായ യോഗ്യതയെപ്പററി ഈ അവസരത്തിൽ ഇതിൽക്കൂട്ടുതലായിപ്പറയേണ്ടെമെന്നു തോന്നുന്നില്ല. പന്തളത്തിന്റെ പത്രാധിപത്യവും, കുററിപ്പുറത്തിന്റെ മാനേജ്മെണ്ടും കവനകൌമുദിക്കു നാൾക്കുനാൾ കൂടുതൽ പ്രകാശം നേടിക്കൊടുക്കുവാൻ സംഗതിയായി.

ഇരുപതാമദ്ധ്യായം.

കൂട്ടുകവിതകളും കവനകൌമുദി മാസികയും.

മുൻഅദ്ധ്യായത്തിൽ വിവരിച്ചവിധം "കവനകൌമുദി" മാസികയായതോടുകൂടി കുഞ്ഞിക്കുട്ടൻതമ്പുരാൻ, വള്ളത്തോൾ, പന്തളം, ഉള്ളൂർ, ഒടു, കാത്തുള്ളി, കുണ്ടൂർ, കുററിപ്പുറം തുടങ്ങിയ പല മാന്യകവികളും അതിൽ കൂടുതൽ പരിഷ്കൃതരീതിയിലുള്ള പല ഖണ്ഡകാവ്യങ്ങളും, പല വിഷയങ്ങളെക്കുറിച്ചുള്ള കവിതകളും, ചില കഥകളുമെഴുതുവാൻ പൂർവ്വാധികം പ്രസക്തരായി. മാത്രമല്ല, അന്നു "കൂട്ടുകവിതാനിർമ്മാണ"വിഷയത്തിലായിരുന്നു ഈ കവികളിൽ മിക്കപേരും പ്രത്യേക ശ്രദ്ധയും ഭൗൽസുക്യവും പ്രദർശിപ്പിച്ചിരുന്നത്. തപതീസംവരണം, പ്രമദപരാചരിതം, സരള, ശകുന്തള,

വിശാഖൻ,രുക്മിണീസ്വയംവരം, ഉപകോശ, കോമൻ, ആഞ്ജനേയ വിജയം, വേദവതി, സ്വാഹാ സുധാകരം, സുജനോദ്വാഹം, വിഷ്ണുമായ മുതലായ പല "കൂട്ടുകവിത"കളും "കൌമുദി" വഴിയായി അനുവാചകർ വായിച്ചു രസിക്കുവാൻ ഭാഗ്യമുണ്ടായി. ഒട്ടു, കുണ്ടൂർ, കുററിപ്പുറം, പന്തളം, ഉള്ളൂർ, കാത്തുള്ളി തുടങ്ങിയവർ ആ വിഷയത്തിൽ നിരന്തരപരിശ്രമം നടത്തിവന്നവരാണ്. ചിലപ്പോൾ നടുവം മഹൻ, ഒറവങ്കര, പി. ജി. രാമയ്യർ, ആലത്തൂർ അനുജൻ നമ്പൂതിരിപ്പാട്ടു, നമ്പ്യേലത്തു പത്മനാഭമേനോൻ, ഇയ്യുള്ളവൻ, ചങ്ങരംകോത കൃഷ്ണൻകർത്താവു മുതലായവരും മററും "കൂട്ടുകവിത"യിൽ ഔത്സുക്യം പ്രദർശിപ്പിച്ചിരുന്നു. "പ്രമദചരിത"ത്തിൽ കുണ്ടൂർ, കാത്തുള്ളി, കേശവൻനായർ തുടങ്ങിയവർ പ്രദർശിപ്പിച്ചിട്ടുള്ള കവനപാടവം നിശ്ചയമായും സ്തുത്യർഹമാണ്.

"നീലവേണി നിലവിട്ടുകാമസ-
ല്ലീലയാടി വയർവീർത്ത മേനക
സ്ഥൂലകേശ മുനിശാലയോടടു-
ത്താലസൽപ്പുഴയണഞ്ഞു പെററതേ,

കാൺകിലുള്ളലിയുമാറമിന്നുമാ-
പ്പെൺകിടാവിനെ വെടിഞ്ഞു മേനക;
മാങ്കിശോരമിഴിമാർക്കു മാനസേ
തങ്കിടുന്ന കഠിനത്വമത്ഭുതം"

എന്നും മററുമുള്ള പദ്യങ്ങൾകൊണ്ടാണു കുണ്ടൂർ ഈ കാവ്യം തുടങ്ങുന്നതു്. കുററിപ്പുറം കൈവെച്ച ഭാഗം വളരെ ഹൃദയംഗമമായിട്ടുണ്ടു്. പ്രമദ്വര എന്ന ഋഷികന്യക സർപ്പദംശനമേററു മരിച്ചു നിലം പതിച്ചു കിടക്കുന്നതു കണ്ടിട്ടു്, ആ സുചരിതയിൽ പ്രത്യേകാനുരക്തനായ താപസകുമാരൻ ദുഃഖാർത്തനാകുന്ന ഘട്ടമാണു് അദ്ദേഹം ഏറെറടുത്തതു്. സ്വതവേതന്നെ കരുണരസം വർണ്ണിക്കുവാൻ കേശവൻനായർ സമർത്ഥനാണ്.

"കൊടിയോരുരഗം കടിച്ചവൻ
കടിയേറേറാരളവക്കുശോദരി
തടിയോടെയവത്തുവിട്ടപൂ-
ങ്കൊടിയെപ്പോലുയിരററവീണുപോയ്!,

പരമന്നുയിർപോയവാറില-
പ്പരമാനന്ദമോഹനാംഗിയാം
ഇരവറെറഴ മിന്ദുലേഖപോ-
ലരമസ്തംഗതകാന്തിയായിതേ,

മധുസാരവചോമനോഹരം
മധുരസ്മേരവിലാസപേശലം
വിധുവൊത്തൊരു തന്മുഖം മറി-
ച്ചധുനാ തോഴികൾ കാണ്മതെങ്ങിനെ?,

അനിയന്ത്രിതമാസ്സമുന്നത-
സ്തനിയെത്തീണ്ടിയ സപ്പമേ! ഭവാൻ
കനിയ്യ,വിഷമുള്ളനിന്റെ പ-
ല്ലിനിയൊന്നെന്നിലണച്ചുകൂടയോ?"

എന്നിത്യാദിപദ്യങ്ങൾ കരുണരസത്തിന്നു ഒന്നാന്തരം മാതൃകകളാണെന്നു നിർമ്മത്സരമതികളായ സഹൃദയന്മാർ അന്നും ഇന്നും സമ്മതിച്ചിട്ടുണ്ട്.

"സരള"എന്ന ഖണ്ഡകൃതിയിൽ ഉള്ളൂരും, കുററിപ്പുറവുമാണ് പങ്കാളികൾ. ഉള്ളൂരിന്റെ ഭാഗത്തിലുള്ള രണ്ടുമൂന്നു പദ്യങ്ങൾ ഇവിടെ കൊടുക്കാം.

"സതിയവൾ പരിണീതയെങ്കി,ലെന്താ-
ണതിനുവിരോധ,മതാണു സത്തതിങ്കൽ
കതിരവനൊടു ചേന്നു പൂത്ത തണ്ടാ-
രതിൽ വരിവണ്ടണയുന്നു,മൊട്ടിലുണ്ടോ?"

എന്നു കാമാതുരനായ സുരാജദൌള സരളയെ ഉദ്ദേശിച്ചുച്ചരിക്കുന്ന പദ്യങ്ങളിലൊന്നാണിത്. കൂടാതെ,

"നേരം വെളുത്തളവു ദപ്പണമൊന്നുനോക്കാൻ
പാരംകൊതിച്ചു പതിതൻ വദനത്തെ നോക്കി
ദാരങ്ങൾ തൂകിയൊരു പുഞ്ചിരിവെണ്ണിലാവ-
ക്രൂരൻെറഹൃത്തിലെരിതീക്കനൽ കോരിയിട്ടു"

എന്നപദ്യം, സരളയെ സുരാജദൌള ബലാൽക്കാരത്താൽ കൈവശപ്പെടുത്തുവാൻ തുനിഞ്ഞതിന്റെ ഫലമായി അയാൾക്കു അവമാ

നം സിദ്ധിച്ചു (താടിവടിച്ചൊടുക്കപ്പെട്ടു) മടങ്ങിവരേണ്ടിവന്ന പ്പോൾ, അയാൾ തന്നത്താൻ കണ്ണാടി നോക്കുന്ന ഘട്ടത്തിൽ തൻെറ ഭാര്യ കണ്ടു പുഞ്ചിക്കൊള്ളുന്നതാണ്.

"അമ്മാ! നിനക്കു കണികാണ്മതിനെൻെറകൊച്ചു
സമ്മാന"മെന്നു സരളയ്ക്കൊരെഴുത്തൊടൊപ്പം
അമ്മാനവൻെറ തല പൊൻതളികയ്ക്കകംവെ-
ച്ചമ്മാനശാലി കനിവററകൊടുത്തയച്ചു"

എന്ന പദ്യത്തിൽനിന്നു വിശദമാകുന്നതു, സുരാജദൌല, ഇച്ഛാഭംഗ ത്താലും കോപാധിക്യത്താലും സരളയുടെ ഭർത്താവിൻെറ തല വെട്ടി യെടുത്തു ആ മനസ്വിനിക്ക് ഒരെഴുത്തോടൊപ്പം അയക്കുന്നതാകു ന്നു. ഈവക പദ്യങ്ങൾക്കെല്ലാം നല്ല തന്മയത്വമുണ്ടെന്നു മാത്രമല്ല, അവ "കൂട്ടുകവിതക്കൂഷി"യാണെന്നു് എളുപ്പത്തിൽ മനസ്സിലാക്കു വാനും വിഷമമാണ്. കേശവൻനായരുടെ സരളയിലുള്ള കവനതല്ല ജങ്ങളും വളരെ രസകരമായിട്ടുണ്ടു്. ഉദാഹരണങ്ങൾകൊടുത്തു് അദ്ധ്യായം വലുതാക്കുന്നില്ല.

"ശകുന്തള"എന്ന ഖണ്ഡകാവ്യം നിർമ്മിച്ചിട്ടുള്ളതു പന്തളവും കുററിപ്പുറവും കൂടിയാണ്. മാതൃകക്കായി ഓരോരുത്തരുടെ ഭാഗത്തു നിന്നും ചില പദ്യങ്ങൾ ഉദ്ധരിക്കാം. ദുഷ്യന്തൻ ശകുന്തളയുടെ അടുത്തുചെല്ലുന്ന ഭാഗം:—

"ചാരുചെമ്പകസുമാഞ്ചിതാംഗി! നീ-
യാരുഭാമിനി? പിതാക്കളേതവർ?
പാരുലച്ചിഹ ലസിച്ചിടുന്നനിൻ
പേരുമോതുക സുധാസുഭാഷിണി!,

ഓഷധീശനുടെ വംശജാതനാ-
മേഷ ഞാൻ കുടിലകോമളാളകേ!
വേഷഭംഗി തവ കണ്ടുപാരമാ-
ത്തോഷമാർന്നു നികടത്തിൽ വന്നതാം".

എന്നുംമററും പറയുന്നതു യഥാർത്ഥത്തിൽ എത്ര സ്വാഭാവികമായിര ക്കുന്നുവെന്നു നോക്കുക. എന്നുതന്നേയല്ല, ശകുന്തളയുടെ കരപല്ല വം ദുഷ്യന്തൻ കൂസൽകൂടാതെ പിടിച്ച ഘട്ടത്തിൽ

"എന്തതിക്രമ,മിതെന്തുകൂത്തു,ഹാ—
ഹന്ത! താതനിതിലെന്തു തോന്നിടും?
...,,

എന്നുംമററും ശകുന്തള ലജ്ജാവിവശയായിപ്പറയുന്നതിലും രസകരമായ വ്യംഗാൎത്ഥം ധ്വനിക്കുന്നുണ്ട്. "താതനിതിലെന്തുതോന്നിടും" എന്ന പ്രയോഗം അതിന്നു മതിയായ ലക്ഷ്യമാണ്. കുററിപ്പുറത്തിന്റെ ചമൽക്കാരപരങ്ങളായ പദ്യങ്ങൾ പ്രത്യേകിച്ചും പരിശോധിക്കേണ്ടവയാകുന്നു. ദുഷ്യന്തനുണ്ടായ ഉത്തമസന്താനത്തിന്റെ ശൈശവകാലം അദ്ദേഹം വൎണ്ണിക്കുന്ന രീതി രസജനകമാണ്.

"കിണികിണിരണിതം കലൎന്നപൊങ്കി—
ങ്കിണിമണികങ്കണസംഘമെന്നിതെല്ലാം
കണിമലരൊളിമൈകലൎന്ന കുഞ്ഞി—
ന്നണിയലഹോ ബഹുഭാരമാത്രമായി"

എന്ന പദ്യം അതിമനോഹരനായ ആ ശിശുവിന്റെ ആകാരസുഷമയ്ക്കു മതിയായ നിദൎശനമാണല്ലൊ. കണ്വാശ്രമവൎണ്ണനയിലെ

"അകളങ്കമൃഷീന്ദ്രരാശ്രമത്തി—
ന്നകമേ വേദവുമുച്ചരിച്ചിരിക്കെ
അകലും കലുഷങ്ങൾപോലെ ഹോമ—
പ്പുകമേൽപ്പോട്ടു പറന്നുകൊണ്ടിരുന്നു"

എന്നിത്യാദിപദ്യങ്ങൾ ഹൃദയംഗമമായിട്ടുണ്ട്. ദുഷ്യന്തൻ ആശ്രമത്തിൽ വന്നു ശകുന്തളയുമായുള്ള സമാഗമാനന്തരം ആ മനസ്വിനിയുടെ മനോവികാരം ശരിയായി മനസ്സിലാക്കിയ താപസശ്രേഷ്ഠൻ വാത്സല്യപൂൎവ്വം പറയുന്നതു നോക്കുക.

"കുലപാലിനി! കഷ്ടമെന്തിനാ,ണാ—
കുലഭാവം പഴുതേ മദാത്മജാതേ!
വിലയുള്ളൊരു രാഗമോൎത്തുകന്യാ—
നിലനീവിട്ടതിൽ ഞാൻ കൃതാൎത്ഥനായി."

ഈ പദ്യത്തിലുള്ള രസപരിപൂരിതമായ അൎത്ഥപൌഷ്കല്യം കുററിപ്പുറത്തിന്റെ അകൃത്രിമമായ കവനകാലസാമൎത്ഥ്യത്തിന്നു സൎവ്വോപരി ദൃഷ്ടാന്തമായിരിക്കുന്നു.

"വിശാഖ"നിലും കുററിപ്പുറം തൻെറ മനോധർമ്മമർമ്മജ്ഞത നല്ലപോലെ പ്രകാശിപ്പിച്ചിട്ടുണ്ട്. പന്തളവും കുററിപ്പുറവുംകൂടിയാണതു നിർമ്മിച്ചിട്ടുള്ളത്. കുററിപ്പുറത്തിൻെറ ഭാഗത്തുള്ള ഒരു പദ്യമിതാ!

"ഓരോന്നേവം മനസികരുതും പാന്ഥനോ
സാധുപിന്നെ–
ദ്ദീരോദാത്തൻ വിരഹി,വിവശൻ ഹന്ത!
മിണ്ടാതെനിന്നു
മാരോന്മാദം മനുജരിൽ മുളപ്പിച്ചു,
മൂപ്പിച്ചു, ബുദ്ധി–
യ്ക്കാരോഗ്യത്തെക്കളയുമിരവും മന്ദമന്ദം
പുലന്നു"

വിരഹിയായ വിശാഖൻ കേവലം നിരാശനായി അലഞ്ഞുതിരിയുന്ന ഘട്ടത്തിലുള്ളതാണ് ഈ പദ്യം. വഴിയെ അയാൾ ഒരു കടൽത്തീരത്തെത്തുന്നു. അപ്പോൾ ഒരു കപ്പൽകാണുന്നു.

"ഉൾപ്പിച്ചല്ലം കുറയുവതിനായ്വല്ലതും ജോലിവാങ്ങി–
ത്തപ്പില്ലാതപ്പടുതരണിയിൽപ്പാർക്കുവാൻ പാന്ഥനോത്തു
കപ്പിത്താനോടതിനു തടവെന്തെന്നുചോദിച്ചു, "വേണ്ടി–
ല്ലൊപ്പിക്കാ"മെന്നരുളിയവനും കപ്പലിൽക്കേറിവിട്ടു."

അങ്ങിനെ അയാൾക്ക് ആ കപ്പലിൽ കടന്നുകൂടുവാനിടയായി. പക്ഷെ, ദൈവവൈപരീത്യത്താൽ വീണ്ടും അയാൾക്കു നേരിടുന്ന വലിയ ഒരാപത്ത്.

"തടിച്ചതിരമാലയിൽ തടമിടിച്ചുടച്ചുഗ്രമായ്–
പ്പിടിച്ചകടുതെന്നലിൽക്കടൽകിടന്നു കൂത്താടവേ
മുടിച്ചഹ! ഹ! പാന്ഥരെപ്പുരുഷമായ പാറപ്പുറ–
ത്തടിച്ചു പടുകപ്പലപ്പടിനുറങ്ങി നൂറായിരം."

മേൽപ്രസ്താവിച്ച ഘട്ടത്തിലുള്ള എല്ലാ പദ്യങ്ങളും സരസവും സന്ദർഭോചിതവുമായിരിക്കുന്നു. വിശേഷിച്ചു കാററടിച്ചു കടൽകാട്ടിക്കൂട്ടുന്ന ഭയങ്കരമായ സമ്പ്രദായവും, കപ്പൽ മുങ്ങുന്നതുംമററും കുററിപ്പുറം വിവരിക്കുന്നതു വിചിത്രമായിട്ടുണ്ട്. "കടൽകിടന്നുകൂത്താടവെ" എന്നും, "പടുകപ്പലപ്പടി നുറങ്ങിനൂറായിരം" എന്നും മററു

മുള്ള പ്രയോഗങ്ങൾ അദ്ദേഹത്തിന്റെ മനോധർമ്മജ്ഞതയേയും, പ്രകൃതിനിരീക്ഷണശക്തിയേയും, ശബ്ദത്തിലും ആശയത്തിലും ഒരു പോലെ തനിക്കുള്ള സ്വാധീനശക്തിയേയുമാകുന്നു ചൂണ്ടിക്കാണിക്കുന്നത്. വിശാഖനാകട്ടെ, വഴിയെ നിരാശാനിമഗ്നനായി സ്വജീവിതത്തിൽ അസഹ്യമായ വെറുപ്പോടുകൂടി

"പോവാംപാണ്ഡ്യക്ഷിതിയിലിനിയും, മാനഭംഗം, സ്മരിക്കാ-
താവാമല്ലോദയിതയെ, മഹാസ്നേഹബന്ധം വിരോധം,
കൈവാളൊന്നീനിലയിളകാം, നന്ദികേടാണു, പക്ഷേ
ചാവാമെന്നാ, ലതിനുമധുനാ പൌരുഷം മേ തടസ്ഥം."

എന്നു പിറുപിറുക്കുന്നു. ഈ പരമരസപരിപൂർണ്ണമായ പദ്യത്തിലെ ആശയമാലോചിച്ചാൽ കുററിപ്പുറത്തിന്നു ഭാഷാകവികളുടെ കൂട്ടത്തിൽ അന്നുതന്നെ അത്യുന്നതസ്ഥാനമാണ് സിദ്ധിച്ചുകഴിഞ്ഞിട്ടുള്ളതെന്നു നമുക്കു നിശ്ചയമായും പരിഗണിക്കാം.

"ഉപകോശ" എന്നൊരു ഖണ്ഡകാവ്യം "കവനകൌമുദി" യിൽ കാത്തുള്ളിയും, 'ഒട്ട്'വും, ചങ്ങരംകോത കൃഷ്ണൻകത്താവും കൂടി കൂട്ടായി എഴുതിയിട്ടുള്ളതാണ്. അതിൽ "ഒട്ട്"വിന്റെ ഭാഗത്തിലുള്ള പദ്യങ്ങളുടെ തന്മയത്വം ഏററവും അഭിനന്ദനാർഹമാണ്. ഉദാഹരണത്തിന്നായി രണ്ടുനാലുപദ്യങ്ങളെങ്കിലും ഇവിടെ ഉദ്ധരിച്ചു മാന്യവായനക്കാരെ രസിപ്പിക്കാതിരിപ്പാൻ എന്റെ മനസ്സാക്ഷി സമ്മതിക്കുന്നില്ല. ഉപകോശ എന്ന സതി, ഭർത്തൃവിരഹത്താൽ അത്യാർത്തയായിരുന്നുവെങ്കിലും, പതിവായി ഗംഗാനദിയിൽ പ്രഭാതത്തിൽ ചെയ്യാറുള്ള സ്നാനം, മുടക്കിയിരുന്നില്ല. ആ സുചരിതയുടെ ഗംഗാസ്നാനസന്ദർഭത്തിലുള്ള ഒരു ശ്ലോകമാണിത്.

"മുങ്ങിക്കുളിപ്പളവു മുക്തവിഭൂഷയാളിൽ-
ത്തിങ്ങിത്തിളങ്ങിയതിശീതളരോമഹർഷം
മങ്ങിത്തുടങ്ങിയിവളെന്നു നിനച്ചുഗംഗ
ഭംഗിക്കുചാർത്തിയ നവാഭരണങ്ങൾപോലെ."

ഈ പദ്യത്തിലടങ്ങിയ ഭംഗിയായ അലങ്കാരവും, ശബ്ദമാധുര്യവും അഭിനന്ദിക്കത്തക്കതാണ്. ഉപകോശ എന്ന സതിയെ ദുർവ്വൃത്തിയിലേയ്ക്കു പ്രേരിപ്പിക്കുവാൻ "പരിച്ചപണി പതിനെട്ടു"മെടുക്കുന്ന രാജകുമാരൻ, മന്ത്രികുമാരൻ തുടങ്ങിയവരോട് ആ സുചരിത, ദയനീയമായവിധത്തിൽ നയപൂർവ്വകം അഭ്യർത്ഥിക്കുന്നതു കാണുക:—

"പാരിൽപ്പെണ്ണുങ്ങളേക്കാൾ പുരുഷനുബലമേ-
ണ്ടീടുമെന്നോർത്തു, വന്നി-
ച്ചാരിത്രഭ്രംസനംചെയ്യുന്നു സമുചിതമ-
ല്ലാർക്കുമെന്നോർക്ക ധീമൻ!
ചേരില്ലീവൃത്തി, യുഷ്മാദൃശരഖിലമറി-
ഞ്ഞോർകളാ, ണമ്മപെങ്ങ-
ന്മാരില്ലേ ഹന്ത! നിങ്ങൾക്കവരെയ്യടി നിന-
ച്ചെന്നെവിട്ടുങ്ങയല്ലേ!"

എത്ര സ്വാഭാവികതയോടുകൂടി, അതിമനോഹരമായ ആശയ പുഷ്ടികൈവരുത്തി സുലളിതമായ ഭാഷയിൽ, ഭംഗിയായി കാര്യം പറഞ്ഞിരിക്കുന്നു? ഫലിതക്കാരനായ "ഒട്ട്"വിൻെറ "തറവാട്ടു മര്യാദ"യനുസരിച്ചുള്ള "അമ്മപെങ്ങന്മാരില്ലേ ഹന്ത! നിങ്ങൾക്ക്" എന്ന പ്രയോഗത്തിലുള്ള സന്ദർഭാനുസൃതമായ ഔചിത്യം ശ്ലാഘനീയമാണ്.

ഇപ്രകാരം പലതരത്തിലുള്ള കൂട്ടുകവിതകളാലും മററും മലയാളികളായ മാന്യഭാഷാഭിമാനികൾക്കു ഏററവും രുചിപ്രദമായിരുന്നു "കവനകൌമുദി". അങ്ങിനെയിരിക്കെ കുററിപ്പുറത്തിന്നു കൊച്ചി ഗവർമ്മേണ്ടിൻെറ വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിൽ ഒരു മലയാളപണ്ഡിതസ്ഥാനം കയ്യേല്ക്കേണ്ടിവന്നു. എന്നാൽ, അദ്ദേഹത്തിൻെറ ആ വേർപാടുകൊണ്ടു "കൌമുദി"ക്കു ഉടവു തട്ടാത്ത നിലയിലുള്ള ഒരേപ്പാടുണ്ടായതു് ആ മാസികയുടെ അഭിവൃദ്ധിയിൽ ഔത്സുക്യമുള്ളവർക്ക് വലിയ സന്തുഷ്ടിക്കിടവരുത്തി. സ്വതവേ, സാഹിത്യവിഷയത്തിൽ അത്യുത്സുകനും, ഉത്തമഭാഷാകവിയും, കൃത്യനിരതനും, പത്രപ്രവർത്തനത്തിൽ പഴക്കവും, പരിചയവുമുള്ള മഹാശയനുമായ പി. വി കൃഷ്ണവാരിയർ ഉടനെതന്നെ, താൻ കൌമുദിയെ ഏറെറടുത്തു നടത്താമെന്നു പന്തളത്തിനോടഭിപ്രായപ്പെട്ടു പന്തളവും അന്നു തിരുവനന്തപുരം ഗവർമ്മേണ്ടുകോളേജിൽ ഉദ്യോഗസ്ഥനായിരിപ്പാൻ തയ്യാറായിരിക്കെ, സമർത്ഥനും സരസനുമായ കൃഷ്ണവാരിയരുടെ ആ അഭിപ്രായം ശിരസാ വഹിക്കുകയും, "പാത്രമറിഞ്ഞു ഭിക്ഷ" എന്ന നിലയിൽ "കൌമുദി"യെപ്പററിയുള്ള സകല ചുമതലകളും ഉടമസ്ഥാവകാശവുംകൂടി അദ്ദേഹത്തിന്നു നൽകുകയും ചെയ്തു. കൃഷ്ണവാരിയർക്കു ഭാഷാസാഹിത്യലോകവുമായുള്ള ബന്ധം

സർവ്വഥാ ശ്ലാഘനീയമാണല്ലൊ. അദ്ദേഹം സകല ഭാഷാഭിമാനികൾക്കും കവികൾക്കും ഒരു "കണ്ണിലുണ്ണി" തന്നേയായിരുന്നതിനാൽ, കൌമുദിയെ "കൃഷ്ണപക്ഷ"ത്തിലും യാതൊരു കോട്ടവുംകൂടാതെ പ്രകാശിപ്പിക്കുക തന്നെചെയ്തു. അന്നുള്ള സകല സാഹിത്യനായകന്മാരും,കവികളും ഐകകണ്ഠ്യേന"കൌമുദി"യുടെ നയത്തേയും, യോഗ്യതയേയും പുകഴ്ത്തുകയും, പലനിലയിലും ആ പത്രഗ്രന്ഥത്തിന്നു സഹായം നൽകുകയും ചെയ്തുവന്നു. ആ കാലഘട്ടത്തിലും "കൌമുദി"യിൽ ഒന്നാംതരം കവിതകളും, ഖണ്ഡകാവ്യങ്ങളും, കൂട്ടകവിതകളും പ്രത്യക്ഷപ്പെട്ടിരുന്നു. അന്നത്തെ യുവകവികൾക്ക് "കവനകൌമുദി" വലിയ പ്രോത്സാഹനങ്ങളും നൽകിയിരുന്നു. "കൌമുദി"യുടെ അപ്രകാരത്തിലുള്ള ആത്മാർത്ഥമായ പ്രോത്സാഹനഫലമായിട്ടാണ് അന്നുള്ള യുവകവികളിൽ മിക്കപേരും ക്രമേണ മേത്തരം കവികളായി ഉയർന്നതെന്നു പറയുന്നതിൽ തരക്കേടില്ല. "കൌമുദി"യുടെ പ്രവർത്തനത്തിൽ കൂടുതൽ പരിഷ്കാരവും, പ്രചാരവും വരത്തക്കവണ്ണം കൃഷ്ണവാരിയർ ആ പത്രഗ്രന്ഥം വകയായി ആണ്ടുതോറും പുറപ്പെടുവിച്ചിരുന്ന "വിശേഷാൽപ്രതി"കളും (ഭാഷാവിലാസമെന്നപേരിൽ) ഭാഷാസാഹിത്യത്തിന്നു വിലയേറിയ നേട്ടങ്ങളായിരുന്നു. മലയാളമാസികകളെ സംബന്ധിച്ചേടത്തോളം അപ്രകാരം വിശേഷാൽപ്രതികൾ പുറത്തിറക്കുന്ന സമ്പ്രദായം ഇതാദ്യപ്രഥമമായി നടപ്പിലാക്കിയതു വാരിയരായിരുന്നതിനാൽ അദ്ദേഹത്തിന്റെ സംസ്കാരസമ്പന്നമായ ഔചിത്യബോധത്തേയും ഭാഷാഭിമാനികൾ അഭിനന്ദിക്കുന്നുണ്ട്. അന്നുള്ള സകല സുപ്രസിദ്ധസാഹിത്യകാരന്മാരുടേയും ഗദ്യപദ്യലേഖനങ്ങളാൽ അലംകൃതങ്ങളായിരുന്നു പ്രസ്തുത "വിശേഷാൽ പ്രതികൾ" എന്ന സംഗതിയും ഇവിടെ സ്മരണീയമാണ്.

ചുരുക്കിപ്പറയുന്നതായാൽ കൂട്ടകവിതാവ്യവസായങ്ങൾക്കും മററു പലതരം സാഹിത്യപരിശ്രമങ്ങൾക്കും "കൌമുദി"മൂലം വലിയ അഭിവൃദ്ധി കൈവന്നിട്ടുണ്ട്. കൌമുദി അങ്ങിനെ ഭാഷകവികളുടെ കവനവ്യവസായങ്ങൾക്കു മുഖ്യകേന്ദ്രമായി പ്രശോഭിച്ചിരുന്നെങ്കിലും, നിർഭാഗ്യവശാൽ ആ മനോഹരപത്രഗ്രന്ഥവും മലയാളമാസികകൾക്കും പത്രങ്ങൾക്കും സാധാരണ സംഭവിക്കാറുള്ള ദുർഗ്ഗതിയാൽ അസ്തമിച്ചുപോയി! അന്നു "കൌമുദി"വഴിയായുള്ള കാര്യമായ സാഹിത്യവ്യവസായങ്ങളുടെ കൂട്ടത്തിൽ മുന്നണിയിൽ പ്രശോ

ഭിച്ചിരുന്ന "കൂട്ടുകവിതാപ്രസ്ഥാനം" ഇന്നു ഭാഷാസാഹിത്യരംഗത്തിൽ തീരെ പ്രചാരമില്ലാത്തനിലയിലാണിരിക്കുന്നതെന്നു കാണുമ്പോൾ അസ്മാദൃശന്മാർ കുണ്ഠിതപ്പെടാതിരിപ്പാൻ നിവൃത്തിയില്ല. ഭാഷാകവികൾക്കു പരിശീലനത്തിന്നും, പ്രോത്സാഹനത്തിന്നും മുഖ്യമായ ഒരു പ്രസ്ഥാനമായിരുന്നു "കൂട്ടുകവിതാവ്യവസായം." ആ ഒരിനത്തിൽത്തന്നെ അഭിനന്ദനീയമാംവണ്ണം പ്രവൃത്തിച്ചിട്ടുള്ള കവനകൌമുദിയുടെ മനോഹരങ്ങളായ പഴയ സമ്പുടങ്ങളെങ്കിലും യഥാർത്ഥത്തിൽ ഉത്തമകവനകലാപരിശ്രമത്തിലേപ്പെടുവാനാഗ്രഹിക്കുന്നവർക്കു ഉപകാരപ്പെടുമാറാകട്ടെയെന്നാണു അസ്മാദൃശരുടെ ആഗ്രഹവും ആശംസയും. പന്തളം, കുററിപ്പുറം, കൃഷ്ണവാരിയർ എന്നീ മഹാശയന്മാർ "കവനകൌമുദി" മൂലം യഥാർത്ഥകവനകലയ്ക്കു കൈവരുത്തിയ അഭിവൃദ്ധിയെപ്പററി ആലോചിക്കുമ്പോൾ, ആ സാഹിത്യനായകന്മാരോടു സകല ഭാഷാഭിമാനികളും നിർവ്യാജം കടപ്പെട്ടിരിക്കേണ്ടതാണെന്നുംകൂടി ഞാൻ ഇവിടെ സവിനയം പ്രസ്താവിച്ചുകൊള്ളട്ടെ.

ഇരുപതാമദ്ധ്യായം.

മഹാകാവ്യകാലം.

ഭാഷാസാഹിത്യലോകത്തിൽ യഥാകാലം പല പുതിയപ്രസ്ഥാനങ്ങളും നടപ്പിൽവന്നിട്ടുണ്ടെന്നും, അവയിൽ മിക്കവയെക്കുറിച്ചും ഞാൻ സംക്ഷേപമായി വിവരിച്ചിട്ടുണ്ടെന്നും ഇതിനകംമാന്യവായനക്കാർ ധരിച്ചിരിക്കുമല്ലൊ. ഖണ്ഡകാവ്യങ്ങൾ പുറപ്പെടുന്നതിന്നു മുമ്പുതന്നെ മഹാകാവ്യനിർമ്മാണത്തിൽ കൈവെയ്ക്കുവാൻ ചുരുക്കം ചില പണ്ഡിതകവികൾ ഔത്സുക്യം പ്രദർശിപ്പിക്കാതിരുന്നില്ല. പക്ഷേ, മഹാകാവ്യനിർമ്മാണം പണ്ഡിതന്മാരും, ഉത്തമകവികളുമായ പലരുടേയും ശ്രദ്ധയ്ക്കു പ്രത്യേകവിഷയമായതും, ആ പ്രസ്ഥാനം കൂടുതൽ പരിഷ്കൃതമായതും അനന്തരകാലത്താണ്. മഹാകാവ്യപ്രസ്ഥാനത്തിൽ കാര്യമായി ഉദ്യുക്തരാകുവാൻ ആരും അത്ര പ്രസക്തരാകാതിരുന്ന ആദ്യകാലത്തു സംസ്കൃതസാഹിത്യത്തിൽ പ്രസ്തുതകാവ്യങ്ങൾക്കു നിർവ്വചിച്ചിട്ടുള്ള ലക്ഷണങ്ങളെല്ലാംകൈവരുത്തി ഇദംപ്രഥമമായി ഒരു മഹാകാവ്യം നിർമ്മിച്ചു പുറത്തിറക്കിയതു പ്രസിദ്ധ

കവിയായിരുന്ന അഴകത്തു പത്മനാഭക്കുറുപ്പാണ്. അദ്ദേഹത്തിന്റെ "രാമചന്ദ്രവിലാസം" എന്ന കാവ്യം ആ നിലയിൽ മററു മഹാകാവ്യങ്ങൾക്കെല്ലാം മാർഗ്ഗദർശകമാണെന്നു പറയാം. പത്മനാഭക്കുറുപ്പാകട്ടെ ഒരു ഉറച്ച പണ്ഡിതനും, ഉത്തമ കവിയുമായിരുന്നു. കുറുപ്പു, തന്റെ മഹാകാവ്യത്തിൽ, പല സംസ്കൃതമഹാകാവ്യങ്ങളിലുമുള്ള ആശയങ്ങളെടുത്തുപയോഗിച്ചിട്ടുണ്ടെന്ന് ഒരു ആക്ഷേപമുണ്ടായി. അദ്ദേഹം സമുചിതമായ സമാധാനം പറഞ്ഞിട്ടുള്ളതു ഇങ്ങിനെയാണ്:— "സംസ്കൃതത്തിൽനിന്നു ഞാൻ ആശയങ്ങൾ സ്വീകരിച്ചിട്ടുള്ളതു വാസ്തവമാണെങ്കിലും, അവയെ അതേ രീതിയിൽ എന്റെ കാവ്യത്തിൽ ഘടിപ്പിച്ചിട്ടില്ല. ഞാൻ എടുത്തിട്ടുള്ള ആശയങ്ങൾക്കു സമുചിതമായ തന്മയത്വം വരുത്തിയാണ് അവ എന്റെ കാവ്യത്തിൽ ഉപയോഗിച്ചിട്ടുള്ളതെന്ന് എനിക്കു സോദാഹരണം സ്ഥാപിക്കുവാൻ കഴിയും. "രാമചന്ദ്രവിലാസം" പഴയ രീതിയിലുള്ള ഒരു മഹാകാവ്യം തന്നെയാണെന്നു സമ്മതിക്കാം. എങ്കിലും, അതിലുള്ള കവനഗ്രഹണത്തെപ്പററി സഹൃദയന്മാർ അഭിനന്ദിക്കാതിരിപ്പാൻ നിവൃത്തിയില്ല. തന്മൂലം, കുറുപ്പിന്നു മഹാകാവ്യരചനയെ സംബന്ധിച്ചേടത്തോളം സിദ്ധിച്ചിട്ടുള്ള വിജയം, അദ്ദേഹത്തിന്റെ പേരിന്നു പ്രചാരം വർദ്ധിപ്പിക്കുകയാണു ചെയ്തിട്ടുള്ളതു്. "രാമചന്ദ്രവിലാസ"ത്തിലെ സുഗമമായ കവനരീതിക്കു ചില ഉദാഹരണങ്ങൾ കാണിക്കാം:—

പണ്ണങ്ങൾകൊണ്ടിഹ വിരിച്ചൊരുമെത്തമേൽച്ചെ-
ന്നണ്ണൻപരം മതിമയങ്ങിയുറങ്ങിയപ്പോൾ
കണ്ണുംമിഴിച്ചലമുറക്കമൊഴിഞ്ഞു കാല്ക്കൽ-
ത്തിണ്ണംമുദാ സഹജനായുധമേന്തിനിന്നാൻ"

"ജാലംകൂടും ഭരതജനനിക്കുള്ള വാശ്ചാടികൊണ്ടി-
ക്കാലംഭൂപൻ ചപലതകളോരോന്നിവണ്ണം പുലമ്പും
കോലംതാവും ധനുവിതുവഴങ്ങീടുമബ്ദോഷ്ക്കുകേട്ടി-
ട്ടാലംബിച്ചിട്ടതിനെ വകവെയ്ക്കേണ്ട പോകേണ്ടകാട്ടിൽ"

പിന്നീട് മഹാകാവ്യനിർമ്മാണത്തിൽ കൈവെച്ച് ഒരുവിധം കൃതാർത്ഥതയടയുവാൻ സാധിച്ച മഹാകവി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയാകുന്നു. 24സർഗ്ഗങ്ങളുംകൊള്ളിച്ചു, 3,700ത്തിലധികം പദ്യങ്ങളടക്കി അദ്ദേഹം നിർമ്മിച്ച ഒരു മികച്ച മഹാകാവ്യമാ

ണ്"ശ്രീയേശുവിജയം". കവിതാരീതിയെപ്പററി പരാമർശിക്കുമ്പോൾ അതും സഹൃദയപ്രശംസയ്ക്കു പാത്രീഭവിച്ചിട്ടുണ്ടെന്നു കാണാം.

"പച്ചപ്പുല്ലണിപൂണ്ടേററം
മെച്ചമായിട്ടുമിസ്ഥലം
പച്ചപ്പട്ടുവിരിച്ചോരു
മച്ചകംപോലെ മഞ്ഞുളം,

അണിയേതുമണിഞ്ഞിടായ്കിലാരും
ഗണിയാലേശവുമെന്ന ചിന്തയോടും
ഗണികാകൃതിയായ്ച്ചമഞ്ഞു രാമാ-
മണിമാരിൽപ്പലരും നിരന്നിരുന്നു"

എന്നീ പദ്യങ്ങൾ ഉദാഹരണങ്ങളാണ്.

മഹാകാവ്യലക്ഷണങ്ങൾ ഒന്നൊഴിയാതെ കൈക്കൊണ്ടു സരസഗംഭീരമായ ഭാഷാരീതിയിൽ പന്തളത്തു കേരളവർമ്മതമ്പുരാൻ നിർമ്മിച്ചിട്ടുള്ള ഒരുത്തമകാവ്യമാണു "രുക്മാംഗദചരിതം." മഹാകാവ്യലക്ഷണസംയുക്തമായ രണ്ടാമത്തെ മഹാകാവ്യമായിട്ടാണു (ഒന്നാമത്തേതു രാമചന്ദ്രവിലാസം) ഭാഷാസാഹിത്യനിരൂപകന്മാർ "രുക്മാംഗദചരിത"ത്തെ പരിഗണിക്കുന്നതു്. തനിക്കു് അർത്ഥകല്പനയിലും, പദപ്രയോഗത്തിലുമുള്ള സാമർത്ഥ്യം പന്തളം "രുക്മാംഗദചരിത"ത്തിൽ സർവ്വത്ര പ്രതിഫലിപ്പിച്ചിട്ടുണ്ടു്. ഒരു യഥാർത്ഥവാസനാകവിയുമാണല്ലൊ പന്തളം. താഴെ ചേർക്കുന്ന ശ്ലോകങ്ങൾ നോക്കുക:—

"പുരന്ദരൻതൻ പുരുഭൂതിവായ്ക്കും
പുരന്ദരംപൂണ്ടിടുമാപ്പരാഗ്രം
ചിരന്ദളന്മഞ്ജുളസൂനരാജീ-
മരന്ദഗന്ധാഞ്ചിതമായിരുന്നു,

പൊന്നണിക്കുളർകുചങ്ങളിൽക്കല-
ർത്തുന്നുമുത്തു, തരുണക്കുഹത്തിലും
അന്നണച്ചുബഹുമുത്തു, നാരിമാ-
രെന്നകൂട്ടരുടെ മോടിയല്ലമോ?,

മന്മഥരസവാരാന്നിധി
തന്മഥനംചെയ്തെടുത്ത ശശികലപോൽ
നന്മണിഗണമണിയും നൽ-
പ്പൈണ്മണിരൂപംപണിഞ്ഞു പണിയിലജൻ,

ഒരുത്തിനുപചന്ദ്രനെസ്സപദി കാണുവാനുത്സുകം
പെരുത്തുതിലകംതദാ നയനമൊന്നിലായ്ത്തേച്ചുടൻ
ഗുരുത്വമിയലുംസ്തനേ മഷിയണിഞ്ഞുപാഞ്ഞെത്തിനാൾ
ഗുരുത്വമതുകൊണ്ടുതന്മഷികൾമാഞ്ഞു ഘർമ്മാംബുവാൽ"

ഈ പദ്യങ്ങളുടെ സ്വാരസ്യം നിശ്ചയമായും നമുക്ക് ശ്ലാഘിക്കാതിരിപ്പാൻ നിവൃത്തിയില്ല.

"രുക്മാംഗദചരിതം" സംസ്കൃതരീതിയനുസരിച്ചു സകല മഹാകാവ്യലക്ഷണങ്ങളും തികഞ്ഞ ഒരുത്തമകാവ്യമാണ്. ഭാഷാകവനപരിചയം സമ്പാദിക്കേണമെന്നാഗ്രഹിക്കുന്ന പലക്കും പദാർത്ഥബഹുളവും, രചനാഗുണരമ്യവുമായ പ്രസ്തുത കാവ്യം പ്രയോജനപ്പെടും.

ഉള്ളൂരിന്റെ "ഉമാകേരളം", മഹാകാവ്യത്തെപ്പററിയാണ് നമുക്കിനി അല്പം ചിന്തിക്കുവാനുള്ളതു്. ഉള്ളൂരിന്റെ "ഉമാകേരളം" പുറത്തുവരുവരെ മഹാകാവ്യങ്ങളിൽ പ്രഥമസ്ഥാനം "രുക്മാംഗദചരിത"ത്തിന്നുതന്നെയാണെന്നു ആ മഹാകാവ്യത്തിന്റെ അവതാരികയിൽ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ പ്രസ്താവിച്ചിട്ടുണ്ട്. രുക്മാംഗദചരിതം" മാഘകാവ്യംപോലെ പദഭംഗിയിൽ കൂടുതൽ ശ്രദ്ധപതിപ്പിച്ചും, അർത്ഥത്തെ കഴിവുള്ളേടമത്താളം വിടാതേയും പന്തളം നിർമ്മിച്ചിട്ടുള്ളതാണെങ്കിൽ, "ഉമാകേരളം" അലങ്കാരബഹുളമായ ഒരു ഗംഭീരമഹാകാവ്യമാണ്. പന്തളത്തിന്റെ "രുക്മാംഗദചരിതം" പുരാണകഥയും, ഉള്ളൂരിന്റെ ഉമാകേരളം" ചരിത്രകഥയുമാകുന്നു. ഇങ്ങിനെ ഈ രണ്ടു മഹാകാവ്യങ്ങളും തമ്മിൽ ചില വ്യത്യാസങ്ങളുണ്ടെങ്കിലും രണ്ടും യഥാർത്ഥസഹൃദയന്മാരെ നല്ലപോലെ രസിപ്പിച്ചിട്ടുണ്ട്. "ഉമാകേരള"ത്തിലെ ചില പദ്യങ്ങളും ഇവിടെ ഉദാഹരണത്തിന്നായി ഉദ്ധരിക്കാം.

"പൂമാതുപാൽക്കടലിലെന്നകണക്കമേയ-
ഭൂമാവെഴുന്നൊരുകുമാരിനുപന്നുദിച്ചു
ആമാന്യതന്നുടലൊളിക്കളിമുഴിനിന്ന
കൌമാരമാംതിരയെയൌവ്വനബാഹുനീക്കി;

പയററിനുണ്ടായൊരുതൃപ്തിയെസ്വയം
വയസ്യനാംവാസവനോടുരയ്ക്കുവാൻ
അയത്നമോർത്താദഹനൻകൃതാർത്ഥനായ്
വിയൽപ്പഥത്തോളമുയർന്നുതൽക്ഷണം,

ധീരത്വമേറീടിനമന്ത്രിവന്ന-
നേരത്തുലജ്ജാഖ്യയെയേകയാക്കി
ദൂരത്തുപിൻമാറിനതാംഗിയാമതന്റ
ചാരത്തെഴുംമറവസഖീകദംബം,

എമ്പാടുമഷ്ടാലയവർണ്ണനത്തിനാൽ
വമ്പാപമാർജ്ജിച്ച മദീയതൂലികേ!

.....''

എന്നിത്യാദി പദ്യങ്ങൾ ഉള്ളൂരിന്റെ ഉറച്ച പാണ്ഡിത്യത്തേയും, കവനകലാനൈപുണ്യത്തേയും പ്രസ്പഷ്ടമാക്കുന്നു. ''ഉമാകേരളം'', കേവലം ചരിത്രകഥാവസ്തുവെ ഉപജീവിച്ചു കവി തന്റെ മനോധർമ്മജ്ഞതകൂടി കൂട്ടിയിണക്കി നിർമ്മിച്ചിട്ടുള്ളതാകയാൽ, കഥാഘടനയിലും ഉള്ളൂർ മെച്ചം നേടിയിട്ടുണ്ട്. ഏതുനിലയിലും ''ഉമാകേരള''ത്തിന്നു മഹാകാവ്യങ്ങളുടെ കൂട്ടത്തിൽ ഉൽക്കൃഷ്ടമായ ഒരു സ്ഥാനമാണുള്ളതെന്നു നിശ്ശങ്കം സമർത്ഥിക്കാം.

വള്ളത്തോളിന്റെ മഹാകാവ്യമായ ''ചിത്രയോഗ''ത്തിന്നും ഭാഷാസാഹിത്യത്തിൽ മുഖ്യമായ ഒരു സ്ഥാനമുണ്ട്. അദ്ദേഹം മഹാകാവ്യലക്ഷണങ്ങളെല്ലാം കൂട്ടിയിണക്കി, കവിതാരീതിയിൽ പ്രത്യേകം മനസ്സിരുത്തി നിർമ്മിച്ചതാണ് ''ചിത്രയോഗം''. പക്ഷേ, കഥമാത്രം പരക്കെ രസപ്രദമായ ഒന്നല്ലെന്ന് നിർമ്മത്സരമതികളായ നിരൂപകന്മാർ അഭിപ്രായപ്പെടാതിരിക്കുന്നില്ല. ''കഥാസരിത്സാഗര''ത്തിലുള്ള ഒരു കഥയാണ് വള്ളത്തോൾ തന്റെ മഹാകാവ്യത്തിന്നു കൈക്കൊണ്ടിട്ടുള്ളത്. അതിൽ ചില ഘട്ടങ്ങളിൽ അസംഭാവ്യങ്ങളും, അസ്വാഭാവികങ്ങളുമായ പല സംഗതികളുമുൾക്കൊള്ളുന്നതുകൊണ്ടാണ്, കഥയുടെ കാര്യത്തിൽ മാത്രം ''ചിത്രയോഗം'' ലഘുവായ ഒരാക്ഷേപത്തിന്നു പാത്രമായതെന്നു പറയാം. ''ചിത്രയോഗ''ത്തിൽനിന്നും കവിതാരീതി കാണിപ്പാൻ ചുരുക്കംചില പദ്യങ്ങൾ ഉദ്ധരിക്കാതിരിക്കുന്നതു യുക്തമല്ലെന്നു കരുതുന്നു.

''മുകളിൽമയിലിനേയുംതാഴെയോകീരിയേയും
പ്രകടഭയമവേക്ഷിച്ചാകുലപ്പെട്ടസർപ്പം
സ്വകതനുതടിയിന്മേൽച്ചുററവേകാണികാംക്ഷ-
ങ്ങകലുഷതരമായുള്ളോരരപ്പട്ടയായി,

ചലകിസലയരാഗംപൂണ്ടു, തെല്ലൊന്നണിപ്പൂ-
ങ്കലകളുടെ കനത്താൽച്ചാഞ്ഞ വല്ലീസമൂഹം
മലർമുടിയിലണിഞ്ഞോരഗ്ര്യ വൃക്ഷങ്ങളായ്ച്ചേ-
ന്നലഘുരസമിണങ്ങീടുന്നിതക്കാനനത്തിൽ"

എന്നും മററുമുള്ള വനവർണ്ണനയിലും,

പതഞ്ഞവെള്ളം പഥിവായിൽനിന്നു
വീഴുന്ന കന്നാലിയെ മുൻനടത്തി
നുകം, കരിക്കോലിവതോളിലുംവെ-
ച്ചിതാ കൃഷിക്കാർ വയൽ വിട്ടിടുന്നു,

"പരന്നപാടത്തിഹ പുഞ്ചകാക്കും
പെണ്ണുങ്ങളഭ്യർണ്ണലതാഗൃഹത്തിൽ
ഗ്രാമീണവീണാകപണിതം കലന്നം
ഗാനം മുഴക്കുന്നു വിനോദനാർത്ഥം,

കാന്താകരാന്ദോളിതതാലവൃന്ദ-
ക്കാററേററു ചൂടേതുമറിഞ്ഞിടാതെ
ഇപ്പോളണിപ്പൊൻകുളർമച്ചിനുള്ളി-
ലിരിക്കയാം നാഗരികപ്രഭുക്കൾ,

തിളയ്ക്കുമപ്പലപലനീരിൽനിന്നു
മീൻകുഞ്ഞിനെകൊത്തിയെടുത്തുകൊൾവാൻ
പററാഞ്ഞിതാ കൊററികൾ ജോലിനിർത്തി-
ത്തീരത്തു ചൂരൽത്തണൽ ചേർന്നിരിപ്പായ്"

എന്നും മററും മദ്ധ്യാഹ്നവർണ്ണനയിലേയും പദ്യങ്ങൾക്കുള്ള സ്വാഭാവികമായ ചമൽക്കാരാതിരേകം പണ്ടേതന്നെ സർവ്വസമ്മതവുമാണ്. "ചിത്രയോഗ"ത്തിലുള്ള കവനഗുണത്തെസംബന്ധിച്ചേടത്തോളം വള്ളത്തോൾ നേടിയ വിജയം വിശേഷിച്ചും ശ്ലാഘ്യമാകുന്നു.

കവിസാർവ്വഭൌമൻ കൊച്ചുണ്ണിത്തമ്പുരാൻെറ മഹാകാവ്യങ്ങളെപ്പററിയാണ് ഇനി ഉപന്യസിപ്പാനുള്ളത്. "പാണ്ഡവോദയ"മാണ് അദ്ദേഹത്തിൻെറ ആദ്യത്തെ മഹാകാവ്യം. പാണ്ഡവന്മാരുടെ അജ്ഞാതവാസാരംഭംമുതൽ ഉത്തരാസ്വയംവരംവരെയുള്ള കഥയാണിതിൽ വിവരിക്കപ്പെട്ടിട്ടുള്ളത്. മഹാകാവ്യലക്ഷണങ്ങളൊട്ടാകെത്തികഞ്ഞ മഹനീയമായ ഒരു കൃതിയാണ് "പാണ്ഡ

വോദയം''. അതിലുള്ള ചില പദ്യങ്ങളും ഇവിടെ ഉദാഹരണത്തിന്നായി ഉദ്ധരിച്ചുകൊള്ളട്ടെ.

"മാണിക്യരത്നോപമകാന്തി ചിന്നും
പാണിദ്വയത്താൽ ദ്രുപദേന്ദ്രപുത്രി
ചേണാന്ന ഭംഗ്യാമെഴുകും ദശായാം
ചാണംപരം കുങ്കുമമായ് ച്ചമഞ്ഞു"

ഈ ശ്ലോകത്തിന്റെ ആസ്വാദ്യമായ ചമൽക്കാരം നോക്കുക! ജീമൂതനും ഭീമനും തമ്മിലുള്ള മല്ലയുദ്ധത്തെ വർണ്ണിക്കുന്ന പദ്യങ്ങളിൽ ചിലവ ചുവടെ ചേർക്കുന്നു:

"പുളച്ചോരുഗർവ്വത്തിനാൽക്കൂട്ടുതല്ലി-
പ്പൊളിച്ചോരു ശാർദ്ദൂലരാജൻ കണക്കേ
കളിച്ചാർത്തുചാടീട്ടു ജീമൂതനെത്താൻ
വിളിച്ചാനടിപ്പോരിനായ് ഭീമസേനൻ,

കടത്തിൽപ്പരം നീർനിറഞ്ഞിട്ടമർഷം
കടുത്തിട്ടു രണ്ടാന നേർക്കുന്നപോലേ
പടുത്വേന ജീമൂതനും, ഭീമനും നേർ-
ത്തടുത്തീടിനാർ തങ്ങളിൽസ്പർദ്ധയോടേ,

വളന്നോരമർഷേണ ജീമൂതനാദ്യം
പിളന്നൊന്നു രണ്ടാർത്തു പാഞ്ഞെത്തിനേർത്തു
തുളുമ്പും രസാൽ ഭീമനും നേർത്തടുത്തു
കളംപാരമപ്പോൾ കലങ്ങിച്ചമഞ്ഞു."

ഈ പദ്യങ്ങളെ "കയ്യാങ്കളി"യിൽ സമർത്ഥന്മാരായ പലരും കൂടി അഭിനന്ദിച്ചിട്ടുണ്ട്. കീചകൻ സൈരന്ധ്രിയുടെ ആകാരസുഷമകണ്ടു മന്മഥാതുരനാകുന്ന ഘട്ടത്തിലുള്ള ഒരു പദ്യമാണിത്.

"നലമൊടഖിലലോകേ മാനസത്തിങ്കലെല്ലാം
ചലമിഴിമണിയാമിത്തനുവിതൻ പാദപത്മം
കലിതരുചി വിളങ്ങുന്നുണ്ടഹോ രാജഹംസാ-
വലിയതു കരുതിത്താൻ മാനസംസ്ഥാനമാക്കി".

പ്രസ്തുത മഹാകാവ്യനിർമ്മാണം തമ്പുരാൻെറ കവനകലാനിപുണതയെ സംബന്ധിച്ചേടത്തോളമുള്ള സുയശസ്സിന്നു മകുടം വെയ്ക്കുവാനിടയാക്കി "പാണ്ഡവോദയ"ത്തിന്നു പുറമെ തമ്പുരാൻ "വഞ്ചീശവംശം" മഹാകാവ്യവും നിർമ്മിച്ചിട്ടുണ്ട്. വഞ്ചീശവംശം സൂക്ഷ്മമായി പരിശോധിക്കുമ്പോൾ പാണ്ഡവോദയത്തെക്കാൾ മെച്ചമുണ്ടോ എന്നുകൂടി സംശയം ജനിക്കും.

"താഴുന്നുമതികടലിൽ സകജ്ജളാസ്ത്രം
കേഴുന്നുനൃപരനിവൻ ജനിക്കമൂലം
നൃഴുന്നുഘനപടലാന്തരേണഹാ! ഹാ!
വാഴുന്നുവിപിനതലേ വസന്തമെന്നും,

മൂടീടാത്തഴകെഴുമാ നൃപൻെറ വക്ത്രം
കൂടീടുംഭയമൊടുകാങ്ക കാരണത്താൽ
ആടീകണ്ണിഹ മുകുരത്തിനാകയാൽ, ക-
ണ്ണാടീയെന്നതിനൊരു നാമമുൽഭവിച്ചു"

എന്നും മററുമുള്ള പദ്യങ്ങൾ സ്വാതിതിരുനാൾ മഹാരാജാവിൻെറ അപദാനങ്ങളെ വർണ്ണിക്കുന്നവയാണ്. ഈ മാതിരി സരസപദാകലിതവും, ആശയപരിപൂർണ്ണവും, ഫലിതമയവുമായ പദ്യങ്ങൾ കവിസാർവ്വഭൌമൻെറ "പ്രസന്നപ്രൌഢസരസ"മായ തൂലികയ്ക്കു് അലങ്കാരം ചാർത്തുന്ന തമ്പുരാൻ "ഗോശ്രീശാദിത്യചരിത"മെന്നൊരു മികച്ച കാവ്യവും നിർമ്മിച്ചിട്ടുണ്ട്. അതും ഏതാണ്ടൊരു മഹാകാവ്യ രീതിയിലുള്ളതാണ്. ഇങ്ങിനെ മഹാകാവ്യനിർമ്മാണവിഷയത്തെക്കുറിച്ചു കാര്യമായി ചിന്തിക്കുമ്പോൾ എണ്ണത്തിലും വണ്ണത്തിലും ആ പരിശ്രമത്തിൽ മെച്ചം നേടിയിരിക്കുന്നതു കൊച്ചുണ്ണിത്തമ്പുരാനാകയാൽ നിശ്ചയമായും മഹാകാവ്യപ്രസ്ഥാനവിഷയത്തിലും കാര്യമായ ഒരു പങ്കു കൊടുങ്ങല്ലൂർ കോവിലകത്തിന്നുണ്ടെന്നു ഖണ്ഡിതമായിപ്പറയാം.

കേ. സി. കേശവപിള്ളയുടെ "കേശവീയം" നിശ്ചയമായും മഹാകാവ്യങ്ങളുടെ കൂട്ടത്തിൽ ഉത്തമസ്ഥാനമർഹിക്കുന്ന ഒരു വിശിഷ്ടകൃതിയാണ്. അകൃത്രിമരമണീയങ്ങളായ പദ്യങ്ങൾ "കേശവീയ"ത്തിൽ കണക്കിലേറെ കാണ്മാനുണ്ട്. പ്രസേനൻ നിലംപതിച്ചു കിടക്കുന്നതിനെപ്പററി വർണ്ണിക്കുന്ന പദ്യങ്ങൾ പരിശോധിയ്ക്കുക.

"മൃതിവശഗതനായ് പ്രസേനവീരൻ
കുതിരയൊടൊത്തവിടെക്കിടന്നിരുന്നു
വിധിമഹിമയലംഘനീയമാണെ-
ന്നതിദയനീയ മുരച്ചിടുന്നവണ്ണം,

കടുനിണമൊഴുകിപ്പടർന്ന ചുററും
കഠിനതപൂണ്ടു കവത്തുനിന്നിരുന്നു
സീഫുടരുചിതടവും വിശാലവക്ഷ-
സ്തടമവഗാഢതരം പിളർന്നിരുന്നു,

അധരയുഗളമല്പമായ് വിടർന്നി-
ട്ടിടയിൽവിളങ്ങിന ദന്തപംക്തികണ്ടാൽ
അധികചപലമായ മർത്ത്യജന്മ-
സ്ഥിതിയെനിനച്ചു ഹസിക്കയെന്നുതോന്നും"

ഈ പദ്യങ്ങളിലെ സുലളിതസുന്ദരങ്ങളായ ആശയങ്ങളും പദങ്ങളും കേ. സി. യുടെ കവിയശസ്സിന്നു മതിയായ ഒരു മാനദണ്ഡമാണ്. "കേശവീയം" ഭാഷയിലുള്ള മഹാകാവ്യങ്ങളുടെ കൂട്ടത്തിൽ മാനനീയമായ ഒരു സ്ഥാനത്താണ് ഏതു കാലത്തും നിലനില്ക്കുകയെന്നു ഞാൻ നിസ്സംശയം സമർത്ഥിക്കാം. പ്രൊഫസ്സർ എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാന്റെ ആംഗലസാമ്രാജ്യം (സംസ്കൃതമഹാകാവ്യം) കെ. സി. ഭാഷയിലേയ്ക്ക് ഭംഗിയായി തർജ്ജമ ചെയ്തിട്ടുണ്ട്. കെ. സി. യുടെ "ഭാഷാനാരായണീയ"വും വിലപിടിച്ച ഒരു കൃതിയാണ്. ആയിരത്തിൽചില്വാനം പദ്യങ്ങളടങ്ങിയ പ്രസ്തുതകൃതി സംസ്കൃതത്തിൽനിന്നു വൃത്താനുവൃത്തമായി തർജ്ജമ ചെയ്യപ്പെട്ടിട്ടുള്ളതാകുന്നു. വിദ്യാവിനോദിനീ പത്രാധിപരായിരുന്ന സി. പി. അച്യുതമേനോൻ അതിനെപ്പററി പ്രശംസിച്ചിട്ടുണ്ട്.

കുണ്ടൂർ നാരായണമേനോൻ കാളിദാസകൃതമായ "രഘുവംശം" ഭംഗിയായി തർജ്ജമ ചെയ്തിട്ടുണ്ട്. മഹാകാവ്യകോടിയിൽ ചേർക്കാവുന്ന ഒരു വിശിഷ്ടകൃതിയാണത്.

ഉറച്ച പണ്ഡിതനും, പ്രസിദ്ധകവിയുമായ വടക്കുംകൂർ രാജരാജവർമ്മരാജ "രാഘവാഭ്യുദയം" എന്നൊരു മഹാകാവ്യം നിർമ്മിച്ചു

മഹനീയമായ യശസ്സു നേടിയിട്ടുണ്ട്. പ്രസ്തുത കാവ്യം ആശയ പുഷ്ടി, പദഭംഗി തുടങ്ങിയവയാൽ സ്തുത്യർഹമാണ്.

ചങ്ങരംകോത കൃഷ്ണൻകത്താവിന്റെ ദേവദത്തകാവ്യം ഏതാണ്ടു മഹാകാവ്യരീതിയിൽ ഉരംപ്പെടുത്താവുന്ന ഒരുത്തമകൃതിയാണ്.

മഹാകാവ്യങ്ങരം പലതും പൂർണ്ണമായ ലക്ഷണങ്ങളോടുകൂടിയല്ലെങ്കിലും ഇനിയും നിർമ്മിച്ചതായി എനിക്കറിയാം. അങ്ങിനെ ഓരോന്നിനെക്കുറിച്ചും പ്രത്യേകമെടുത്തു പറയുവാൻ ഇപ്പോരം സാദ്ധ്യമല്ല. ഉദാഹരണങ്ങരം ഉദ്ധരിക്കുവാനും നിവൃത്തിയില്ല.

മഹാകാവ്യങ്ങരം അന്നു മഹനീയമായ ഒരു സ്ഥാനമാണ് ഭാഷാസാഹിത്യലോകത്തിൽ അലങ്കരിച്ചിരുന്നത്. അങ്ങിനെ മഹാകാവ്യങ്ങരം പലതും വഴിക്കുവഴിയെ പുറത്തായിത്തുടങ്ങിയപ്പോഴെയ്ക്കും, കാലം മുന്നോട്ടു പോയിത്തുടങ്ങി. അതിനാലും, പരിഷ്കൃതഹൃദയരായ ഭാഷാകവികരംക്കു പഴയ സാഹിത്യവ്യവസായങ്ങളോടു പ്രതിപത്തി കുറവായിത്തുടങ്ങിയതിനാലും, സംസ്കൃതവിദ്യാഭ്യാസത്തിലുള്ള അനാസ്ഥ ഇന്നത്തെ കവികളിൽ കണ്ടുതുടങ്ങിയതിനാലും, മഹിമയേറിയ മഹാകാവ്യരചനയ്ക്കുള്ള ഔൽസുക്യം പ്രായേണ പലക്കുമില്ലാതാവുകയാണുണ്ടായത്. പാണ്ഡിത്യം കുറവായ യുവകവികരംക്ക് എളുപ്പത്തിൽ എഴുതിത്തീർക്കാവുന്ന ചെറുകാവ്യങ്ങളിൽ കൈവെക്കുവാനാണ് തൻമൂലം പ്രസക്തി വർദ്ധിച്ചതെന്നു വ്യക്തമായി. ഏവംവിധങ്ങളായ പല കാരണങ്ങളാലും ഭാഷാസാഹിത്യലോകത്തിൽ ഒരു പ്രധാനപ്പെട്ട ഇനമായ മഹാകാവ്യപ്രസ്ഥാനത്തിന്നു പ്രാധാന്യവും പ്രചാരവും തീരെ കുറഞ്ഞുപോയി. കാവ്യത്തിന്റെ സൂക്ഷ്മസ്ഥിതി ഇങ്ങിനെയൊക്കെയാണെങ്കിലും, മഹാകാവ്യപ്രസ്ഥാനം നിശ്ചയമായും ഭാഷാസാഹിത്യത്തിൽ പ്രയോജനകരവും, പ്രശംസാർഹവുമായ ഒരു കവനകലാവ്യവസായമായിരുന്നുവെന്നതിന്നു സംശയമില്ല.

ഇരുപത്തൊന്നാമദ്ധ്യായം.

ആട്ടക്കഥകളും ചംബൂകൃതികളും.

ആ "സുവർണ്ണയുഗ"ത്തിലെ പല മുഖ്യമായ സാഹിത്യപരിശ്രമങ്ങളെക്കുറിച്ചും സംക്ഷിപ്തമായി വിവരിക്കുമ്പോൾ അന്നു പ്രചാരത്തിലിരുന്നവയും, ഉള്ളുറച്ച പണ്ഡിതന്മാരും സാഹിത്യകാരന്മാരും ഉള്ളഴിഞ്ഞ പ്രസക്തി കൈക്കൊണ്ടിരുന്നവയുമായ പ്രസ്ഥാനങ്ങളിൽ ഒന്നുപോലും വിട്ടുകളയരുതെന്നാണ് എന്റെ ഉദ്ദേശ്യം. ആ നിലയ്ക്കു പണ്ടത്തെ പ്രശസ്തമായ സംസ്കാരത്തെ അനുസരിച്ചും അനുകൂലിച്ചും പിന്തുടർന്നുവന്ന മുഖ്യപ്രസ്ഥാനങ്ങളാണ് ആട്ടക്കഥകളും, ചംബൂക്കളും. അതിനാൽ, അവയെക്കുറിച്ചു അല്പം ഉപന്യസിക്കാം.

ആട്ടക്കഥകളുടെ കാര്യം ആദ്യമായി ആലോചനയ്ക്കെടുക്കുമ്പോൾ നമ്മുടെ സ്മൃതിപഥത്തിൽ പ്രധാനമായി പ്രതിബിംബിക്കുന്നത് ആ വിഷയത്തിൽ സ്തുത്യർഹമായ പരിശ്രമം നടത്തിയ ഉണ്ണായിവാരിയർ, കോട്ടയത്തുതമ്പുരാൻ, കൊട്ടാരക്കരത്തമ്പുരാൻ, വയസ്കരമൂസ്സ്, ഇരയിമ്മൻതമ്പി മുതലായവരുടെ മഹത്തായ സാഹിത്യപാടവവും, അപദാനങ്ങളുമാണ്. പക്ഷെ, ഈ ഗ്രന്ഥത്തിൽ ഞാൻ അത്ര അകന്ന കാലങ്ങളിലെ സാഹിത്യവ്യവസായങ്ങളെക്കുറിച്ചു പരിചിന്തിക്കുവാൻ തയ്യാറില്ലെന്നു മുൻപ്രസ്താവിച്ചിട്ടുണ്ടല്ലൊ. കൊടുങ്ങല്ലൂർ കവിസദസ്സിനെ കാര്യമായ പശ്ചാത്തലമായിക്കൈക്കൊണ്ടിട്ടുള്ള ഈ ഗ്രന്ഥത്തിൽ, ആ അനുഗൃഹീതനാമാക്കളെപ്പററി കൂടുതൽ വിവരിക്കണമെന്നുമില്ല.

കൊടുങ്ങല്ലൂർ കവിസദസ്സിലുണ്ടായിരുന്ന പലരും ആട്ടക്കഥാരചനയിലും ഔത്സുക്യം പ്രദർശിപ്പിച്ചവരാണ്. വിദ്വാൻ ഇളയതമ്പുരാൻ തുടങ്ങിയവർ കഥകളിയുടേയും ഓട്ടംതുള്ളലിന്റെയും കാര്യത്തിൽ കൈക്കൊണ്ട പ്രതിപത്തി പ്രശംസാർഹമായിരുന്നു. കവിസാർവ്വഭൌമൻ കൊച്ചുണ്ണിത്തമ്പുരാനും, കുഞ്ഞിക്കുട്ടൻതമ്പുരാന്റെ കനിഷ്ഠസഹോദരനായിരുന്ന കുഞ്ഞുണ്ണിത്തമ്പുരാനും നാട്യകലാവിഷയത്തിൽ നിരന്തരാഭ്യാസം നടത്തുകയും, അതിൽ സ്തുത്യർഹമായ പരിശീലനം നേടുകയും ചെയ്തിട്ടുള്ളതുതന്നെ കവിസ

ദസ്സിന്നു കഥകളിയോടുള്ള പ്രതിപത്തി വ്യക്തമാക്കുന്നു. എന്നാൽ, കാലക്രമേണ കൊട്ടങ്ങല്ലൂർ കോവിലകത്തിന്റെ പാരമ്പര്യസംസ്കാരത്തിന്നും, സാഹിത്യത്തിന്നും പ്രാധാന്യക്കുറവു വന്നതോടുകൂടി കഥകളിക്കാര്യത്തിലും അവിടെ മുമ്പുള്ള ശ്രദ്ധ കാണാതായി. അതിനാൽ, കഥകളിയെ സംബന്ധിച്ചേടത്തോളം അടുത്ത കാലത്തുണ്ടായ ആട്ടക്കഥാകർത്താക്കന്മാരെക്കുറിച്ചു ഏററവും സംക്ഷിപ്തമായ ഒരു വിവരമേ ഇവിടെ കൊടുക്കുന്നുള്ളു. അങ്ങിനെ ചെയ്യുന്നതു കൊണ്ടു ആട്ടക്കഥാപ്രസ്ഥാനത്തെ പരിപോഷിപ്പിക്കുവാൻ ഉൽസുകരായിരുന്ന പലരുടേയും പേരുകളെങ്കിലും മാന്യവായനക്കാർക്കു മനസ്സിലാക്കുവാൻ സംഗതിവരുമെന്നു ഞാൻ കരുതുന്നു.

കിളിമാനൂർ തമ്പുരാക്കന്മാർ ആട്ടക്കഥാ പ്രസ്ഥാനത്തിൽ പ്രസക്തി പ്രദർശിപ്പിച്ചിരുന്നവരാണ്. 1045-ൽ ദിവംഗതനായ പൂണർതം തിരുനാൾ രാമവർമ്മ തമ്പുരാൻ മഹാവിദ്വാനായിരുന്നു. അവിടുത്തെ സ്തുത്യർഹായ ഒരു കൃതിയാണ് "സീതാ വിജയം" ആട്ടക്കഥ. ആ രാജവംശത്തിലെ ഭരണി തിരുനാൾ രാജരാജവർമ്മ തമ്പുരാനും നല്ല വിദ്വാനായിരുന്നു. അദ്ദേഹത്തിന്റെ കൃതിയാണ് "ദാരികോത്ഭവം" ആട്ടക്കഥ. മറെറാരു പണ്ഡിതനായിരുന്ന സ്വാതിതിരുനാൾ ഗോദവർമ്മതമ്പുരാന്റെ കൃതിയാണ് "മുചുകുന്ദമോക്ഷം" ആട്ടക്കഥ. രാജരാജവർമ്മ കോയിത്തമ്പുരാനായിരുന്നു "രാസക്രീഡ" എന്ന ആട്ടക്കഥ രചിച്ചതു്. ഇങ്ങിനെ കിളിമാനൂർ കോവിലകത്തെ പല വിദ്വാന്മാരായ തമ്പുരാക്കന്മാരും കൊട്ടങ്ങല്ലൂർ കോവിലത്തെ അംഗങ്ങളെപ്പോലെ സാഹിത്യാദികഥകളിൽ മഹാ സമർത്ഥന്മാരായിത്തീർന്നു.

ഭാഷാചക്രവർത്തിയായിരുന്ന കേരളവർമ്മ വലിയ കോയിത്തമ്പുരാൻ ഹനുമദുൽഭവം, പ്രലംബവധം, ധ്രുവചരിതം, മത്സ്യവല്ലഭവിജയം, പരശുരാമവിജയം ഇങ്ങിനെ രസകരങ്ങളായ ചില ആട്ടക്കഥകൾ നിർമ്മിച്ചിട്ടുണ്ട്. ധ്രുവചരിതത്തിന്റെ സാഹിത്യഗുണത്തെക്കുറിച്ചു പ്രത്യേകം പ്രശംസിക്കുക തന്നെവേണം. പ്രസിദ്ധഭാഷാകവിയായിരുന്ന കൊട്ടാരത്തിൽ ശങ്കുണ്ണി സീതാവിവാഹം, ശ്രീരാമപട്ടാഭിഷേകം, കിരാതസൂനുചരിതം, ശ്രീരാമാവതാരം, ഭൂസുരഗോഗ്രഹണം എന്നിങ്ങനെയുള്ള ആട്ടക്കഥകൾ രചിച്ചിട്ടുണ്ട്. മഹാവിദ്വാനായ കോട്ടയത്തു് അനിഴംതിരുനാൾ തമ്പുരാന്റെ ദൂതവാക്യം ആട്ടക്കഥ രസകരമായിരിക്കുന്നു. ചന്ദ്രാംഗചരിതം,

പാതാളരാവണവധം ആട്ടക്കഥകളുടെ കർത്താവായ കല്ലംപിള്ളി വിഷ്ണുനമ്പൂതിരിയെ നമുക്ക് ഒരിക്കലും വിസ്മരിച്ചുകൂട. മുരിങ്ങൂർ ശങ്കരൻപോററിയുടെ കുചേലവൃത്തം ആട്ടക്കഥയും നന്നായിട്ടുണ്ട്. ആററപുറത്തു ഗോവിന്ദപ്പിള്ളച്ചട്ടമ്പിയുടെ സീതാവിജയം ആട്ടക്കഥയിലെ സാഹിത്യഗുണം പ്രസിദ്ധമാണ്. കുഞ്ഞിക്കുട്ടൻ തമ്പുരാനും ആട്ടക്കഥാനിർമ്മാണത്തിൽ പ്രസക്തനായിരുന്നു. അദ്ദേഹത്തിന്റെ "ഘോഷയാത്ര"യെന്നആട്ടക്കഥ വളരെ രസകരമായിട്ടുണ്ട്. ഗന്ധർവ്വവിജയം ആട്ടക്കഥയുടെ കർത്താവാണു രാമചന്ദ്രവിലാസം മഹാകാവ്യമെഴുതിയ അഴകത്തു പത്മനാഭക്കുറുപ്പ്. മൂലൂർ എസ്. പത്മനാഭപ്പണിക്കരുടെ കൃഷ്ണാർജ്ജുനവിജയം ആട്ടക്കഥയ്ക്കു നല്ലൊരു പേരാണുള്ളത്. കെ. സി. കേശവപിള്ള വളരെ ചെറുപ്പത്തിൽ രചിച്ചവയാണു ശ്രീകൃഷ്ണവിജയം, ഹിരണ്യാസുരവധം, ശൂരപത്മാസുരവധം എന്നീ ആട്ടക്കഥകൾ. കരയംവെട്ടത്തു സുകുമാരപിള്ള നിർമ്മിച്ച സ്യമന്തകം, ലക്ഷണാസ്വയംവരം, ശതമുഖരാവണവധം, ശിവരാത്രിമാഹാത്മ്യം എന്നീ ആട്ടക്കഥകൾക്കു മഹാവിദ്വാൻ പുന്നശ്ശേരി നമ്പിനീലകണ്ഠശർമ്മാവിനു നല്ല അഭിപ്രായമാണുണ്ടായിരുന്നത്. ഗുരുദക്ഷിണ എന്ന ആട്ടക്കഥ രചിച്ച പേരൂർ രാമക്കുറുപ്പും സമർത്ഥനായിരുന്നു. പി. എൻ. ഗോവിന്ദൻജ്യോത്സ്യന്റെ ലളിതാവിജയം, ശ്രീരാമാശ്വമേധം, മേഘനാദവിജയം എന്നീ ആട്ടക്കഥകൾ നന്നായിട്ടുണ്ട്. എടമന ഗണപതിപ്പോററിയുടെ ഭദ്രകാളീവിജയം ആട്ടക്കഥയും രസാവഹമായ ഒരു കൃതിയാണ്. അഭിമന്യുതുവം ആട്ടക്കഥ നിർമ്മിച്ച താഴമൺ പ്രഭാകരൻതന്ത്രിക്കു സാഹിത്യലോകത്തിൽ താഴ്ചവരാതെയുള്ള ഒരു പേരുണ്ട്.

ആട്ടക്കഥകൾ ഇങ്ങിനെ പലരും രചിച്ചിട്ടുണ്ടെങ്കിലും ഉണ്ണായിവാരിയർ, കോട്ടയത്തു തമ്പുരാൻ തുടങ്ങിയവരുടെ ആട്ടക്കഥകൾക്കുള്ള ചമൽക്കാരം പിന്നീടുണ്ടായ കൃതികൾക്കൊന്നുമില്ലെന്നു പറയുന്നതിൽ അശേഷം സംശയിപ്പാനില്ല. അതുകൊണ്ടുതന്നെയാണ് അനന്തരകാലങ്ങളിൽ അവതരിച്ച ആട്ടക്കഥകൾക്കു അത്ര പ്രചാരം വന്നുകാണാത്തതും. ഏതായാലും ആട്ടക്കഥ നമ്മുടെ സാഹിത്യഭണ്ഡാരത്തിനു പല നിലയിലും പുഷ്ടിയും മാഹാത്മ്യവും വരുത്തിയിട്ടുള്ള ഒരു മുഖ്യമായ പ്രസ്ഥാനമാണെന്നു പറയുന്നതു അബദ്ധമല്ലതന്നെ. ആട്ടക്കഥകൾ, കേരളീയർക്കു നാട്യകലയിൽ പണ്ടുതന്നെ കണ്ടിരുന്ന പ്രസക്തിക്കു ഉത്തമനിദർശനമായിരിക്കെ, കാലക്രമേണ പഴയ പല സാഹിത്യപ്രസ്ഥാനങ്ങളോടും ഇന്നത്തെ പരി

ഷ്കൃതലോകത്തിനു താല്പര്യം കുറവായിക്കാണുന്ന കൂട്ടത്തിൽ ആ മഹത്തായ നാട്യകലയും അവർ വിസ്മരിക്കാതിരിക്കണമെന്നും, അതിനു പരിഷ്കാരവും, പ്രചാരവും വരണമെന്നും ഉദ്ദേശിച്ചു മഹാകവി വള്ളത്തോളിന്റെ മേൽനോട്ടത്തിൽ തിരുവിതാംകൂർ—കൊച്ചി ഗവർമ്മേണ്ടിന്റെ മുഖ്യസഹായത്താൽ നടന്നുവരുന്ന ചെറുതുരുത്തിയിലെ കേരളകലാമണ്ഡലത്തിനു നാൾക്കുനാൾ ശ്രേയസ്സുണ്ടാകുമാറാകട്ടെ എന്നു നമുക്കു പ്രാർത്ഥിയ്ക്കാം.

ചംബൂഗ്രന്ഥങ്ങൾ ഭാഷയിലവതരിക്കുവാൻ തുടങ്ങിയതു സംസ്കൃതത്തിൽ ദുഷ്പ്രവീണ്ണന്മാരായിരുന്ന ഭാഷാകവികളുടെ കാലത്താണ്. മഹിഷമംഗലം നമ്പൂതിരിയുടെ ഭാഷാനൈഷധചംബുവിന്റെ സാർവ്വത്രികമായ സ്വാരസ്യം സാഹിത്യത്തിൽ സാമാന്യജ്ഞാനമുള്ള സകലരേയും കണക്കിലേറെ രസിപ്പിക്കുന്നുണ്ട്.

"അമ്പത്തൊന്നക്ഷരാളീകലിതതനുലതേ!
വേദമാകുന്ന ശാഖി-
ക്കൊമ്പത്തമ്പോടുപൂക്കുംകുസുമതതിയിലേ-
ന്നുന്ന പൂന്തേൻകുഴമ്പേ!
ചെമ്പൊൽത്താർബാണഡംഭപ്രശമനസുകൃതോ-
പാത്തസൌഭാഗ്യലക്ഷ്മീ-
സമ്പത്തേ! കുമ്പിടുന്നേൻ കഴലിണ വലയാ-
ധീശ്വരീ! വിശ്വനാഥേ!"

എന്ന നൈഷധചംബുവിലെ മംഗളപദ്യം, അതിന്റെ അതിമനോഹരവും, അകൃത്രിമരമണീയവുമായ ആശയപൌഷ്കല്യത്താൽ പുരോഗമനവാദികൾകൂടി കാണാപ്പാഠം പഠിച്ചുവെച്ചിട്ടുണ്ട്. ചംബുക്കളെ സംബന്ധിച്ചേടത്തോളവും ഇവിടെ കാര്യമായ പശ്ചാത്തലമാകുന്നതു കൊടുങ്ങല്ലൂർ കവിസദസ്സാകയാൽ ആ പ്രസ്ഥാനത്തെക്കുറിച്ചു പറയുമ്പോൾ അധികം ദൂരത്തേയ്ക്കുള്ള നോട്ടത്തിനു ഞാൻ ഉദ്യുക്തനാകുന്നില്ല.

കൊടുങ്ങല്ലൂർ കോവിലകത്തെ വിദ്വാൻ ഗോദവർമ്മനെന്ന മൂന്നാംകൂർ തമ്പുരാൻ (ഇദ്ദേഹം 1049-ൽ ദിവംഗതനായി) സംസ്കൃതചംബുക്കളെ ശരിയായി അനുകരിച്ചു പല ചംബുക്കളും ഭാഷ

യിൽ നിർമ്മിച്ചിട്ടുണ്ട്. ഗ്രാമത്തിൽ രാമവർമ്മ കോയിത്തമ്പുരാനെന്ന പ്രസിദ്ധകവി മീനകേതനചരിതം എന്ന പേരിൽ നിർമ്മിച്ച ഭാഷാചംബു സൂക്ഷ്മമായി പരിശോധിക്കുമ്പോൾ സംസ്കൃതത്തിൽനിന്നുള്ള ഒരു വിവർത്തനമാണെന്നു കാണാം. രസകരമായ ആ ചംബുവിലുള്ളതാണ്

"വിദ്യുല്ലതാപടുതപോയതിനോടുകൂടെ-
ബ്ഭൂഭൃൽഘനം ലഘുതയെപ്പരിചോടണഞ്ഞു
ആശ്ചര്യമില്ലിതു വരാമിരവിങ്കലും താൻ
തീരെത്തെളിച്ചുമുന, കാഞ്ഞു മതിക്കതെന്നോ?"

എന്ന പദ്യം. അതിലെ ഗദ്യവും നന്നായിട്ടുണ്ട്. എണ്ണയ്ക്കാട്ടുതമ്പുരാൻ ലക്ഷണാസ്വയംവരം ചംബുവിന്റെ കർത്താവാണ്. ചംബുക്കൾ ഭാഷയിൽ കൂടുതലായി നിർമ്മിച്ചിട്ടുള്ളതു ഉറച്ച പണ്ഡിതനും, നല്ല കവിയുമായിരുന്ന മാവേലിക്കര ചുനക്കരവാരിയത്തു ഉണ്ണികൃഷ്ണവാരിയരായിരുന്നു. അദ്ദേഹത്തിന്റെ തർജ്ജമകളാണ് കംസവധചംബു, ഭാരതചംബു, ഭോജചംബു മുതലായവ. മഹാകവി ഉള്ളൂരിന്റെ സുജാതോദ്വാഹം ചംബുവിന്നു അടുത്തകാലത്തുണ്ടായിട്ടുള്ള ചംബുക്കളുടെ കൂട്ടത്തിൽ മാന്യമായ ഒരു സ്ഥാനമുണ്ട്.

"മാനം ചേരുന്നമല്ലീശരമഹിതജയ-
സ്തംഭശുംഭൽപതാകാ-
സ്ഥാനംകൈക്കൊണ്ടു ദൃഷ്ടിക്കമൃതമഴപൊഴി-
ക്കുന്നൊരത്തയ്യലാളെ
ആനന്ദാംഭോധിവീചീകലവികളിലനേ-
കായിരം മജ്ജനംചെ-
യ്താനംഗാസ്ത്രാത്തരാകും നൃപർ മിഴികളിരെ-
ക്കണ്ടു കൊണ്ടാടിനിന്നാർ"

ഈ രീതിയിൽ ചമൽക്കാരപരങ്ങളായ പദ്യങ്ങൾ പലതും അതിൽ ഉണ്ട്. കവിതിലകൻ പി. ശങ്കരൻനമ്പ്യാർ രചിച്ചിട്ടുള്ള "പാലാഴിമഥനം" ചംബുവിന്നും ഒരു വിധം സാഹിത്യഗുണമുണ്ടെന്നു സഹൃദയന്മാർ സമ്മതിച്ചിട്ടുണ്ട്.

അടുത്ത കാലത്തു മേലുദ്ധരിച്ചവ കൂടാതെ പറയത്തക്ക ഗുണങ്ങളുള്ള ചംബുക്കൾ അവതരിച്ചിട്ടില്ല. പഠിപ്പും വാസനയുമുള്ള

കവികൾക്കേ ചംബൂക്കൾ രചിക്കുവാൻ സാധിക്കയുള്ളു. സംസ്കൃതവിദ്യാഭ്യാസവിഷയത്തിൽ ഇന്നത്തെ കവികൾ കാട്ടുമായ ഔൽസുക്യം കാണിക്കാത്തതുകൊണ്ടു ചംബുപ്രസ്ഥാനവും നാമാവശേഷമായ നിലയിലായിത്തീർന്നതിൽ ആശ്ചര്യമില്ല. പക്ഷേ, ഭാഷാസാഹിത്യലോകത്തിൽ മുൻകാലങ്ങളിൽ ചംബുക്കൾ സംസ്കാരസമ്പന്നവും, സരസവുമായ ഒരു നിലയാകുന്നു കൈരളിക്കു കൈവരുത്തിയിട്ടുള്ളതെന്നുള്ളതിന്നു സംശയമില്ല.

ഇരുപത്തിരണ്ടാമദ്ധ്യായം.

തുള്ളൽപ്പാട്ട്, വഞ്ചിപ്പാട്ട്, പാനപ്പാട്ട് മുതലായവ.

അന്നു ഭാഷാസാഹിത്യഭണ്ഡാരത്തിന്നു അനാശ്വരങ്ങളായ സമ്പാദ്യങ്ങളായിരുന്നു തുള്ളൽപ്പാട്ടുകൾ, വഞ്ചിപ്പാട്ടുകൾ, കിളിപ്പാട്ടുകൾ, പാനപ്പാട്ടുകൾ മുതലായവ. കുഞ്ചൻനമ്പ്യാർക്കുശേഷം തുള്ളൽക്കഥകൾ രസകരമായ നിലയിൽ നിർമ്മിച്ചവർ കുറയും. എന്നാൽ പൂന്തോട്ടത്തു നമ്പൂതിരിയുടെ "കാലകേയവധം" തുള്ളൽ കുഞ്ചൻെറതുള്ളലിനോടു കിടപിടച്ചിരുന്നുവെന്നു മാത്രമല്ല, അതിൻെറ രസരസഗംഭീരമായ ശൈലി ചിലർക്കു അതിലും കവിഞ്ഞ ഒരഭിപ്രായം പറയുവാൻ ഇടയാക്കിയിട്ടുമുണ്ട്. പക്ഷെ, തുള്ളലിന്നു സാർവ്വത്രികമായി ദീക്ഷിക്കേണ്ട ഫലിതരസത്തെ സംബന്ധിച്ചേടത്തോളം ഇന്നേവരെ കേരളത്തിലുണ്ടായിട്ടുള്ള കവികളുടെ കൂട്ടത്തിൽ കുഞ്ചൻനമ്പ്യാർക്കാണു പ്രഥമസ്ഥാനം. അതുകൊണ്ടുതന്നെയാണ് ആ അനുഗൃഹീതകവിയുടെ പേർ ഇന്നും പണ്ഡിതന്മാരും, പാമരന്മാരും ഒരുപോലെ പുകഴ്ത്തുന്നതും.

കൊടുങ്ങല്ലൂർ കവിസദസ്സിന്നു തുള്ളലിൻെറ കാര്യത്തിലും ഒരു പ്രധാന പങ്കുണ്ട്. വിദ്വാൻ ഇളയതമ്പുരാൻ മുതൽ ഈ അടുത്ത കാലംവരെയുണ്ടായിട്ടുള്ള കൊടുങ്ങല്ലൂർ തമ്പുരാക്കന്മാർ പലരും തുള്ളൽകൃതികളിൽ കൈവെച്ചു ജനസാമാന്യത്തെ രസിപ്പിച്ചിട്ടുണ്ട്. എന്നാൽ കവിസാർവ്വഭൌമൻ കൊച്ചുണ്ണിത്തമ്പുരാൻ നിർമ്മിച്ചിട്ടുള്ള സുന്ദരകാണ്ഡം തുള്ളൽകൃതിക്കുള്ള സരസഗംഭീരമായ ചമൽക്കാരം

മറെറാരു തുള്ളൽകൃതിക്കുമില്ല. അദ്ദേഹത്തിൻെറ ഏതു കൃതിയും ഉത്തമസാഹിത്യകോടിയിലുൾപ്പെടുത്താവുന്നതാകയാൽ, വിശിഷ്യ തുള്ളലിലും അദ്ദേഹം മെച്ചം നേടിയിട്ടുണ്ട്.

"ഇന്ദുചൂഡൻ ഭഗവാൻെറ നന്ദനനാം ഗണനാഥൻ
തുന്ദിലൻ സർവ്വഗീർവ്വാണവന്ദിതൻ വാരണവക്ത്രൻ"

എന്നിങ്ങിനെയാണ് ആ തുള്ളൽ തുടങ്ങുന്നത്. ആ മനോജ്ഞകൃതിയുടെ രസികത്വത്തെ മാന്യസഹൃദയന്മാർ വായിച്ചു മനസ്സിലാക്കേണ്ടതാണ്. കൊച്ചുണ്ണിത്തമ്പുരാൻെറ മറെറാരു വിശേഷപ്പെട്ട തുള്ളൽകൃതിയാണ് "ഷഷ്ഠിപൂർത്തിമഹോത്സവം". സ്ഥാനത്യാഗം ചെയ്ത കൊച്ചി മഹാരാജാവു തിരുമനസ്സിലെ ഷഷ്ടിപൂർത്തിയെ ആസ്പദിച്ചു രചിച്ചതാണ് ആ മനോഹരകൃതി. പ്രകൃതകൃതിയിൽ മഹാരാജാവു തിരുമനസ്സിലെ ഭരണപരിഷ്കാരത്തെപ്പററിയും മററും തമ്പുരാൻ വിവരിച്ചിട്ടുള്ളതു കാണുമ്പോൾ, അദ്ദേഹത്തിന്നു രാജ്യകാര്യങ്ങളിലും അധാധമായ അറിവുണ്ടെന്നു തെളിയുന്നു.

കൊടുങ്ങല്ലൂർ കവിസദസ്സിലെ പ്രമുഖാംഗങ്ങളിലൊരാളായിരുന്ന വെണ്മണി മഹൻനമ്പൂതിരിപ്പാട്ടിലെ "ജൂബിലി മഹോത്സവം" ഓട്ടംതുള്ളൽ കൊച്ചുണ്ണിത്തമ്പുരാൻെറ തുള്ളൽക്കൃതികളെക്കാൾ പഴക്കമുള്ളതാണ്: ഫലിതമയമായ പ്രസ്തുതകൃതിയിലെ ചില വരികൾ ഉദാഹരണത്തിന്നായി ഉദ്ധരിക്കുന്നതു രസാവഹമായിരിക്കുമെന്നു കരുതുന്നു. "ജൂബിലി" സംബന്ധിച്ചുള്ള പല വിനോദങ്ങളിൽ ഒന്നായിരുന്നു "വള്ളംകളി". അന്ന് അതിന്നു തയ്യാറായിരുന്നവരോടു പേഷ്കാരും, പരമഗുദ്ധനുമായ മാധവനെളയതു കല്പിക്കുന്നതു നോക്കുക,

"ഭോഷ്കറിയാത്തൊരു മാധവനെളയതു
പേഷ്കാരവർകളൊരുത്തരവായീ
കേൾക്കണ"മോടി കളിപ്പാൻ"വന്നിഹ
പാർശ്വപരിഷകളെന്നുടെ വാക്യം.
"പാഞ്ഞിക്കരയിലുഴന്നാൽപ്പോരാ
പോഞ്ഞിക്കര"യിൽപ്പോയിവരേണം
ആഞ്ഞുവലിപ്പിൻ കയ്യുകളിത്തിരി
തേഞ്ഞാലെന്തൊരു തേങ്ങയതിപ്പോൾ
....."

ഈ മാതിരിയിലുള്ള കവനരീതി വെണ്മണിക്ക് ഒരു പ്രത്യേകതയാണ്. ഈ രീതി നോക്കുമ്പോൾ കുഞ്ചൻെറ പിറകെ ജനസാമാന്യത്തെ രസിപ്പിക്കുവാൻ പിറന്ന ഒരു സരസകവിയാണ് വെണ്മണിയെന്നു പറയാം. മറെറാരിടത്തുള്ള വർണ്ണന കാണുക:—

"അപ്പീൽജഡിജിമാരുമപ്പോൾ ഝടിതിവന്നു
അപ്പാത്തുരയ്യൻ മാത്രമല്ലം തെക്കായിരുന്നു."

ജൂബിലി സംബന്ധിച്ചുള്ള ഡർബാറിന്നു (കൂടിക്കാഴ്ചയ്ക്കു) അപ്പീൽജഡ്ജിമാർ തുടങ്ങിയ പ്രധാനോദ്യോഗസ്ഥന്മാരും വന്നു ചേന്നു. അവരുടെ കൂട്ടത്തിൽപ്പെടേണ്ട ഒരാളായ അപ്പാത്തുരയ്യനെമാത്രം കണ്ടില്ല. അദ്ദേഹം ജൂബിലിക്ക് അല്പംമുമ്പു ദിവംഗതനായ വിവരമാണ് കവി സൂചിപ്പിക്കുന്നത്. ആ സംഗതി കുറച്ചുകൂടി സ്പഷ്ടമാക്കുവാൻ

"യമധർമ്മരാജാവിൻെറ സുമഹാജൂബിലിഘോഷം
ശ്രമിപ്പാൻ പോയെന്നുകേട്ടു നമുക്കിത്രേതത്പമുള്ളു"

എന്നു കവി വഴിയെ പറയുന്നു. ഡർബാറാഘോഷവർണ്ണനയിൽ

"സരസരുചി കലരുമിരുകുതിരകൾ വലിയ്ക്കുന്ന
സാറട്ടുകാണായിതാ രോട്ടിലപ്പൊഴേ
അതിനുടയകനകരുചിര വിവിമലശില്പങ്ങ-
ളത്ഭുതമത്ഭുതം വിശ്വകർമ്മാവിനും

....

തരമുടയ സരണികളിലണിയുമണിതോരണം
തട്ടിത്തകർക്കുന്ന പൊൻകൊടിക്കൂറകൾ
....."

ഇത്യാദി കവനാതല്പജങ്ങളുടെ തന്മയത്വം നിശ്ചയമായും സ്തുത്യർഹമാണ്. തുള്ളൽകൃതികൾക്കു ശബ്ദഭംഗി അത്യാവശ്യമാണെന്നുള്ളതു നിർവ്വിവാദമാകയാൽ, വെണ്മണിയുടെ പ്രയോഗങ്ങൾ അദ്ദേഹത്തിന്നു പദപ്രയോഗത്തെ സംബന്ധിച്ചേടത്തോളമുള്ള ഔചിത്യബോധത്തിന്നു ശരിയായ ഉദാഹരണമാണെന്നു പറയാം.

കുഞ്ഞിക്കുട്ടൻതമ്പുരാനും രസകരമായ ഒരു തുള്ളൽകൃതി നിർമ്മിച്ചിട്ടുണ്ട്. "അയോദ്ധ്യാകാണ്ഡം" എന്നാണതിന്നു പേർ. ഒറവങ്കര നീലകണ്ഠൻനമ്പൂതിരി (രാജാ)യുടെ "കുമ്പേലവൃത്തം" തുള്ളൽ

ലിന്നു ഭാഷാസാഹിത്യത്തിൽ മാന്യമായ ഒരു സ്ഥാനമുണ്ട്. മൂലൂർ എസ്. പത്മനാഭപ്പണിക്കരും, അമ്പലപ്പുഴ മാധവപ്പുതുവാളും കൂടി കൂട്ടായി നിർമ്മിച്ചിട്ടുള്ള "സഹസ്രകലശം" ശീതങ്കൽ തുള്ളൽ സഹൃദയപ്രശംസയ്ക്കു പാത്രീഭവിച്ചതാണ്. കുറപ്പത്തു കൊച്ചുണ്ണിമേനോൻ (കവിപുഷ്പമാലയിൽ കൊങ്ങിണിപ്പൂ) സുന്ദരിസ്വയംവരം ഓട്ടംതുള്ളൽ നിർമ്മിച്ചു സഹൃദയരെ രസിപ്പിച്ചിട്ടുണ്ട്. വള്ളത്തോൾ, അന്ന് ഇന്ത്യാചക്രവർത്തിയായിരുന്ന ജോർജ്ജ് പഞ്ചമന്റെ കിരീടധാരണമഹോത്സവം പ്രമാണിച്ചു രചിച്ചിട്ടുള്ള തുള്ളൽകൃതി വളരെ കേമമായിട്ടുണ്ടെന്നു് ഇന്നും പലരും പുകഴ്ത്തുന്നുണ്ട്.

ഇങ്ങിനെ തുള്ളൽപ്പാട്ടുകളെ സംബന്ധിച്ചു വിവരിക്കുകയാണെങ്കിൽ, നമ്മുടെ കവികൾ മിക്കവരും അന്ന് ആ പ്രസ്ഥാനത്തിൽ പരിശ്രമിച്ചിട്ടുണ്ടെന്നു കാണാം. പ്രസ്തുത കൃതികൾക്ക് അന്നു സാഹിത്യവകുപ്പിൽ മാന്യമായ ഒരു സ്ഥാനവും കല്പിക്കപ്പെട്ടിരുന്നു. ഇന്നും നിഷ്പക്ഷമതികളായ നിരൂപകന്മാർ ആ അഭിപ്രായത്തോടു യോജിക്കുമെന്നാണ് എന്റെ വിശ്വാസം.

വഞ്ചിപ്പാട്ടുകളെ സംബന്ധിച്ചും കുറഞ്ഞൊന്നു പറയാനുണ്ട്. വഞ്ചിപ്പാട്ടു രചിച്ചിട്ടുള്ള പ്രാചീനകവികളിൽ അഗ്രഗണ്യൻ രാമപുരത്തു വാരിയരാണ്. അദ്ദേഹത്തിന്റെ "കുചേലവൃത്തം" വഞ്ചിപ്പാട്ടുപോലെ ആപാദചൂഡം രസകരമായ ഒരു വഞ്ചിപ്പാട്ടുണ്ടായിട്ടില്ലെന്നു പറയുവാൻ നമുക്ക് ഒട്ടും ശങ്കിപ്പാനില്ല. കൊട്ടാരത്തിൽ ശങ്കുണ്ണി കല്യാണമഹോത്സവം, സീതാസ്വയംവരം എന്നീ വഞ്ചിപ്പാട്ടുകൾ നിർമ്മിച്ചിട്ടുണ്ട്. കുഞ്ഞിക്കുട്ടൻതമ്പുരാൻ രചിച്ചിട്ടുള്ളതു "രാധാമാധവയോഗം" വഞ്ചിപ്പാട്ടാണ്. അദ്ദേഹത്തിന്റെ ഷഷ്ടിപൂർത്തിമംഗളം വഞ്ചിപ്പാട്ടും സഹൃദയപ്രശംസ ലഭിച്ച ഒരു കൃതിയാണ്. എന്നാൽ സരസകവി ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോന്റെ അജാമിളമോക്ഷം വഞ്ചിപ്പാട്ടു അടുത്ത കാലത്തുണ്ടായിട്ടുള്ള വഞ്ചിപ്പാട്ടുകളുടെ കൂട്ടത്തിൽ മുന്നണിയിൽ നിൽക്കുന്ന ഒന്നത്രെ. ഉദാഹരണത്തിന്നായി ചില വരികൾ ഉദ്ധരിക്കാം.

"വട്ടക്കണ്ണിട്ടുരുട്ടിത്തീക്കട്ട ചുററം പറപ്പിച്ചു
കുട്ടിത്തികൾവടിവാന്ന ദംഷ്ട്രയും കാട്ടി,
ഊക്കനായ്ക്കുഴൽപോലെ മൂക്കിനോട്ടു വലുതാക്കി
നാക്കുനീട്ടിപ്പുലകപ്പല്ലിളിച്ചു കാട്ടി,

അസ്ഥിമാല, കടൽമാല, മസ്തകങ്ങൾകോർത്ത മാല
ഇത്തരങ്ങൾചാർത്തീട്ടുള്ളകഴുത്തിട്ടാട്ടി,
പാറയേക്കാൾക്കട്ടികൂടി കാറിനേക്കാൾ കറുപ്പുള്ള
ഘോരമെയ്യിൽച്ചോരവസ്ത്രം ചേരവേചുററി,

ദണ്ഡുമോങ്ങി ശൂലംനീട്ടിവണ്ണമേറും പാശം വീശി
ചണ്ഡമാമിരുമ്പുലയ്ക്കുചുഴററിക്കാട്ടി
ദന്തിസിംഹവ്യാഘ്രാദിയാം ജന്തുക്കളെക്കുത്തിക്കോർത്ത
കുന്തമാകാശത്തിൽമുട്ടും പന്തിയായ്ചൊക്കി

തീമയമാംവായിൽനിന്നു ധൂമമേററം വമിച്ചയ്യോ!
ധൂമകേതുക്കളെപ്പോലെ ഭീമമൂർത്തികൾ
പൊട്ടിച്ചിരിച്ചായുധങ്ങൾ തട്ടിമുട്ടിശ്ശബ്ദംകൂട്ടി
ക്കെട്ടിക്കൊണ്ടുപോവാനവർവട്ടവുംകൂട്ടി"

യമകിങ്കരന്മാരുടെ ഈ തുലികാചിത്രം എത്ര ഹൃദ്യമായിരിക്കുന്നു! മറെറാരുഭാഗത്ത്

"മാറിമാറിവരന്മാരെസ്പീകരിക്കുംതേവിടിശ്ശി
മാരിലൊന്നാമിവരംക്കുണ്ടോമാരമാലോർത്താൽ?"

എന്നും മററും കാണുന്ന പ്രയോഗത്തിലും ഒടുവിന്റെ മനോധർമ്മം വെളിവാകുന്നുണ്ട്. കുണ്ടൂർ നാരായണമേനോനും വഞ്ചിപ്പാട്ടുണ്ടാക്കുവാൻ സമർത്ഥനായിരുന്നു. അദ്ദേഹത്തിന്റെ "സുന്ദോപസുന്ദോപാഖ്യാനം" വഞ്ചിപ്പാട്ട് സാഹിത്യരസികന്മാർക്കു പുത്തനൊന്നുമല്ല. സുന്ദനേയും ഉപസുന്ദനേയും കുറിച്ചു തങ്ങളുടെ ആവലാതികൾ ദേവകൾ ബ്രഹ്മാവിനെ അറിയിച്ചു. അപ്പോൾ

"ആടലേറേറാരമരരോടേടലർനാന്ദനൻചൊന്നാൻ
കൂടലർകാലന്മാരാണിക്കുരുത്തംകെട്ടോർ"

ഈവക പ്രയോഗങ്ങൾ കുണ്ടൂരിന്റെ ഫലിതമയമായ പ്രയോഗങ്ങൾക്കു നിദർശനങ്ങളാണ്. എന്നാൽ, അന്നു സകല വഞ്ചിപ്പാട്ടുകളുടേയും മുന്നണിയിൽ നിന്നിരുന്നതു വള്ളത്തോളിന്റെ "തപതീസംവരണം" വഞ്ചിപ്പാട്ടാണെന്നു "രസികരഞ്ജിനി"യിൽ അതു പ്രകാശിച്ചപ്പോൾ പല മാന്യസഹൃദയരും അഭിപ്രായപ്പെട്ടിട്ടുണ്ട്. വഞ്ചിപ്പാട്ടുകൾക്കത്യാവശ്യമായ ശബ്ദഭംഗിയും, ഫലിതവും തപതീ

സംവരണത്തിൽ സമ്പൂർണ്ണമായിട്ടുണ്ടെന്നു തെളിയിക്കുവാൻ തപതിയുടെ സൌന്ദര്യവർണ്ണനയിലെ ചില വരികൾ ഇവിടെ ഉദ്ധരിക്കാം.

"കാളിന്ദിയിലടിച്ചേറം കോളിനെക്കാൾ കൊടുതായ
കാളിമാവുംകളിയാടുംകാർകുഴൽക്കെട്ടും
പൂന്തിങ്കൾക്കിടാവെന്നുള്ളിൽ ഭ്രാന്തിതോന്നും നിടിലത്തിൽ
ചാന്തിൻകുറികളും നല്ലചന്ദനപ്പൊട്ടും

താമരസത്താരിൽമഹത്താമരസംവരുത്തുന്ന
കാമരസംതുകുംകണ്ണുംകടാക്ഷങ്ങളും
പൊന്മണിക്കുടത്തിനൊപ്പമെന്മണിക്കുമിടയെന്യേ
തമ്മിൽതമ്മിൽത്തിരക്കീടുംതടമുലയും

പാത്തുകാണായ്വന്നനേരം ചീത്തധൈര്യമുണ്ടെന്നാലും
പാർത്ഥിവൻെറകാര്യമെല്ലാം പരുങ്ങലായി"

* * * *

"തമ്പുരാനുമതുനേരംവമ്പുറേറാരുകുണ്ഡിതത്താൽ
പാമ്പുചത്തകുറവൻെറ പന്തിയായ്ത്തീന്നു"

* * * *

"ചാരുവാകുംനിധികിട്ടിയോരുപാപ്പർപുള്ളിപോലെ
പൂരുഷേന്ദ്രൻപുരുമോദപ്പുഴയിൽമുങ്ങി"

മേലുദ്ധരിച്ച വരികൾ എത്രമാത്രം ഹൃദയംഗമമായിരിക്കുന്നുവെന്നു നോക്കുക. വഞ്ചിപ്പാട്ടുകൾക്കു ശബ്ദഗുണവും ഫലിതവും പ്രത്യേകാവശ്യമാണെന്ന നിയമം നല്ലപോലെ മനസ്സിലാക്കീട്ടുള്ള വള്ളത്തോൾ, പ്രാസപ്രയോഗവിഷയത്തിലും നല്ലൊരു പൊടിക്കൈയ്യാണു ഇവിടെ പ്രദർശിപ്പിച്ചിട്ടുള്ളതു്. വള്ളത്തോളിൻെറ ആ "പൊടിക്കൈ" നിശ്ചയമായും വഞ്ചിപ്പാട്ടിന്നു സർവ്വോപരി ഭംഗിനൽകുന്നതാണെന്നു സമ്മതിച്ചേ കഴിയൂ. വഞ്ചിപ്പാട്ടിന്നു് ആദ്യത്തെ വരിയിൽ 8-ം, 8-ംകൂടി പതിനാറക്ഷരങ്ങളാണല്ലൊ. അതിൽ ദ്വിതീയാക്ഷരപ്രാസം ശരിയായി (ആദ്യത്തെ എട്ടക്ഷരങ്ങളിൽ രണ്ടാം അക്ഷരത്തിന്നും അതുപോലെ പിന്നത്തെ എട്ടക്ഷരങ്ങളിൽ രണ്ടാം അക്ഷരത്തിന്നും) ആദ്യവരിയിൽ കൊള്ളിച്ചു രണ്ടാം വരിയിലും ശരിയായ പ്രാസനിയമം കൈക്കൊള്ളുന്നു. 8-ം, 5-ം എന്ന നിലയിൽ

രണ്ടാം വരിയിൽ 13 അക്ഷരങ്ങളാണുള്ളത്. രണ്ടാം വരിയിൽ ആദ്യത്തെ എട്ടക്ഷരങ്ങളിൽ രണ്ടാം അക്ഷരത്തിൽ മുൻവരിയെ അനുസരിച്ചുള്ള പ്രാസം വെച്ചശേഷം പിന്നത്തെ അഞ്ചക്ഷരങ്ങളിൽ പിന്നത്തെ രണ്ടാം അക്ഷരത്തിന്ന് ആ നിലയിലുള്ള പ്രാസമോ അല്ലാത്തപക്ഷം രണ്ടാം വരിയിലെ പ്രഥമാക്ഷരമോ അദ്ദേഹം പ്രാസമായി കൈക്കൊള്ളുന്നു. വഞ്ചിപ്പാട്ടുകൾക്കു ഈ രീതി പിടിക്കുന്ന പക്ഷംതന്നെ അദ്ദേഹം രണ്ടാം വരിയിലുള്ള പ്രഥമാക്ഷരംതന്നെയാണ് അതിൻെറ അഞ്ചക്ഷരത്തിലുള്ള വരിക്കും കഴിയുന്നേടത്തോളം പ്രാസമായി സ്വീകരിച്ചിട്ടുള്ളത്. ഇതു വള്ളത്തോൾ തുടങ്ങിയ ചില അനുഗ്രഹീതകവികളുടെ മനോധർമ്മത്തിന്നു മതിയായ ഒരു ദൃഷ്ടാന്തമാണ്. അതിനാൽ വള്ളത്തോൾ, വഞ്ചിപ്പാട്ടു നിർമ്മാണത്തിൽ സർവ്വസമ്മതമായ ഒരു രീതി കൈക്കൊണ്ടു്, ആ വിഷയത്തിൽ പൂർണ്ണവിജയം നേടിയിരിക്കുന്നു. വഞ്ചിപ്പാട്ടെഴുതുന്ന പലരും ഈ വിദ്യ മനസ്സിലാക്കായ്കയാലാണ് അവരുടെ വഞ്ചിപ്പാട്ടുകൾക്കു കർണ്ണസുഖം പോരാതെവരുന്നത്. എന്നാൽ കുണ്ടൂർ, ഒട്ടു തുടങ്ങിയവർ ഈ രീതി ഏറെക്കുറെ മനസ്സിലാക്കിയിട്ടുള്ളവരാണ്. മഹാകവി കുമാരനാശാൻ തൻെറ "കരുണ"യെന്ന വിശേഷപ്പെട്ട കഥയ്ക്കു കൈക്കൊണ്ടിട്ടുള്ള കവനരീതി വഞ്ചിപ്പാട്ടാണ്. "കരുണ" നിർമ്മാണത്തിൽ ആശാൻ വിജയി ആവുകയും, കൂടുതൽ പ്രശംസയ്ക്കർഹനാവുകയും ചെയ്തിട്ടുണ്ട്. കരുണയിൽ ആശാൻ യഥാർത്ഥജീവിതതത്വത്തെ പ്രത്യേകം പരാമർശിച്ചു,

> "പ്രേമമേ! നിൻപേരുകേട്ടാൽ പേടിയാം വഴിപിഴച്ച
> കാമകിങ്കരൻ ചെയ്യുന്ന കടുംകൈകളാൽ"

എന്നും മററും ഉപന്യസിക്കുന്നതിൽനിന്നു അദ്ദേഹത്തിൻെറ സ്തുത്യർഹമായ ആശയപ്രയോഗവൈദഗ്ദ്ധ്യം വ്യക്തമാകുന്നു. ഇതുപോലെ പല ഭാഗങ്ങളിലും അദ്ദേഹം തത്വചിന്തകൾക്കാസ്പദമായ ആശയങ്ങൾ ഉൾക്കൊള്ളിച്ചു സഹൃദയശ്ലാഘയ്ക്കു പാത്രീഭവിച്ചിട്ടുണ്ട്. പക്ഷേ, "കരുണ" ഒരു വഞ്ചിപ്പാട്ടാകയാൽ, അതിന്നു കുറച്ചുകൂടി ശബ്ദഭംഗി വരുത്തുവാൻ അദ്ദേഹം ശ്രമിച്ചിരുന്നെങ്കിൽ വഞ്ചിപ്പാട്ടിൻെറ കൂട്ടത്തിൽ കരുണയും ഇന്നത്തേക്കാൾ ഏററവും ഉയർന്ന ഒരു സ്ഥാനത്തുതന്നേയാണു പ്രകാശിക്കുകയെന്നു പറഞ്ഞേ കഴിയൂ. കഴിഞ്ഞുപോയ പണ്ഡിതർ കെ. പി. കറപ്പനും

വഞ്ചിപ്പാട്ടു നിർമ്മാണത്തിൽ സ്വാഭാവികമായ സാമർത്ഥ്യം കാണിച്ചിട്ടുണ്ട്.

ഇനിയും പലരും വഞ്ചിപ്പാട്ടുകൾ നിർമ്മിച്ചിട്ടുണ്ട്. അവയെക്കുറിച്ചൊക്കെ ഇവിടെ ഉപന്യസിക്കുവാൻ സാദ്ധ്യമല്ല.

വഞ്ചിപ്പാട്ടുകളെപ്പോലെതന്നെ ഭാഷാസാഹിത്യത്തിൽ ആയിടയ്ക്കു പാനപ്പാട്ടു, തിരുവാതിരപ്പാട്ടു മുതലായവയും പല കവികളും രചിച്ചു പേരെടുത്തിട്ടുണ്ട്. എന്നാൽ പൂന്താനം നമ്പൂതിരിയുടെ പണ്ടത്തെ "ജ്ഞാനപ്പാന"പോലെ ഏററവും രസകരവും, തത്വചിന്താസമ്പൂർണ്ണവുമായ പാനപ്പാട്ടുകൾ പിന്നീടുണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. അദ്ദേഹത്തിൻെറ

"രണ്ടു നാലു ദിനംകൊണ്ടൊരുത്തനെ
ത്തണ്ടിലേററി നടത്തുന്നതും ഭവാൻ,
മാളികമുകളേറിയ മന്നൻെറ
തോളിൽ മാറാപ്പു തൂക്കുന്നതും ഭവാൻ."

എന്നും മററുമുള്ള പ്രയോഗങ്ങൾ അന്നും ഇന്നും സഹൃദയസമ്മതി ലഭിച്ചിട്ടുള്ള ഒന്നാന്തരം സാഹിത്യശകലങ്ങളാകുന്നു. അന്നുള്ള കവികൾ മിക്കവരും കിളിപ്പാട്ടുകളും ഭംഗിയായി നിർമ്മിച്ചിട്ടുണ്ട്. ആയിടയ്ക്കു പല മാന്യകവികളും, അവരുടെ സംസ്കൃതവൃത്തങ്ങൾ തങ്ങളുടെ കവിതകളിൽ കൂടുതൽ പ്രയോഗിച്ചിട്ടുണ്ടെങ്കിൽ, അവർക്കു കിളിപ്പാട്ടു മുതലായ ഭാഷാവൃത്തങ്ങളിൽ പാടവമോ സാധകമോ പരിചയമോ ഉണ്ടായിരുന്നില്ലെന്നു ഒരിക്കലും പറഞ്ഞുകൂട. ചാത്തുക്കുട്ടിമന്നാടിയാരുടെ ഹാലാസ്യമാഹാത്മ്യം, കാത്തുള്ളിയുടെ അശ്വമേധം, ഒടുവിൽ ശങ്കരൻകുട്ടിമേനോൻെറ കൽക്കിപുരാണം കുടിയങ്കളത്തു ശുപ്പുമേനോൻെറ തേനാരിമാഹാത്മ്യം, കപ്പടത്തു ശങ്കരമേനോൻെറ അരുണാചലമാഹാത്മ്യം, കൊച്ചുണ്ണിത്തമ്പുരാൻെറ ലക്ഷ്മീസ്വയംവരം മുതലായ കൃതികൾ എന്നു വേണ്ടാ ആയിടയ്ക്കുണ്ടായിട്ടുള്ള പലകൃതികളും പരിശോധിച്ചാൽ അക്കാലത്തെ ഭാഷാകവികളുടെ ഭാഷാവൃത്തപ്രയോഗചാതുര്യം നമുക്കു മനസ്സിലാക്കാം. അതിനാൽ, അന്നു ഭാഷാവൃത്തങ്ങൾക്കു പ്രചാരമില്ലെന്നും, ഇന്നുള്ള കവികളാണ് അവയെ നമ്മുടെ സാഹിത്യരംഗത്തിൽ കാര്യമായി പുറത്തിറക്കിയിട്ടുള്ളതെന്നും, പ്രചരിപ്പിച്ചിട്ടുള്ളതെന്നും പ

റയുന്നതു ഒരിക്കലും ശരിയല്ല. ഏതു വൃത്തത്തിൽ കാവ്യനിർമ്മാണം ചെയ്യുവാനും വാസനക്കാരനും സമർത്ഥനുമായ ഒരു കവിക്കു പ്രയാസമില്ലെന്നാകുന്നു നാം ഈ വക സംഗതികളെ പരിഗണിച്ചു വിചിന്തനം ചെയ്യുമ്പോൾ സമർത്ഥിക്കേണ്ടതു്.

തുള്ളൽപ്പാട്ടു, വഞ്ചിപ്പാട്ടു തുടങ്ങിയ സരസങ്ങളായ കവനരീതികൾ മുമ്പു ഭാഷാസാഹിത്യത്തിനു കൈവരുത്തിയ മേന്മ ഒട്ടും ചില്ലറയല്ലെന്നും, അവയെ ഇനിയും യഥേഷ്ടം കൈക്കൊണ്ടു് ഇന്നത്തെ കവികൾ തങ്ങളുടെ കവനവൈദഗ്ദ്ധ്യം പ്രദർശിപ്പിക്കുന്നതു നമ്മുടെ ഭാഷയോടു അവർ പ്രദർശിപ്പിക്കുന്ന ദേശീയമായ ഒരു മുഖ്യകടമയായിരിക്കുമെന്നുമാണ് അഭിപ്രായം. കൈരളിക്കു സാഹിത്യവിഷയത്തിൽ അങ്ങിനെ അഭിമാനജനകമായ ഒരു നിലപൂർവ്വാധികം കൈവരുത്തുവാനാണ് നാം ഉററു ശ്രമിക്കേണ്ടതു്.

ഇരുപത്തിമൂന്നാമദ്ധ്യായം.

ദ്വിതീയാക്ഷരപ്രാസവാദബഹളം.

ഭാഷാസാഹിത്യനഭസ്സിൽ പ്രാസവഴക്കാകുന്ന കാറും കരപ്പും ആയിടയ്ക്കു് അതിലുജ്ജ്വലിച്ചിരുന്ന മനോഹരതാരങ്ങൾക്കു കുറെക്കാലത്തോളം വലിയ അസ്വസ്ഥതയ്ക്കു് ഇടയാക്കി. വിവിധരീതിയിലുള്ള പ്രാസങ്ങളിൽ വെച്ചു ദ്വിതീയാക്ഷരപ്രാസത്തോടാണല്ലോ കേരളീയരായ സഹൃദയർക്കു കൂടുതൽ പ്രതിപത്തി. പൂർവ്വകാലം മുതല്ക്കേ ആ രീതിയിലുള്ള പ്രാസം, ഭാഷാകവിതകളിൽ ഉപയോഗിക്കപ്പെട്ടുവന്നിട്ടുണ്ടെന്നു കൃഷ്ണഗാഥ, തുഞ്ചൻകൃതികൾ, കുഞ്ചൻ കൃതികൾ മുതലായവ വിശദമാക്കുന്നു. അനന്തരകാലത്തു് കൊട്ടങ്ങല്ലൂർ തമ്പുരാക്കന്മാർ, വെണ്മണി നമ്പൂതിരിപ്പാടന്മാർ മുതലായവരും, പ്രത്യേകിച്ചു കൊട്ടങ്ങല്ലൂർ കവിസദസ്സും ദ്വിതീയാക്ഷരപ്രാസം ഭാഷാകവിതയ്ക്കു എല്ലാ നിലയിലും അലങ്കാരമാണെന്നു തെളിയിച്ചിട്ടുണ്ട്. അതിപ്രാചീനകാലം മുതല്ക്കേ കൈരളി ദ്വിതീയാക്ഷരപ്രാസത്തിൽ അഭിനിവേശം കാണിച്ചിട്ടുണ്ടെന്നു് അന്നത്തെ ചമ്പൂകർത്താക്കന്മാരുടെ കൃതികളും സാക്ഷ്യം വഹിക്കുന്നു. ദ്വിതീയാക്ഷ

രപ്രാസം, ഭാഷാകവിതയ്ക്കു ശബ്ദാലങ്കാരത്തെ സംബന്ധിച്ചേട ത്തോളം കൂടുതൽ ഭംഗിയായിരിക്കുമെന്നു കണ്ടതിനാലായിരിക്കണം ചില സരസകവികൾ അതേ പ്രാസത്തെ ഒന്നുകൂടി പരിഷ്കരിക്കു വാനിടയായത്. കേരളവർമ്മ വലിയകോയിത്തമ്പുരാനാകട്ടെ, ശ ബ്ദപ്രയോഗവിഷയത്തിൽ സാമർത്ഥ്യമുള്ള ഭാഷാകവികൾ ദ്വിതീ യാക്ഷരപ്രാസം കൈവിടാതിരിക്കുന്നതു യുക്തമെന്നു ഉൽഘോഷി ച്ചു. മാത്രമല്ല, അദ്ദേഹം ദ്വിതീയാക്ഷരപ്രാസവഴക്കു സംബന്ധിച്ചു

"വാസന്തീമധുവാന്ന വാക്കിനു സജാ-
തീയദ്വിതീയാക്ഷര-
പ്രാസംതീർപ്പതു കൈരളീമഹിളതൻ
മംഗല്യമാണോർക്കണം
ഹാ സംസത്തിലസംശയം പിഴയതിൽ
പാഴായ് പറഞ്ഞാൽ പരീ-
ഹാസം സത്തുകളുംത്തടത്തിലതിയായ്-
ചെയ്യുന്നതാശ്ചര്യമോ?"

എന്ന് ഉപദേശിച്ചിട്ടുള്ളതിൽനിന്നു ദ്വിതീയാക്ഷരപ്രാസം ഭാഷാക വിതയ്ക്കു ബാഹ്യാഡംബരത്തിന്ന് ഒഴിച്ചുകൂടാത്ത ഒരലങ്കാരമാണ ന്നു വിശദമാകുന്നു. കൂടാതെ, സ്വരവ്യഞ്ജനങ്ങൾക്ക് ഐകരൂപ്യം വരുത്തിക്കൊണ്ടുള്ള ദ്വിതീയാക്ഷരപ്രാസത്തിന്ന് അധികം ഭംഗിയു ണ്ടായിരിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നു. ആ സംഗതി ക്ക് ഉത്തമനിദർശനമെന്നോണമാണ് അദ്ദേഹം സ്വരവ്യഞ്ജന ങ്ങൾക്ക് ഐകരൂപ്യം വരുത്തിക്കൊണ്ടുള്ള ,ദ്വിതീയാക്ഷരപ്രാസം തന്റെ "മയൂരസന്ദേശ"കൃതിയിൽ ഉപയോഗിച്ചിട്ടുള്ളതെന്നു തീർച്ച യാക്കാം. അല്ലെങ്കിൽ പദങ്ങൾക്കു പ്രൌഢത കൂടുതലുള്ള

"മദ്ധ്യാസക്തഭ്രമരമുഖരാരാമമദ്ധ്യത്തിലുള്ളോ-
രദ്ധ്യാവിൽപ്പുക്കനവഹിതനായങ്ങുമിങ്ങും നടന്നാൽ
വദ്ധ്യാചേന്നിട്ടതുവഴി വരും വല്ലസായിപ്പുനിന്നെ-
ബ്ബദ്ധ്യാപാപ്പിച്ചിട്ടുമദയമായഞ്ജസാപഞ്ജരത്തിൽ"

എന്ന പദ്യം കൂടി അദ്ദേഹം ആ നിലയിൽ രചിക്കുകയില്ലായിരു ന്നു. "ബദ്ധ്യാ" എന്നും മററുമുള്ള പദപ്രയോഗം,അദ്ദേഹത്തിന്റെ മേലുദ്ധരിച്ച നിലയിലുള്ള പ്രാസപ്രയോഗപ്രസക്തിയ്ക്കു മതിയായ

ഉദാഹരണമാണ്. വലിയ കോയിത്തമ്പുരാൻ, മയൂരസന്ദേശനിർമ്മാണം മുതൽ തന്റെ സകല കൃതികളിലും സ്വരവ്യഞ്ജനങ്ങൾക്ക് ഐക്യരൂപ്യം വരുത്തിക്കൊണ്ടുള്ള ദ്വിതീയാക്ഷരപ്രാസം പ്രയോഗിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രിയഭാഗിനേയനും, ശിഷ്യനുമായ പ്രൊഫസ്സർ എ. ആർ രാജരാജവർമ്മ കോയിത്തമ്പുരാനും ആദ്യകാലത്തു ദ്വിതീയാക്ഷരപ്രാസം നിർബ്ബന്ധത്തോട് കൂടിയാണ് കവിതകൾ നിർമ്മിച്ചത്. വഴിയെ അദ്ദേഹത്തിനു തോന്നിയതു, ദ്വിതീയാക്ഷരപ്രാസം ഉപയോഗിക്കുന്നതുകൊണ്ടു ഭാഷാകവിതയ്ക്കു കൂടുതൽ അർത്ഥചമൽക്കാരം കൈവരുത്തുവാൻ സാധിക്കുകയില്ലെന്നായിരുന്നു. പക്ഷെ, കവിതയിൽ മററു പ്രാസങ്ങൾ (അനുപ്രാസവും, അന്ത്യപ്രാസവും) പ്രയോഗിക്കുന്നതിൽ അദ്ദേഹം വിഭിന്നാഭിപ്രായക്കാരനായിരുന്നില്ല. പ്രൊഫസ്സർ കോയിത്തമ്പുരാനാകട്ടെ, ദ്വിതീയാക്ഷരപ്രാസത്തെസംബന്ധിച്ചുള്ള തന്റെ പുതിയ അഭിപ്രായം പുറത്തിറക്കിയപ്പോൾ, അദ്ദേഹത്തിന്റെ ഭാഗത്തുനിന്നു ആ പ്രാസത്തിന്നെതിരായി പ്രത്യക്ഷത്തിൽ വാദം നടത്തുവാൻ കെ. സി. കേശവപിള്ള സന്നദ്ധനായി. അക്കാലംവരെ കെ. സി. ദ്വിതീയാക്ഷരപ്രാസനിർബ്ബന്ധത്തോടുകൂടി ഒന്നാം തരം ഭാഷാകവിതകൾ എഴുതിയിട്ടുണ്ട്. "കെ. സി. പ്രൊഫസ്സർ കോയിത്തമ്പുരാന്റെ ഒരു പ്രത്യേകായുധമായി പ്രാസവഴക്കിൽ സധീരം പൊരുതുവാനിടയായതു അത്ഭുതംതന്നെ. കെ. സി. പ്രകൃത്യാ പ്രാസപ്രിയനാണല്ലോ" എന്നു കവി സാവ്വഭൌമൻ കൊച്ചുണ്ണിത്തമ്പുരാൻ ഭാഷാപോഷണ വിഷയത്തെ ആസ്പദിച്ചു കൊട്ടങ്ങല്ലൂർവെച്ചുണ്ടായ ഒരു സദസ്സിൽ പ്രസ്താവിച്ചിട്ടുണ്ട്. കെ. സി. യുടെ ദ്വിതീയാക്ഷരപ്രാസവിരുദ്ധപ്രസംഗങ്ങളും, പത്രലേഖനങ്ങളും കണക്കിലേറെ പ്രചാരത്തിലാവുന്നതിന്നു മുമ്പുതന്നെ ഉള്ളൂർ പ്രസ്തുത പ്രാസം ഭാഷാകവിതക്കു ഒഴിച്ചുകൂടാത്ത ഒന്നാണെന്നു സ്ഥാപിക്കുവാൻ പല പ്രയത്നങ്ങളും ചെയ്തുവന്നിരുന്നു:

ഇങ്ങിനെ പ്രാസവഴക്കു ക്രമേണ വർദ്ധിച്ചുവന്നപ്പോൾ തെക്കും വടക്കുമുള്ള പ്രധാനകവികൾ പലരും രണ്ടുചേരികളായി പിരിയുവാനിടവന്നതു് സ്വാഭാവികമാണല്ലോ. വടക്കുള്ള കവികളിൽ ഒട്ടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ, കുണ്ടൂർ നാരായണമേനോൻ, കടത്തനാട്ട് കൃഷ്ണവാരിയർ, കെ. സി. നാരായണൻനമ്പ്യാർ, നടുവം മ

ഹൻ, പി. വി. കൃഷ്ണവാരിയർ മുതലായവർ ദ്വിതീയാക്ഷരപ്രാസം ഭാഷാകവിതയ്ക്കു മനോഹരമായ ഒരലങ്കാരമാണെന്നും, അതു കൈവെടിയുന്നതു് നിശ്ചയമായും വലിയൊരു തെററാണെന്നും വാദിച്ചു. ചാത്തുക്കുട്ടിമന്നാടിയാരും പ്രാസപക്ഷപാതിയുടെ നിലയാണവലംബിച്ചതു്. പുന്നശ്ശേരിനമ്പിയും, സി. അന്തപ്പായിയും പ്രാസപ്രയോഗവിഷയത്തിൽ, അർത്ഥം ബലിചെയ്യാതെയുള്ള പ്രാസം അഭികാമമാണെന്നായിരുന്നു അഭിപ്രായപ്പെട്ടതു്. തെക്കുള്ള കവികളിൽ പ്രൊഫസ്സർ കോയിത്തമ്പുരാൻെറ ഭാഗത്തുനിന്നു പ്രത്യക്ഷത്തിൽ പോരാടിയവരിൽ അഗ്രഗണ്യൻ കെ. സി. തന്നെയായിരുന്നു. മററു ചില പ്രധാനകവികളും തിരശ്ശീലയ്ക്കുള്ളിൽനിന്നു പ്രാസവിരോധാഭിപ്രായത്തെ സഹായിച്ചു ചില ഒളിയമ്പുകൾ പ്രയോഗിക്കാതിരുന്നിട്ടില്ല.

പ്രാസവഴക്കു് അങ്ങിനെ മുത്തു മൂർദ്ധന്യാവസ്ഥയിലെത്തി. അതുസംബന്ധിച്ചു ചിലർ വ്യക്തിപരമായ ആക്ഷേപങ്ങൾക്കുകൂടി അവരുടെ വാദസമരത്തിൽ സ്ഥാനം നൽകിയിരുന്നുവെന്നു പറയേണ്ടിവരുന്നതു വ്യസനഹേതുകമത്രേ. ആയിടയ്ക്കു "മലയാളമനോരമ", "കേരളപത്രിക", "മലയാളി", "കേരളസഞ്ചാരി" മുതലായ പത്രങ്ങളും "ഭാഷാപോഷിണി" തുടങ്ങിയ പ്രധാനമാസികകളും പ്രാസപ്രയോഗവിഷയത്തിൽ വാദസമരം നടത്തിയിരുന്ന പല സാഹിത്യകാരന്മാരുടേയും ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. "കവനകൌമുദി" മാസികയാകട്ടെ, അന്നുള്ള കവികളിൽ (വിശേഷിച്ചു യുവകവികളിൽ) മിക്കപേരും പ്രാസപക്ഷപാതികളായിരുന്നതിനാൽ, ഒട്ടും ക്ലേശം വരാത്തനിലയിൽ ദ്വിതീയാക്ഷരപ്രാസത്തോടുകൂടി നല്ലനല്ല ഭാഷാകാവ്യങ്ങൾ നിർമ്മിക്കുവാൻ ഒരു പ്രയാസവും ഇല്ലെന്നു് ആ മാസികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന പല ഖണ്ഡകാവ്യങ്ങളാലും സുവ്യക്തമാക്കി. തന്മൂലം, "കൌമുദി," പ്രാസം അത്യാവശ്യമാണെന്നുള്ള അഭിപ്രായമാണു് മുറുകെപ്പിടിച്ചിരുന്നതെന്നു് ഊഹിക്കാമല്ലോ. പ്രൊഫസ്സർ കോയിത്തമ്പുരാൻെറ മേഘസന്ദേശം, കുമാരസംഭവം മുതലായ തർജ്ജമകൾ പ്രാസനിർബ്ബന്ധമില്ലാത്തവയായിരുന്നതിനാൽ, അവ പ്രാസവിദ്വേഷികളെ രസിപ്പിച്ചു. "കുണ്ടൂർ" പ്രാസനിർബ്ബന്ധത്തോടുകൂടി കുമാരസംഭവവും, രഘുവംശവും മററും തർജ്ജമചെയ്തു. കേരളവർമ്മ വലിയ കോയി

ത്തമ്പുരാൻ ദ്വിപ്രാസം "കൈരളീമഹിളതൻമംഗല്യ"മാണെന്നു തുറന്നു പറഞ്ഞിട്ടുണ്ടെങ്കിലും, തന്റെ ഭാഗിനേയന്റെ (പ്രൊഫസ്സർ കോയിത്തമ്പുരാന്റെ) അപേക്ഷാനുസരണം പ്രാസംകൂടാതെ "ലക്ഷ്മീഭായി മാസിക"യിൽ "ദൈവയോഗം" എന്ന ഒരു സരസഖണ്ഡകൃതി പ്രസിദ്ധപ്പെടുത്തി. അപ്പോൾ പ്രാസനിഷ്ഠയില്ലെങ്കിൽ അർത്ഥകല്പന കൂടുതലായി കൈവരുത്തുവാൻ സാധിക്കുമെന്നു പ്രാസവിരോധികൾ ജയഭേരിയടിച്ചു. ഉള്ളൂരാകട്ടെ, ഉടനെതന്നെ പ്രാസനിബന്ധമില്ലാതെയും തങ്ങൾക്ക് ഉത്തമകവിതകൾ നിർമ്മിപ്പാൻ കഴിയുമെന്നും, പ്രാസംകൂടാതെ അർത്ഥത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചു കാവ്യങ്ങൾ എഴുതുവാൻ കഴിവില്ലാത്തവരാണ് തങ്ങൾ എന്ന് എതിർകക്ഷികൾ വാദിക്കുന്നതു കേവലം കഴമ്പില്ലാത്ത വാദമാണെന്നും പ്രസ്പഷ്ടമാക്കുവാൻ "ലക്ഷ്മീഭായി"മാസികയിൽ തന്നെ "സത്യവതി" എന്ന മനോഹരമായ ഒരു കൃതി പ്രസിദ്ധപ്പെടുത്തി.

"പനിമതികുലതന്തുപ്പാപ്പിടം പാൽക്കടൽപ്പൈൻ-
ക്കടമിഴികൾകളിയ്ക്കും വാരൊളിക്കേളിമററം"

എന്നുംമററുമുള്ള അതിരസകരമായ പദ്യത്താൽ സമാരംഭിക്കുന്ന ആ ഖണ്ഡകാവ്യം അന്നും ഇന്നും യഥാർത്ഥഹൃദയരുടെ പ്രശംസയ്ക്കു പാത്രമാണ്. ഏതാണ്ട്, ആ കാലഘട്ടത്തിൽതന്നെയായിരുന്നു. കഴിഞ്ഞുപോയ സരസഗംഭീരകവി വി. സി. ബാലകൃഷ്ണപ്പണിക്കർ അലങ്കാരബഹുലവും, അതിമനോഹരവുമായ "വിശ്വരൂപം" എന്ന കൃതി ദ്വിപ്രാസംകൂടാതെ രചിച്ചു പ്രസിദ്ധപ്പെടുത്തിയതു്. ഈ വിഷയത്തിൽ പ്രാസവിരോധികൾ പണിക്കരെ സ്വാധീനപ്പെടുത്തിയിരുന്നുവെന്ന് ഒരു കിംവദന്തിയും പ്രചരിച്ചിരുന്നു.

ഇങ്ങിനെ ഇരുകക്ഷികളിലുമുള്ള സമരസന്നാഹികൾ തങ്ങളുടെ വാദശരങ്ങൾക്കു മൂർച്ചകൂട്ടിക്കൊണ്ടുവരികയും, ആ പോരാട്ടം അനഭിലഷണീയമായ പല സംഗതികളും പുറത്തുവരുവാൻ സംഗതിയാക്കിയിട്ടുണ്ടെന്നും വ്യസനസമേതം പ്രസ്താവിച്ചുകൊള്ളട്ടെ. പ്രാസയുദ്ധത്തെ സംബന്ധിച്ചു "കേശവനതുഖണ്ഡിക്കും പരമേശ്വരൻ വീണ്ടും മുളപ്പിക്കും" എന്ന മട്ടായപ്പോൾ അങ്ങിനെയുള്ള അനഭിലഷണീയമായ പോരാട്ടം ഉടനെ നിർത്തുന്നതു് അടിയന്തരാവശ്യമാണെന്നു വലിയ കോയിത്തമ്പുരാനു തോന്നി. ഭാഷാപോഷണാഭിലാഷത്തെ മുൻനിർത്തി കാര്യമായ പല സംഗതികളും പ്രായോഗിക

മാക്കേണ്ട ഒരു ഘട്ടത്തിൽ അനാവശ്യമായ പ്രാസവഴക്കു വർദ്ധിപ്പിപ്പിച്ചു സാഹിത്യകാരന്മാരുടെ ഇടയിൽ കൂടുതൽ വൈരം ഉണ്ടാക്കരുതെന്നു ഭാഷാപോഷിണി, ഭാരതവിലാസം മുതലായ മുഖ്യ സാഹിത്യസമാജങ്ങളും നിർമ്മത്സരനിലയിലുള്ള പല പത്രങ്ങളും പത്രഗ്രന്ഥങ്ങളുംകൂടി അഭിപ്രായപ്പെടുവാനിടയായി. കുഞ്ഞിക്കുട്ടൻതമ്പുരാനാകട്ടെ, പ്രാസം ഉണ്ടായാലും ഇല്ലെങ്കിലും കൂസൽകൂടാതെ കവനമഴ പൊഴിക്കുവാൻ കരുത്തുള്ള ഒരു ഗംഭീരമായ അംഭോദമാണ് താനെന്നിരുന്നാലും, പ്രാസപ്രയോഗ വഴക്കിനെപ്പററി സ്വാഭിപ്രായം തുറന്നുപറയുവാൻ തുടങ്ങി. പ്രാസവഴക്കു വർദ്ധിപ്പിച്ചിട്ടാവശ്യമില്ലെന്നും, പ്രാസം ഭംഗിയായി ഉപയോഗിച്ചു കവനരചന നടത്തുവാൻ സാധിക്കുന്നവർ അങ്ങിനെ ചെയ്യട്ടെ എന്നും, പ്രാസവിരോധികൾ അവരുടെ ഇഷ്ടംപോലെ പ്രവർത്തിച്ചുകൊള്ളട്ടെ എന്നുമുള്ള ഒരഭിപ്രായം അദ്ദേഹം സൂചിപ്പിച്ചുകൊണ്ടിരുന്നു. മാത്രമല്ല, വലിയ കോയിത്തമ്പുരാന്റെ അഭിപ്രായപ്രകാരം പ്രൊഫസ്സർ കോയിത്തമ്പുരാനെക്കൊണ്ടു് ആ നിർദ്ദേശത്തെ മുൻനിർത്തി ഒരു പ്രസ്താവന പത്രപംക്തികളിൽ പുറപ്പെടുവിക്കുവാനും കുഞ്ഞിക്കുട്ടൻതമ്പുരാൻ ഉററ പരിശ്രമിച്ചു. ഇതുകൊണ്ടായില്ല; കുഞ്ഞിക്കുട്ടൻതമ്പുരാൻ അന്നു "കവനകൌമുദി"യിൽ പ്രാസവഴക്കിനെപ്പററിയുള്ള സ്വാഭിപ്രായം പദ്യരൂപത്തിൽ പ്രകാശിപ്പിക്കുകയും ചെയ്തു. ആ അഭിപ്രായത്തിലടങ്ങിയ ചില പദ്യങ്ങളാണിവ;

"രണ്ടാം വർണ്ണപ്രാസം
കൊണ്ടാടി പ്രൌഢി ചേർക്കുമൊരുധർമ്മം
കുണ്ടാമണ്ടിയിലാക്കി—
ക്കൊണ്ടാക്ഷേപിച്ചിടുന്നു പുതിയ ചിലർ,

ഇതു മാററിവെച്ചുവെന്നാൽ
പുതുമാതിരിയർത്ഥപുഷ്ടിയുണ്ടാക്കാം
കുതുകത്തൊടിപ്രകാരം
ചതുരന്മാർ അർത്ഥലുബ്ധർ പറയുന്നു,

ക്ലേശകരം പ്രാശമിത—
"ക്കേശവ"മത, മതിന്നെതിർത്തുവിപരീതം
മോശതയതിനില്ലെന്ന—
പ്പേശല"പരമേശ്വരായ്യ"സിദ്ധാന്തം,

ദുഷ്ടവികടംക്കിപ്രാസം
നിഷ്കൃഷ്ടിക്കാതിരിക്കുകിൽ തന്നെ
ശ്രുഷ്ടനിരത്ഥകപദ വഴി
ദുഷ്ടരദോഷങ്ങൾ പറവതിസുലഭം.

* * *

പ്രായേണ ദ്രാവിഡച്ചൊൽകളിലിടകലരും
പ്രാസസൌഭാഗ്യമുണ്ടെ-
ന്നായേ ലോകംരസിക്കുന്ന കവിതയിലതിനാൽ
ഭൂരിപക്ഷത്തെ നോക്കി
ചായേണം നാമളങ്ങോ,ട്ടതിനിടയിൽ വെറും
വാഗ്വിവാദം തുടങ്ങി-
പ്പോയേച്ചാൽ കാര്യമുണ്ടോ, കവിതകളെഴുതി-
ക്കൂട്ടുവിൻ കൂട്ടുകാരേ!"

താൻ പ്രാസപ്രയോഗവിഷയത്തിൽ ഏതാണ്ടനുകൂലിയാണെന്നാകുന്നു തമ്പുരാൻ ഈ അഭിപ്രായംകൊണ്ടു വിശദമാക്കുന്നത്. വശ്യവാക്കായ അദ്ദേഹം അങ്ങിനെ തുറന്നുപറയുന്നതിൽ തെറ്റില്ലെന്നു മാത്രമല്ല, അദ്ദേഹത്തിന്റെ കറകളഞ്ഞ മനോഗുണമാഹാത്മ്യവും ഇതിൽനിന്നും സ്പഷ്ടമാകുന്നു. ഈ നിലയിൽ കേവലം നിർമ്മത്സരാഭിപ്രായമാണ് അദ്ദേഹത്തിനുള്ളതെന്നു കാണാം.

പ്രാസവഴക്കു അവസാനിപ്പിക്കുവാൻ വലിയകോയിത്തമ്പുരാനും, കുഞ്ഞിക്കുട്ടൻതമ്പുരാനും കൈക്കൊണ്ട ആ അഭിനന്ദനീയമായ നയം അന്നുള്ള സകല നിർമ്മത്സരമതികളായ സാഹിത്യനിരൂപകന്മാർക്കും സന്തുഷ്ടിക്കിടയാക്കി. അങ്ങിനെ വളരെക്കാലത്തോളം ഭാഷാസാഹിത്യലോകത്തെ അലട്ടിയിരുന്ന അസ്വസ്ഥതയ്ക്കു ശമനം വന്നുവെന്നു മാത്രമല്ല, അന്നത്തെ സാഹിത്യകാരന്മാർക്കും കവികൾക്കും മുൻനിലയിൽ സൌഹാർദ്ദത്തോടുകൂടി പെരുമാറുവാൻ സംഗതിവരികയും ചെയ്തു. ഇന്നാണെങ്കിൽ, സാഹിത്യവിഷയത്തിൽ വിജ്ഞാനസമ്പാദനത്തിനുതകുന്ന തത്താദൃശങ്ങളായ വാഗ്വാദങ്ങൾ ഉണ്ടാകുവാൻ സന്ദർഭമില്ല. അതിനുതക്ക നിലയിൽ സാഹിത്യാഭ്യാസമുറകളിൽ കയ്യും മെയ്യും സിദ്ധിച്ച മഹാരഥന്മാർ ഇന്നില്ലെന്നും നമുക്കറിയാമല്ലോ. ഏതു നിലയിലും, അന്നുണ്ടായ പ്രാസവഴക്കു പല പ്രകാരത്തിലും വിജ്ഞാനപ്രദവും വിനോദക

രവും ആയിരുന്നു എന്നുതന്നെയാണ് എനിക്കുമുള്ള എളിയ അഭിപ്രായം. അന്നത്തെ സാഹിത്യമത്സരങ്ങളെവിടെ? ഇന്നത്തെ ഈ വ്യക്തിവിദ്വേഷം എവിടെ?

ഇരുപത്തിനാലാമദ്ധ്യായം.

വിലാപകാവ്യകാലം.

കൊടുങ്ങല്ലൂർ കവിസദസ്സിലെ അംഗങ്ങളൊ, അവരെ അനുസരിച്ചു പ്രവർത്തിച്ചിരുന്ന മററു കവികളൊ കരുണരസപ്രധാനമായ വിലാപകവിതകളിൽ അന്നു കാര്യമായി കൈവെച്ചിരുന്നില്ല. അന്നു കവികൾ സാമാന്യേന എണ്ണപ്പെട്ട വല്ല മാന്യന്മാരുടേയും ചരമത്തിലേ വിലപിച്ചിരുന്നുള്ളു. ആ വക ചരമപദ്യങ്ങളെ വിലാപകാവ്യകോടിയിൽ പരിഗണിക്കാവതല്ല. എന്നാൽ, അവയിൽ ചുരുക്കം ചില കവികൾ യഥാർത്ഥത്തിൽ വിലാപകാവ്യങ്ങളെന്നു പറയുവാൻ പററുന്നവയായിരിക്കും. എങ്കിലും, "വിലാപകാവ്യം" എന്ന ഒരു പ്രസ്ഥാനം ഭാഷാസാഹിത്യത്തിൽ ഒരു പ്രധാന വകുപ്പായിത്തീർന്നതു സി. എസ്സ്. സുബ്രഹ്മണ്യൻപോററിയുടെ "വിലാപ"മെന്ന കാവ്യത്തിൻെറ ആവിർഭാവം മുതൽക്കാണ്. ഇംഗ്ലീഷുസാഹിത്യത്തിലുള്ള വിലാപകാവ്യങ്ങളോട് ഏറെക്കുറെ സാദൃശ്യമുള്ള ആ വിലാപകാവ്യം ഭാഷയിലുള്ള താദൃശപ്രസ്ഥാനത്തിൻെറ പുരോഗാമിതന്നേയായിരുന്നു. പോററിയുടെ വിലാപകാവ്യത്തെ അനുകരിച്ച് ആയിടയ്ക്കു ചില ഖണ്ഡകാവ്യങ്ങൾ മലയാളത്തിലാവിർഭവിച്ചു.

മഹാകവി കുമാരനാശാൻെറ "പ്രരോദനം"എന്ന കാവ്യം പല നിലയിലും വിലയേറിയ ഒരു വിലാപകാവ്യമായിട്ടാണു സാഹിത്യനിരൂപകന്മാർ പരിഗണിച്ചുവരുന്നത്. പ്രൊഫസ്സർ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻെറ അകാലവിയോഗത്തെ അധികരിച്ചുള്ളതാണല്ലോ ആ വിശിഷ്ടകാവ്യം. തത്വചിന്താസമ്പൂർണ്ണമായ ആ കാവ്യം ഒരു യഥാർത്ഥ വിലാപകാവ്യമാണെന്നാകുന്നു അന്നുമിന്നും സാഹിത്യനിരൂപകന്മാർക്കുള്ള അഭിപ്രായം. വിലാ

പകാവ്യങ്ങളും മററും, തങ്ങൾക്കു യഥാർത്ഥത്തിൽ ഉസ്സഹമായ വ്യസനം തട്ടുമ്പോൾ വാസനാകവികൾ എഴുതിയാൽ മാത്രമേ, അവ സഹൃദയസമ്മതി സമ്പാദിക്കയുള്ളുവെന്നും, അല്ലാത്തപക്ഷം അവയ്ക്കു ത്യാജ്യകോടിയേ ശരണമായിരിക്കയുള്ളുവെന്നും വിവരമില്ലാതെ വിലാപകാവ്യങ്ങളിൽ കൈവെയ്ക്കുന്ന കവികൾ പ്രത്യേകം മനസ്സിലാക്കേണ്ടതാണ്.

കേവലം ഒരു ലഘുകൃതിയാകയാൽ, വിലാപകാവ്യമെന്നു ഘോഷിക്കുവാൻ യോഗ്യതയില്ലെങ്കിലും, വിലാപകാവ്യത്തിന്റെ സകല ലക്ഷണങ്ങളുമുള്ള ഒരു ഉൽക്കൃഷ്ടകവിതയാണു വി. സി. ബാലകൃഷ്ണപ്പണിക്കരുടെ "വിലാപം." സ്വതവേ പാഠിപ്പും, നല്ല കവിതാവാസനയുമുള്ള പണിക്കരുടെ ഏതു കൃതികൾക്കും തത്വചിന്താപരമായ ഒരു പശ്ചാത്തലമുണ്ടായിരിക്കുമെന്നു നമുക്കനുഭവമാണ്. സംസ്കൃതസാഹിത്യലക്ഷണങ്ങൾ സർവ്വവും നല്ലപോലെ ഹൃദിസ്ഥമാക്കിയിരുന്ന പണിക്കർ ഇംഗ്ലീഷുസാഹിത്യപരിചയവുംകൂടി ഒരുമാതിരി സമ്പാദിച്ചപ്പോൾ ആ സാഹിത്യത്തിൽ കൂടുതൽ പ്രാധാന്യമുള്ള പല വിലാപകാവ്യങ്ങളുടെയും മുഖ്യലക്ഷണങ്ങൾ മനസ്സിലാക്കി. ആ നിലയിലാണു രസികനായ പണിക്കരുടെ "വിലാപം" പാഠ്യപുസ്തകങ്ങളിലുംകൂടി കടന്നുകൂടുവാനിടയായതു്. കൂടാതെ, സ്വാനുഭവവുംകൂടി പ്രകൃതിക്കു പ്രേരകമായിട്ടുണ്ടെന്നു് ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

"നീലക്കാർ മൂടി മങ്ങുന്നിതുമതി, കൊടുതാം
മിന്നൽ പായുന്നു, നാഡീ-
ജാലത്തിൽക്കൂടി ദീർഘശ്വസനനിളകവേ
ബാഷ്പവർഷം വരുന്നു
പാലഞ്ചും വാണിയാളേ! തവ വിരഹവിചാ-
രാംബുധിക്കോളിളക്കം
കാലത്തിന്നൊത്തിരിപ്പൂ കണ്ണവനുടെ കരം-
ത്തട്ടിതാ പൊട്ടിയല്ലോ"

ഇത്യാദി ഭാവഗർഭങ്ങളായ പല വിശിഷ്ട പദ്യങ്ങളും "വിലാപ"ത്തിലുണ്ട്. ഈവിധം ഉത്തമപദ്യങ്ങൾ നിർമ്മിച്ച ആ അനുഗ്രഹീതകവി ഇന്നു ജീവിച്ചിരിപ്പുണ്ടെങ്കിൽ, അദ്ദേഹം നമ്മുടെ സാഹിത്യസമ്പത്തു് എത്രമാത്രം വർദ്ധിപ്പിക്കുമായിരുന്നു?

മഹാന്മാരായ കവികളും, മററു പ്രധാനപ്പെട്ടവരും മൃതിയടയുമ്പോൾ ഉത്തമകവികൾ യഥാർത്ഥസാഹിത്യലക്ഷണസഹിതം എഴുതുന്ന ചമൽക്കാരപരങ്ങളായ കവിതകൾ "വിലാപകാവ്യ" കോടിയിൽ ഉൾപ്പെടുത്താമെന്നു ഞാൻ മുമ്പു പ്രസ്താവിച്ചുവല്ലോ. ആ നിലയ്ക്കു, മഹാകവി വള്ളത്തോൾ കുഞ്ഞിക്കുട്ടൻ തമ്പുരാൻെറ നിഷ്ക്രാണത്തിൽ എഴുതിയ ചരമപദ്യങ്ങൾക്ക് ഉത്തമമായ ഒരു വിലാപകാവ്യത്തിൻെറ യോഗ്യതയുണ്ടെന്നു സമ്മതിക്കാം. തമ്പുരാൻെറ ദേഹവിയോഗത്തിൽ വള്ളത്തോൾ ഉള്ളം തകൎന്നു വിലപിക്കുന്നത് ഇങ്ങിനെയൊക്കെയാണ്:—

"ചിക്കെന്നു വിജ്ഞാനവിശേഷരത്ന-
ച്ചെപ്പായിരുന്നാത്തല ചാമ്പലായി
നിനയ്ക്കുവയ്യെൻ മലയാളഭാഷേ!
നിർഭാഗ്യയാം നിൻ ഗതിയെന്തു മേലിൽ?"

തമ്പുരാൻ അത്രമാത്രം വിലപിടിച്ച വിജ്ഞാനത്തിനു വിളനിലമായിരുന്നു. "കേരള"ചരിത്രവിഷയത്തിലും മററും തമ്പുരാനുണ്ടായിരുന്ന അഗാധമായ ജ്ഞാനം വള്ളത്തോളിന്നു അനുഭവസിദ്ധമായിരുന്നതിനാലാണ്, അദ്ദേഹം "മലയാളഭാഷേ! നിർഭാഗ്യയാം നിൻ ഗതിയെന്തു മേലിൽ" എന്നു വിലപിക്കുന്നത്.

"കാലക്രമാൽത്തീപ്പെട്ടമമ്മയായ
ദേവിക്കു ശേഷക്രിയ ചെയ്തിടാതെ
അഭിജ്ഞനായോരവിട്ടു കാണ്ഡേ
വിണ്ണിന്നെഴുന്നള്ളിയതെന്തിവണ്ണം?"

"വൈധവ്യമാർന്നു കവിതാവധൂടി
ഹാ! കൈരളിപ്പെണ്ണിനു കണ്ണുപൊട്ടി
ആലംബനാശാലിഹവാണിമാതിൻ
വലത്തുകൊങ്കയ്ക്കു വലച്ചിലായി"

നാലാപ്പാട്ടു നാരായണമേനോൻെറ "കണ്ണുനീർത്തുള്ളി"യ്ക്കു ഒരു വിലാപകാവ്യമെന്ന പേരിന്നർഹതയുണ്ട്. കവി തൻെറ പ്രിയതമയുടെ അകാലദേഹവിയോഗത്തിൽ അതികഠിനമായി ദുഃഖിച്ചുകൊണ്ടു നിർമ്മിച്ചതാണക്കവിതയെന്നു വരുമ്പോൾ, അതിന്നു വിലാപകാവ്യകോടിയിലുൾപ്പെടുവാൻ യോഗ്യതയുണ്ടായിരിക്കുമെന്നുകൂടി

നമുക്കനുമാനിക്കാം. വിശേഷിച്ച്, നാലപ്പാടൻ തൻെറ ബുദ്ധിയും, യുക്തിയും ശരിയായി ഉപയോഗിച്ചുകൊണ്ടാണ് കണ്ണുനീരിൽ മുഴുകിക്കൊണ്ട്, മനുഷ്യജീവിതത്തിലെ വിവിധങ്ങളായ സുഖദുഃഖങ്ങളെ തൻെറ കാവ്യത്തിൽ വിവരിക്കുന്നതു്. നല്ല നല്ല പദ്യങ്ങൾ പലതും "കണ്ണുനീർത്തുള്ളി"യിലുണ്ട്. ഉദാഹരണമായി

"ഇരുൾക്കരിക്കട്ടകൾ കൂട്ടിയിട്ടു
നിറച്ചു വൈരപ്പൊടി ചിന്തിടും നീ
മഹത്വമേ മൃത്യുവിൽ നിന്നെനിയ്ക്കു
ന്നനശ്വരത്വത്തെയെടുത്തു കാട്ടും ?"

എന്നും മാറാമുള്ള പദ്യങ്ങളിലെ ഹൃദയംഗമങ്ങളായ ആശയങ്ങൾ നിശ്ചയമായും യഥാർത്ഥസാഹിത്യനിരൂപകന്മാരെ കണക്കിലേറെ രസിപ്പിക്കുന്നവയാണ്.

ഇങ്ങിനെ ഉത്തമങ്ങളായ ചില വിലാപകാവ്യങ്ങൾ അനുമാനമായി ഭാഷാസാഹിത്യഭണ്ഡാരത്തെ പരിപോഷിപ്പിച്ചിട്ടുണ്ട്. പക്ഷേ. വിലാപകാവ്യകോടിയിൽ ഉൾപ്പെടുത്തുവാൻ തക്ക യോഗ്യതയില്ലാത്ത പല കാവ്യങ്ങളും പിന്നീടു ആവിർഭവിച്ചിട്ടുണ്ടെങ്കിൽ, ഉള്ളൂരിൻെറ ചരമത്തിൽ കവിതിലകൻ വടക്കുംകൂർ രാജരാജവർമ്മരാജ ഉള്ളുഴിഞ്ഞു ദുഃഖിച്ചു നിർമ്മിച്ച "മഹാച്ചരമം" എന്ന കാവ്യത്തിന്നു നല്ല വിലാപകാവ്യങ്ങളുടെ കൂട്ടത്തിൽ ഗണനീയമായ ഒരു സ്ഥാനമാണുള്ളതെന്നു സംശയിക്കാതെ സമ്മതിക്കാം. ഉദാഹരണത്തിന്നായി

"ആവൻകൃതീന്ദ്രമണി, കൈരളിതൻെറ മുഖ്യ
ജീവൻ, മദീയസുഹൃദഗ്രണി, ശിഷ്യനുള്ളൂർ
ദ്രവ്യവിട്ടു നിമിത്തമുയർന്ന ശോക-
മേവൻ പൊറുക്കുമകതാര തറക്കുമാക്കും"

എന്നിത്യാദിപദ്യം മേലുദ്ധരിച്ച അഭിപ്രായത്തിന്നു മതിയായ സാക്ഷ്യമാണ്.

ഇനിയും നമ്മുടെ ഭാഷാസാഹിത്യത്തിൽ വിലാപകാവ്യങ്ങൾ ഉണ്ടാകേണ്ടതു് ആവശ്യമാണ്. കരുണരസപ്രയോഗത്തിൽ കൈ ചെലുത്തുവാൻ വിദഗ്ധന്മാരായ വാസനാകവികൾ സ്വാനുഭവങ്ങളെ മുൻനിർത്തി വിലാപകാവ്യങ്ങളെഴുതുകയാണെങ്കിൽ, അവയ്ക്കു നിശ്ചയമായും സഹൃദയ പ്രശംസലഭിക്കാതിരിക്കയില്ല.

ഇരുപത്തിയഞ്ചാമദ്ധ്യായം.

ഭാഷാവ്യാഖ്യാനങ്ങളും സാഹിത്യഗ്രന്ഥങ്ങളും.

അക്കാലത്തുതന്നേയാണ് പ്രധാനമായ പല സംസ്കൃതഗ്രന്ഥങ്ങളുടേയും വ്യാഖ്യാനങ്ങൾ പുറത്തിറങ്ങിയതു്. പ്രസ്തുത പരിശ്രമങ്ങളിൽ, കൊടുങ്ങല്ലൂർ കോവിലകത്തെ ഗംഭീരവിദ്വാന്മാരായ തമ്പുരാക്കന്മാരിൽ ചിലർ ഭാഗഭാക്കുകളായിരുന്നു. പക്ഷേ, ആ മഹാശയന്മാർ എഴുതിയ പല വ്യാഖ്യാനങ്ങളും അന്ന് അച്ചടിക്കപ്പെടുകയുണ്ടായില്ല. തന്മൂലം അവയെപ്പററി ഇന്നു സാഹിത്യലോകത്തിൽ കാര്യമായി ഒന്നും അറിയുന്നില്ലെന്നു വ്യസനസമേതം പ്രസ്താവിച്ചുകൊള്ളട്ടെ.

'മലയാളികൾക്ക്' ഇന്നു പരക്കെ ഉപകാരപ്പെടുന്ന പല വിശിഷ്ടവ്യാഖ്യാനങ്ങളും നിർമ്മിച്ചിട്ടുള്ള പണ്ഡിതന്മാരിൽ പ്രഥമഗണനീയൻ കൈക്കുളങ്ങര രാമവാരിയരാണെന്നു പറയുന്നതിൽ സംശയത്തിന്നവകാശമില്ല. അദ്ദേഹം രചിച്ച വ്യാഖ്യാനങ്ങൾ മിക്കവാറും അച്ചടിക്കപ്പെട്ടിട്ടുണ്ടെന്നു മാത്രമല്ല, അവയ്ക്കു നല്ല പ്രചാരവും സിദ്ധിച്ചിട്ടുണ്ടു്. വാരിയരുടെ അഗാധമായ സംസ്കൃതപാണ്ഡിത്യവും, ഉറച്ച ശാസ്ത്രപരിചയവും പ്രസിദ്ധമാണ്. ഭാഷാകവിതയിലും അദ്ദേഹം പലപ്പോഴും കൈവെച്ചിട്ടുണ്ടു്. വാരിയർ സാഹിത്യത്തിലും, ശാസ്ത്രത്തിലും ഒരുപോലെ സുദൃഢമായ അഭ്യാസം നേടിയിട്ടുള്ള ഒരാളാകയാലായിരിക്കണം, അദ്ദേഹത്തെ കുഞ്ഞിക്കുട്ടൻതമ്പുരാൻ തന്റെ "കവിഭാരത"ത്തിൽ കണ്ണനാക്കുവാൻ കാരണം. കണ്ണന്റേയും വാരിയരുടേയും സ്വഭാവത്തിന്നു ഏറെക്കുറെ സാദൃശ്യമുണ്ടെന്നും കേട്ടിട്ടുണ്ടു്. വാരിയരുടെ ജ്യോതിഷഗ്രന്ഥങ്ങളായ "ഹോര" മുതലായവയുടെ വ്യാഖ്യാനങ്ങളെ പുകഴ്ത്താത്ത വിദ്വാന്മാർ മലയാളത്തിലുണ്ടായിട്ടില്ല. അദ്ദേഹം മിക്ക വൈദ്യശാസ്ത്രങ്ങൾക്കും, സുപ്രസിദ്ധ സംസ്കൃതകാവ്യങ്ങളായ മാഘം, നൈഷധം, കുമാരസംഭവം മുതലായവയ്ക്കും എഴുതിയിട്ടുള്ള ഒന്നാന്തരം വ്യാഖ്യാനങ്ങൾ ഭാഷയെ കണക്കിലേറെ പരിപോഷിപ്പിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ അത്യുത്തമങ്ങളായ വ്യാഖ്യാനങ്ങൾ വഴിയായി ഒട്ടനേകം ജനങ്ങൾ ജ്യൌതിഷികളും, വൈദ്യന്മാരും, നല്ല സംസ്കൃതവുൽപ്പന്നന്മാരുമായിത്തീർന്നിട്ടുമുണ്ടു്.

സപ്രസിദ്ധപണ്ഡിതനായിരുന്ന പുന്നശ്ശേരിനമ്പി നീലകണ്ഠശർമ്മയും പല സംസ്കൃതകാവ്യങ്ങൾക്കും, ശാസ്ത്രഗ്രന്ഥങ്ങൾക്കും വിശേഷപ്പെട്ട വ്യാഖ്യാനങ്ങൾ രചിച്ചു ഭാഷയെ സമ്പന്നയാക്കി. ആദ്യകാലങ്ങളിൽ അദ്ദേഹം ഭാഷയിൽ പല ഗദ്യപദ്യലേഖനങ്ങളുംകൂടി എഴുതിയിട്ടുള്ളതായി അറിയുന്നു.

പുന്നശ്ശേരിനമ്പിയുടെ പ്രധാനശിഷ്യന്മാരിൽ അഗ്രഗണ്യനാതിരുന്ന ടി. സി. പരമേശ്വരൻമൂസ്സതും അസംഖ്യം സംസ്കൃതഗ്രന്ഥങ്ങൾക്ക് ഏററവും ഉപകാരപ്പെട്ട വ്യാഖ്യാനങ്ങൾ എഴുതിയിട്ടുണ്ട്. അവയിൽ മുന്നണിയിൽ നിൽക്കുന്നവയാണ് നാരായണീയവ്യാഖ്യാനവും മററും. എന്നാൽ പരമേശ്വരൻമൂസ്സതിൻെറപേർ എന്നും ഭാഷാസാഹിത്യലോകത്തിൽ യാതൊരു കുറവും പററാതെ പ്രകാശിക്കുവാൻ കാര്യമായി സംഗതിവരുത്തിയിട്ടുള്ളതു "അമരകോശ"ത്തിന്ന് അദ്ദേഹം നിർമ്മിച്ച "പാരമേശ്വരി" എന്ന വിശിഷ്ട വ്യാഖ്യാനമാണ്. ആ വിഷയത്തിൽ മൂസ്സതിനെ ആത്മാർത്ഥമായി അഭിനന്ദിച്ച മഹാവിദ്വാനായിരുന്ന കോഴിക്കോട്ടു മാനവിക്രമനേട്ടൻതമ്പുരാൻ (അദ്ദേഹം പിന്നീടു സന്യാസിയായി) "അഭിനവവാചസ്പതി" എന്ന ബിരുദം അദ്ദേഹത്തിന്നു നൽകിയിട്ടുണ്ട് "ത്രിവേണി" എന്ന പേരിൽ, അതിൻെറ അതിമനോഹരമായ ഒരു സംഗ്രഹവും പുസ്തകരൂപത്തിൽ പുറത്തിറക്കുകയുണ്ടായിട്ടുമുണ്ട് പക്ഷേ, നിർഭാഗ്യവശാൽ "ത്രിവേണി"യുടെ പുസ്തകാകൃതികാണ്മാൻ യോഗമില്ലാതെ അദ്ദേഹം ദിവംഗതനായി.

കൈക്കുളങ്ങരെ രാമവാരിയരുടെ ഒരു പ്രധാന ശിഷ്യനായിരുന്നു എടമന കൃഷ്ണൻ എഴുത്താന്തിരി. അദ്ദേഹം ഉറച്ച പണ്ഡിതനും, ശാസ്ത്രജ്ഞനും, ഒരു വേദാന്തിയുംകൂടിയായിരുന്നു. അദ്ദേഹത്തിൻെറ ഭാഷാകവിതകൾക്കും നല്ല ചമൽക്കാരമുണ്ട്. കൃഷ്ണൻ എഴുത്താന്തിരി തത്വചിന്താസമ്പൂർണ്ണങ്ങളായ പല ലേഖനങ്ങളും ചില പുസ്തകങ്ങളും രചിച്ചിട്ടുണ്ട്. സംസ്കൃതഗ്രന്ഥങ്ങൾ ചിലതിന്നു വ്യാഖ്യാനങ്ങളും അദ്ദേഹം എഴുതിയിരിക്കുന്നു.

ഉത്തമകവിയും, ഒന്നാന്തരം പണ്ഡിതനുമായിരുന്നു ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള. അദ്ദേഹത്തിൻെറ "ശബ്ദതാരാവലി",

എന്ന ഭാഷാനിഘണ്ടു നമ്മുടെ ഭാഷയ്ക്കു ഏററവും വിലപിടിച്ച ഒരു സമ്പാദ്യമാണ്

പരിശ്രമശീലനും നല്ല പണ്ഡിതനുമായ ആർ. നാരായണപ്പണിക്കർ പ്രയോജനകരങ്ങളായ പല സാഹിത്യഗ്രന്ഥങ്ങളും നിർമ്മിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ നവയുഗഭാഷാനിഘണ്ടു, കേരളഭാഷാസാഹിത്യചരിത്രം തുടങ്ങിയവ എല്ലാ നിലയിലും സ്തുത്യർഹങ്ങളായ ഗ്രന്ഥങ്ങളാണ്

പ്രസിദ്ധ വിദ്വാനും സാഹിത്യകാരനുമായ ഡോക്ടർ എൻ. എ. രവിവർമ്മ കോയിത്തമ്പുരാൻ പല ശാസ്ത്രീയഗ്രന്ഥങ്ങളും നിർമ്മിച്ചിട്ടുള്ളതിന്നു പുറമെ ശ്രീമൽ ഭഗവൽഗീതക്കു വിശിഷ്ടമായ ഒരു വ്യാഖ്യാനമെഴുതിയിട്ടുമുണ്ട്.

വൈദ്യശാസ്ത്രത്തിൽ അഗാധമായ അറിവും, സാഹിത്യത്തിൽ ശരിയായ വൈദഗ്ദ്ധ്യവും നേടിയിട്ടുള്ള വടക്കെപ്പാട്ടു നാരായണൻനായർ നമുക്ക് ഉപയോഗപ്പെടുന്ന പല ഗ്രന്ഥങ്ങൾക്കും വ്യാഖ്യാനമെഴുതി "സുശ്രുത"ത്തിന്നു് അദ്ദേഹം രചിച്ചിട്ടുള്ള വ്യാഖ്യാനംമൂലം വൈദ്യലോകം ഒട്ടാകെ അദ്ദേഹത്തെ ആദരിക്കയും, അഭിനന്ദിക്കയും ചെയ്യുവരുന്നു. സാഹിത്യസംബന്ധമായ ചില ഗ്രന്ഥങ്ങൾ അദ്ദേഹം നിർമ്മിച്ചു ഭാഷാഭിമാനികളെ സന്തുഷ്ടരാക്കുകയുണ്ടായിട്ടുണ്ടെന്നു മാത്രമല്ല, അദ്ദേഹത്തിന്നുള്ള കവനകലാനൈപുണ്യവും (പ്രത്യേകിച്ചു സംസ്കൃതത്തിൽ) അദ്ദേഹം പല വഴിയായും സുവ്യക്തമാക്കിയിരിക്കുന്നു. നാരായണൻനായർ ഒരുത്തമ ഭാഷാഭിമാനികൂടിയാണെന്നു പറയുവാൻ ആരും ശങ്കിക്കുകയില്ല.

പ്രസിദ്ധപണ്ഡിതനും, ഭക്തനുമായ കൊല്ലങ്കോട്ടു പുത്തൻവീട്ടിൽ ഗോപാലൻനായർ (സാഹിത്യകുശലൻ) ശ്രീമൽ ഭാഗവതത്തിന്നു എഴുതിയിട്ടുള്ള വ്യാഖ്യാനം വിദ്വജ്ജനസമ്മതി നേടിയിട്ടുള്ളതാണ്. അദ്ദേഹത്തിന്റെ ശ്രീപഞ്ചദശീവ്യാഖ്യാനവും സ്തുത്യർഹമാകുന്നു. ഗോപാലൻനായർ മററു പല വ്യാഖ്യാനങ്ങളും നിർമ്മിച്ചിട്ടുള്ള ഒരു ഭക്തനാണെന്നു പറയാം. ഉത്തമസാഹിത്യകാരനും, നല്ല പണ്ഡിതനുമായ കെ. വീ. എം. (കുഞ്ഞില്ലി വാസുദേവൻ മുസ്സത്) പല സംസ്കൃതഗ്രന്ഥങ്ങൾക്കും വ്യാഖ്യാനമെഴുതിയിട്ടുണ്ട്.

അദ്ദേഹത്തിന്റെ "ത്രിവേണി" എന്ന ഗ്രന്ഥം സാഹിത്യപരിശീലനാഭിലാഷികൾക്കു ഏററവും ഉപയോഗപ്പെടുന്ന ഒന്നാണ്.

ഇവരെക്കൂടാതെ പല വിദ്വാന്മാരും ഭാഷയിൽ ഉപകാരപ്പെടുന്ന വ്യാഖ്യാനങ്ങൾ വളരെ എഴുതിയിട്ടുണ്ട്. അവയെ പ്രത്യേകമെടുത്തു ഇവിടെ വിവരിക്കുക സാദ്ധ്യമല്ല.

ഭാഷാസാഹിത്യപരിശീലനവിഷയത്തിൽ ഔത്സുക്യമുള്ളവർക്കു പ്രത്യേകിച്ചു കവികൾക്കു സർവ്വോപരി ഉപകാരപ്പെടുന്ന നിലയിൽ അക്കാലത്തു വൃത്തങ്ങളെപ്പററി മനസ്സിലാക്കുവാൻ കവി സാർവ്വഭൌമൻ കൊച്ചുണ്ണിത്തമ്പുരാൻ നിർമ്മിച്ചതാണ് "കാന്തവൃത്തം" അതിൽ, ഓരോ സംസ്കൃതവൃത്തവും ശരിയായി ഗ്രഹിക്കുവാൻ ഇടവരുത്തുമാറു ഭാഷയിൽ അതേ വൃത്തത്തിലാണ് അദ്ദേഹം ഉദാഹരണങ്ങൾ നൽകിയിട്ടുള്ളത്. അന്നു കൊച്ചിയിലെ മൂന്നാംകൂർ തമ്പുരാനും മഹാ വിദ്വാനുമായിരുന്ന കൊച്ചുണ്ണിത്തമ്പുരാന്റെ നിർദ്ദേശാനുസരണമാണ് കവി സാർവ്വഭൌമൻ കാന്തവൃത്തം രചിച്ചതെന്നറിയുന്നു. കാന്തവൃത്തത്തിൽനിന്നു ഉദാഹരണമായി ഗീതിയുടെ ലക്ഷണപദ്യം ചുവടെ ചേർക്കുന്നു.

ആയ്യാപൂർവ്വാർദ്ധം പോ-
ലായ്യേ! യാതൊന്നിലുത്തരാർദ്ധമതും
ഭായ്യേ! വർദ്ധിതമന്മഥ-
വീയ്യേ! കാണുന്നു ഗീതിയാണതെടൊ"

കുഞ്ഞിക്കുട്ടൻതമ്പുരാൻ സാഹിത്യവിഷയത്തിൽ പരിശ്രമിക്കുന്നവരുടെ ഉപയോഗത്തെ പുരസ്കരിച്ചു "ശബ്ദാലങ്കാരം" എന്ന ഗ്രന്ഥം സംസ്കൃതത്തിൽനിന്നു പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ഭാഷാകവികൾക്കു ശബ്ദാലങ്കാരവിഷയത്തെപ്പററി നല്ലപോലെ അറിവു നേടുവാൻ ആ ഗ്രന്ഥം നിശ്ചയമായും ഉപകരിക്കും. ഭാഷാവ്യാകരണം ക്രിയാകാണ്ഡവും അദ്ദേഹത്തിന്റെ തർജ്ജമയിലുൾപ്പെട്ടതാണ്

ലീലാതിലകം എന്ന ഉത്തമസാഹിത്യഗ്രന്ഥം വിശേഷപ്പെട്ട വ്യാഖ്യാനസഹിതം പ്രസിദ്ധപ്പെടുത്തിയ ആററൂർ കൃഷ്ണപിഷാരൊടിയുടെ പേർ ഏതുകാലത്തും സാഹിത്യനിരൂപകന്മാർ പ്രശംസിക്കാതിരിക്കയില്ല. ലീലാതിലകംകൊണ്ടുതന്നെ അദ്ദേഹം സുവിദിതനായിട്ടുണ്ട്. അദ്ദേഹം മറെപല ഉപയോഗമുള്ള സാഹിത്യഗ്ര

ന്ഥങ്ങളും എഴുതിയിട്ടുള്ള ഒരു മഹാശയനാണ്. മഹാകവി ഉള്ളൂർ വളരെക്കാലമായി എഴുതി മുഴുമിച്ച ഏററവും വിപുലവും, വിശദവുമായ ഭാഷാസാഹിത്യചരിത്രം ഇപ്പോൾ തിരുവിതാംകൂർ സർവ്വകലാശാല ഓരോ വാല്യമായി അച്ചടിച്ചു പുറത്തിറക്കിവരുന്നു. അതു മലയാളസാഹിത്യത്തിന്നു എല്ലാ നിലയിലും വിലയേറിയ ഒരു സമ്പാദ്യമായിരിക്കും.

പ്രൊഫസർ എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാനാണ് ഭാഷാസാഹിത്യപഠനത്തിന്നു ഉൽസുകരായ സകലർക്കും ഒരുപോലെ ഉപകരിക്കുന്ന "വൃത്തമഞ്ജരി", "ഭാഷാഭൂഷണം", "സാഹിത്യസാഹ്യം" എന്നിങ്ങിനെ വിശിഷ്ടങ്ങളായ പല ഗ്രന്ഥങ്ങളും നിർമ്മിച്ച് ഭാഷാസാഹിത്യഭണ്ഡാരത്തെ പുഷ്ടിപ്പെടുത്തിയതു്. അദ്ദേഹത്തിന്റെ "കേരളപാണിനീയം", "ശബ്ദശോധിനി" മുതലായ വ്യാകരണഗ്രന്ഥങ്ങളും ഭാഷയ്ക്കു അമൂല്യങ്ങളായ സമ്പാദ്യങ്ങളാണെന്നു തീർത്തുപറയാം. ആധുനിക ഭാഷാസാഹിത്യലോകം ഇന്നും പ്രമാണത്തേന സ്വീകരിക്കുന്നതു എ. ആർ. തിരുമേനിയുടെ പ്രസ്തുത ഗ്രന്ഥങ്ങളാണെന്നു ഇവിടെ സാഭിമാനം പ്രസ്താവിച്ചുകൊള്ളുന്നു.

കെ. എം. എന്ന പേരിൽ പ്രസിദ്ധനായിരുന്ന വടക്കെക്കുറപ്പത്തു കിഴക്കെ സ്രാമ്പിയിൽ കുഞ്ഞൻമേനോൻ സംസ്കൃതഗ്രന്ഥങ്ങൾക്കു വ്യാഖ്യാനമെഴുതുവാൻ അതിയോഗ്യനായിരുന്നു. നല്ല ഒരു തത്വചിന്തകനായ അദ്ദേഹം ശ്രീമത് ഭഗവത്ഗീതയ്ക്കു് എഴുതിയിട്ടുള്ള മഹത്തായ വ്യാഖ്യാനം പല നിലയിലും പ്രശംസാർഹമാണ്.

ഭാഷാസാഹിത്യാഭിവൃദ്ധിയെ പുരസ്കരിച്ചും, ഭാഷാകവികളുടേയും മററും ആവശ്യങ്ങളെ ഉദ്ദേശിച്ചും പി.എം. ശങ്കരൻനമ്പ്യാർ, വടക്കുംകൂർ രാജരാജവർമ്മരാജാ, എ. ഡി. ഹരിശർമ്മ, പി. ശങ്കരൻ നമ്പ്യാർ, ഇ. വി. രാമൻനമ്പൂതിരി തുടങ്ങിയ പലരും രചിച്ചിട്ടുള്ള ഗ്രന്ഥങ്ങൾ സർവ്വഥാ പ്രയോജനകരങ്ങളാണ്. അവരെ ആ വിഷയത്തിൽ ശ്ലാഘിച്ചുകൊള്ളുന്നു.

നമ്മുടെ സാഹിത്യാഭിവൃദ്ധിക്കുതകുന്ന പുസ്തകങ്ങൾ ഇനിയും ഭാഷയിൽ ഉണ്ടായേ കഴിയൂ. ഇന്നുള്ള ഉറച്ച പണ്ഡിതന്മാർ ആ വിഷയത്തിൽ ശ്രദ്ധചെലുത്തുന്നത് ഉപയോഗകരമായിരിക്കും.

ഇരുപത്താറാമദ്ധ്യായം.

കുഞ്ഞിക്കുട്ടൻതമ്പുരാനും സാഹിത്യവിനോദങ്ങളും.

കൊടുങ്ങല്ലൂർ കവിസദസ്സിൽ പ്രശസ്തമായ നിലയിൽ നടന്ന പല സാഹിത്യവിനോദങ്ങളും കാലക്രമേണ അവിടെനിന്നു ചില പ്രത്യേക സ്ഥലങ്ങളിലേയ്ക്കു പടർന്നുപിടിക്കുവാനിടയായി. പ്രസ്തുത സദസ്സിൽ അനുണ്ടായിരുന്ന പല അംഗങ്ങളുടെയും അഭാവത്തിനു പുറമേ, പലരും കാര്യാന്തരേണ മിക്കപ്പോഴും അതിൽ സംബന്ധിക്കുവാൻ നിവൃത്തിയില്ലാതെ വന്നതാണതിനു കാരണം. കുഞ്ഞിക്കുട്ടൻതമ്പുരാന്റെ സാഹിത്യവിനോദങ്ങളാണു അക്കൂട്ടത്തിൽ പല സ്ഥലങ്ങളിലേയ്ക്കും - അദ്ദേഹത്തിന്റെ സാന്നിദ്ധ്യമുണ്ടായിരുന്ന പലേടങ്ങളിലേയ്ക്കും — പകർന്നതെന്നു സംഗതി സ്മരണീയമാണ്. അദ്ദേഹം കൊടുങ്ങല്ലൂർ കോവിലകത്തു തനിക്കു പ്രത്യേകിച്ചുണ്ടായിരുന്ന പുത്തൻ ബംഗ്ലാവിൽ അധികകാലത്തും ഇരിപ്പായതോടുകൂടിയാണ്, ആ പ്രസിദ്ധപ്പെട്ട രാജധാനി ഏറെക്കുറെ സാഹിത്യവിനോദങ്ങൾക്കു ഒരു മനോഹരരംഗമായിത്തീർന്നത്. തമ്പുരാൻ കൊടുങ്ങല്ലൂർ സ്ഥിരതാമസമുള്ളപ്പോളെല്ലാം അവിടെത്തന്നെ സഹൃദയന്മാരായ ചില നമ്പൂതിരിമാരോടും മററും ചേർന്നു ചതുരംഗക്കളിയിൽ ഏർപ്പെടുക പതിവാണ്. ചിലപ്പോൾ ചതുരംഗക്കളിയിൽ വളരെ താല്പര്യമില്ലാത്ത വല്ല സഹൃദയന്മാരേയുമായിരിക്കും അദ്ദേഹത്തിന്നു അവിടെ തമാശപറയുവാൻ കൂട്ടുകിട്ടാറ്. അവരോ കവിതാഭ്രമക്കാരായ നമ്പൂതിരിമാരുമായിരിക്കും. അങ്ങിനെയുള്ള സന്ദർഭങ്ങളിൽ നടന്നിട്ടുള്ള ചില സാഹിത്യവിനോദങ്ങൾ ഇവിടെ വിവരിക്കുന്നതു മാന്യവായനക്കാർക്കു രസാവഹമായിരിക്കുമെന്നു കരുതുന്നു.

ഒരിക്കൽ ഒരു കവിതാഭ്രാന്തൻനമ്പൂതിരി, തമ്പുരാന്റെ സമീപത്തുചെന്നുകൂടി. തമ്പുരാനാകട്ടെ, അപ്രകാരം ആരെങ്കിലും തന്റെ അടുക്കൽ വന്നുചേർന്നാൽ അവരെക്കൊണ്ടു മുറക്കാനുണ്ടാക്കിച്ചുവാങ്ങുവാൻ തയ്യാറായുമിരിക്കും. ആ നമ്പൂതിരിയോടു തമ്പുരാൻ, "എടോ! വേഗത്തിൽ കുറച്ചു വെററില ന്യൂ.ത്തേച്ചുതരൂ" എന്നാവശ്യപ്പെട്ടു. ഉടനെ നമ്പൂതിരി, "ഞാനിപ്പോൾ ഒരു ചെ

ിയ സംസ്കൃതപദ്യം ചൊല്ലാം. അവിടുന്ന് അതിന്റെ തർജ്ജമ പദ്യത്തിൽത്തന്നെ തരണം. പദ്യം പറയാം. വെററില നൂറു തേച്ചുതരുന്നതിന്നുമുമ്പു തർജ്ജമ തന്നേ കഴിയൂ" എന്നായി അതു പ്രകാരം

"നകൃതം സുകൃതം കിഞ്ചിൽ
ബഹുധാടുഷ്ക്കൃതം കൃതം
നജാനേ ജാനകീ ജാനേ!
യമാഹവാനേകിമുത്തരം?"

എന്ന സംസ്കൃതപദ്യം നമ്പൂതിരി ചൊല്ലി. തമ്പുരാൻ, "മിടുക്കാ! താൻ എന്നെ പരീക്ഷിക്കയാണല്ലേ" എന്നു സഹജമായ പുഞ്ചിരിയോടുകൂടിപ്പറഞ്ഞു, തമ്പൂതിരി വെററില നൂറുതേച്ചു തന്റെ കയ്യിൽ വെയ്ക്കുന്നതിന്നുമുമ്പു,

ഒട്ടും ചെയ്തില്ല സുകൃതം
ഒട്ടേറെച്ചെയ്തുടുഷ്ക്കൃതം
രാമ! കാലൻവിളിക്കുമ്പോൾ
നാമെന്തോതേണ്ടുത്തരം?"

എന്ന സുലളിതമായ തർജ്ജമ ചൊല്ലി. നമ്പൂതിരി സന്തോഷിച്ചതിന്നു കയ്യും കണക്കുമില്ല. തമ്പുരാൻ ഉടനെ വെററില വാങ്ങി മുറുക്കുകയുംചെയ്തു. നമ്പൂതിരി ചൊല്ലിയ സംസ്കൃതപദ്യവും, തമ്പുരാന്റെ തർജ്ജമയുംകൂടി ഒത്തുനോക്കുമ്പോൾ അവയിൽ ഏതാണു ഉപരിയായി ശോഭിക്കുന്നതെന്ന് ഇന്നും പല സഹൃദയന്മാരും സംശയിക്കുന്നുണ്ട്. തമ്പുരാന്റെ തർജ്ജമ അത്രമാത്രം ഭംഗിയായിട്ടുണ്ടെന്നു വിശദമാണ്. മറെറാരിക്കൽ, വേറൊരു രസികൻ നമ്പൂതിരി, തമ്പുരാൻ യാതൊരു കാര്യത്തിലും ഏപ്പെടാതെ എന്തോ മനോരാജ്യവുമായി ഇരിക്കുമ്പോൾ, അവിടുത്തെ അടുക്കൽ ചെന്നുപററി. "എനിക്കു ഒരു സംസ്കൃതശ്ലോകം തർജ്ജമ ചെയ്തുകിട്ടിയാൽ നന്ന്. പക്ഷേ, ആ പദ്യം ഞാൻ കേട്ടിട്ടുള്ളതല്ലാതെ എനിക്ക് അതു മുഴുവനും ചൊല്ലിത്തരാൻ സാധിക്കില്ല. തമ്പാനു് ആ പദ്യം ഓർമ്മയുണ്ടാകുമല്ലൊ. "ശാന്തോമന്മഥസംഗരേ....." എന്നിത്യാദി പദ്യമാണിതു്." നമ്പൂതിരി ഇങ്ങനെ പറഞ്ഞപ്പോൾ, "എടോ! വിരുതാ, ആ പദ്യത്തിന്റെ മൂലവുംകൂടി ശരിയായിപ്പറയുവാൻ വശമില്ലാത്ത തനിക്കു ഞാനെങ്ങിനെ അ

തിന്റെ തർജ്ജമ പറഞ്ഞുതരും." ആട്ടേ, എന്നാലും പിടിച്ചോളൂ" എന്നു ചിരിച്ചുകൊണ്ടു മറുപടിപറഞ്ഞു തമ്പുരാൻ ഉടനെ ചൊല്ലിക്കൊടുത്ത തർജ്ജമയാണിതു്.

"കന്ദപ്പപ്പടതീന്നവാറവരം തുണ-
ച്ചോക്കേകി സമ്മാനമായ്
മുന്നം വസ്ത്രമരയ്ക്കു, മാലമുലകരം,-
ക്കക്കാതിനോ കുണ്ഡലം,
പിന്നെച്ചുണ്ടിനു വെററിലച്ചുരുരം, പരം
കൈരണ്ടിനും കങ്കണം,
പിന്നിൽത്തുങ്ങിയുലഞ്ഞ വാർകുഴലിനോ
ചേരുംവിധം ബന്ധനം"

ആ തർജ്ജമമൂലത്തേക്കാരം ഭംഗിയായിട്ടുണ്ടെന്നാണ് വിദ്വാന്മാരായ ചില സഹൃദയന്മാരുടെ അഭിപ്രായം. ഒരിക്കൽ, തമ്പുരാൻ ചിലരുമായി ചതുരംഗക്കളിയിലേപ്പെട്ടിരിക്കയായിരുന്നു. ഞാനും, ആ ഘട്ടത്തിൽ അവിടെ അടുത്തുകൂടിയിരുന്നു. അന്നു ഞാനാകട്ടെ, "ശപിക്കപ്പെട്ട" മടിക്കുലേഷൻ പരീക്ഷയോടു മല്ലിട്ടു പരാജയപ്പെട്ടിരിക്കയായിരുന്നു. പക്ഷെ, പിന്നത്തെ പരീക്ഷവരെ സമയം വെറുതെകളയാതിരിപ്പാൻ ഞാൻ അന്നു തമ്പുരാന്റെ കീഴിൽ കവന പരിശീലനം നടത്തുന്നുണ്ടായിരുന്നു. എന്നെ ക്കണ്ടമാത്രയിൽ, അദ്ദേഹം പറഞ്ഞു:

"അല്ലാ, പരീക്ഷയിൽ പൊളിഞ്ഞിരിക്കുമ്പോരം കവനപരിശീലനം നല്ലതുതന്നെ. പക്ഷെ, തൽക്കാലം തനിക്ക് ഒരു ഉദ്യോഗവും കൂടി ഞാൻ വാങ്ങിച്ചുതരാം. ഉപജീവനമാർഗ്ഗവും പ്രത്യേകം കരുതേണ്ടതല്ലേ? ഉദ്യോഗം ഈ നാട്ടിൽത്തന്നെ കിട്ടുമോ എന്നും നോക്കാം." നന്നെ ചെറുപ്പമായിരുന്ന ഞാൻ, അവിടുത്തെ ഒരു വാത്സല്യഭാജനമായിരുന്നതിനാൽ, തെണ്ടിത്തിരഞ്ഞു, നടന്നു ചീത്തയാകരുതെന്നു കരുതിയാണു വലിയൊരു പരഗുണകാംക്ഷിയായ തമ്പുരാൻ എന്നോടങ്ങിനെ കല്പിച്ചതെന്നു വിശദമായെല്ലൊ. അദ്ദേഹം ഉടനെ ചതുരംഗത്തിൽ തനിക്കുള്ള ശ്രദ്ധയ്ക്കു കുറവും വരുത്താതെ "എടോ! എന്നാൽ എഴുതിക്കോളൂ"എന്നു കല്പിച്ചു താഴെ ഉദ്ധരിക്കുന്ന പദ്യങ്ങരം എനിക്കു കേട്ടെഴുത്തുരീതിയിൽ പറഞ്ഞുതന്നു.

1. ഒരു കാര്യമുരച്ചിടുന്നു ഞാനി,–
ന്നുരുസൌഹാർദ്ദമിതുള്ളിലോർമ്മവേണം
പെരുതാം കൃപനാട്ടുകാരിലേന്തി–
പ്പെരുമാറന്നവരല്ലയോ മഹാന്മാർ?

2. കവി, കെ. പരമേശ്വരക്കുറപ്പെ–
ന്നിവിടെപ്പേർ പറയുന്നൊരീമനുഷ്യൻ
ഭുവികേവല നിത്യവൃത്തികാംക്ഷി–
ച്ചവിടേയ്ക്കുണ്ടു വരുന്നു ജീവനാർത്ഥം.

3. അറിയാം ചിലതാംഗലേയഭാഷാ–
"മുറിവാക്യങ്ങൾ" പഠിപ്പിതത്രമാത്രം
ശരിയായ് മലയാളഭാഷയായാ–
ലുരിയാടാ,മെഴുതാം, കവിത്വമാവാം.

4. ഇവയുണ്ടു 'രജിസ്റ്റർചെയ്തിരിപ്പൂ',
നവകാവ്യക്കളരിസ്ഥലത്തു മുമ്പേ
തവകീഴ്വരുതിഗ്ഗമസ്ഥവേല–
യ്ക്കിവനാവോ തരമാക്കിയെങ്കിലായി.

5. ഒരു മാതിരി കയ്യെഴുത്തുനന്നെ–
ന്നൊരുഭള്ളിന്നിവനില്ലയെന്നുമില്ല
പെരുമാററവഴിയ്ക്കു കൊണ്ടുപോയാ–
ലൊരുഭാഷയ്ക്കിവനും കഴിഞ്ഞുകൂടും."

മേലുദ്ധരിച്ച കവിതക്കത്ത്, അന്നു ഹജൂർ രജിസ്ട്രാറായിരുന്ന (കൊ:ച്ചിയിൽ) സി. അന്തപ്പായിക്കു കൊടുക്കുവാനായി അദ്ദേഹം തന്നതാണ്. (ഹജൂർ രജിസ്ട്രാർ എന്നു പറഞ്ഞിരുന്ന ഉദ്യോഗമാണ് ഇന്നു രജിസ്ട്രേഷൻ ഡയറക്ടർ എന്ന പേരിലറിയപ്പെടുന്നതു്.) അന്തപ്പായി നല്ല ഒരു സാഹിത്യവിദ്വാനും, തമ്പുരാന്റെ മാന്യസ്നേഹിതന്മാരിലൊരാളുമായിരുന്നു. കേവലം സംസാരഭാഷയിൽ ചതുരംഗക്കളിക്കിടയിൽ തമ്പുരാൻ ചൊല്ലിത്തന്ന ആ കവിതക്കത്തിൽ ഫലിതരസവും ധാരാളമടങ്ങിയിരിക്കുന്നു. "അറിയാംചില ആംഗലേയഭാഷാ–മുറിവാക്യങ്ങൾപഠിപ്പിതത്രമാത്രം" എന്നതിൽനിന്നു

വിശദമാകുന്നതു്, മടിക്കുലേഷനു തോററ എന്നെ അദ്ദേഹം ഇംഗ്ലീഷിനെ: സംബന്ധിച്ചേടത്തോളം ഒരു "മുറിക്കുന്തക്കാര"നായിട്ടേ കണക്കാക്കിയിട്ടുള്ളു എന്നാകുന്നു. തമ്പുരാൻെറ രസികത്വവും, ഉള്ള കാര്യം തുറന്നുപറയുന്നതിലുള്ള സ്വഭാവഗുണവും ഇതിൽനിന്നു പ്രത്യക്ഷമാകുന്നുണ്ടല്ലോ. അന്തപ്പായിയാകട്ടെ, ആ കത്തോടുകൂടി ഞാൻ അദ്ദേഹത്തെ സമീപിച്ചപ്പോൾ, തമ്പുരാൻെറ നേരെ പ്രദർശിപ്പിച്ച ഭക്തിബഹുമാനാദികൾ അവർണ്ണനീയമാണ്. മാത്രമല്ല, അന്തപ്പായി എനിക്കു അനുകൂലമായ ഒരു മറുപടി തരികയുണ്ടായി. മറെറാരു സന്ദർഭത്തിൽ തമ്പുരാൻ ഒരു ദിവസം സന്ധ്യയോടുകൂടി എൻെറ ഗൃഹത്തിലെത്തി. അന്നു് അവിടെ ഒരു സാഹിത്യരസികനും, തമ്പുരാൻെറ ഒരാശ്രിതനുമായിരുന്ന കഴിഞ്ഞുപോയ താഴത്തുവീട്ടിൽ രാമൻമേനോനുമുണ്ടായിരുന്നു. രാമൻമേനോനു തമ്പുരാനെക്കണ്ടു കിട്ടിയാൽ എന്തെങ്കിലും ഒരു സാഹിത്യവിനോദത്തിലേപ്പെടുന്ന ശീലം മുമ്പുതന്നെ ഉള്ളതാണ്. രാമൻമേനോൻ തമ്പുരാനോടപേക്ഷിച്ചു:—"തിരുമേനി, "ശോഭിക്കുന്നുത്തമേ! നിൻമുലകളിലളിവർണ്ണാവതാരങ്ങൾപത്തും" എന്ന ഒരു ഭാഷാസമസ്യ ഞാൻ കേട്ടിട്ടുണ്ടു്. അതൊന്നു പൂരിപ്പിച്ചുകിട്ടിയാൽ വേണ്ടില്ല" ഉടനെ തമ്പുരാൻ, "താൻ എന്നെ ബുദ്ധിമുട്ടിക്കുവാനാണാരംഭം. സംസ്കൃതത്തിലുള്ള ഒരു സമസ്യയുടെ ഏകദേശതാല്പര്യമാണ് ഈ സമസ്യയിലുള്ളതു്. പക്ഷേ, ഞാൻ ഒരു പൂരണം പറയാം. പിടിച്ചാൽ എടുത്തോളൂ" എന്നു കല്പിച്ചു.

"കാമിക്കൺമീൻ"തൊട്ടും "കൂർമ്മ"യിലിഹ "വരാ
ഹന്ത"മൂലം "നൃസിംഹ"—
കൈമേലായ് "വാമന"ത്വംതടവിവളരുമേ
"ക്ഷാത്രവീര്യം"മുടിക്കും
ആഭാ"ലങ്കാരി" "നീലാംബര"നിലയൊടെഴും
"കൃഷ്ണദ്രുക്ക് കൽക്കി"യല്ലോ
ശോഭിക്കുന്നുത്തമേ! നിൻമുലകളിലളിവ—
ണ്ണാവതാരങ്ങൾപത്തും"

എന്നുള്ള പൂരണംചൊല്ലി. രാമൻമേനോൻ സന്തുഷ്ടനായി; അവിടെയുണ്ടായിരുന്ന മററുചില സഹൃദയന്മാരും നന്നെ രസിച്ചു. മറെറാരുഘട്ടത്തിൽ, ഒരു സന്ധ്യാസമയത്തുതന്നെ തമ്പുരാൻ അവി

ടെ വന്നുകയറി. കുട്ടികൾ പതിവുപോലെ നാമം ജപിക്കുവാനിരിക്കയായിരുന്നു. അവർ തമ്പുരാനോട്, "ഒരു നാമം വയ്ക്കത്തപ്പനെപ്പററി" എന്നപേക്ഷിച്ചു. "എന്നാൽ പിടിച്ചോളിൻ" എന്നു കുട്ടികളോടു ചിരിച്ചുകൊണ്ടു മറുപടിപറഞ്ഞു, അവർക്കുവേണ്ടി ഉടനെ ഉണ്ടാക്കിയതാണ് "വയ്ക്കത്തപ്പൻ പാന." ആ പാനയിലും രസകരമായ പല ഭാഗങ്ങളുമുണ്ട്.

"മക്കളിൽമൂസ്സൊരാനത്തലവ,നാ-
വിക്രമിമറേറവിടപാനരമുഖൻ
നോക്കേണ്ടാവേടൻ വേട്ടയ്ക്കൊരുമക,-
നക്കേമൻഭൂതനാഥൻപോലയ്യപ്പൻ

കാളിപ്പെണ്ണുണ്ടൊരുമക,ളായവരം
കൂളിക്കൂട്ടത്തിൽക്കൂത്താടുംകുററത്തി
കേളിയാടുംഭവാനുള്ളസന്താന-
പാളിയാകെയിമ്മട്ടാണുകഷ്ടമേ!"

ഈവക ഫലിതപ്രയോഗങ്ങൾ തമ്പുരാൻെറ നിമിഷകവിതകളിൽക്കൂടി മിക്കപ്പോഴും കാണാം. ഇതുപോലെതന്നെ മറെറാരിക്കൽ കുട്ടികൾ പിന്നാലേ കൂടിയപ്പോൾ ചൊല്ലിക്കൊടുത്തതാണ് "ഗുരുവായൂരപ്പൻ പാന".

"രഞ്ജിപ്പേവന്നഗോപാലപ്പെണ്ണുങ്ങൾ
നെഞ്ഞിൽപ്പോർമുലമൊട്ടിൽച്ചുവിട്ടിച്ചും
ഞെഞ്ചിച്ചീടാതെരാഗംപകത്തുംനിൻ
കുഞ്ഞിത്തൃക്കാലടിയിണകൂപ്പുന്നേൻ"

ഒരിക്കൽ പുത്തൻബംഗ്ലാവിൽ കവിതാഭ്രമക്കാരാരുമില്ലാതിരുന്നതിനാൽ, കവിത പറഞ്ഞെഴുതിക്കുവാൻ ആളെ കിട്ടാതെ തമ്പുരാൻ കുഴങ്ങുകയായിരുന്നു ആ സന്ദർഭത്തിലാണ് ഇയ്യുള്ളവൻ അവിടെ ചെന്നുകയറിയതു്. ഉടനെ തമ്പുരാൻ, "എടോ! ആ "കേരളം" ഉടനെ തീർത്തേക്കാം. താൻ എഴുതാൻ തയ്യാറാവൂ" എന്നു കല്പിച്ചു. താമസിയാതെ, അദ്ദേഹം "കേരളചരിത്രം" തുടന്നു പറഞ്ഞുതന്നു.

"പോർമുറയ്ക്കുറിവു കേരളത്തിലെ-
പ്പോർമുലക്കുടമെടുത്തകൂട്ടരും
കാമുകപ്പടി പഠിച്ചിരുന്നുവെ-
ന്നാമനീന്ദ്രനരുളുന്നു ജൈമിനി" എന്നും

"പണ്ടില്ല കോരിക്കളി,യിങ്ങുനല്ലാർ
മുങ്ങിക്കളിച്ചേ പരിശുദ്ധിയേൽക്കു
അങ്ങാവടക്കൻദിശിയാക്കുലസ്ത്രീ
മുങ്ങാതെ നീരാടിവിശുദ്ധിയേൽപ്പൂ!"

എന്നുള്ള ഭാഗങ്ങളുംമററും പറഞ്ഞുതന്നു. ഇങ്ങനെ ദ്രുതകവനമായി എഴുതിയ "കേരളം" കാവ്യം എത്രമാത്രം ചമൽക്കാരപരമായിരുന്നുവെന്നു നോക്കുക. അദ്ദേഹം "വ്യംഗ്യമായും മററും ഘടിപ്പിച്ചിട്ടുള്ള അങ്ങാവടക്കൻദിശിയാക്കുലസ്ത്രീ—മുങ്ങാതെ നീരാടിവിശുദ്ധിയേൽപ്പൂ!"എന്നീ പ്രയോഗങ്ങളുടെ ആസ്വാദ്യത യഥാർത്ഥസഹൃദന്മാർക്കു അത്യന്തം രസപ്രദമായിരിക്കുമെന്നു പറയേണ്ടതില്ലല്ലൊ. തമ്പുരാനു ചരിത്രവിഷയത്തിലുള്ള അറിവും ഇതിൽനിന്നെല്ലാം വിശദമാകുന്നു. അന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചു. "ചരിത്രങ്ങളും മററും ഗദ്യത്തിലെഴുതിയാൽപോരേ? ഇങ്ങിനെ പദ്യത്തിൽ വേണോ?"എന്നു്. ഉടനെ അവിടുത്തെ മറുപടി, "ഏററവും പ്രധാനപ്പെട്ട ഈ "കേരളചരിത്രം" ജനസാമാന്യത്തിന്നു നല്ലപോലെ ഹൃദിസ്ഥമാകുവാൻ പദ്യംതന്നെ വേണം. "അമരകോശം"പോലെ മലയാളികൾ ഇതും കാണാപ്പാഠം പഠിക്കണമെന്നാണെന്റെ ആഗ്രഹം" എന്നായിരുന്നു. പുത്തൻ ബംഗ്ലാവിൽവെച്ചുതന്നെ വേറൊരവസരത്തിൽ കവിതയെഴുതിക്കുവാൻ അവിടേയ്ക്കെന്നെക്കിട്ടി. ഉടനെ അവിടുന്നു് എന്നോടു്, "ഇന്നു് ഒരു ഖണ്ഡകാവ്യമെഴുതിത്തീർക്കണമെന്നാണു് എന്റെ നിശ്ചയം; പക്ഷേ, ചതുരംഗക്കാർ അടിഞ്ഞുകൂടുന്നതിന്നുമുമ്പു തുടങ്ങിക്കളയാം. അവർ വന്നുചേർന്നാൽ വെറുതെ വിടില്ല." എന്നു കല്പിച്ചു. "എന്നാലങ്ങനെതന്നെ"എന്നു ഞാനും സമ്മതിച്ചു. ഉടനെ "ദ്രോണാചാര്യൻ" തന്നെയാവട്ടേ"എന്നഭിപ്രായപ്പെട്ടുകൊണ്ടു എനിക്കു കവിത പറഞ്ഞുതരുവാൻ തുടങ്ങി.

"അനുകൂലസമാധിയാം ഭരദ്വാ-
ജനുഗംഗക്കരയിങ്കൽ വെച്ചൊരിക്കൽ
മനുജേതര ദിവ്യനാരിയെക്ക-
ണ്ടനുരാഗിച്ചൊരിളക്കമുത്തവിച്ചു"

എന്നു് ആദ്യത്തെ പദ്യം പറഞ്ഞുതന്നു. അതു കേട്ടുകൊണ്ടു "മുതലക്കോടം"നമ്പൂതിരി എന്നൊരു രസികൻ (ഇദ്ദേഹം കോവിലകത്തെ

ഒരു ബന്ധുവായിരുന്നു) വന്നു കയറി. ചതുരംഗഭ്രാന്തു മാത്രമല്ല, കവിതാഭ്രമവും അദ്ദേഹത്തിന്നുണ്ടായിരുന്നു. അദ്ദേഹം അഭിപ്രായപ്പെട്ടു, "അനുരാഗിച്ചു"എന്ന പ്രയോഗം ഭംഗിയാണോ?" എന്ന്. "എന്താ, മുതലക്കോടം "അനുമോദം"എന്ന വാക്കിന്റെ ക്രിയ "അനുമോദിച്ചു" എന്നാവാമെങ്കിൽ എന്തുകൊണ്ട്. "അനുരാഗം" എന്ന നാമത്തിന്നു "അനുരാഗിച്ചു" എന്ന ക്രിയ പാടില്ല? കവിതയ്ക്കു പല സ്വാതന്ത്ര്യവുമുണ്ട്. എന്നാൽ, വ്യാകരണപ്രകാരവും ഈ സ്വാതന്ത്ര്യം സാധൂകരിക്കാം" എന്നായിരുന്നു തമ്പുരാന്റെ സമാധാനം. നമ്പൂതിരി അതുകേട്ടു തലകുലുക്കി സമ്മതിച്ചു. ഈ നിലയിൽ, 25 പദ്യങ്ങളോളം എനിക്കു പറഞ്ഞുതന്നപ്പോഴെക്കും ചതുരംഗക്കാർ അഞ്ചാറുപേർ ഒന്നിച്ചെത്തി. അവരാകട്ടെ, ചതുരംഗത്തിന്നായി തമ്പുരാനെ അലട്ടുവാൻ തുടങ്ങി. "അമ്പതു ശ്ലോകം തികയട്ടെ, എന്നിട്ടാവാം ചതുരംഗം"എന്നു തമ്പുരാനും മറുപടി പറഞ്ഞു. "എത്രസമയം വേണ്ടിവരുമതിന്നു?"എന്നായി ചതുരംഗക്കാർ. "ഇനി പതിനഞ്ചുമിനുട്ടുമതി"എന്നു തമ്പുരാൻ ഉടനെ മറുപടികൊടുത്തു. അതുപ്രകാരംതന്നെ ആ പതിനഞ്ചുമിനിട്ടിൽ 25 പദ്യങ്ങളുംകൂടി പറഞ്ഞുതന്നശേഷമേ അദ്ദേഹം ചതുരംഗത്തിന്നിറങ്ങിയുള്ളു. അങ്ങനെ, ദ്രുതകവിതയായി എഴുതിവന്ന "ദ്രോണാചാര്യൻ" അദ്ദേഹത്തിന്റെ അകാലവിയോഗത്തിൽ മുഴുമിക്കാനിടയാവാതെ കിടക്കുകയാണെങ്കിലും, അതു ഏററവും രസകരമായ ഒരു കാവ്യമാണെന്നു ഖണ്ഡിച്ചു പറയാം. ഒരിക്കൽ തമ്പുരാൻ അതിരാലെ എന്റെ ഭവനത്തിൽ വന്നു, ഗാഢനിദ്രയിലിരുന്ന എന്നെ കുലുക്കിവിളിച്ചുണർത്തി കൂട്ടിക്കൊണ്ടുപോയി. അദ്ദേഹത്തിന്റെ "മഹാഭാരത തർജ്ജമ"ക്കാലമായിരുന്നു അതു്. രാവിലെ കുളി കഴിഞ്ഞു ഭഗവതിയെത്തൊഴുതശേഷം അടുത്തുള്ള നമ്പൂതിരിമാരുടെ മഠത്തിൽവെച്ചു ഭാരതം നൂറുപദ്യം തർജ്ജമചെയ്തേ അദ്ദേഹം കൊടുങ്ങല്ലൂരുള്ളപ്പോൾ സാധാരണമായി കോവിലകത്തേയ്ക്കു പോകാറുള്ളു. കാപ്പിയും കോവിലകത്തുചെന്നേ കഴിച്ചിരുന്നുള്ളു. നൂറുപദ്യങ്ങളുടെ തർജ്ജമ ഒരു മണിക്കൂറിന്നുള്ളിൽ കഴിയാറുമുണ്ട്. അന്നു ഭാരതമെഴുതുവാനുള്ള സ്ഥിരശമ്പളക്കാരനായിരുന്ന നാരായണൻനായർ, സംഗതിവശാൽ വന്നില്ല. അതുകൊണ്ടു കവിത എഴുതിക്കുവാനാണ് അദ്ദേഹം എന്നെ വിളിച്ചതു്. ഭാരതം തർജ്ജമ

മിക്കപ്പോഴും അദ്ദേഹം കേട്ടെഴുത്തുരീതിയിൽ പറഞ്ഞുതരാറുള്ളതു പകർത്തു എടുക്കുവാൻ എനിക്കു ഭാഗ്യമുണ്ടായിട്ടുണ്ടെന്നു കൃതാർത്ഥതയോടെ പ്രസ്താവിച്ചുകൊള്ളട്ടെ. നാരായണൻനായർ വരാത്ത ഏല്ലാദിവസങ്ങളിലും, തമ്പുരാൻ പുറമേ വല്ല സ്ഥലങ്ങളിലേയ്ക്കും തല്ക്കാലം പോകുമ്പോഴും ഞാൻതന്നെയായിരുന്നു "ഭാരതമെഴുത്തുകാരൻ". അന്നാകട്ടെ, കുളിയും തൊഴലും കഴിഞ്ഞു തർജ്ജമയും തീർത്തു അദ്ദേഹം കോവിലകത്തേയ്ക്കു യാത്രയാകുവാൻ തുടങ്ങിയപ്പോൾ ഞാൻ പറഞ്ഞു:— "ഇന്നലെ കോട്ടയ്ക്കൽനിന്നു കൃഷ്ണവാരിയർ നിർബ്ബന്ധിച്ചു് എനിക്കു ഒരു കത്തയച്ചിട്ടുണ്ടു്. വിഷയം, തിരുമേനിയുടെ ഒരു കവിത ഉടനെ കിട്ടണമെന്നുള്ളതാണ്. ഇത്തവണ "കവനകൌമുദിക്കു് അവിടുത്തെ കവിത കൂടാതെ കഴിക്കയില്ലത്രെ. അതിനാൽ ഉടനെ ഒരു കവിതതന്നേകഴിയൂ". തമ്പുരാൻ മറുവടി കല്പിച്ചതു വിഷയമൊന്നും കിട്ടുന്നില്ലെന്നും, ഒരു ചെറുകഥ ഞാൻ പറഞ്ഞുകൊടുത്താൽ അതു പദ്യമാക്കാമെന്നുമായിരുന്നു. "കഥയില്ലാത്ത ഞാനെന്തു കഥ പറയാനാണ്" എന്നായി ഞാൻ. അപ്പോൾ, "താൻ സ്കൂളിൽ പഠിച്ചിട്ടുള്ള പാഠപുസ്തകങ്ങളിലുള്ള വല്ല കഥയും മതി" എന്നു തമ്പുരാൻ കല്പിച്ചു. ഉടനെ "ബാഗ്ദാദിലെ ക്ഷുരകൻ (Barber of Bagdad) എന്ന കഥ എന്റെ ഒരു പഴയ ഇംഗ്ലീഷുപാഠപുസ്തകത്തിലുണ്ടായിരുന്നതു, ഞാൻ തമ്പുരാനു പറഞ്ഞുകൊടുത്തു. തമ്പുരാൻ ആ കഥയെ ഉടനെ "മലയാളീകരിച്ചു" ഒരു ചെറുപദ്യകഥ എനിക്കു പറഞ്ഞുതന്നു. ആ കഥ കേവലം 16 പദ്യങ്ങളിലാണ് ഒതുക്കിയതും. മറെറാരു കവിയാണെങ്കിൽ അതു കവിതയിലാക്കുവാൻ ചുരുങ്ങിയതു 50 പദ്യം വേണ്ടിവരും. പതിനഞ്ചുമിനിട്ടുകൊണ്ടാണ് ആ കഥ കവിതയിൽ അദ്ദേഹം ചൊല്ലിത്തന്നതും. നിരർത്ഥകപദങ്ങൾ കണികാണ്മാൻപോലുമില്ലാത്ത ആ ലളിതമായ പദ്യകഥയിലെ ചില ശ്ലോകങ്ങൾ ഇവിടെ പകർത്താം:—

"ആണായവീരനഴകേറിയവൻ വടക്കൻ
വേണാട്ടിൽവാണു ഗുണമേറിയ "കോതവർമ്മൻ"
ചേണാർന്നകൊല്ലമെഴുനൂററിരുപത്തിമൂന്നി-
ലാണാമഹാമതിവഹിച്ചതു രാജ്യഭാരം.

"ആദിച്ചവമ്മ"നടെ തമ്പിരായത്തൊടണ്ണൻ
വീതിച്ചുവെച്ചു നിയമിച്ചൊരു ചട്ടമട്ടിൽ
നീതിക്രമത്തിനു നടത്തിയിരുന്നു നാനാ-
ജാതിക്രമത്തിനുതകും കുലധർമ്മമെല്ലാം.

അന്നാനരേശ്വരനു,മാനുപമന്ത്രിമാരു-
മന്നാട്ടിലുള്ള പലപേരുമതിൻപ്രകാരം
നന്നായ് ചെരയ്ക്കുമൊരു ചേവകനുണ്ടു"നാണു"-
വെന്നാണുപേരവ,നവൻ ബഹുകേമനത്രേ.

പാരം പ്രവൃത്തിയിൽ മിടുക്കവനുണ്ടിരുട്ടിൽ
ക്ഷൌരം കഴിപ്പതിനുമില്ലൊരു കൂസലൊട്ടും
സൈ്വരം പ്രിയംപറയു,മേററമൊതുങ്ങിനിൽക്കും,
സാരം ഗ്രഹിക്കുമവ,നിങ്ങനെയായിരുന്നു.

സമ്പാദ്യമുണ്ടവനു തഞ്ചെലവിന്നു നാട്ടിൽ
വമ്പാന്ന യോഗ്യരുടെ സേവയുമുണ്ടുതാനും
മുൻഭാവമിത്തിരിമറിഞ്ഞു മനക്കരുന്നിൽ
ഡംഭാണ്ടിരിക്കുകിലതും മനുജസ്വഭാവം"

ഇത്തരത്തിൽ സ്വാഭാവികമായ തന്മയത്വപദ്യങ്ങളുടങ്ങിയ ആ കഥ അവസാനിപ്പിച്ചത്,

"ഉംച്ചേരുംപടി ചെയ്തുവെച്ചൊരുകരാർ
പോലാം നിറഞ്ഞുള്ളൊര-
ക്കച്ചേരിക്ഷിതിയിങ്കൽ വെച്ചുകഴുത-
ക്ഷൌരം കഴിപ്പിക്കയാൽ
അച്ചേട്ടത്തര ഗർവ്വുപോയ്, ക്ഷുരകനും
മര്യാദ ശീലിച്ചുപോ-
ലിച്ചേതിയ്ക്കു ഭരിച്ച് മന്ത്രിയൊടുമാ-
മന്നോർ വരൻ മന്നിടം."

എന്ന പദ്യംകൊണ്ടാണ്. ഇങ്ങനെ രസകരമായ നിലയിൽ സദാചാരബോധപ്രദമായ ഒരു പ്രത്യേക പദ്യംകൊണ്ടവസാനിപ്പിച്ച കഥ കെങ്കേമമായിട്ടുണ്ടെന്നു പലരും അഭിപ്രായപ്പെട്ടിട്ടുണ്ട്. തന്മ

രാന് ഒരിക്കൽ ഒരു അടിയന്തരകാര്യമായി തൃപ്പൂണിത്തുറയ്ക്കു പോകേണ്ടിവന്നു. മഹാരാജാവു തിരുമനസ്സുകൊണ്ടു ആവശ്യപ്പെട്ട പ്രകാരമാണു ആ യാത്രയുണ്ടായതു്. അന്നും ഭാരത തർജ്ജമ നടക്കുന്നുണ്ടായിരുന്നു. എവിടെ പോയാലും കാലത്തു കളികഴിഞ്ഞു ഭാരതത്തിൽനിന്നു 100 പദ്യങ്ങൾ തർജ്ജമചെയ്യുന്ന പതിവു് അദ്ദേഹം ഒരിക്കലും മുടക്കിയിരുന്നില്ല. അങ്ങനെ കൃത്യനിഷ്ഠയോടുകൂടി പ്രവർത്തിക്കുകയാലാണ് ഭാരതം തർജ്ജമ മൂന്നേമൂന്നു കൊല്ലംകൊണ്ടവസാനിച്ചതു്. അന്നു തമ്പുരാൻെറ ഭാരതം എഴുത്തുകാരനായി എനിക്കും പോകേണ്ടിവന്നു. തൃപ്പൂണിത്തുറയ്ക്കടുത്തുള്ള കുന്നിന്മേൽ ബംഗ്ലാവിലാണല്ലോ മഹാരാജാവു പതിവായി എഴുന്നള്ളിയിരിക്കുക. അന്നത്തെ മഹാരാജാവു സ്ഥാനത്യാഗംചെയ്ത ഗംഭീരപണ്ഡിതനായിരുന്ന ശ്രീരാമവർമ്മ, ജി. സി. എസ്. ഐ; ജി. സി. ഐ. ഇ. തിരുമനസ്സുകൊണ്ടായിരുന്നു. ഞങ്ങൾ കുന്നിന്മേൽ ബംഗ്ലാവിൽ അതിരാവിലെയാണ് എത്തിയതു്. മഹാരാജാവിനെ മുഖം കാണിക്കുന്നതും, മററും തർജ്ജമകഴിഞ്ഞിട്ടു മതിയെന്നു നമ്മുടെ തമ്പുരാൻ തീർച്ചയാക്കി. ഞങ്ങൾ അവിടെച്ചെന്നസമയം മഹാരാജാവു് ഉറക്കമുണർന്നിരുന്നുമില്ല. തമ്പുരാൻ കളികഴിഞ്ഞു തർജ്ജമയ്ക്കു പുറപ്പെട്ടു. ഞാനും കളികഴിഞ്ഞു തർജ്ജമ പകർത്തുവാൻ തയ്യാറായി. മൂലംനോക്കി ശരിക്കു വായിച്ചു പറയുംപോലെ അദ്ദേഹം തർജ്ജമ പറഞ്ഞുതന്നുതുടങ്ങി. ആ സമയത്താണ്, മഹാരാജാവിൻെറ ഉറക്കമുണർന്നു പുറത്തേയ്ക്കുള്ള എഴുന്നള്ളത്തു്. അദ്ദേഹം ദിനകൃത്യങ്ങൾക്കു പോകുംവഴി ഞങ്ങൾ തർജ്ജമയ്ക്കിരിക്കുന്ന സ്ഥലത്തിന്നടുത്തെത്തി. മഹാരാജാവിനെ കണ്ടപ്പോൾ തമ്പുരാനും ഞാനും തർജ്ജമനിർത്തി ഉടനെ എഴുന്നേററു. ഉടനെ മഹാരാജാവു കല്പിച്ചു:— "തർജ്ജമ മുടക്കല്ലേ; പക്ഷെ, ഞാൻ ഇപ്പോൾതന്നെ ഈ വഴിക്കു മടങ്ങും; തർജ്ജമ ഒട്ടും മുടക്കാതെ ഒരു ചെറിയകാര്യം എനിക്കു ചെയ്തുതരണം. കുന്നത്തേരി കേശവൻകർത്താവു എന്നൊരാൾ എൻെറ നിർദ്ദേശപ്രകാരം "കൊടുങ്ങ"യിലുള്ള കുന്നിൽ ഒരു ദുർഗ്ഗാലയം പണിയിച്ചിട്ടുണ്ടു്. 1081 മകരം 10-ാംനു-യാണ് പണികഴിഞ്ഞതു്. ആ സംഗതി ഓർമ്മിക്കുവാൻ ഏററവും ലളിതമായ ഭാഷയിൽ എനിക്കു ഒരു പദ്യം വേണം. ശബ്ദാർത്ഥാലങ്കാരാദികളൊന്നും വേണമെന്നില്ല. എനിക്കു ഓർമ്മക്കു കുറിച്ചിടുവാൻ ഒരു പദ്യം വേണമെന്നേയുള്ളു." ഇത്രയും പറഞ്ഞു, മഹാരാജാവു് എഴുന്നള്ളി.

തമ്പുരാനാകട്ടേ, തർജ്ജമയുടെ പണിക്ക് ഒരു വിഷ്ണുവും വരുത്താതെ പറഞ്ഞുതന്ന പദ്യം

"വമ്പൊത്തീടിനമാടരാജനരുളാൽ:
താൻകൊല്ലമോരായിര-
ത്തെൺപത്തൊന്നിൽവിശിഷ്ടമായമകരം
പത്തൊത്തനാലാംദിനേ
"കുന്നത്തേരി"കുലത്തിലെസ്സുകൃതിയാം
"കത്താവു"ദുർഗ്ഗാലയം
കുന്നൊത്തുള്ള "കൊടുങ്ങ"യിൽപ്പുണികഴി-
പ്പിച്ചീടിനാൻ "കേശവൻ."

എന്നായിരുന്നു. മഹാരാജാവു മടങ്ങിവന്നപ്പോൾ ആ പദ്യം തമ്പുരാൻ തൃക്കയ്യിൽ വെച്ചുകൊടുത്തു. അദ്ദേഹം ഉടനെ അതു വായിച്ചു നോക്കി, ഇതുമതി; ഈവക പദ്യങ്ങൾ ഇത്തരത്തിലേ ആകാവൂ. "അർത്ഥചമൽക്കാരാദികളൊന്നും ആവശ്യമില്ല; ലളിതമായിരിക്കണം; എനിക്കിതു പിടിച്ചു." എന്നു കല്പിച്ച് ഒന്നു പുഞ്ചിരിക്കൊണ്ടശേഷം "തർജ്ജമ ഒട്ടും മുടക്കിയില്ലല്ലോ" എന്നുകൂടി ഒടുവിൽ പ്രത്യേകം എടുത്തുചോദിച്ചു. ഒരു കോട്ടവും വരുത്തിയില്ലെന്നു നമ്മുടെ തമ്പുരാനും മറുപടിപറഞ്ഞു. തമ്പുരാന് അവിടെ നാലഞ്ചുദിവസം താമസിക്കേണ്ടിവന്നു. ആയിടയ്ക്കെല്ലാം തർജ്ജമയും നിർവ്വിഘ്നം നടന്നുകൊണ്ടിരുന്നു. മടങ്ങുമ്പോൾ മഹാരാജാവു തിരുമസ്സുകൊണ്ടു ഭാരതം തർജ്ജമയിൽ തമ്പുരാനെ പ്രത്യേകം അനുമോദിച്ചു ഒരു നല്ല തുക പ്രോത്സാഹനസൂചകമായി സംഭാവനചെയ്തു. തമ്പുരാനു പദ്യത്തിൽ പ്രസംഗിപ്പാൻകൂടി യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. ഒരിക്കൽ, ചേന്നമംഗലത്ത് ഒരു വലിയ പൊതുയോഗത്തിൽ തമ്പുരാൻ അദ്ധ്യക്ഷനായിരുന്നു. അവിടെവെച്ചു തമ്പുരാന്റെ പദ്യപ്രസംഗം കേട്ടാൽ കൊള്ളാമെന്നു അദ്ദേഹത്തോട് ചിലർ അപേക്ഷിച്ചു.

ഉടനെ

"കൃഷി, കൈത്തൊഴിൽ, കച്ചവടം,
വഴിമൂന്നിവയാംത്രിമൂർത്തിഭജനത്താൽ
സമ്പൽബ്രഹ്മാനന്ദം
സമ്പാദിച്ചിഷ്ടസിദ്ധിയണയട്ടെ"

എന്ന ആശംസയോടുകൂടി അവിടുന്നു പദ്യത്തിൽത്തന്നെ ഒരു പ്രസംഗം നടത്തി. വൈയ്ക്കത്തുവെച്ചുണ്ടായ "ഭാഷാപോഷിണി സഭ" (അതു ഒടുവിലത്തെ "ഭാഷാപോഷിണി" സഭയും, കെങ്കേമമായ ഒരു യോഗവുമായിരുന്നു) യിൽവെച്ചു ഒരു പദ്യപ്രസംഗം (തത്സമയം പദ്യമുണ്ടാക്കിച്ചൊല്ലുന്നതു്) ചെയ്താൽ കൊള്ളാമെന്നു സദസ്യർ ചിലർ അവിടുത്തോടാവശ്യപ്പെട്ടു. ആ സഭയിൽ, പന്തളം കേരളവർമ്മതമ്പുരാൻ ഒരു പദ്യപ്രസംഗം ചെയ്യുന്നതായി കാഴ്ചപരിപാടിയിലുണ്ടായിരുന്നു. പദ്യപ്രസംഗമെന്നാൽ പദ്യങ്ങൾ അപ്പോൾത്തന്നെ ഉണ്ടാക്കി പ്രസംഗിക്കുക എന്നാണ് മിക്ക സദസ്യരും പ്രതീക്ഷിച്ചിരുന്നതു്. ആ വിഷയത്തിൽ, നിരാശരായ ചില കൂട്ടരാണ്, തമ്പുരാനോടു "യഥാർത്ഥപദ്യപ്രസംഗം" നടത്തണമെന്നാവശ്യപ്പെട്ടതും. തമ്പുരാനുണ്ടോ കൂസുന്നു? അദ്ദേഹം ഉടനെ അതിന്നു സന്നദ്ധനായി, തൻെറ മേൽമുണ്ടെടുത്തു അരയിൽ കെട്ടി, പ്ലാറവഫോറത്തിൽ പ്രധാനമായ ഒരു ഭാഗത്തു പദ്യപ്രസംഗത്തിന്നായി വന്നു നില്പായി. അന്നു സഭയുടെ അദ്ധ്യക്ഷൻ കേരളവർമ്മ വലിയകോയിത്തമ്പുരാനായിരുന്നു. നയശാലിയും, സുമനസ്സുമായ "കേരളകാളിദാസ"ന്നു മനസ്സിലായി കുഞ്ഞിക്കുട്ടൻതമ്പുരാൻ പദ്യത്തിൽ പ്രസംഗിച്ചാൽ പന്തളത്തിന്നു്, അതു് ഒരു മൌഢ്യത്തിന്നിട വരുത്തുമെന്നു്. കുഞ്ഞിക്കുട്ടൻതമ്പുരാനു പദ്യപ്രസംഗം ക്ഷിപ്രസാദ്ധ്യമാണെന്നു വലിയ കോയിത്തമ്പുരാൻ പണ്ടേയ്ക്കു പണ്ടേ ധരിച്ചിട്ടുമുണ്ടല്ലൊ. ഉടനെ, വലിയ കോയിത്തമ്പുരാൻ ഭംഗിയായിക്കല്പിച്ചതു്, "കുഞ്ഞിക്കുട്ടൻതമ്പാൻ വശ്യകവിയാണ്; അദ്ദേഹത്തിൻെറ യോഗ്യത ഈ സഭയ്ക്കു പരീക്ഷിച്ചറിയണമെന്നില്ല; അതിനാൽ പദ്യപ്രസംഗം ഈ അവസരത്തിൽ ആവശ്യമില്ല" എന്നായിരുന്നു. വലിയ കോയിത്തമ്പുരാനിൽ വലിയ ബഹുമാനമുള്ള നമ്മുടെ തമ്പുരാൻ അതു പ്രകാരം പദ്യപ്രസംഗം ചെയ്യാതെ സ്വസ്ഥാനത്തേയ്ക്കു മടങ്ങി. വലിയ കോയിത്തമ്പുരാൻ അങ്ങിനെ നയപൂർവ്വകം ആ വിഷയത്തിൽ പ്രവേശിച്ചതുകൊണ്ടു നിരാശരായ സദസ്യരാകട്ടെ അവിടെ യാതൊരു ബഹളവുമുണ്ടാക്കിയില്ല. ആ സഭ അന്നു അവസാനിച്ചപ്പോൾ കഴിഞ്ഞുപോയ സരസകവി, കെ. സി. നാരായണൻനമ്പ്യാർ ഒരപേക്ഷയുംകൊണ്ടു തമ്പുരാനെ സമീപിച്ചു. കുട്ടമത്തു കുന്നിയൂർ കുഞ്ഞിക്കൃഷ്ണക്കുറുപ്പ്, തൻെറ "കാളിയമർദ്ദനം" യമകകാവ്യത്തിന്നു തമ്പുരാൻെറ ഒരഭി

പ്രായം വേണമെന്നും, അതു് എങ്ങനെയെങ്കിലും സമ്പാദിക്കേണമെന്നും നമ്പ്യാരെ പ്രത്യേകം ഏല്പിച്ചിരുന്നു. തമ്പുരാൻ "കാളിയമർദ്ദനം" വായിച്ചിട്ടുണ്ടു്. കുറപ്പിന്റെ ആവശ്യാനുസരണം അഭിപ്രായമെഴുതി അയക്കുവാൻ മറന്നുപോയെന്നേയുള്ളു. ആ വിഷയത്തെ പുരസ്കരിച്ചാണു് നമ്പ്യാർ തമ്പുരാനെ സമീപിച്ചതു്, ഉടനെ തമ്പുരാൻ "എന്നാൽ പിടിച്ചോളു നമ്പ്യാരെ" എന്നു കല്പിച്ചുകൊണ്ടു "യമക"ത്തിൽത്തന്നെ അതിന്നൊരഭിപ്രായം പറഞ്ഞുകൊടുത്തു. ഈ സംഗതിയിലും ഞാൻ ദൃക്സാക്ഷിയാണു്. പക്ഷെ ആ യമകത്തിലുള്ള അഭിപ്രായത്തിൽനിന്നു പൂർണ്ണമായി ഒരു പദ്യമെങ്കിലും ഇവിടെ ഉദ്ധരിക്കുവാൻ നിവൃത്തിയില്ലാതെ പോയതിൽ ഞാൻ വ്യസനിക്കുന്നു. അതിലുള്ള

"അയി! തവവിജയംകവിയും
കൃതികണ്ടേൻ "ധർമ്മപുത്രവിജയം"കവിയും

എന്നും

ഇനിനീകുഞ്ഞിക്കൃഷ്ണ—
ക്കുറപ്പിനെച്ചെന്നുകാണുക കുഞ്ഞിക്കൃഷ്ണ!
എന്നുടെ"നൊട്ടു"വൊട്ടു...
..., ..."

എന്നുംമററും അവിടവിടെയായി ചില വരികളേ ഇപ്പോൾ എന്റെ സ്മൃതിപഥത്തിലുള്ളു. ഇതിൽനിന്നു തമ്പുരാന്റെ യമകത്തിലുള്ള അഭിപ്രായത്തിന്റെ രീതി മനസ്സിലാക്കാമല്ലൊ. യമകകാവ്യത്തിന്നു തമ്പുരാൻ യമകത്തിൽതന്നെ അഭിപ്രായം കൊടുത്തുവെന്നേയുള്ളു. അനുഗൃഹീതകവിയായിരുന്ന ആ മഹാശയന്നുണ്ടോ ഏതെങ്കിലും രീതിയിൽ കവിതാനിർമ്മാണത്തിന്നു പ്രയാസം?

ആദ്യകാലങ്ങളിൽ തമ്പുരാനും സരസകവി കെ. സി. നാരായണൻനമ്പ്യാരും തമ്മിൽ സാഹിത്യസംബന്ധമായ ചില മത്സരങ്ങൾ നടന്നിട്ടുണ്ടു്. രണ്ടുപേരും വാസനക്കാരായ നിമിഷകവികളാണു്. പക്ഷേ, "സരസദ്രുതകവികിരീടമണി"എന്നു പേരെടുത്ത തമ്പുരാന്റെ യോഗ്യതയും, സരസ്വതീവിലാസവും നമ്പ്യാർക്കുണ്ടാവാൻ തരമില്ലല്ലൊ. അവർ പ്രാണസ്നേഹിതന്മാരുമായിരുന്നു.

നമ്പ്യാക്ക വാസനയ്ക്കൊപ്പമുള്ള വ്യുൽപ്പത്തിയില്ലെന്നുള്ളതു സർവ്വവിദിതമാണ്. അതിനാൽ, അദ്ദേഹം മേൽ കീഴ് നോക്കാതെ ചില പ്പോഴം പദ്യങ്ങളുതിക്കും; അബദ്ധങ്ങളും അവയിൽ ചിലപ്പോഴം കാണും. തമ്പുരാൻ തമാശയ്ക്ക് അവ ചൂണ്ടിക്കാണിക്കും. തമ്പുരാനോടു യോജിക്കുവാനും പല കവികളുമുണ്ടാവും. നമ്പ്യാരക്കട്ടെ, തൻെറ കവിതയിൽ തെററ കാണുന്നതു പ്രസ്താവിക്കുന്നവരോടു എതിക്കുക പതിവാണ്. തമ്പുരാൻെറ കവിതയിൽ തെററ കണ്ടുപിടിപ്പാൻ നമ്പ്യാരും ശ്രദ്ധിച്ചിരിക്കും. "മലയാള മനോരമ"യിലായിരുന്നു ഇത്തരം സാഹിത്യവിനോദങ്ങഠം അധികവും നടന്നതു്. നമ്പ്യാരും മററ ചിലരും തൻെറ കവിതയിൽ തെററ കണ്ടുപിടിച്ച് അതു പരസ്യമാക്കുവാൻ ശ്രമിക്കുന്നുണ്ടെന്നു തമ്പുരാനു മനസ്സിലായി. പക്ഷേ, അവരുടെ ആ ശ്രമങ്ങഠം കേവലം പാഴ്വേലയായിട്ടാണു കലാശിച്ചതു്. ഒരിക്കൽ ഇങ്ങിനെയുള്ള ഒരു പരിതഃസ്ഥിതിയിൽ തമ്പുരാൻതന്നെ കേവലം വിനോദരീതിയിൽ "മലയാളമനോരമ"യിൽ എഴുതുകയുണ്ടായിട്ടുണ്ട്.:

"മാവേലിക്കരമന്ന! മാന്യമതിയാം.
മന്നാടിയാരേ! നമ്മു-
ക്കീവേലയ്ക്കൊരബദ്ധമച്ചുപിഴയിൽ
പ്പെട്ടേ പെടുള്ളു ദൃഢം"

എന്നും മററം. ഈ പദ്യത്തിൻെറ പൂർവ്വാദ്ധം ഇവിടെ ഉദ്ധരിക്കുവാൻ നിവൃത്തിയില്ലാത്തതിനാൽ എനിക്കു വളരെ കുണ്ഠിതമുണ്ട്. നമ്പ്യാരേയും, മററ പല കവികളേയും അതിൽ അഭിസംബോധനം ചെയ്തിരുന്നു. വാസ്തവത്തിൽ, തമ്പുരാനു കവിത "ഒരു വേല"തന്നേയായിരുന്നു. അച്ചുപിഴയിലല്ലാതെ അദ്ദേഹത്തിൻെറ കവിതയിൽ ഒരിക്കളും തെററം വരാറില്ല. ഈ സംഗതിക്കുത്തമനിദശനമാണു മഹാഭാരതം തർജ്ജമയുംമററം. ഒരിക്കൽ ഉണ്ടാക്കിയ പദ്യങ്ങഠം രണ്ടാമതു നോക്കുക എന്ന സമ്പ്രദായം അദ്ദേഹത്തിനു കണ്ടിട്ടില്ല ഇങ്ങിനെയൊക്കെയായാലും, തമ്പുരാൻെറ കവിതയിൽ ഒരു തെററെങ്കിലും കണ്ടുപിടിക്കുവാൻ നമ്പ്യാർ "ഭഗീരഥപ്രയത്നം"ചെയ്തിട്ടുണ്ട്. തൽഫലമായി നിരാശനാവുകയുമുണ്ടായിട്ടുണ്ട്. നേരേമറിച്ചു, നമ്പ്യാരുടെ ദ്രുതകവിതയിലും മററം തമ്പുരാൻ അനാവധി തെററുകഠം കണ്ടുപിടിക്കുക പതിവാ

ണ്. ഒരിക്കൽ, നമ്പ്യാർ വി. പി. മാധവറാവു തിരുവിതാങ്കൂർ ദിവാനായി വരുന്നതിനെസംബന്ധിച്ചു മലയാള മനോരമയിൽ ഏതാനും പദ്യങ്ങളെഴുതി. ആ പദ്യത്തിൽ രണ്ടെണ്ണം ഇവിടെ ഉദ്ധരിക്കാം.

"പാർട്ടികപ്പസ്സ്യ"നയന്നയന്നു വരുമീ-
നാട്ടിൻെറ പുഷ്ടിക്കിനി-
സ്സർ ടി. മാധവറാവു വേണമിവിടേ-
യ്ക്കെന്നോത്തമർത്യാധിപൻ
വി. പി.യാക്കി "വിശാഖ"മന്നവനിദേ-
ശത്തോടയച്ചുള്ളതാം
വി. പി. മാധവറാവുവെത്തിരുവിതാം
കൂറിന്നു കൂറാന്നഹോ.

ദിവാനിശമുഴന്നിടും നളിനിയെ-
പ്പുലർത്തീടുവാൻ
ദിവാകരനണഞ്ഞിടും നിലയി-
ലെന്തൊരാഹ്ലാദമാം
"ദിവാ"ലിവിടെ വന്നൊരിസ്സകലരാജ്യ
തന്ത്രജ്ഞനാം
ദിവാൻെറ വരവിന്നുമേ ഹൃദയമോദ
മേകുന്നിതാ"

ഈ പദ്യങ്ങളിൽ രണ്ടാമത്തെ പദ്യത്തിലെ മൂന്നാം വരിയിലുള്ള "ദിവാൽ" എന്ന പദം നിരർത്ഥകവും, പ്രാസത്തിന്നു വേണ്ടി മാത്രം ഉപയോഗിച്ചിട്ടുള്ളതാണെന്നും തമ്പുരാൻ കണ്ടുപിടിച്ചു നമ്പ്യാരെ ഒന്നു പരിപ്പിക്കുവാനോ, സ്നേഹിതൻെറ നിലയിൽ കളിയാക്കുവാനോ "ദിവാനിശം" എന്ന ശീർഷകത്തിൽ ഒട്ടധികം പദ്യങ്ങൾ "മലയാളമനോരമ"യിൽ എഴുതുകയുണ്ടായിട്ടുണ്ട്. ആ "ദിവാനിശബഹളം" അന്നു സാഹിത്യലോകത്തിലും പത്രപംക്തികളിലും വലിയ ഒച്ചപ്പാടും തമാശയുമുണ്ടാക്കിയിട്ടുള്ള രസകരമായ ഒരു വിഷയമായിരുന്നുവെന്നു പറഞ്ഞു കഴിയ്ക്കാം. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ തുടങ്ങി മഹാശയന്മാർക്കുടി "ഈ 'ദിവാനിശബഹള"ത്തെ സംബന്ധിച്ചു കൂടുതൽ വഴക്കില്ലാതാക്കുവാൻ ആത്മാർത്ഥമായി പ്രയത്നിച്ചിട്ടുണ്ട്.

പക്ഷെ, ഇങ്ങിനെയൊക്കെ തമ്പുരാനും, നമ്പ്യാരും തമ്മിൽ പലപ്പോഴും മത്സരങ്ങൾ നടന്നിട്ടുണ്ടെങ്കിലും ഇരുവരും പരമശ്രദ്ധന്മാരും പ്രാണസ്നേഹിതന്മാരുമായിരുന്നതിനാൽ അവർ ആവക മത്സരങ്ങൾ കേവലം വിനോദങ്ങളായേ പരിഗണിച്ചിരുന്നുള്ളു. അന്നു സാഹിത്യവിനോദങ്ങളൊന്നും പുരുഷദ്വേഷപരമായ അനിഷ്ടസ്ഥിതിയിലെത്തിയിരുന്നില്ലെന്നു നാം പ്രത്യേകം മനസ്സിലാക്കേണ്ടതാണ്.

മാർത്താണ്ഡവർമ്മ എന്ന വിശിഷ്ടാഖ്യായികയുടെയും മറവും കർത്താവായ കഴിഞ്ഞുപോയ സാഹിത്യകുശലൻ സി. വി. രാമൻപിള്ളയ്ക്കു കുഞ്ഞിക്കുട്ടൻതമ്പുരാനെ വലിയ ഭക്തിയും ബഹുമാനവുമായിരുന്നു. അവർ തമ്മിൽ നേരിട്ടു കാൺമാനിടകിട്ടിയിരുന്നില്ല. ഒരിക്കൽ തമ്പുരാൻ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ അതിഥിയായി തിരുവനന്തപുരത്തുള്ള "തേവാരത്തുകോയിക്കൽ" കുറച്ചു ദിവസം താമസിച്ചിരുന്നു. ആ സന്ദർഭത്തിൽ സി. വി., ആ രാജധാനിയിൽച്ചെന്നു തമ്പുരാനെക്കണ്ടു കൈവണങ്ങി സന്തുഷ്ടനായി. മാത്രമല്ല,തമ്പുരാനോടു തനിക്കുള്ള ആജന്മമൈത്രിക്കു പ്രത്യേക നിദർശനമെന്നോണം അതിമനോഹരമായ ഒരാനക്കൊമ്പുവടി തമ്പുരാനു സി. വി. സമ്മാനിക്കുകയും ചെയ്തു. ഉടനെ തമ്പുരാൻ

"വടിവൊടു കേരളഭാഷാ—
കടലുകടഞ്ഞിട്ടു സാരപീയൂഷം
പടുതയൊടെടുക്കുവാനീ
വടിയൊരു കടകോലുപോലെയോർക്കുന്നേൻ"

എന്നു കൃതജ്ഞതാപൂർവ്വം ഉച്ചരിക്കുകയുണ്ടായി. തമ്പുരാന്റെ സന്ദർഭോചിതമായ രസികത്വവും, നിമിഷകവനപാടവവും സി. വി. യെ ആശ്ചര്യപരതന്ത്രനാക്കി.

ഇങ്ങനെ പലനിലയിൽ കുഞ്ഞിക്കുട്ടൻതമ്പുരാൻ കവനവിഷയത്തിൽ കാണിച്ചിട്ടുള്ള അത്യാശ്ചര്യകരങ്ങളായ വിദ്യകളെപ്പററി വിവരിക്കുവാൻ തുടങ്ങിയാൽ അവതന്നെ ഒരു പ്രത്യേക ഗ്രന്ഥത്തിന്നുണ്ടാവും. മഹാകവിയും, പരിശുദ്ധനുമായിരുന്ന അദ്ദേഹത്തിന്റെ സ്വതന്ത്രമായ കവനകലാനൈപുണ്യത്തേയും, അപദാനങ്ങളേയും കേരളീയരായ യഥാർത്ഥ സഹൃദയർ ഒരു കാലത്തും മറക്കു

മെന്നു തോന്നുന്നില്ല. അദ്ദേഹത്തിന്റെ പരിപാവനമായ ആത്മാവു നമ്മുടെ ഭാഷാസാഹിത്യത്തിന്നു നാൾക്കുനാൾ പ്രയോജനകരമായ അഭ്യുന്നതി കൈവരുവാൻ കനിഞ്ഞനുഗ്രഹിക്കുമാറാകട്ടെ എന്നുകൂടി ഇവിടെ ആശംസിച്ചുകൊണ്ടു കണക്കിലേറെ ദീർഘിച്ചുപോയ ഈ അദ്ധ്യായം ഇവിടെ അവസാനിപ്പിച്ചുകൊള്ളട്ടെ.

ഇരുപത്തേഴാമദ്ധ്യായം.

കാത്തുള്ളിവീടും കവികളും.

അക്കാലത്തു കൊടുങ്ങല്ലൂർ കവിസദസ്സ്, കോവിലകത്തു തമ്പുരാക്കന്മാർക്കു പല കാരണങ്ങളാലും അതിന്റെ നടത്തിപ്പിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുവാൻ നിവൃത്തിയില്ലായ്കയാൽ, ചിലപ്പോൾ മററു സ്ഥലങ്ങളിലേയ്ക്കു് അതിന്റെ പരിശ്രമങ്ങൾ മാററിയിരുന്നുവെന്നു മുൻ അദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ടല്ലൊ. അങ്ങനെ, ആ കവിസദസ്സിലെ പ്രമുഖാംഗങ്ങൾ പലരുംചേർന്നു സാഹിത്യപരിശ്രമങ്ങൾ നടത്തുവാൻ "കാത്തുള്ളി"വീടു ഒരു പ്രധാനരംഗമായി കൈക്കൊണ്ടിരുന്നു. കാത്തുള്ളിത്തറവാട്ടു് അന്നു ധനം, ആഭിജാത്യം മുതലായവയാൽ സുപ്രസിദ്ധവും, കൊടുങ്ങല്ലൂർ നാട്ടുകാക്കെന്നല്ല അടുത്ത പ്രദേശങ്ങളിലുള്ളവർക്കുകൂടി ബഹുമാനപാത്രവുമായിരുന്ന ഒരു പ്രധാന നായർകുടുംബമായിരുന്നു. നമ്മുടെ കവിസദസ്സിലെ പ്രധാനാംഗങ്ങളിലൊരാളായ അച്ചുതമേനോൻ അന്നു് ആ തറവാട്ടിലെ കാരണവനായിരുന്നതിനാൽ, അദ്ദേഹത്തിന്റെ പദവിയ്ക്കും പ്രഭാവത്തിന്നും അനുയുക്തമായ പല സംഗതികളും അവിടെ നടക്കുക പതിവാണ്. വിശേഷിച്ചു് "കവിസാർവ്വഭൌമൻ," അച്ചുതമേനോന്റെ ഒരു ഭാഗിനേയിയുടെ ഭർത്താവായിരുന്നതുകൊണ്ടു പല സന്ദർഭങ്ങളിലും ആ പ്രസിദ്ധകുടുംബം പ്രമാണികളായ പല കവികൾക്കും വന്നുചേർന്നു കവനപരിശീലനങ്ങൾ നടത്തുവാൻ സമുചിതമായ ഒരു കളരിക്കൂടിയായിരുന്നു. കൊച്ചുണ്ണിത്തമ്പുരാനാണ് ആ കവനപരിശീലനക്കളരിയിൽ പ്രായേണ ആചാര്യസ്ഥാനം വഹിച്ചു പലതരത്തിലുള്ള കവിതാനിർമ്മാണങ്ങളും വീഴ്ചകൂടാതെ നടത്തുവാൻ ഏർപ്പാടു ചെയ്തിരുന്നതു്. കുഞ്ഞിക്കുട്ടൻതമ്പുരാൻ, കാത്തുള്ളി, കൂനേഴത്തു പ

രമേശ്വരമേനോൻ, കുണ്ടൂർ നാരായണമേനോൻ, ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ, ഒറവങ്കര മുതലായവർ സാധാരണമായി ആ കവനപരിശീലനക്കളരിയിൽ സന്നിഹിതരായിരുന്നവരാണ്. അങ്ങിനെയൊരു മെച്ചവുംകൂടിയുള്ളതുകൊണ്ട് കാത്തുള്ളിവീടിന്നു സാഹിത്യപരമായ പ്രസിദ്ധിയും ലഭിച്ചിരുന്നു.

പ്രസ്തുത കവനപരിശീലനക്കളരിയിൽവെച്ചു പല കവികളും നിർമ്മിച്ച കവിതകൾ ആ പ്രമുഖകവികൾ ഒത്തൊരുമിച്ചു നിരൂപണംചെയ്തു അവ പ്രസിദ്ധീകരണയോഗ്യമോ അല്ലയോ എന്നു അഭിപ്രായം പാസ്സാക്കുകകൂടി ചെയ്തിരുന്നു. അന്നു ചിലപ്പോൾ വള്ളത്തോളും അവിടെ സന്നിഹിതനാകാറുണ്ട്. അന്നു അദ്ദേഹം വളരെ ചെറുപ്പമായിരുന്നു. മദ്ധ്യകേരളത്തിലുള്ള സഹൃദയന്മാർ അദ്ദേഹത്തിന്റെ യോഗ്യത ധരിക്കുവാൻ തുടങ്ങിയിരുന്ന ഒരു കാലമായിരുന്നു അതു്. വള്ളത്തോൾ "രസികരഞ്ജിനി" "ഭാഷാപോഷിണി" എന്നീ മുഖ്യമാസികകളിൽ ചില കവിതകൾ അന്നു പ്രസിദ്ധപ്പെടുത്തിവന്നു. അദ്ദേഹം ആ കവനപരിശീലനക്കളരിയിൽ ഹാജരാകാറുള്ളതു; കാര്യമായി അദ്ദേഹത്തിന്റെ ചില കവിതകൾക്കു അവിടെനിന്നു അംഗീകരണം സിദ്ധിക്കുവാനാണ്. അങ്ങിനെ വരുമ്പോളെല്ലാം ഹൃദയംഗമങ്ങളായ ചില അലങ്കാരശ്ലോകങ്ങളും കൊണ്ടുവന്നിരുന്നു. തദവസരങ്ങളിൽ കേവലം ബാലനായിരുന്ന ഈ ഗ്രന്ഥകാരനും അവിടെ സന്നിഹിതനാകാറുണ്ട്. അവിടെ ഇരുള്ളവൻ ഒരു മുക്കിലോ മൂലയിലൊ ഒതുങ്ങിയിരിക്കയാണ് പതിവ്. എന്റെ അച്ഛന്റെ ഭാഗിനേയനായിരുന്ന കാത്തുള്ളി അച്ചുതമേനോൻ. ആ നിലയ്ക്കു്, എനിക്കു ആ കുടുംബത്തിൽ ഒരു പ്രത്യേകസ്വാതന്ത്ര്യവുമുണ്ടായിരുന്നു. ആ മഹാശയന്മാരുടെ സാമീപ്യം പ്രകൃത്യാകവിതാഭ്രമക്കാരനായിരുന്ന എന്നെ ആ വിഷയത്തിൽ കൂടുതൽ ഉത്സുകനാക്കിത്തീർത്തു തന്മൂലം യഥാശക്തി സാഹിത്യസേവനം നിർവ്വഹിക്കുവാൻ എനിക്കു ക്രമേണ സാധിച്ചതിൽ, ആ മഹാന്മാർക്കു് ഞാൻ ഏതു കാലത്തും കടപ്പെട്ടിരിക്കുന്നു.

അങ്ങിനെയിരിക്കെ, ഒരു ദിവസം വള്ളത്തോൾ അവിടെ വന്നതു, തനിക്കു സ്വയമേവ വലിയ ഒരഭിപ്രായമുള്ള ചില പദ്യങ്ങളുംകൊണ്ടാണ്. ആ പദ്യങ്ങൾ വള്ളത്തോൾ അവിടെ വായി

ക്കുകയും, ഓരോ പദ്യത്തെക്കുറിച്ചും ആ മാന്യകവികളിൽ ഓരോരു ത്തരുടേയും യഥാർത്ഥാഭിപ്രായം ക്ഷണിക്കുകയും ചെയ്തു. കൊച്ചു ണ്ണിത്തമ്പുരാനൊഴികെ മററുള്ളവരെല്ലാം വള്ളത്തോളിൻെറ ആ പ ദ്യങ്ങളെ മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി. കൊച്ചുണ്ണിത്തമ്പു രാനാകട്ടെ വള്ളത്തോളിനെക്കൊണ്ടു അദ്ദേഹത്തിൻെറ ഓരോ പ ദ്യവും രണ്ടും മൂന്നും ആവൎത്തി വായിപ്പിച്ച് അതിനെ ശക്തിമത്താ യി നിരൂപണം ചെയ്തു അതിൽ വല്ല കരടുകളും കാണുന്നുണ്ടോ എന്നു പ്രത്യേകം നോക്കിക്കൊണ്ടിരുന്നു. മററുള്ളവർ നിർദ്ദോഷ മെന്ന് അഭിപ്രായപ്പെടുന്ന പല പദ്യങ്ങൾക്കും കൊച്ചുണ്ണിത്തമ്പു രാൻ എന്തെങ്കിലും ചില ദോഷങ്ങൾ കണ്ടുപിടിക്കും. ഈ വിഷയ ത്തിൽ തമ്പുരാനെ വലിയ ഒരു പുരോഭാഗിയായി പരിഗണിക്കു വാൻ ചിലർ സന്നദ്ധനായിരുന്നു. അതും സ്വാഭാവികമാണല്ലൊ. തമ്പുരാന് അലങ്കാരവിഷയത്തിലുള്ള അറിവ് അഗാധമായിരുന്ന തിനാൽ അക്കാലത്ത് അദ്ദേഹത്തിന്നു സമ്മതമായ ഭാഷാകാവ്യ ങ്ങൾ വളരെ വിരളമായിരുന്നു. മററുള്ളവർ അവിടെ വായിക്ക പ്പെട്ട വള്ളത്തോളിൻെറ കവിത വളരെ നന്നായിട്ടുണ്ടെന്നു അഭി പ്രായപ്പെട്ടാലും തമ്പുരാൻ അത് സമ്മതിച്ചുകൊടുക്കുവാൻ കൂട്ടാ ക്കിയില്ല. ഇങ്ങിനെ, അവിടെ കവനവിഷയകമായി നടന്ന :വാദ പ്രതിവാദം കണക്കിലേറെ ബഹളമുണ്ടാക്കിയെന്നു പറയേണ്ടു. വള്ളത്തോൾ, തൻെറ കവിതയിൽ തമ്പുരാൻ കണ്ടുപിടിക്കുന്ന ന്യൂ നതകൾക്ക് തക്ക പ്രമാണം കിട്ടുവാൻ അദ്ദേഹത്തെ നിർബ്ബന്ധിക്കു കയും, കേവലം നിർദ്ദോഷമാണു തൻെറ കാവ്യമെന്നു സ്ഥാപിക്കു വാൻ പാടുപെടുകയും ചെയ്തു. ഒടുവിൽ തമ്പുരാൻ ഒരു മക്കടമു ഷ്ടിക്കാരനാണെന്നു തുറന്നുപറഞ്ഞ്, അദ്ദേഹത്തിൻെറ അഭിപ്രായ ത്തെ അവലപിക്കുവാൻകൂടി വള്ളത്തോൾ മടിച്ചില്ല. അങ്ങിനെ അവരിരുവരും തമ്മിൽ നടത്തിയ ആ ശക്തിമത്തായ വാദസമരം വല്ല അനിഷ്ടസംഭവങ്ങൾക്കും ഇടവരുത്തുമോ എന്നുകൂടി മററു കവികൾ ശങ്കിക്കുകയും, രണ്ടുപേരേയും സമാധാനപ്പെടുത്തി, ആ ക്ഷുബ്ധമായ അന്തരീക്ഷം ശാന്തമാക്കുവാൻ അവർ "ഭഗീരഥപ്രയ ത്നം" നടത്തുകയുമുണ്ടായി. അതുകൊണ്ടൊന്നും ഫലമുണ്ടായില്ല. തമ്പുരാനുണ്ടോ വിട്ടുകൊടുക്കുന്നു? വള്ളത്തോളുണ്ടോ വകവെയ്ക്കുന്നു? ഈ നിലയിൽ വാഗ്വാദം കുറെകൂടി ശക്തിമത്തായപ്പോൾ നയശാ ലിയായ തമ്പുരാന് പുഞ്ചിരിയാണ് പുറപ്പെട്ടത്. വള്ളത്തോൾ ശൃണ്ഠിയെടുത്തു ഗൌരവമായ ഒരു പ്രകൃതിയാണവലംബിച്ചതും.

ആ കവിസദസ്സിൽ 'അങ്ങിനെ ക്രുദ്ധനായി കാണപ്പെട്ട വള്ളത്തോളിനെ സമാധാനിപ്പിക്കുവാൻ എതിരാളിയായ തമ്പുരാൻ പ്രയോഗിച്ച നയം സ്തുത്യർഹമാണ്. ഒടുവിൽ വള്ളത്തോളിന്റെ പ്രസ്തുതകവിത തമ്പുരാന്റെ അഭിപ്രായാനുസരണം ചുരുക്കം ചില തിരുത്തുകളോടുകൂടി അവിടെ അംഗീകരിക്കപ്പെടുകയും, ആ വാദപ്രതിവാദം, ആ നിലയിൽ ഭംഗിയായി അവസാനിക്കുകയുംചെയ്തു.

അനന്തരമാണ് കൊച്ചുണ്ണിത്തമ്പുരാൻ എഴുതിവന്ന "മലയാംകൊല്ലം" എന്ന മഹാകാവ്യം ആ കവിസദസ്സിൽ വായിക്കപ്പെടുവാനിടയായത്. ആ സന്ദർഭത്തിൽ "മലയാംകൊല്ല"ത്തിലെ ചിങ്ങം, കന്നി ഈ മാസങ്ങളിലെ വർണ്ണനം തമ്പുരാൻ പൂർത്തിയാക്കിയിരുന്നു. ചിങ്ങമാസവർണ്ണനയിലുള്ള

"ചൊല്ലാന്നവായുരജകൻഘനാവസ്ത്രജാല-
മെല്ലാടവുംജലകണംചിതറംപ്രകാരം
കല്ലോത്തകാന്തികലരുംഗഗനത്തിലിട്ടു
തല്ലീട്ടതിന്നിഹവെളുപ്പുവരുത്തിടുന്നു"

എന്നും

"കാലാനുകൂലമഥകന്ദുകലീലചെയ്യും
ബാലാജനങ്ങളുടെവാർകുഴൽമേഘവൃന്ദം
ലോലങ്ങളായടിപതിച്ചുപരന്നിടുന്നു
ചാലേശ്രമാംബുകണതാരകൾമിന്നിടുന്നു"

എന്നുംമററുള്ള പദ്യങ്ങൾ വായിക്കപ്പെട്ടപ്പോൾ എല്ലാവരും ആ കവിതയുടെ യോഗ്യതകണ്ടു തമ്പുരാനെ ആത്മാർത്ഥമായി അനുമോദിച്ചു. പ്രത്യേകിച്ചു വള്ളത്തോളും തമ്പുരാനെ പുകഴ്ത്തിയതിനു് ഒരു കയ്യുംകണക്കുമില്ല. കന്നിമാസവർണ്ണനയിലെ,

"ആകുന്നമട്ടു "ജല"ബാധയൊഴിച്ചു"വെള്ള-
ക്കാർ"കൂട്ടമിട്ടുവിലസുന്നൊരുകാലമല്ലേ?"

എന്ന പ്രയോഗങ്ങളും മററും 'കാലാനുകൂലമായ രാഷ്ട്രീയകാര്യച്ചുരുക്കവുംകൂടി ഉൾക്കൊള്ളിച്ചിരുന്നതിനാൽ വള്ളത്തോൾപ്രഭൃതികൾ തമ്പുരാന്റെ കാലദേശാവസ്ഥാനുസൃതമായ കാവ്യരചനാപാടവത്തെ കളങ്കംകൂടാതെ ശ്ലാഘിച്ചു. ;ഇതിൽനിന്നെല്ലാം തെളിയുന്നതു്

അക്കാലത്തും യോഗ്യന്മാരായ കവികൾ രാഷ്ട്രീയകാര്യങ്ങൾക്കും തങ്ങളുടെ കവിതയിൽ അല്പാല്പം സ്ഥാനം കല്പിക്കുവാൻ ശ്രമിച്ചിട്ടുണ്ടെന്നാകുന്നു. ഇങ്ങിനെ "മലയാംകൊല്ലം" എഴുതിത്തീർന്നേടത്തോളംഭാഗം അവിടെ വായിച്ച് എല്ലാവരുടേയും അഭിനന്ദനാർഹമായ അഭിപ്രായം പുറത്തായശേഷം, അച്ഛട്ടരുടെ ശ്രദ്ധ കുറച്ചുനേരത്തേയ്ക്ക് അക്ഷരശ്ലോകം ചൊല്ലുന്നതിലേയ്ക്കായിരുന്നു. ഏതാണ്ടു രണ്ടുമണിക്കൂർനേരം രസകരമായ നിലയിൽ അക്ഷരശ്ലോകവും ചൊല്ലി അവർ സന്തുഷ്ടരായി. അന്ന് അവർ തത്സമയം സ്വയമേവ ഉണ്ടാക്കിയ ശ്ലോകങ്ങളാണ് അക്ഷരശ്ലോകത്തിന്നുപയോഗിച്ചതെന്നുള്ള സംഗതി പ്രത്യേകം സ്മരണീയമാണ്. ആ സദസ്സിലെ പ്രസ്തുത കവനവിനോദം കണ്ടു രസിക്കുവാൻ സഹൃദയരായ സന്ദർശകന്മാർ പലരുമുണ്ടായിരുന്നു.

പല സാഹിത്യവിനോദങ്ങളും ഇങ്ങിനെ കാത്തുള്ളിവീട്ടിലും വെച്ചു നടന്നിട്ടുണ്ട്. ഒരു പ്രത്യേകസന്ദർഭത്തിൽ നടന്ന സംഗതി മാത്രമാണ് ഇവിടെ മാതൃകയ്ക്കായി ഉദ്ധരിച്ചത്. അന്നത്തെ സാഹിത്യവിനോദങ്ങളുടേയും, അന്നുള്ള കവികളുടെ പരസ്പരസൌഹാർദ്ദത്തിന്റെയും സമ്പ്രദായം ഇന്നത്തെ മാന്യവായനക്കാർക്ക് ഏതാണ്ടൊക്കെ മനസ്സിലാക്കിക്കൊടുക്കുവാനുള്ള എന്റെ ഈ എളിയ പരിശ്രമത്തിന്നു വല്ല സാഫല്യവുമുണ്ടായാൽ എനിക്ക് അത്തന്നെയായിരിക്കും ഈ ഗ്രന്ഥരചനാമൂലം സിദ്ധിക്കുന്ന പ്രോത്സാഹനം.

ഇരുപത്തെട്ടാമദ്ധ്യായം.

ഒട്ടുവിന്റെ വസതിയും കവനവിനോദങ്ങളും.

കൊടുങ്ങല്ലൂർ കോവിലകത്തെ കവിസദസ്സുപോലെതന്നെ ഒട്ടുവിൽ കുഞ്ഞിക്കൃഷ്ണമേനോന്റെ കൊടുങ്ങല്ലൂർ വസതിയും അന്നു പല സാഹിത്യപരിശ്രമങ്ങൾക്കും പ്രാധാന്യം നേടിയിരുന്നു. അന്നു "ഒട്ടു" കൊടുങ്ങല്ലൂർ തഹസിൽദാരായിരുന്ന സംഗതി സ്മരണീയമാണ്. അദ്ദേഹം ആ ഉദ്യോഗത്തിൽ പ്രവേശിച്ചു കൊടുങ്ങല്ലൂർ സ്ഥിരതാമസമാക്കിയതുമുതൽ അദ്ദേഹത്തിന്റെ ഭവനം ഒരു

യഥാർത്ഥ കവനകലാക്ഷേത്രമായി പരിണമിച്ചു. "ഒട്ട"വാകട്ടെ, തൻെറ ഔദ്യോഗിക ജോലികൾ ചെയ്തുകഴിഞ്ഞാൽ സകല ശ്രദ്ധയും, ഉത്സാഹവും പതിപ്പിച്ചിരുന്നതു സാഹിത്യവിനോദങ്ങളിലായിരുന്നു. തന്മൂലം ആ മനോഹരമായ സാഹിത്യവിനോദരംഗത്തിൽ കുഞ്ഞിക്കുട്ടൻതമ്പുരാൻ, കാത്തുള്ളി, കുണ്ടൂർ, കടത്തനാട്ടു കൃഷ്ണവാരിയർ, കടത്തനാട്ടു ശങ്കരവാരിയർ, ചങ്ങരംകോത കൃഷ്ണൻകത്താവു, ആലത്തൂർ അനുജൻനമ്പൂതിരിപ്പാട്ടു, ഒറവങ്കര ചെറിയശങ്കരൻനമ്പൂതിരി, :പരിയാടത്തു ഗോപാലമേനോൻ, പാലിയത്തു ചെറിയ കുഞ്ഞുണ്ണിഅച്ഛൻ, ഈ ഗ്രന്ഥകാരൻ എന്നിങ്ങിനെ പലരും പലപ്പോഴും പ്രധാന വേഷക്കാരുടെനിലയിൽ പ്രവേശിക്കാറുണ്ട്. ഒട്ടവിൽ ശങ്കരൻകുട്ടിമേനോൻ ചില കാലങ്ങളിലെല്ലാം ജ്യേഷ്ഠനോടൊരുമിച്ച് അവിടെ താമസിച്ചുവന്നിരുന്നു.

പ്രസ്തുത സാഹിത്യസദസ്സിൽ അദ്ധ്യക്ഷനായിരുന്നുകൊണ്ട് "ഒട്ട" പല സന്ദർഭങ്ങളിലും രസകരങ്ങളായ കവനകലാപരിപാടികൾ തയ്യാറാക്കിയിരുന്നു. അദ്ദേഹം ഒരിക്കൽ നിർദ്ദേശിക്കും നമുക്ക് എല്ലാവക്കുംചേൎന്നു ഇന്നു ഒരു "ദേവീസ്തവം നിൎമ്മിക്കാ"മെന്ന്. അ, ആ എന്നീ അക്ഷരത്തിലായിരിക്കണം അതിൽ ഓരോ പദ്യവും തുടങ്ങേണ്ടതെന്നും നിശ്ചയമുണ്ടായിരിക്കും. ആ നിർദ്ദേശം അവിടെ കൂടാറുള്ള എല്ലാവരും ഐക്യകണ്ഠ്യേന അനുകൂലിക്കും. ഉടനെ "ദേവീസ്തവ"രചനയ്ക്കു് എല്ലാവരും സന്നദ്ധരാവുകയും ചെയ്യും. അങ്ങിനെ "ഒട്ട", ശങ്കരൻകുട്ടിമേനോൻ, കാത്തുള്ളി, കടത്തനാട്ടു ശങ്കരവാരിയർ, പരിയാടത്തു ഗോപാലമേനോൻ, ഇയ്യുള്ളവൻ എന്നിങ്ങിനെ ആറുപേർ ചേൎന്നാണ് ഒരു "ദേവീസ്തവം" ഗീതിവൃത്തത്തിൽ രചിച്ചതു്. കേവലം നിമിഷകവിതയായിരുന്നു അതെങ്കിലും, അതിൽ "ഒട്ട", കാത്തുള്ളി മുതലായവരുടെ കവിത വളരെ ഭംഗിയായിരുന്നു. "ഒട്ട"

"അഗവരസുകൃതപതാകേ!
ഭഗവതി! ഭവ്യേ! ഭവാനി! ഭവദയിതേ!"

എന്നിങ്ങിനെ ആരംഭിക്കുന്ന ആ സ്തുതി മുഴുവനും ഇവിടെ പകൎത്തുവാൻ നിവൃത്തിയില്ലാത്തതിൽ വ്യസനിക്കുന്നു. അക്കാലത്തുതന്നെ സുപ്രസിദ്ധ കവികളായിത്തീൎന്നിരുന്ന "ഒട്ട", കാത്തുള്ളി തുടങ്ങിയവർ അപ്രകാരം കവനപരിശീലനക്രിയകളിൽ പ്രധാന പങ്കെടു

ത്തിരുന്നത്, അസ്മാദ്ദശരായ പുതിയ കൂട്ടരെ പ്രോത്സാഹിപ്പിക്കുവാൻ മാത്രമായിരുന്നു. "ഒട്ട"വിൻെറയും ആ സംഘത്തിൽപ്പെട്ട പല പഴമക്കാരുടേയും യുവകവിജനപ്രോത്സാഹനരീതി അങ്ങിനെയൊക്കെയായിരുന്നുവെന്നു കാണുമ്പോൾ, അവരുടെ സ്തുത്യർഹമായ മനോഗുണത്തെപ്പററി നമുക്ക് അനുമാനിക്കാമല്ലൊ.

കവനവിനോദക്രിയകളിൽ അത്യുത്സുകനായിരുന്ന "ഒട്ട" മറെറാരിക്കൽ നിർദ്ദേശിച്ചത്, "ഇന്നു നമുക്ക് ഒരു കഥയാണുണ്ടാക്കേണ്ടത്" എന്നായിരുന്നു. തദനുസരണം പലരുംചേൎന്നു നിമിഷകവനരീതിയിൽ എഴുതിയതാണ "പഞ്ചാംഗി" എന്ന ലഘുകാവ്യം. ആ കാവ്യത്തിൽ ഓരോരുത്തരും പതിനഞ്ചു പദ്യംവീതമാണു നിൎമ്മിച്ചത്. എല്ലാവരും "വസന്തതിലകം" വൃത്തം കൈക്കൊള്ളേണമെന്നായിരുന്നു നിശ്ചയം. കഥയാകട്ടെ, ഓരോരുത്തൎക്കും പ്രത്യേകം ഓരോ ഭാഗം പങ്കിട്ടുകൊടുത്തിരുന്നു. അങ്ങിനെ എല്ലാവരുംകൂടി ആ കാവ്യം മുഴുമിച്ചശേഷം അത് ആ കവിസദസ്സിൻെറ ആഭിമുഖ്യത്തിൽ വായിച്ചു നിരൂപണംചെയ്തു തെററുകൾ തീൎക്കുകയുംചെയ്തു. അതിൽ ഏററവും മനോഹരമായിരുന്ന "ഒട്ട"വിൻെറ ഭാഗത്തുള്ള രണ്ടു പദ്യങ്ങൾ മാതൃകയ്ക്കായി താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

"കാളുന്ന കോപമൊടുകണ്ണിണ കാട്ടുതിയ്യേ-
ക്കാളും തുടുത്തനിറമായ് വിറപൂണ്ടുമെയ്യും
വാളും കരത്തിൽ വടിവോടു വഹിച്ചു യാതൊ-
രാളുംപെടാത്ത ദയിതാസദനത്തിലെത്തി"

ആ കഥയിലെ നായകനായ രാജാവ്. സ്വപത്നിയുടെ ദുർവൃത്തിയിൽ ഉസ്സഹമായ കോപാധിക്യത്തോടുകൂടി രാജാവ് ദുരാചാരനിരതയായ ആ രാജ്ഞിയെ സമീപിക്കുന്ന ഘട്ടമാണ് മേലുദ്ധരിച്ചത്. അദ്ദേഹം ആ ദുർവൃത്തയോടു കോപാന്ധനായി ഗർജ്ജിക്കുന്നതാണ്

"ചോരത്തിളപ്പുസഹിയാഞ്ഞഥ കച്ചകെട്ടി-
മാരക്കളിയ്ക്കുമുതിരും കുലടേ! കുശീലേ!
നേരല്ലമിപ്പൊഴതൊളിക്കുകിൽ നിൻ തിളച്ച
ചോരക്കളത്തിലുടനൊന്നു കുളിച്ചിടും ഞാൻ"

എന്ന പദ്യം. സന്ദർഭാനുസരണമായ രസപരിപൂർത്തിയോടുകൂടിയ ഇത്തരം കവനമാതൃകകൾ "ഒട്ട"വിൻെറ കവനവാസനയേയും, മനോധർമ്മമർമ്മതയേയും സുവ്യക്തമാക്കുന്നു. ഈവക മനോഹരപദ്യങ്ങൾ നിമിഷകവനവകുപ്പിൽപ്പെട്ടവയാണെന്നു പറഞ്ഞറിയിക്കുകതന്നെ വേണം. മറവള്ളവരുടെ ഭാഗങ്ങളും യഥാക്രമം നന്നായിരുന്നു. ഈ കാവ്യം അന്ന് ഒരുത്തമമലയാളമാസികയായിരുന്ന "കേരളചിന്താമണി"യിൽ പ്രസിദ്ധം ചെയ്തിട്ടുണ്ട്.

മറെറാരു സന്ദർഭത്തിൽ കവനകലാപരിശീലനത്തിന്നു കുറച്ചു സമയം കിട്ടിയപ്പോൾ നിർമ്മിച്ചതാണ് "സപ്താഹാസുധാകരം" എന്ന കാവ്യവും. അന്നു "ഒട്ട"വിന്നു ആ വിനോദത്തിൽ സംഗതിവശാൽ പങ്കുകൊള്ളുവാൻ കഴിഞ്ഞില്ല. പക്ഷേ, അതിൽ ചങ്ങരംകോത കൃഷ്ണൻകർത്താവും, ഒറവങ്കര ചെറിയ ശങ്കരൻനമ്പൂതിരിയും, പങ്കുകൊണ്ടിരുന്നു. അന്നു പ്രസ്തുത കവനവിനോദം സമാരംഭിച്ച സമയത്താണ് "ഒട്ട"വിന്നു ഔദ്യോഗികമായ ഒരു കാര്യത്തിന്നു അടിയന്തരമായി പോകേണ്ടിവന്നത്, പക്ഷെ, ഞങ്ങളെല്ലാവരും കൂടി കൂട്ടായി ആ കാവ്യം രചിച്ചുകഴിഞ്ഞപ്പോഴെല്ലാം "ഒട്ട" തൻെറ ജോലി കഴിഞ്ഞു മടങ്ങിവന്നു. ഉടനെ എല്ലാവരുടേയും കവിത വായിച്ചു നിരൂപണം ചെയ്യുന്നതിന്നായിരുന്നു അദ്ദേഹം സന്നദ്ധനായത്. "ഒട്ട"തന്നെ ഓരോരുത്തരുടെ ഭാഗവും വായിച്ചു അതിൽ അത്യാവശ്യമെന്നു തനിക്കു തോന്നിയ ഭേദഗതികൾ വരുത്തി. ഒറവങ്കര ചെറിയ ശങ്കരൻനമ്പൂതിരിയുടെ ഒരു പദ്യത്തിൽ

"യാമിനീപതി മറഞ്ഞനന്തരം
കാമിനീമണി മറച്ചു കൈതവം"

എന്നു തുടങ്ങുന്നതായിരുന്നു പൂർവ്വാർദ്ധം. അതിൻെറ ഉത്തരാർദ്ധം "ഒട്ട"വിന്നു അത്ര പിടിച്ചില്ല. ഉടനെ അദ്ദേഹം

"മൈമിനുക്കി രസമോടുമേവിനാൾ
ഭാമിനീജനമിവണ്ണമല്ലയോ?

എന്നു തിരുത്തി അതു ഭംഗിയാക്കി. ഇതിൽനിന്നൊക്കെ വിശദമാകുന്നത് "ഒട്ട"വിന്നു കവിതകൾ തിരുത്തി നന്നാക്കുന്നതിലും, യുവകവികളെ പ്രോത്സാഹിപ്പിക്കുന്നതിലുമുള്ള ആന്തരമായ ഔത്സുക്യമാണ്. പ്രസ്തുത കാവ്യം അന്നു "കവനകൌമുദി"യിലാണ് പ്രസിദ്ധം ചെയ്തത്.

ഇനി ഇവിടെ ഉപന്യസിക്കുന്നതു കൂടുതൽ രസകരമായ മറെറാരു കൂട്ടുകവിതാനിർമ്മാണത്തെക്കുറിച്ചാണ്. അന്ന് "ശിവരാത്രി"യായിരുന്നു. ഞങ്ങൾ പലരും കാലേതന്നെ അവിടെ കാവ്യരചനയ്ക്കു സന്നദ്ധരായി വന്നുചേർന്നിരുന്നു. "ശിവരാത്രി"യാകയാൽ അന്ന് ആരും ഉറങ്ങാതെ കാവ്യനിരചനയ്ക്കു തയ്യാറാകണമെന്ന് "ഒട്ടു" നിർദ്ദേശിച്ചു. "എന്നാൽ "ശിവരാത്രിമാഹാത്മ്യ"ത്തിലുള്ള ഒരു കഥയാവട്ടെ ഇന്നത്തെ കവനവിനോദത്തിനുള്ള വിഷയം" എന്ന് അദ്ദേഹത്തിൻെറ സഹധർമ്മിണി ശ്രീമതി ചിന്നമ്മുഅമ്മ (നാരായണിഅമ്മ എന്നാണ് ശരിയായ പേർ) അഭിപ്രായപ്പെട്ടു. ഈ ചിന്നമ്മുഅമ്മയും "ഒട്ടു"വും തമ്മിലുള്ള വിവാഹത്തെപ്പററി സരസകവി കെ. സി. നാരായണൻനമ്പ്യാർ എഴുതിയ മൂന്നു മംഗളപദ്യങ്ങൾ ഈ അവസരത്തിൽ ഇവിടെ ഉദ്ധരിക്കുന്നതു സന്ദർഭോചിതമായിരിക്കുമെന്നു കരുതുന്നു.

"മേളത്തിൽപ്പണ്ട"നന്താ"ത്ഭുതമഹിതമഹാം-
ഭോധിയിങ്കൽപ്പിറന്ന-
"ന്നാള"ത്തിൽപ്പെട്ട"നാരായിണി"പുന"രൊട്ടുവിൽ..
ക്കൃഷ്ണ"നിൽത്തൃഷ്ണയോടും
നീളത്തിൽഭംഗികോലുംനിജ നയനമയ-
ച്ചപ്പൊളുന്നുത്തുവിച്ച-
ക്കോളത്യന്തംശുഭശ്രീയരുളുമടനീ-
വേളിയിൽക്കേളിചേർപ്പാൻ,
"തെക്കുംമാർവീ"ട്ടിലെന്നാകിലു, മധിക വട-
ക്കായി നാനാഗുണൌഘം
തിക്കുമാവള്ള മാന്യൻ മമ സുഹൃദണിമാ-
ണിക്യമാം ഭാഗ്യശാലി
തെക്കർ മാക്കേററമേററിപ്പുകഴ്ത്തുമൊ"രന
ന്താഭിധൻ" തൻെറ പുത്രി-
യ്ക്കൊക്കുമ്മാരൊത്തുചേർന്നു മതികമലലസൽ
"കൃഷ്ണ"നാം "കൃഷ്ണമേനോൻ",
"സമ്പ്രതിമേനോൻ" സരസം
സമ്പ്രതിസംബന്ധമായ സാദ്ധ്വിയോടും
സമ്പ്രതിപത്തിയൊട്ടും ദിവ-
സംപ്രതി സൌഖ്യം കലർന്നു വിലസട്ടേ."

ഈ പദ്യങ്ങളിൽ "അനന്താദ്ഭുതമഹിതമഹാംഭോധി"എന്നും മററും വിവരിച്ചിരിക്കുന്നതു സുപ്രസിദ്ധസാഹിത്യകാരനും, അന്നു ഒരു സബ്ജഡ്ജിയുമായിരുന്ന തെക്കുംമാർവീട്ടിൽ (ടി. വി.) അനന്തൻനായരെയാണ്. "ആളത്തു"എന്നാണ് നാരായണി എന്നു പേരായ ചിന്നമ്മുഅമ്മയുടെ ഭവനപ്പേർ. "സമ്പ്രതിമേനോൻ" എന്ന പ്രയോഗത്തിൽനിന്നു മനസ്സിലാക്കേണ്ടതു് അന്നു "ഒട്ട" കൊച്ചിയിൽ താലൂക്കുസമ്പ്രതി എന്ന ഉദ്യോഗം വഹിച്ചിരുന്ന വസ്തുതയാണ്. ഇതിലധികം ആ സംഗതിയെക്കുറിച്ചു ഇവിടെ വിവരിക്കുന്നതു് അനൌചിത്യമായിരിക്കും. ശ്രീമതി ചിന്നമ്മുഅമ്മയ്ക്കും പാരമ്പര്യംകൊണ്ടും സാഹചര്യത്താലും സാഹിത്യത്തിൽ വാസനയുണ്ടായിരുന്നു. ചിന്നമ്മുഅമ്മയുടെ അഭിപ്രായം എല്ലാവരും സ്വീകരിക്കുകയും, അതുപ്രകാരം "ശിവരാത്രിമാഹാത്മ്യ"ത്തിലെ "ചണ്ഡാലീമോക്ഷം" ഞങ്ങൾ കൂട്ടുകവിതയ്ക്കു കഥാവസ്തുവാക്കുകയും ചെയ്തു. കഥയിൽ ചിലക്കു നല്ല ഭാഗവും, മററുചിലക്കു ഗുണംപോരാത്ത ഭാഗവും കിട്ടുന്നതു് ആക്ഷേപകരമായിരിക്കുമെന്നു ചിന്നമ്മുഅമ്മ അഭിപ്രായപ്പെട്ടതനുസരിച്ചു കഥയുടെ ഓരോ ഭാഗം ഇന്നിന്ന ആൾക്കു എന്നു നിശ്ചയിച്ചു് അതുപ്രകാരം നറുക്കിട്ടെടുത്തു കിട്ടുന്ന ഭാഗം ഓരോരുത്തരും സ്വീകരിക്കട്ടെ എന്നുകൂടി ചിന്നമ്മുഅമ്മ നിർദ്ദേശിച്ചു. അങ്ങിനെ പ്രവർത്തിക്കുകയും ചെയ്തു. നറുക്കിട്ടെടുത്തപ്പോൾ ആദ്യഭാഗം—ചണ്ഡാലി പൂർവ്വജന്മത്തിൽ അതിസുന്ദരിയും പക്ഷേ, ദുർവൃത്തയുമായ ഒരു ബ്രാഹ്മണസ്ത്രീയായിരുന്ന ഭാഗം—കിട്ടിയതു ഇയ്യുള്ളവനാണ്. "ഒട്ട"വിന്നു കിട്ടിയതു്, അവൾ പിന്നത്തെ ജന്മത്തിൽ ചണ്ഡാലിയായി ജനിച്ചു കുഷ്ഠരോഗാർത്തയായി കണ്ണു കാണാതെ അലയുന്ന ഘട്ടമായിരുന്നു. ആ ഘട്ടം "ഒട്ട"വിന്നു കിട്ടിയതിൽ ചിന്നമ്മുഅമ്മയ്ക്കു കുറച്ചു കുണ്ഠിതമുണ്ടായിരുന്നു. പക്ഷേ, "ഒട്ട" പറഞ്ഞു:—"സാരമില്ല, അതൊക്കെ ഞാൻ ശരിപ്പെടുത്തിക്കൊള്ളാം. ആ ദോഷമൊന്നും എനിക്കു ബാധകമല്ല." അദ്ദേഹം ഉടനെ എൻെറ നേക്കു തിരിഞ്ഞു പുഞ്ചിരിപൂണ്ടു പറഞ്ഞു:—"താൻ ശൃംഗാരരസം വേണ്ടതുപോലെ പ്രയോഗിച്ചു തൻെറ ഭാഗം നന്നാക്കിക്കോളൂ. ഞാൻ അതിന്നു ഒരു തിരിച്ചടി തരാം." ആ നിലയിൽ എല്ലാവരുംകൂടി കൂട്ടായി രണ്ടുമണിക്കൂർകൊണ്ടു് "ചണ്ഡാലീമോക്ഷം" എഴുതിത്തീർത്തു. ഓരോരുത്തരുടെ ഭാഗത്തു സഗ്ദ്ധരശ്ലോകമുൾപ്പെടെ 26 പദ്യങ്ങളാണുൾപ്പെട്ടിരുന്നതു്. വൃത്തങ്ങൾ ഇന്നിന്നതായിരിക്കേണമെന്നുകൂടി നിശ്ചയം ചെയ്തിരുന്നു.

ഞാൻ,

"മലർമാനിനി തൻ മനോജ്ഞനീലാ-
മലലോലേക്ഷണവീക്ഷണപ്രഭാവാൽ
വിലസീ വിളികൊണ്ട കേകയാഖ്യം
വിലയാളീടിന പട്ടണം ജഗത്തിൽ"

എന്നാണ് പ്രഥമസർഗ്ഗം "വസന്തമാലികാ"വൃത്തത്തിൽ തുടങ്ങിയത്. "ഒടു"വാകട്ടെ തനിക്കു കിട്ടിയ ഭാഗത്തിൽ എടുത്ത "പൊടിക്കൈ" രസാവഹമാണ്. അദ്ദേഹം, ചണ്ഡാലിയുടെ പൂർവ്വജന്മവും അപ്പോഴത്തെ ജന്മവും തമ്മിൽ താരതമ്യവിവേചനംചെയ്തു ഏററവും തന്മയത്വത്തോടുകൂടിയാണ് തൻെറ ഭാഗം ശരിപ്പെടുത്തിയത്. അദ്ദേഹത്തിൻെറ ആ ചമൽക്കാരപരങ്ങളായ പദ്യങ്ങളിൽ ചിലത് ഇവിടെ ഉദ്ധരിക്കുന്നതു മാന്യവായനക്കാർക്കു പ്രത്യേകം രസാവഹമായിരിക്കുമല്ലോ.

"കഴുകിമിനുസമാക്കിമുമ്പുപച്ച-
പ്പുഴ, പനിനീരൊടണിഞ്ഞകൊങ്കയുഗം
'കഴു'കി, നവസരംവരായ്കമൂലം
പുഴ, പനി, നീരിടചേർന്നുതത്തിട്ടുന്നു,

വിടുവിടരെവഴിക്കുവെച്ചുകണ്ടാൽ
ചടുലതപൂണ്ടുകളിച്ചചാരുനേത്രം
കടുതരഭീതിക്കാരികേററി-
പ്പടുകഴിയായ് പരമേഷ്ഠിതീർത്തുപണ്ടേ.

ഒളിവരനനുവേലമാസ്വദിക്കും
തളിർമുടുവാകിയചോരിവായ്ക്കിടാനീം
ഒളിമുഴുവനകന്നുടർപ്രണത്തിൽ-
ക്കളിയെഴുമീച്ചകളാർത്തടുത്തിട്ടുന്നു,

സുലളിതകുശമദ്ധ്യമന്നുമൂടും
വിലപെരുകുംമുടുപട്ടുചേലയിപ്പോൾ
ചലമലരുകിരങ്ങാംചേർന്നുനാറി-
പ്പുലവഴികീറിമുഷിഞ്ഞകച്ചയായി,

പലപല ഫലിതപ്രയോഗഗാന-
ക്കലവികളിൽപ്പുകഴംപെട്ടതദ്രസജ്ഞ
അലംഭൂതജപൊറാഞ്ഞുഹന്ത! ഹാ ഹാ
നിലവിളിസാധകമാക്കി വാണിടുന്നു".

ഇങ്ങിനെ ബീഭത്സരസപ്രധാനമായ ലളിതപദ്യങ്ങൾ കൊണ്ടാണ് ചണ്ഡാലിയുടെ അപ്പോഴത്തെ ജുഗുപ്സാവഹമായ സ്ഥിതിയെ അദ്ദേഹം പ്രസ്പഷ്ടമാക്കിയിട്ടുള്ളത്. കൂടാതെ, അവർ അഗതിയായി വഴിയിൽക്കിടന്നു, "ഗോകർണ്ണ"ത്തേയ്ക്കു ശിവരാത്രി പ്രമാണിച്ചു പോകുന്ന ഭക്തന്മാരോട് ഇരക്കുന്നതു "ഒടു" പച്ചമലയാളത്തിലുള്ള പദ്യങ്ങൾ തന്നെയായിരിക്കണമെന്നു നിശ്ചയിച്ചിരുന്നു. പറയി പറയേണ്ടതു പച്ചമലയാളഭാഷയിൽത്തന്നെയായിരിക്കണമല്ലൊ. ഉദാഹരണമായി,

"പറയനുടെ പഴങ്കിടാവു ഞാ,നെൻ
പിറവിയിലേമിഴി രണ്ടുമില്ലയെല്ലോ
കറപെടുമുടൽ കണ്ടുതന്തയെന്തോ
പറവതു കൂടു വെടിഞ്ഞു വിട്ടെറിഞ്ഞു,

ഒരു പിടിയരിയില്ല, കാത്തുകാശെ-
ന്നരുളവതെങ്ങിനെയെന്നറിഞ്ഞുകൂട
കരുമനയിതു കണ്ടു നാഴിവെള്ളം
തരുവതിനുററവരും തരത്തിലില്ല,

ഉടലിതു വഷളാകകൊണ്ടു ചാക്കി-
നുടയവരും തൊടുവാൻ മടിച്ചിടുന്നു

.....
....."

എന്നീ പദ്യങ്ങൾ മതിയല്ലൊ. ശിവരാത്രിക്കു പോയിരുന്ന ഭക്തന്മാരിൽ ചിലർ അവളുടെ ദുരവസ്ഥയിൽ അനുകമ്പ പ്രദർശിപ്പിച്ചില്ല. "അവൾ പാപിഷ്ഠയായിരിക്കണം; അതിനാൽ അവൾക്ക് ഈ അനുഭവം വരണമെന്നാണ്" അവർ പറഞ്ഞതു്. മററു ചിലർ, "എന്തുതന്നെയായാലും അവൾക്ക് ഒരു ഖിലപത്രംകൊടുത്തേക്കാം; അതുകൊണ്ടെങ്കിലും അവൾക്കു ഗതിയുണ്ടാകട്ടെ" എന്നു പറഞ്ഞുകൊണ്ട് അവൾക്കു പ്രസ്തുത പത്രം നൽകി.

"പ്ലവഗകരതലസ്ഥമാലപോലാ-
യവളതു നാററി വലിച്ചെറിഞ്ഞു ദൂരെ
ശിവ! ശിവ! ഭഗവൻ! പ്രസീദ! ശംഭോ!
ജവമതുചെന്നു പതിച്ചു ശൈവലിംഗേ"

കവിയുടെ കറയററ ഭക്തിയും ഇത്തരം പദ്യങ്ങളിൽനിന്നു വിശദമാകുന്നു. ഒടുവിൽ,

"ഭുജിപ്പതിനു നല്ലതല്ലിലയതെന്നു കല്പിച്ചുടൻ
ത്യജിച്ചു ശിവപൂജനപ്രഥിതവിലപത്രം സ്വയം
ദ്വിജിഹ്വകുലഭൂഷണനുടയ സൽപ്രസാദാമൃതം
പ്രജിച്ചു നിപതിച്ചുതപ്പറയിതൻെറ പുണ്യോദയം"

എന്നു കഥ സമംഗളം പര്യവസാനിക്കുന്നു.

"ഒടു"വിൻെറ മനോധർമ്മം ഇങ്ങിനെയുള്ള കവനരത്നങ്ങളിൽ നിന്നു സുവ്യക്തമാകുന്നുണ്ട്. അദ്ദേഹം ചണ്ഡാലിയുടെ ആകൃതി വർണ്ണിച്ചിരിക്കുന്നതു നോക്കുക. അവളെ നാം നേരിട്ടു കാണുന്ന അനുഭവം നമുക്ക് ആ ബീഭത്സരസപ്രധാനങ്ങളായ വർണ്ണനയിൽ നിന്നു സിദ്ധിക്കുന്നു. ഇങ്ങിനെ ബീഭത്സരസപ്രധാനങ്ങളായ പദ്യങ്ങളും മററും നിഷ്പ്രയാസം രചിക്കുവാൻ സമർത്ഥനായ ഒടുവിൻെറ സുയശസ്സു ഭാഷാസാഹിത്യലോകത്തിൽ ശാശ്വതമായിരിക്കുമെന്നു ഖണ്ഡിച്ചുപറയാം.

"ചണ്ഡാലീമോക്ഷ"ത്തിലെ മററു ഭാഗങ്ങളും ഓരോ കവികളുടേയും യോഗ്യതാനുസരണം നന്നായിട്ടുണ്ട്. "ഒടു," ശങ്കരൻകുട്ടിമേനോൻ, കടത്തനാട്ടു ശങ്കരവാരിയർ, പരിയാടത്തു ഗോപാലമേനോൻ, ഇയ്യുള്ളവൻ എന്നിങ്ങിനെ ആറുപേർ കൂടിയാണു പ്രകൃതകൃതി നിർമ്മിച്ചിട്ടുള്ളത്. അന്നു വടക്കൻകോട്ടയത്തുനിന്നു പുറപ്പെട്ടിരുന്ന "സുജനവിനോദിനി" എന്ന മാസികയിൽ അതു പ്രസിദ്ധംചെയ്തിട്ടുണ്ട്. ആ മാസികയുടെ പത്രാധിപരായിരുന്ന നീലഞ്ചേരി ശങ്കരൻനായർ പിന്നീട് അതു പുസ്തകരൂപത്തിൽ പുറത്തിറക്കിയതായും എനിക്കറിയാം.

ഈ നിലയിലായിരുന്നു "ഒടു"വിൻെറ വസതിയിൽ മിക്കപ്പോഴും നടന്നിരുന്ന സാഹിത്യപരിശ്രമങ്ങൾ. ചിലപ്പോൾ ഓരോ വിഷയമെടുത്തും കവിതകളെഴുതാറുണ്ട്. മററു ചില സന്ദർഭങ്ങളിൽ സമസ്യാപൂരണങ്ങളും, തർജ്ജമകളുമായിരിക്കും ഞങ്ങൾക്കു സാഹിത്യവിനോദത്തിന്നുള്ള വിഷയം. ചുരുക്കിപ്പറയുന്നതായാൽ,

വിവിധ രീതിയിലുള്ള കവനമാതൃകകളും അവിടെ അന്നു സരസകവികളായ പലരുംകൂടിച്ചേർന്നു തയ്യാറാക്കിയിരുന്നു. ആ വക കവനസദസ്സുകൾ ഇന്നെവിടെയെങ്കിലുമുണ്ടോ? അപ്രകാരമുള്ള സാഹിത്യാഭാസവും, വിനോദങ്ങളും തീരെ അസ്തമിച്ചുപോയതു വലിയ കഷ്ടമായി. ഇങ്ങിനെ പല സംഗതികളുമാലോചിക്കുമ്പോൾ അന്നുള്ള കവികളുടെ യോഗ്യതയേയും, മഹാമനസ്കതയേയും എത്രതന്നെ ശ്ലാഘിച്ചാലും അധികമാവുകയില്ല. ആ "സുവർണ്ണയുഗം" ഇങ്ങിനി വരാത്തനിലയിലായതു അസ്മാദ്ദശക്കു മാത്രമല്ല, യഥാർത്ഥ സഹൃദയക്കും വലിയ കുണ്ഠിതത്തിനും നിരാശയ്ക്കും ഇടയാക്കിത്തീർത്തിട്ടുണ്ടെന്നുള്ളതിന്നു പക്ഷാന്തരമില്ല.

ഇരുപത്തൊമ്പതാമദ്ധ്യായം.

തിരുവനന്തപുരത്തെ സാഹിത്യവിനോദങ്ങൾ.

അന്നത്തെ കവികൾക്കും ഭാഷാഭിമാനികൾക്കും ഏറെക്കുറെ "സുവർണ്ണയുഗ"മായിരുന്ന ആ ഒരു കാലഘട്ടത്തിൽത്തന്നേയാണ് കൊട്ടങ്ങല്ലൂർ കവിസദസ്സിൽനിന്നു പകർന്ന ആവേശങ്ങൾ പല സ്ഥലങ്ങളിലും പ്രായോഗികമായതെന്നു മാന്യവായനക്കാർ ഇതിനകം മനസ്സിലാക്കിയിരിക്കുമല്ലൊ. അങ്ങിനെ പല ജനപദങ്ങളിലും സരസമായ ആ സാഹിത്യവിനോദങ്ങൾ പ്രചരിപ്പിക്കുന്നതിൽ ഒട്ടുവിൽ കുഞ്ഞിക്കൃഷ്ണമേനോനു പ്രധാനമായ ഒരു പങ്കുണ്ടായിരുന്നു. കൊട്ടങ്ങല്ലൂർ കവിസദസ്സിലും, മററു പല സാഹിത്യസമാജങ്ങളിലും മുഖ്യമായ മിക്ക പ്രവർത്തനങ്ങളിലും പങ്കെടുത്ത് പഴക്കവും തഴക്കവും സിദ്ധിച്ച ആ മഹാശയനു സാഹിത്യലോകത്തിൽ ഉയർന്നു വരുവാനിച്ഛിച്ചിരുന്ന അസ്മാദ്ദശരോടുണ്ടായിരുന്ന വാത്സല്യം അളവററതായിരുന്നു. യുവകവികളെ പ്രോത്സാഹിപ്പിക്കുന്നതിൽ മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാൻെറ മഹനീയമായ ആദർശമാണ് അദ്ദേഹം കൈക്കൊണ്ടിരുന്നത്. വാസ്തവത്തിൽ, അന്നത്തെ സാഹിത്യകാരന്മാരും, കവികളും സാമാന്യേന അങ്ങിനെയുള്ള നയംകൊണ്ടു സാഹിത്യലോകത്തിൽ പൊതുവിൽ സ്വാധീനശക്തി സമ്പാദിച്ചവരായിരുന്നു. "ഒട്ട"വിനെ സംബന്ധിച്ചേടത്തോളം ആ വി

ഷയത്തിൽ ഒരു പ്രത്യേകതതന്നെയാണുണ്ടായിരുന്നത്. പല ഉദാഹരണങ്ങളും അതിനുണ്ടെങ്കിലും അവയിൽ ഒന്നെങ്കിലും ഇവിടെ വിവരിക്കുന്നതു സന്ദർഭോചിതമായിരിക്കുമെന്നു കരുതുന്നു.

അന്നു "ഒട്ടു" ഉദ്യോഗനിലയിൽ സ്ഥിരമായി താമസിച്ചിരുന്നതു ത്രശ്ശിവപേരൂരായിരുന്നു. കവികളുടെയും, സഹൃദയന്മാരുടേയും സാന്നിദ്ധ്യം അദ്ദേഹത്തിന്റെ ആ വസതിയിലും മിക്കപ്പോഴും ഉണ്ടാകാറുണ്ട്. അന്യാദൃശരെ പ്രോത്സാഹിപ്പിക്കുവാൻ എപ്പോഴും ബദ്ധകങ്കണനായിരുന്ന അദ്ദേഹം ആയിടയ്ക്കു ഒരു ദിവസം എന്നോടു പറയുകയുണ്ടായി, "എടോ, നമുക്ക് ഇക്കുറി നവരാത്രി തിരുവനന്തപുരത്താക്കാം. പന്തളവും, ഉള്ളൂരും അവിടെ ഉള്ളതുകൊണ്ടു് ഏതാനും ദിവസങ്ങൾ അവിടെ രസകരമായി കഴിച്ചുകൂട്ടാം. വിശേഷിച്ചു, നവരാത്രി തിരുവനന്തപുരത്തു മുഖ്യമായിരിക്കും" എന്ന്. ഈ സംഭവം കഴിഞ്ഞിട്ടു് ഇന്നേയ്ക്കു ഏതാണ്ടു നാല്പതുസംവത്സരമായി. "ഒട്ടു"വിന്റെ അന്നത്തെ ആ മധുരമയമായ വാക്കുകൾ ഇന്നും എന്റെ സ്മൃതിപഥത്തിൽ ഉറപ്പോടേ നിലകൊള്ളുന്നുണ്ട്. ആ അഭിപ്രായത്തെ അക്ഷരംപ്രതി ഞാനും അനുകൂലിച്ചു. ഞങ്ങൾ നവരാത്രിയടുത്തപ്പോൾ തിരുവനന്തപുരത്തേയ്ക്കു പുറപ്പെടുകയുംചെയ്തു. ആ ചരിത്രപ്രധാനമായ പട്ടണത്തിലെത്തിയ ഉടനെ ഞങ്ങൾ തിരിച്ചതു പന്തളത്തിന്റെ വസതിയിലേയ്ക്കാണ്. വഞ്ചിയൂരിലാണ് അന്നു പന്തളം താമസിച്ചിരുന്നതു്. അദ്ദേഹം തിരുവനന്തപുരം ഗവമ്മേണ്ടു കോളേജിൽ മലയാളപണ്ഡിതരായിരുന്നു. കുടുംബസമേതം താമസിച്ചിരുന്ന അദ്ദേഹത്തോടുകൂടെ അന്നു ഒട്ടുവിൽ ശങ്കരൻകുട്ടിമേനോനുമുണ്ടായിരുന്നു. ഒട്ടുവിന്റെ സഹോദരീഭർത്താവാണു പന്തളമെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഞങ്ങൾ അവിടെ എത്തിയതു് ഏതാണ്ടു കാലത്തു പത്തു മണിക്കു മുമ്പാണ്. പന്തളത്തിന്നു ഞങ്ങളെ കണ്ടപ്പോളുണ്ടായ ആഹ്ലാദം നിസ്സീമമായിരുന്നു. ഒരു ചെറിയ കുശലപ്രശ്നത്തിന്നു ശേഷം കുളിയും കാപ്പികുടിയും കഴിഞ്ഞു ഞങ്ങൾ അല്പം വിശ്രമിച്ചു. ആ സന്ദർഭത്തിൽ പന്തളം ഞങ്ങളുടെ അടുത്തുവന്നു ഇപ്രകാരം പറഞ്ഞു: — "എനിക്കു കോളേജിലേയ്ക്കു പോകേണ്ട സമയം കഴിഞ്ഞു. ഞാൻ ഒന്നു തൽക്കാലം പോകട്ടെ. നിങ്ങൾ ഇവിടെ ഉള്ളതുകൊണ്ടു ഞാൻ ഉച്ചയ്ക്കുശേഷം അവുധി എടുത്തുവരാം. പിന്നെ

നമുക്ക ഉള്ളൂരിനേയും കാണാം. നമ്മുടെ സാഹിത്യവിനോദങ്ങളെ സംബന്ധിച്ചുള്ള കാര്യപരിപാടി ഉള്ളൂരിനെ കണ്ടശേഷം തയ്യാറാക്കാം." ഇങ്ങിനെ പന്തളം ഞങ്ങളോടു സ്നേഹപൂർവ്വം പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ അഭീഷ്ടത്തിന്നു ഞങ്ങൾ ഹാർദ്ദമായ അനുമതി നൽകുകയും, അദ്ദേഹം കോളേജിലേയ്ക്കു പോവുകയും ചെയ്തു.

യാത്രാക്ഷീണം കൂടുതലുണ്ടായിരുന്നതിനാൽ കുറെ വിശ്രമിച്ചശേഷം ഞങ്ങൾ ഊണുംകഴിച്ചു പന്തളത്തിന്റെ വരവും നോക്കി ഇരിപ്പായി. പറഞ്ഞ സമയത്തുതന്നെ അദ്ദേഹം വന്നു. അനന്തരം ഞങ്ങൾ സമയം പോക്കിയതെല്ലാം സാഹിത്യവിഷയകമായ സംഭാഷണംകൊണ്ടാണ്. ശങ്കരൻകുട്ടിമേനോനും ആ സംഭാഷണത്തിൽ പങ്കുകൊണ്ടിരുന്നു. അങ്ങിനെ എതാണ്ടു നാലുമണിവരെ ഞങ്ങൾ സാഹിത്യസല്ലാപത്തിൽ നിമഗ്നരായി. ഉടനെ കാപ്പി കഴിച്ചു ഞങ്ങൾ മൂന്നുപേരുംകൂടി (ഒടുവും, പന്തളവും, ഞാനും) ഉള്ളൂരിനെ കാണ്മാൻ ഹജൂരാപ്പീസ്സിലേയ്ക്കു പുറപ്പെട്ടു. ഞങ്ങൾ അവിടെ എത്തിയപ്പോൾ ഉള്ളൂരിന്നു ആപ്പീസു പിരിഞ്ഞു വരുവാൻ കുറച്ചു സമയവുംകൂടി ഉണ്ടായിരുന്നു. ഹജൂരിൽ ഒരു സിക്രട്ടറിയായിരുന്നു അന്നദ്ദേഹം. ആപ്പീസ്സു പിരിയുവാൻ കുറച്ചു സമയവുംകൂടി ഉണ്ടെങ്കിലും, ഞങ്ങളെ കണ്ടു കൺകളുക്കുകയാൽ ഉള്ളൂർ, തന്റെ അടുത്തിരുന്നു പണി എടുത്ത ഒരു ക്ലാക്കിനോടു താൻ അല്പം കാലേ പോകയാണെന്നു പറഞ്ഞു ഞങ്ങളുടെ കൂടെ ആപ്പീസ്സിൽനിന്നു പുറത്തിറങ്ങി. ഉള്ളൂരും കേരളവർമ്മ വലിയ കോയിത്തമ്പുരാൻ തുടങ്ങിയ ഉദാരമതികളോടുംമററുമുള്ള സമ്പർക്കത്താൽ യുവകവികളെ പ്രോത്സാഹിപ്പിക്കുവാൻ ഏററവും ഔത്സുക്യമുള്ള ഒരു മഹാനായിരുന്ന അദ്ദേഹമാകട്ടെ, പന്തളത്തിന്റെ വസതിയിൽ എത്തുംവരെ ഒടുവിന്റേയും എന്റേയും ചുമലിൽ കൈകളും വെച്ചു നടന്നുകൊണ്ടു പല രസകരമായ സാഹിത്യസംഭാഷണങ്ങളിലും ഏർപ്പെട്ടിരുന്നു. "ഒടു"വും ഉള്ളൂരും സാഹിത്യവിഷയത്തിൽ ഏതാണ്ടു തുല്യസ്ഥിതിയിലുള്ളവരും പഴയ ചങ്ങാതിമാരുമായിരുന്നതിനാൽ ഉള്ളൂരിന്നു ഒടുവിനോടു് അപ്പോൾ കൂടുതൽ പ്രീതിയോടുകൂടി സംസാരിച്ചേ കഴിയൂ എന്നുണ്ടായിരുന്നില്ല. എന്റെ കഥയങ്ങിനെയൊന്നുമല്ലല്ലൊ. ഞാൻ ആ മഹാമനസ്കനായ കവിയെ 1806 ലൊ മറേറാ വയ്ക്കത്തുവെച്ചു നടന്ന ഒടുവിലത്തെ ഭാഷാപോഷിണി

സഭയിൽവെച്ചാണ് ആദ്യമായി കണ്ടിട്ടുള്ളത്. ഞങ്ങളുടെ രണ്ടാം സന്ദർശനമാണ് തിരുവനന്തപുരത്തുവെച്ചുണ്ടായ പ്രസ്തുത സമാഗമം. പക്ഷെ, ആദ്യം ഒരിക്കൽ ഞങ്ങൾ തമ്മിൽ കണ്ടിട്ടു കാലം കുറെ കഴിഞ്ഞെങ്കിലും ഉള്ളൂരിന്റെ അപ്പോഴത്തെ പെരുമാററം ഞങ്ങൾ തമ്മിൽ ഒരു പന്തീരാണ്ടത്തെ പരിചയമുള്ള മട്ടിലായിരുന്നു. അങ്ങിനെ ഞങ്ങൾ പന്തളത്തിന്റെ വസതിയിൽ എത്തിച്ചേർന്നപ്പോൾ ഞങ്ങൾക്കു ചില കവികളെക്കൂടി അവിടെ കാൺമാനിടയായി. കഴിഞ്ഞുപോയ നന്ത്യേലത്തു പത്മനാഭമേനോൻ, ആലത്തൂർ അനുജൻ നമ്പൂതിരിപ്പാട്, വി. പി. പത്മനാഭൻനമ്പൂതിരിപ്പാട്, മൂലൂർ എസ്. പത്മനാഭപ്പണിക്കർ, "സുഭാഷിണി" പത്രാധിപർ പി. കെ. ഗോവിന്ദപ്പിള്ള എന്നിവരുടെ പ്രസന്നവദനങ്ങളാണ് ഞങ്ങൾക്ക് അപ്പോൾ കണ്ടു സന്തുഷ്ടിയടയുവാനിടവന്നത്. ഉടനെ "ഒട്ട്"പറഞ്ഞു:—ഇപ്പോൾ ഇതു് ഒരു കവിസദസ്സുതന്നെയായല്ലൊ. ഞങ്ങളുടെ കൊട്ടുങ്ങല്ലൂർ കവിസദസ്സിന്റെ ആവേശമാണിവിടേയും പടർന്നതെന്നു തോന്നുന്നു. കൊള്ളാം. നമുക്കു കവനവിനോദങ്ങൾ തുടങ്ങാം." ഉള്ളൂർ തലയാട്ടിക്കൊണ്ടു പ്രസ്താവിച്ചു:—"ഇന്നാണ് എനിക്കു യഥാർത്ഥത്തിൽ സുദിനം. ഇങ്ങിനെയുള്ള പല കവിവര്യന്മാരെ ഒത്തൊരുമിച്ചു കാണാൻ വല്ല "ഭാഷാപോഷിണി" സഭയും ഉടനെ പുനർജ്ജീവിക്കണേ എന്നു പ്രാർത്ഥിച്ചുകൊണ്ടിരിക്കയായിരുന്നു ഞാനിവിടെ. നമുക്കിനി വേണ്ട കാര്യപരിപാടി "ഒട്ട്"തന്നെ തയ്യാറാക്കട്ടെ." പന്തളമാകട്ടെ, സഹജമായ പുഞ്ചിരിയോടുകൂടി അവിടെ ആഗതരായ സകല കവികളേയും ഹാർദ്ദമായി സ്വീകരിച്ചു. അനന്തരം, അവിടെ നടന്ന സരസമായ സാഹിത്യസല്ലാപം രാത്രി ഒമ്പതുമണിവരെ ഏതാണ്ടു നീണ്ടുനിന്നു. പലരും സാഹിത്യവിഷയകമായ തമാശകൾ പറഞ്ഞു. ആ സരസസംഭാഷണങ്ങളിൽ ദ്വിതീയാക്ഷരപ്രാസവഴക്കും, പണ്ടത്തെ ഉത്തരരാമചരിതം നാടകബഹളവും എന്നുവേണ്ട, അനേകം പ്രധാനസംഗതികളും ഉൾപ്പെട്ടിരുന്നു. കുറേ സമയത്തോളം പഴയ ചില നല്ല പദ്യങ്ങൾ ചൊല്ലുകയുണ്ടായി. അവസാനം എല്ലാവരും പിരിയാറായപ്പോൾ, സഹജമായ രസികത്വത്തോടുകൂടി "ഒട്ട്" ഇങ്ങിനെ പറഞ്ഞു:—"നാളത്തെ ഊണ് ഇവിടെയാണെല്ലാവർക്കും. പന്തളം നമ്മെ ഒന്നു നല്ലവണ്ണം സൽക്കരിക്കുവാൻ സന്നദ്ധനായിരിക്കയാണ്. അദ്ദേഹത്തെ ആയാം

നിരാശനാക്കരുത്. കാലത്തു പതിനൊന്നുമണിയോടുകൂടി ഇവിടെ ഊണുകഴിഞ്ഞാൽ നമുക്ക് ഒരു നിമിഷകവനവിനോദം നടത്താം. ഉള്ളൂരുണ്ടോ നാളെ ആപ്പീസ്സിലേയ്ക്കുപോകുന്നു? പന്തളം മുൻകൂട്ടി തന്നെ അവധി എടുത്തുകഴിഞ്ഞു. ആരും അമാന്തിക്കരുത്. നമുക്കു നേരേത്തേ നേരമ്പോക്കു തുടങ്ങണം." ഒടുവിന്റെ ഈ ഔദാര്യപൂർവ്വകമായ ക്ഷണം എല്ലാവരേയും സന്തുഷ്ടരാക്കി. ഉടനെ എല്ലാവരും "ഒടു"വിന്റെ അഭിപ്രായം സ്വീകരിച്ചു തൽക്കാലം പിരിയുകയും ചെയ്തു.

പിറേറന്നു പത്തുമണി ആയപ്പോഴെയ്ക്കും എല്ലാ കവികളും പന്തളത്തിന്റെ വസതിയിൽ സസന്തോഷം സന്നിഹിതരായി. വിഭവസമൃദ്ധമായ സദ്യയിലുണ്ടു രസിച്ചു പല തമാശയും പറഞ്ഞു കുറച്ചുസമയം കഴിച്ചശേഷം "ഒടു"തന്നെ ആ കവിസദസ്സിൽ ഒരു സൂത്രധാരന്റെ നിലയിൽ ഇങ്ങിനെ പ്രസ്താവിച്ചു:—"സമയം ഇനി കളയേണ്ട. നിമിഷകവനപരീക്ഷ തന്നെയാകട്ടെ ഇന്നത്തെ സാഹിത്യവിനോദം. കഥ വേണോ, വിഷയം വേണോ? ഉള്ളൂർ തീർച്ചയാക്കട്ടെ അത്". ഉടനെ ഉള്ളൂർ സമാധാനം പറഞ്ഞു:—"കഥമതി. ഒരു കഥയെടുത്തു പരീക്ഷയിൽ ചേരുന്നവർക്കു തുല്യമായി പങ്കിട്ടു കൊടുക്കണം. ഓരോ പ്രത്യേകഭാഗം ഓരോരുത്തർക്കു ശരിക്കു കിട്ടത്തക്കവണ്ണം നറുക്കിട്ടെടുത്തു കാര്യം തീർച്ചപ്പെടുത്തണം" "എന്നാൽ, കഥ ഉള്ളൂർ തന്നെ തീർച്ചപ്പെടുത്തട്ടെ" എന്നായി പന്തളം. "അതു ഞാനേററു" എന്നു ഉള്ളൂരും തലയാട്ടി സമ്മതിച്ചു. "പാതാളരാമായണത്തിൽ, ഹനുമാന്റെ ഒരു രസകരമായ കഥയുണ്ട്. ഉള്ളൂർ അതു വിശദമായി ഞങ്ങൾക്കു പറഞ്ഞുതന്നു. കഥ ഓരോ ഭാഗമാക്കി നറുക്കെഴുതി ഇട്ടതനുസരിച്ചു ഓരോരുത്തർക്ക് ഓരോ ഭാഗം കിട്ടുകയും ചെയ്തു. പരീക്ഷയിൽ ഒടു, പന്തളം, ഉള്ളൂർ, നന്ത്യേലത്തു പത്മനാഭമേനോൻ, ശങ്കരൻകുട്ടിമേനോൻ, ആലത്തൂർ അനുജൻ നമ്പൂതിരിപ്പാടു, ഇയ്യുള്ളവൻ എന്നിവർ പങ്കുകൊണ്ടു. തനിക്കു നല്ല ദേഹസുഖമില്ലെന്നും, തന്നെ ഒഴിവാക്കണമെന്നുമുള്ള മൂലൂരിന്റെ അപേക്ഷയെ എല്ലാവരും സമ്മതിച്ചുകൊടുത്തു. വി. പി. പത്മനാഭൻനമ്പൂതിരിപ്പാടും ചില അസൌകര്യങ്ങളാൽ പരീക്ഷയ്ക്കു ചേർന്നില്ല. ഒരു മണിക്കൂർകൊണ്ടു കഥ എഴുതി മുഴുമിക്കണമെന്നായിരുന്നു നിശ്ചയം. അതുപ്രകാരം തന്നെ കാര്യം ഭംഗിയായി അവസാനിപ്പിക്കുകയും ചെയ്തു. ആ കഥയുടെ പേർ "ആഞ്ജനേയവിജയം" എന്നാണ്. അക്കാലത്തെ കവനകൌതു

ടിയിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന പ്രസ്തുത കഥ. നിമിഷകവിതയായിരുന്നെങ്കിലും എല്ലാവരുടേയും പദ്യങ്ങൾ നന്നായിരുന്നുവെന്നാണ് പല സഹൃദയന്മാരും അഭിപ്രായപ്പെട്ടത്. അങ്ങിനെ രസകരമായ ആ കവിതാപരീക്ഷയ്ക്കു ശേഷം ഞങ്ങൾ രാത്രി ഒമ്പതു മണിവരെ സാഹിത്യസംഭാഷണം തന്നെയാണ് നടത്തിയത്. ആ സന്ദർഭത്തിലാണു വള്ളത്തോളിന്റെ "വിലാസലതിക" എന്ന ശൃംഗാരകാവ്യത്തിന്റെ ഒരു പ്രതി പന്തളത്തിനു പാരിതോഷികമായി കൊടുക്കുവാൻ വള്ളത്തോൾ എന്നെ ഏല്പിച്ചിരുന്ന കാര്യം ഞാൻ ഓർത്തത്. ഉടനെ പുസ്തകം പന്തളത്തിനു ആ വിവരം പറഞ്ഞു ഞാൻ കൊടുത്തു. അതു കിട്ടിയ പന്തളം ഏററവും സന്തുഷ്ടനായി.

"വിലാസലതികാ ഭിധംവിവിധഭാവനാഡിന്ധമം
കലാകുശല! ഭോ! ഭവൽക്കൃതിയെനോക്കിയുംകൌതുകാൽ
തുലാധികരസോല്ലസല്ലഹരിയിൽകുളിക്കുന്നു ഞാൻ
സലാം, സുകവിതേ! സലാം, ജയ! സജീവശൃംഗാരമേ!

എന്ന അനുമോദപദ്യം ഉടനെ കുറിച്ചു വള്ളത്തോളിനു കൊടുപ്പാനായി എന്നെ ഏല്പിച്ചു. ഈ സംഭവവും കൂടിക്കഴിഞ്ഞശേഷം എല്ലാവരും പിരിയുവാൻ ഒരുക്കമായി. പിറേറന്നു വൈകുന്നേരം നാലുമണിക്കു വീണ്ടും എല്ലാവരും അവിടെ കൂടണമെന്നായിരുന്നു "ഒട്ട്" അപ്പോൾ നിർദ്ദേശിച്ചത്. അതും എല്ലാവരും ഐകകണ്ഠ്യേന സമ്മതിച്ചു തൽക്കാലം പിരിഞ്ഞു.

മുൻ നിശ്ചയപ്രകാരം പിറേറന്നു നാലുമണിക്ക് എല്ലാവരും അവിടെ വന്നുചേർന്നു. അപ്പോൾ "ഒട്ട്" ഇപ്രകാരം അഭിപ്രായപ്പെട്ടു:—"ഇന്നു വഞ്ചിയൂർ ഹൈസ്കൂളിൽവെച്ച് അവിടുത്തുകാരുടെ ഒരു സാഹിത്യസമാജവാർഷികയോഗം നടക്കുന്നുണ്ട്. അതിൽ അദ്ധ്യക്ഷനായിരിപ്പാൻ എന്നെയാണ് ക്ഷണിച്ചിരിക്കുന്നത്. ഇപ്പോൾ ഈ പട്ടണത്തിൽ വന്നിട്ടുള്ള സകല സാഹിത്യരസികന്മാരേയും, കവികളേയും ഞാൻ, എന്റെ ഒന്നിച്ചു കൂട്ടിക്കൊണ്ടുവന്നാൽക്കൊള്ളാമെന്നും പ്രസ്തുത സമാജഭാരവാഹികൾ എന്നോടപേക്ഷിച്ചിട്ടുണ്ട്. അതുകൊണ്ടു നമുക്കേവർക്കും ഉടനെപോയി ആ യോഗത്തിൽ സംബന്ധിക്കണം. യോഗം കഴിഞ്ഞാലുള്ള പരിപാടി അപ്പോൾ ഞാൻ തയ്യാറാക്കും." "ഒട്ട്"വിന്റെ ഈ അഭിപ്രായം എല്ലാവരും അനുകൂലിച്ചു: താമസിയാതെ എല്ലാവരും ഒത്തൊരുമിച്ച് ആ സാഹിത്യസമാജവാർഷികത്തിനു പുറപ്പെട്ടുകയും ചെയ്തു.

ആ മഹാസഭയാകട്ടെ, സരസഗംഭീരമായ ഒരു സാഹിത്യസദസ്സായിരുന്നു. കഴിഞ്ഞുപോയ ജസ്റ്റിസ് ഗോവിന്ദപിള്ള, സാഹിത്യപഞ്ചാനനൻ പി. കെ. നാരായണപിള്ള, മള്ളൂർ ഗോവിന്ദപ്പിള്ള, സി. വി. രാമൻപിള്ള, സി. എസ്സ്. സുബ്രഹ്മണ്യൻപോററി, കെ. സി. കേശവപിള്ള തുടങ്ങിയ പേരെടുത്ത പല സാഹിത്യകാരന്മാരും മററും ആ മഹാസഭയെ അലങ്കരിച്ചിരുന്നു. രസകരങ്ങളായ പല പ്രസംഗങ്ങളും, കവിതാപാരായണങ്ങളും അവിടെ നടന്നു. "ഒട്ട്" വിൻെറ അദ്ധ്യക്ഷപ്രസംഗവും കെങ്കേമമായി.

അങ്ങിനെ സഭ കഴിഞ്ഞശേഷം ഞങ്ങൾ കടപ്പുറത്തേയ്ക്കു യാത്രയായി. ഇനിയുള്ള സാഹിത്യസല്ലാപങ്ങൾ കാററുകൊണ്ടു് അവിടെ ഇരുന്നുകൊണ്ടാവാമെന്നു ഞങ്ങൾ തീച്ചയാക്കി. ആ സമാജഭാരവാഹികളാകട്ടെ, കടപ്പുറത്തു ഒരു ബംഗളാവിൽവെച്ചു ഞങ്ങളെ ഒരു ഹാർദ്ദമായി സൽക്കരിപ്പാൻ മുൻകൂട്ടി തീച്ചപ്പെടുത്തിയിരുന്നു. അവരുടെ ഹാർദ്ദമായ ഉപചാരത്തെ ഞങ്ങൾ സ്വീകരിക്കുവാൻ തയ്യാറാണെന്നു സമ്മതിക്കുകയും ചെയ്തു. കടപ്പുറത്തുചെന്നു അല്പസമയം കാററുകൊണ്ടു തമാശപറഞ്ഞു വിശ്രമിച്ചശേഷം നമ്മുടെ സാഹിത്യസമാജക്കാരുടെ കെങ്കേമമായ സൽക്കാരത്തിന്നുള്ള സമയമായി. വിഭവസമൃദ്ധമായ ആ സദ്യയിലുണ്ടശേഷം ഞങ്ങൾ വീണ്ടും കടപ്പുറത്തു ചെന്നിരുന്നു കാററുകൊണ്ടു അക്ഷരശ്ലോകം ചൊല്ലുവൻ തയ്യാറായി. ശ്രോതാക്കളായി ഒട്ടധികം സാഹിത്യർസികന്മാരും അവിടെ കൂടിയിരുന്നു. ആരംഭത്തിൽ ഞങ്ങൾ പഴയ പദ്യങ്ങളാണ് ചൊല്ലിയതു്. അങ്ങിനെ പഴയ പദ്യങ്ങൾ പലരും ചൊല്ലിയിരുന്ന ഘട്ടത്തിലാണ് ഉള്ളൂരിൻെറ ധാരണാശക്തിയേയും, വിപുലമായ ഗ്രന്ഥപരിചയത്തേയും ഞാൻ മനസ്സിലാക്കിയ്ത്. ആർ, ഏതു പദ്യം ചൊല്ലിയാലും, അതു് ഇന്ന കവിയുടേതല്ലേ, ഇന്ന പുസ്തകത്തിലുള്ളതല്ലേ, എന്നു എടുത്തു ചോദിക്കുവാൻ അദ്ദേഹം സന്നദ്ധനായിരുന്നു. അങ്ങിനെ ആ രീതിയിൽ കുറച്ചുനേരം അക്ഷരശ്ലോകമത്സരം നടത്തിയപ്പോൾ, "ഇനി നമുക്കു സ്വന്തമായി പദ്യങ്ങൾ ഉണ്ടാക്കിച്ചൊല്ലാം" എന്നായി "ഒട്ട്". ആ അഭിപ്രായവും എല്ലാവർക്കും സമ്മതമായതിനാൽ ആ രീതിയിലും കുറച്ചു നേരം ഞങ്ങൾ അക്ഷരശ്ലോകം ചൊല്ലുകയുണ്ടായി. അങ്ങിനെ പദ്യങ്ങൾ ഉച്ചരിച്ചു തൊണ്ടയിൽ വെള്ളമില്ലാതെ ക്ഷീണിച്ചു തുടങ്ങിയ പലർക്കും വഞ്ചിയൂർ സാഹിത്യസമാജക്കാർ ദാഹശമനത്തിന്നു നാരങ്ങനീരും, പാലും, പാലടപ്രഥമനുമായിരുന്നു നൽകിയതു്.

അവക്ക് സാഹിത്യത്തിലുള്ള അഭിരുചിയും, കവിതകളിലുള്ള ബഹുമാനവും ഒന്നു കാണേണ്ടതുതന്നെയായിരുന്നു. കൂടാതെ, അവരുടെ അന്നത്തെ അതിഥിസല്ക്കാരസംബന്ധമായ ഔദാര്യച്ചടങ്ങുകൾ ഞങ്ങളെ ഏററവും സംതൃപ്തരാക്കി. ആ നിലയിൽ ഏതാണ്ടു മണി നാലടിക്കുംവരെ (4 A. M.) ഞങ്ങൾ അവിടെ കഴിച്ചുകൂട്ടി. പിറേറന്നു രാവിലെ പന്തളത്തിന്റെ വസതിയിൽ എല്ലാവരും വന്നു ചേരണമെന്ന നിശ്ചയത്തിന്മേൽ അപ്പോൾ പിരിയുകയും ചെയ്തു.

മുൻ നിശ്ചയപ്രകാരം പിറേറദ്ദിവസം രാവിലെ എട്ടുമണിക്കു എല്ലാവരും പന്തളത്തിന്റെ വസതിയിൽ സന്നിഹിതരായി. അവിടെവെച്ചു ഒട്ടു, പന്തളം, ഉള്ളൂർ എന്നീ മഹാന്മാരെ നടുവിൽ നിർത്തി ഞങ്ങൾ ഒരു കൂട്ടഛായാപടം (Group Photo) എടുപ്പിക്കുകയുണ്ടായി. എന്നാൽ, അന്നുതന്നെ "ഒട്ടു"വിന്നു തൃശ്ശിവപേരൂക്കു മടങ്ങേണ്ടതരത്തിൽ ഔദ്യോഗികമായ ചില അടിയന്തരകാര്യങ്ങളുണ്ടെന്ന് അപ്പോൾ ഒരു കമ്പി കിട്ടിയതുകൊണ്ട് അന്നുച്ചയ്ക്കുശേഷം (ഒട്ടുവിന്നും എനിക്കും) തൃശ്ശിവപേരൂക്കു തിരിക്കേണ്ടിവന്നു. ഏററവും ചുരുങ്ങിയ ദിവസത്തെ താമസമേ ഞങ്ങൾക്കവിടെ ഉണ്ടായുള്ളൂ. എങ്കിലും, ആ സ്മരണീയമായ സന്ദർഭം ഞങ്ങളുടെ ആയുഷ്കാലത്തിൽ ഏററവും മുഖ്യമായ ഒന്നാണെന്നു ഞങ്ങൾക്കു തോന്നിയെന്ന് ഇയ്യുള്ളവൻ ഇവിടെ സപൂളകം രേഖപ്പെടുത്തിക്കൊള്ളുന്നു. മഹാ രസികന്മാരായ പല കവികളേയും ഒത്തൊരുമിച്ചു കണ്ട് അവരുമായി സൌഹാർദ്ദപൂർവ്വം സല്ലപിച്ചും, വിനോദിച്ചും കഴിച്ചുകൂട്ടിയ ഒരു സന്ദർഭത്തിൽ പെട്ടെന്നു ഞങ്ങൾക്കു പിരിയേണ്ടിവന്നത്, അവിടത്തെ "രസക്കയർപൊട്ടിക്കുന്ന"പോലെയാണെന്നു ഞങ്ങൾ യാത്രയാകുന്നതിന്നുമുമ്പ്, അവരും ഞങ്ങളും ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടു. ഒടുവിൽ ഗത്യന്തരമില്ലാതെ അഥവാ മനമല്ലാമനസ്സോടെ ഞങ്ങൾ എല്ലാവരോടും സൌഹാർദ്ദപൂർവ്വകമായ യാത്രോക്തി ചൊല്ലിപ്പിരിയുകയും ചെയ്തു.

അങ്ങിനെ തിരുവനന്തപുരത്തുവെച്ചു നടന്ന സാഹിത്യവിനോദങ്ങളെപ്പോലെ ഇനി എവിടെയെങ്കിലും വല്ല സാഹിത്യവിനോദങ്ങളുമുണ്ടാകുവാനിടയില്ല. ആ "സുവർണ്ണയുഗ"ത്തിലെ അത്യാഹ്ലാദകരങ്ങളായ സന്ദർഭങ്ങളിൽ ഒന്നായിരുന്നു തിരുവനന്തപുരത്തെ സുഹൃത്സമ്മേളനം. ഭാവിയിൽ ഇനിയുണ്ടോ തത്താദൃശങ്ങളായ സുവർണ്ണാവസരങ്ങൾ ഉണ്ടാകുവാൻ പോകുന്നു!

ഏററവും പുതിയ
പ്രസിദ്ധീകരണങ്ങൾ

		ക	ണ
കാണാതായ കാമിനി—(ഡി) തിരുവനന്തപുരം		0	10
ഇന്ദിര—പി. കുഞ്ഞിരാമൻനായർ		0	7
കുഞ്ഞിനാരായണൻ—എം എൻ. പിഷാരടി		1	2
കുളിന്നു വിറയ്ക്കുന്ന നക്ഷത്രങ്ങൾ—	അനുജൻ തിരുവനന്തപുരം	1	0
പ്രതികാരം—(ഡി) എം ആർ.നാരായണപിള്ള		1	4
ഭാഗ്യത്തിന്റെ കളി—(ഡി) പി. എം. കുമാരൻനായർ		1	1
മാഞ്ഞുപോയ മനുഷ്യൻ—(ഡി) വി. കെ അമ്മുണ്ണി		1	8
മുള്ളുവേലി—പി വി. രാമവാരിയർ		1	8
രമാഭായി—പി കുഞ്ഞിരാമൻ നായർ		0	7
രാത്രിയുടെ ആയിരം കണ്ണുകൾ—	അനുജൻ തിരുവനന്തപുരം	0	12
ലോകാവസ്ഥ—അബ്ദുറഹ്മാൻഖാൻഖാരി		0	8
ശപിക്കപ്പെട്ട ശപഥം—ടി.ററാപുരം ഭാസ്കരൻ		2	0
ദുഃഖങ്ങളും സുഖങ്ങളും—കുന്നത്ത് ജനാർദ്ദനമേനോൻ		0	14
ഗോഡ്ലീവ്— എം കെ ഭാസ്കരനുണ്ണി		0	4
ആശാന്റെ സീതാകാവ്യം—	സഹോദരൻ, അഴീക്കോട്	1	4
മിശ്രകാന്തി—എ. ഡി. ഹരിശർമ്മ		1	8
ഭാഷാവൃത്തങ്ങൾ—കുട്ടികൃഷ്ണമാരാരു്		0	8
കാളിദാസൻ—കെ വി. എം.		2	0
കൃഷിശാസ്ത്രം—കോയിത്തട്ട		0	8
മംഗലപാഠം (തച്ചുശാസ്ത്രം)—കോയിത്തട്ട		1	8
മേരീമഗ്ദലേന—സ്വ. മ. ബ്രഹ്മപുരൻ		1	8
ബാപ്പു—	കെ. കൃഷ്ണൻനായർ	0	10
ഗാന്ധിജിക്കുശേഷം—	ടി	0	12
സാഹസികയാത്രാകഥകൾ—മേക്കുന്നത്ത്		0	12

പി. കെ. ബ്രദേർസ്, കോഴിക്കോട്.